
Victor Hugo

LES MISERABLES

പാവങ്ങൾ

വിക്തർ യൂഗോ



സംഗ്രഹപരിഭാഷ

മരുതൂർ പുരുഷോത്തമൻ

വിക്തർ യൂഗോ

പാവങ്ങൾ

സംഗ്രഹപരിഭാഷ

മരുതൂർ പുരുഷോത്തമൻ

Malayalam
Les Miserables
by
Will Durant
Abridged and Translated by
Maruthoor Purushothaman

Contact : mppn26@gmail.com

ഉള്ളടക്കം

ആമുഖം

വിശപ്പ മാറ്റാൻ ഒരു റൊട്ടിക്കഷണം മോഷ്ടിച്ചതിന്ന പത്തൊമ്പതു വർഷം തടവിൽ കഴിയേണ്ടിവന്ന നിർഭാഗ്യവാനായൊരു മനുഷ്യന്റെ ജീവിതകഥയാണ വിക്ടർ യൂഗോ 'പാവങ്ങളി'ൽ വിവരിയ്ക്കുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിൽ പാരീസ്നഗരത്തിന്റെ പശ്ചാത്തലത്തിലാണ കഥ നടക്കുന്നതെങ്കിലും ലോകത്തെവിടേയും എക്കാലത്തും മനുഷ്യർ അനുഭവിച്ചുപോരുന്ന ദുരിതങ്ങളുടെ ആഴവും പരപ്പും ഈ നോവലിൽ നമുക്ക വായിയ്ക്കാം. കൂടാതെ തിന്മയിൽനിന്നു നന്മയിലെയ്ക്കും ഇരുട്ടിൽനിന്നു പ്രകാശത്തിലേയ്ക്കും അവിശ്വാസത്തിൽനിന്നു വിശ്വാസത്തിലേയ്ക്കുമുള്ള അനുഭവഹൃദ്യമായ ഒരു യാത്രകൂടിയാണ 'പാവങ്ങള്'ടെ വായന.

1925-ൽ ശ്രീ നാലപ്പാട്ടു നാരായണമേനോൻ പരിഭാഷപ്പെടുത്തിയ 'പാവങ്ങൾ' മലയാളനോവൽസാഹിത്യത്തിൽ വിപ്ലവകരമായ മാറ്റങ്ങൾക്കാണ തുടക്കം കുറിച്ചത്. ഒരു തലമുറയുടെ വായനാസംസ്കാരത്തിൽ മാത്രമല്ല, സാമൂഹ്യനിലപാടുകളിലും ആ നോവൽ നിർണായകമായ സ്വാധീനം ചെലുത്തി. രാജാക്കന്മാർക്കും പ്രഭുക്കൾക്കും പ്രമാണിമാർക്കും മാത്രമല്ല, കള്ളനും തെണ്ടിയ്ക്കും വേശ്യയ്ക്കും ഒരു ജീവിതമുണ്ടെന്നു കാണിച്ചുതന്ന 'പാവങ്ങൾ' പിന്നീട് പലവുരു പല വിധത്തിൽ അവതരിയ്ക്കപ്പെടുകയും വിപുലമായി ചർച്ച ചെയ്യപ്പെടുകയുമുണ്ടായി.

ഏകദേശം രണ്ടായിരത്തിലേറെ പേജുകൾ വരുന്ന ശ്രീ നാലപ്പാട്ടു നാരായണമേനോന്റെ പരിഭാഷയെ പിന്തുടർന്നു പുതിയ വായനക്കാർക്കുവേണ്ടി എഴുതിയ ഈ സംഗ്രഹരൂപം മലയാളികളായ സഹൃദയർക്കു മുമ്പിൽ സവിനയം സമർപ്പിച്ചുകൊള്ളുന്നു.

ദൈവവിധി അട്ടിമറിച്ച്, മനുഷ്യകൽപ്പിതമായ ശിക്ഷാവിധികൾ നിയമങ്ങളും ആചാരങ്ങളുമാക്കി ഭൂമിയിൽ കൃത്രിമമായൊരു നരകം സൃഷ്ടിയ്ക്കുന്നതിനു പരിഷ്കൃതസമൂഹം കൂട്ടുനിൽക്കുന്ന കാലത്തോളം; പുരുഷന്മാർ ദാരിദ്ര്യംമൂലം നിന്ദിതരും പീഡിതരുമായി, സ്ത്രീകൾ പട്ടിണി മൂലം മാനഹാനിയ്ക്കു വിധേയരായി, കുട്ടികൾ നിരക്ഷരത മൂലം ശാരീരികവും മാനസികവുമായ മുരടിപ്പിനിരയായി ജീവിയ്ക്കുന്ന കാലത്തോളം; ലോകത്ത് എവിടെയെങ്കിലും ഭരണാധികാരികൾ സാധാരണജനങ്ങളെ വീർപ്പുമുട്ടിയ്ക്കുന്ന കാലത്തോളം; വിശാലമായ അർത്ഥത്തിൽ ചുരുക്കിപ്പറഞ്ഞാൽ അജ്ഞതയും ദാരിദ്ര്യവും ലോകത്തു നിലനിൽക്കുന്ന കാലത്തോളം, 'പാവങ്ങൾ'പോലുള്ള പുസ്തകങ്ങൾ ഒരിയ്ക്കലും നിഷ്പ്രയോജനമാവില്ല!

ഒന്ന് : ഫൻതീൻ

1 : ഉത്തമപുരുഷൻ

1804-ൽ ഒരു ദിവസം നെപ്പോളിയൻ ചക്രവർത്തി അമ്മാമനായ കർദ്ദിനാൾ ഫെഷിനെ കാണാൻ ചെന്നപ്പോൾ, തളത്തിൽ വെച്ചു തന്റെ മുഖത്തേയ്ക്കു സൂക്ഷിച്ചു നോക്കുന്ന വൃദ്ധനായൊരു വികാരിയെ കണ്ടു ചോദിച്ചു: "നല്ലൊരു മനുഷ്യനായ താങ്കൾ ആരാണ്?"

"ഹാ! അങ്ങ് നല്ലൊരു മനുഷ്യനെ കാണുന്നു, ഞാൻ മഹാനായ ഒരു മനുഷ്യനേയും!," വൃദ്ധൻ മറുപടി പറഞ്ഞു.

അന്നുതന്നെ ആ വൃദ്ധന്റെ പേരു കർദ്ദിനാളിൽനിന്നു ചോദിച്ചറിഞ്ഞ ചക്രവർത്തി, ബി-യിലെ വികാരിയായിരുന്ന മൊസ്യു മിറിയേലിനെ ഡി-യിലെ മെത്രാനായി നിയമിച്ചു. മെത്രാന്റെ അരമനയിൽ അദ്ദേഹത്തിന്റെ കൂടെ സഹോദരിയായ മദാം വസേല്ലും ഭൃത്യ മദാം മഗ്ളോറുമല്ലാതെ മറ്റാരുമുണ്ടായിരുന്നില്ല. മെത്രാനായി സ്ഥാനമേറ്റെടുത്ത ഉടനെ അദ്ദേഹം തൊട്ടടുത്തൊരു ആസ്പത്രി സന്ദർശിയ്ക്കാനിടയായി. അഞ്ചു മുറികളിലായി മുപ്പത്താറു രോഗികൾ നിരന്നു കിടക്കുന്നതു കണ്ട് അദ്ദേഹം ആസ്പത്രി അധികാരിയെ വിളിച്ചു വരുത്തി പറഞ്ഞു: "അരമനയിൽ അറുപതുപേർക്കു കിടക്കാൻ സൗകര്യമുണ്ട്. നിങ്ങളിവരെ അങ്ങോട്ടു മാറ്റിക്കൊള്ളൂ. പകരം ഞാനിവിടെ താമസിച്ചുകൊള്ളാം!" മൊസ്യു മിറിയേലിനു മെത്രാനെന്ന നിലയ്ക്കു വർഷത്തിൽ പതിനയ്യായിരം ഫ്രാങ്ക് ശമ്പളമുണ്ടായിരുന്നു. അതിൽ ആയിരം ഫ്രാങ്കുമാത്രം സ്വന്തം ചിലവിനെടുത്തു ബാക്കിയുള്ളതു മുഴുവൻ അദ്ദേഹം സാധുക്കൾക്കായി നീക്കിവെച്ചു. സമൂഹത്തിൽ അന്നു സാഹോദര്യത്തേക്കാൾ കഷ്ടപ്പാടു വളരെ കൂടുതലായിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ പക്കൽ ഒരിയ്ക്കലും പണം ബാക്കി വരാറില്ല. ഇരുന്നൂറ്റി എൺപത്തഞ്ചു പള്ളികളുള്ള ആ ഇടവക മുഴുവൻ അദ്ദേഹം കാൽനട

യായി ചുറ്റിക്കറങ്ങും. ഒരിയ്ക്കൽ അദ്ദേഹം പാവങ്ങൾക്കുവേണ്ടി സഹായം യാചിച്ച് ഒരു ജന്മിയുടെ കൊട്ടാരത്തിലെത്തി. മെത്രാനെ കണ്ടു തെല്ലൊരു നീരസത്തോടെ ജന്മി പറഞ്ഞു: "മൊസ്യ, എനിയ്ക്കും ചില സാധുക്കളെ പോറ്റാനുണ്ട്!". ഉടനെ വന്നു മെത്രാന്റെ മറുപടി: “എങ്കിൽ ആ സാധുക്കളെ എനിയ്ക്കു വിട്ടു തന്നേക്കൂ!”

മറ്റൊരിയ്ക്കൽ ഒരു കൊലയാളിയ്ക്കു മതോപദേശം നടത്താൻ അദ്ദേഹം നിർബന്ധിതനായി. രാത്രി മുഴുവൻ അദ്ദേഹം ആ സാധുവിനെ അടുത്തിരുന്നു സാന്ത്വനിപ്പിച്ചു. പിറ്റേന്നു വധസ്ഥലത്തെത്തിയ അദ്ദേഹം അയാളുടെകൂടെ ശിരച്ഛേദനയന്ത്രത്തിൽ കയറി നിന്നു. തലേന്നു രാത്രി ഭയം മൂലം വിളറി വെളുത്തിരുന്ന ആ സാധുവിന്റെ മുഖം പക്ഷേ അന്നു വളരെ പ്രസന്നമായിരുന്നു. തന്റെ ആത്മാവിനു മാപ്പു ലഭിച്ചെന്ന ഒരു ബോദ്ധ്യം അയാൾക്കു വന്നതായി തോന്നി. മെത്രാനു പക്ഷേ, ശിരച്ഛേദനയന്ത്രം നേരിട്ടു കണ്ടപ്പോൾ മനസ്സിലുണ്ടായ മുറിവു മാറാൻ ഏറെക്കാലം പണിപ്പെടേണ്ടിവന്നു. കഷ്ടപ്പാടു മൂലം ജീവിതത്തിൽ ചില തെറ്റുകൾ ചെയ്യേണ്ടി വന്നാലും ഒരിയ്ക്കലും സത്യം കൈവിടരുതെന്ന് അദ്ദേഹം ഇടവകക്കാരെ ഉപദേശിച്ചു. ദൈവത്തിനു മാത്രം അധികാരമുള്ള മരണത്തിൽ മനുഷ്യൻ കൈവെയ്ക്കുന്നതു ശരിയല്ലെന്നും അദ്ദേഹം വിശ്വസിച്ചു.

യാത്രകളൊന്നുമില്ലാത്ത ദിവസങ്ങളിൽ അദ്ദേഹം സഹോദരിയും ഭൃത്യയുമായി അരമനവളപ്പിലെ തോട്ടത്തിൽ കിളയ്ക്കുകയും ചെടികൾക്കു വെള്ളം കോരി നനയ്ക്കുകയും ചെയ്യും. അതിഥികളുൾപ്പെടെ അവർക്കു മൂന്നുപേർക്കും വേണ്ട പഴങ്ങളും പച്ചക്കറികളും ആ തോട്ടത്തിൽനിന്നു ലഭിയ്ക്കാറുണ്ട്. വരുന്നവർക്കു സദാ സ്വാഗതമോതുന്നതു പോലെ അരമനയിലെ വാതിലുകൾക്കൊന്നും പൂട്ടുണ്ടായിരുന്നില്ല. രാത്രി പേടിച്ചുറങ്ങാൻ കഴിയാത്ത മദാം വഗ്ല്വാറിനോട് അദ്ദേഹം പറയും: “വൈദ്യന്റെ വാതിൽ ഒരിയ്ക്കലും അടച്ചിടരുത്, മതാചാര്യന്റേതു സദാ തുറന്നുകിടക്കണം!”

അക്കാലത്തു ക്രവാത്തെന്നു പേരുള്ള ഒരു കാട്ടുകള്ളന്റെ ഉപദ്രവം ആ പ്രദേശത്തു സാധാരണമായിരുന്നു. അയാളൊരു ദിവസം രാത്രി

തൊട്ടടുത്ത എംബ്രൂങ് പള്ളിയിൽ കയറി വിലപിടിച്ച തിരുവസ്തുങ്ങ ളടക്കം സകലതും കൊള്ളചെയ്തു. പോലീസുകാർ പരമാവധി ശ്രമി ച്ചെങ്കിലും പിടി കൊടുക്കാതെ അയാൾ രക്ഷപ്പെട്ടു. അങ്ങനെയിരി യ്ക്കെ, ഒരു ദിവസം ചില ഇടവകക്കാര്യങ്ങളുമായി ഷാത്തലോറിലേയ്ക്കു പുറപ്പെട്ട മെത്രാൻ ക്രവാത്തിന്റെ സ്വാധീനമുള്ള ചില മലമ്പ്രദേശങ്ങ ളിലൂടെ പോകേണ്ടതായി വന്നു. അധികാരികൾ പല കുറി നൽകിയ മുന്നറിയിപ്പുകൾ അവഗണിച്ച് അദ്ദേഹം ഒറ്റയ്ക്കു കഴുതപ്പുറത്തു യാത്ര പുറപ്പെട്ടു. മാത്രമല്ല, യാത്രയ്ക്കിടയിൽ താഴ്‌വരയിലെ ചില സാധുകുടും ബങ്ങളുടെ കൂടെ അദ്ദേഹം രണ്ടാഴ്ചക്കാലം താമസിയ്ക്കുകയും ചെയ്തു. തിരിച്ചു പോകുന്നതിനുമുമ്പ് അവർക്കുവേണ്ടി മതാചാരപ്രകാരമുള്ള ഒരു സ്തോത്രഗീതം പാടണമെന്നു മെത്രാൻ നിശ്ചയിച്ചു. പക്ഷേ, അ തിനുവേണ്ട സാധനസാമഗ്രികളോ തിരുവസ്തുങ്ങളോ യാതൊന്നും അവരുടെ പക്കലുണ്ടായിരുന്നില്ല. പിറ്റേന്നു കാലത്തു യദൃച്ഛയാ കുതി രപ്പുറത്തു വന്ന രണ്ടുപേർ വലിയൊരു പെട്ടി അദ്ദേഹത്തിന്റെ മുമ്പി ൽ വെച്ചു നിശ്ശബ്ദം മടങ്ങിപ്പോയി. എംബ്രൂങിൽനിന്നു നഷ്ടപ്പെട്ട തി രുവസ്തുങ്ങളടക്കം ചടങ്ങു നടത്താനുള്ള സകല വസ്തുക്കളും ആ പെട്ടി യ്ക്കകത്തുണ്ടായിരുന്നു; കൂടെ ചെറിയൊരു കുറിപ്പും: 'മെത്രാൻ മൊസ്യ മിറിയേലിനു ക്രവാത്ത് കൊടുത്തയയ്ക്കുന്നത്!'. സംഭവം കണ്ടുനിന്നവ ർ അത്ഭുതത്തോടെ മന്ത്രിച്ചു: "ഇദ്ദേഹം ദൈവമോ ചെകുത്താനോ?". അവരെ തറപ്പിച്ചുനോക്കി മെത്രാൻ പറഞ്ഞു: "ദൈവംതന്നെ!". അന്നു രാത്രി കിടക്കാൻ പോകുന്നതിനുമുമ്പ് അദ്ദേഹം ഒന്നുകൂടി പറഞ്ഞു: "നമുക്കു പുറത്തുള്ള കൊള്ളക്കാരെ പേടിയ്ക്കാനില്ല; നമ്മുടെ ഉള്ളിൽ നിന്നു വരുന്ന ദുർവിചാരങ്ങളാണു ശരിയായ കൊള്ളക്കാർ!"

ഡി-യ്ക്കടുത്തുള്ള ഒരു മലമ്പ്രദേശത്താണു ഭരണപരിവർത്തനകാല ത്തെ കലാപകാരികളിൽ അതിനിഷ്ഠുരനെന്നു പേരുകേട്ട ജി. താമ സിച്ചിരുന്നത്. രാജാവിന്റെ തല വെട്ടുവാൻപോലും തയാറായ അയാ ളെ ഒരു കൊടുംഭീകരനായി കണ്ടു ജനങ്ങൾ ഭയപ്പെട്ടിരുന്നു. ഒരിടയ പ്പയ്യനൊഴിച്ചു മറ്റാരും സഹായത്തിനില്ലാതെ ഒറ്റയ്ക്കൊരു ഗുഹയിൽ

താമസിച്ചിരുന്ന അയാൾക്കന്നു പ്രായം എൺപതായിരുന്നു. വൃദ്ധനും നിസ്സഹായനുമായ അയാളെ ചെന്നു കാണണമെന്നു മെത്രാൻ ചില പ്പോഴൊക്കെ വിചാരിയ്ക്കും. അതിനിടയിൽ ഒരു ദിവസം ഇടയപ്പയ്യൻ വൈദ്യനെ തേടി നാട്ടിൽ വന്നതായി അദ്ദേഹം കേട്ടു. അന്നു വൈകു ന്നേരം തണുത്ത കാറ്റു വക വെയ്ക്കാതെ ഒരു നിലയങ്കി മാത്രം ചുമലി ലിട്ടു വടിയും കുത്തിപ്പിടിച്ചു മെത്രാൻ പുറത്തിറങ്ങി. കുറ്റിക്കാട്ടിലൂടെ കുറച്ചധികം ചെന്നപ്പോൾ മലയിടുക്കിനടുത്തു ചെറിയൊരു ചെറ്റക്കു ടിൽ അദ്ദേഹം കണ്ടു. വാതിൽക്കലൊരു ചാരുകസേരയിൽ സൂര്യാ സ്തമയം കണ്ടു ചുണ്ടിലൊരു പുഞ്ചിരിയോടെ അയാളിരിയ്ക്കുന്നു; തൊട്ട ടുത്ത് ഇടയപ്പയ്യനുമുണ്ട്. കാലടിയൊച്ച കേട്ടു തിരിഞ്ഞുനോക്കിയ വൃ ദ്ധൻ പെട്ടെന്ന് അത്ഭുതത്തോടെ ചോദിച്ചു: “ആരാണു താങ്കൾ? ഇ വി ടെ ആദ്യമായാണ് ഒരാൾ എന്നെ കാണാൻ വരുന്നത്? “

"ഞാനിവിടത്തെ മെത്രാൻ മിറിയേൽ! കേട്ടതുപോലെ നിങ്ങൾ ക്കു രോഗമൊന്നുമില്ലെന്നു കണ്ടതിൽ സന്തോഷമുണ്ട്"

"മൊസ്യൂ", തെല്ലൊരു മൗനത്തിനുശേഷം വൃദ്ധൻ പറഞ്ഞു, “എ ന്റെ രോഗം മിക്കവാറും മാറിക്കഴിഞ്ഞു, ഇനി മൂന്നു മണിക്കൂർകൂടി ക ഴിഞ്ഞാൽ ഞാൻ മരിയ്ക്കും! ഇന്നലെ കാലടിയിൽനിന്നു തുടങ്ങിയ ത ണുപ്പ് ഇപ്പോൾ അരയോളമെത്തിക്കഴിഞ്ഞു. അവസാനത്തെ സൂര്യാ സ്തമയം കാണാനാണു ഞാൻ പുറത്തേയ്ക്കു വന്നത്. നിങ്ങൾ വന്നതു നന്നായി. എന്റെ മരണത്തിനൊരു സാക്ഷിയുണ്ടായല്ലോ!”

വൃദ്ധൻ ഇടയപ്പയ്യനെ നോക്കി പറഞ്ഞു, “പോയി കിടന്നോ, നിന ക്കു നല്ല ക്ഷീണമുണ്ട്"; അവൻ കുടിലിനകത്തേയ്ക്കു പോയി.

പയ്യൻ പോകുന്നതു നോക്കി അയാൾ തുടർന്നു, “അവൻ ഉറങ്ങി ക്കിടക്കുമ്പോൾ ഞാൻ മരിയ്ക്കും. അതേ, രണ്ടുതരം ഉറക്കങ്ങൾ..!”

മെത്രാൻ തൊട്ടടുത്തു കണ്ട കല്ലിന്മേൽ ചെന്നിരുന്നു ചെറിയൊരു അധിക്ഷേപസ്വരത്തിൽ പറഞ്ഞു, ”കലാപകാരിയായിരുന്നെങ്കിലും രാജഹത്യയുടെ പാപം നിങ്ങൾക്കില്ലല്ലോ!".

മുഖത്തെ പുഞ്ചിരി വെടിഞ്ഞ് അയാൾ പറഞ്ഞു, “രാജാവിനെയ ല്ല, അയാളെ ദുഷിപ്പിയ്ക്കുന്ന അധികാരത്തെയാണു ഞാനെതിർത്തത്.

സ്ത്രീകളുടെ മാനഹാനിയും പുരുഷന്മാരുടെ അടിമത്തവും കുട്ടികളുടെ മുരടിപ്പും മാറ്റാനാണ് ഞാൻ ശ്രമിച്ചത്..."

"പക്ഷേ, അതോടൊപ്പം മറ്റു പലതും നിങ്ങൾ നശിപ്പിച്ചു", മെത്രാൻ തുടർന്നു, 'നശിപ്പിയ്ക്കാനുള്ള സവിശേഷമായ ഒരധികാരവും മനുഷ്യനുണ്ടെന്നു ഞാൻ കരുതുന്നില്ല".

"എന്തൊക്കെ പറഞ്ഞാലും, ക്രിസ്തുവിനുശേഷം മനുഷ്യർക്കിടയിൽ നടന്നിട്ടുള്ള മഹത്തായൊരു സംഭവമാണ് ഫ്രാൻസിലെ ഭരണ പരിവർത്തനം. ഒരുപക്ഷേ, അപൂർണമാണെങ്കിൽപ്പോലും, അതോടെ സാധാരണക്കാരുടെ മനസ്സിലൊരു പ്രത്യാശയും സ്വാതന്ത്ര്യ ബോധവും വന്നു കഴിഞ്ഞു!".

ഒരു നിമിഷനേരം ആരുമൊന്നും മിണ്ടിയില്ല. മെത്രാനു വരേണ്ടിയിരുന്നില്ലെന്നു തോന്നി. പക്ഷേ, അത്ഭുതകരമായൊരു വിസ്ഫോടനം തന്റെ മനസ്സിൽ നടക്കുന്നത് അദ്ദേഹം തിരിച്ചറിഞ്ഞു.

"അതേ, സർ", അയാൾ തുടർന്നു, "ജനങ്ങൾ വളരെക്കാലമായി ദുഃഖമനുഭവിയ്ക്കുന്നു. കാൽനടയായി ജനങ്ങൾക്കിടയിൽ നടന്ന യേശുവിന്റെ പേരും പറഞ്ഞു സവാരിവണ്ടിയിൽ സുരക്ഷാഭടന്മാരുമായി യാത്ര ചെയ്യുന്ന താങ്കൾ –"

മെത്രാൻ തല താഴ്ത്തി. തുടർന്നുണ്ടായ സംവാദത്തിൽ അദ്ദേഹം മനസ്സിൽ കരുതിക്കൂട്ടി കൊണ്ടുവന്ന മിക്ക വാദങ്ങളും ഓരോന്നായി കൊഴിഞ്ഞുവീണു. ഒടുവിൽ മെത്രാൻ പറഞ്ഞു, "നന്മയാണ് ദൈവം, നിരീശ്വരനൊരിയ്ക്കലും മനുഷ്യനു നന്മ ചെയ്യാനാവില്ല!"

പണ്ടു വിപ്ലവനേതാവായിരുന്ന ആ മനുഷ്യൻ മുകളിലേയ്ക്കു നോക്കി. ആ കണ്ണുകളിൽ പതുക്കെ ഒരു കണ്ണുനീർത്തുള്ളി ഉരുണ്ടുകൂടി. മെത്രാന്റെ ഹൃദയത്തിൽ അനിർവചനീയമായൊരു അനുഭൂതി ഉണർന്നു. മരണാസന്നനായ ആ വൃദ്ധൻ ആകാശത്തേയ്ക്കു വിരൽ ചൂണ്ടി ആരെയോ നേരിട്ടു കണ്ടതുപോലെ വിറയ്ക്കുന്ന സ്വരത്തിൽ പറഞ്ഞു, "അതെ, അതാ അദ്ദേഹം അവിടെയുണ്ട്!"

ക്ഷീണം മൂലം കണ്ണുകൾ അടഞ്ഞുപോയ അയാൾ ദുർബ്ബലമായ

സ്വരത്തിൽ ചോദിച്ചു: "മെത്രാൻ, എന്തു ചോദിയ്ക്കാനാണു നിങ്ങളിപ്പോൾ എന്റെ അടുത്തു വന്നത്?"

മെത്രാൻ അയാൾക്കു മുമ്പിൽ മുട്ടുകുത്തി പറഞ്ഞു, "നിങ്ങളുടെ അനുഗ്രഹം മാത്രം!"

പക്ഷേ, അദ്ദേഹം തല ഉയർത്തിയപ്പോഴേയ്ക്കും ആ വൃദ്ധന്റെ കണ്ണുകൾ എന്നെന്നേയ്ക്കുമായി അടഞ്ഞുകഴിഞ്ഞിരുന്നു.

അങ്ങനെ ഉള്ളിൽത്തട്ടി കരയുന്ന സകലരിലും മെത്രാന്റെ മനസ്സു ചെന്നു. ലോകത്തെ ഗുരുതരമായൊരു രോഗം ബാധിച്ചതായി അദ്ദേഹത്തിനു തോന്നി. എവിടെ തൊട്ടാലും പനി; എവിടേയും സങ്കടങ്ങളുടെ ഞരക്കം മാത്രം! രോഗകാരണം അന്വേഷിയ്ക്കാൻ നിൽക്കാതെ അദ്ദേഹം സാന്ത്വനം പകരാൻ ശ്രമിച്ചു. സ്വർണത്തിനു പകരം അനുകമ്പ പിഴിഞ്ഞെടുക്കാനായിരുന്നു അദ്ദേഹത്തിനു താൽപ്പര്യം! നെപ്പോളിയനു തോന്നിയതുപോലെ ആർക്കും നേരിട്ടു കണ്ടാൽ 'നല്ലൊരു മനുഷ്യനെ'ന്ന തോന്നൽ അദ്ദേഹം സൃഷ്ടിച്ചു. കുറച്ചു കാലം കഴിഞ്ഞപ്പോൾ പതുക്കെ ആദരവിന്റെ ഒരു പരിവേഷം അദ്ദേഹത്തെ വലയം ചെയ്യുന്നതു സൂക്ഷ്മദൃക്കുകൾക്കു കാണാതിരിയ്ക്കാനായില്ല. നിഗൂഢതകളെ പുറത്തു നിർത്തി മനുഷ്യഹൃദയത്തിലെ കനത്ത ഇരുട്ടിനെക്കുറിച്ചുമാത്രം അദ്ദേഹം സദാ വ്യാകുലപ്പെട്ടു.

2 : അധഃപതനം

അന്നു വൈകുന്നേരം മെത്രാൻ പതിവുള്ള നടത്തം കഴിഞ്ഞു തിരിച്ചെത്തിയപ്പോൾ വാതിലിനു പൂട്ടു വെയ്ക്കുന്നതിനെച്ചൊല്ലി മദാം മഗ്ല്വാർ സഹോദരിയുമായി തർക്കിയ്ക്കുകയായിരുന്നു. ചില സാമാനങ്ങൾ വാങ്ങാൻ പുറത്തുപോയിരുന്ന മദാം മഗ്ല്വാറാണു പട്ടണത്തിൽ പടർന്നുപിടിച്ച ഒരു വാർത്ത കേട്ടത്: കൊലപാതകിയെന്നു സംശയിയ്ക്കാവുന്ന ഒരുത്തൻ നാട്ടിൽ വന്നിറങ്ങിയിരിയ്ക്കുന്നു! എല്ലാവരും സ്വന്തം സുരക്ഷ ഉറപ്പാക്കണമെന്ന പോലീസിന്റെ നിർദ്ദേശവും, മെത്രാൻ കേൾക്കെത്തന്നെ, അവർ ആവർത്തിച്ചു. ചെറിയൊരു ആശങ്കയോടെ മദാം വസേൽ ജ്യേഷ്ഠനെ നോക്കി. "എന്തോ ചിലതൊ

ക്കെ ഞാനും കേട്ടു"വെന്നു മാത്രം പറഞ്ഞു. മെത്രാൻ തികഞ്ഞ നിസ്സംഗതയോടെ തീ കായാനിരുന്നു.

അധികം താമസിയാതെ വാതിൽക്കൽ ശക്തമായൊരു മുട്ടു കേട്ടു. "ആരായാലും അകത്തേയ്ക്കു വരൂ", മെത്രാൻ പറഞ്ഞു. പുറത്തുനിന്ന് ആരോ ശക്തിയായി തള്ളിയതുപോലെ വാതിൽ മലർക്കെ തുറന്നു. തോളിൽ മാറാപ്പും കൈയിൽ പൊന്തൻവടിയുമായി പ്രേതത്തെപ്പോലൊരു മനുഷ്യൻ അകത്തു കടന്നു. മദാം മഗ്ല്വാർ നിലവിളിയ്ക്കാൻ പോലും കഴിയാതെ വാ പിളർന്നു നിന്നു. മദാം വസേല്ലാകട്ടെ, മെത്രാന്റെ മുഖഭാവമാണു ശ്രദ്ധിച്ചത്. വാതിൽ തള്ളിത്തുറന്നു വന്ന വഴിപോക്കനെ മെത്രാൻ നിർമ്മമനായി നോക്കിക്കണ്ടു. അദ്ദേഹത്തിൽ നിന്നൊരു ചോദ്യത്തിനു കാത്തുനിൽക്കാതെ ആഗതൻ വിക്ഷുബ്ധമായ സ്വരത്തിൽ പൊട്ടിത്തെറിച്ചു:

"ഞാൻ ഴാങ്‌വാൽഴാങ്. ജയിലിൽ പത്തൊമ്പതു കൊല്ലത്തെ തണ്ടുവലിശിക്ഷ കഴിഞ്ഞു പുറത്തിറങ്ങി ഇപ്പോൾ പൊന്താർലിയേയിലേയ്ക്കു പോകുന്നു. ഊണും ഉറക്കവുമില്ലാതെ നാലു ദിവസമായി നടക്കുന്നു. വിശപ്പും ക്ഷീണവും സഹിയ്ക്കാതെ ഞാനൊരു ഹോട്ടലിൽ കയറി. ജയിലിൽനിന്നുള്ള മഞ്ഞപ്പത്രം കണ്ടയുടനെ അവരെന്നെ ആട്ടിയോടിച്ചു. നാട്ടുകാരെന്നെ കല്ലെറിയാൻ തുടങ്ങി. അവസാനം ഞാനിവിടത്തെ ജയിലിലേയ്ക്കുതന്നെ ചെന്നു. പക്ഷേ, അവരെന്നെ അകത്തു കടക്കാൻ അനുവദിച്ചില്ല. വിശപ്പിനേക്കാളേറെ ക്ഷീണമുള്ളതുകൊണ്ട് ഞാനൊരു നായക്കൂട്ടിൽ കിടന്നുറങ്ങാമെന്നു കരുതി. പക്ഷേ മനുഷ്യരുടെ മനസ്സറിഞ്ഞതുപോലെ ആ നായയും എന്റെ നേരേ കുരച്ചു ചാടി. മഴ പെയ്യാനിടയുള്ളതുകൊണ്ട് പള്ളിമുറ്റത്തെ കല്ലുബഞ്ചിൽ കിടക്കാൻ തുടങ്ങുമ്പോഴാണൊരു സ്ത്രീ നിങ്ങളുടെ വീടു കാണിച്ചു തന്നത്. ഇതൊരു ഹോട്ടലാണോ? എന്റെ പക്കൽ പണമുണ്ട്. പത്തൊമ്പതു കൊല്ലം പണിയെടുത്തുണ്ടാക്കിയ നൂറ്റൊമ്പതു ഫ്രാങ്ക്... ഇവിടെയൊരു കുതിരപ്പന്തിയെങ്കിലുമുണ്ടാവില്ലേ?..."

മെത്രാൻ ആ മനുഷ്യന്റെ നേരേ നോക്കി പറഞ്ഞു, "സർ, ഇരുന്നു

തീ കായൂ! ഭക്ഷണം കഴിയുമ്പോഴേയ്ക്കും കിടയ്ക്ക തയാറാക്കാം". അതേവരെ പരുഷവും വ്യാകുലവുമായിരുന്ന അയാളുടെ മുഖത്തു സംശയവും അമ്പരപ്പും നിഴലിച്ചു. അയാൾ വിക്കിവിക്കി പറഞ്ഞു, "എന്ത്, നിങ്ങളെന്നെ 'സർ' എന്നു വിളിയ്ക്കുന്നു, ഭക്ഷണവും കിടയ്ക്കയും തരാമെന്നു പറയുന്നു! ഹാ, ഞാനൊരു കട്ടിലിൽ കിടന്നുറങ്ങിയിട്ടു കാലമെത്രയായി.. നിങ്ങൾ ആരാണ്?"

"ഞാനിവിടത്തെ ഒരു മതാചാര്യൻ", മെത്രാൻ പറഞ്ഞു.

മദാം മഗ്ല്വാർ മെത്രാന്റെ മുറിയിൽനിന്നു വെള്ളിമെഴുകുതിരിക്കാലുകൾ കൊണ്ടുവന്നു മേശപ്പുറത്തുവെച്ചു കൊളുത്തി.

അയാൾ വീണ്ടും തുടങ്ങി, "ഞാനെന്നെക്കുറിച്ചു സകലതും തുറന്നു പറഞ്ഞു. എന്നിട്ടും എനിയ്ക്കുവേണ്ടി നിങ്ങൾ വിളക്കു കൊളുത്തുന്നു. തീർച്ചയായും നല്ലൊരു മനുഷ്യനാണു നിങ്ങൾ.."

അയാളുടെ കൈ പിടിച്ചു മെത്രാൻ പറഞ്ഞു, "എന്റെ വീടല്ല, യേശുവിന്റെ ഭവനമാണിത്. എനിയ്ക്കുള്ളതിലേറെ നിങ്ങൾക്കാണിവിടെ അധികാരം. 'എന്റെ സഹോദര'ന്റെ പേരും വിവരങ്ങളും ഞാനെന്തിനു സംശയിയ്ക്കണം? വരൂ, ഭക്ഷണം കഴിയ്ക്കൂ!" അയാളെ തൊട്ടടുത്തു പിടിച്ചിരുത്തി പതിവു പ്രാർത്ഥനയ്ക്കുശേഷം അദ്ദേഹവും ഭക്ഷണത്തിനിരുന്നു. പ്രാകൃതനായ ആ മനുഷ്യൻ ആരേയും കൂസാതെ അത്യാർത്തിയോടെ വിളമ്പിയതു മുഴുവൻ കഴിച്ചശേഷം പറഞ്ഞു, "രാവിലെത്തന്നെ എനിയ്ക്കു പോകണം, രാത്രി നല്ല തണുപ്പായിരിയ്ക്കും.."

മെത്രാൻ പറഞ്ഞു, "നിങ്ങൾ പൊന്താർലിയേയിലേയ്ക്കല്ലേ പോകുന്നത്? പാൽക്കട്ടിവ്യാപാരത്തിനു പേരു കേട്ട സ്ഥലമാണത്. സാധുക്കളും പണക്കാരും ഒരുപോലെ കച്ചവടം ചെയ്തു ലാഭമുണ്ടാക്കുന്നുണ്ട്" തുടർന്ന് ഒരു മെഴുകുതിരിക്കാലെടുത്ത് അയാൾക്കു നൽകി അദ്ദേഹം പറഞ്ഞു, "നിങ്ങളുടെ കിടപ്പറ ഞാൻ കാണിച്ചു തരാം. രാവിലെ പുറപ്പെടുന്നതിനു മുമ്പ് ഒരു പാത്രം കറന്നെടുത്ത ചൂടുപാൽ കുടിയ്ക്കാൻ മറക്കരുത്".

ഈ വാക്കുകൾ തികഞ്ഞ ശാന്തതയോടെ കേട്ട അയാൾ പെട്ടെന്നൊരു ഭാവഭേദത്തോടെ ചോദിച്ചു, "നിങ്ങളെന്നെ ഒരു മുറിയിലാ

ണോ കിടത്തുന്നത്? ഞാനൊരു കൊലപാതകി -"

"അതിനെക്കുറിച്ചെല്ലാം ദൈവം ആലോചിയ്ക്കട്ടെ!" മെത്രാൻ അത്രയും പറഞ്ഞു മുറിയിൽനിന്നു പിൻവാങ്ങി.

അത്യധികമായ ക്ഷീണം മൂലം കിടയ്ക്കയിലേയ്ക്കു കുഴഞ്ഞു വീണ വഴിപോക്കൻ വളരെ പെട്ടെന്നു ഗാഢനിദ്രയിലായി.

അപരിചിതമായ സാഹചര്യങ്ങളിൽ കിടന്നുറങ്ങിയതുകൊണ്ടാകാം ഏതാണ്ട് അർദ്ധരാത്രിയോടെ ഴാങ്‌വാൽഴാങ് ഞെട്ടിയുണർന്നു. ഫെവറോളയിലെ ഒരു സാധുകൃഷിക്കാരന്റെ മകനായി ജനിച്ച അയാളൊരു മരംവെട്ടുകാരനായിരുന്നു. ചെറുപ്പത്തിൽത്തന്നെ അച്ഛനമ്മമാർ മരിച്ചുപോയ അയാൾ ഏഴു മക്കളുള്ള വിധവയായ ഒരു സഹോദരിയുടെ കൂടെയാണു താമസിച്ചിരുന്നത്. കൂലിപ്പണി ചെയ്ത് അയാൾ സഹോദരിയേയും കുട്ടികളേയും പുലർത്തി. ചുമതലകൾമാത്രം നിറവേറ്റിപ്പോന്ന യൗവനം പക്ഷേ അയാൾക്കു തീരെ ആസ്വദിയ്ക്കാൻ കഴിഞ്ഞില്ല. ആയിടയ്ക്കു വല്ലാത്തൊരു മഴക്കാലവും വന്നു. ഴാങിനു പണിയില്ല. വീട്ടിൽ മുഴുപ്പട്ടിണി, കൂടാതെ ഏഴു കുട്ടികളും!

ഒരു ഞായറാഴ്ച രാത്രി വിശപ്പു സഹിയ്ക്കാതെ അയാൾ പള്ളിയ്ക്കടുത്തുള്ള അപ്പക്കടയുടെ അഴിവാതിൽ തകർത്തു ചില്ലിന്റെ പഴുതിലൂടെ ഒരപ്പം കടന്നെടുത്തു പുറത്തേയ്ക്കോടി. ശബ്ദം കേട്ടു പുറത്തു വന്ന കടക്കാരൻ പിന്നാലെ ചെന്നു ഴാങിനെ കൈയോടെ പിടികൂടി പോലീസിലേൽപ്പിച്ചു. കുറ്റം വ്യക്തമാണെന്നു കണ്ട കോടതി അയാളെ അഞ്ചു കൊല്ലത്തെ തണ്ടുവലിശിക്ഷയ്ക്കു വിധിച്ചു. കഴുത്തിൽ ചങ്ങലയുമുക്കി ഇരുപത്തേഴു ദിവസം കട്ടവണ്ടിയിൽ യാത്ര ചെയ്ത് അയാൾ തുലോങിലെത്തി 24601 നമ്പറുകാരനായി കഴിഞ്ഞുകൂടി. നാലാമത്തെ കൊല്ലം ജയിലിൽ പുതിയതായി വന്ന ഒരു നാട്ടുകാരനിൽ നിന്നാണു സഹോദരിയെക്കുറിച്ചുള്ള ആദ്യവാർത്ത അയാൾ കേൾക്കുന്നത്. അന്നവൾ പാരീസിലൊരു അച്ചുകൂടത്തിൽ പണിയെടുക്കുകയായിരുന്നു; കൂടെ ചെറിയൊരു ആൺകുട്ടി മാത്രമേയുള്ളൂ! അപ്പോൾ, മറ്റുള്ളവർക്കെന്തു പറ്റി? അയാളുടെ മനസ്സിന്റെ ജനാല ഒരിടിമി

ന്നലേറ്റതുപോലെ പെട്ടെന്ന തുറന്നു, ഉടനെ അടയുകയും ചെയ്തു. അ ക്കൊല്ലം സഹതടവുകാരായ ചിലരുടെ സഹായത്തോടെ അയാൾ ജയിൽ ചാടി. പക്ഷേ, രണ്ടാം ദിവസം പിടിയ്ക്കപ്പെട്ടു; ശിക്ഷയുടെ കാ ലാവധി മൂന്നുകൊല്ലംകൂടി നീണ്ടു. ഏഴാമത്തെ കൊല്ലം പാറാവുകാർ അയാളെ പണിസ്ഥലത്തൊരു മൂലയ്ക്കൽ ഒളിച്ചിരിയ്ക്കുന്നതായി കണ്ടു. അയാൾ പാറാവുകാരുമായി മല്ലിട്ടു. വീണ്ടും അഞ്ചുകൊല്ലത്തെ ശിക്ഷ കൂടി. പത്താമത്തെ കൊല്ലം തൊട്ടു മുമ്പിലെത്തിയ ഒരു സുവർണാവ സരം അയാൾ വിട്ടില്ല. അതിന്റെ ശിക്ഷ മൂന്നുകൊല്ലം കൂടി. അവസാ നം പതിമൂന്നാമത്തെ കൊല്ലം ഒരിയ്ക്കൽക്കൂടി അയാൾ പതിവുസാഹ സത്തിനൊരുങ്ങി. പുറത്തു കടന്നു നാലു മണിക്കൂറിനകം അയാൾ അകത്തായി. വീണ്ടുമൊരു മൂന്നു കൊല്ലം. അങ്ങനെ 1796-ൽ ഒരപ്പം മോഷ്ടിച്ചതിനു ജയിലിലായ ഴാങ്‌വാൽഴാങ് പത്തൊമ്പതു കൊല്ല ത്തിനുശേഷം 1815-ൽ തീർത്തും മരവിച്ച മനസ്സുമായി പുറത്തിറങ്ങി.

ജയിലിലെ കഠിനമായ ശിക്ഷ അനുഭവിച്ചുകൊണ്ടിരിയ്ക്കുമ്പോഴൊ ക്കെ അയാളോരോന്നു സ്വയം ചോദിച്ചുകൊണ്ടിരുന്നു: ഒരപ്പം കട്ടെടു ക്കുന്നതു തീർത്തും അനുചിതമായ തെറ്റുതന്നെ; പക്ഷേ, വിശപ്പും നി സ്സഹായതയും ഒരുമിച്ചു വന്നാൽ പിന്നെ എന്തു ചെയ്യും? കുറ്റം ചെ- യ്തവനെനെപ്പോലെ ശിക്ഷ നിശ്ചയിയ്ക്കുന്ന നിയമവും ദുഷിപ്പിയ്ക്കപ്പെട്ടു ന്നില്ലേ? നിയമങ്ങൾ നിർമ്മിയ്ക്കുന്ന സമൂഹമല്ലേ അതിനുത്തരവാദി? ഒളിച്ചോടാനുള്ള ചോദന ജന്തുസഹജമല്ലേ? അതിനുമേൽ ചുമത്തുന്ന ശിക്ഷ അശക്തന്റെ മേലുള്ള അതിക്രമമല്ലേ? അങ്ങനെ സ്വയം അ നുഭവിച്ച കഷ്ടപ്പാടുകൾക്കെല്ലാം അയാൾ സമൂഹത്തെ കുറ്റപ്പെടുത്തി; മാത്രമല്ല, ആ സമൂഹത്തെ സൃഷ്ടിച്ച ദൈവത്തേയും അയാൾ കുറ്റക്കാ രനായി കണ്ടു!

പള്ളിയിലെ നാഴികമണി രണ്ടടിച്ചപ്പോൾ ഴാങ്‌വാൽഴാങ് മ നോരാജ്യത്തിൽനിന്നുണർന്നു. പെട്ടെന്നയാളുടെ മനസ്സിൽ എന്തൊ ക്കെയോ വിചാരങ്ങൾ കെട്ടിമറിഞ്ഞു. അതിനടിയിൽനിന്നു മദാം മ ഗ്ല്വാർ ചുമരലമാരയിൽ കൊണ്ടുചെന്നു വെച്ച വെള്ളി മെഴുകുതിരി- ക്കാലുകളെക്കുറിച്ചുള്ള ചിന്തയാണു പതുക്കെ മനസ്സിലുയർന്നുവന്നത്.

അയാൾ എഴുന്നേറ്റിരുന്നു കണക്കുകൂട്ടി; ആ പഴയ വെള്ളി വിറ്റാൽ ഇരുന്നൂറു ഫ്രാങ്കെങ്കിലും കിട്ടാതിരിയ്ക്കില്ല! വീട്ടിലെങ്ങും കനത്ത നിശ്ശബ്ദത. പുലരുന്നതുവരെ അയാളങ്ങനെ ഇരിയ്ക്കുമായിരുന്നു. പക്ഷേ, പെട്ടെന്നൊരു പ്രലോഭനംപോലെ മണി മൂന്നടിച്ചു. അയാളെഴുന്നേറ്റു ജനാലയിലൂടെ പുറത്തേയ്ക്കു നോക്കി, പൂർണചന്ദ്രന്റെ തെളിഞ്ഞ നിലാവിൽ അയാൾ തോട്ടവും പരിസരവും ശ്രദ്ധിച്ചു നോക്കി. പതുക്കെ അയാൾ മെത്രാൻ കിടന്നുറങ്ങുന്ന മുറിയുടെ മുമ്പിലെത്തി. വാതിൽ ചാരിയിട്ടേയുള്ളൂ. ശബ്ദമുണ്ടാക്കാതെ അയാൾ വാതിൽ തുറന്നു കട്ടിലിനടുത്തെത്തി. മെത്രാന്റെ ശാന്തമായ ശ്വാസഗതി ഴാങിനു നേരിട്ടു കേൾക്കാം. ആ മുഖത്തേയ്ക്കു നോക്കിയപ്പോൾ അറിയാതെ അയാൾ തലയിൽനിന്നു തൊപ്പിയെടുത്തു മാറ്റി. പൈശാചികമായ ആ തുറിച്ചു നോട്ടത്തിനു കീഴിൽ മെത്രാൻ അപ്പോഴും ശാന്തനായി ഉറങ്ങുകയായിരുന്നു. പെട്ടെന്നു ഴാങിന്റെ കൈകൾ കട്ടിലിന്റെ തലയ്ക്കലുള്ള ചുമരലമാരയിലേയ്ക്കു നീണ്ടു. വെള്ളിപ്പാത്രങ്ങളടങ്ങിയ കൊട്ട നേരേ വലിച്ചെടുത്തു മുൻകരുതലുകൾക്കൊന്നും നിൽക്കാതെ അയാൾ പുറത്തു കടന്നു. വെള്ളിപ്പാത്രങ്ങൾ മാറാപ്പിലിട്ടു കൊട്ട പുറത്തേയ്ക്കെറിഞ്ഞു പൊന്തൻവടിയുമായി ഴാങ്‌വാൽഴാങ് മുറ്റത്തിറങ്ങി മതിൽ ചാടി പിന്നോട്ടു നോക്കാതെ ഒരോട്ടം വെച്ചുകൊടുത്തു.

പിറ്റേന്നു രാവിലെ മെത്രാൻ തോട്ടത്തിൽ നടക്കുന്നതിനിടയിലാണു മദാം മഗ്ല്വാർ ഓടി വന്നു പറഞ്ഞത്: "വെള്ളിപ്പാത്രങ്ങൾ സൂക്ഷിച്ച കൊട്ട കാണാനില്ല!". ചെടികൾക്കിടയിൽ കണ്ട കൊട്ട ചൂണ്ടിക്കാണിച്ചു മെത്രാൻ പറഞ്ഞു, “ഇതാ, ഇവിടെയുണ്ടല്ലോ!” മദാം മഗ്ല്വാറിനു പക്ഷേ സഹിച്ചില്ല, “ദൈവമേ പാത്രങ്ങളൊക്കെ അയാൾ കൊണ്ടുപോയി!”മെത്രാൻ ഒരു നിമിഷം നിശ്ശബ്ദനായി നിന്നു കണ്ണുകൾ മേലോട്ടുയർത്തി.

അവർ പ്രാതൽ കഴിഞ്ഞെഴുന്നേൽക്കുമ്പോൾ വാതിൽക്കലൊരു മുട്ടു കേട്ടു. "അകത്തേയ്ക്കു വരൂ", മെത്രാൻ പറഞ്ഞു.

വാതിൽ തുറന്നപ്പോൾ മുറ്റത്തു ചെറിയൊരാൾക്കൂട്ടം! മൂന്നു പോ

ലീസുകാർ ഴാങ്വാൽഴാങിനെ കഴുത്തിനു പിടിച്ചു കൊണ്ടുവന്നിരിയ്ക്കുന്നു! അവശത ഗൗനിയ്ക്കാതെ മെത്രാൻ ധൃതിയിൽ മുന്നോട്ടു ചെന്നു ഴാങിനെ നോക്കി ചോദിച്ചു: “ഹാ, നിങ്ങളാണോ? ഇന്നലെ ഞാൻ സമ്മാനിച്ച മെഴുകുതിരിക്കാലുകളിൽ ചിലതൊന്നും നിങ്ങൾ കൊണ്ടുപോയില്ലല്ലോ!”.

ഴാങ്വാൽഴാങിന്റെ കണ്ണുകൾ രണ്ടും മിഴിഞ്ഞുപോയി! പറഞ്ഞറിയിയ്ക്കാനാവാത്ത ഒരു ഭാവവിശേഷത്തോടെ അയാൾ മെത്രാനെ തുറിച്ചുനോക്കി.

"അപ്പോൾ ഇയാൾ പറഞ്ഞതു സത്യമായിരുന്നു!” പോലീസുകാരൻ അത്ഭുതപ്പെട്ടു. "കള്ളനാണെന്നു കരുതിയ ഞങ്ങൾക്കു തെറ്റു പറ്റി. ഇനി ഇയാളെ വിട്ടയച്ചേക്കാം, അല്ലേ?"

"തീർച്ചയായും!”, മെത്രാൻ സമ്മതം മൂളി. “സ്നേഹിതാ, പോകുന്നതിനുമുമ്പ് ഈ മെഴുകുതിരിക്കാലുകളുംകൂടി നിങ്ങൾക്കെടുക്കാം", അദ്ദേഹം അകത്തുനിന്നു രണ്ടെണ്ണംകൂടി കൊണ്ടുവന്നു ഴാങ്വാൽഴാങിന്റെ കൈയിൽവെച്ചു കൊടുത്തു. മദാം വസേലും മദാം മഗ്ളോറും ഭാവഭേദമില്ലാതെ എല്ലാം കണ്ടുനിന്നു.

പോലീസുകാർ പോയി. ഴാങ്വാൽഴാങിനു ഹൃദയമിടിപ്പു നിലച്ചു തല ചുറ്റുന്നതുപോലെ തോന്നി. മെത്രാൻ അയാളുടെ അടുത്തു ചെന്നു താഴ്ന്ന സ്വരത്തിൽ മന്ത്രിച്ചു, "ഒരു സത്യസന്ധനായി ജീവിയ്ക്കാൻ ഈ പണം ഉപയോഗപ്പെടുത്തുമെന്നു നിങ്ങളെന്നോടു പറഞ്ഞതു പക്ഷേ മറന്നുപോകരുത്!”

അങ്ങനെയെന്തെങ്കിലും മെത്രാനോടു പറഞ്ഞതായി ഒരോർമ്മയുമില്ലാത്ത ഴാങ്വാൽഴാങ് ഒന്നും മിണ്ടാതെ മിഴിച്ചു നിന്നു!

അയാൾ പിന്നീടു പറക്കുന്ന വേഗത്തിലാണു പട്ടണത്തിൽനിന്നു പുറത്തു കടന്നത്. അത്ഭുതകരമായ ഒരു വികാരം അയാളെ ബാധിച്ചു കഴിഞ്ഞു. അയാളൊരു കുറ്റിക്കാട്ടിൽ ചെന്നിരുന്നു. അപ്പോൾ ഒരു നാടോടിപ്പയ്യൻ പാട്ടിന്റെ താളത്തിൽ ഒരു വെള്ളിനാണയം കൈയിലിട്ട് അമ്മാനമാടി ആ വഴി വന്നു. പെട്ടെന്ന് അബദ്ധത്തിൽ അവന്റെ കൈയിൽനിന്നു താഴെ വീണ നാണയം ഉരുണ്ടുരുണ്ട് അയാ

ളുടെ കാൽക്കലാണു ചെന്നു നിന്നത്. അയാൾ നാണയം ചവിട്ടിപ്പിടിച്ച് ക്രുദ്ധനായി പയ്യനെ നോക്കി. ആ നോട്ടം കണ്ടു പേടിച്ചുപോയ അവൻ തേങ്ങിക്കരഞ്ഞുകൊണ്ട് ഓടിപ്പോയി.

കുറച്ചുനേരം അയാൾ നിശ്ചിന്തനായി തല കുനിച്ചിരുന്നു. പതുക്കെ നാലുപാടും ഇരുട്ടു പരക്കാൻ തുടങ്ങി. പെട്ടെന്നു ശരീരമാകെ വിറപ്പിച്ചു ചാടിയെഴുന്നേൽക്കാൻ തുനിഞ്ഞ അയാൾ കാലിനടിയിൽ കിടന്നു തിളങ്ങുന്ന വെള്ളിനാണയം കണ്ടു. അയാളുടെ ഉള്ളിലൊരു മിന്നൽപ്പിണർ പാഞ്ഞു. പയ്യന്റെ അടക്കിപ്പിടിച്ച തേങ്ങൽ അയാളുടെ കാതിൽ മാറ്റൊലിക്കൊണ്ടു. ആ നാണയം കടന്നെടുത്തു പയ്യനെ തേടി ഒരു ഭ്രാന്തനെപ്പോലെ അയാൾ പരിസരത്തെങ്ങും ചുറ്റിനടന്നു. അവസാനം ക്ഷീണിച്ചവശനായി കാലൊരു കല്ലിൽ തട്ടി താഴെ വീണ അയാളുറക്കെ നിലവിളിച്ചു: "ഞാനൊരു പരമദുഷ്ടൻ!." പത്തൊമ്പതു കൊല്ലത്തിനുശേഷം അന്നാദ്യമായി അയാൾ പൊട്ടിക്കരഞ്ഞു!

കരച്ചിൽ അവസാനിച്ചശേഷം അയാളെങ്ങോട്ടാണു പോയതെന്ന് ആർക്കുമറിയില്ല. പക്ഷേ, അന്നു രാത്രി മൂന്നു മണിയ്ക്കു മെത്രാന്റെ വീടിനു മുന്നിലൂടെ കടന്നുപോയ അഞ്ചലോട്ടക്കാരൻ, ആ വീട്ടുവാതിൽക്കൽ ഇരുട്ടത്തു മുട്ടു കുത്തിനിൽക്കുന്ന ഒരാളെ കണ്ടെന്നു പിന്നീട് മറ്റാരോടോ പറയുകയുണ്ടായി.

3 : 1817

ലൂയി പതിനെട്ടാമന്റെ ഇരുപത്തിരണ്ടാം ഭരണവർഷമായ 1817-ൽ ഫ്രാൻസിലെ ഉൾഗ്രാമങ്ങളിൽനിന്നു വന്നെത്തിയ നാലു ചെറുപ്പക്കാർ പാരീസിൽ ഒത്തുചേർന്നു. നഗരത്തിൽ വന്നു പണിയെടുത്തു നാലു കാശുണ്ടാക്കി നാട്ടിലേയ്ക്കു തിരിച്ചുപോകുകയായിരുന്നു അവരുടെ ഉദ്ദേശം. തൊലോമിയെ, ലിതോളിയെ, ഫാമോയി, ബ്‌ളാഷ്‌വെൽ എന്നിങ്ങനെ പേരുകളുള്ള അവരെന്നുകൊണ്ടും ഒരു ശരാശരിക്കാരായിരുന്നു. പാരീസിന്റെ കീഴ്‌വഴക്കമനുസരിച്ച് അവർ നാലു കാമിനിമാരേയും വശത്താക്കി: ബ്‌ളാഷ്‌വെല്ലിനു ഫേവറിറ്റും, ഫാമോയിയ്ക്കു സെഫീനും ലിതോളിയേയ്ക്കു ദാലിയയും തൊലോമിയെയ്ക്കു ഫൻ

തീനം! കൂലിപ്പണിയെടുത്തു ജീവിയ്ക്കുന്ന അവർ ദുർവൃത്തികളിലേയ്ക്കു കടന്നെങ്കിലും ചാരിത്രത്തിന്റെ വാടാത്ത പൂക്കൾ ഹൃദയത്തിൽ സൂക്ഷിച്ചിരുന്നു. സുന്ദരിയായ ഫൻതീനായിരുന്നു അവരിലേറ്റവും പ്രായം കുറഞ്ഞവൾ. സ്വന്തം നാടിനെക്കുറിച്ചോ അച്ഛനമ്മമാരെക്കുറിച്ചോ യാതൊന്നുമ റിയാത്ത അവൾക്കു മഴയത്തു നെറ്റിയിൽ പതിച്ച വെള്ളത്തുള്ളിപോലെയാണ് അങ്ങനെയൊരു പേരു വീണു കിട്ടിയത്. കൗമാരത്തിന്റെ മനോരാജ്യങ്ങളിൽനിന്ന് അവളപ്പോഴും വിടുതി നേടിക്കഴിഞ്ഞിരുന്നില്ല. ദാരിദ്ര്യവും വേശ്യാവൃത്തിയും പരസ്പരപൂരകങ്ങളാണല്ലോ; ഒന്നു പരിഹസിയ്ക്കപ്പെടുന്നു, മറ്റേതു പ്രശംസിയ്ക്കപ്പെടുന്നു!

ചങ്ങാതികളായ ആ നാലു യുവതീയുവാക്കൾ തമ്മിലുള്ള അനുരാഗം സൗഹൃദംകൊണ്ടു വളർന്നുവന്നു. അവരിലേറ്റവും മൂതിർന്ന തൊലോമിയെയ്ക്കു പക്ഷേ യൗവനം നഷ്ടപ്പെടുന്തോറും വിഷയാസക്തി കൂടുകയാണു ചെയ്തത്. ഒരു ദിവസം അയാൾ മൂന്നു ചങ്ങാതിമാരേയും അടുത്തു വിളിച്ചു പറഞ്ഞു: “നമ്മളൊരിയ്ക്കൽ നമ്മുടെ നാലു പെണ്ണുങ്ങൾക്കും ഒരത്ഭുതം കാണിച്ചുകൊടുക്കാമെന്നു പറഞ്ഞിരുന്നു. ഈയിടെയായി അവരതാവർത്തിച്ചു ചോദിയ്ക്കുന്നു. അതേസമയം, നമുക്കു നാട്ടിൽനിന്നു നിരന്തരം കത്തുകളും വരുന്നുണ്ട്. ഇനിയൊരു തീരുമാനമെടുത്തേ തീരൂ!" തുടർന്നൊരു കൗശലം അയാളവരുടെ ചെവിയിൽ പറഞ്ഞു. രസം പിടിച്ച ഒരു ചിരി അവരുടെ മുഖത്തു മിന്നിത്തെളിഞ്ഞു!

അടുത്ത ഞായറാഴ്ച അവരെട്ടുപേരുംകൂടി സാങ്ക്ളോദിലെ കാഴ്ചകൾ കാണാനൊരു യാത്ര പുറപ്പെട്ടു. വെള്ളച്ചാട്ടങ്ങളും ദീപസ്തംഭങ്ങളും കണ്ട്, മധുരപലഹാരങ്ങൾ വാങ്ങിത്തിന്ന്, അവരാനന്ദിച്ചു നടന്നു. കൂട്ടിൽനിന്നു പുറത്തായ തത്തകളെപ്പോലെ നാലു പെൺകിടാങ്ങ ളും തിമിർത്തുല്ലസിച്ചു. ചുണ്ടിലൊരു ചുരുട്ടുമായി നടന്ന തൊലോമിയെയായിരുന്നു, നേതാവ്; ഓമനത്തം തുളുമ്പുന്ന ഫൻതീൻ അവരുടെ ആകർഷണകേന്ദ്രവും! പ്രണയമൊരു തെറ്റാണെങ്കിൽ ആ തെറ്റിനു മുകളിൽ പൊന്തിക്കിടന്ന നിഷ്ക്കളങ്കതയായിരുന്നു, അവൾ!

പാട്ടു പാടിയും ഓടിക്കളിച്ചും തമാശ പറഞ്ഞും തുമ്പിയെ പിടിച്ചും പൂക്കൾ പറിച്ചും ഊഞ്ഞാലാടിയും ചുംബനം ചൊരിഞ്ഞും നടക്കുന്ന

തിനിടയിൽ ഫേവറിറ്റ് ചോദിച്ചു, “നിങ്ങൾ നേരത്തേ പറഞ്ഞ അ ത്ഭുതം കാണിച്ചു തന്നില്ലല്ലോ, ഞങ്ങൾക്കതു കണ്ടേകഴിയൂ!”

"ക്ഷമിയ്ക്കൂ!", തൊലോമിയെ അവളെ ആശ്വസിപ്പിച്ചു.

ഉച്ചയോടെ അവരൊരു ഹോട്ടലിൽ കയറി. എട്ടുപേരും ഒരു വട്ട മേശയ്ക്കു ചുറ്റും സ്ഥാനം പിടിച്ചു. പരിചാരകൻ കൊണ്ടുവന്ന വീഞ്ഞും വിഭവങ്ങളും ആസ്വദിയ്ക്കുമ്പോൾ അവരന്യോന്യം കളിയാക്കി പാട്ടു പാടി. ബ്ളാഷ്‌വെല്ലിനെ നോക്കി ഫേവറിറ്റ് പറഞ്ഞു, “എനിയ്ക്കു നി ന്റെ മുഖത്തുനിന്നു കണ്ണെടുക്കാനാവുന്നില്ല!”

"അപ്പോൾ, എനിയ്ക്കു നിന്നോടു സ്നേഹമില്ലെങ്കിൽ നീയെന്തു ചെ യ്യും?” ബ്ളാഷ്‌വെൽ തിരിച്ചടിച്ചു.

'പൊന്നേ, അങ്ങനെയൊന്നും പറഞ്ഞേക്കല്ലേ", ഫേവറിറ്റിനു സ ഹിച്ചില്ല. “എങ്കിൽപ്പിന്നെ ഞാൻ നിന്നെ ഒരിടത്തും വിടില്ല!”

പ്രണയത്തിന്റെ ഇക്കിളിയേറ്റ രസം പിടിച്ച ബ്ളാഷ്‌വെൽ ഒരു തരം ആത്മനിർവൃതിയോടെ കസേരയിൽ ചാഞ്ഞിരുന്നു.

"കൂട്ടുകാരേ", നേതാവിന്റെ ഭാവത്തിൽ തൊലോമിയെ പറഞ്ഞു, “ബഹളം വെയ്ക്കാതിരിയ്ക്കൂ! ഒരു കുടുംബജീവിതത്തേക്കാൾ ഇതൊക്കെ യല്ലേ രസം? ഇക്കാലത്തു സ്ത്രീകളെ വിശ്വസിയ്ക്കാനും പറ്റില്ല!”

ഭക്ഷണം കഴിഞ്ഞു വീഞ്ഞിന്റെ ലഹരി തലയ്ക്കു പിടിച്ച അവർ പ രസ്പരം കെട്ടിപ്പിടിച്ച് ഈരണ്ടുപേരായി പുറത്തുകടന്നു. ഫേവറിറ്റ് ത ല ചെരിച്ചു തൊലോമിയെയെ നോക്കി പറഞ്ഞു, “ഇനി പുറത്തെടു ക്കൂ, നിങ്ങളുടെ ആ അത്ഭുതം!”

"അതെ, സമയമായി, ഒരു നിമിഷം നിൽക്കൂ, അതിനു മുമ്പ് നമു ക്കൊന്നു കൂടി ചുംബിയ്ക്കാം", തൊലോമിയെ പറഞ്ഞു. അവർ ഒരിയ്ക്ക ൽക്കൂടി പരസ്പരം ചുംബിച്ചു. "നോക്കൂ, ഞങ്ങളുടനെ വരാം", യുവാക്ക ൾ കൈകോർത്തുപിടിച്ചു പുറത്തു കടന്നു.

"ഇനി വൈകിയ്ക്കരുതേ", ഫൻതീൻ ഉറക്കെ വിളിച്ചു പറഞ്ഞു.

ആ പെൺകിടാങ്ങൾ പുറത്തു ജനാലപ്പടികൾക്കുതാഴെ ചുമരിൽ ചാരിയിരുന്നു. സോഫീൻ ചോദിച്ചു, “എന്തായിരിക്കും അവർ നമുക്കു

കൊണ്ടുവന്നു തരാൻ പോകുന്നത്?"

ഏതാണ്ട് ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ ഹോട്ടലിലെ പരിചാരകൻ അവർക്കൊരു കത്തു കൊണ്ടുചെന്നു കൊടുത്തു. 'ഇതാണു നിങ്ങൾക്കുള്ള സമ്മാന'മെന്നു പുറത്തെഴുതിയിരുന്ന ആ കവർ ഫേവറിറ്റ് തട്ടിപ്പറിച്ചു തുറന്നു. നാലു യുവാക്കളും കൂടി ചേർന്നെഴുതിയ കത്തിന്റെ ഉള്ളടക്കം ഇതായിരുന്നു: "പ്രിയപ്പെട്ടവരേ, ഞങ്ങൾക്കു നാട്ടിൽ കുടുംബവും അച്ഛനമ്മമാരുമുണ്ട്. അവർക്കുവേണ്ടി സ്വയം സമർപ്പിയ്ക്കാൻ ഞങ്ങൾ തീരുമാനിച്ചിരിയ്ക്കുന്നു! ഞങ്ങൾക്കു പകരം നിങ്ങൾ മറ്റാരെയെങ്കിലും കണ്ടെത്തുക, നന്ദി!"

"നല്ല നേരമ്പോക്കായിപ്പോയി, അവർ തുലഞ്ഞുപോട്ടെ", ഫേവറിറ്റിനു കോപം സഹിച്ചില്ല. "നമുക്കു തൊലോമിയെയ്ക്കു ദീർഘായുസ്സു നേരാം!", ദാലിയയും സെഫീനും പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു. ഫൻതീൻ അവരുടെകൂടെ ചിരിയ്ക്കാൻ ശ്രമിച്ചു. പക്ഷേ തിരിച്ചു മുറിയിലെത്തിയ അവൾ പൊട്ടിക്കരഞ്ഞു: അതെ, തൊലോമിയെയുമായുള്ള അവളുടെ അനുരാഗം പൂവിട്ടു കഴിഞ്ഞിരുന്നു!

4 : വിശ്വാസവും വഴക്കവും

പാരീസിന്റെ പ്രാന്തപ്രദേശമായ മൊങ്ഫെർമിയെയിൽ പട്ടാളത്തിൽനിന്നു വിരമിച്ച തെനാർദിയറും ഭാര്യയുംകൂടി ചെറിയൊരു ചാരായക്കട നടത്തിയിരുന്നു. ഉമ്മറത്തെ വാതിലിനു മുകളിൽ പതിച്ച വാട്ടർലൂയുദ്ധദൃശ്യത്തിനു താഴെ മുഴുത്ത അക്ഷരത്തിൽ സ്വന്തം പേരും 'സാർജന്റെ'ന്ന പദവിയും അയാളെഴുതിവെച്ചു.

1821-ലെ വസന്തകാലത്തൊരു ദിവസം മദാം തെനാർദിയർ കടയുടെ മുറ്റത്തു രണ്ടും നാലും വയസ്സുള്ള രണ്ടു പെൺകുട്ടികളെ ഊഞ്ഞാലാടിച്ചു കളിപ്പിയ്ക്കുകയായിരുന്നു. പെട്ടെന്നൊരു ശബ്ദം കേട്ട് അവർ തെരുവിലേയ്ക്കു നോക്കി. കുറച്ചകലെ തോളത്തു കനത്ത സഞ്ചിയും ഒക്കത്തൊരു കുഞ്ഞുമായി ഒരു സ്ത്രീ വന്നു നിൽക്കുന്നു! അവൾ മദാം തെനാർദിയറോടു പറഞ്ഞു, "മദാം, നിങ്ങളുടെ കുഞ്ഞുങ്ങളെ കാണാൻ നല്ല ഓമനത്തമുണ്ട്!"

ഫൻതീനായിരുന്നു, അവൾ! അന്നത്തെ 'നേരമ്പോക്കി'നുശേഷം വർഷം നാലു കഴിഞ്ഞു. കവിൾ ചുക്കിച്ചുളിഞ്ഞു ശരീരം മെലിഞ്ഞ അവളുടെ സൗന്ദര്യം പക്ഷേ വിട്ടുപോയിരുന്നില്ല. മുഖത്തൊരു കള്ള ച്ചിരി സഹജമായ മദാം തെനാർദിയർ അവളെ അകത്തു വിളിച്ചിരു ത്തി പറഞ്ഞു, "ഞാൻ മദാം തെനാർദിയർ, ഈ ചാരായക്കട ഞങ്ങ ളാണു നടത്തുന്നത്".

ഫൻതീൻ വന്ന കാര്യം ചുരുക്കി പറഞ്ഞു: പാരീസിൽ കൂലിപ്പണി യെടുത്തു കഴിയുന്ന തനിക്കു കുട്ടിയെ സുരക്ഷിതമായൊരു സ്ഥലത്തു താമസിപ്പിക്കണമെന്നുണ്ട്. ചിലവ് മാസന്തോറും കൃത്യമായി അയച്ചു തരും. അവരങ്ങനെ സംസാരിക്കുന്നതിനിടയിൽ കുട്ടി അമ്മയുടെ ഒ ക്കത്തുനിന്നു ചാടിയിറങ്ങി മറ്റുള്ളവരുടെ കൂടെ കളിക്കാൻ തുടങ്ങി.

ഫൻതീൻ പറഞ്ഞു, "നോക്കൂ, അവരെത്ര പെട്ടെന്ന് ഇണങ്ങിക്ക ഴിഞ്ഞു! നിങ്ങളിവളെ ഏറ്റെടുക്കുമോ?"

"ആലോചിക്കട്ടെ, എന്താണിവളുടെ പേര്?" അവർ ചോദിച്ചു.

"കൊസെത്ത്! അവൾക്കിപ്പോൾ മൂന്നു വയസ്സായി"

അപ്പോൾ അകത്തുനിന്നൊരു പുരുഷശബ്ദം കേട്ടു: "മാസം ഏഴു ഫ്രാങ്കു വീതം, ആറു മാസത്തെ സംഖ്യ മുൻകൂറും!"

"ശരി, ഞാൻ തരാം", ഫൻതീൻ ഉടനെ സമ്മതിച്ചു.

"പുറംചെലവിനു പതിനഞ്ചു ഫ്രാങ്ക് വേറേ!", ഗൃഹനാഥൻ പുറത്തു വന്നു, "പിന്നെ.. ഉടുപ്പുകളൊക്കെയുണ്ടല്ലോ, അല്ലേ?"

"അതെ, ഞാനെല്ലാം കരുതിയിട്ടുണ്ട്", ഫൻതീൻ തോളത്തെ സ ഞ്ചി അവരുടെ മുമ്പിൽ വെച്ചു. അന്നു രാത്രി അവളവിടെ താമസിച്ചു പറഞ്ഞ പണവും കൊടുത്തു പിറ്റേന്നു മടങ്ങിപ്പോയി.

ഫൻതീൻ പൊയ്ക്കഴിഞ്ഞപ്പോൾ ഭർത്താവ് ഭാര്യയോടു പറ ഞ്ഞു, "കൊള്ളാം നീ നല്ലൊരു കെണിയാണു വെച്ചത്. എനിക്കത്യാ വശ്യമായി ഒരമ്പതു ഫ്രാങ്കിന്റെ ആവശ്യമുണ്ടായിരുന്നു!"

പറഞ്ഞപോലെ ഫൻതീൻ അവർക്കു മാസന്തോറും കൃത്യമായി പണമയച്ചുകൊണ്ടിരുന്നു. പക്ഷേ, ദുര മൂത്ത തെനാർദിയർ ഓരോ

രോ കാരണം പറഞ്ഞു പലപ്പോഴും അവളിൽനിന്നു കൂടുതൽ പണം വസൂലാക്കുന്നതു പതിവാക്കി.

വർഷം രണ്ടു കഴിഞ്ഞു. മദാം തെനാർദിയർ വികൃതികളായ സ്വന്തം എപ്പൊനൈനേയും അസൽമയേയും മാത്രം സ്നേഹിച്ചു, സാധുവായ കൊസെത്തിനെ വെറുത്തു. മക്കളുടെ കുറ്റങ്ങൾക്ക് അവരവളെ ചീത്ത പറഞ്ഞു. വളർന്നുവന്നതോടെ വീട്ടുപണികളെല്ലാം അവരവളെക്കൊണ്ടു ചെയ്യിയ്ക്കാൻ തുടങ്ങി. സ്വന്തം അമ്മ പോലും, മെലിഞ്ഞു വിളർത്തു പിഞ്ഞിക്കീറിയ ഉടുപ്പിട്ടു കണ്ണീരൊലിപ്പിച്ചു നടന്ന അവളെ കണ്ടാൽ തിരിച്ചറിയുമായിരുന്നില്ല!

തുടക്കത്തിൽ നാട്ടുകാർ അവളെ 'വാനമ്പാടി'യെന്നു വിളിച്ചിരുന്നു. പിന്നീടു പക്ഷേ, ആ വാനമ്പാടിയുടെ പാട്ടു നിലച്ചുപോയി!

5 : വീഴ്ച

കൊസെത്തിനെ തെനാർദിയർമാരുടെ പക്കലേൽപ്പിച്ചു ഫൻതീൻ നേരേ എം.പട്ടണത്തിലേയ്ക്കാണു പോയത്. അന്നവിടെ മരക്കറ പുരട്ടി കറുത്ത ചില്ലുണ്ടാക്കുന്ന ഒരു കൈത്തൊഴിൽ പ്രചാരത്തിലുണ്ടായിരുന്നു. ഏതാണ്ടു രണ്ടുവർഷങ്ങൾക്കു മുമ്പ് തോളത്തു മാറാപ്പും കീശയിലൊരു നൂറു ഫ്രാങ്കുമായി വന്ന ഒരാൾ മരക്കറയ്ക്കു പകരം കോലരക്ക് ചില്ലുണ്ടാക്കാൻ നല്ലതാണെന്നു കണ്ടെത്തി. നിസ്സാരമായ ആ വ്യത്യാസം പക്ഷേ അദ്ഭുതപൂർവമായ മാറ്റമാണു ജനങ്ങളിലുണ്ടാക്കിയത്. പ്രായേണ ദരിദ്രരായിരുന്ന പണിക്കാരുടെ വരുമാനം വർദ്ധിച്ചു; പട്ടണത്തിലെ ചില്ലുവ്യാപാരം അഭിവൃദ്ധിപ്പെട്ടു; പുതിയ പണിശാലകൾ ഉയർന്നു വന്നു; കൂടാതെ, അതിനെല്ലാം കാരണക്കാരനായ മനുഷ്യനൊരു ധനാഢ്യനുമായി. എല്ലാവരേയും തുല്യരായി കണ്ട അദ്ദേഹത്തെ ജനങ്ങൾ ഫാദർ മദലിയനെന്നു വിളിച്ചു ബഹുമാനിച്ചു.

ഫാദർ മദലിയൻ സ്വന്തം പണിശാലയിൽ സകലർക്കും ജോലി കൊടുത്തു. സ്ത്രീകളുടെ കാര്യത്തിൽ അദ്ദേഹം പ്രത്യേകശ്രദ്ധ ചെലുത്തി; കുട്ടികൾക്കായി പുതിയൊരു വിദ്യാലയവും സ്ഥാപിച്ചു. സത്യം പറയുകയും സദാചാരം ശീലിയ്ക്കുകയുമെന്ന രണ്ടു വിഷയങ്ങളിൽ മാ

ത്രമേ അദ്ദേഹം നിർബന്ധം പുലർത്തിയിരുന്നുള്ളൂ. കാര്യങ്ങൾ അത്രത്തോളമായപ്പോൾ ഫാദർ മദലിയനെ പട്ടണത്തിന്റെ മേയറാക്കാമെന്ന രാജാവിനു തോന്നി. പക്ഷേ, അസൂയക്കാരായ ചിലർ അയാളെ 'പണത്തിനുവേണ്ടി ജീവിയ്ക്കുന്നവ'നെന്നും 'പ്രമാണിയാവാൻ നടക്കുന്നവ'നെന്നും 'എവിടെനിന്നോ വന്നവ'നെന്നും മറ്റും ഏഷണി പറഞ്ഞു രാജാവിനെ തെറ്റിദ്ധരിപ്പിച്ചു. അവസാനം അവയൊക്കെ മറികടന്നു ജനങ്ങളുടെ നിർബന്ധപ്രകാരം രാജാവ് 'മൊസ്യൂ' മദലിയനെ പട്ടണത്തിന്റെ മേയറായി നിയമിച്ചു.

എങ്കിലും മേയറുടെ ഭൂതകാലത്തെക്കുറിച്ചുള്ള ദുരൂഹത ചിലരുടെ മനസ്സിൽ ബാക്കിനിന്നു. അതിനിടയിലാണു ഡി-യിലെ മെത്രാൻ സ്വർഗാരോഹണം ചെയ്ത വാർത്ത പത്രത്തിൽ വന്നത്. പിറ്റേന്നു കറുത്ത വസ്ത്രം ധരിച്ചു ദീക്ഷയെടുത്ത മേയർ, മെത്രാന്റെ അടുത്ത ബന്ധുവാണെന്നു ചിലർ പറഞ്ഞു പരത്തി. അത്തരത്തിലുള്ള വാർത്തകൾ സകലതും സംശയദൃഷ്ടിയോടെ നോക്കുന്ന മനുഷ്യമുഖമുള്ള ചെന്നായ്ക്കളിൽ ഒരാളായിരുന്നു, ഇൻസ്പെക്ടർ ഴാവേർ! തണ്ടുവലിശിക്ഷ അനുഭവിയ്ക്കുന്ന തടവുപുള്ളികളുടെ ജയിലിൽ ആദ്യമായി നിയമിയ്ക്കപ്പെട്ട അയാൾ അധികാരത്തെ ആദരിയ്ക്കുകയും രാജ്യദ്രോഹത്തെ അക്ഷന്തവ്യമായ കുറ്റമായി കാണുകയും ചെയ്തു. അതിനുശേഷം അയാളുടെ ഒരു കണ്ണു സദാ മൊസ്യൂ മദലിയനുമേൽ പതിഞ്ഞുകിടന്നു. ആ വസ്തുത മനസ്സിലാക്കിയ മദലിയനാകട്ടെ, ഒരിയ്ക്കലും ഇൻസ്പെക്ടറെ ഒഴിഞ്ഞു വഴി മാറി നടന്നതുമില്ല. ആ കുസലില്ലായ്മ ഒരർത്ഥത്തിൽ ഴാവേറിനെ പരിഭ്രമിപ്പിയ്ക്കുകയാണു ചെയ്തത്.

ഒരു ദിവസം വൈകുന്നേരം പതിവുപോലെ നടക്കാനിറങ്ങിയ മൊസ്യൂ മദലിയൻ കുറച്ചകലെ ഒരാൾക്കൂട്ടം കണ്ടു. അദ്ദേഹത്തിന്റെ ഉയർച്ചയിൽ അസൂയ പുലർത്തിയിരുന്ന വണ്ടിക്കാരൻ ഫൂഷൽവാങ് കുതിരയുടെ കാലൊടിഞ്ഞു വണ്ടിയ്ക്കു താഴെ വീണു കിടക്കുന്നു. ചക്രത്തിനടിയിൽപ്പെട്ട അയാളുടെ ശരീരം വണ്ടിയുടെ ഭാരം താങ്ങാനാവാതെ സാവധാനം അമർന്നുകൊണ്ടിരുന്നു. സ്ഥലത്തെത്തിയ ഴാ

വേർ അടുത്ത ലാടപ്പുരയിൽനിന്നു ജാക്കി കൊണ്ടുവരാൻ ഒരാളെ പറഞ്ഞയച്ചു. പെട്ടെന്ന് ആ വഴി വന്ന മൊസ്യു മദലിയനെ കണ്ടു കാഴ്ചക്കാർ സ്വയമൊതുങ്ങി മാറി നിന്നു.

"രക്ഷിയ്ക്കണേ", വൃദ്ധൻ നിലവിളിച്ചു, "ആരുമില്ലേ, ഇവിടെ?"

അധികം താമസിയാതെ വണ്ടിച്ചക്രം അയാളുടെ വാരിയെല്ലു തകർക്കുമെന്നു മേയർക്കു മനസ്സിലായി. അദ്ദേഹം ചോദിച്ചു, "വണ്ടിയൊന്നു പൊക്കാൻ കരുത്തുള്ള ആരെങ്കിലുമുണ്ടോ?"

മേയറുടെ മുഖത്തുനിന്നു കണ്ണെടുക്കാതെ ഴാവേർ പറഞ്ഞു, "അങ്ങനെയൊരാളെ ഞാൻ പണ്ടു തുലോങിലെ തണ്ടുവലിശിക്ഷാസ്ഥലത്തു വെച്ചു കണ്ടിട്ടുണ്ട്!".

മേയറുടെ മുഖം വിളറി. പക്ഷേ ഒന്നും മിണ്ടാതെ അദ്ദേഹം താഴെ മുട്ടു കുത്തി നിന്നു പതുക്കെ വണ്ടിയുടെ ചുവട്ടിലേയ്ക്കു നീങ്ങി. ഫൂഷൽവാങ് വിളിച്ചു പറഞ്ഞു, "മൊസ്യു, എന്നെ വിട്ടേയ്ക്കു, ഒരുപക്ഷേ, വണ്ടി നിങ്ങളെക്കൂടി ചതച്ചരയ്ക്കും!"

കണ്ടു നിന്നവർ ശ്വാസം കിട്ടാതെ കിതച്ചു തുടങ്ങി. വണ്ടി പെട്ടെന്നൊന്നു വിറച്ചു, ചക്രങ്ങൾ മണ്ണിൽനിന്നുയർന്നു. ചിലർ മുമ്പോട്ടുചെന്നു വണ്ടിയ്ക്കടിയിൽനിന്നു വൃദ്ധനെ വലിച്ചെടുത്തു.

വിയർപ്പു പൊടിഞ്ഞ മേയറുടെ മുഖം വിളർത്തിരുന്നു. വൃദ്ധൻ ഫൂഷൽവാങ് അദ്ദേഹത്തിന്റെ കാൽമുട്ടുകൾ ചുംബിച്ചു. അപ്പോഴും തന്റെ മുഖത്തുനിന്നു കണ്ണെടുക്കാത്ത ഇൻസ്പെക്ടർ ഴാവേറിനെ മൊസ്യു മദലിയൻ ശാന്തമായൊന്നു നോക്കി.

വീഴ്ചയിൽ ഫൂഷൽവാങിന്റെ കാൽമുട്ടിലെ ചിരട്ട തെറ്റിപ്പോയിരുന്നു. മേയർ അയാളെ ആസ്പത്രിയിലേയ്ക്കു പറഞ്ഞയച്ചു ശസ്ത്രക്രിയയ്ക്കു വേണ്ട ഏർപ്പാടുകൾ ചെയ്തു. ഒരാഴ്ച കഴിഞ്ഞു പുറത്തിറങ്ങിയ ആ സാധുവിനു പാരീസിനടുത്തുള്ള ഒരു കന്യാമഠത്തിൽ തോട്ടക്കാരന്റെ പണിയും അദ്ദേഹം വാങ്ങിക്കൊടുത്തു. ആ സംഭവത്തിനുശേഷം മേയറെ കാണുമ്പോഴൊക്കെ മനസ്സിലൊരു വിറയൽ അനുഭവപ്പെട്ട ഴാവേർ ഔദ്യോഗികകാര്യങ്ങൾക്കല്ലാതെ മറ്റൊന്നിലും അദ്ദേഹവുമായി ഇടപഴകാറില്ല.

അക്കാലത്താണ ഫൻതീൻ ജീവിയ്ക്കാനൊരു വഴി തേടി ആ പട്ടണത്തിലെത്തിയത്. മദലിയന്റെ പണിശാലയിലൊരു ജോലി ത രപ്പെടുത്താൻ അവൾക്കു ബുദ്ധിമുട്ടുണ്ടായില്ല. കൊസെത്തിനുള്ളതു മാസന്തോറും അയച്ചുകൊടുത്തതിനുശേഷവും പണം ബാക്കിയായപ്പോൾ അവളൊരു മുറി വാടകയ്ക്കെടുത്തു, ഒരു കണ്ണാടി വാങ്ങിച്ചു. പക്ഷേ, അവളിടയ്ക്കിടെ ആർക്കോ കത്തയയ്ക്കുന്നതു കൂടെ പണിയെടുക്കുന്ന ചില സ്ത്രീകളുടെ ശ്രദ്ധയിൽപ്പെട്ടു. പരദൂഷണത്തിനു വക നൽകുന്ന ആ കാര്യത്തിൽ അവരതീവ താൽപ്പര്യം കാണിച്ചു. മദാം വിക്തുണിയേ ഞെന്ന അവരുടെ നേതാവ് കത്തിന്റെ വിലാസം തേടിപ്പിടിച്ചു മൊങ്ഫെർമിയെയിലെത്തി തെനാർദിയറെ കണ്ടു വിസ്ഫോടകമായ വാർത്തയുമായി തിരിച്ചെത്തി: “അതെ, അവൾക്കൊരു കുട്ടിയുണ്ട്!”

സദാചാരവിഷയത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയാറാവാത്ത മേലധികാരി കുറ്റാരോപിതയിൽനിന്നു വിശദീകരണങ്ങളൊന്നും തേടാതെ ഒരമ്പതു ഫ്രാങ്ക് കൈയിൽവെച്ചു കൊടുത്തു ഫൻതീനെ ജോലിയിൽനിന്നു പിരിച്ചുവിട്ടു. തെനാർദിയർ മാസന്തോറും പതിനഞ്ചു ഫ്രാങ്ക് പിടുങ്ങുന്ന കാലത്തായിരുന്നു ആ സംഭവം നടന്നത്! ഫൻതീൻ ആകെ കുഴങ്ങിപ്പോയി. മേയറെ ചെന്നു കാണാൻ ചിലർ ഉപദേശിച്ചെങ്കിലും അവൾക്കതിനു ധൈര്യമുണ്ടായില്ല. വാടകക്കുടിശ്ശിക തീർക്കാൻ പണമില്ലാത്തതുകൊണ്ട് അവൾക്കു സ്ഥലം വിട്ടു പോകാനുമായില്ല. മേയറാകട്ടെ, പണിശാലയിൽ നടക്കുന്ന അത്തരം വിഷയങ്ങളൊന്നും പൊതുവേ അറിയാറുമില്ല.

തൽക്കാലം ഏതെങ്കിലും വീട്ടിൽ ഭൃത്യയായി കഴിയാമെന്നു ഫൻതീൻ കരുതി. പക്ഷേ, ആരുമവളെ സ്വീകരിച്ചില്ല. അവസാനം കീറിയ വസ്ത്രങ്ങൾ തുന്നിക്കൊടുത്തു ദിവസം പന്ത്രണ്ടു സൂ വീതം അവൾ സമ്പാദിയ്ക്കാൻ തുടങ്ങി. ആയിടയ്ക്കാണ തെനാർദിയർക്ക് അയയ്ക്കേണ്ട തവണകളിൽ ആദ്യമായി അവൾ വീഴ്ച വരുത്തിയത്. ദാരിദ്ര്യവുമായി പൊരുത്തപ്പെട്ടതുപോലെ മാനക്കേടുമായും അവൾ പരിചയപ്പെട്ടു. പണം വരാൻ വൈകുന്നതു കണ്ടു തെനാർദിയർ അവളെ വീണ്ടും

പ്രകോപിപ്പിയ്ക്കാൻ തുടങ്ങി. കൊസെത്തിനു തണുപ്പുകാലത്തേയ്ക്കൊരു രോമക്കുപ്പായം വാങ്ങാൻ പണം വേണമെന്നു പറഞ്ഞ് അവർ കത്തെഴുതി. സ്വന്തം അഭിമാനമായി കരുതിപ്പോന്ന നീണ്ടിരുണ്ട മുടി മുറിച്ചു വിറ്റു കിട്ടിയ പണം അയച്ചുകൊടുത്ത് തൽക്കാലം അവൾ ആശ്വസിച്ചു: "എന്റെ തലമുടികൊണ്ടു ഞാനവളുടെ തണുപ്പു മാറ്റി!"

അതിനിടയിൽ കാണുന്നവരോടെല്ലാം അവൾക്കു കോപം തോന്നാൻ തുടങ്ങി. തന്നെ ഈ നിലയ്ക്കാക്കിയതു മേയറാണെന്നുപോലും അവൾ കരുതി. കുനിന്മേൽ കുരുവെന്നപോലെ കൊസെത്തിനു സുഖമില്ലെന്നും ചികിത്സയ്ക്കു നാൽപ്പതു ഫ്രാങ്കു വേണമെന്നും പറഞ്ഞു തെനാർദിയർ വീണ്ടും കത്തയച്ചു. ചിരിയ്ക്കുമ്പോൾ തിളങ്ങുന്ന മുൻവശത്തെ രണ്ടു പല്ലുകൾ പറിച്ചു വിറ്റു കിട്ടിയ പണവും അവൾ അവർക്കയച്ചു കൊടുത്തു. അങ്ങനെ ചോര കക്കിയ ചുണ്ടുമായി തെരുവിലൂടെ ഭ്രാന്തിയെപ്പോലെ അലഞ്ഞു നടന്ന അവളുടെ മുഖത്തേയ്ക്ക് ഒരാൾ ഒരു കുടന്ന മണ്ണു വലിച്ചെറിഞ്ഞു. പെട്ടെന്നു പുള്ളിപ്പുലിയുടെ അലർച്ചയോടെ വട്ടം തിരിഞ്ഞു നിന്ന അവൾ കൈനഖംകൊണ്ട് അയാളുടെ മുഖം മാന്തിപ്പൊളിച്ചു. ശബ്ദം കേട്ടു പലരും ഓടിവന്നു. ഒരു ദീർഘകായൻ അവളെ പൂണ്ടടക്കം പിടിച്ചു പറഞ്ഞു, "വരൂ, എന്റെ കൂടെ വരൂ!"

ഇൻസ്പെക്ടർ ഴാവേർ ഫൻതീനേയും കൂട്ടി നേരേ പോലീസ് സ്റ്റേഷനിലേയ്ക്കാണു ചെന്നത്. കൗതുകമടക്കാതെ മറ്റുള്ളവരും പിന്നാലെ കൂടി. ഔദ്യോഗികമായ നടപടികൾക്കുശേഷം ഇൻസ്പെക്ടർ ഒരു പോലീസുകാരനെ വിളിച്ചുപറഞ്ഞു, "ഇവളെ ജയിലിലേയ്ക്കു കൊണ്ടു പൊയ്ക്കൊള്ളൂ, ആറു മാസത്തെ ശിക്ഷ!"

"ആറു മാസം? അപ്പോൾ എന്റെ കൊസെത്തിന്റെ കഥയോ?" ഫൻതീൻ ഉറക്കെ നിലവിളിച്ചു. അവൾ ഴാവേറിന്റെ കാൽക്കൽ വീണു മകളുടെ സകല കഥകളും പറഞ്ഞു ദയ യാചിച്ചു.

ഴാവേർ മുഖം തിരിച്ചു. പോലീസുകാർ അവളുടെ കൈ പിടിയ്ക്കാനാഞ്ഞു. പെട്ടെന്ന് ആൾക്കൂട്ടത്തിൽനിന്നൊരാൾ മുന്നോട്ടു വന്നു പറഞ്ഞു, "അരുത്, ഇവളെ വെറുതെ വിട്ടേക്കൂ!"

ഴാവേർ മുഖമുയർത്തി നോക്കി. മൊസ്യൂ മദലിയനെ തിരിച്ചറി

ഞ്ഞു പരുങ്ങലോടെ പറഞ്ഞു, “മേയർ, മാപ്പു തരണം!"

മേയറെന്ന വാക്കു കേട്ടതോടെ ഫൻതീൻ ചാടിയെഴുന്നേറ്റു ചുറ്റും കൂടി നിന്നവരെ തട്ടി നീക്കി അദ്ദേഹത്തിന്റെ അടുത്തു ചെന്നു മുഖത്തേയ്ക്കു നോക്കി ചോദിച്ചു, “ഹാ, അപ്പോൾ നിങ്ങളാണല്ലേ, ഈ പട്ടണത്തിന്റെ മേയർ!” ഭ്രാന്തമായൊരു ചിരിയോടെ അവൾ അദ്ദേഹത്തിന്റെ മുഖത്തു കാർക്കിച്ചു തുപ്പി.

മുഖത്തേറ്റ തുപ്പൽ തുടച്ചു കളഞ്ഞു തികഞ്ഞ ശാന്തതയോടെ മൊസ്യു മദലിയൻ പറഞ്ഞു, “ഇൻസ്പെക്ടർ, ഇവളെ വിട്ടയച്ചേക്കു!”.

മേയറുടെ അപ്രതീക്ഷിതമായ ആ വാക്കുകൾ കേട്ടു മോഹാലസ്യപ്പെടാൻ തുടങ്ങിയ ഫൻതീൻ ചുമരിൽ അള്ളിപ്പിടിച്ചു നിന്നു സ്വയം സംസാരിയ്ക്കാൻ തുടങ്ങി, “എന്ത്, ചെകുത്താനായ ഈ മേയർ എന്നെ വിട്ടയച്ചെന്നോ? നോക്കു ഇൻസ്പെക്ടർ, ഈ മനുഷ്യനാണ് എന്നെ ഈ നിലയിലാക്കിയത്! പണിശാലയിലെ വൃത്തികെട്ട പെണ്ണുങ്ങളുടെ വാക്കു കേട്ട് ഇയാളെന്നെ ജോലിയിൽനിന്നു പിരിച്ചുവിട്ടു. എന്തു ചെയ്യും? എന്റെ മകൾക്കുവേണ്ടി ഞാനെന്തെങ്കിലും സമ്പാദിച്ചേ പറ്റൂ! അതെ, ഞാനെന്റെ മുടികൊണ്ട് അവളെ പുതപ്പിച്ചു... ഇന്നിപ്പോൾ പട്ടണത്തിലെ തെരുവിലൂടെ നടക്കാൻപോലും എന്നെപ്പോലുള്ള സ്ത്രീകൾക്കാവുന്നില്ല.."

അതേസമയം, കോപവും അമ്പരപ്പും കർത്തവ്യബോധവും മൂലം എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങിയ ഴാവേർ, മേയറെ നോക്കി പറഞ്ഞു, "പക്ഷേ, ഇവൾ അങ്ങയെ അപമാനിച്ചു, നിയമപ്രകാരം എനിയ്ക്കിവളെ അറസ്റ്റ്-"

“വേണ്ട, അതെന്റെ കാര്യം, ഞാൻ നോക്കിക്കൊള്ളാം, നിങ്ങൾ പൊയ്ക്കൊള്ളൂ!” ഇൻസ്പെക്ടർ മേയറെ വണങ്ങി പുറത്തേയ്ക്കു പോയി.

ഴാവേർ പോയപ്പോൾ മൊസ്യു മദലിയൻ ഫൻതീനെ നോക്കി പറഞ്ഞു, “നിങ്ങൾ പറഞ്ഞ കഥ മുഴുവൻ ഞാൻ കേട്ടു. ഇനി നിങ്ങൾക്ക് ഒരാപത്തും വരില്ല. നിങ്ങളുടെ മകളെ ഇങ്ങോട്ടു കൊണ്ടുവരാം, നിങ്ങളുടെ ചുമതല ഞാനേറ്റു!"

ദുരിതങ്ങൾക്കു നടുവിൽ പെട്ടെന്നൊരു സ്വർഗം ഉദിച്ചുയരുന്നതു കണ്ടു ഫൻതീൻ ആ മനുഷ്യനെ തുറിച്ചു നോക്കി. ഇനി കൊസെത്തിന്റെ കൂടെ സുഖമായി കഴിയാമെന്ന മനസ്സിലേയ്ക്കു പെട്ടെന്നു തള്ളിക്കയറിയ വിചാരം അവളുടെ സഹനശക്തിയ്ക്കു താങ്ങാനായില്ല. കൈയും കാലും കുഴഞ്ഞുപോയ അവൾ നിലത്തു മുട്ടു കുത്തി നിന്ന് അദ്ദേഹത്തിന്റെ കൈ പിടിച്ചു ചുംബിച്ചു. അടുത്ത നിമിഷം കടുത്ത ആയാസം മൂലം അവൾ ബോധം കെട്ടു താഴെ വീണു.

6 : ഴാവേർ

പിറ്റേന്നു മൊസ്യു മദലിയന്റെ പണിശാലയോടു ചേർന്നുള്ള ആസ്പത്രിയിലെ കട്ടിലിൽ കിടന്നുണർന്ന ഫൻതീൻ വാതിൽക്കൽ മേലോട്ടു കണ്ണുകളുയർത്തി നിൽക്കുന്ന മേയറെയാണു കണ്ടത്. അവൾ ചോദിച്ചു, "മൊസ്യു, നിങ്ങളെന്താണു ചെയ്യുന്നത്?"

അതിനിടയിൽ ഫൻതീന്റെ സകല കഥകളും അന്വേഷിച്ചു മനസ്സിലാക്കിയ മൊസ്യു മദലിയൻ ആശ്വാസപൂർവം പറഞ്ഞു, "സകലരുടേയും പാപങ്ങൾ സ്വയമേറ്റെടുത്ത അത്യുന്നതനോടു നിന്നെക്കുറിച്ചു പറഞ്ഞു ഞാൻ പ്രാർത്ഥിയ്ക്കുകയായിരുന്നു!" മേയറുടെ വാക്കു കേട്ടു പല്ലില്ലാത്ത മോണ കാട്ടി ഫൻതീൻ പുഞ്ചിരിച്ചു.

മൊസ്യു മദലിയൻ തെനാർദിയർക്കു മുന്നൂറു ഫ്രാങ്ക് അയച്ചു കൊടുത്തു പെട്ടെന്നു കുട്ടിയുമായി വരാൻ പറഞ്ഞു കത്തെഴുതി. അപ്രതീക്ഷിതമായി മുന്നൂറു ഫ്രാങ്ക് കൈയിൽ കിട്ടിയ തെനാർദിയർ ഭാര്യയോടു പറഞ്ഞു, “ആർക്കോ ആ പെണ്ണിന്റെ പേരിൽ കമ്പം കയറിയിട്ടുണ്ട്, കുട്ടിയെ വെച്ചു നമുക്കിനിയും വില പേശാം!". അവർ മറ്റു ചില കാരണങ്ങൾ പറഞ്ഞു വീണ്ടും പണമാവശ്യപ്പെട്ടു. ചികിത്സ ഫലിയ്ക്കാതെ ഫൻതീന്റെ രോഗം കൂടിവരുന്നതു കണ്ടു ക്ഷമ കെട്ട മേയർ ഒടുവിൽ 'ഈ വരുന്നയാളുടെ കൂടെ കൊസെത്തിനെ വിട്ടയയ്ക്കുണ'മെന്ന അന്ത്യശാസനവുമായി ഒരു കത്തെഴുതി താഴെ ഫൻതീനെക്കൊണ്ട് ഒപ്പിടുവിച്ചു.

ഫൻതീന്റെ രോഗം ദിവസന്തോറും കൂടിവന്നു. മൊസ്യു മദലിയൻ

കാണാൻ ചെല്ലുമ്പോഴൊക്കെ അവൾ ചോദിയ്ക്കും, “മൊസ്യു, എന്നാണ കൊസെത്തിനെ കൂട്ടിക്കൊണ്ടു വരുന്നത്?”

"മിക്കവാറും ഇന്നുതന്നെ, അല്ലെങ്കിൽ നാളെ", മേയർ അവളെ ആശ്വസിപ്പിയ്ക്കാനായി പറയും. അദ്ദേഹം തൊട്ടടുത്തു നിൽക്കുന്ന വൈദ്യനോടു ചോദിച്ചു, “ഇന്നെങ്ങനെയുണ്ട് അവസ്ഥ?”

"മനസ്സിന്റെ ഉൽക്കണ്ഠ മാറാതെ മരുന്നു ഫലിയ്ക്കില്ല. എത്രയും പെട്ടെന്നു കുട്ടിയെ കൂട്ടിക്കൊണ്ടുവരണം", വൈദ്യൻ പറഞ്ഞു.

പോലീസ്സ്റ്റേഷനിൽവെച്ചുണ്ടായ സംഭവത്തെത്തുടർന്നു രാത്രിയിൽത്തന്നെ ഴാവേർ പാരീസിലെ മേലധികാരികൾക്കൊരു കത്തെഴുതിയിരുന്നു. മേയറുമായി തർക്കിയ്ക്കാനിടയായതിൽ പശ്ചാത്തപിച്ച് അയാൾ സ്വയം രാജി വെയ്ക്കാൻ ഒരുങ്ങുകയാണെന്നു ചിലർ കരുതി. പക്ഷേ, അതായിരുന്നില്ല യഥാർത്ഥവസ്തുത!

തെനാർദിയറെ നേരിട്ടു ചെന്നു കണ്ടു കൊസെത്തിനെ കൂട്ടിക്കൊണ്ടുവരാമെന്നു കരുതി അടിയന്തിരജോലികൾ വേഗത്തിൽ തീർത്തുകൊണ്ടിരുന്ന മേയറെ കാണാൻ പിറ്റേന്നു രാവിലെ ഴാവേർ വന്നെത്തി. ജോലിയിൽ മുഴുകിയ മേയർ മുഖമുയർത്താതെ വന്ന കാര്യം അന്വേഷിച്ചു. ഴാവേർ ഗൗരവം വിടാതെ താഴോട്ടു നോക്കി പറഞ്ഞു, “ഞാനങ്ങയെ തെറ്റിദ്ധരിച്ചു മേലധികാരികൾക്കൊരു പരാതി നൽകിയിരുന്നു. ചെയ്ത തെറ്റിനു മാപ്പു തന്ന് അങ്ങെന്നെ ജോലിയിൽനിന്നു പിരിച്ചുവിടണം!"

പെട്ടെന്നു മേയറുടെ മുഖം കരുവാളിയ്ക്കുന്നതു കണ്ടു കണ്ണെടുക്കാതെ ഴാവേർ തുടർന്നു, “ഒരിരുപതു കൊല്ലം മുമ്പ് തുലോങിലെ ജയിലിൽ ജോലി ചെയ്യുന്ന കാലത്തു ഞാൻ ഴാങ്‌വാൽഴാങ്ങെന്നൊരു തടവുപുള്ളിയെ കണ്ടിട്ടുണ്ട്. പിന്നീടയാളൊരു മെത്രാന്റെ വെള്ളിപ്പാത്രങ്ങൾ മോഷ്ടിയ്ക്കുകയും ഒരിടയപ്പയ്യന്റെ പണം തട്ടിയെടുക്കുകയും ചെയ്ത് എങ്ങോട്ടെന്നില്ലാതെ അപ്രത്യക്ഷനായി. ഈയിടെ വണ്ടിയ്ക്കടിയിൽപ്പെട്ടു ചാവാൻ തുടങ്ങിയ ഫൂഷൽ വാങിനെ രക്ഷിച്ച അങ്ങയുടെ ദേഹപ്രകൃതവും കായികബലവും കണ്ടു ഴാങ്‌വാൽഴാങ്ങാണെന്നു തെറ്റി

ദ്ധരിച്ച ഞാൻ മേലധികാരികളെ വിവരമറിയിച്ചു. പക്ഷേ അന്നത്തെ ഴാങ്വാൽഴാങ്, ഇപ്പോൾ ഷാങ്മാത്തിയോ എന്ന പേരിൽ ക്ളോഷറിനടുത്തൊരു സ്ഥലത്തു താമസിയ്ക്കുന്നതായി അവരെന്നോട് ഉറപ്പിച്ചുപറഞ്ഞു. മാത്രമല്ല, ഈയിടെ ആപ്പിൾപ്പഴങ്ങൾ കട്ടെടുത്തതിന്റെ പേരിൽ പോലീസുകാർ പിടികൂടിയ അയാളുടെ വിചാരണ ആറായിലെ കോടതിയിൽ നടക്കുകയാണെന്ന വിവരവും അവരെന്നോട് പങ്കു വെച്ചു. അത്രയുമായപ്പോൾ ഞാൻതന്നെ ആറായിലെ കോടതിയിൽ ചെന്നു പ്രതിയെ നേരിട്ടു കണ്ടു സംശയം തീർക്കുകയും ചെയ്തു. തെറ്റു പറ്റിയതിൽ ഞാൻ ഖേദിയ്ക്കുന്നു, ഇനി എത്രയും പെട്ടെന്ന് അങ്ങെന്നെ പിരിച്ചുവിടാനുള്ള ഉത്തരവിൽ ഒപ്പിടണം!"."

മൊസ്യു മദലിയൻ മേശപ്പുറത്തെ കടലാസുകളിൽനിന്നു കണ്ണെടുക്കാതെ പറഞ്ഞു, "നിങ്ങൾ സ്വന്തം ഉത്തരവാദിത്തമാണു നിറവേറ്റിയത്. എന്നെ സംബന്ധിച്ചിടത്തോളം ഇതൊന്നും ഒരു വിഷയമല്ല. എന്തായാലും അയാളുടെ വിചാരണ നടക്കാനിരിയ്ക്കുന്നതല്ലേയുള്ളൂ!? നമുക്കൊരുപാടു കാര്യങ്ങൾ അടിയന്തിരമായി ചെയ്തു തീർക്കാനുണ്ട്!". അദ്ദേഹം വിഷയത്തിനോടു പ്രതികരിയ്ക്കാതെ മന:പൂർവം ഒഴിഞ്ഞുമാറാൻ ശ്രമിച്ചു.

"അങ്ങനെ കാലതാമസമുണ്ടെന്നു തോന്നുന്നില്ല, ആറായിലെ കോടതിയിൽ നാളെയാണു വിചാരണ നടക്കുന്നത്; എന്തായാലും മൊഴി കൊടുക്കാൻ എനിയ്ക്കു പോകണം. പണി കഴിഞ്ഞാൽ വിധി പറയുന്നതിനുമുമ്പേ ഞാൻ തിരിച്ചുപോരും!", തെല്ലിട ശങ്കിച്ചുനിന്ന ശേഷം ഴാവേർ തുടർന്നു, "മറ്റൊരാൾ വരുന്നതുവരെ അടിയന്തിരജോലികൾ ചെയ്തുതീർക്കണമല്ലോ!"

തല കുനിച്ചു സാവധാനം പുറത്തേയ്ക്കുപോയ അയാളുടെ ഉറച്ച കാലടിശബ്ദം ശ്രദ്ധിച്ചു മേയർ ഒരു നിമിഷം ചിന്തിച്ചു നിന്നു.

7 : ഷാങ്മാത്തിയോ

ഴാവേർ വന്നതിന്റെ പിറ്റേന്നു മൊസ്യു മദലിയൻ ഫൻതീന്റെ രോഗവിവരം അന്വേഷിയ്ക്കാനായി ആസ്പത്രിയിലെത്തി. രോഗം അപക

ടനിലയിലേയ്ക്കു കടക്കുകയാണെന്നു ഡോക്ടർ പറഞ്ഞതുകേട്ട് അദ്ദേഹം അവളെ കാണാൻ ചെന്നു. മേയറെ കാത്തുകിടക്കുകയായിരുന്ന അവൾ ചോദിച്ചു, “എവിടെ, എന്റെ കൊസെത്തെവിടെ?”

"ഉടനെ വരും!”, അദ്ദേഹം അവളെ ആശ്വസിപ്പിയ്ക്കാൻ ശ്രമിച്ചു.

ആസ്പത്രിയിലെ നേഴ്സും അക്ഷരാർത്ഥത്തിൽ ഒരു തപസ്വിനിയുമായ സിസ്റ്റർ സിംപ്ളീസിനെ അദ്ദേഹം അടുത്തു വിളിച്ചു ഫൻതീനെ പ്രത്യേകം ശ്രദ്ധിയ്ക്കണമെന്നു പറഞ്ഞേൽപ്പിച്ചു. തുടർന്നു കുതിരവണ്ടി വാടകയ്ക്കു കൊടുക്കുന്ന കടയിലേയ്ക്കാണു മേയർ പോയത്. എട്ടു മണിക്കൂറിൽ ഇരുപതു കാതം പോകാൻ കെൽപ്പുള്ള കുതിരയുമായി വണ്ടി പുലർച്ചയ്ക്കു വരാൻ ഏർപ്പാടു ചെയ്ത്, ഓഫീസിലെ അടിയന്തിരജോലികൾകൂടി പൂർത്തിയാക്കി അദ്ദേഹം വീട്ടിലേയ്ക്കു മടങ്ങി.

കാലത്തു യാത്ര പോകാനുള്ളതുകൊണ്ട് നേരത്തേ കിടന്നെങ്കിലും അർദ്ധരാത്രിയോടെ അദ്ദേഹം ഉറക്കമുണർന്നു. പരിശുദ്ധമായൊരു ജീവിതം നയിച്ചു കഴിയുന്നത്ര വേഗം ദൈവത്തിൽ ചെന്നുചേരണമെന്ന ഒരൊറ്റ വിചാരത്തിലായിരുന്നു സത്യത്തിൽ ഴാങ് വാൽഴാങ്, മദലിയനെന്ന പേരു സ്വീകരിച്ചു സാധുക്കളെ സഹായിയ്ക്കുന്നതിൽ ഏർപ്പെട്ടത്. മെത്രാന്റെ മെഴുകുതിരിക്കാലുകൾ ഹൃദ്യമായ ഒരോർമ്മയായി ആദരവോടെ സൂക്ഷിയ്ക്കുക മാത്രമല്ല, അദ്ദേഹം ആ പുണ്യാത്മാവിന്റെ ദീക്ഷ കൈക്കൊള്ളുകയും ചെയ്തു. ഴാവേറിന്റെ കണ്ണുകൾ തന്നെ പിന്തുടരുന്നുണ്ടെന്നറിഞ്ഞിട്ടും ഭീരുവെപ്പോലെ പിന്മാറാതെ അദ്ദേഹം ആ വഴിയ്ക്കുതന്നെ മുന്നേറി. പക്ഷേ, ഷാങ്മാത്തിയോവിനെക്കുറിച്ചു ഴാവേർ വിശദീകരിച്ചു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മനസ്സിനൊരു ഇളക്കം തട്ടി. കനത്ത ഇരുട്ടിൽ അപരിചിതനായൊരു മനുഷ്യൻ തൊട്ടു മുന്നിൽ വന്നു നിൽക്കുന്നതായി അദ്ദേഹം കണ്ടു: തനിയ്ക്കു പകരം കൊട്ടംനരകത്തിലേയ്ക്കു വലിച്ചിഴയ്ക്കപ്പെടുന്ന നിസ്സഹായനായ ഒരു സാധു! അയാളുടെ ദനീയമായ നോട്ടം ഒരു കൂരമ്പായി അദ്ദേഹത്തിന്റെ ഹൃദയത്തിൽ വന്നു തറച്ചു. ആ ആത്മവിക്ഷോഭത്തിൽ നിന്നു രക്ഷപ്പെടാൻ അദ്ദേഹം എഴുന്നേറ്റു ചെന്നു വിളക്കു കൊളുത്തി.

'ഞാനെന്തിനു ഭയപ്പെടണം', മൊസ്യു മദലിയൻ സ്വയം ചോദിച്ചു, 'അവർക്കൊരു ഴാങ്‌വാൽഴാങിനെ കിട്ടിക്കഴിഞ്ഞു. ദൈവനിശ്ചയം അതാണെങ്കിൽ മറിച്ച് എനിയ്ക്കെന്തു ചെയ്യാൻ കഴിയും? ഇനി അതിനെക്കുറിച്ച് ആലോചിയ്ക്കുന്നതിൽ ഒരർത്ഥവുമില്ല!'

പക്ഷേ, അദ്ദേഹത്തിനു സന്തോഷം തോന്നിയില്ല. മനസ്സു പിന്നേയും മുരണ്ടുകൊണ്ടിരുന്നു. ദുർവിചാരത്തിന്റെ ആ കയ്പ്പുരസം അദ്ദേഹം വെറുപ്പോടെ തുപ്പിക്കളഞ്ഞു. സത്യവാനായിരിയ്ക്കണമെന്ന മെത്രാന്റെ ഉപദേശം ഒരിയ്ക്കൽക്കൂടി അദ്ദേഹമോർത്തു. മെത്രാന്റെ കണ്ണിൽ മേയറായ മദലിയൻ നിന്ദ്യനും തടവുപുള്ളിയായ ഴാങ്‌വാൽഴാങ് വന്ദ്യനുമാകുന്നത് അദ്ദേഹം വ്യക്തമായി കണ്ടു. "ഇനിയൊന്നേ ചെയ്യാനുള്ളൂ", മൊസ്യു മദലിയൻ ഉറപ്പിച്ചു, "നിർഭാഗ്യവാനായ ആ സാധുവിനെ രക്ഷിച്ചേ മതിയാകൂ!"

ജനാലയിലൂടെ തണുത്ത കാറ്റു വീശി. അദ്ദേഹം നെരിപ്പോടു കത്തിച്ചു. ഒരു തീരുമാനത്തിൽ എത്തിച്ചേർന്ന സംതൃപ്തിയോടെ അദ്ദേഹം ചെറുതായൊന്നു മയങ്ങി. പെട്ടെന്നു പിടികിട്ടാത്ത വിധം മനസ്സിൽ നിഴൽ വീഴ്ത്തിയ ഒരു വിചാരത്തിൽ അദ്ദേഹം വീണ്ടും ഞെട്ടിയുണർന്നു. "അതെ, ഇതുവരെ ഞാനെന്നെക്കുറിച്ചു മാത്രമേ ചിന്തിച്ചുള്ളൂ", മേയർ പിറുപിറുത്തു, "പട്ടണത്തിലെ സാധുക്കളായ ജനങ്ങൾ, പണിശാലയിലെ ജോലിക്കാർ, ആസ്പത്രിയിലെ രോഗികൾ, ഫൻതീൻ–", ഒരു നിമിഷത്തെ മൗനത്തിനു ശേഷം അദ്ദേഹം എഴുന്നേറ്റു മുറിയിൽ അങ്ങുമിങ്ങും നടക്കാൻ തുടങ്ങി. ചുമരിലെ കണ്ണാടി നോക്കി അദ്ദേഹം പറഞ്ഞു, "അല്ല, ഇതൊരു ഭീരുവിന്റെ മുഖമല്ല!"

അദ്ദേഹം കുപ്പായക്കീശയിൽനിന്നൊരു താക്കോലെടുത്തു ചുമരിൽ പതിച്ച ഛായാചിത്രങ്ങളുടെ പിന്നിൽ മറഞ്ഞുകിടന്ന അലമാര തുറന്നു പഴയൊരു മാറാപ്പും പൊന്തൻവടിയും വലിച്ചെടുത്തു; അകത്തു മറ്റൊന്നും ബാക്കിയില്ലെന്നു കൈയിട്ടു പരതി ഉറപ്പാക്കി. മെത്രാൻ സമ്മാനിച്ച മെഴുകുതിരിക്കാലുകളൊഴികെ കഴിഞ്ഞ എട്ടു കൊല്ലങ്ങളായി സനിഷ്കർഷം സൂക്ഷിച്ചു പോന്ന വസ്തുക്കൾ മുഴുവൻ അദ്ദേഹം നെരിപ്പോടിലെ തീയിലേയ്ക്കു വലിച്ചെറിഞ്ഞു; തുടർന്നു ചുമരലമാര പ

ഴയതുപോലെ അടച്ചു പൂട്ടി മറ്റാരും കാണാത്തവിധം പുറത്തു ചിത്രങ്ങൾ തൂക്കിയിട്ടു. അതെ, ഇനി ബാക്കി വെയ്ക്കാനൊന്നുമില്ല! മൊസ്യൂ മദലിയൻ പഴയ ഴാങ്‌വാൽഴാങായി മാറിക്കഴിഞ്ഞു! തീയിൽക്കിടന്നു പൊട്ടിച്ചിതറിയ പൊന്തൻവടിയുടെ കനൽത്തരികൾ അദ്ദേഹത്തിന്റെ മുഖത്തേയ്ക്കു തെറിച്ചു വീണു. കത്തിയെരിഞ്ഞ മാറാപ്പിൽ കിടന്നു തിളങ്ങുന്ന വെള്ളിനാണയത്തിൽ ഇടയപ്പയ്യന്റെ മങ്ങിയ മുഖം പ്രതിഫലിയ്ക്കുന്നതു കണ്ടപ്പോൾ അദ്ദേഹത്തിന്റെ നെറ്റിത്തടത്തിൽ പൊടിഞ്ഞ വിയർപ്പു താഴോട്ടൊഴുകി. പെട്ടെന്ന് അദ്ദേഹത്തിന്റെ നോട്ടം മെത്രാൻ തന്ന വെള്ളിമെഴുകുതിരിക്കാലുകളിൽ ചെന്നു പതിച്ചു. അവ രണ്ടും അടിച്ചുടച്ചു തീയിലേയ്ക്കിടാൻ തുനിഞ്ഞ നിമിഷം ആരോ അദ്ദേഹത്തിന്റെ ഉള്ളിൽനിന്നു മുഴങ്ങുന്ന സ്വരത്തിൽ വിളിച്ചു പറഞ്ഞു, “അതെ, എല്ലാം മറന്നേക്കു! മെത്രാനേയും ഷാങ്‌മാത്തിയോവിനേയും മനസ്സിൽനിന്നു തുത്തെറിഞ്ഞു നിങ്ങൾക്കു പട്ടണത്തിലെ മേയറായി തുടരാം. അങ്ങനെ ബഹുമാന്യനായി സുഖിച്ചു കഴിയുന്ന നിങ്ങൾക്കു പകരം പക്ഷേ നിർഭാഗ്യവാനായൊരു മനുഷ്യൻ ചങ്ങലയിൽക്കിടന്നു തണ്ടുവലിശിക്ഷ അനുഭവിയ്ക്കുന്നുണ്ടാകും! നിങ്ങളിപ്പോൾ കേൾക്കുന്ന നല്ല വാക്കുകളെല്ലാം അവസാനം നിശ്ശബ്ദമാകും; പക്ഷേ, ആ മനുഷ്യന്റെ ശാപം മാത്രം മരണശേഷവും നിങ്ങളെ പിന്തുടരും..!”. വല്ലാത്തൊരു ഭയപ്പാടോടെ അദ്ദേഹം ചുറ്റും നോക്കി. ആരേയും കാണാനില്ല! കൈയിലെടുത്ത മെഴുകുതിരിക്കാലുകൾ അടുപ്പിൻതിണ്ണയിൽ വെച്ച് അദ്ദേഹം മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കാൻ തുടങ്ങി. മാനസികസമ്മർദ്ദം മൂലം ഒരടി മുന്നോട്ടുവെയ്ക്കാനാവാതെ കാലുകൾ കോച്ചിവലിച്ചു അദ്ദേഹം തൊട്ടടുത്തു കണ്ട ചാരുകസേരയിലേയ്ക്കു കുഴഞ്ഞു വീണു.

ഒരു സ്വപ്നത്തിനിടയിൽ പള്ളിയിലെ മണി മൂന്നടിയ്ക്കുന്നതു കേട്ടാണു മൊസ്യൂ മദലിയൻ ഉണർന്നത്. നെരിപ്പോടിലെ തീ അണഞ്ഞിരുന്നു, വിളക്കു കരിന്തിരി കത്തി കെട്ടു. തണുപ്പുകൊണ്ടു ശരീരമാകെ മരവിച്ച അദ്ദേഹം എഴുന്നേറ്റു ജനാലയിലൂടെ പുറത്തേയ്ക്കു നോക്കി.

ആകാശത്തു നക്ഷത്രങ്ങളില്ല. പക്ഷേ, അങ്ങകലെനിന്നു രണ്ടു നക്ഷത്രങ്ങളായി അടുത്തുവരുന്ന കുതിരവണ്ടി അദ്ദേഹം കണ്ടു. താമസിയാതെ ആരോ വാതിൽക്കൽ മുട്ടി.

"വണ്ടി വന്നിട്ടുണ്ട്, മൊസ്യൂ മേയർ", കാവൽക്കാരി വിളിച്ചു പറഞ്ഞു. കൺമുമ്പിലൊരു മിന്നൽപ്പിണർ പാഞ്ഞതുപോലെ അയാൾ ഞെട്ടി വിറച്ചു. വീണ്ടെടുത്ത മനോബലത്തോടെ അയാൾ മറുപടി പറഞ്ഞു, "അതെ, ഞാൻ താഴോട്ടു വരികയായി"

അന്നു രാവിലെ പട്ടണത്തിലേയ്ക്കു വരുന്ന തപാൽവണ്ടി എതിർദിശയിൽനിന്നു വന്ന ഒരു കുതിരവണ്ടിയുമായി കൂട്ടിയുരസി. തപാൽക്കാരൻ തല പുറത്തേയ്ക്കിട്ടു ചോദിച്ചു: "ആരാണിങ്ങനെ അപകടകരമായ വേഗത്തിൽ വണ്ടിയോടിയ്ക്കുന്നത്?" മറുഭാഗത്തുനിന്നൊരു ഉത്തരവുമുണ്ടായില്ല. പക്ഷേ, മേയറുടെ മുഖം കണ്ണിലൊരു നിമിഷം തങ്ങിനിന്നതായി അയാൾക്കു തോന്നി.

ആറായിലേയ്ക്കാണു മൊസ്യൂ മദലിയൻ പോകുന്നതെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, അദ്ദേഹം എന്തിനാണു പോകുന്നത്? വണ്ടി മുന്നോട്ടു നീങ്ങുന്തോറും അകാരണമായൊരു ചിന്ത മനസ്സിനെ പിടിച്ചു പിന്നോട്ടു വലിയ്ക്കുന്നതായി അദ്ദേഹത്തിനു തോന്നി. കുതിരയ്ക്കു മുതിര കൊടുക്കാൻവേണ്ടി ഒരു ഹോട്ടലിനു മുമ്പിൽ അദ്ദേഹം വണ്ടി നിർത്തി. ലായക്കാരൻ കുതിരയ്ക്കു ഭക്ഷണം കൊടുക്കുന്നതിനിടെ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു, "വണ്ടിയുടെ ചക്രം പൊട്ടിപ്പോയല്ലോ! ഇനിയെന്തു ചെയ്യും?" മേയർ പു റത്തിറങ്ങി നോക്കി. തപാൽവണ്ടിയുമായി ഉരസിയപ്പോൾ ചക്രത്തിനു സാരമായ പരിക്കു പറ്റിയിട്ടുണ്ട്! കാര്യം പന്തിയല്ലെന്നു മനസ്സിലായ മേയർ ചോദിച്ചു, "ഇവിടെ ചക്രം മാറ്റാൻ ആരെങ്കിലുമുണ്ടോ? പണമെത്ര വേണമെങ്കിലും കൊടുക്കാം!"

അവരുടെ സംസാരം കേട്ടു ഹോട്ടലിനു മുമ്പിൽ നിന്ന ഒരു വണ്ടിപ്പണിക്കാരൻ മുന്നോട്ടു വന്നു പറഞ്ഞു, "ഇത്തരമൊരു ചക്രം ഇവിടെയൊന്നും കിട്ടാനിടയില്ല. നാളേയ്ക്കു മതിയെങ്കിൽ ഞാൻ ഇതുതന്നെ കേടുപാടു തീർത്തു ശരിയാക്കിത്തരാം!"

പെട്ടെന്നൊരു ദൈവവിധി ഇടയിൽ വന്നു പ്രവർത്തിയ്ക്കുന്നതുപോ

ലെ മൊസ്യ മദലിയന തോന്നി. അതെ, ഇനിയുള്ളതൊന്നും താൻ ചെയ്യുന്നതല്ല; തന്നെ മുറുകെപ്പിടിച്ച വിധിയുടെ ഉരുക്കുകരം പതുക്കെ അയഞ്ഞു പിൻവാങ്ങുന്നു; ഴാവേർ വന്നുപോയതിനുശേഷം ആദ്യമായി അദ്ദേഹമൊരു ദീർഘശ്വാസം വിട്ടു. പക്ഷേ, യാത്ര അവസാനിപ്പിയ്ക്കാൻ തീരുമാനിച്ച നിമിഷം, ആ വഴി വന്ന ഒരു വൃദ്ധ വിളിച്ചു പറഞ്ഞു, "വരൂ, എന്റെ വീട്ടിലൊരു വില്ലുവണ്ടിയുണ്ട്, വേണമെങ്കിൽ നിങ്ങൾക്കു വാടകയ്ക്കു തരാം!"

അതാ വിധിയുടെ കനത്ത കൈ വീണ്ടും ചുമലിൽ വന്നു പതിയ്ക്കുന്നു! ഇനി എന്തായാലും പിന്തിരിയാനാവില്ല. വൃദ്ധ ആവശ്യപ്പെട്ട പണം കൊടുത്തു കുതിരയെ വണ്ടിയിൽ കെട്ടി അദ്ദേഹം യാത്ര പുറപ്പെട്ടു. ഇടയ്ക്കു വെച്ചു പെയ്ത മഴ മൂലം കുറെയേറെ ചുറ്റിക്കറങ്ങേണ്ടിവന്നതുകൊണ്ട് വിചാരിച്ചതിലും വളരെ വൈകി മാത്രമേ മൊസ്യ മദലിയൻ ആറായിലെത്തിയുള്ളൂ. വണ്ടി ഹോട്ടലിനു മുമ്പിലെത്തിയപ്പോൾ സമയം എട്ടു മണി! പിറ്റേന്നു രാവിലെ തപാൽവണ്ടിയ്ക്കു തിരിച്ചു പോകാനുള്ള ഏർപ്പാടുകൂടി ചെയ്തശേഷം അദ്ദേഹം നേരേ കോടതിയിലേയ്ക്കു നടന്നു.

സാധാരണ ആറുമണിയ്ക്കു പിരിയാറുള്ള കോടതി അന്നു രണ്ടു കേസുകളിൽ വിധി പറയാനുള്ളതുകൊണ്ട് സന്ധ്യ കഴിഞ്ഞിട്ടും നടപടികൾ അവസാനിപ്പിച്ചിരുന്നില്ല. മേയർ ചെന്നു കയറുമ്പോൾ ആദ്യത്തെ കേസു വിധി പറഞ്ഞു ഷാങ്മാത്തിയോ കേസിന്റെ വാദം തുടങ്ങിയിട്ടേയുള്ളൂ. മേയറെന്ന പരിഗണനയോടെ മൊസ്യ മദലിയനു വേദിയുടെ പിന്നിലൊരു ഇരിപ്പിടം ജഡ്ജി അനുവദിച്ചു. അവിടെയിരുന്നു നോക്കിയാൽ അദ്ദേഹത്തിനു കോടതിനടപടികൾ മുഴുവൻ വ്യക്തമായി കാണാം. കാണികളാരും മേയറുടെ വരവ് കണ്ടില്ല. അവരുടെ ശ്രദ്ധ ജഡ്ജിയുടെ ഇടതുവശത്തെ ബഞ്ചിൽ രണ്ടു പട്ടാളക്കാർക്കിടയിൽ തല കുനിച്ചിരിയ്ക്കുന്ന പ്രതിയുടെ നേർക്കായിരുന്നു. സ്വന്തം പ്രതിച്ഛായ കാണുന്നപോലെ മൊസ്യ മദലിയൻ ആ സാധുമനുഷ്യനെ ഉറിച്ചു നോക്കി. ചെറിയൊരു നടുക്കത്തോടെ അദ്ദേഹം സ്വ

യം ചോദി ച്ചു, “ദൈവമേ, അപ്പോൾ ഇതാണോ എന്റെ രൂപം?”

‘പ്രതി ഴാങ്‌വാൽഴാങ്ങാണെന്ന വാദം ശരിയാണെങ്കിൽ ജയിലിൽനിന്നു ചാടിപ്പോയ കുറ്റത്തിനല്ലാതെ ആപ്പിൾപ്പഴം കട്ടതിനു മറ്റൊരു ശിക്ഷകൂടി വിധിയ്ക്കുന്നതു നിയമപ്രകാരം നിലനിൽക്കുന്നതല്ലെന്ന വസ്തുതയിലേയ്ക്കു കോടതിയുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പ്രതിഭാഗം വക്കീൽ പ്രസംഗം അവസാനിപ്പിച്ചു. മറുപടിയായി സർക്കാർ വക്കീൽ പ്രതിയുടെ ചരിത്രവും പ്രകൃതവും തെളിവുകളുടെ അടിസ്ഥാനത്തിൽ ബന്ധിപ്പിച്ച് ഇനിയൊരു കുറ്റത്തിനു വഴിവെയ്ക്കാത്തവിധം കുറ്റവാളിയ്ക്കു കഠിനശിക്ഷ ഉറപ്പാക്കണമെന്നു കോടതിയോട് ആവശ്യപ്പെട്ടു.

കേസ് അവസാനിപ്പിയ്ക്കാൻ സമയമായി. ജഡ്ജി പ്രതിയെ നോക്കി ചോദിച്ചു, “നിങ്ങൾക്കെന്തെങ്കിലും പറയാനുണ്ടോ?”

അതുവരെ നടന്നതൊന്നും മനസ്സിലാവാതെ, വെറുമൊരു വിഡ്ഢിയെപ്പോലെ, അയാൾ മിഴിച്ചു നിന്നു. ജഡ്ജി ചോദ്യം ആവർത്തിച്ചപ്പോൾ പരസ്പരബന്ധമില്ലാത്ത ചില വാക്കുകൾ വിക്കി വിക്കി ഒരുതരം നിഷ്ക്കളങ്കഭാവത്തോടെ അയാൾ പുറത്തുവിട്ടു. മാത്രമല്ല, കാണികൾ ചിരിയ്ക്കുന്നതിന്റെ കാരണമറിയാതെ അയാളും കൂട്ടത്തിൽ പൊട്ടിച്ചിരിയ്ക്കാൻ തുടങ്ങി. അതു കണ്ടു സർക്കാർ വക്കീൽ എഴുന്നേറ്റുനിന്നു പറഞ്ഞു, “ഇതാ, പ്രതി സ്വയമൊരു മന്ദബുദ്ധിയാണെന്നു ഭാവിച്ചു കോടതിയെ തെറ്റിദ്ധരിപ്പിയ്ക്കുന്നു. ബഹുമാന്യനായ ഇൻസ്പെക്ടർ ഴാവേർ പ്രതിയെ തിരിച്ചറിഞ്ഞു വാക്കാൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം സ്ഥലത്തില്ലാത്തതുകൊണ്ട് സാക്ഷികളെ ഒരിയ്ക്കൽക്കൂടി വരുത്തി വിസ്തരിച്ചു നമുക്കു വിചാരണ അവസാനിപ്പിയ്ക്കാം."

സർക്കാർ വക്കീലിന്റെ നിർദ്ദേശത്തോടു ജഡ്ജി അനുകൂലിച്ചു. മൂന്നു സാക്ഷികൾ ഹാജരാക്കപ്പെട്ടു. തുലോങിലെ തടവുകാരായിരുന്ന അവരോടു ജഡ്ജി ചോദിച്ചു, “പ്രതിയുടെ സ്ഥാനത്തു ഴാങ്‌വാൽഴാങ്ങാണെന്നു നിങ്ങൾക്കുറപ്പുണ്ടോ?”

മൂന്നുപേരും ഒരേ സ്വരത്തിൽ ഉറപ്പിച്ചു പറഞ്ഞു, "തീർച്ചയായും, പണ്ടു ഞങ്ങളുടെകൂടെ കഴിഞ്ഞ അതേ മനുഷ്യൻ!”

കാണികൾക്കിടയിൽനിന്ന് ഒരാരവമുയർന്നു. നിശ്ശബ്ദത പാലി

യ്യാൻ ആവശ്യപ്പെട്ട ജഡ്ജി വിധി പറയാനൊരുങ്ങി.

ആ നിമിഷം ജഡ്ജിയുടെ പിന്നിൽനിന്നു ദയനീയമായ നിലവിളിപോലെ ഒരു ശബ്ദം കേൾക്കായി, “കൂട്ടുകാരേ, ഇതാ നോ ക്കൂ, നിങ്ങളെന്നെ തിരിച്ചറിയുന്നില്ലേ?”

ജഡ്ജിയും ജൂറിമാരുമടക്കം സകലരും ആ മനുഷ്യനെ നോക്കി അത്ഭുതത്തോടെ പറഞ്ഞു, “മൊസ്യൂ മദലിയൻ, താങ്കൾ –”

മൊസ്യൂ മദലിയൻ വേദിയിൽനിന്നു താഴോട്ടിറങ്ങി സാക്ഷികളുടെ അടുത്തു ചെന്നു ചില സംഭവങ്ങൾ ഓർമ്മിപ്പിച്ചു പരിചയം പുതുക്കി. ആദ്യമൊന്നമ്പരന്ന അവർ പക്ഷേ പഴയ കൂട്ടുകാരനായ ഴാങ് വാൽഴാങിനെ തിരിച്ചറിഞ്ഞു ചെറിയൊരു ഭയപ്പാടോടെ മിഴിച്ചുനിന്നു. അദ്ദേഹം അവരിലൊരാളുടെ കൈ പിടിച്ചു പറഞ്ഞു, "സഹോദരാ, നോക്കട്ടെ, പണ്ടു നിങ്ങളുടെ കൈത്തണ്ടയിൽ പച്ച കുത്തിയ തീയതി, 1817 മാർച്ച് 7, ഇപ്പോഴും മായാതെ കിടപ്പില്ലേ?”

കോടതിയിലുള്ള മുഴുവൻ കണ്ണുകളും അയാളുടെ കൈത്തണ്ടയിലേയ്ക്കു നീണ്ടു ചെന്നു. ഒരു പോലീസുകാരൻ വിളക്കുമായി വന്നു. ആ മങ്ങിയ വെളിച്ചത്തിലും അവർ സാക്ഷിയുടെ കൈത്തണ്ടയിൽ പതിഞ്ഞ തീയതി വ്യക്തമായി കണ്ടു! വിശ്വാസം വരാതെ അവർ 'മേയർ മദലിയ'നെ തുറിച്ചു നോക്കി!

മൊസ്യൂ മദലിയൻ ജഡ്ജിയുടെ നേരേ തിരിഞ്ഞു പറഞ്ഞു, “അതെ, ഞാനാണു ഴാങ്വാൽഴാങ്! എപ്പോൾ വേണമെങ്കിലും നിങ്ങൾക്കെന്നെ വിളിച്ചു വരുത്താം. പക്ഷേ, തൽക്കാലം എനിയ്ക്കു ചില കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്, ഞാൻ പോകുന്നു!"

മൊസ്യൂ മദലിയൻ പുറത്തേയ്ക്കു നടന്നു. കാണികളിൽ ആരോ അദ്ദേഹത്തിനു വാതിൽ തുറന്നുകൊടുത്തു.

8 : തിരിച്ചടി

മൊസ്യൂ മദലിയൻ പുറത്തുപോയ ഉടനെ ജഡ്ജി ജൂറിമാരടക്കം ബന്ധപ്പെട്ടവരുമായി ആലോചിച്ചു നിരപരാധിയായ ഷാങ്മാത്തിയോയെ വെറുതെ വിടാൻ തീരുമാനിച്ചു. പക്ഷേ, സർക്കാർ വക്കീലി

ന്ന മെത്രാന്റെ വെള്ളിപ്പാത്രങ്ങൾ മോഷ്ടിച്ച ഴാങ്‌വാൽഴാങിനെ പിടികൂടിയേ കഴിയൂ! ആലോചനകൾക്കൊടുവിൽ ജഡ്ജി, മൊസ്യൂ മദലിയനെ അറസ്റ്റു ചെയ്യാനുള്ള ഉത്തരവുമായൊരു ദൂതനെ എം. പട്ടണത്തിലേയ്ക്കു പറഞ്ഞുവിട്ടു.

രാവിലെ ഏതാണ്ട് ആറുമണിയോടെ പട്ടണത്തിലെത്തിയ മൊസ്യൂ മദലിയൻ നേരേ ആസ്പത്രിയിലെത്തി സിസ്റ്റർ സിംപ്ളീസിനെ വിളിച്ചു വരുത്തി ഫൻതീന്റെ രോഗവിവരം ആരാഞ്ഞു. തലേന്നു പനി കൂടുതലായിരുന്നെന്നും മേയർ കൊസെത്തിനെ കൂട്ടിക്കൊണ്ടുവരുമെന്ന പ്രതീക്ഷയിലാണു രോഗി രാത്രി ഉറങ്ങിയതെന്നും ധരിപ്പിച്ചശേഷം അവർ അദ്ദേഹത്തോടു ചോദിച്ചു, “ഇനിയെന്തു ചെയ്യും? അവളുണർന്നു കൊസെത്തിനെ അന്വേഷിച്ചാൽ നമ്മളെന്തു പറഞ്ഞു സമാധാനിപ്പിയ്ക്കും?”

"അപ്പോൾ ദൈവമൊരു വഴി കണ്ടെത്തും!", മേയർ പറഞ്ഞു.

മറുപടി കേട്ടു തൃപ്തി വരാതെ സിസ്റ്റർ ധൈര്യമവലംബിച്ചു ചോദിച്ചു, "മൊസ്യൂ മേയർ... കുട്ടിയെ കൊണ്ടുവരുന്നില്ലേ?”

"തീർച്ചയായും, പക്ഷേ രണ്ടു ദിവസം പിടിയ്ക്കും! ഇപ്പോൾ എനിയ്ക്കവളെയൊന്നു കാണണം, ഇനി ഒരുപക്ഷേ -”

സംസാരം കേട്ടു മയക്കമുണർന്ന ഫൻതീൻ മേയറെ കണ്ടു പുഞ്ചിരിയോടെ ചോദിച്ചു, “അപ്പോൾ എന്റെ കൊസെത്തോ?”

അദ്ദേഹം ചുമരിൽ തറച്ച കുരിശിലേയ്ക്കു നോക്കി നിശ്ചിന്തനായി നിന്നു. ഭാഗ്യവശാൽ ആ നിമിഷം വന്നെത്തിയ ഡോക്ടർ അവളോടു പറഞ്ഞു, “അനങ്ങാതെ കിടക്കൂ, മകൾ ഇവിടെയുണ്ട്, പക്ഷേ പനി മാറാതെ അടുത്തു കൊണ്ടുവരാനാവില്ല!”

ഡോക്ടർ പരിശോധന കഴിഞ്ഞു മടങ്ങി. മദലിയൻ അവളുടെ കൈ പിടിച്ച് എന്തോ പറയാനോങ്ങി. അപ്പോൾ പുറത്തു മുറ്റത്ത് ഓടിക്കളിയ്ക്കുന്ന ഒരു കുട്ടിയുടെ ബഹളം മുറിയിൽ വന്നലച്ചു. ഉടനെ ഫൻതീൻ സന്തോഷത്തോടെ പറഞ്ഞു, "ഹാ, അതെന്റെ കൊസെത്തല്ലേ, അവളുടെ ശബ്ദത്തിനൊരു മാറ്റവുമില്ല!"

അവൾ കൈവിരലുകൾകൊണ്ടു കണക്കു കൂട്ടി പുഞ്ചിരിയോടെ

പറഞ്ഞു, “അതെ, അവൾക്കിപ്പോൾ ഏഴു വയസ്സായി!”

പെട്ടെന്നവളുടെ പുഞ്ചിരി മാഞ്ഞു, മുഖം വിളർത്തു. പേടിച്ചരണ്ടതു പോലെ അവൾ വാതിൽക്കലേയ്ക്കു കൈചൂണ്ടി. അവളുടെ മുഖം ശ്രദ്ധിച്ചു കട്ടിലിൽ ഇരുന്ന മേയർ തിരിഞ്ഞു നോക്കി.

ശപിയ്ക്കപ്പെട്ട ഒരാത്മാവിനെ കണ്ടുകിട്ടിയ പിശാചിന്റെ മുഖഭാവത്തോടെ അതാ ഴാവേർ വാതിൽക്കൽ കൈവിരിച്ചു നിൽക്കുന്നു! അയാൾ തന്നെ പിടിച്ചുകൊണ്ടുപോകാൻ വന്നതാണെന്നു കരുതി ഫൻതീൻ നിലവിളിച്ചു, “മൊസ്യൂ, എന്നെ രക്ഷിയ്ക്കൂ!”

മേയർ എഴുന്നേറ്റു ശാന്തത കൈവിടാതെ പറഞ്ഞു, “പേടിയ്ക്കേണ്ട, നിങ്ങളെ കൊണ്ടുപോകാനല്ല ഇയാൾ വന്നത്!”

അധികാരഭാവത്തിൽ ഴാവേർ ഗർജ്ജിച്ചു, “പെട്ടെന്നാവട്ടെ!, ഇനി നിനക്കെന്തു പറയാനുണ്ട്?"

ഫൻതീൻ ചുറ്റും നോക്കി. സിസ്റ്റർ സിംപ്ളീസും മേയറുമല്ലാതെ മറ്റാരും അവിടെയില്ല. അപ്പോൾ അയാൾ 'നീ'യെന്നു വിളിച്ചതു തീർച്ചയായും തന്നെത്തന്നെയായിരിയ്ക്കണം! അതേസമയം ഴാവേർ മേയറുടെ കഴുത്തിൽ പിടികൂടുന്നതും അദ്ദേഹം വിധേയനായി തല കുനിയ്ക്കുന്നതും ഒരു സ്വപ്നത്തിലെന്നപോലെ അവൾ കണ്ടു. ദേഹമാകെ വിറച്ച് അവൾ നിലവിളിച്ചു, “മൊസ്യൂ മേയർ, എന്റെ കുട്ടി –”

മൊസ്യൂ മദലിയന്റെ കഴുത്തിൽനിന്നു പിടിവിടാതെ നിലത്താഞ്ഞു ചവിട്ടി ഴാവേർ അട്ടഹസിച്ചു, "ഇവിടെയൊരു മേയറുമില്ല, മദലിയനുമില്ല! കള്ളനായൊരു തടവുപുള്ളി മാത്രം, ഇതാ, അയാളെന്റെ കൈപ്പിടിയിലുമായിക്കഴിഞ്ഞു!"

എന്തോ പറയാനെന്നപോലെ ഫൻതീൻ വാ തുറന്നു; പക്ഷേ, ഉള്ളിൽനിന്നൊരു ഞരക്കം മാത്രമേ പുറത്തു വന്നുള്ളൂ. എഴുന്നേൽക്കാനുള്ള വിഫലശ്രമത്തിൽ കട്ടിലിന്റെ തലയ്ക്കൽ തലയിടിച്ചു വീണ അവളുടെ കണ്ണു തുറിച്ചു, ആ ഹൃദയം നിലച്ചു...

പെട്ടെന്നു ഴാവേറിന്റെ കനത്ത കൈ തട്ടി മാറ്റി മൊസ്യൂ മദലിയൻ പുലമ്പി, “കഷ്ടം, നിങ്ങളവളെ കൊന്നുകളഞ്ഞു!”. ഭീകരമായ ആ

മുഖഭാവം കണ്ടു ഴാവേർ തെല്ലൊന്നു മാറി നിന്നു.

മൊസ്യു മദലിയൻ ഫൻതീന്റെ തല താങ്ങിപ്പിടിച്ച്, അമ്മ കുഞ്ഞിനെയെന്നപോലെ, കട്ടിലിൽ കിടത്തി; അവളുടെ താഴോട്ടു തൂങ്ങിക്കിടന്ന കൈയെടുത്തു ചുംബിച്ചു. താഴെ മുട്ടു കുത്തി നിന്ന് അൽപ്പനേരം കണ്ണടച്ചു ധ്യാനിച്ചശേഷം അയാളെഴുന്നേറ്റു നിന്നു ഴാവേറിനോടു പറഞ്ഞു, "വരൂ, നമുക്കു പോകാം!"

ഇൻസ്പെക്ടർ ഴാവേർ മേയറെ പിടിച്ചു ജയിലിലടച്ച വാർത്ത വളരെ പെട്ടെന്നു പട്ടണത്തിൽ പരന്നു. രണ്ടു മണിക്കൂറിനകം മൊസ്യു മദലിയൻ ചെയ്ത നല്ല കാര്യങ്ങളെല്ലാം ജനങ്ങൾ മറന്നു, അവരുടെ കണ്ണിൽ അദ്ദേഹമൊരു വെറും തടവുപുള്ളി മാത്രമായി!

വാർത്ത കേട്ടിട്ടും വീട്ടുകാവൽക്കാരി വൈകുന്നേരം പതിവുപോലെ വിളക്കു കൊളുത്തി മദലിയൻ വരുന്നതും കാത്തിരുന്നു. അങ്ങനെ മനോരാജ്യം കണ്ടിരിയ്ക്കുന്നതിനിടയിൽ ആരോ ജനാല തുറക്കുന്നതുപോലെ അവർക്കു തോന്നി. ഒരു കൈ അകത്തേയ്ക്കു നീണ്ടു വന്നു താക്കോലും വിളക്കുമെടുക്കുന്നു! അവരുടെ ശബ്ദം തൊണ്ടയിലുടക്കി; അവസാനം ധൈര്യം സംഭരിച്ച് അവൾ നിലവിളിച്ചു, "മൊസ്യു മേയർ, ഞാൻ കേട്ടതു നിങ്ങൾ-"

അദ്ദേഹം പറഞ്ഞു, "അതെ, ഞാൻ ജയിലിലായിരുന്നു; കുറച്ചു മുമ്പ് ജനാലയുടെ ഇരുമ്പഴി പൊട്ടിച്ചു രക്ഷപ്പെട്ടു; നിങ്ങളുടനെ ചെന്നു സിസ്റ്റർ സിംപ്ളീസിനെ വിളിച്ചു കൊണ്ടുവരണം; ഞാനിവിടെ എന്റെ മുറിയിലുണ്ടാവും"

അവരുടനെ സിസ്റ്ററെ കൂട്ടിക്കൊണ്ടുവന്നു. ഫൻതീന്റെ ദാരുണമരണത്തിനു സാക്ഷിയായ അവരുടെ മുഖം കരഞ്ഞു വീർത്തിരുന്നു. മേയറൊരു കത്ത് അവരുടെ പക്കലേൽപ്പിച്ചു പറഞ്ഞു, "ഈ മുറിയിലെ സാധനങ്ങളിലൊരു കണ്ണു വേണമെന്നു സഭാദ്ധ്യക്ഷനോടു പറയണം. എന്റെ കേസുവിചാരണയ്ക്കും ഫൻതീന്റെ ശവസംസ്കാരത്തിനുമുള്ള പണം ഇതോടൊപ്പം വെയ്ക്കുന്നുണ്ട്".

അദ്ദേഹം പറഞ്ഞവസാനിച്ചപ്പോഴേയ്ക്കും പുറത്തുനിന്നു ചില സംസാരങ്ങൾ കേട്ടു തുടങ്ങി. ആരൊക്കെയോ കോണിപ്പടി കയറി വരു

ന്നു; ഴാവേറിന്റെ ശബ്ദം അവർ തിരിച്ചറിഞ്ഞു. മൊസ്യൃ മദലിയൻ പെട്ടെന്നു വിളക്കുതി മുറിയുടെ മൂലയ്ക്കലേയ്ക്കു മാറി നിന്നു. സിസ്റ്റർ സിംപ്ളീസ് താഴെ മുട്ടുകുത്തി നിന്നു പ്രാർത്ഥിച്ചു.

വാതിൽ തള്ളിത്തുറന്നു ഴാവേർ അകത്തു കടന്നു. പ്രാർത്ഥന നിർത്തി ശിരസ്സുയർത്തിയ സിസ്റ്ററുടെ മുഖഭാവം കണ്ട് അയാൾ തെല്ലൊന്നു പരിഭ്രമിച്ചു. അധികാരത്തോടുള്ള ആദരവും ദൈവത്തിലുള്ള വിശ്വാസവും അയാളുടെ രണ്ടു സഹജഭാവങ്ങളായിരുന്നു. ജീവിതത്തിലൊരിയ്ക്കലും നുണ പറയില്ലെന്നു പൂർണബോദ്ധ്യമുള്ള, സിസ്റ്റർ സിംപ്ളീസിനോട് അയാൾ ആദരപൂർവം ചോദിച്ചു, "സഹോദരി, നിങ്ങളിവിടെ ഒറ്റയ്ക്കാണോ?"

സങ്കോചം കൂടാതെ ആത്മബലി നടത്തുന്നതുപോലെ അവരുറപ്പിച്ചു പറഞ്ഞു, "അതെ, ഞാനിവിടെ ഒറ്റയ്ക്കിരുന്നു പ്രാർത്ഥിയ്ക്കുന്നു!"

"മാപ്പ്! ഒരു തടവുപുള്ളിയെ തേടിയിറങ്ങിയതാണു ഞാൻ. എന്നോടു ക്ഷമിയ്ക്കൂ!", ഴാവേർ തല കുനിച്ചു പിന്മാറി. മുറിയിൽ പരക്കുന്ന മെഴുകുതിരിയുടെ പുകപോലും അയാൾ ശ്രദ്ധിച്ചില്ല.

ഴാവേർ പുറത്തുപോയി ഏതാണ്ടൊരു മണിക്കൂർ കഴിഞ്ഞപ്പോൾ, ഒരു മനുഷ്യൻ മരങ്ങൾക്കും കുറ്റിച്ചെടികൾക്കുമിടയിലൂടെ പട്ടണത്തിൽനിന്നു പാരീസിലേയ്ക്കുള്ള വഴിയേ നടന്നു പോകുന്നതായി ചിലർ കണ്ടിരുന്നു. പോലീസുകാർ പിരിഞ്ഞുപോയ ഉടനെ പള്ളിയിലെ ശ്മശാനത്തിൽ പാവങ്ങൾക്കു സൗജന്യമായി ലഭിയ്ക്കുന്ന മൂലയ്ക്കൽ ഫൻതീന്റെ ശവശരീരവും സംസ്കരിയ്ക്കപ്പെട്ടു.

രണ്ട് : കൊസെത്ത്

1 : വാട്ടർലൂ

1815 ജൂൺ 17-ന രാത്രി മഴയില്ലായിരുന്നെങ്കിൽ യൂറോപ്പിന്റെ ചരിത്രം തീർത്തും മറ്റൊന്നാകുമായിരുന്നു! ആകാശത്തിലൂടെ കടന്നു പോയ ഒരു മേഘശകലം നെപ്പോളിയന്റെ പതനത്തിന്ന കാരണമായി. മണ്ണു നനഞ്ഞു കുതിർന്ന പീരങ്കിപ്പടയ്ക്കു നിലയുറപ്പിയ്ക്കാൻ കഴിയാതിരുന്നതുകൊണ്ട് രാത്രി പതിനൊന്നുമണിയ്ക്കും യുദ്ധം ആരംഭിയ്ക്കാനായില്ല. വെല്ലിങ്ടന്റെ നേതൃത്വത്തിലുള്ള ഇംഗ്ളീഷ്സൈന്യത്തിന്ന നൂറ്റമ്പത്തൊമ്പതു പീരങ്കികളാണുള്ളതെങ്കിൽ നെപ്പോളിയന്റെ പക്കൽ ഇരുന്നൂറ്റമ്പതുണ്ടായിരുന്നു. സ്വന്തം പീരങ്കിപ്പട ലക്ഷ്യത്തിന്ന നേർക്കു സജ്ജമാക്കി നിർത്തി ശത്രുപക്ഷത്തിലൊരു വിടവുണ്ടാക്കാനാണു നെപ്പോളിയൻ ശ്രമിച്ചത്. ഇംഗ്ളീഷുകാരെ ഹാൽപട്ടണത്തിലേയ്ക്കും ജർമ്മൻകാരെ തോങ്ഗ്രപട്ടണത്തിലേയ്ക്കും ആട്ടിയോടിച്ച് ഹൃദയഭൂമിയായ മോൺസോങ്ഴാങ് കീഴടക്കുക: അതായിരുന്നു ആ യുദ്ധതന്ത്രം!

ഇംഗ്ളീഷ് അക്ഷരമായ A യ്ക്കകത്തുള്ള ത്രികോണമാണു പിന്നീടു വാട്ടർലൂ എന്നറിയപ്പെട്ട മോൺസോങ്ഴാങ് പ്രദേശം. മുകൾഭാഗത്തെ മോൺസോങ്ഴാങ് മുനയിൽ വെല്ലിങ്ടൺ നിൽക്കുന്നു. താഴെ ഇടതുവശത്തെ ഹോഗോമോങ് മുനയിൽ സൈന്യാധിപൻ റെയിയും വലതുവശത്തെ ബെലിയാൻസ് മുനയിൽ നെപ്പോളിയനും നിലയുറപ്പിച്ചിരിയ്ക്കുന്നു. ജൂൺ 18-ന രാവിലെ നെപ്പോളിയൻ കൈയിൽ ദൂരദർശിനിയുമായി കുതിരപ്പുറത്തു കയറി ഒരു കുന്നിൻപുറത്തു ചെന്നു നിന്നു പരിസരത്തെ മലയിടുക്കുകളും സമതലങ്ങളും സശ്രദ്ധം നോക്കി പഠിച്ചു.

തലേന്നു രാത്രി നല്ല മഴ പെയ്തതുകൊണ്ട് കുഴികളിൽ വെള്ളം

തളം കെട്ടി നിന്നിരുന്നു. പീരങ്കിയുടെ ചക്രങ്ങൾ അച്ചുതണ്ടോളം താഴ്ന്നുപോയി. ഒരു കൈത്തോക്കുപോലെ പീരങ്കിപ്പടയെ ഇടയ്ക്കിടെ ഓരോരോ ദിശകളിലേയ്ക്കു ചൂണ്ടുന്നതാണു നെപ്പോളിയന്റെ പ്രകൃതം. വെല്ലിങ്ടണെ ഹ്യൂഗോമോങിലേയ്ക്കു വലിച്ചു വരുത്തി ഇടത്തോട്ടു പറഞ്ഞു വിടുകയായിരുന്നു ആദ്യത്തെ ലക്ഷ്യം. അങ്ങനെ വരുമ്പോൾ വലതുഭാഗത്തെ ഫ്രഞ്ചു സൈന്യം ഇംഗ്ളണ്ടിന്റെ ഇടതു വശത്തേയ്ക്കു കടന്നു ചെന്നു നാശനഷ്ടങ്ങൾ വരുത്തി, ഒരുപക്ഷേ ഇടയ്ക്കു വന്നുചേരാവുന്ന ജർമ്മൻ സൈന്യത്തെക്കൂടി തോൽപ്പിച്ച്, വളരെ അനായാസം മോൺ സോങ്ഴാങ് കീഴടക്കാൻ കഴിയും.

ഉച്ചതിരിഞ്ഞു നാലുമണിയോടെ ഇംഗ്ളീഷ് സൈന്യത്തിന്റെ നില ഏതാണ്ടു പരിതാപകരമായി. സൈന്യാധിപൻ പിക്റ്റൺ വെടിയുണ്ടയേറ്റു വീണു; മറ്റൊരു പട്ടാളസംഘം ഫ്രഞ്ചുകാരുടെ മിന്നലാക്രമണത്തിൽ ഛിന്നഭിന്നമായി; സൈന്യാധിപൻ ഹിൽ, വെല്ലിങ്ടണിന്റെ തണലിൽ അഭയം തേടി. വെല്ലിങ്ടൺ നേരിട്ടു യുദ്ധം നയിച്ചിരുന്ന ലായിസാന്ത് കൈവിട്ടുപോയി; ഹ്യൂഗോമോങ് പരിക്കിലകപ്പെട്ടു. മോൺസോങ്ഴാങ് കുന്നിൻപുറത്തു നിലയുറപ്പിച്ചിരുന്ന മദ്ധ്യസേനയിലേയ്ക്കു വെല്ലിങ്ടൺ കൂടുതൽപേരെ വിന്യസിച്ചു പ്രതിരോധം ശക്തമാക്കി. അപ്രതീക്ഷിതമായി ഡച്ചു സൈന്യത്തിന്റെ സഹായവും അദ്ദേഹത്തിനു ലഭിച്ചു.

അസ്വസ്ഥനെങ്കിലും അക്ഷോഭ്യനായ വെല്ലിങ്ടൺ അന്നത്തെ പകൽ ഒരു ഇരിമ്പകവൃക്ഷത്തിനു ചുവട്ടിലാണു കഴിച്ചുകൂട്ടിയത്. വെടിയുണ്ടകൾ നാലുപാടും മഴപോലെ പെയ്തു. തൊട്ടടുത്തു വീണു പിടഞ്ഞു മരിയ്ക്കുന്നതിനു മുമ്പ് സൈന്യാധിപൻ ഗോർഡൻ അദ്ദേഹത്തോടു ചോദിച്ചിരുന്നു, “അങ്ങു കൊല്ലപ്പെട്ടാൽ ഞങ്ങളെന്താണു ചെയ്യേണ്ടത്?” വെല്ലിങ്ടണിന്റെ മറുപടി കൃത്യമായിരുന്നു, “എന്റെ ദൗത്യം പൂർത്തീകരിയ്ക്കുക!”

സന്ധ്യയ്ക്കു മുമ്പായി ഇംഗ്ളീഷ്സൈന്യത്തിലെ മുന്നണിപ്പട തന്ത്രപൂർവം പിൻവാങ്ങി. നെപ്പോളിയൻ ഉറക്കെ വിളിച്ചു പറഞ്ഞു, “അതാ, അവരുടെ തോൽവി തുടങ്ങിക്കഴിഞ്ഞു!". അരക്കെട്ടിൽ കട്ട

ത്ത വേദനയുണ്ടെങ്കിലും കുതിരപ്പുറത്ത് അള്ളിപ്പിടിച്ചിരുന്ന ചക്രവർത്തി ആവേശപൂർവം പറഞ്ഞു, "ആ ഇംഗ്ളണ്ടുകാരൻ മണ്ടനെ ഒരു പാഠം പഠിപ്പിയ്ക്കണം!" പക്ഷേ, രാവിലെ മൂന്നരമണിയോടെ ആ മിഥ്യാഭ്രമം നശിച്ചു. ശത്രുക്കൾക്കു യാതൊരിളക്കവുമില്ലെന്നു ചാരന്മാർ വന്നറിയിച്ചു. "എങ്കിൽ നന്നായി", നെപ്പോളിയൻ പറഞ്ഞു, "അവരെ ആട്ടിപ്പായിയ്ക്കുന്നതിനേക്കാൾ നശിപ്പിയ്ക്കുന്നതാണ് എനിയ്ക്കിഷ്ടം!"

മഴ മൂലം ചെളിയിൽ പൂണ്ടുപോയ ചരക്കുവണ്ടികൾ വന്നെത്താൻ വൈകി. വിശപ്പും തണുപ്പും കാരണം പട്ടാളക്കാർക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. പക്ഷേ, അതൊന്നും നെപ്പോളിയന്റെ ആവേശത്തിനു തടസ്സമായില്ല. പ്രാതലിനിടയിൽ അദ്ദേഹം സൈന്യാധിപന്മാരുമായി തമാശ പറഞ്ഞു പൊട്ടിച്ചിരിച്ചു. രാവിലെ ഒമ്പതു മണിയ്ക്കു തുടങ്ങിയ സേനാവിന്യാസം ഒന്നര മണിക്കൂറിനുള്ളിൽ പൂർത്തിയായി. V രൂപത്തിൽ ആറു വരിയായി സൈന്യം അണി നിരന്നു. അവസാനമായി ചക്രവർത്തി ഒന്നുകൂടി ദൂരദർശിനിയെടുത്തു മലകളും താഴ്‌വാരങ്ങളും സൂക്ഷിച്ചു നോക്കി. ലായിസാന്തിനു മുകളിൽ ഗെനാപ്പിലേയ്ക്കും നീവെല്ലിലേയ്ക്കുമുള്ള വഴികളിൽ പ്രതിരോധം തീർത്തു നിൽക്കുന്ന ഇംഗ്ളീഷ്-ഡച്ച് സൈന്യങ്ങളെ അദ്ദേഹം കണ്ടു. തൊട്ടരികിൽ വെള്ളച്ചായമടിച്ച നിക്കോളാസ് പള്ളിയുടെ നേരേ നോക്കി അദ്ദേഹം തല കുനിച്ചു കുറച്ചു നേരം ആലോചനയിൽ മുഴുകി. വെല്ലിങ്ടൺ തൽക്കാലം പിൻവാങ്ങിയിരിയ്ക്കുന്നു! പെട്ടെന്നു മോൺസോങ്ഴാങ് പിടിച്ചടക്കാൻ അദ്ദേഹം മിൽഹോവിന്റെ കവചപ്പടയ്ക്ക് ആജ്ഞ കൊടുത്തു. മാത്രമല്ല, യുദ്ധം ജയിച്ചുകഴിഞ്ഞ വാർത്ത അറിയിയ്ക്കാനൊരു ദൂതനെ അദ്ദേഹം പാരീസിലേയ്ക്കു പറഞ്ഞുവിടുകയും ചെയ്തു.

അതേസമയം, മോൺസോങ്ഴാങ് കുന്നിന്റെ മുകൾപ്പരപ്പിനു പിന്നിൽ, പീരങ്കിനിരയുടെ നിഴലിൽ, ഇരുപത്താറു ചതുരങ്ങളിലായി അണിനിരന്ന ഇംഗ്ളീഷ് കാലാൾപ്പട ഫ്രഞ്ചുസൈന്യത്തേയും പ്രതീക്ഷിച്ചു ശാന്തരായി നിന്നു. ഫ്രഞ്ചുകാരുടെ കവചപ്പട കയറിക്കയറി വരുന്ന ശബ്ദം അവർ കാതോർത്തു കേട്ടു. താമസിയാതെ വാളുക

ൾ ഉയർത്തിപ്പിടിച്ച്, കൊടികളും കാഹളങ്ങളും 'ചക്രവർത്തി ജയിയ്ക്കട്ടെ!'യെന്ന ആർപ്പുവിളികളുമായി പടയാളികളുടെ ഒരു നീണ്ട നിര കുന്നിനു മുകളിൽ പ്രത്യക്ഷപ്പെട്ടു. പക്ഷേ, ആ കവചപ്പടയുടെ തൊട്ടു മുമ്പിൽ വീതി കുറഞ്ഞതെങ്കിലും ചാടിക്കടക്കാൻ കഴിയാത്ത അഗാധമായൊരു കൈത്തോടു കാണായി. ആവേശത്തിന്റെ ആക്കത്തിൽ മുന്നോട്ടു കുതിച്ച രണ്ടാമത്തെ വരി ആദ്യത്തേതിനെ ആ തോട്ടിലേയ്ക്കു തള്ളിയിട്ടു, മൂന്നാമത്തേതു രണ്ടാമത്തേതിനേയും! കുതിരകൾ മുൻകാലുയർത്തി പിന്നോട്ടു തിരിഞ്ഞു കവചപ്പടയുടെ നേർക്കടുത്തു. അപ്രതീക്ഷിതമായ തിരിച്ചടിയിൽ സൈന്യത്തിന്റെ മൂന്നിലൊരു ഭാഗം തിരിച്ചു കയറാനാവാത്തവിധം തോട്ടിലേയ്ക്കു വീണു. ആ കൈത്തോടു മനുഷ്യരെക്കൊണ്ടും കുതിരകളെക്കൊണ്ടും നിറഞ്ഞപ്പോൾ ബാക്കിയായവർ അവർക്കു മേലേ ചവിട്ടി മുന്നോട്ടു നടന്നു.

മലപ്പിളർപ്പു തുറന്നതോടെ ഇംഗ്ളീഷ് പീരങ്കിപ്പട ഫ്രഞ്ചു കവചപ്പടയുടെ നേർക്കു തുരുതുരാ വെടിയുതിർത്തു. എണ്ണത്തിൽ കുറഞ്ഞെങ്കിലും ഫ്രഞ്ചുകാരുടെ ഉത്സാഹത്തിനു മങ്ങലേറ്റില്ല. അവരൊന്നിനു പത്തായി മാറുന്നതു കണ്ട വെല്ലിങ്ങ്ടൺ കുതിരപ്പടയെ വിളിച്ചുവരുത്തി. എന്നിട്ടും യുദ്ധം രണ്ടു മണിക്കൂറോളം നീണ്ടു. ഇരുഭാഗത്തുമുള്ള നിരവധി സൈന്യാധിപന്മാരും പട്ടാളക്കാരും കൊല്ലപ്പെട്ടു. അധൃഷ്യരായ ഫ്രഞ്ചുകാരുടെ പോരാട്ടവീര്യത്തിൽ ഇംഗ്ളീഷ്സൈന്യം കുലുങ്ങി. പക്ഷേ വെല്ലിങ്ങ്ടൺ കുലുങ്ങിയില്ല. അദ്ദേഹത്തിനു സൈന്യാധിപൻ ബ്ളൂഷേർ സമയത്തെത്തുമെന്നു നല്ല ഉറപ്പുണ്ടായിരുന്നു.

ദൂരദർശിനി കൈയിൽനിന്നു താഴെ വെയ്ക്കാതിരുന്ന ചക്രവർത്തിയാണു ദൂരെ മലയിടുക്കുകളിലൊരു മൂടൽമഞ്ഞ് ആദ്യമായി കണ്ടത്. ഫ്രഞ്ചുസൈന്യാധിപൻ ഗ്രൂഷിയുടെ കാലാൾപ്പടയാണതെന്നും അല്ല വെറും മരക്കൂട്ടങ്ങളാണെന്നും ആ കാഴ്ച വ്യാഖ്യാനിയ്ക്കപ്പെട്ടു. പക്ഷേ, വെല്ലിങ്ങ്ടണിന്റെ നിസ്സഹായാവസ്ഥ കണ്ടു ബ്ളൂഷേർ പറഞ്ഞയച്ച ബ്യൂളോവിന്റെ സംഘമായിരുന്നു, അത്! തുടർന്നു വില്യം രാജകുമാരന്റെ പ്രഷ്യൻ പീരങ്കിപ്പടകൂടി വന്നെത്തിയതോടെ നെപ്പോളിയനു പിന്നിലുള്ള രക്ഷിസംഘത്തിനിടയിൽപ്പോലും വെടിയുണ്ട വീണു തു

ടങ്ങി. ഇംഗ്ളീഷ്സൈന്യം സർവശക്തിയുമെടുത്തു മുന്നേറി. അവസാനത്തെ കൂട്ടക്കൊല ആരംഭിച്ചു കഴിഞ്ഞു. പിന്തിരിഞ്ഞോടുന്ന ഫ്രഞ്ചുസൈന്യത്തിനു മുമ്പിലേയ്ക്കു നെപ്പോളിയൻ പറന്നു ചെന്നു; അദ്ദേഹത്തിന്റെ അപേക്ഷകളും ഭീഷണികളും സാന്ത്വനങ്ങളും പക്ഷേ വിലപ്പോയില്ല. രാവിലെ 'ചക്രവർത്തി ജയിയ്ക്കട്ടെ'യെന്ന് ആർത്തുവിളിച്ചിരുന്ന അവർ അദ്ദേഹത്തെ നേരിൽ കണ്ടിട്ടും തിരിച്ചറിഞ്ഞില്ല! അപ്പോഴേയ്ക്കും ജർമ്മനിയുടെ സർവസൈന്യാധിപൻ ബ്ളൂഷേർ ഫ്രഞ്ചുകാരുടെ ഉന്മൂലനാശത്തിനുള്ള കൽപ്പന കൊടുത്തുകഴിഞ്ഞു.

പലായനത്തിന്റെ ആ കുത്തൊഴുക്കിൽ ഒലിച്ചുപോയ ഒരു മനുഷ്യൻ അന്നു രാത്രി ഗെനാപ്പിലൊരു വയലിന്റെ നടുവിൽവെച്ച് കുതിരപ്പുറത്തുനിന്നിറങ്ങി അമ്പരപ്പോടെ പിന്തിരിഞ്ഞു നോക്കി. ഒരിയ്ക്കൽക്കൂടി മുന്നോട്ടു കുതിയ്ക്കാൻ വെമ്പുന്ന ചക്രവർത്തിയായ നെപ്പോളിയനായിരുന്നു, ആ സ്വപ്നാടകൻ! അതെ, അതാണു വാട്ടർലൂവിൽ നടന്നത്! ഇംഗ്ളീഷുകാരുടേയും ഫ്രഞ്ചുകാരുടേയും ജർമ്മൻകാരുടേയും ഡച്ചുകാരുടേയും ചുടുചോര പരന്നൊഴുകിയ ആ കൈത്തോടുകൾ എന്തിനാണു സൃഷ്ടിയ്ക്കപ്പെട്ടത്? വർഷങ്ങൾക്കുശേഷം മോൺസോങ്ഴാങ്ങിലെ ഗ്രാമീണർക്കു സന്ദർശകരായ ചരിത്രവിദ്യാർത്ഥികളെ നോക്കി ഇങ്ങനെ പറയാൻ വേണ്ടിമാത്രം: "എനിയ്ക്കു മൂന്നു ഫ്രാങ്ക് തരൂ, നിങ്ങൾക്കു ഞാൻ വാട്ടർലൂ യുദ്ധത്തിന്റെ കഥ മുഴുവൻ പറഞ്ഞുതരാം!"

ജൂൺ പതിനെട്ടിനു രാത്രി നല്ല നിലാവുണ്ടായിരുന്നു. അവസാനത്തെ പീരങ്കിയുണ്ട പൊട്ടിത്തീരുമ്പോൾ മോൺസോങ്ഴാങ് മൈതാനം തീർത്തും വിജനമായി കാണപ്പെട്ടു. പിറ്റേന്നു നഗ്നവും വികൃതവുമായ ശവശരീരങ്ങൾ കണി കണ്ടാണു സൂര്യൻ കണ്ണു തുറന്നത്. പക്ഷേ, അതിനുമുമ്പു ചില നികൃഷ്ടജീവികൾ ആ കുരുതിക്കളത്തിൽ അങ്ങുമിങ്ങും ചുറ്റിക്കറങ്ങുന്നതു കാണാമായിരുന്നു. ജീർണിച്ച വസ്തുക്കളിൽ വലിഞ്ഞു കയറുന്ന പുഴുവിനെപ്പോലുള്ള ഒരു മനുഷ്യൻ അന്നർദ്ധരാത്രിയിൽ നിരവധി ഉള്ളറകളുള്ള വലിയൊരു കുപ്പായവും ധരിച്ചു താഴെ വീണു കിടക്കുന്ന ശവങ്ങൾക്കിടയിൽ പതുങ്ങി നടന്നു.

ചോരയും ചെളിയും കൂടിക്കുഴഞ്ഞ മണ്ണിൽ വേച്ച് വേച്ച് നടന്ന അയാളുടെ കണ്ണിൽ പെട്ടെന്നൊരു മിന്നൽ തട്ടി. തൊട്ടപ്പുറത്തെ ശവക്കൂനയിൽനിന്നു പതുക്കെ മേലോട്ടുയർന്ന കൈവിരലിലൊരു സ്വർണ മോതിരം തിളങ്ങുന്നു! അയാൾ നാലുപാടും നോക്കി ശവക്കൂനയിലേയ്ക്കു മുഖം പൂഴ്ത്തി ആ അമൂല്യവസ്തു കൈക്കലാക്കി ഉടുപ്പിന്റെ ഉള്ളറയിലിട്ടു. വീണ്ടും മുന്നോട്ടു നടക്കാനാഞ്ഞ അയാളെ ആ കൈ, കുപ്പായത്തിൽ പിടിച്ചു പിന്നോട്ടു വലിച്ചു. കുതറിപ്പോകാൻ ശ്രമിച്ചെങ്കിലും പിടിത്തത്തിന്റെ ബലം മൂലം അയാൾക്കു പിന്തിരിയേണ്ടി വന്നു. അയാൾ കുനിഞ്ഞിരുന്നു കുപ്പായത്തിൽ കൊളുത്തിപ്പിടിച്ച കൈ വലിച്ചെടുത്തപ്പോൾ ജീവനുള്ള ആ ശരീരം പതുക്കെ പിടഞ്ഞെഴുന്നേറ്റു. അതിനിടയിൽ കൊള്ളക്കാരൻ കൈയിട്ടു പരതി അയളുടെ കവചത്തിലെ സ്വർണമുദ്രയും കുപ്പായക്കീശയിലെ പണവും കൈക്കലാ-ക്കിക്കഴിഞ്ഞിരുന്നു. പതുക്കെ കണ്ണു തുറന്ന ആ സൈന്യാധിപൻ മരണവേദന നിഴലിയ്ക്കുന്ന ശബ്ദത്തിൽ ചോദിച്ചു, “ആരാണു ജയിച്ചത്?”

"ഇംഗ്ളണ്ട്!”, കൊള്ളക്കാരൻ പറഞ്ഞു.

"കഷ്ടം, എന്റെ ഉടുപ്പിനകത്തു നിങ്ങൾക്കു കിട്ടേണ്ടിയിരുന്ന പണം ആരോ കൊണ്ടുപോയി", സൈന്യാധിപൻ പറഞ്ഞു.

പോകാനുള്ള തിടുക്കത്തിൽ കൊള്ളക്കാരൻ പറഞ്ഞു, "ആരോ വരുന്നുണ്ടെന്നു തോന്നുന്നു!"

സൈന്യാധിപൻ കൈയുയർത്തി അയാളെ തടഞ്ഞു ചോദിച്ചു, "എന്റെ ജീവൻ രക്ഷിച്ച നിങ്ങൾ ആരാണ്?"

"നിങ്ങളെപ്പോലെ ഞാനും സൈന്യത്തിലുണ്ടായിരുന്നു!”

"സൈന്യത്തിൽ എന്താണു നിങ്ങളുടെ സ്ഥാനം?”

“സർജന്റ്"

"പേര് ?”

"തെനാർദിയർ"

"ഈ പേരു ഞാൻ മറക്കില്ല", സൈന്യാധിപൻ പറഞ്ഞു, “നിങ്ങൾ എന്റെ പേര് ഓർമ്മിച്ചോളൂ, ഞാൻ പൊങ്മേർസി!"

2 : ഓറിയോങ് കപ്പൽ

1823 ജൂലൈ 25-ന പുറത്തിറങ്ങിയ ദ്രാപ്പോബ്ളാങ് പത്രത്തിൽ താഴെ പറയുന്ന വിധത്തിലുള്ള ഒരു വാർത്ത ജനങ്ങൾ വായിയ്ക്കുകയുണ്ടായി: 'കുറച്ചു വർഷങ്ങൾക്കുമുമ്പ് എം. പട്ടണത്തിൽ വന്നുകൂടിയ മൊസ്യു മദലിയൻ എന്നൊരാൾ ചില്ലുവ്യവസായത്തിൽ ചില പുതുമകൾ പരീക്ഷിച്ചു ധാരാളം പണമുണ്ടാക്കി. സാധുക്കൾക്കുവേണ്ടി ചെയ്ത നല്ല കാര്യങ്ങൾക്കു പ്രത്യുപകാരമായി രാജാവ് അദ്ദേഹത്തെ പട്ടണത്തിലെ മേയറുമാക്കി. പക്ഷേ, പണ്ടു മോഷണക്കുറ്റത്തിനു ശിക്ഷിയ്ക്കപ്പെട്ടു ജയിലിൽനിന്നും ഒളിച്ചോടിയ ഒരു ഴാങ്വാൽഴാങ് പേരു മാറ്റി വന്നതാണെന്നു കണ്ടെത്തിയ പോലീസുകാർ അയാളെ വീണ്ടും തടവിലാക്കിയിരിയ്ക്കുന്നു. പിടിയ്ക്കപ്പെടുന്നതിനു തൊട്ടു മുമ്പു ചില്ലുവ്യവസായത്തിലൂടെ സമ്പാദിച്ച ആറു ലക്ഷം ഫ്രാങ്ക് അയാൾ ലഫീത്ത് ബാങ്കിൽനിന്നു പിൻവലിച്ച് ആർക്കുമറിയാത്തവിധം എവിടെയോ ഒളിപ്പിച്ചു വെച്ചതായാണു മനസ്സിലാകുന്നത്!'.

അങ്ങനെ മെത്രാന്റെ പാത്രങ്ങളും ഇടയപ്പയ്യന്റെ നാണയവും മോഷ്ടിച്ചതിനു ഴാങ്വാൽഴാങ് വീണ്ടും ജയിലിലിടയ്ക്കപ്പെട്ടു!

മോങ്ഫെർമിയെയിലെ വനാന്തരങ്ങളിൽ 'ചെകുത്താന്റെ നിധിക്കുണ്ടെ'ന്നറിപ്പെടുന്ന ഒരു സ്ഥലമുണ്ട്. ചിലപ്പോഴൊക്കെ സന്ധ്യ മയങ്ങിയാൽ മരംവെട്ടുകാരന്റെ വേഷത്തിലൊരു മനുഷ്യൻ തൂമ്പയും പിക്കാസുമായി പരിസരത്തു ചുറ്റിക്കറങ്ങി നല്ലൊരു സ്ഥലം കണ്ടെത്തി നിലം കുഴിയ്ക്കാൻ തുടങ്ങും. അയാളെ നോക്കി നിൽക്കുകയോ പിന്തുടരുകയോ നിധി തുരന്നെടുക്കാൻ ശ്രമിയ്ക്കുകയോ ചെയ്യുന്നവർ താമസിയാതെ മരണമടയുമെന്ന ഒരന്ധവിശ്വാസം നിലവിലുള്ളതുകൊണ്ട് നാട്ടുകാരാരും ആ വഴിയ്ക്കു തിരിഞ്ഞുനോക്കാറില്ല. പക്ഷേ, ജയിൽശിക്ഷ കഴിഞ്ഞു പുറത്തിറങ്ങി തെരുവുപണിക്കാരനായി മാറിയ ബുലാത്രെയൽ മാത്രം ചിലപ്പോൾ ആ ഭാഗത്തു ചുറ്റി നടക്കാറുണ്ട്. ചെകുത്താൻ കുഴിച്ചിട്ട നിധി കണ്ടെടുക്കാനാണ് അയാൾ ശ്രമിയ്ക്കുന്നതെന്നൊരു സംസാരവും നാട്ടുകാർക്കിടയിൽ പരന്നു. അവരിൽ

വോൾട്ടയർ പക്ഷപാതിയായ ഒരാൾ പറഞ്ഞു, "ബുലാത്രെയൽ ചെകുത്താനെ പിടിയ്ക്കുമോ അതല്ല ചെകുത്താൻ ബുലാത്രെയലിനെ പിടിയ്ക്കുമോ? കാത്തിരുന്നു കാണാം!". ആ ദൈവദൂഷണം കേട്ട ഗ്രാമത്തിലെ വൃദ്ധന്മാർ നിരവധി തവണ നെറ്റിയിൽ കുരിശു വരച്ചു.

നാട്ടിലൊരു ചാരായക്കട നടത്തിയിരുന്ന തെനാർദിയർക്കു പക്ഷേ ഈ വിഷയത്തിൽ വല്ലാത്തൊരു താൽപ്പര്യം ജനിച്ചു. അയാളൊരു ദിവസം ബുലാത്രെയലിനെ വിളിച്ചു വരുത്തി സൽക്കരിച്ചു കാര്യം പിടിച്ചെടുക്കാൻ നോക്കി. പക്ഷേ, വിരുതനായ ബുലാത്രെയൽ യാതൊന്നും വിട്ടുപറഞ്ഞില്ല. എങ്കിലും തെനാർദിയരുടെ ചതുരമായ ചോദ്യങ്ങൾക്കു മുമ്പിൽ മദ്യപിച്ചു മതി മറന്നു പതറിപ്പോയ അയാൾ പരസ്പരബന്ധമില്ലാത്ത ചില വാക്കുകളൊക്കെ പുലമ്പുകയും ചെയ്തു. ഒടുവിൽ അയാളുടെ വാക്കുകളും ചേഷ്ടകളും കൂട്ടിച്ചേർത്തു തെനാർദിയർ ഭാവനാപൂർവം മിനഞ്ഞെടുത്ത കഥ ഇതായിരുന്നു:

ഒരു ദിവസം പതിവുപോലെ പണിയ്ക്കിറങ്ങിയ ബുലാത്രെയൽ കാട്ടിലൊരു മരത്തിനു പിന്നിൽ ആരോ പിക്കാസും തൂമ്പയും ഒളിച്ചുവെച്ചിരിയ്ക്കുന്നതായി കണ്ടു. സന്ധ്യയോടെ നാട്ടിലൊന്നും കാണാത്ത ഒരു മനുഷ്യൻ വലിയൊരു കൈപ്പെട്ടിയുമായി വന്നു പിക്കാസും തൂമ്പയുമെടുത്തു കാടിനുള്ളിലേയ്ക്കു നടന്നു. നല്ല മുഖപരിചയമുള്ള അയാളെ കണ്ടു ബുലാത്രെയൽ അൽപ്പനേരം മിഴിച്ചു നിന്നു. അതിനിടയിൽ ഇരുട്ടു പരന്നതുകൊണ്ട് അയാളെങ്ങോട്ടാണു പോയതെന്നു വ്യക്തമായില്ല. ബുലാത്രെയൽ ഒരു മരത്തിനു പിന്നിൽ ഒളിച്ചു നിന്നു. മൂന്നു മണിക്കൂർ കഴിഞ്ഞപ്പോൾ തിരിച്ചു വന്ന ആ മനുഷ്യന്റെ പക്കൽ കൈപ്പെട്ടി ഉണ്ടായിരുന്നില്ല. അസാമാന്യശക്തനായ അയാളുടെ അടുത്തു ചെന്നു പരിചയം പുതുക്കാൻ ബുലാത്രെയലിനു ധൈര്യവുമുണ്ടായില്ല. പിറ്റേന്നു മുതൽ അയാൾ ആ ഭാഗങ്ങളിലൊക്കെ ചുറ്റി നടന്നു മണ്ണിളകിയിടത്തൊക്കെ കുഴിച്ചുനോക്കിയെങ്കിലും യാതൊന്നും കണ്ടെത്താനായില്ല. പക്ഷേ, നാട്ടുകാർ ഇത്രമാത്രം പറഞ്ഞു, "ചെകുത്താൻ വന്ന കാര്യത്തിൽ നല്ല ബോദ്ധ്യമില്ലാതെ ബുലാത്രെയൽ ഇങ്ങനെയൊന്നും ബുദ്ധിമുട്ടാൻ സാദ്ധ്യതയില്ല!"

അക്കൊല്ലം കാറ്റിലും കോളിലും പെട്ടു തകർന്ന ഓറിയോങ് പടക്കപ്പൽ കേടുപാടുകൾ തീർക്കാനായി കൊണ്ടുവരുന്ന കാഴ്ച കാണാൻ ആബാലവൃദ്ധം ജനങ്ങൾ കൗതുകപൂർവം തുലോങ് തുറമുഖത്തു വന്നെത്തി. മനുഷ്യബുദ്ധി പ്രകൃതിശക്തിയുമായി സംവദിയ്ക്കുന്ന സവിശേഷമായൊരു സങ്കൽപ്പമാണ് പടക്കപ്പൽ! ഒരുപക്ഷേ അതുകൊണ്ടായിരിയ്ക്കാം ജിജ്ഞാസുക്കൾ അത്തരം യന്ത്രസംവിധാനങ്ങൾക്കു ചുറ്റും ചെന്നു സദാ കറങ്ങുന്നത്!

കപ്പൽ ആയുധശാലയ്ക്കരികെ നങ്കൂരമിട്ടു. വിദഗ്ധരായ ജോലിക്കാർക്കു പുറമേ സഹായത്തിനു ജയിലിലെ തടവുപുള്ളികളേയും അധികൃതർ വിളിച്ചുവരുത്തിയിരുന്നു. വളരെ ഉയരത്തിൽ നിലയുറപ്പിച്ചു കപ്പൽപ്പായ അഴിച്ചു മടക്കുന്ന തിരക്കിൽ പെട്ടെന്നു പണിക്കാരിലൊരാൾ നില തെറ്റി താഴോട്ടു വീണു. താഴെ നോക്കി നിന്നവർ നിലവിളിച്ചു ബഹളം കൂട്ടി. തല കീഴ്പ്പോട്ടായി വീഴുന്നതിനിടയിൽ ആ മനുഷ്യൻ എങ്ങനെയോ രണ്ടു കൈകൊണ്ടും തൂങ്ങിക്കിടന്ന ഒരു കയറിൽ പിടികൂടി. താഴെ അത്യഗാധമായ കടൽ! കവണയിലെ കല്ലുപോലെ അയാൾ ആ കയറിൽ തൂങ്ങി യാതൊരാലംബവുമില്ലാതെ അങ്ങോട്ടുമിങ്ങോട്ടും ഊഞ്ഞാലാടി.

പണിക്കാരിൽ ഒരാൾക്കുപോലും അയാളെ രക്ഷിയ്ക്കാൻ ധൈര്യമുണ്ടായില്ല. അയാളാണെങ്കിൽ നിമിഷംപ്രതി തളർന്നു വിറച്ചു കൊണ്ടിരുന്നു. അനിവാര്യമായ ആ കാഴ്ച കാണാതിരിയ്ക്കാൻ ജനങ്ങൾ മുഖം തിരിച്ചു താഴോട്ടു നോക്കി. ഒരു കയർ, ഒരു കല്ല്, ഒരു കമ്പ് – ഇവയൊക്കെ ജീവനെപ്പോലെ വിലയുള്ളതായി മാറുന്ന ചില നിമിഷങ്ങളുണ്ട്! ജീവനുള്ള ഒരു മനുഷ്യൻ വെറുമൊരു പഴമായി താഴോട്ടു വീഴുന്ന കാഴ്ച എത്ര ഭീകരമായിരിയ്ക്കും!

അതാ, പെട്ടെന്നൊരു മനുഷ്യൻ കപ്പലിനു മുകളിലേയ്ക്കു ചുറുചുറുക്കോടെ ചാടിക്കയറുന്നു! ജയിലിൽനിന്നു വന്നെത്തിയ ഒരു തടവുപുള്ളിയായിരുന്നു, അയാൾ. കാഴ്ചയിലൊരു മദ്ധ്യവയസ്കനെപ്പോലെ തോന്നിച്ച അയാൾ നേരേ മേലുദ്യോഗസ്ഥന്റെ അടുത്തു ചെന്ന് അ

നവാദം ചോദിയ്ക്കുന്നപോലെ എന്തോ പറഞ്ഞു. ഉദ്യോഗസ്ഥൻ തല കുലുക്കിയ ഉടനെ അയാളൊരു ചുറ്റികകൊണ്ടു കാൽച്ചങ്ങല അടർത്തി മാറ്റി അടുത്തു കിടന്ന നീണ്ട കയറുമെടുത്തു മുകളിലേയ്ക്കു പാഞ്ഞു. അയാളെത്ര അനായാസമായാണു കാൽച്ചങ്ങല മുറിച്ചതെന്നു മാത്രം പക്ഷേ അപ്പോൾ ആരും ശ്രദ്ധിച്ചില്ല!

കയറുമായി മുകളിലെത്തിയ അയാൾ ഒരു നിമിഷം നിന്നു. ജനങ്ങൾ ശ്വാസമടക്കി നോക്കിനിൽക്കേ അയാളൊരു സർക്കസ്സുകാരനെപ്പോലെ കപ്പൽപ്പായ വലിച്ചുകെട്ടുന്ന കമ്പിയിലൂടെ അടിവെച്ചു മുന്നോട്ടു നടന്നു. കുറച്ചു ചെന്നപ്പോൾ നല്ലൊരഭ്യാസിയെപ്പോലെ സ്വയം കീഴ്മേൽ മറിഞ്ഞ അയാൾ കമ്പിയിൽ പിടിച്ചു തൂങ്ങിക്കിടന്നു. തുടർന്നു കയറിന്റെ ഒരറ്റം കമ്പിയിൽ ബലമായി പിടിച്ചുകെട്ടി ആ കയറിൽ തൂങ്ങി അയാൾ താഴോട്ടുരസിയിറങ്ങി. അപ്പോൾ കടലിനു മീതേ കയറിൽ തൂങ്ങിക്കിടക്കുന്നതു രണ്ടുപേരായി! ഒരു കൈ കയറിൽ മുറുക്കിപ്പിടിച്ചുകൊണ്ടുതന്നെ അയാൾ മറ്റേ കൈകൊണ്ടു കയറിന്റെ അറ്റം കൊളുത്തുപോലെ ചുറ്റി ഹതഭാഗ്യനായ ആ പണിക്കാരനെ കുടുക്കിട്ടു പിടിച്ചു. വീണ്ടും അയാൾ വന്നപോലെ ക്ഷീണിച്ചു തളർന്ന ആ മനുഷ്യന്റെ ഭാരവും പേറി കയറിൽ പിടിച്ചു മേലോട്ടു കയറി നിരപ്പലകയിലെത്തി ഒരു ദീർഘശ്വാസം വിട്ടു നിവർന്നു നിന്നു.

ജനങ്ങൾ ആർത്തുവിളിച്ചു. സ്ത്രീകൾ പരസ്പരം കെട്ടിപ്പിടിച്ചു വിളിച്ചു പറഞ്ഞു, “ആ മനുഷ്യനു മാപ്പു കൊടുത്തു വിട്ടയയ്ക്കുക!”

അതിനിടയിൽ ആ മനുഷ്യൻ തടവുപുള്ളികളുടെ കൂട്ടത്തിൽ കൂടാനായി താഴോട്ടിറങ്ങി. കഠിനമായ അദ്ധ്വാനം മൂലം തളർന്നു തല ചുറ്റുന്നതുപോലെ കാണപ്പെട്ട അയാൾ സകലരും നോക്കിനിൽക്കേ പെട്ടെന്നു കാലിടറി കടലിലേയ്ക്കു വീണു. വെള്ളത്തിൽ മുങ്ങിപ്പോയ ആ മനുഷ്യനെ തിരഞ്ഞു രക്ഷാപ്രവർത്തകർ ഉടനെ ബോട്ടുമായി കടലിലേയ്ക്കിറങ്ങി. പിറ്റേന്നു പത്രത്തിൽ വന്ന വാർത്ത ഇങ്ങനെയായിരുന്നു: ‘ഇന്നലെ ഓറിയോങ് പടക്കപ്പലിന്റെ പണിയ്ക്കുവേണ്ടി വിളിച്ചു വരുത്തിയ തടവുപുള്ളികളിൽ 'ഴാങ്‌വാൽഴാങ്ങെ'ന്നു പേരുള്ള ഒരാൾ മറ്റൊരു പണിക്കാരനെ രക്ഷിയ്ക്കുന്നതിനിടയിൽ കടലിൽ വീണു മു

ങ്ങിച്ചത്തു. ശവം ഇതുവരെ കണ്ടുകിട്ടിയിട്ടില്ല!'

3 : വാഗ്ദാനപാലനം

മലനിരകളോടു ചേർന്നു സമുദ്രനിരപ്പിൽനിന്നു വളരെ ഉയർന്ന ഒരു ഗ്രാമമാണു മോങ്ഫെർമിയെ. ചുരുങ്ങിയ ചിലവിൽ സുഭിക്ഷമായി ജീവിച്ചുപോന്ന അവിടത്തെ കർഷകകുടുംബങ്ങളുടെ ഒരേയൊരു ആശങ്ക ജലദൗർലഭ്യമായിരുന്നു. പട്ടണത്തിൽനിന്നു കാൽ മണിക്കൂറോളം നടന്നു ചെന്നാൽ കാണുന്ന താഴ്‌വാരത്തെ ചെറിയൊരു ചോലയിൽനിന്നു മാത്രമേ അവർക്കു കുടിവെള്ളം കിട്ടിയിരുന്നുള്ളൂ. ചില്ലറ സമ്പാദ്യത്തിനായി വെള്ളം കുടത്തിലാക്കി ചുമന്നു കൊണ്ടു വന്നു വീട്ടുകാർക്കു വിൽക്കുന്നവരും അവർക്കിടയിലുണ്ട്. ചാരായക്കട നടത്തുന്ന തെനാർദിയറടക്കം പ്രഭുക്കളായ പലരും ഒരു കുടം വെള്ളത്തിന് അര ഫാർതിങ്‌വരെ കൊടുത്തിരുന്നു. പക്ഷേ, രാത്രി പെട്ടെന്നൊരാവശ്യം വന്നാൽ അവരവർതന്നെ പുറത്തു പോകേണ്ടിവരും.

അതാണു പാവം കൊസെത്തിനുണ്ടായിരുന്ന ഒരു ഭയം! തെനാർദിയർകുടുംബം രണ്ടുതരത്തിലാണ് അവളെ ഉപയോഗിച്ചിരുന്നത്: അമ്മയുടെ പക്കൽനിന്നു പണം പിടുങ്ങാനും വീട്ടിലെ പണി മുഴുവൻ ചെയ്യിക്കാനും! രാത്രി പുറത്തു പോകുന്നതൊഴിവാക്കാൻ അവളെപ്പോഴും വെള്ളപ്പാത്രം ഒഴിയാതിരിക്കാൻ ശ്രദ്ധിച്ചു.

1823-ലെ ക്രിസ്തുമസ്ദിവസം വൈകുന്നേരം തെനാർദിയറുടെ ചാരായക്കടയിൽ നാലഞ്ചുപേർ കൂടിയിരുന്നു നാട്ടുവർത്തമാനങ്ങൾ പറഞ്ഞു മദ്യപിക്കുകയായിരുന്നു. കീറത്തുണി ധരിച്ച കൊസെത്ത് അടുക്കളയിലെ വെറും നിലത്തിരുന്നു തെനാർദിയറുടെ കുട്ടികൾക്കുള്ള കാലുറ തുന്നുന്നതിനിടയിൽ അവരുടെ വർത്തമാനവും ശ്രദ്ധിച്ചു. അടുത്ത മുറിയിൽ വികൃതികളായ എപ്പൊണൈനും അസൽമയും കളിക്കിടയിൽ പൊട്ടിച്ചിരിക്കുന്നതു കേൾക്കാം. തടിച്ച പ്രകൃതവും കൂർത്ത മുഖവും രാക്ഷസഭാവവുമുള്ള മദാം തെനാർദിയർ സ്വന്തം കുട്ടികളെ മാത്രമേ സ്നേഹിക്കാറുള്ളൂ; ഭർത്താവിനെ അവർക്കു ഭയമായിരുന്നു; കൊസെത്തിനെ അവർ വെറുമൊരു ദാസിയായി കണ്ടു. മെലിഞ്ഞു വി

ളർത്ത പ്രകൃതമുള്ള തെനാർദിയർ കണ്ടാലൊരു രോഗിയാണെന്നു തോന്നുമെങ്കിലും നല്ല ആരോഗ്യവാനായിരുന്നു. പുഞ്ചിരിയോടെ സംസാരിയ്ക്കുന്ന അയാളുടെ നോട്ടത്തിലെപ്പോഴും ഒരു കൗശലഭാവമുണ്ടായിരിയ്ക്കും. വോൾട്ടയറേയും പാർനിയേയും ഇടയ്ക്കിടെ ഉദ്ധരിയ്ക്കുന്ന അയാൾ നല്ല അറിവുള്ളവനാണെന്നു സ്വയം ഭാവിച്ചു. വാട്ടർലൂയുദ്ധത്തിൽ പങ്കെടുത്ത അഭിമാനത്തോടെ കടയ്ക്കു മുമ്പിൽ 'സർജന്റിന്റെ മദ്യശാല'യെന്നൊരു പേരുകൂടി അയാളെഴുതിവെ ച്ചു. ശവം വിതച്ച ഉഴവുചാലുകളിൽനിന്നു ശേഖരിച്ച കുരിശുകളും മുദ്രകളും മോതിരങ്ങളും പക്ഷേ അയാളുടെ ദൈനന്ദിനച്ചിലവുകൾക്കു മതിയായില്ല. അതുകൊണ്ട് എങ്ങനേയും പണമുണ്ടാക്കുന്നതിൽ മാത്രമായിരുന്നു, അയാളുടെ ശ്രദ്ധ. ചുരുക്കത്തിൽ, ചതിയും കോപവും തമ്മിലുള്ള ചേർച്ചയായിരുന്നു തെനാർദിയർദമ്പതിമാരുടെ വിവാഹപ്പൊരുത്തം. നിർഭാഗ്യവശാൽ അവർക്കിടയിലാണു പാവം കൊസെത്ത് ചെന്നുപെട്ടത്.

സന്ധ്യ കഴിഞ്ഞു. പുറത്തു നല്ല ഇരുട്ടായി. പുതിയ നാലു പേർകൂടി കടയിലേയ്ക്കു വന്നു. മദാം തെനാർദിയർ അടുപ്പത്തു കിടന്നു തിളയ്ക്കുന്ന കറിയിൽ കുറച്ചു വെള്ളമൊഴിയ്ക്കാനായി കപ്പുമെടുത്തു വെള്ളത്തൊട്ടിയുടെ അടുത്തേയ്ക്കു നടന്നു. തൊട്ടിയിൽ പാതി കപ്പു നിറയാനുള്ള വെള്ളമേയുള്ളൂ; "ആഹാ, വെള്ളം തീർന്നു, തൽക്കാലം ഇതുകൊണ്ടൊപ്പിയ്ക്കാം!". പക്ഷേ, കൊസെത്തിന്റെ ഹൃദയമിടിപ്പു കൂടി. രാത്രി എത്രയും പെട്ടെന്ന് അവസാനിച്ചു കാണാൻ അവൾ ആശിച്ചു.

പെട്ടെന്നു കടയിലുണ്ടായിരുന്ന ഒരാൾ പുറത്തുനിന്നു വന്നു പറഞ്ഞു, "എന്റെ കുതിരയ്ക്കു വെള്ളം കൊടുത്തിട്ടില്ല".

മദാം തെനാർദിയർ പറഞ്ഞു, "വെള്ളം കൊടുത്തല്ലോ".

"ഇല്ല, എനിയ്ക്കറിയാം, വെള്ളം കിട്ടാഞ്ഞാൽ അവനൊരു ശബ്ദമുണ്ടാക്കാറുണ്ട്, ഇന്നവൻ വെള്ളം കുടിച്ചിട്ടില്ല, തീർച്ച!"

മദാം തെനാർദിയർ കൊസെത്തിനെ നോക്കി. ആലിലപോലെ വിറച്ചുകൊണ്ട് അവൾ വിക്കി വിക്കി പറഞ്ഞു, "ഞാനൊരു തൊട്ടി വെള്ളം കൊണ്ടുചെന്നു കൊടുത്തതാണ്..."

മദാം തെനാർദിയർക്കു കോപം സഹിച്ചില്ല, "കൊള്ളാം, ദുഷ്ടജ

ത്തു കള്ളവും പറഞ്ഞു തുടങ്ങി", തെരുവിലേയ്ക്കുള്ള വാതിൽ മലർക്കെ തുറന്ന് അവളലറി, "പൊയ്ക്കോ, വെള്ളവുമായി ഇങ്ങോട്ടു വന്നാൽ മതി! പോരുന്ന വഴി ഒരപ്പംകൂടി വാങ്ങിച്ചോ, ഇതാ, പതിനഞ്ചു സൂവുണ്ട്, കളയാതെ സൂക്ഷിയ്ക്കണം!"

മടിയിൽനിന്നൊരു നാണയം വലിച്ചെറിഞ്ഞു കൊടുത്തു കൊസെത്തിനെ പുറത്താക്കി അവർ വാതിലടച്ചു. ഒന്നും മിണ്ടാതെ നാണയം കീശയിലിട്ടു തന്നോളം വലിപ്പമുള്ള തൊട്ടിയുമെടുത്തു സഹായിയ്ക്കാൻ ആരെങ്കിലും വരുമെന്നു പ്രതീക്ഷിയ്ക്കുന്നതുപോലെ അവളൽപ്പനേരം അനങ്ങാതെ കുനിഞ്ഞു നിന്നു. അവസാനം തലയുയർത്തി നോക്കിയപ്പോൾ തെരുവിനെതിരെ കളിപ്പാട്ടങ്ങൾ വിൽക്കുന്ന കടയിൽ അണിയിച്ചൊരുക്കി നിർത്തിയ ഒരു പാവയിലാണവളുടെ കണ്ണുകൾ ചെന്നു തറച്ചത്. ഏതാണ്ടു രണ്ടടി ഉയരത്തിൽ കറുത്ത മുടിയും വെളുത്ത തൊങ്ങലുകളുള്ള ചുവന്ന ഉടുപ്പു ധരിച്ചു നിൽക്കുന്ന ആ പാവക്കുട്ടിയെ കണ്ണിമയ്ക്കാതെ നോക്കി അവളമ്പരന്നു നിന്നു. ആ കടയൊരു സ്വർഗമാണെന്നും കടക്കാരൻ ദൈവമാണെന്നും സുന്ദരിയായ പാവക്കുട്ടി മാലാഖയാണെന്നുമൊക്കെ അവൾ സങ്കൽപ്പിച്ചു. "ആ സുന്ദരിക്കുട്ടിയ്ക്കവിടെ എന്തു സുഖമായിരിയ്ക്കും!", അവൾ സ്വയം പറഞ്ഞു. പെട്ടെന്നു പിന്നിൽ മദാം തെനാർദിയറുടെ ശബ്ദം അവൾ കേട്ടു, "എടി പെണ്ണേ, നീയിനിയും പോയില്ലേ?". ഞെട്ടി വിറച്ച അവൾ തൊട്ടിയുമായി ഇരുട്ടിലേയ്ക്കു പറന്നു!

തെരുവിൽ തീരെ ആൾപ്പെരുമാറ്റമില്ല. മുന്നോട്ടു നടക്കുന്തോറും ഇരുട്ടിനു കനം കൂടിവന്നു. ചില വീടുകളിൽ മുനിഞ്ഞു കത്തുന്ന മെഴുകുതിരിനാളം അവൾക്കു വഴി കാണിച്ചു. അവസാനത്തെ വീടും കഴിഞ്ഞപ്പോൾ കാലടികളുടെ അകലം താനേ കുറഞ്ഞതായി അവൾക്കു തോന്നി. ഇനി കാട്ടിലെ ഊടുവഴിയിലൂടെയാണു നടക്കേണ്ടത്. കൊസെത്ത് തൊട്ടി താഴെ വെച്ചു. പേടിച്ചരണ്ടു നിസ്സഹായരായ കുട്ടികൾ സാധാരണ ചെയ്യാറുള്ളതുപോലെ അവൾ രണ്ടു കൈകളും കൊണ്ടു തല ചൊറിയാൻ തുടങ്ങി. തൊട്ടു മുമ്പിലുള്ള കുറ്റിക്കാട്ടിൽ

ആരോ പുല്ലിലൂടെ നടക്കുന്ന ശബ്ദം അവൾ കേട്ടു. ചെകുത്താനായിരിയ്ക്കുമോ? ഭയം അവൾക്കു തന്റേടമുണ്ടാക്കി. തൊട്ടി കൈയിലെടുത്ത് അവൾ തിരിഞ്ഞു നടന്നു. കുറച്ചു ദൂരം ചെന്നപ്പോഴേയ്ക്കും കണ്ണുകളിൽ കോപം കത്തുന്ന മദാം തെനാർദിയരുടെ പ്രേതരൂപം അവളുടെ മനസ്സിൽ തെളിഞ്ഞു. പ്രേതത്തിനും ചെകുത്താനുമിടയിൽപ്പെട്ട അവൾ വീണ്ടും നടത്തം മതിയാക്കി തല ചൊറിയാൻ തുടങ്ങി. ഒടുവിൽ കണ്ണും കാതുമടച്ച് കാട്ടിലേയ്ക്കുള്ള വഴിയേ അവൾ പാഞ്ഞു. ഓടുന്നതിനിടയിൽ കരച്ചിലടക്കാൻ അവൾ പാടുപെട്ടു.

ചോലയിലേയ്ക്കു ചാഞ്ഞുനിൽക്കുന്ന ഒരു മരക്കൊമ്പു തപ്പിപ്പിടിച്ച് അവളതിൽ തൂങ്ങിനിന്നു തൊട്ടി വെള്ളത്തിൽ മുക്കി. അങ്ങനെ കീഴോട്ടു കുനിയുന്നതിനിടയിൽ ഉടുപ്പിന്റെ കീശയിലുണ്ടായിരുന്ന നാണയം താഴെ വെള്ളത്തിൽ വീണു. പക്ഷേ, വികാരാവേഗം കാരണം അവളതു കാണുകയോ ശബ്ദം കേൾക്കുകയോ ചെയ്തില്ല. വെള്ളം നിറഞ്ഞ തൊട്ടി അവളെടുത്തു പൊന്തിച്ചു കരയ്ക്കു വെച്ചു. ആ അത്യദ്ധ്വാനം മൂലം ക്ഷീണിച്ചുപോയ അവൾ അൽപ്പനേരം നിലത്തു മണ്ണിൽ കണ്ണടച്ചു കുനിഞ്ഞിരുന്നു.

കുറച്ചു കഴിഞ്ഞപ്പോൾ കൊസെത്തു കണ്ണു തുറന്നു. കനത്തിരുണ്ട കാട്ടിൽ ഒരിലപോലും അനങ്ങുന്നില്ല. ആകാശത്തു തിങ്ങിക്കൂടിയ കാർമേഘങ്ങൾക്കിടയിൽ ഒരു നക്ഷത്രം മാത്രം തെളിഞ്ഞു നിന്നു. അവൾ ആ നക്ഷത്രത്തെ അമ്പരപ്പോടെ നോക്കി. ഹൃദയത്തെ പിടിച്ചു കുലുക്കിയ ആ വിജനതയിൽനിന്നു രക്ഷപ്പെടാനെന്നപോലെ അവൾ ഒന്ന്, രണ്ട്, മൂന്ന് എന്നിങ്ങനെ പത്തുവരെ ഉറക്കെ ആവർത്തിച്ചെണ്ണാൻ തുടങ്ങി. എത്രയും പെട്ടെന്നു വീടുകളും ജനാലകളിൽ വിളക്കുകളുമുള്ള ഭാഗത്തെത്തിച്ചേരാൻവേണ്ടി അവൾ വെള്ളത്തൊട്ടിയുമെടുത്തു വേച്ചു വേച്ചു നടന്നു. തൊട്ടിയുടെ ഭാരം മൂലം ഇടയ്ക്കിടെ അവൾക്കു നിൽക്കേണ്ടിവന്നു. പിന്നേയും മുന്നോട്ടു തല കുനിച്ച് ഇരുവശത്തേയ്ക്കും ഉലഞ്ഞാടി ഒരു കിഴവിയെപ്പോലെ അവൾ നടന്നു. ശ്വാസം കിട്ടാതെ പലപ്പോഴും അവൾ നിന്നു കിതച്ചു, തേങ്ങലുകൾ തൊണ്ടയിലുടക്കി നിന്നു. വീട്ടിലെത്താൻ ഇനിയേറെ സമയം വേണ്ടി വ

ുമെന്നും വൈകിപ്പോയതിനു മദാം തെനാർദിയറുടെ ശിക്ഷയേൽ ക്കേണ്ടിവരുമെന്നും ഓർത്തപ്പോൾ അവൾക്കുറക്കെ നിലവിളിയ്ക്കാതി രിയ്ക്കാൻ കഴിഞ്ഞില്ല.

പെട്ടെന്നാരോ പിന്നിലൂടെ വന്നു വെള്ളത്തൊട്ടിയുടെ പിടി കട ന്നുപിടിച്ചു. അവൾ തലയുയർത്തി നോക്കി. നീണ്ടുനിവർന്ന ഒരു മനു ഷ്യൻ ഒരക്ഷരം മിണ്ടാതെ അവളുടെ കൂടെ നടക്കുന്നു. കൊസെത്തി നു തീരെ ഭയം തോന്നിയില്ല! കുറച്ചു ദൂരം ചെന്നപ്പോൾ അയാൾ ചോ ദിച്ചു, "തൊട്ടിയ്ക്കു നല്ല കനമുണ്ടല്ലോ; ഈ രാത്രി എങ്ങോട്ടാണു നീ പോകുന്നത്?"

പ്രശാന്തമായ ആ ശബ്ദം പകർന്ന ആത്മധൈര്യത്തോടെ അവൾ പറഞ്ഞു, "മദാം തെനാർദിയറുടെ ചാരായക്കടയിലേയ്ക്ക്!"

"ചാരായക്കടയോ? അപ്പോൾ നിനക്കൊരു വീടില്ലേ?"

"എനിയ്ക്കൊരു വീടുമില്ല, അമ്മയുമില്ല", അവൾ പറഞ്ഞു.

"എന്താണു നിന്റെ പേര്?'

"കൊസെത്ത്!"

പെട്ടെന്നൊരു മിന്നൽ മുഖത്തു വന്നു പതിച്ചതുപോലെ അയാളവ ളെ സൂക്ഷിച്ചുനോക്കി. അൽപ്പനേരത്തെ മൗനത്തിനുശേഷം അയാ ൾ വീണ്ടും ചോദിച്ചു, "ചാരായക്കടയിൽ മറ്റാരുമില്ലേ?"

"മദാം തെനാർദിയറുടെ രണ്ടു കുട്ടികളുണ്ട്, നല്ല ചന്തമുള്ള പാവക ളുമായി അവർ പകൽ മുഴുവൻ കളിച്ചുകൊണ്ടിരിയ്ക്കും"

"അപ്പോൾ നീയെന്തു ചെയ്യും?"

"എനിയ്ക്കു കളിയ്ക്കാൻ സമയമില്ല, ഒരുപാട് പണിയുണ്ട്"

അപ്പോഴേയ്ക്കും അവർ കടയുടെ മുമ്പിലെത്തി. വാതിൽ തുറന്നു കൊസെത്തിനെ ചീത്ത പറയാനോങ്ങിയ മദാം തെനാർദിയർ കൂ ടെ പിച്ചക്കാരനെപ്പോലുള്ള ഒരാളെ കണ്ടു മുഖം ചുളിച്ചു പറഞ്ഞു. "ഇ ല്ല, ഇവിടെ മുറിയൊന്നും ഒഴിവില്ല"

"കുതിരപ്പന്തിയിലെങ്കിലും ഒരിടമില്ലേ?", അയാൾ ചോദിച്ചു.

അവർ ഭർത്താവുമായി ആലോചിച്ചു പതിവിലിരട്ടി വാടക പറ

ഞ്ഞു പിച്ചക്കാരനെ ഒഴിവാക്കാമെന്നു കരുതി, "നാൽപ്പതു സൂ!"

"ശരി", അയാൾ മാറാപ്പു ബെഞ്ചിൽ വെച്ചു. മേശപ്പുറത്തെ വീഞ്ഞെടുത്തു ചുണ്ടൊന്നു നനച്ച് അയാൾ അടുക്കളമേശയുടെ ചുവട്ടിലിരുന്നു തുന്നാൻ തുടങ്ങിയ കൊസെത്തിനെ ശ്രദ്ധിച്ചു.

പെട്ടെന്നു മദാം തെനാർദിയർ ഉച്ചത്തിൽ വിളിച്ചു ചോദിച്ചു, "എടീ, പെണ്ണേ, ഞാൻ വാങ്ങാൻ പറഞ്ഞ അപ്പമെവിടെ?"

കൊസെത്ത് ഞെട്ടി. അവളക്കാര്യം തീരെ മറന്നുപോയിരുന്നു. "അപ്പക്കട അടച്ചുപോയി", അവൾ പെട്ടെന്നൊരു നുണ പറഞ്ഞു.

"എനിക്കു വിശ്വാസമില്ല, എങ്കിൽ പണമെവിടെ?"

അവൾ കീശ തപ്പിനോക്കി. നാണയം കാണാനില്ല. കീശ അകം പുറം മറിച്ചു കുടഞ്ഞു. അടുപ്പത്തുനിന്നൊരു ചട്ടുകവുമായി വന്ന മദാം തെനാർദിയർ അലറി, "അപ്പോൾ നീ പണം കളഞ്ഞു, അല്ലേ, കാണിച്ചുതരാം". അവരവളുടെ നേർക്കു കൈയോങ്ങി.

ഇതെല്ലാം കണ്ടു നിന്ന വഴിപോക്കൻ പറഞ്ഞു, "ഇതാ ഒരു നാണയം, കീശയിൽനിന്നു തെറിച്ചു വീണതായിരിക്കും!"

കൊസെത്തിനു കൊടുത്ത പതിനഞ്ചു സൂവിനു പകരം ഇരുപതു സൂവിന്റെ നാണയം കിട്ടിയ ലാഭഹർഷത്തോടെ അവരവളെ തറപ്പിച്ചൊന്നു നോക്കി പിൻവാങ്ങി.

അതിനിടയിൽ അടുത്ത മുറിയിൽനിന്നു രണ്ടു പെൺകുട്ടികൾ തമാശ പറഞ്ഞു പൊട്ടിച്ചിരിച്ചു കടന്നു വന്നു. ചുറുചുറുക്കും ആരോഗ്യവുമുള്ള അവർ കാണാൻ ചന്തമുള്ളവരുമായിരുന്നു. മദാം തെനാർദിയർ ഉടനെ അവരെ വാരിപ്പിടിച്ചു മടിയിലിരുത്തി മുടി മിനുക്കി കവിളത്തൊരുമ്മ വെച്ചു കളിപ്പാവയെടുത്തു കളിക്കാൻ വിട്ടു. രണ്ടുപേരും കൂടി ആ പാവയെ അണിയിച്ചൊരുക്കുന്നതു കൊസെത്ത് തെല്ലൊരസൂയയോടെ നോക്കിക്കണ്ടു. കുറച്ചു കഴിഞ്ഞപ്പോൾ ആ വഴിക്കു പമ്മി വന്ന ഒരു പൂച്ചയെ പിടികൂടാൻ ശ്രമിക്കുന്നതിനിടെ അവർ പാവയെ ഉപേക്ഷിച്ചു. മേശക്കടിയിൽ തൊട്ടടുത്തു കിടക്കുന്ന പാവയുടെ നേർക്കു കൊസെത്ത് ഇടക്കിടെ കണ്ണയക്കുന്നതു വഴിപോക്കൻ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഒടുവിൽ പ്രലോഭനം സഹിക്കാനാവാതെ ആരും

കാണുന്നില്ലെന്നുറപ്പു വരുത്തി അവൾ ആ പാവയെ കൈയെത്തി പ്പിടിച്ചു മടിയിലിരുത്തി. കളിയ്ക്കാനൊരു പാവയില്ലാത്ത പെൺകുട്ടി, താലോലിയ്ക്കാനൊരു പൈതലില്ലാത്ത സ്ത്രീയെപ്പോലെ, ശപിയ്ക്കപ്പെട്ട വളാണെന്ന് ആർക്കാണു ബോദ്ധ്യമില്ലാത്തത്?!

പൂച്ചയെക്കൊണ്ടുള്ള കളി കഴിഞ്ഞു തിരിഞ്ഞുനോക്കിയപ്പോഴാ ണു കുട്ടികൾ പാവയെ മടിയിലെടുത്തു ലാളിയ്ക്കുന്ന കൊസെത്തിനെ കണ്ടത്. അവരുടനെ അമ്മയുടെ അടുത്തു ചെന്നു പരാതി പറഞ്ഞു. പെട്ടെന്നൊരു യക്ഷിയുടെ ഭാവം പൂണ്ട മദാം തെനാർദിയർ അലറി വിളിച്ചു, "ആഹാ, നിനക്കിപ്പോൾ പണി ചെയ്യാതെ പാവയുമായി ക ളിയ്ക്കണം! കാണിച്ചു തരാം, ഇടയ്ക്കൊന്നു തന്നില്ലെങ്കിൽ-", അവർ വീ ണ്ടും ചട്ടുകവുമായി വന്നു.

പാവയെ കിട്ടിയതിലുള്ള സന്തോഷത്തിൽ മതി മറന്ന കൊസെ ത്ത് പെട്ടെന്നുണ്ടായ ഭൂകമ്പത്തിൽ ഞെട്ടി വിറച്ചു. അവളൊരുതരം ഭ ക്തിയോടെ പാവയെ നിലത്തുകിടത്തി തല കുനിച്ചിരുന്നു തേങ്ങി ക്കരയാൻ തുടങ്ങി.

അതിനിടെ വഴിപോക്കൻ വാതിൽ തുറന്നു പുറത്തു പോയി എ തിർവശത്തെ കടയിൽ അണിയിച്ചൊരുക്കിവെച്ചിരുന്ന സുന്ദരിപ്പാവ യുമായി തിരിച്ചെത്തി. അയാളതിനെ കൊസെത്തിനു മുമ്പിൽ കൊ ണ്ടുനിർത്തി പറഞ്ഞു, "ഇതാ, നിനക്കൊരു പാവ!"

കൊസെത്ത് തലയുയർത്തി നോക്കി. അവൾക്കു വിശ്വസിയ്ക്കാനാ യില്ല. ഗ്രാമത്തിലെ പെൺകുട്ടികളൊക്കെ ആർത്തിയോടെ നോക്കി നിന്ന ആ സുന്ദരിപ്പാവ തന്റേതായിരിയ്ക്കുന്നു! ആകസ്മികമായി വന്ന സൗഭാഗ്യത്തോടു പൊരുത്തപ്പെടാനാവാതെ അവൾ മേശയുടെ ചുവ ട്ടിൽ ചെന്നൊളിച്ചു. തെനാർദിയർമാരടക്കം കടയിൽ സംഭവം കണ്ടു നിന്ന സകലരും സ്തബ്ധരായി നിന്നു. തെനാർദിയർ വിചാരിച്ചു, 'ക ണ്ടാലൊരു ഇരപ്പാളിയായ ഇയാളുടെ പക്കൽ പിടിപ്പതു പണമുണ്ട ല്ലോ! വല്ല കള്ളനോ മറ്റോ..'

ആദ്യത്തെ ഭയവും ആശങ്കയും തെല്ലൊന്നു കുറഞ്ഞപ്പോൾ കൊ

സെത്ത് വഴിപോക്കന്റെ അടുത്തു ചെന്നു ചോദിച്ചു, "സർ, ഈ സുന്ദരിപ്പാവ എനിയ്ക്കുള്ളതാണോ?"

കണ്ണിൽ വെള്ളം നിറഞ്ഞു കരച്ചിലടക്കുന്നതിനിടയിൽ ശബ്ദം പൊങ്ങാതെ അയാൾ ആ പാവയെടുത്തു കൊസെത്തിന്റെ മെലിഞ്ഞ കൈപ്പടത്തിൽ വെച്ചുകൊടുത്തു. പെട്ടെന്നു പൊള്ളലേറ്റതുപോലെ കൈ പിൻവലിച്ചെങ്കിലും അവളുടെ സന്തോഷത്തിനതിരുണ്ടായിരുന്നില്ല. അവളതിനെ മാറോടു ചേർത്തു ചുംബിച്ചു.

ഇതെല്ലാം നിശ്ശബ്ദം നോക്കിക്കൊണ്ടിരുന്ന തെനാർദിയർ മേശപ്പുറത്തു കൈകുത്തി നിന്നു ചിന്തിയ്ക്കാൻ തുടങ്ങി. കുപ്പായക്കീശയിൽ നിന്നു പണം വെറുതെ വാരിയെടുത്തു വിതറുന്ന ഇയാളാരായിരിയ്ക്കും? അർദ്ധരാത്രിയോടെ കടയിലെ പറ്റുകാരെല്ലാം പിരിഞ്ഞു. കുട്ടികളുറങ്ങാൻ പോയി. കടക്കാരനും വഴിപോക്കനും മാത്രം ഓരോന്നാലോചിച്ചു നിശ്ശബ്ദരായിരുന്നു. രണ്ടു മണിയോടെ ഭാര്യ അടുപ്പു കെടുത്തി മുറിയിലേയ്ക്കു പോയപ്പോൾ തെനാർദിയർ വഴിപോക്കന്റെ അടുത്തു ചെന്നു ചോദി ച്ചു, "മൊസ്യു, കിടക്കാൻ പോകുന്നില്ലേ?"

പെട്ടെന്നു മനോരാജ്യത്തിൽനിന്നുണർന്ന അയാൾ ചോദിച്ചു, "അതെ, ഉറങ്ങണം. എവിടെയാണു കുതിരപ്പന്തി?"

ചുണ്ടിലൊരു പുഞ്ചിരിയുമായി തെനാർദിയർ അയാളെ താഴത്തെ നിലയിലെ നല്ലൊരു മുറി കാണിച്ചുകൊടുത്തശേഷം, പിറ്റേന്നു രാവിലെ വഴിപോക്കന്റെ പക്കൽനിന്നു നല്ലൊരു തുക പിടുങ്ങാനുള്ള വഴികളാലോചിയ്ക്കാൻ ഭാര്യയുടെ അടുത്തെത്തി.

സ്വന്തം മക്കൾക്കില്ലാത്ത സൗഭാഗ്യം കൊസെത്തിനു ലഭിച്ചതിൽ മനസ്സാകെ ചുട്ടുപോയ ഭാര്യ പറഞ്ഞു, "നാളെ ഞാനവളെ ചവിട്ടിപ്പുറത്താക്കും. ആ സുന്ദരിപ്പാവയുമായി അവളെ ഒരു ദിവസം ഞാനിവിടെ താമസിപ്പിയ്ക്കില്ല!"

ഭർത്താവ് പറഞ്ഞു, "അതെ, ഞാനും അതാണാലോചിയ്ക്കുന്നത്. എനിയ്ക്കേതാണ്ട് ആയിരത്തഞ്ഞൂറു ഫ്രാങ്ക് കടവുമുണ്ട്!"

കാലത്തു നേരത്തേ എഴുന്നേറ്റ വഴിപോക്കൻ മാറാപ്പും പൊന്തൻ വടിയുമെടുത്തു പുറത്തേയ്ക്കു വന്നു.

"മൊസ്യ, ഇത്ര പെട്ടെന്ന പുറപ്പെടുകയായോ?", മദാം തെനാർദിയർ സ്വരത്തിൽ മന:പൂർവമായ ഭവ്യതയോടെ ചോദിച്ചു.

"അതെ മദാം, എനിയ്ക്കുടനെ പോകണം. ഇവിടെ കച്ചവടമൊക്കെ നന്നായി നടക്കുന്നില്ലേ?"

സംസാരം നീട്ടിക്കൊണ്ടുപോകാൻ കിട്ടിയ അവസരം പാഴാക്കാതെ അവർ തുടർന്നു, "ഓ, കാലം വളരെ മോശം! മൊസ്യവിനെപ്പോലെ ചിലരൊക്കെ ഇടയ്ക്കു വന്നില്ലെങ്കിൽ ഞങ്ങളെങ്ങനെ കഴിഞ്ഞുകൂടും? നോക്കു, നിങ്ങളിന്നലെ കണ്ട ആ കുട്ടിയുടെ കാര്യം- അവൾ ഞങ്ങളുടെ മകളല്ല. എന്നിട്ടും ഞങ്ങളവളെ പോറ്റുന്നു, ആരുടേയും ദയ പ്രതീക്ഷിച്ചല്ല, ദൈവത്തെയോർത്തു മാത്രം-"

"എങ്കിൽ ഞാനവളെ കൊണ്ടുപൊയ്ക്കൊള്ളാം, നിങ്ങളുടെ ഭാരവും കുറയും", അയാൾ ഉദാസീനഭാവത്തിൽ പറഞ്ഞു.

പെട്ടെന്ന മദാം തെനാർദിയറുടെ മുഖം തെളിഞ്ഞു. അവർ ചോദിച്ചു, "നേരാണോ? നിങ്ങളവളെ കൊണ്ടുപോകുമോ?"

"തീർച്ചയായും, ഇപ്പോൾത്തന്നെ, കുട്ടിയെ വിളിയ്ക്കൂ!"

തലയ്ക്കുള്ളിലൊരു മിന്നൽ തട്ടിയതുപോലെ അവർ പെട്ടെന്ന പിൻവാങ്ങി വിലപേശാനായി ഭർത്താവിനെ പറഞ്ഞുവിട്ടു.

തെനാർദിയർ വഴിപോക്കനെ ഒരു കസേരയിൽ പിടിച്ചിരുത്തി നിഷ്ക്കളങ്കമായ മുഖഭാവത്തോടെ പറഞ്ഞു, "സർ, ആ പാവം കുട്ടിയെ വിട്ടുതരാൻ ഞങ്ങൾക്കു നല്ല വിഷമമുണ്ട്. ആരോരുമില്ലാത്ത അവൾക്കുവേണ്ടി ഞങ്ങളൊരുപാടു പണം ചെലവാക്കി. ഈയിടെ ചികിത്സയ്ക്കായി മാത്രം നാനൂറു ഫ്രാങ്ക് വേണ്ടിവന്നു. യാതൊന്നും പ്രതീക്ഷിച്ചല്ല, ദൈവത്തിന്റെ പേരിലും ചിലതൊക്കെ നമ്മൾ ചെയ്യണമല്ലോ! കുറ്റങ്ങളും കുറവുകളുമുണ്ടെങ്കിലും ഒരു ദിവസം അവളെ കാണാതിരുന്നാൽ എനിയ്ക്കുറക്കം വരില്ല"

വഴിപോക്കൻ അയാളെ സശ്രദ്ധം നിരീക്ഷിച്ചു. കടക്കാരൻ തുടർന്നു, "അങ്ങനെ ആർക്കെങ്കിലും അവളെ പിടിച്ചുകൊടുക്കാനാവുമോ? എനിയ്ക്കെപ്പോഴെങ്കിലും കാണാൻ തോന്നിയാൽ എന്തുചെയ്യും?

അതുകൊണ്ട് നിങ്ങളുടെ പേരും വിലാസവും-"

അതിനകം അയാളെ സൂക്ഷ്മമായി മനസ്സിലാക്കിക്കഴിഞ്ഞ വഴി പോക്കൻ ഗൗരവസ്വരത്തിൽ മറുപടി പറഞ്ഞു, "മൊസ്യു തെനാർദിയർ, അവളിനി ഒരിയ്ക്കലും നിങ്ങളെ കാണാൻ പാടില്ലെന്നാണ ഞാൻ കരുതുന്നത്. ഞാനവളെ കൊണ്ടുപോകുന്നു. നിങ്ങൾക്കു സമ്മതമുണ്ടോ, ഇല്ലയോ?"

അസാമാന്യനായൊരു മനുഷ്യനുമായാണ താനിടപെടുന്നതെന്നു തെനാർദിയർക്കു ബോദ്ധ്യമായി. തലേന്നു രാത്രി ഉറക്കമൊഴിച്ചിരുന്നു ചിന്തിച്ചതെല്ലാം അയാളുടെ മനസ്സിൽ പൊന്തിവന്നു. വഴിപോക്കന്റെ യാഥാർത്ഥ്യം വെളിച്ചത്തു കൊണ്ടുവരണമെന്ന നിശ്ചയദാർഢ്യത്തോടെ അയാൾ പറഞ്ഞു, "ശരി, സമ്മതിച്ചു, പക്ഷേ, എനിയ്ക്ക് ആയിരത്തഞ്ഞൂറു ഫ്രാങ്ക് വേണം!"

വഴിപോക്കൻ കീശയിൽനിന്ന് അഞ്ഞൂറു ഫ്രാങ്കിന്റെ മൂന്നു പുത്തൻ നോട്ടുകളെടുത്തു മേശപ്പുറത്തുവെച്ചു പറഞ്ഞു, "കൊസെത്തിനെ കൊണ്ടുവരൂ!"

തലേന്നുണ്ടായ സംഭവങ്ങളുടെ നിജസ്ഥിതി അപ്പോഴും വെളിവാകാത്ത കൊസെത്ത് പതിവുപോലെ മുറ്റമടിയ്ക്കുമ്പോഴാണ മദാം തെനാർദിയർ ചെന്നു വിളിച്ചത്. അതീവവാത്സല്യത്തോടെ അവർ പറഞ്ഞു, "നിന്നെയതാ ആ മനുഷ്യൻ വിളിയ്ക്കുന്നുണ്ട്"

അവളുടനെ സ്ഥലത്തെത്തി. വഴിപോക്കൻ മാറാപ്പിൽനിന്നു നല്ലൊരുടുപ്പും കാലുറകളും കൈലേസും എടുത്തു കൊടുത്തു പറഞ്ഞു, "ഇതെല്ലാം ധരിച്ചു പെട്ടെന്നു വരൂ, നമുക്കു പോകാം!"

നേരം പുലർന്നപ്പോൾ മാറത്തൊരു പാവക്കുട്ടിയെ ചേർത്തു പിടിച്ചു വൃദ്ധനായ വഴിപോക്കന്റെ കൂടെ പാരീസിലേയ്ക്കുള്ള വഴിയേ നടന്നുപോകുന്ന ആ പാവം പെൺകുട്ടിയെയാണ ഗ്രാമവാസികൾ കണികണ്ടത്. ദൈവത്തിന്റെ സാമീപ്യത്തിലുണ്ടാകുന്ന ഒരുതരം ആത്മധൈര്യം അവളുടെ മുഖത്തു നിഴലിച്ചിരുന്നു.

അവർ രണ്ടുപേരും പൊയ്ക്കഴിഞ്ഞപ്പോൾ കുറച്ചുനേരത്തേയ്ക്കു ബോധം നഷ്ടപ്പെട്ടുപോയ തെനാർദിയർ ഭാര്യയെ വിളിച്ചു വഴിപോ

ക്കൻ തന്ന മൂന്നു നോട്ടുകൾ കാണിച്ചു കൊടുത്തു.

"ഇത്രയേ ഉള്ളോ?", അവർ ചോദിച്ചു. പെട്ടെന്നു ചിന്താശക്തി വീണ്ടെടുത്തുകൊണ്ട് അയാൾ പറഞ്ഞു, "അതെ, ഞാനെന്തൊരു വിഡ്ഢി! തൊപ്പിയെവിടെ, ഞാനിപ്പോൾ വരാം"

അയാൾ നോട്ടുകൾ മൂന്നും മടക്കി കീശയിലിട്ടു വഴിപോക്കന്റെ പിന്നാലെ പായുമ്പോൾ സ്വയം ആലോചിച്ചു, 'കൈവിട്ടു പോയ ആ കോടീശ്വരനെ എങ്ങനേയും കണ്ടുപിടിയ്ക്കണം. കുട്ടിയ്ക്കുള്ള ഉടുപ്പുകൂടി അയാൾ മാറാപ്പിൽ കരുതിയിരിയ്ക്കുന്നു... ഇതിലെന്തോ രഹസ്യമുണ്ട്, ഒന്നും പിടി കിട്ടുന്നില്ല!'. അങ്ങനെ കോഴിക്കുഞ്ഞിനെ മണത്തറിഞ്ഞു ചെല്ലുന്ന കുറുക്കന്റെ കൗശലത്തോടെ അയാളവരെ പിന്തുടർന്നു.

അവസാനം ഷേലിലെ സന്യാസിമഠത്തിനു സമീപം കുന്നിൻചെരിവിലിരുന്നു വിശ്രമിയ്ക്കുന്ന അവരെ അയാൾ കണ്ടുപിടിച്ചു. ഒരു മുന്നറിയിപ്പുമില്ലാതെ പെട്ടെന്നവരുടെ മുന്നിൽ ചെന്നുനിന്ന അയാൾ പറഞ്ഞു, "ക്ഷമിയ്ക്കണം, സർ, ഇതാ നിങ്ങളുടെ പണം, ഇവളെ ഞാൻ തിരിച്ചു കൊണ്ടുപോകുന്നു!"

കൊസെത്ത് പേടിച്ചു ചൂളി വൃദ്ധനോടു പറ്റിച്ചേർന്നിരുന്നു.

അയാൾ തുടർന്നു, "നോക്കു ഇവളെന്റെ മകളല്ല. സ്വന്തം അമ്മയുടെ കൂടെ മാത്രമേ എനിയ്ക്കിവളെ പറഞ്ഞയയ്ക്കാൻ കഴിയൂ! അമ്മ മരിച്ചു പോയെന്നു നിങ്ങൾ പറയുമായിരിയ്ക്കും. എങ്കിൽ തെളിവായി അവരുടെ കത്തെങ്കിലും എനിയ്ക്കു വേണം!".

ആ മനുഷ്യൻ മറുപടി പറയാതെ കീശയിൽനിന്നൊരു നോട്ടുപുസ്തകം പുറത്തെടുത്തു. ഇനിയും പണമിറക്കാനുള്ള പുറപ്പാടാണെന്നു കരുതി തെനാർദിയർ സന്തോഷിച്ചു. പക്ഷേ, വൃദ്ധൻ അയാളുടെ കൈയിൽ വെറുമൊരു കടലാസുതുണ്ടു വെച്ചു കൊടുത്തു പറഞ്ഞു, "നിങ്ങൾ പറഞ്ഞതാണു ശരി, ഇതു വായിയ്ക്കു!"

ഫൻതീൻ മരണക്കിടയ്ക്കയിൽ കിടന്നു തെനാർദിയർക്കെഴുതിയ കത്തായിരുന്നു, ആ കടലാസുതുണ്ട്. തലയ്ക്കടിയേറ്റതുപോലെ അയാൾ നിന്നു വിയർത്തു. എങ്കിലും കെണിയിൽ കുടുങ്ങിയ ചെന്നായ ചെ

യ്യുന്നതുപോലെ അയാളൊന്നുകൂടി പിടഞ്ഞു.

"പക്ഷേ, എനിയ്ക്കൊരുപാടു പണം ചിലവായിട്ടുണ്ട്-"

അയാൾ പറഞ്ഞവസാനിപ്പിയ്ക്കുന്നതിനു മുമ്പ് വഴിപോക്കൻ എഴു ന്നേറ്റു കൊസെത്തിന്റെ കൈ പിടിച്ചു പൊന്തൻവടി നിലത്തൂന്നി മു ന്നോട്ടു നടക്കാൻ തുടങ്ങി. വിട്ടു കൊടുക്കാൻ ഭാവമില്ലാതെ തെനാർ ദിയറും കുറച്ചു പിന്നിലായി അവരെ പിന്തുടർന്നു. ഇടയ്ക്കെപ്പോഴോ പി ന്തിരിഞ്ഞുനോക്കിയ വഴിപോക്കന്റെ തീക്ഷ്ണമായ നോട്ടത്തിൽ സ്വ യം ദഹിച്ചുപോകുന്നതായി അയാൾക്കു തോന്നി. ഇനി മുന്നോട്ടു പോ കുന്നതു 'ജീവനുപോലും ഭീഷണിയാകു'മെന്ന തോന്നലോടെ തെനാർ ദിയർ ഭഗ്നാശനായി തിരിച്ചുപോന്നു.

അതെ, ഴാങ്വാൽഴാങ് മരിച്ചിട്ടില്ല! ഓറിയോങ് കപ്പലിൽനിന്നു വെള്ളത്തിലേയ്ക്കു ചാടിയ അയാൾ വളരെ ദൂരം നീന്തിച്ചെന്നു കരയ്ക്കു കയറി. പിന്നീട് രാത്രിസമയങ്ങളിൽ ആൾസഞ്ചാരം കുറഞ്ഞ വഴി കളിലൂടെ യാത്ര ചെയ്തു അയാൾ പാരീസിലെത്തി. തൽക്കാലത്തേ യ്ക്കൊരു താമസസ്ഥലം ഏർപ്പാടാക്കിയശേഷം ഴാങ്വാൽഴാങ് നേ രേ മോങ്ഫെർമിയെയിലേയ്ക്കു പുറപ്പെട്ടു. പോകുന്ന വഴി അയാൾ ഏ ഴു വയസ്സുള്ള ഒരു പെൺകുട്ടിയുടെ ഉടുപ്പും കാലുറകളുംകൂടി വാങ്ങി മാ റാപ്പിൽ വെച്ചു.

തെനാർദിയർമാരുടെ പക്കൽനിന്നു കൊസെത്തിനെ മോചി പ്പി ച്ച അന്നു സന്ധ്യയ്ക്കുതന്നെ അവർ പാരീസിലെത്തി. വഴിയിൽ കണ്ട കടകളിൽനിന്നു വാങ്ങിയ ഭക്ഷണം അവർ മരച്ചുവട്ടിലിരുന്നു കഴിച്ചു. ക്ഷീണിച്ചവശയായ കൊസെത്തിനെ പലപ്പോഴും അയാൾ പുറത്തേ റ്റി നടന്നു. അവളാകട്ടെ, പാവക്കുട്ടിയെ കൈ വിടാതെ അയാളുടെ ചു മലിൽ തലവെച്ചു സുഖമായുറങ്ങി.

4 : ഗോർബോചെറ്റപ്പുര

പാരീസ് നഗരത്തിന്റെ ബാഹ്യഭാഗത്തു ജനവാസം തീരെയില്ലാ ത്ത ബാരിയർതെരുവിലെ ഒരു കെട്ടിടത്തിനു മുമ്പിൽ കൊസെത്തി നേയും ചുമലിലേറ്റി ഴാങ്വാൽഴാങ് ചെന്നു നിന്നു. പുറമേയ്ക്കു ചെറു

തെന്നു തോന്നുമെങ്കിലും സാമാന്യം വലിപ്പമുള്ള ആ കെട്ടിടത്തിൽ പണ്ടു താമസിച്ചിരുന്ന 'ഗോർബോ'യുടെ ചെറ്റപ്പുരയാണു മൊങ്ഫെർമിയെയിലേയ്ക്കു പോകുന്നതിനുമുമ്പ് അയാൾ താമസസ്ഥലമായി തിരഞ്ഞെടുത്തിരുന്നത്.

കുപ്പായക്കീശയിൽനിന്നു താക്കോലെടുത്തു വാതിൽ തുറന്ന് അയാൾ കൊസെത്തിനേയുംകൊണ്ടു കോണിപ്പടി കയറി. വീട്ടുടമസ്ഥയായ വൃദ്ധ തട്ടിൻപുറത്തുള്ള ആ മുറി ഒരുവിധം ഒതുക്കിവെച്ചിരുന്നു. ഴാങ്വാൽഴാങ് കുട്ടിയെ ഉറക്കമുണർത്താതെ കട്ടിലിൽ കൊണ്ടുചെന്നു കിടത്തി, തീപ്പെട്ടിയുരച്ചു വിളക്കു കൊളുത്തി. സന്തോഷപാരവശ്യം നിറഞ്ഞ കണ്ണുകളോടെ അയാളവളുടെ മുഖത്തേയ്ക്കു നോക്കി, കൈയെടുത്തു ചുംബിച്ചു, താഴെ മുട്ടു കുത്തിയിരുന്നു പ്രാർത്ഥിച്ചു.

പെട്ടെന്നു തെരുവിലൂടെ കടന്നുപോയ ഒരു ഭാരവണ്ടിയുടെ ശബ്ദം കേട്ട അവൾ ഞെട്ടിയുണർന്നു പറഞ്ഞു, “മദാം, ഇതാ ഞാനെത്തി!”. കണ്ണു തിരുമ്മി മുറിയുടെ മൂലയ്ക്കലേയ്ക്കു കൈ നീട്ടിയ അവൾ ചോദിച്ചു, “അയ്യോ, എന്റെ ചൂലെവിടെ?”

കിടയ്ക്കയിൽ എഴുന്നേറ്റിരുന്നു നല്ലവണ്ണം കണ്ണുതുറന്ന അവൾ ഴാങ്വാൽഴാങിന്റെ പുഞ്ചിരിയ്ക്കുന്ന മുഖമാണു കണ്ടത്; തൊട്ടടുത്തൊരു പാവക്കുട്ടിയും! അവളത്ഭുതപ്പെട്ടു, “അപ്പോൾ.. അതൊന്നും സ്വപ്നമായിരുന്നില്ല.., മൊസ്യു, നിങ്ങളും!”

പുതിയ മുറിയും പരിസരങ്ങളും കണ്ട അവൾ അയാളോട് ഒരുപാടു ചോദ്യങ്ങൾ ചോദിച്ചു. ഇനി തെനാർദിയർമാരുടെ അടുത്തേയ്ക്കു തിരിച്ചുപോകേണ്ടതില്ലെന്നും രക്ഷകനായ ആ മനുഷ്യന്റെ കൂടെ പാവക്കുട്ടിയേയും കളിപ്പിച്ചു സുഖമായി കഴിയാമെന്നും മനസ്സിലാക്കിയപ്പോൾ അവളതീവ സന്തുഷ്ടയായി.

ഇരുപത്തഞ്ചു വർഷങ്ങൾക്കുമുമ്പ് കുടുംബത്തിൽനിന്നു വിട്ടുപോന്നതിനുശേഷം തികച്ചും ഏകാന്തമായൊരു ജീവിതമാണു ഴാങ്വാൽഴാങ് നയിച്ചുപോന്നത്. അയാളൊരിയ്ക്കലും ഒരു കാമുകന്റെ, ഭർത്താവിന്റെ, അച്ഛന്റെ, വികാരങ്ങളറിഞ്ഞിട്ടില്ല. സ്നേഹം അയാൾ

ക്കെന്നും ഒരു കിട്ടാക്കനിയായിരുന്നു. പക്ഷേ, കൊസെത്തിനെ കണ്ടതോടെ, അവളെ രക്ഷിച്ചു കൊണ്ടുപോന്നതോടെ, അയാളുടെ ഉള്ളിൽ കെട്ടിക്കിടന്ന സ്നേഹമാകെ ഒരു കുത്തൊഴുക്കായി അവളുടെ നേർക്കു പ്രവഹിച്ചു. മെത്രാന്റെ ദിവ്യസാന്നിദ്ധ്യം ഒരിക്കൽക്കൂടി അയാൾ അനുഭവിച്ചറിഞ്ഞു. അൻപതുവർഷത്തിന്റെ പ്രായവ്യത്യാസം അവർ ആത്മബന്ധംകൊണ്ടു മൂടിക്കളഞ്ഞു. അയാൾ ആ അനാഥക്കുട്ടിയുടെ അച്ഛനായി മാറി.

ആരും കടന്നുവരാത്തവിധം സശ്രദ്ധം തിരഞ്ഞു പിടിച്ച താമസസ്ഥലത്തെക്കുറിച്ചു യാതൊരു ആശങ്കയും അയാൾക്കുണ്ടായിരുന്നില്ല. അവർ രണ്ടുപേർക്കു പുറമേ വീട്ടുടമസ്ഥയായ വൃദ്ധ മാത്രമേ അവിടെ താമസമുണ്ടായിരുന്നുള്ളൂ. കച്ചവടത്തിൽ പണമിറക്കി നഷ്ടം സംഭവിച്ചതുകൊണ്ടാണു മകളുമായി അത്തരമൊരു സ്ഥലത്തേയ്ക്കു വന്നതെന്ന് അയാളവരെ പറഞ്ഞു ധരിപ്പിച്ചു. പിന്നീട് ആ വൃദ്ധ അവരുടെ വീട്ടുപണികളും ചെയ്യാൻ തുടങ്ങി. അൽപ്പം വായാടിയായ അവർക്കു മറ്റുള്ളവരുടെ കാര്യങ്ങളറിയാൻ സഹജമായൊരു കൗതുകമുണ്ടായിരുന്നു. ഒരു ദിവസം ഴാങ് വാൽഴാങ് അവരോട് ആയിരം ഫ്രാങ്കിന്റെ ഒരു നോട്ട് ബാങ്കിൽ ചെന്നു ചില്ലറയാക്കി കൊണ്ടുവരാൻ ആവശ്യപ്പെട്ടു. വൃദ്ധ ആലോചിച്ചു: 'പുറത്തെങ്ങും പോകാത്ത ഇയാൾക്ക് എവിടെനിന്നായിരിക്കും ഇത്രയേറെ പണം ലഭിക്കുന്നത്?'. ഈയൊരു വിചാരം ചില പരിചയക്കാരുമായി പങ്കുവെയ്ക്കാനും അവർ മറന്നില്ല.

എങ്കിലും സന്തോഷകരമായ കുറേ ദിവസങ്ങൾ അങ്ങനെ കടന്നുപോയി. കൊസെത്ത് സാധാരണ കുട്ടികളെപ്പോലെ ചിരിക്കാനും കളിക്കാനും പാട്ടു പാടാനും തുടങ്ങി. ഴാങ്വാൽഴാങ് അവളെ വായിക്കാൻ പഠിപ്പിച്ചു. പകലൊന്നും പുറത്തിറങ്ങാതിരിക്കാൻ അയാൾ പ്രത്യേകം ശ്രദ്ധിച്ചു. സന്ധ്യയ്ക്കു ചിലപ്പോൾ കൊസെത്തിനേയും കൂട്ടി ഏതെങ്കിലും വിജനമായ തെരുവിലൂടെ അയാൾ നടക്കാനിറങ്ങും; വല്ലപ്പോഴും അടുത്തുള്ള സാങ്മെദാർപള്ളിയിൽ ചെന്നു പ്രാർത്ഥിക്കാറുമുണ്ട്. മടങ്ങുന്ന വഴി അയാൾ തെരുവോരത്തു കാണാറുള്ള യാചകനൊരു നാണയവും സമ്മാനിക്കും.

ഒരു ദിവസം സന്ധ്യയ്ക്കു കൊസെത്തിനെ വൃദ്ധയുടെ അടുത്താക്കി ഴാങ്‌വാൽഴാങ് പള്ളിയിലേയ്ക്കു പോയി. തിരിച്ചു വരുന്ന വഴി അയാൾ പതിവുപോലെ തല കുനിച്ചിരുന്നു പ്രാർത്ഥിയ്ക്കുന്ന യാചകന്റെ അടുത്തെത്തി. ആ മനുഷ്യൻ തല പൊന്തിച്ച് അയാളെ സൂക്ഷിച്ചുനോക്കി. ആ നോട്ടം കണ്ടു ഴാങ്‌വാൽഴാങ് പെട്ടെന്നൊന്നു ചൂളി. നല്ല പരിചയമുള്ള മുഖം കണ്ടപ്പോൾ പുലിയുടെ മുന്നിൽ ചെന്നുപെട്ടതുപോലെ അയാളൊന്നു വിറച്ചു. ഒന്നും മിണ്ടാതെ തിരിച്ചു വീട്ടിലെത്തിയ അയാൾക്കു താൻ കണ്ട മുഖം ഴാവേറിന്റേതാണെന്നു സ്വയം സമ്മതിയ്ക്കാൻ ധൈര്യമുണ്ടായില്ല!

പിറ്റേന്നു മന:പൂർവംതന്നെ ഴാങ്‌വാൽഴാങ് ആ വഴി കടന്നു പോയി. യാചകൻ പതിവുസ്ഥാനത്തിരുന്നു പ്രാർത്ഥിയ്ക്കുന്നുണ്ട്. മനസ്സുറപ്പിച്ച് അയാൾ ആ മനുഷ്യന്റെ അടുത്തുചെന്നു കൈയിലൊരു നാണയം ഇട്ടുകൊടുത്തു. തല പതുക്കെ പൊന്തിച്ചു നന്ദി പറഞ്ഞ ആ സാധു പക്ഷേ, ഴാവേറായിരുന്നില്ല!

ഒരാഴ്ചയ്ക്കുശേഷം ഒരു ദിവസം രാത്രി എട്ടുമണിയ്ക്കു ഴാങ്‌വാൽഴാങ് കൊസെത്തിനെ അക്ഷരമാല പഠിപ്പിയ്ക്കുകയായിരുന്നു. പതിവില്ലാതെ പുറത്തെ വാതിൽ തുറക്കുന്ന ശബ്ദം അയാൾ കേട്ടു. ആരോ കോണികയറി വരുന്നു. അയാൾ ചെവിയോർത്തു, അതൊരു പുരുഷന്റെ ഉറച്ച കാൽവെയ്പായിരുന്നു! ഴാങ്‌വാൽഴാങ് അന്നത്തെ പാഠം അവസാനിപ്പിച്ച് അവളെ ഉറക്കാൻ കിടത്തി താക്കോൽപ്പഴുതിലൂടെ പുറത്തേയ്ക്കു നോക്കി. കൈയിലൊരു വിളക്കുമായി ആരോ ചെവിയോർത്തു നിൽക്കുന്നു! അന്നത്തെ രാത്രി അയാൾക്കൊരു പോള കണ്ണടയ്ക്കാൻ കഴിഞ്ഞില്ല.

പിറ്റേന്നു പുലർച്ചയ്ക്ക് വീണ്ടും അതേ കാൽപ്പെരുമാറ്റം കേട്ട ഴാങ്‌വാൽഴാങ് കിടയ്ക്കയിൽനിന്നു ചാടിയെഴുന്നേറ്റു താക്കോൽപ്പഴുതിലൂടെ പുറത്തേയ്ക്കു നോക്കി. ഇരുണ്ട ഇടനാഴിയിൽ പുറം തിരിഞ്ഞു നടന്നുപോകുന്ന ആ മനുഷ്യനു നല്ല ഉയരമുണ്ടായിരുന്നു. കരുത്തുറ്റ കഴുത്തും ചുമലുകളും ഴാവേറിന്റേതുതന്നെ!

പതിവുപോലെ പണിയ്ക്കു വന്ന വൃദ്ധയോട് അയാൾ ചോദിച്ചു, "ഇന്നലെ രാത്രി ആരാണു വന്നത്?"

"പുതിയൊരു താമസക്കാരൻ, മൊസ്യു ദ്യുമോങ്!", മറുപടി പറയുന്നതിനിടയിൽ അവരയാളെ സൂക്ഷിച്ചു നോക്കി കൂട്ടിച്ചേർത്തു, "നിങ്ങളെപ്പോലെതന്നെ ഒരു ധനവാൻ!"

വൃദ്ധ പണി കഴിഞ്ഞു പോയ ഉടനെ അയാൾ ചുമരലമാരയിൽ സൂക്ഷിച്ചിരുന്ന പണമെടുത്തു കീശയിലിട്ടു. ഒരഞ്ചു ഫ്രാങ്ക് നാണയം കൈയിൽനിന്നു വഴുതി താഴെ വീണ ശബ്ദം പക്ഷേ അയാൾ കേട്ടില്ല. സന്ധ്യ കഴിഞ്ഞുള്ള ഇരുട്ടിൽ കൊസെത്തിന്റെ കൈ പിടിച്ചു കോണിയിറങ്ങി അയാൾ പുറത്തേയ്ക്കിറങ്ങി.

5 : കുരയ്ക്കാത്ത നായ്ക്കൾ

തെരുവിലേയ്ക്കിറങ്ങിയ ഴാങ്‌വാൽഴാങ് പ്രധാനവഴികൾ ഒഴിവാക്കി ഊടുവഴികൾ മാത്രം തിരഞ്ഞെടുത്തു. ആരും പിന്തുടരുന്നില്ലെന്നു തീർച്ച വരുത്താൻ ഇടയ്ക്കിടെ അയാൾ കുറച്ചുദൂരം പിന്നോട്ടു നടന്നു വീണ്ടും യാത്ര തുടർന്നു. വെളുത്ത വാവായിരുന്നതുകൊണ്ട് അയാൾക്ക് നിഴലിലൂടെ നടക്കാനും വെളിവിലൂടെ പരിസരം നിരീക്ഷിയ്ക്കാനും കഴിഞ്ഞു. കൂടെ നടക്കുന്ന കൊസെത്ത് യാതൊന്നും ഉരിയാടിയില്ല. അവളയാളെ വിശ്വസിച്ചതുപോലെ അയാൾ ദൈവത്തിലും വിശ്വസിച്ചു. നേരിൽ കണ്ടതു ഴാവേറിനെയാണെന്ന കാര്യത്തിൽപ്പോലും അയാൾക്കുറപ്പുണ്ടായിരുന്നില്ല. എന്തായാലും ഇനി ഗോർബോ ചെറ്റപ്പുരയിലേയ്ക്കില്ലെന്ന് അയാൾ തീരുമാനിച്ചു. മടയിൽനിന്നും ആട്ടിയോടിയ്ക്കപ്പെട്ട കാട്ടുമൃഗത്തെപ്പോലെ അയാൾ മറ്റൊരു താവളം തേടി നടന്നു.

പള്ളിയിലെ മണി പതിനൊന്നടിച്ചപ്പോൾ ഴാങ്‌വാൽഴാങ് പോലീസ്‌സ്റ്റേഷന്റെ മുമ്പിലെത്തി. ആ സമയം നാലുപേർ സ്റ്റേഷനിൽനിന്നു പുറത്തു വരുന്നത് അയാൾ കണ്ടു. കൊസെത്തിനെ ചുമലിലേറ്റി അയാൾ ആ നാൽക്കവലയിൽനിന്നു വലത്തോട്ടു കുശവന്മാർ താമസിയ്ക്കുന്ന തെരുവിലേയ്ക്കു കടന്നു. കുറച്ചു ദൂരം ചെന്നു തിരിഞ്ഞുനോ

ക്കിയപ്പോൾ ആ നാലുപേരും നാൽക്കവലയിൽനിന്നു കൂടിയാലോ ചിയ്ക്കുന്നതാണു കണ്ടത്. പെട്ടെന്നു നിലാവെളിച്ചം അവരുടെ നേതാവിന്റെ മുഖത്തു പതിഞ്ഞു. ഴാങ്‌വാൽഴാങ്, ഴാവേറിനെ വ്യക്തമായി കണ്ടറിഞ്ഞു!

നാൽക്കവലയിൽനിന്ന് എങ്ങോട്ടു തിരിയണമെന്നുള്ള അവരുടെ ആശയക്കുഴപ്പം തൽക്കാലം അയാൾക്കനുകൂലമായി. അയാൾ അതിവേഗം നടന്നു സെയിൻനദിയിലെ പാലത്തിലെത്തി. ആ സമയം പാലത്തിലൂടെ പോകുന്നുണ്ടായിരുന്ന ഒരു ഭാരവണ്ടിയുടെ നിഴൽ പറ്റി അയാൾ നടന്നു. പാലം കടന്നതോടെ ഇനി പേടിയ്ക്കാനില്ലെന്ന ഒരാത്മവിശ്വാസം അയാൾക്കുണ്ടായി. അതുകൊണ്ട് വലതുവശത്തെ മൈതാനം മുറിച്ചുകടക്കാൻ അയാൾ സംശയിച്ചില്ല. ഇരുവശത്തും മതിലുകളുള്ള ഇടുങ്ങിയ തെരുവിലേയ്ക്കു കടക്കുന്നതിനുമുമ്പ് അയളൊന്നുകൂടി തിരിഞ്ഞുനോക്കി. അതാ ആ നാലുപേർ പാലത്തിന്റെ മുകളിൽ നിൽക്കുന്നു! വീണ്ടും കെണിയിലായ മൃഗത്തെപ്പോലെ അയാൾ നിന്നു വിറച്ചു. ഇനിയൊരു കുറ്റിക്കാട്ടിൽ ഒളിച്ചിരിയ്ക്കാതെ ഗത്യന്തരമില്ലെന്നു കരുതി ഴാങ് വാൽഴാങ് തെരുവിലൂടെ മുന്നോട്ടു നടന്നു.

കുറച്ചു ദൂരം ചെന്നപ്പോൾ തെരുവ് ഇടത്തോട്ടും വലത്തോട്ടും തിരിയുന്നതായി അയാൾ കണ്ടു. ഇടത്തോട്ടുള്ള വഴി ആൾപ്പാർപ്പുള്ള ഗ്രാമത്തിലേയ്ക്കും വലത്തോട്ടുള്ളതു വിജനമായ കുറ്റിക്കാടുകളിലേയ്ക്കുമാണെന്നു മനസ്സിലാക്കിയ ഴാങ്‌വാൽഴാങ് വലത്തോട്ടു തിരിഞ്ഞു. ചുമലിൽ കിടന്നു മടുത്ത കൊസെത്ത് അതിനിടയിൽ താഴോട്ടിറങ്ങണമെന്നു വാശി പിടിച്ചു. അതുകൊണ്ട് അവരുടെ നടത്തത്തിനു വേഗത കുറഞ്ഞു. ഇടയ്ക്കിടെ പിന്നോട്ടും അയാൾ കണ്ണുകളയച്ചു. ഒടുവിൽ റ്യൂ ദ്രുവാമ്യൂർ ഇടവഴിയുടെ അവസാനം അവരൊരു മതിൽക്കെട്ടിനു മുമ്പിലെത്തി. ഇടത്തോട്ടു തിരിയാൻ തുടങ്ങുമ്പോൾ അകലെ ഒരു കറുത്ത നിശ്ചലരൂപം നിൽക്കുന്നത് അയാൾ കണ്ടു. അതെ, അയാളുടെ ഊഹം തെറ്റിയില്ല, ആ രൂപം ഒരു പോലീസുകാരനായിരുന്നു! ഴാങ് വാൽഴാങ് ഞെട്ടിത്തെറിച്ചു. പിന്നോട്ടു തിരിഞ്ഞാൽ ഴാവേറിന്റെ മു

മ്പിൽ ചെന്നു വീഴും, മുന്നോട്ടു പോകാനും വയ്യ! ഈ ദുർഘടം മുൻകൂട്ടി കണ്ടു തെരുവിന്റെ അറ്റത്തൊരു പോലീസുകാരനെ നിർത്തിയതുതന്നെ ഴാവേറായിരിയ്ക്കണം! തലച്ചോറിൽ ഒരുപിടി മണൽ വാരിയിട്ടതുപോലെ ഴാങ്‌വാൽഴാങിനു തല ചുറ്റാൻ തുടങ്ങി. ഴാവേറിന്റെ വലയിൽ കുരുങ്ങിയ അയാൾ നിരാശനായി മേലോട്ടു നോക്കി.

ദ്രവാമ്യർ ഇടവഴിയുടെ വലതുവശത്തു ധാരാളം വീടുകളുണ്ട്. ഇടതുവശത്തുള്ള വലിയൊരു കെട്ടിടം ചുറ്റും മതിൽക്കെട്ടുകളോടെ ഭൂമിയുടെ കയറ്റിറക്കങ്ങൾക്കനുസരിച്ചു പൊത്തി പിക്പ്യുവരെ നീണ്ടുകിടന്നു. പുറമേനിന്നു നോക്കുമ്പോൾ വിജനവും ഏകാന്തവുമായ ആ കെട്ടിടം ഴാങ്‌വാൽഴാങിനൊരു പ്രലോഭനമായി തോന്നി. അതിനകത്തേയ്ക്കു കടന്നാൽ എങ്ങനേയും രക്ഷപ്പെടാമെന്നൊരു വിചാരം അയാളുടെ മനസ്സിലുണർന്നു. കൊസെത്തിനെ ഒരു കൽത്തൂണിൽ ചാരിയിരുത്തി അയാൾ പരിസരം നോക്കിക്കണ്ടു മതിൽക്കെട്ടു ചാടിക്കടക്കാനുള്ള വഴികൾ ആലോചിച്ചു. മതിലിനു മിക്കവാറും ഒരു പതിനെട്ടടി ഉയരമുണ്ട്. മറുവശത്തെ പറമ്പിൽ പടർന്നുനിൽക്കുന്ന ചില മരക്കൊമ്പുകൾ മതിലിലേയ്ക്കു ചാഞ്ഞുനിൽക്കുന്നതു കാണാം.

ഴാങ്‌വാൽഴാങിന്റെ നിരാശ നിറഞ്ഞ നോട്ടം തൊട്ടടുത്തുള്ള വിളക്കുകാലിൽ പതിഞ്ഞു. സന്ധ്യയ്ക്കു വിളക്കു കൊളുത്താൻ വരുന്ന മനുഷ്യൻ ഉപയോഗിച്ചിരുന്ന കയർ അയാളുടെ കണ്ണിൽപ്പെട്ടു. ഒരൊറ്റ ചാട്ടത്തിൽ വിളക്കുകാലിനടുത്തെത്തിയ അയാൾ കയർ വലിച്ചെടുത്തു കൊസെത്തിന്റെ അടുത്തു തിരിച്ചെത്തി. അതിനിടയിൽ കുറച്ചകലെ ചില കാൽപ്പെരുമാറ്റങ്ങളും അവർ കേട്ടു. പേടിച്ചരണ്ട കൊസെത്ത് സ്വരം താഴ്ത്തി ചോദിച്ചു, “അച്ഛാ, ആരാണു നമ്മുടെ പിന്നാലെ വരുന്നത്?”

"അരുത്, ശബ്ദമുണ്ടാക്കരുത്", അയാൾ പതുക്കെ പറഞ്ഞു, "മദാം തെനാർദിയറാണെന്നു തോന്നുന്നു!"

ആ പേരു കേട്ടതോടെ കൊസെത്ത് വിറച്ചുപോയി.

അയാളൊരു നീളമുള്ള തുണി കൊസെത്തിന്റെ കക്ഷത്തിൽ വരിഞ്ഞു കെട്ടി കയറിന്റെ ഒരറ്റവുമായി ബന്ധിപ്പിച്ചു. കയറിന്റെ മറ്റേ

അറ്റം കടിച്ചു പിടിച്ച്, കാലിനു കീഴെ കോണിയാണെന്നു തോന്നുന്ന വിധം, മതിലിൽ പതുക്കെ പിടിച്ചു മേലോട്ടു കയറിയ അയാൾ നിമിഷങ്ങൾക്കകം മുകളിലെത്തി കുന്തിച്ചിരുന്നു. ഒറ്റയ്ക്കായ കൊസെത്ത് ഒരക്ഷരം മിണ്ടാതെ അയാളെ അമ്പരന്നു തുറിച്ചു നോക്കി. പെട്ടെന്നൊരു നിലവിളിയുടെ സ്വരത്തിൽ അയാൾ വിളിച്ചു പറഞ്ഞു, “കുട്ടി, മതിലിനു പുറം ചാരി നിൽക്കൂ!” അടുത്ത നിമിഷം സ്വയം മേലോട്ടു പൊന്തിപ്പോകുന്നതായി അവൾക്കനുഭവപ്പെട്ടു. അയാളവളെ ചേർത്തുപിടിച്ചു മതിലിലൂടെ ചാഞ്ഞുനിൽക്കുന്ന മരക്കൊമ്പുവരെ കമിഴ്ന്നു കിടന്നു നീന്തി.

പെട്ടെന്നൊരു ഇടിവെട്ടുപോലെ ഴാവേറിന്റെ ശബ്ദം താഴെ മുഴങ്ങി, "അയാൾ ഈ ഇടവഴിയിലുണ്ട്, തീർച്ച! ദ്രുവാമ്യൂറിലും പെത്തിപിക്പ്യൂവിലും ഞാൻ കാവലിനാളെ നിർത്തിയിട്ടുണ്ട്!”.

പോലീസുകാർ ഇടവഴിയിലേയ്ക്കു തിരിഞ്ഞു. ഴാങ്‌വാൽഴാങ് കൊസെത്തിന്റെ പിടി വിടാതെ മതിലിലൂടെ താഴോട്ടുരസിയിറങ്ങി അപ്പുറത്തെ തോട്ടത്തിലേയ്ക്കു ചാടി.

ഒരുപാടു ചെടികളും വൃക്ഷങ്ങളുമുള്ള ഒരു കൃഷിത്തോട്ടത്തിലാണു ഴാങ്‌വാൽഴാങ് ചെന്നുവീണത്. തൊട്ടുമുമ്പിൽ ഇടിഞ്ഞു പൊളിഞ്ഞു വീഴാറായ വലിയൊരു കെട്ടിടവും നിരവധി എടുപ്പുകളും കാണാനുണ്ട്. ഇതിനേക്കാൾ വിജനവും ഏകാന്തവുമായൊരു സ്ഥലം അയാൾക്കപ്പോൾ സങ്കൽപ്പിയ്ക്കാനുണ്ടായിരുന്നില്ല. പുറത്തെ ഇടവഴിയിൽ നിന്നു പോലീസുകാരുടെ ബഹളവും ഴാവേറിന്റെ കൽപ്പനകളും അയാൾ കേട്ടു. അങ്ങനെ വെളിമ്പറമ്പിൽ നിൽക്കുന്നതു ശരിയല്ലെന്നു തോന്നിയ അയാൾ ഇരുട്ടത്തു തപ്പിത്തടഞ്ഞു തൊഴുത്തുപോലെയുള്ള ഒരു ഭാഗത്തേയ്ക്കു തിരിഞ്ഞു. കൊസെത്ത് പേടിച്ചുവിറച്ച് അയാളെ പറ്റിച്ചേർന്നിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ പുറത്തെ ബഹളം തെല്ലൊന്നടങ്ങി. ഴാങ്‌വാൽഴാങ് ദീർഘശ്വാസം വിട്ടു. എങ്ങും നിശ്ശബ്ദത പരന്നു.

പെട്ടെന്ന് അഗാധമായ ആ ശാന്തത ഭഞ്ജിച്ചുകൊണ്ട് എവിടെനി

ന്നോ ഒരു പ്രാർത്ഥനാഗാനം ഒഴുകിവന്നു. പിശാചുക്കൾക്കുശേഷം ദേവന്മാരുടെ വരവിനുള്ള കാഹളംപോലെ മധുരമായ ആ സ്വരം കേട്ട കൊസെത്തും ഴാങ്‌വാൽഴാങും മണ്ണിൽ മുട്ടുകുത്തി. വീണ്ടും അയാളുടെ മടിയിൽ കിടന്നുറങ്ങിയ അവൾ മൂന്നുമണിയോടെ ഉണർന്നു ചോദിച്ചു, “ അച്ഛാ, മദാം തെനാർദിയർ പോയോ?".

ഒരൊഴികഴിവായി സൂചിപ്പിച്ച അക്കാര്യം ഓർമ്മിച്ച് അയാൾ പറഞ്ഞു, "അതെ, അവർ പോയി, ഇനി പേടിയ്ക്കാനില്ല!"

കൊസെത്ത് വീണ്ടും കണ്ണടച്ചു. അവളെ നിലത്തു കിടത്തി സ്വന്തം കുപ്പായമഴിച്ചു പുതപ്പിച്ച്, കുറച്ചുകൂടി നല്ല സ്ഥലം നോക്കി അയാൾ ആ തൊഴുത്തിൽനിന്നു പുറത്തിറങ്ങി. ഒരൊറ്റ ജനാലയ്ക്കൽ മാത്രമേ വെളിച്ചമുള്ളൂ. അയാളങ്ങോട്ടു ചെന്നു തുറന്നു കിടന്ന ജനൽപ്പാളിയിലൂടെ അകത്തേയ്ക്ക് എത്തി നോക്കി. മേശപ്പുറത്തൊരു മെഴുകുതിരി കത്തുന്നതല്ലാതെ മുറിയിൽ മറ്റൊരനക്കവുമില്ല. സൂക്ഷിച്ചു നോക്കിയപ്പോൾ നിലത്തൊരു മനുഷ്യരൂപം ശവത്തുണികൊണ്ടു മൂടിയതുപോലെ കമിഴ്ന്നു കിടക്കുന്നത് അയാൾ കണ്ടു. തൊട്ടടുത്തൊരു സർപ്പവും ചുരുണ്ടുകിടക്കുന്നുണ്ട്. അയാൾ ജനലിനോടു മുഖം ചേർത്തുവെച്ചു. നീണ്ടു നിവർന്നു കിടക്കുന്ന ചലനമറ്റ ആ രൂപം നോക്കിനിന്നപ്പോൾ അകാരണമായൊരു ഭയം അയാളെ ബാധിച്ചു. അയാളവിടെ നിന്നു കുതിച്ചോടി തൊഴുത്തിൽ തിരിച്ചെത്തി. പാരീസ് നഗരത്തിനു നടുവിൽ ഇങ്ങനെയൊരു ചുടലക്കാടുണ്ടെന്നു പക്ഷേ അയാൾക്കു തീരെ വിശ്വസിയ്ക്കാൻ കഴിഞ്ഞില്ല!.

കൊസെത്ത് ഒരു കല്ലിന്മേൽ തലവെച്ചുറങ്ങുകയായിരുന്നു.

പിന്നീട് മനോരാജ്യത്തിൽ മുഴുകിപ്പോയ ഴാങ്‌വാൽഴാങ് ഒരു മണികിലുക്കം കേട്ടാണുണർന്നത്. നേരം പുലർന്നിട്ടില്ലെങ്കിലും തോട്ടത്തിലാരോ പണിയെടുക്കുന്നതായി അയാൾക്കു തോന്നി. ശബ്ദമുണ്ടാക്കാതെ അയാൾ പുറത്തു ചെന്നു നോക്കി. മുടന്തനായൊരു മനുഷ്യൻ മത്തത്തടങ്ങൾക്കിടയിൽ എന്തോ വലിയ്ക്കുകയും പരത്തുകയും ചെയ്യുന്നുണ്ട്. ഒരുപക്ഷേ, ഫാവേറിന്റെ ഒറ്റുകാരനായിരിയ്ക്കാം അയാളെന്നു ഴാങ്‌വാൽഴാങ് സംശയിച്ചു. ഒളിസ്ഥലം കുറച്ചുകൂടി സുരക്ഷിതമാക്കാ

മെന്നു കരുതി അയാൾ കൊസെത്തിനെ കൈയിലെടുത്തു. പക്ഷേ, അവളുടെ ശരീരം മഞ്ഞുപോലെ തണുത്തിരിയ്ക്കുന്നു. അയാളവളെ പതുക്കെ തട്ടിവി ളിച്ചു. അവൾ കണ്ണു തുറന്നില്ല. “ദൈവമേ-”, പെട്ടെന്നയാളുടെ ഉള്ളിൽനിന്നൊരു നിലവിളി ഉയർന്നു. യാതൊരനക്കവുമില്ലാത്ത കൊസെത്തിന്റെ മുഖം വല്ലാതെ വിളർത്തിരുന്നു. ഒരായിരം ആശങ്കകളും ഊഹാപോഹങ്ങളും ഴാങ്‌വാൽഴാങിന്റെ മനസ്സിലേയ്ക്ക് ഇരച്ചുകയറി. അയാൾ ചെവിയോർത്തു: ശ്വാസം വിടുന്ന ശബ്ദം കേൾക്കാനുണ്ട്. എത്രയും പെട്ടെന്ന് അവളെ കിടയ്ക്കയിൽ കിടത്തി ശരീരത്തിനു ചൂടു പകർന്നേ തീരൂ!

അയാൾ തോട്ടത്തിൽ കണ്ട മനുഷ്യന്റെ അടുത്തു ചെന്ന് ഒരു നൂറു ഫ്രാങ്കിന്റെ നോട്ടു നീട്ടി പറഞ്ഞു, "എനിയ്ക്കത്യാവശ്യമായി കിടന്നുറങ്ങാൻ ഒരു മുറി വേണം!"

കുനിഞ്ഞു നിന്ന ആ മനുഷ്യൻ എഴുന്നേറ്റു നിന്നു. ഴാങ്‌വാൽഴാങിന്റെ ഭയചകിതമായ മുഖത്തൊരു നിലാവു വന്നു വീണു.

"എന്ത്..? നിങ്ങൾ.., മൊസ്യു മദലിയൻ-?!", അത്ഭുതം മൂലം ആ മനുഷ്യനു വാക്കുകൾ മുറിഞ്ഞുപോയി. ആ സ്ഥലത്ത്, ആ സമയത്ത്, അങ്ങനെയൊരു പേരുച്ചരിച്ചു കേട്ടപ്പോൾ ഴാങ്‌വാൽഴാങ് തെല്ലൊന്നു ഞെട്ടി പിൻവാങ്ങി.

ആ മനുഷ്യൻ ആദരവോടെ തലയിൽനിന്നു തൊപ്പിയെടുത്തു വിറച്ചുകൊണ്ടു പറഞ്ഞു, "ഹാ, ദൈവമേ! നിങ്ങളെങ്ങനെ ഇവിടെയെത്തി? നിങ്ങൾക്കൊരു കുപ്പായമില്ലല്ലോ, എന്തു പറ്റി? ദൈവമേ, വിശുദ്ധന്മാർക്കെല്ലാം ഇതാണോ ഗതി?"

അമ്പരപ്പും സഹജമായ അനുകമ്പയും മൂലം ആ വാക്കുകൾ ഇടയ്ക്കിടെ തട്ടിത്തടഞ്ഞു. ഴാങ്‌വാൽഴാങ് ആദ്യമൊന്നു പകച്ചെങ്കിലും ബോധം വീണ്ടെടുത്തു ചോദിച്ചു, “ആരാണു നിങ്ങൾ?”

"ഓർമ്മയില്ലേ? നിങ്ങളെന്റെ ജീവൻ രക്ഷിച്ചു, എനിയ്ക്കൊരു തൊഴിലും തന്നു!...,” അയാൾ പിന്നേയും പറയാൻ തുടങ്ങി.

പെട്ടെന്നൊരു നിലാശകലം അയാളുടെ മുഖം പ്രകാശിപ്പി ച്ചു. ഴാ

ങ്വാൽഴാങ് വൃദ്ധനായ ഫൂഷൽവാങിനെ തിരിച്ചറിഞ്ഞു ചോദിച്ചു, “എന്താണു നിങ്ങളുടെ കാലിലൊരു മണിക്കിലുക്കം?”

തെളിഞ്ഞ മുഖഭാവത്തോടെ വൃദ്ധൻ പറഞ്ഞു, “നിങ്ങളെനിയ്ക്കു തോട്ടക്കാരന്റെ ജോലി വാങ്ങിത്തന്ന പെത്തി പിക്പ്യൂവിലെ കന്യാമഠമാണിത്. ഇവിടെ മറ്റു പുരുഷന്മാരാരുമില്ല. ഈ മണി സ്ത്രീകൾക്കെന്റെ സാന്നിദ്ധ്യം അറിയാനൊരു ഉപായം മാത്രം!”

ഴാങ്വാൽഴാങിനു പഴയ കഥകൾ ഓർമ്മ വന്നു. പെട്ടെന്നു തോന്നിയ യുക്തിയിൽ അയാൾ പറഞ്ഞു, “പണ്ടു ഞാൻ ചെയ്തതുപോലെ തന്നെ നിങ്ങൾക്കിപ്പോൾ ചെയ്യാൻ കഴിയും!"

വൃദ്ധൻ വിറയ്ക്കുന്ന കൈകൾകൊണ്ട് അയാളുടെ കരുത്തുറ്റ കൈത്തണ്ട ചേർത്തുപിടിച്ചു പറഞ്ഞു, “അങ്ങനെയൊരു ദൈവാനുഗ്രഹമുണ്ടെങ്കിൽ, മൊസ്യു മദലിയൻ, ഞാനെന്നെപ്പോലും സമർപ്പിയ്ക്കാൻ തയാറാണ്! പറയൂ, ഞാനെന്തു ചെയ്യണം?”

കൊസെത്തിനെക്കുറിച്ചുള്ള ചിന്തയിൽ വ്യാകുലനായ ഴാങ്വാൽഴാങ് പെട്ടെന്നു പറഞ്ഞു, “ഒന്നാമത്, എന്നേയും എന്റെ മകളേയും നിങ്ങളുടെ മുറിയിൽ താമസിയ്ക്കാൻ അനുവദിയ്ക്കണം. രണ്ടാമത്, ഞങ്ങളുടെ കാര്യം മറ്റാരും അറിയാൻ പാടില്ല!”

"ഹാ, അപ്പോൾ നിങ്ങൾക്കൊരു മകളുമുണ്ടോ?” ഫൂഷൽവാങ് അത്ഭുതപ്പെട്ടു. അര മണിക്കൂറിനകം വൃദ്ധന്റെ കിടയ്ക്കയിൽ കിടന്നു ചൂടുതട്ടി ജീവൻ വന്ന കൊസെത്ത് സ്വസ്ഥമായി ഉറങ്ങി. ഴാങ്വാൽഴാങ് മേശമേൽ കൈകുത്തിയിരുന്നു തീ കാഞ്ഞു.

* * *

ഫൻതീന്റെ രോഗശയ്യയ്ക്കരികിൽനിന്നു ഴാവേർ പിടിച്ചുകൊണ്ടുപോയ ഴാങ്വാൽഴാങ് ജയിൽ ചാടി നേരേ പാരീസിലേയ്ക്കാണു കടന്നതെന്നു പോലീസധികാരികൾ മനസ്സിലാക്കിയിരുന്നു. ആർക്കും എങ്ങനേയും ഒളിച്ചു കഴിയാവുന്ന ആ മഹാനഗരത്തിൽ പോലീസുകാർക്കും പരിമിതികളുണ്ടായിരുന്നു. അധികം താമസിയാതെ ഔദ്യോഗികമാറ്റങ്ങളുടെ ഫലമായി ഴാവേറും പാരീസിലെത്തി. ഴാങ്വാൽഴാങിന്റെ വിഷയം മിക്കവാറും മറന്നുപോയിരുന്ന അയാൾ ആ

യിടയ്ക്കു പത്രത്തിൽ അങ്ങനെയൊരു പേരു കാണാനിടയായി. ഓറിയോങ്കപ്പലിലെ രക്ഷാപ്രവർത്തനത്തിനിടയിൽ ഴാങ്‌വാൽഴാങ് വെള്ളത്തിൽ വീണു മരിച്ചുപോയെന്നായിരുന്നു, വാർത്ത. അയാളതു പക്ഷേ പൂർണമായും വിശ്വസിച്ചില്ല. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ മൊങ്‌ഫെർമിയെയിൽനിന്നൊരു പെൺകുട്ടിയെ ആരോ തട്ടിക്കൊണ്ടുപോയ വിവരം ഴാവേറിന്റെ ചെവിയിലെത്തി. അതയാളുടെ ഓർമ്മകൾക്കു വെളിച്ചം പകർന്നു. ഴാവേർ ആരോടും പറയാതെ മൊങ്ഫെർമിയെയിലേയ്ക്കു വണ്ടി കയറി. തെനാർദിയറുടെ പക്കൽനിന്നു കാര്യമായ വിവരങ്ങളൊന്നും അയാൾക്കു ലഭിച്ചില്ല. എല്ലാം തുറന്നു പറഞ്ഞാൽ തന്റെ കാര്യം പരുങ്ങലിലാകുമെന്ന നല്ല ബോദ്ധ്യം ആ കൗശലക്കാരനുണ്ടായിരുന്നു. അങ്ങനെയിരിയ്ക്കേ ചെറിയൊരു പെൺകുട്ടിയുമായി സാങ്‌മെദാർപള്ളിയ്ക്കടുത്തു താമസിയ്ക്കുന്ന അസാധാരണനായൊരു 'ധാർമ്മിക'നെക്കുറിച്ചുള്ള വാർത്ത അയാൾ കേട്ടു. ഒരു ദിവസം വൈകുന്നേരം ആ മനുഷ്യൻ വരുന്ന സമയം നോക്കി അയാളൊരു യാചകന്റെ വേഷത്തിൽ തെരുവോരത്തു ചെന്നിരുന്നു. അവരുടെ കണ്ണുകൾ പരസ്പരം കൂട്ടിമുട്ടിയപ്പോൾ ആ മനുഷ്യന്റെ മുഖത്തുണ്ടായ ഭാവമാറ്റം ഴാവേറിനൊരു പിടിവള്ളിയായി.

കുഞ്ഞിനെ തിരിച്ചു കിട്ടിയ അമ്മയെപ്പോലെ, അഥവാ ഇരയെ തിരിച്ചുകിട്ടിയ നരിയെപ്പോലെ, ഴാവേർ വീണ്ടും നായാട്ടിനിറങ്ങി. അയാൾ ആ മനുഷ്യൻ താമസിയ്ക്കുന്ന വീട്ടിലൊരു മുറി വാടകയ്ക്കെടുത്തു പരിസരം നിരീക്ഷിയ്ക്കാൻ തുടങ്ങി. പക്ഷേ, പെട്ടെന്നു സ്ഥലമൊഴിയാനുള്ള തിരക്കിൽ ഴാങ്‌വാൽഴാങിന്റെ കൈയിൽനിന്നു താഴെ വീണ നാണയത്തിന്റെ ശബ്ദം വാതിൽക്കൽ ചെവിയോർത്തു നിൽക്കുകയായിരുന്ന വീട്ടുടമസ്ഥ കേട്ടു. അവരുടനെ വിവരം ഴാവേറിനെ അറിയിച്ചു. വെറുമൊരു സംശയത്തിന്റെ പേരിൽ മാത്രം അയാളെ കടന്നു പിടിയ്ക്കാൻ സഹജമായ നീതിബോധം ഴാവേറിനെ അനുവദിച്ചില്ല. അതുകൊണ്ട് എലിയെ മന:പൂർവം ഓടിച്ചു വിടുന്ന പൂച്ചയെപ്പോലെ ഇൻസ്പെക്ടർ അയാളെ പിന്തുടർന്നു. പക്ഷേ, നായാട്ടുനായ്

ക്കൾ ഒന്നിച്ച കുതിച്ചെത്തിയാലും ചിലപ്പോൾ സഹജമായ മെയ്‌വഴക്കംകൊണ്ടു കലമാൻ രക്ഷപ്പെട്ടുകളയും. നെപ്പോളിയനെപ്പോലെ യുദ്ധനിപുണരായ മഹാന്മാർക്കുപോലും തെറ്റു പറ്റിയിട്ടില്ലേ? ഴാങ്‌വാൽഴാങ് അധികദൂരം പോകാനിടയില്ലെന്നു നല്ല ഉറപ്പുള്ളതുകൊണ്ട് അന്നു രാത്രി ഇടവഴിയും പരിസരവും മുഴുവൻ അരിച്ചുപെറുക്കിയ ഴാവേർ പക്ഷേ, ഭഗ്നാശനായാണു തിരിച്ചു സ്റ്റേഷനിലെത്തിയത്.

6 : കന്യാമഠം

ഴാങ്‌വാൽഴാങ് കൊസെത്തിനേയുംകൊണ്ടു ചെന്നുചാടിയ പെത്തിപിക്‌പ്യൂവിലെ മതിൽക്കെട്ടിനകത്തു പ്രധാനമായും മൂന്നു കെട്ടിടങ്ങളാണുണ്ടായിരുന്നത്. സന്യാസിനിമാർ താമസിക്കുന്ന വലിയ കന്യാമഠവും വിദ്യാർത്ഥിനികളുടെ പാഠശാലയും പിന്നെ തോട്ടത്തിനോടു ചേർന്നുള്ള ചെറിയ കന്യാമഠവും. മുൻവശത്തു മുന്തിരിവള്ളികൾ പടർത്തിയ മതിലുകളുള്ള പ്രവേശനകവാടത്തിൽ സദാ ഒരു കാവൽക്കാരനുണ്ടായിരിക്കും. അയാളുടെ അനുവാദത്തോടെ അകത്തു കടക്കുന്നവർ നിരവധി വളഞ്ഞുപിരിഞ്ഞ ഇടനാഴികളും കോണിപ്പടികളും പിന്നിട്ടു മാത്രമേ സൽക്കാരമുറിയിൽ ചെന്നെത്തുകയുള്ളൂ. അവിടെ ഇരുമ്പഴിയിട്ട ചെറിയ ജനാലപ്പഴുതിനരികെ തൂങ്ങിക്കിടക്കുന്ന മണിയടിച്ചാൽ അകത്തുനിന്നു സൗമ്യമായൊരു സ്ത്രീശബ്ദം കേൾക്കാം, “ആരാണത്?”. മറുപടി തൃപ്തികരമാണെങ്കിൽ അടുത്ത നിർദ്ദേശം പുറപ്പെടും, “വലതുവശത്തുകൂടി അകത്തേക്കു വരൂ!” ആ സൽക്കാരമുറിയുടെ ഒരായിരം ദ്വാരങ്ങളുള്ള ഇരുമ്പഴിച്ചുമരിനപ്പുറത്തേക്കു സന്ദർശകരുടെ നികൃഷ്ടദൃഷ്ടികൾക്ക് ഒരിക്കലും പ്രവേശനമില്ല.

പക്ഷേ, മരണസമാനമായ ആ ഇരുട്ടിലും ജീവിതത്തിന്റെ കൈത്തിരി പ്രകാശിച്ചിരുന്നു. മർതെങ്‌വെർഗയുടെ നിയമങ്ങൾ നിലനിന്ന ആ കന്യാമഠത്തിൽ ഭരണപരിവർത്തനകാലത്തു നശിപ്പിക്കപ്പെട്ട പല മഠങ്ങളിലേയും അന്തേവാസികൾ വന്നുകൂടി. അവരെന്നും നോമ്പു നോൽക്കും; വിശേഷദിവസങ്ങളിൽ ഉപവാസവും; അവർ വയ്ക്കോൽക്കിടക്കയിൽ കിടന്നുറങ്ങും, രാത്രി രണ്ടു മണിക്കെഴുന്നേറ്റു പ്ര

ഭാതകീർത്തനം ചൊല്ലും, അവരൊരിയ്ക്കലും കുളിയ്ക്കാറില്ല, പല്ല തേയ്ക്കാറില്ല, മാംസം ഭക്ഷിയ്ക്കാറുമില്ല, അപൂർവമായി മാത്രമേ പരസ്പരം സംസാരിയ്ക്കൂ! ചുരുക്കത്തിൽ ബ്രഹ്മചര്യം, ഏകാന്തത, ദാരിദ്ര്യം, അനുസരണ, അതാണവരുടെ ജീവിതചര്യ!

മൂന്നു കൊല്ലം കൂടുമ്പോൾ സന്യാസിനിമാർ ഒരു മഠാദ്ധ്യക്ഷയെ തിരഞ്ഞെടുക്കും. മതാചാര്യനൾപ്പെടെ പരപുരുഷന്മാരെ കാണാതിരിയ്ക്കാൻ അവരെപ്പോഴും മുഖപടം താഴ്ത്തി തല കുനിച്ചേ നടക്കൂ! പുരുഷന്മാരായി മതാചാര്യനു പുറമേ തോട്ടക്കാരൻ വൃദ്ധനു മാത്രമേ മഠത്തിൽ പ്രവേശനമുള്ളൂ. അയാളുടെ വരവ് മ നസ്സിലാക്കാൻ മിക്കവാറും കാലിലൊരു മണി കെട്ടിത്തൂക്കിയിരിയ്ക്കും. മഠാദ്ധ്യക്ഷയുടെ നിർദ്ദേശങ്ങൾ അക്ഷരംപ്രതി പാലിയ്ക്കുന്നതിൽ ഒരുതരം കൃതാർത്ഥതതന്നെ മറ്റുള്ളവർ അനുഭവിച്ചിരുന്നു.

1819-നും 1825-നും ഇടയ്ക്കുള്ള കാലയളവിൽ മദർ ഇന്നൊസെന്ത് ആയിരുന്നു പെത്തിപിക്പ്യൂവിലെ മഠാദ്ധ്യക്ഷ. നല്ല പഠിപ്പും വിവരവും കഴിവുമുള്ള അവർക്കു പ്രായം അറുപതായി. അന്തേവാസികളായ ഓരോ സന്യാസിനിമാർക്കും ഭക്ഷണം, കൃഷി, ശുശ്രൂഷ, പാഠശാല, പണമിടപാട് എന്നിങ്ങനെ ഓരോരോ ചുമതലകളുണ്ടായിരുന്നു. മറ്റുള്ളവരുടെ പാപങ്ങൾ സ്വയമേറ്റെടുക്കുന്ന ചില സന്യാസിനിമാർ ചിലപ്പോൾ പ്രായശ്ചിത്തവും അനുഷ്ഠിയ്ക്കാറുണ്ട്. അൾത്താരയ്ക്കു മുമ്പിൽ പന്ത്രണ്ടു മണിക്കൂർ നേരം ഇളകാതെ മുട്ടുകുത്തി നിൽക്കുന്നതാണു പ്രായശ്ചിത്തവിധി. ക്ഷീണം സഹിയ്ക്കുന്നില്ലെങ്കിൽ മുഖം നിലത്തു കുത്തി കൈരണ്ടും കുരിശുപോലെ വിരിച്ചു കമിഴ്ന്നുകിടക്കുകയുമാവാം. അവരൊരിയ്ക്കലും വർത്തമാനത്തിൽ 'എന്റെ'യെന്നോ 'എന്റേതെ'ന്നോ പറയാറില്ല. അതുപോലെ 'എന്നെന്നേയ്ക്കു'മെന്ന ഒരുപചാരവാക്കോടു കൂടി മാത്രമേ അവർ സംഭാഷണം അവസാനിപ്പിയ്ക്കൂ. അപരിചിതരോടു സംസാരിയ്ക്കാൻ മഠാദ്ധ്യക്ഷയ്ക്കു മാത്രമേ അധികാരമുള്ളൂ; മറ്റുള്ളവർക്കു ബന്ധുക്കളൊഴികെ മറ്റാരേയും കാണാൻ പാടില്ല. ഓരോ മണിക്കൂർ ഇടവിട്ടു കന്യാമഠത്തിലെ പള്ളിമണി മുഴങ്ങും. മണിയടി

കേട്ടാൽ ഓരോരുത്തരും അപ്പോൾ ചെയ്യുന്ന കാര്യം നിർത്തിവെച്ച പ്രാർത്ഥനയിൽ മുഴുകണമെന്നാണ നിയമം. മനസ്സിലുയരുന്ന ദുർവിചാരങ്ങളെ ഇടയ്ക്കൊന്നു മുറിച്ച ദൈവത്തിലേയ്ക്കു തിരിച്ചുവിടുന്ന ഈ രീതി പല മതവിശ്വാസങ്ങളിലുമുണ്ട്.

പെത്തിപിക്പ്യൂവിലെ പുണ്യമായ തിരുവത്താഴമേശയ്ക്കു ചുവട്ടിൽ സന്യാസിനിമാരെ അടക്കം ചെയ്യുന്ന ഒരു നിലവറയുണ്ട്. മരണശേഷം ദൈവത്തിലെത്തിച്ചേരാനുള്ള ഈയൊരു സാദ്ധ്യത അതുകൊണ്ട് അവരുടെ അന്ത്യാഭിലാഷവുമായി. പക്ഷേ, ഈയടുത്ത കാലത്തു ഭരണാധികാരികളുടെ അനുവാദം ലഭിയ്ക്കാത്തതു മൂലം പലരേയും പുറത്തെ സിമിത്തേരിയിൽ അടക്കേണ്ടി വരുന്നതു വല്ലാത്ത മനോവിഷമത്തോടെയായിരുന്നു അവരുൾക്കൊണ്ടത്.

കന്യാമഠത്തോടു ചേർന്നു സമ്പന്നകുടുംബങ്ങളിലെ പെൺകുട്ടികൾക്കുവേണ്ടി ഒരു പാഠശാലയും പ്രവർത്തിച്ചിരുന്നു. സന്യാസിനിമാരുടെ സംരക്ഷണയിൽ ജീവിയ്ക്കുന്ന അവർ പുറംലോകത്തെക്കുറിച്ച വല്ലാത്തൊരു ഭീതിയോടെയാണ വളർന്നുവന്നത്. തപോനിഷ്ഠകളൊഴിച്ച മഠത്തിലെ മറ്റു നിയമങ്ങളെല്ലാം അവരനുസരിയ്ക്കേണ്ടതുണ്ട്. വല്ലപ്പോഴും കാണാൻ വരുന്ന അമ്മമാരെ കെട്ടിപ്പിടിയ്ക്കാൻപോലും അവർക്കവകാശമില്ല. ഒരിയ്ക്കലൊരു പെൺകുട്ടി ഇരുമ്പഴിയിലൂടെ കൈനീട്ടി സ്വന്തം അനിയത്തിയെ തലോടാൻ ശ്രമിച്ചതു മഠാദ്ധ്യക്ഷയുടെ കഠിനമായ ശാസനയ്ക്കിടയാക്കി.

ഗൗരവം മുറ്റിനിന്ന മഠാന്തരീക്ഷത്തിൽ പക്ഷേ, ആ പെൺകുട്ടികളുടെ സാന്നിദ്ധ്യം ഹൃദയാകർഷകമായിരുന്നു. കൗമാരസഹജമായ കൗതുകത്തോടെ അവരെവിടേയും ഓടി നടന്നു. തോട്ടത്തിലെ മരങ്ങളിൽ കാറ്റു വന്നു തട്ടുമ്പോൾ താഴെ വീഴുന്ന ആപ്പിളും സബർജില്ലും പെറുക്കിയെടുത്തു തലയിണയുടെ ചുവട്ടിൽകൊണ്ടു ചെന്നു വെച്ച, രാത്രി അവർ പുതപ്പുകൊണ്ടു തല മൂടി ശബ്ദമുണ്ടാക്കാതെ കാർന്നു തിന്നും! പുറമേനിന്നൊരു ശബ്ദവും പ്രവേശിയ്ക്കാത്ത കന്യാമഠത്തിൽ പക്ഷേ ഒരിയ്ക്കലൊരു പുല്ലാങ്കുഴൽനാദം കടന്നുവന്നു. കാമുകിയെ പേരെടുത്തു വിളിച്ച പ്രണയാഭ്യർത്ഥന നടത്തുന്ന വികാരഭരിതമായ ആ

ഗാനം കേൾക്കാൻ ദിവസവും കൃത്യസമയത്തു പെൺകുട്ടികൾ കാതോർത്തു. മഠാദ്ധ്യക്ഷയുടെ വിലക്കു മറികടന്നും ആ മുരളീവാദകനെ അവർ മനസ്സിലേറ്റി. അയാളെയൊന്നു നേരിൽ കാണാൻ അവരെന്തിനും തയാറായി. സാഹസികരായ രണ്ടുപേർ കെട്ടിടത്തിന്റെ മുകളിൽ വലിഞ്ഞുകയറി നോക്കി. പക്ഷേ, അവർ കണ്ടതു കുന്നിൻപുറ-ത്തിരുന്നു വേണുവൂതുന്ന ഒരു പടുവൃദ്ധനെയായിരുന്നു!

മതപരമായ ആചാരാനുഷ്ഠാനങ്ങൾ കർക്കശമായി പാലിച്ചു പോന്ന ഈയൊരു മഠാന്തരീക്ഷത്തിലേയ്ക്കാണു ഴാങ്വാൽഴാങ്ങും കൊസെത്തും ചെന്നെത്തിപ്പെട്ടത്.

7 : ആവരണവാക്യം

വിധി പ്രധാനവേഷത്തിൽ പ്രത്യക്ഷപ്പെടുന്ന ഒരു നാടകമായി വേണമെങ്കിൽ ഈ പുസ്തകത്തെ വിശേഷിപ്പിയ്ക്കാം. പക്ഷേ, അതിനിടയ്ക്കൊരു കന്യാമഠത്തിന്റെ അന്തരീക്ഷം ഉയർന്നുവന്നതുകൊണ്ട് നമുക്കതിനെക്കുറിച്ചുകൂടി തെല്ലൊന്നു ചിന്തിയ്ക്കുന്നതിൽ തെറ്റില്ല. ഏതു മതവിശ്വാസത്തിലായാലും മനുഷ്യൻ ദൈവത്തിനു നേരേ പിടിച്ച ദൂരദർശിനികളിലൊന്നാണു കന്യാമഠം!

ചരിത്രപരമായി നോക്കുമ്പോൾ കന്യാമഠങ്ങൾ മിക്കപ്പോഴും അധിക്ഷേപിയ്ക്കപ്പെടുകയാണു ചെയ്തിട്ടുള്ളത്. പരിഷ്ക്കാരത്തിന്റെ ബാല്യത്തിൽ അത്യാവശ്യവും കൗമാരത്തിൽ ആവശ്യവും യൗവനത്തിൽ അനാവശ്യവുമായി അവ കണക്കാക്കപ്പെട്ടു. പത്തൊമ്പതാം നൂറ്റാണ്ടിൽ ഏറ്റവും ഭീകരമായ അവസ്ഥ നിലനിന്നിരുന്നതു സ്പെയിനിലെ കന്യാമഠങ്ങളിലായിരുന്നു. മെത്രാൻ അന്തഃപുരത്തിന്റെ പാറാവുകാരനും സന്യാസിനി വെപ്പാട്ടിയുമായി മാറി, അവർ സ്വപ്നത്തിൽ ക്രിസ്തുവിനെ പ്രാപിച്ചു. തുർക്കിയിൽ പാതിവ്രത്യഭംഗത്തിനുള്ള ശിക്ഷ തോൽച്ചാക്കാണെങ്കിൽ സ്പെയിനിൽ ശവപ്പെട്ടിയാണെന്നു മാത്രം! രണ്ടിടത്തും സ്ത്രീകൾ തല തല്ലി ചത്തു!

നിർബന്ധിതമായ പ്രാർത്ഥനകളും അനുഷ്ഠാനങ്ങളുമായി അടിമത്തവ്യവസ്ഥ നിലനിൽക്കുന്ന ഇന്നത്തെ കന്യാമഠങ്ങൾ പരിഷ്ക്കാര

ത്തിനെതിരായി, സമൂഹത്തിൽ സാംക്രമികമായ രോഗങ്ങൾ പരത്തുകയാണ ചെയ്യുന്നത്. എന്നിട്ടും അവ നിലനിൽക്കേണ്ടതാണെന്ന ചിലർ ശാഠ്യം പിടിയ്ക്കുന്നു. കാലഹരണപ്പെട്ട സിദ്ധാന്തങ്ങൾ പുനരുദ്ധരിച്ചും ശ്രീകോവിലുകൾക്കു സ്വർണം പൂശിയും അന്ധവിശ്വാസങ്ങൾക്കു ന്യായീകരണം ചമച്ചും അവർ മുന്നോട്ടു വരുന്നു. പഴമയുടെ മഹത്വം വാഴ്ത്തുന്ന അവർ പക്ഷേ അവയ്ക്കു ജീവൻ നഷ്ടപ്പെട്ട വസ്തുത തിരിച്ചറിയുന്നില്ല. സത്യത്തിൽ പ്രേതങ്ങളോടു യുദ്ധം ചെയ്യാൻ വിധിയ്ക്കപ്പെട്ടവരാണ മനുഷ്യർ. അന്ധകാരത്തെ കഴുത്തിൽ പിടിച്ചു ചുഴറ്റി വലിച്ചെറിയാൻ അസാമാന്യമായ ഉൾക്കരുത്തുള്ളവർക്കു മാത്രമേ കഴിയൂ!

മനുഷ്യർ എവിടെ സംഘം ചേർന്നാലും അവിടെയൊരു കൂടിയാലോചന നടക്കും; ആ ആലോചനയുടെ ഭാഗമായി ഒരധികാരകേന്ദ്രം ഉയർന്നുവരും. അങ്ങനെയൊരു വിശ്വാസപ്രമാണത്തിലാണ കന്യാമഠങ്ങളുടെ ധാർമ്മികമായ പ്രസക്തി നിലനിൽക്കുന്നത്. അതിനകത്തെ താമസക്കാർ, പുരുഷന്മാരും സ്ത്രീകളും, തുല്യരാണ്; അവർ താഴ്ന്ന സ്വരത്തിൽ സംസാരിയ്ക്കുന്നു, പണിയെടുക്കുന്നു, ഉറങ്ങുന്നു. അതേസമയം പുറംലോകത്തു നിലനിൽക്കുന്ന വിഷയങ്ങളും സുഖങ്ങളും മോടികളും മോഹങ്ങളും അവരുപേക്ഷിയ്ക്കുന്നു. അവരന്യോന്യം സഹോദരരെന്നു വിളിയ്ക്കുന്നു. അതേസമയം, അവർ മുട്ടുകുത്തി നിന്നു കൈകൾ കൂപ്പി അന്ധകാരത്തിലേയ്ക്കു സൂക്ഷിച്ചു നോക്കി പ്രാർത്ഥിയ്ക്കുന്നു. അതെ, അവർ അപാരതയിലേയ്ക്കാണ കണ്ണുയർത്തുന്നത്! കണ്ണുകൾക്കു ചെന്നെത്താൻ കഴിയാത്ത ദൈവികമായ അപാരതയ്ക്കു താഴെ മനസ്സുകൊണ്ടു തൊട്ടറിയുന്ന ആത്മാവെന്ന മറ്റൊരപാരത അവർ കണ്ടെത്തുന്നു; അവ തമ്മിൽ കൂട്ടിയിണക്കാനുള്ള ആത്മാർത്ഥമായ ശ്രമത്തിന്റെ ഭാഗമായി അവർ പ്രാർത്ഥനയുടെ വഴി സ്വീകരിയ്ക്കുന്നു!

നിരീശ്വരതയിൽ വിശ്വസിയ്ക്കുന്ന ഒരുപാടു നല്ല മനുഷ്യരുണ്ട്. പക്ഷേ, സത്യത്തിൽനിന്നു പിന്തിരിഞ്ഞു നടക്കുന്ന തങ്ങൾ നിരീശ്വരവാദികളാണെന്ന വസ്തുതപോലും അവർക്കറിയില്ല. വിവരണങ്ങളിൽ മാത്രമാണവർക്കു താൽപ്പര്യം, അനുഭവങ്ങളിലല്ല. അതേ സമയം ത

ത്വജിജ്ഞാസുക്കളെന്ന നിലയ്ക്ക് അവർ ദൈവികതയെ തെളിയിയ്ക്കുക യാണ ചെയ്യുന്നത്. 'ഇച്ഛ'യ്ക്കു പിന്നിൽ 'ശക്തി'യെ പ്രതിഷ്ഠിച്ചതുവഴി മ നുഷ്യചിന്തയിലൊരു പരിവർത്തനം കൊണ്ടുവന്നതായി അവർ അ വകാശപ്പെട്ടു. അപാരതയുടെ ഇച്ഛാശക്തിയെ, അഥവാ ദൈവത്തെ, നിഷേധിയ്ക്കാൻ അപാരതയെ നിഷേധിയ്ക്കാതെ മറ്റൊരു മാർഗമില്ല. അപാരതയില്ലെങ്കിൽ സകലതും സങ്കൽപ്പമായി മാറും. ഇല്ലാത്തതി നേക്കാൾ ഉള്ളതിലാണ മനുഷ്യൻ ജീവിയ്ക്കുന്നത്. മനുഷ്യന്റെ അവ സ്ഥ മെച്ചപ്പെടുത്തുന്നതിലായിരിയ്ക്കണം, തത്വചിന്തയുടെ ശ്രദ്ധ; ശാ സ്ത്രം ഒരു ദീപനൗഷധത്തിന്റെ ദൗത്യമാണ നിറവേറ്റേണ്ടത്. സത്യ ത്തിൽനിന്നു മുളച്ചു വരുന്നതാണ സദാചാരം. 'ഇതെന്റെ ശരീരം, ഇ തെന്റെ രക്തം, നിങ്ങൾക്കെടുക്കാ'മെന്നു പറയുമ്പോൾ ജ്ഞാനമൊരു 'തിരുവത്താഴ'മായി മാറുന്നു. ഈ വഴിയ്ക്കാണ തത്വചിന്ത മതത്തിലേ യ്ക്കു കയറിച്ചെല്ലുന്നത്.

സൃഷ്ടികർത്താവിനെ പൂജിയ്ക്കുകയും ജീവാത്ഭുതങ്ങളെക്കുറിച്ചോർ ത്തു കോരിത്തരിയ്ക്കുകയും ചെയ്യുന്നതിൽ മാത്രം ഒതുങ്ങാതെ വിശ്വാ സത്തിൽനിന്ന് അന്ധവിശ്വാസത്തേയും ദൈവത്തിൽനിന്നു പിശാ ചിനേയും തട്ടിമാറ്റേണ്ടതു നമ്മുടെ ചുമതലയാണ്. സഹജമായ യാ തൊന്നും ഉപേക്ഷിയ്ക്കുകയോ നിഷേധിയ്ക്കുകയോ ചെയ്യാതെ നിരന്ത രം വെളിച്ചത്തിലേയ്ക്കു മുന്നേറാനുള്ള അത്തരമൊരു അധികാരമാണ ജനാധിപത്യം മനുഷ്യനു നൽകുന്നത്.

പരസ്പരവിരുദ്ധമായൊരു സങ്കൽപ്പമാണ കന്യാമഠം. ഭക്തിയും വിഭക്തിയും, ദുഷ്ടതയും ശിഷ്ടതയും, ദണ്ഡനവും പീഡാനുഭവവും, അ വിടെ ഒരുമിച്ചു വസിയ്ക്കുന്നു. മരണാനന്തരമുള്ള സ്വർഗത്തിനുവേണ്ടി ഭൂമിയിലെ നരകം അവർ യാചിച്ചു വാങ്ങുന്നു. ഇക്കാലത്തു പക്ഷേ, സ്ത്രീകളാണ കൂടുതൽ കഷ്ടപ്പെടുന്നത്. ക്ഷീണിച്ചുപോയ ജീവിതത്തി ന്റെ പ്രകാശം മരണത്തിന്റെ മങ്ങിയ വെളിച്ചവുമായി കൂടിച്ചേരുന്ന ഒരന്തിച്ചുവപ്പിന്റെ അതിർവരമ്പാണ കന്യാമഠം. അതിലെ അന്തേ വാസികളായ സാധുക്കളെക്കുറിച്ച്, ചുറ്റും കട്ടപിടിച്ച ഇരുട്ടിലേയ്ക്ക് ഇമ

വെട്ടാതെ സൂക്ഷിച്ചുനോക്കി, അമ്പരന്നു പരിഭ്രമിച്ചു പേടിച്ചരണ്ട്, വല്ലപ്പോഴും മുട്ടു കുത്തി നിന്നു പ്രാർത്ഥിച്ചു ദൈവത്തിന്റെ സാന്ത്വനങ്ങളേറ്റു വാങ്ങി, നിശ്ശബ്ദതയുടെ അതിർവരമ്പുകളിൽ താമസിയ്ക്കാൻ ഇഷ്ടപ്പെടുന്ന വിനീതരായ ആ ആത്മാക്കളെക്കുറിച്ച്, ഭയവും വാത്സല്യവും അനുകമ്പയും കൂടാതെ നമുക്കൊരിയ്ക്കലും ചിന്തിയ്ക്കാനാവില്ല.

8 : ചുടലമൈതാനങ്ങൾ

ഴാങ്‌വാൽഴാങ് കന്യാമഠത്തിന്റെ മതിൽ ചാടി താഴെ ചെന്നപ്പോൾ പെട്ടെന്നു വിജനതയിൽനിന്നെന്നപോലെ ഒഴുകിവന്ന ഗാനം സന്യാസിനിമാരുടെ പ്രഭാതകീർത്തനമായിരുന്നു; ജനാലയ്ക്കലൂടെ കണ്ട കാഴ്ച, ഒരു സന്യാസിനി നിലത്തു കമിഴ്ന്നു കിടന്നു നടത്തിയ പ്രായശ്ചിത്തവുമായിരുന്നു. അപ്പോഴത്തെ മാനസികാവസ്ഥയിൽ ഴാങ്‌വാൽഴാങിനു പക്ഷേ അവയെല്ലാം കുറച്ചു ഭീകരമായിത്തന്നെ തോന്നിയതിൽ അത്ഭുതപ്പെടാനില്ല!

കൊസെത്തിനെ ഉറക്കിക്കിടത്തിയശേഷം ഴാങ്‌വാൽഴാങും ഫൂഷൽവാങും ക്ഷീണിച്ച് ഓരോ വൈയ്ക്കോൽക്കെട്ടിന്മേൽ ചെന്നു വീണു. പക്ഷേ, അവർക്കുറക്കം വന്നില്ല. ഇനിയവിടെനിന്നും ഒരു തിരിച്ചുപോക്കില്ലെന്നു ഴാങ്‌വാൽഴാങ് തീർച്ചപ്പെടുത്തി; ഇതുപോലെ സുരക്ഷിതമായ മറ്റൊരു സ്ഥലമില്ല! ഫൂഷൽവാങാകട്ടെ, മറ്റൊരു പുരുഷനെ തീർത്തും അപകടകരമായവിധം എങ്ങനെ കന്യാമഠത്തിൽ പാർപ്പിയ്ക്കുമെന്നാണു ചിന്തിച്ചത്. ഒരു കുട്ടിയേയും കൈയിലെടുത്തു മതിൽ ചാടിയാണു ഴാങ്‌വാൽഴാങ് വന്നതെന്ന വിശദീകരണം അയാൾക്കു വിശ്വസിയ്ക്കാനായില്ല. മാസങ്ങളായി കന്യാമഠത്തിൽത്തന്നെ കഴിഞ്ഞുപോന്ന അയാൾ പുറത്തു നടക്കുന്ന സംഭവങ്ങളെക്കുറിച്ചു തീർത്തും നിരഭിജ്ഞനായിരുന്നു. മൊസ്യു മദലിയൻ ഭരണവിഷയമായ എന്തോ കുടുക്കിലകപ്പെട്ട് ഒളിവിലാണെന്നുമാത്രം അയാൾ ഊഹിച്ചെടുത്തു. അപ്പോൾ കുട്ടിയുടെ കാര്യമോ? അവളൊരുപക്ഷേ അദ്ദേഹത്തിന്റെ പേരക്കുട്ടിയായിരിയ്ക്കാമെന്നും അയാൾ സംശയിച്ചു. ഴാങ്‌വാൽഴാങിനോടു നേരിട്ടു കാര്യങ്ങൾ ചോദിയ്ക്കാനുള്ള ധൈര്യവും അ

യാൾക്കുണ്ടായില്ല. ഒടുവിൽ അയാളൊന്നു തീരുമാനിച്ചു: 'മൊസ്യ മദലിയൻ സ്വന്തം ജീവൻ പണയപ്പെടുത്തി എന്റെ ജീവൻ രക്ഷിച്ചു; ഇനി എന്റെ ഊഴമാണ്. കള്ളനോ കൊലപാതകിയോ ആരുമാകട്ടെ, ഞാനദ്ദേഹത്തെ രക്ഷിച്ചേ മതിയാകൂ!'

ഴാങ്‌വാൽഴാങിനെ കന്യാമഠത്തിൽ പാർപ്പിയ്ക്കുകയെന്ന അസാദ്ധ്യതയുടെ മുമ്പിൽ ഫൂഷൽവാങ് ചൂളി നിന്നില്ല. ചെറുപ്പത്തിൽ കൃഷിയിലും ആധാരമെഴുത്തിലും വണ്ടിപ്പണിയിലും കൂലിപ്പണിയിലുമൊക്കെ കൈവെച്ചു തഴക്കം വന്ന അയാൾക്കു മറ്റുള്ളവരെ കാര്യം പറഞ്ഞു ബോദ്ധ്യപ്പെടുത്താൻ സഹജമായൊരു സിദ്ധിയുണ്ടായിരുന്നു. മാത്രമല്ല, കന്യാമഠത്തിലെ താമസം ഉള്ളിലുള്ള സ്വാർത്ഥത മുഴുവൻ ഊറ്റിക്കളഞ്ഞു പുണ്യങ്ങളെന്തെങ്കിലും ചെയ്യാനുള്ള ഒരു മോഹവും അയാളിലുണർത്തിയിരുന്നു.

രാവിലെ രണ്ടുപേരും കൂടിയാലോചിച്ചു. ഫൂഷൽവാങ് പറഞ്ഞു, "നിങ്ങൾ നല്ല സമയത്താണു വന്നത്. ഇവിടെയൊരു മുതിർന്ന സന്യാസിനി മരിയ്ക്കാൻ കിടക്കുകയാണ്. അതുകൊണ്ട് അവരാരും ഇന്ന് ഈ ഭാഗത്തേയ്ക്കു വരില്ല. പക്ഷേ, കുട്ടികളുണ്ട്, കളിച്ചു കളിച്ച് അവരുടെ പന്തെങ്ങാനും ഇങ്ങോട്ടുരുണ്ടു വന്നാൽ–"

"കുട്ടികളോ?", ഴാങ്‌വാൽഴാങ് ചോദിച്ചു.

"അതെ, ഇവിടെ പഠിയ്ക്കുന്ന വികൃതികളായ ചില പെൺകുട്ടികൾ! നിങ്ങളെ കണ്ടാലുടനെ അവരുറക്കെ ബഹളം വെയ്ക്കും!"

ഴാങ്‌വാൽഴാങ് വിചാരിച്ചു, 'അപ്പോൾ കൊസെത്തിനിവിടെ സുഖമായി പഠിയ്ക്കാനും സാദ്ധ്യതയുണ്ട്!'

പെട്ടെന്നൊരു മണി മുഴങ്ങി. ഫൂഷൽവാങ് പറഞ്ഞു, "അതാ, ആ സന്യാസിനി മരിച്ചു. ഇനി ഇരുപത്തിനാലു മണിക്കൂർ നേരം, ശവസംസ്കാരം കഴിയുന്നതുവരെ ഇടയ്ക്കിടെ മണി മുഴങ്ങിക്കൊണ്ടിരിയ്ക്കും. അതിനിടയിൽ കാവൽക്കാരന്റെ കണ്ണിൽപ്പെടാതെ അകത്തു വന്ന നിങ്ങൾ പുറത്തു കടക്കണം. പടിവാതിൽ കടന്നല്ലാതെ ഇവിടേയ്ക്കാർക്കും പ്രവേശനമില്ല. കുട്ടിയെ ഞാനെന്റെ മുന്തിരിക്കൊട്ടയിൽ ചാ

ക്കിട്ടു മൂടി പുറത്തെത്തിച്ച ചന്തയ്ക്കടുത്തു താമസിയ്ക്കുന്ന ഒരു കൂട്ടുകാര ന്റെ വീട്ടിൽ നിർത്താം. പക്ഷേ, നിങ്ങൾ വന്നതുപോലെ പുറത്തേയ്ക്കു പോയേ തീരൂ!"

"അസാദ്ധ്യം!", ഴാങ്വാൽഴാങ് പെട്ടെന്നു പറഞ്ഞു, "ഫൂഷൽവാങ്, ഞാൻ മാനത്തുനിന്നു വീണതാണെന്നു പറഞ്ഞേക്കൂ!"

"അതെ, അതെനിയ്ക്കറിയാം. ദൈവം നിങ്ങളെ നല്ലവണ്ണമൊന്നു നോക്കിക്കാണാൻവേണ്ടി കൈയിലെടുത്തു താഴോട്ടിട്ടതായിരിയ്ക്ക ണം! പക്ഷേ മറ്റുള്ളവർക്കു വിശ്വാസം വരണ്ടേ?" അടുത്ത മണിനാദം കേട്ടു ഫൂഷൽവാങ് തുടർന്നു, "അതാ മരണമുറപ്പാക്കാൻ വൈദ്യൻ വ ന്നുകഴിഞ്ഞു. അയാൾ അനുവാദപത്രത്തിൽ ഒപ്പിട്ടാൽ സർക്കാരധി കൃതർ ശവമഞ്ചം കൊടുത്തയയ്ക്കും. സന്യാസിനിമാർ ശവം പെട്ടിയി ലെടുത്തു വെയ്ക്കുമെങ്കിലും ആണിയടിയ്ക്കാറാകുമ്പോൾ മഠാദ്ധ്യക്ഷ എ ന്നെ വിളിയ്ക്കും!"

ഴാങ്വാൽഴാങ് ശാന്തമായുറങ്ങുന്ന കൊസെത്തിന്റെ മുഖത്തുനി- ന്നു കണ്ണുകളെടുത്തില്ല. വൃദ്ധനൊരു വായാടിയെപ്പോലെ പറയാൻ തു ടങ്ങി, "പുറത്തു വോഗിരാർശ്മശാനത്തിലാണു ശവം കുഴിച്ചിടുന്നത്. സന്യാസിനിമാർക്കു മാത്രമായി അവിടെയൊരു സ്ഥലമുണ്ട്. എന്റെ യൊരു കൂട്ടുകാരനാണു കുഴിവെട്ടുകാരൻ-"

അടുത്ത മണി മുഴങ്ങി. ഫൂഷൽവാങ് ചുമരിലെ ആണിയിൽ തൂ- ക്കിയിട്ടിരുന്ന മണിയെടുത്തു കാലിൽ കെട്ടി പറഞ്ഞു, "അതാ മഠാ- ദ്ധ്യക്ഷ എന്നെ വിളിയ്ക്കുന്നു. മൊസ്യു മദലിയൻ, ഞാൻ വരുന്നതുവരെ നിങ്ങളിവിടെ ഇളകാതിരിയ്ക്കണം. വിശപ്പു മാറ്റാൻ മേശപ്പുറത്തു വീ ഞ്ഞും അപ്പവുമുണ്ട്, ഞാൻ പോകുന്നു."

മഠാദ്ധ്യക്ഷ സന്യാസിനിമാരുടെ യോഗം നടക്കുന്ന പ്രാർത്ഥനാ മുറിയിൽനിന്നു പുറത്തിറങ്ങി ഫൂഷൽവാങിനെ കാത്തിരിയ്ക്കുകയായി രുന്നു. സ്വതേ സന്തോഷശീലയായ മദാം ഇന്നൊസെന്തിന്റെ മുഖ ത്തു പതിവില്ലാത്തൊരു സംഭ്രമവും ഗൗരവവും ഫൂഷൽ വാങ് ശ്രദ്ധി ച്ചു. അയാളെ കണ്ടയുടനെ മുഖവുര കൂടാതെ അവർ തുടങ്ങി, "അത്യാ വശ്യമായി എനിയ്ക്കൊന്നു പറയാനുണ്ട്-"

"എനിയ്ക്കും ഒരു കാര്യം പറയാനുണ്ട്", ചെറിയൊരു ഉൾക്കിടില ത്തോടെ ഫൂഷൽവാങ് തുടങ്ങിവെച്ചു. അപ്രതീക്ഷിതമായ പ്രതികര ണം കേട്ട മഠാദ്ധ്യക്ഷ തെല്ലൊന്നു പിൻവാങ്ങി അയാളെ തുറിച്ചുനോ ക്കി, "എന്ത്, നിങ്ങൾക്കെന്നോടെന്തോ പറയാനുണ്ടെന്നോ? ശരി, എന്നാൽ കേൾക്കട്ടെ!"

പണിയിലെ കൃത്യതയും പെരുമാറ്റത്തിലെ ആത്മാർത്ഥതയും കൊണ്ടു മഠാദ്ധ്യക്ഷയുടെ വിശ്വാസം നേടിക്കഴിഞ്ഞിരുന്ന അയാൾ കിട്ടിയ അവസരം മുതലാക്കി ചെറിയൊരു പ്രസംഗംതന്നെ നടത്തി. പ്രായത്തിന്റെ അവശതകളും കന്യാമഠത്തിൽ ദിനംപ്രതി കൂടിവരു ന്ന പണിത്തിരക്കുകളും ഓരോന്നായി എണ്ണിപ്പെറുക്കി അയാളിങ്ങ-നെ അവസാനിപ്പിച്ചു: 'നല്ലൊരു തോട്ടക്കാരനായ സഹോദരനേയും മകളേയും കൂടെ താമസിപ്പിയ്ക്കാൻ അനുവദിച്ചാൽ എനിയ്ക്കൊരു താ ങ്ങും മഠത്തിനൊരു ബലവുമാകുമായിരുന്നു!'

എല്ലാം ശ്രദ്ധിച്ചു കേട്ട മഠാദ്ധ്യക്ഷ മറുപടിയൊന്നും പറയാതെ ചോദിച്ചു, "ഇന്നു വൈകുന്നേരത്തോടെ നല്ല ബലമുള്ള ഒരു ഇരുമ്പു പാര കൊണ്ടുവരാൻ പറ്റുമോ?"

"കൊണ്ടുവരാം", ഫൂഷൽവാങ് പറഞ്ഞു. മഠാദ്ധ്യക്ഷ മറ്റൊന്നും പ റയാതെ തൊട്ടടുത്ത പ്രാർത്ഥനാമുറിയിലേയ്ക്കു പോയി പതിനഞ്ചു മി നിട്ടിനകം തിരിച്ചെത്തി. പിന്നീട് അവർ തമ്മിൽ നടന്ന സംഭാഷ ണം ഇങ്ങനെയായിരുന്നു:

"സന്യാസിനിമാർ പതിവായി പ്രാർത്ഥിയ്ക്കുന്ന മുറിയിലെ അൾ ത്താരയും തിരുവത്താഴമേശയും നിങ്ങൾ കണ്ടിട്ടുണ്ടോ?"

"പണിയുമായി ബന്ധപ്പെട്ടു രണ്ടുമൂന്നു തവണ ഞാനങ്ങോട്ടു കയ റിയിട്ടുണ്ടെന്നാണൊരു ഓർമ്മ!"

"അവിടെയൊരു കൽവരിക്കല്ലെടുത്തു പൊന്തിയ്ക്കണം"

"നിലവറ മൂടുന്ന കല്ലോ?"

"അതെ"

"രണ്ടുപേരില്ലാതെ അതെടുത്തു പൊന്തിയ്ക്കാനാവില്ല"

"നല്ല ആരോഗ്യമുള്ള മദർ അസെൻഷ്യൻ സഹായിയ്ക്കും"

"സ്ത്രീ ഒരിയ്ക്കലും പുരുഷനു പകരമാവില്ല"

"അവരവരുടെ കഴിവിനൊത്ത പ്രവൃത്തിയാണു നന്മ!"

"അതെ, ഞാൻ സമ്മതിയ്ക്കുന്നു"

"അപ്പോൾ, നിങ്ങൾ ഇരുമ്പുപാര കൊണ്ടുവരും?"

"ഇരുമ്പുപാര പ്രയോഗിയ്ക്കാൻ സഹോദരനേ അറിയൂ!"

"കല്ലിന്മേലൊരു വട്ടക്കണ്ണിയുണ്ട്"

"ഇരുമ്പുപാര വട്ടക്കണ്ണിയിലിട്ടു ഞാൻ നിലവറ തുറക്കും"

"ഫൂഷൽവാങ്, നിങ്ങളെ ഞങ്ങൾക്കു വിശ്വാസമുണ്ട്"

"നന്ദി, ഞാനതെന്നും മനസ്സിൽ സൂക്ഷിയ്ക്കും"

"നിലവറ അടയ്ക്കുന്നതിനുമുമ്പ് ഒരു പെട്ടി താഴോട്ടിറക്കണം"

ഒരു നിമിഷത്തെ മൗനത്തിനുശേഷം മഠാദ്ധ്യക്ഷ തുടർന്നു.

"പുണ്യവതിയായ മദർ ക്രൂസിഫിക്ഷൻ മരിച്ചു!"

"അതെ, ഞാൻ മണിയടി കേട്ടു"

"സന്യാസിനിമാർ അവരെ ശവമുറിയിലേയ്ക്കാക്കി"

"എനിയ്ക്കറിയാം, പള്ളിയുടെ തൊട്ടടുത്ത കെട്ടിടം"

"നിങ്ങളല്ലാതെ മറ്റൊരാളും അങ്ങോട്ടു കടക്കാൻ പാടില്ല"

ഫൂഷൽവാങ് നെറ്റിയിലെ വിയർപ്പു വടിച്ചുകളഞ്ഞു.

മഠാദ്ധ്യക്ഷ തുടർന്നു, "മദർ ക്രൂസിഫിക്ഷൻ മരിയ്ക്കുന്നതിനു തൊട്ടു മുമ്പു ദൈവദൂതന്മാരോടു സംസാരിച്ചശേഷം ഞങ്ങൾക്കു ചില നിർദ്ദേശങ്ങൾ തന്നു. ഇരുപതുകൊല്ലമായി കിടന്നുറങ്ങിപ്പോന്ന അതേ ശവമഞ്ചത്തിൽ അവർ സംസ്കരിയ്ക്കപ്പെടണം".

"അപ്പോൾ, ആ ശവമഞ്ചത്തിനു ഞാൻ ആണി തറയ്ക്കണം"

"അതെ"

"സർക്കാർ തന്നയയ്ക്കുന്ന ശവപ്പെട്ടി ഉപേക്ഷിയ്ക്കണം"

"അതെ, എന്നിട്ടു ശവമഞ്ചം നിലവറയിലേയ്ക്കിറക്കണം"

"മറ്റാരെങ്കിലും അറിഞ്ഞാൽ, പോലീസുകാർ–"

"ഞങ്ങൾക്കു നിങ്ങളെ നല്ല വിശ്വാസമുണ്ട്!"

"ശരി, ഞാൻ പറഞ്ഞതുപോലെ ചെയ്യാം"

"രാത്രി പതിനൊന്നു മണിയ്ക്കുള്ള പ്രാർത്ഥന കഴിഞ്ഞാൽ ഞങ്ങളെല്ലാവരും തിരിച്ചുപോരും. എല്ലാം രഹസ്യമായിരിയ്ക്കണം!"

"അപ്പോൾ സർക്കാരിന്റെ ശവപ്പെട്ടിയിൽ മണ്ണു നിറയ്ക്കാം?"

"അതെ, മണ്ണാവാനുള്ളതാണല്ലോ മനുഷ്യൻ!'

ഫൂഷൽവാങ് പുറത്തേയ്ക്കു കടക്കുന്നതിനു മുമ്പു മഠാദ്ധ്യക്ഷ പതുക്കെ പറഞ്ഞു, "ഫൂഷൽവാങ്, നാളെ വരുമ്പോൾ സഹോദരനേയും മകളേയും കൂടെ കൂട്ടിക്കൊള്ളൂ!"

ഫൂഷൽവാങ് തിരിച്ചു ചെല്ലുമ്പോഴേയ്ക്കും ഴാങ്‌വാൽഴാങ് കൊസെത്തിനോടു മുന്തിരിക്കൊട്ടയിൽ പതുങ്ങിയിരുന്നു പുറത്തു കടക്കാനുള്ള വഴികളൊക്കെ പറഞ്ഞുറപ്പിച്ചിരുന്നു. വാതിൽ തുറക്കുന്ന ശബ്ദം കേട്ടു ഴാങ്‌വാൽഴാങ് ചോദിച്ചു, "മഠാദ്ധ്യക്ഷ എന്തു പറഞ്ഞു?"

"താമസിയ്ക്കാനുള്ള അനുവാദം കിട്ടി. പക്ഷേ, അകത്തേയ്ക്കു വരുന്നതിനുമുമ്പു നിങ്ങൾ പുറത്തെത്തണമല്ലോ!"

ഫൂഷൽവാങ് മഠാദ്ധ്യക്ഷയുമായുണ്ടാക്കിയ കരാറിന്റെ വിശദാംശങ്ങൾ ഴാങ്‌വാൽഴാങിനെ ധരിപ്പിച്ചു പറഞ്ഞു, "-സർക്കാരിന്റെ ശവപ്പെട്ടിയിൽ മണ്ണിടാമെന്നു പറഞ്ഞതിൽ മാത്രം ചെറിയൊരപകടമുണ്ട്. പെട്ടി ചെരിയ്ക്കുമ്പോൾ മണ്ണെങ്ങാനും താഴെ വീണാൽ കള്ളിയെല്ലാം വെളിച്ചത്താവും"

"എങ്കിൽ മണ്ണിനു പകരം ശവപ്പെട്ടിയിലൊരാളെ വെയ്ക്കണം"

"ആരെ?"

"എന്നെത്തന്നെ!"

പെട്ടെന്നു തൊട്ടടുത്തൊരു വെടിയുണ്ട പൊട്ടിയതുപോലെ വൃദ്ധൻ ഞെട്ടി. ഴാങ്‌വാൽഴാങ് പറഞ്ഞു, "അതെ, മദർ ക്രൂസിഫിക്ഷൻ മരിച്ചു, 'മൊസ്യൂ മദലിയൻ' സംസ്കരിയ്ക്കപ്പെട്ടു!"

തണ്ടുവലിശിക്ഷ അനുഭവിച്ച കാലത്തു രക്ഷപ്പെടാൻവേണ്ടി പല വഴികളും പരീക്ഷിച്ചിട്ടുള്ള അയാൾക്കിതു വളരെ നിസ്സാരമായിരുന്നു. ഫൂഷൽവാങിനു പക്ഷേ, അങ്ങനെയൊന്നു ചിന്തിയ്ക്കാൻപോലുമായില്ല. കുറച്ചുനേരം കഴിഞ്ഞു ബോധം വീണ്ടു കിട്ടിയ ഫൂഷൽവാങ് ചോ

ദിച്ചു, "അപ്പോൾ, നിങ്ങളെങ്ങനെ ശ്വാസം വിടും? ഇടയ്ക്കു തുമ്മുകയോ ചുമയ്ക്കുകയോ മറ്റോ ചെയ്താൽ-"

"അതിനെക്കുറിച്ചു തൽക്കാലം വേവലാതിപ്പെടേണ്ട, ഈ പരിപാടി എങ്ങനെ നടപ്പാക്കാമെന്നാലോചിയ്ക്കു"

"ശവമുറിയിൽ ഞാനും വൈദ്യനമല്ലാതെ മറ്റാരുമുണ്ടാവില്ല. രാത്രിയായതുകൊണ്ട് ശവമടക്കിന്റെ സാധനങ്ങൾ സൂക്ഷിയ്ക്കുന്ന തൊട്ടടുത്ത അറയിൽ നിങ്ങളെ ഞാനൊളിപ്പിച്ചു നിർത്താം".

"നാളെ എപ്പോഴാണ സർക്കാർവണ്ടി വരുന്നത്?"

"ഉച്ചയ്ക്കു മൂന്നുമണിയോടെ അവരെത്തും. ചുടലസ്ഥലം അത്ര അടുത്തല്ല. സന്ധ്യയ്ക്കു മുമ്പായി അവർ ശവം മറവു ചെയ്യും"

"എങ്കിൽ ഉച്ചയ്ക്കു രണ്ടുമണിയോടെ നിങ്ങൾക്കെന്നെ ശവമഞ്ചത്തിലാക്കി ആണിയടിയ്ക്കാം! ചുടലസ്ഥലത്തെത്തിയാൽ മാത്രമേ എനിയ്ക്കൊരു ഭയമുള്ളൂ", ഴാങ്‌വാൽഴാങ് പറഞ്ഞു.

"ഇവിടെനിന്നു പുറത്തു കടന്നാൽ പിന്നത്തെ കാര്യം ഞാനേറ്റു. എന്റെയൊരു കൂട്ടുകാരനാണ കുഴിവെട്ടുകാരൻ മെസ്തീൻ. രണ്ടു കുപ്പി കള്ളു കരുതിയാൽ മതി! അയാൾ ബോധംകെട്ടു വീഴുമ്പോൾ നിങ്ങളെ ഞാൻ കുഴിയിൽനിന്നു വലിച്ചു കയറ്റും!"

"ശരി, അപ്പോൾ നമുക്കങ്ങനെ ഉറപ്പിയ്ക്കാം!"

പിറ്റേന്നു വൈകുന്നേരം നാലുമണിയോടെ വോഗിരാർശ്മശാനത്തിലേയ്ക്കു പോകുന്ന പഴയൊരു ശവവണ്ടി കണ്ടു വഴിയാത്രക്കാർ തലയിൽനിന്നു തൊപ്പിയെടുത്തു വണങ്ങി മാറി നടന്നു. വണ്ടിക്കാരായ രണ്ടുപേർക്കു പുറമേ വികാരിയും വൃദ്ധനായൊരു മുടന്തനും മാത്രമേ ആ സംഘത്തിലുണ്ടായിരുന്നുള്ളൂ.

മദർ ക്രൂസിഫിക്ഷനെ തിരുവത്താഴമേശയ്ക്കു താഴെ നിലവറയിൽ അടക്കം ചെയ്യുക, കൊസെത്തിനെ പുറത്തെത്തിച്ചു സ്നേഹിതന്റെ പക്കലേൽപ്പിയ്ക്കുക, ഴാങ്‌വാൽഴാങിനെ ശവമഞ്ചത്തിലാക്കി ആണിയടിയ്ക്കുക - ഈ മൂന്നു കാര്യങ്ങളും തടസ്സങ്ങളില്ലാതെ കഴിഞ്ഞതുകൊണ്ട് ശവവണ്ടിയ്ക്കു പിന്നാലെ നടക്കുമ്പോൾ ഫൂഷൽവാങിന്റെ മനസ്സു മിക്കവാറും സ്വസ്ഥമായിരുന്നു.

ചുടലകാവൽക്കാരനെ വിവരം ധരിപ്പിച്ച് ശവവണ്ടിയുമായി അകത്തു കടന്ന ഫൂഷൽവാങിനെ പിന്നിൽനിന്നൊരാൾ തോണ്ടിവിളിച്ചു പറഞ്ഞു, “ഞാനാണു കുഴിവെട്ടുകാരൻ ഗ്രിബിയെ!”

"അപ്പോൾ, മെസ്തീൻ-?”

"അയാളിന്നലെ മരിച്ചുപോയി!”

പെട്ടെന്നൊരു വെടിയുണ്ട മാറത്തു വന്നു പതിച്ചതുപോലെ ഫൂഷൽവാങിന്റെ മുഖം വിളറി വെളുത്തു. മറ്റെന്തും അയാൾ പ്രതീക്ഷിച്ചിരുന്നു, ഒരു ശവക്കുഴിവെട്ടുകാരൻ മരിയ്ക്കുന്നതൊഴികെ! പക്ഷേ, ആലോചിച്ചുനിൽക്കാൻ സമയമില്ല.

"അപ്പോൾ.., നമുക്കൊന്നു പരിചയപ്പെടണ്ടേ! ഗ്ലാസുകളും ഹൃദയങ്ങളും കൂട്ടിമുട്ടിയ്ക്കുന്ന ചടങ്ങില്ലാതെ-"

"ഞാൻ കുടിയ്ക്കാറില്ല..., എന്തായാലും ജോലി കഴിയട്ടെ!"

ശവമഞ്ചത്തിൽ കിടന്നു മരിച്ചവരുടെ വിശ്രമസുഖം അനുഭവിയ്ക്കുന്ന ഴാങ്‌വാൽഴാങ് വണ്ടി ചുടലയിലേയ്ക്കു കടന്നതും ശവക്കുഴിയ്ക്കടുത്തെത്തിയതും സ്വയം മനസ്സിലാക്കി. പെട്ടെന്നു പെട്ടി കീഴ്മേൽ മറിഞ്ഞപോലെ ചെരിഞ്ഞപ്പോൾ അയാൾക്കൊന്നു തല കറങ്ങി. അനക്കം നിന്നപ്പോൾ കുഴിയ്ക്കു താഴത്തെത്തിയതായി അയാളറിഞ്ഞു; നാലു വശത്തും തണുപ്പു പടർന്നിറങ്ങി. മുകളിൽനിന്നു കേട്ട ചില ലാറ്റിൻ വാക്കുകളെത്തുടർന്നു തണുത്ത വിശുദ്ധജലം ശവമഞ്ചത്തിന്റെ മേൽപ്പലകയിൽ വന്നു വീണു. അയാളുടെ കണ്ണുകൾ അടഞ്ഞു.

ചടങ്ങുകൾ കഴിഞ്ഞു മതാചാര്യനും വണ്ടിക്കാരും തിരിച്ചുപോയപ്പോൾ ഫൂഷൽവാങും കുഴിവെട്ടുകാരനും തനിച്ചായി. ഗ്രിബിയെ മണ്ണിൽ കുത്തിനിർത്തിയിരുന്ന കൈക്കോട്ടെടുക്കാൻ കുനിയുന്നതു കണ്ട് ഫൂഷൽവാങ് അവസാനത്തെ അടവെടുത്തു.

"നല്ല തണുപ്പു തോന്നുന്നില്ലേ, സ്നേഹിതാ? തൊട്ടടുത്ത ചാരായക്കടയിൽ നല്ല മുന്തിയതരം വീഞ്ഞുണ്ടെന്നു കേട്ടു-"

"ഹേ മനുഷ്യാ, ഞാൻ പറഞ്ഞില്ലേ, എനിയ്ക്ക് ഏഴു കുട്ടികളെ പോറ്റാനുണ്ട്. അവരുടെ വിശപ്പും എന്റെ ദാഹവും തമ്മിൽ ഒരിയ്ക്കലും

പൊരുത്തപ്പെടില്ല!”, അയാളൊരു കൈക്കോട്ടു മണ്ണു കോരിയെടുത്തു കുഴിയിലിട്ടു. മണ്ണു ശവപ്പെട്ടിയിൽ തട്ടി താഴെ നിന്നുണ്ടായ മുഴക്കം കേട്ടു ഫൂഷൽവാങിന്റെ ദേഹം വിറച്ചു.

അയാൾ ഗ്രിബിയെയുടെ കൈക്കോട്ടു കടന്നുപിടിച്ചു പറഞ്ഞു, “വരൂ, ഒരു ഗ്ലാസ് മാത്രം, നമുക്കുടനെ വരാം –”

ഗ്രിബിയെ അയാളുടെ കൈ തട്ടി മാറ്റി ഒരു കൈക്കോട്ടു മണ്ണുകൂടി കുഴിയിലേയ്ക്കിട്ടു. ഒട്ടും താമസിയാതെ അടുത്തതും...

വൃദ്ധന്റെ ഭ്രാന്തുപിടിച്ച നോട്ടം പെട്ടെന്നു ഗ്രിബിയെയുടെ കുപ്പായക്കീശയിൽ ചെന്നു പതിഞ്ഞു. കുനിഞ്ഞുനിന്നു മണ്ണു വെട്ടുന്ന അയാളുടെ പിന്നിലൂടെ ചെന്നു ഫൂഷൽവാങ് കീശയിൽനിന്നെന്തോ വലിച്ചെടുത്തു. നാലാമതൊരു കൈക്കോട്ടു മണ്ണു കൂടി കുഴിയിലേയ്ക്കിട്ട അയാളെ തറപ്പിച്ചുനോക്കി വൃദ്ധൻ ചോദി ച്ചു, “ഹേ മനുഷ്യാ, നിങ്ങളുടെ പക്കൽ അനുവാദപത്രമുണ്ടോ?”

അയാൾ കീശയിൽ കൈയിട്ടു പരതി, കടലാസു കാണാതെ പരിഭ്രമത്തോടെ പറഞ്ഞു, “അയ്യോ, ഞാനതെടുക്കാൻ മറന്നു!”

"സാരമില്ല, പതിനഞ്ച് ഫ്രാങ്ക് പിഴ കൊടുക്കേണ്ടിവരും!”

"ദൈവമേ, ഞാനെന്തു ചെയ്യും?”, അയാൾ നിലവിളിച്ചു.

"പേടിയ്ക്കേണ്ടാ സഹോദരാ, പെട്ടെന്നു വീട്ടിൽ പോയി എടുത്തു കൊണ്ടുവരൂ. അതുവരെ ഞാനിവിടെ കാവൽ നിൽക്കാം!”

അയാളുടെ കാലടിശബ്ദം കേൾക്കാനില്ലെന്നു ചെവിയോർത്തു തീർച്ചപ്പെടുത്തിയശേഷം ഫൂഷൽവാങ് കുഴിയിലേയ്ക്കു കുനിഞ്ഞു നിന്നു പതുക്കെ വിളിച്ചു, “മൊസ്യു മദലിയൻ!”

ഉത്തരമില്ല! അടിവയറ്റിൽനിന്ന് ഒരാന്തൽ പടർന്നു കയറിയ ഫൂഷൽവാങ് പെട്ടെന്നു കുഴിയിലേയ്ക്കു തട്ടിത്തടഞ്ഞു വീണു. വിറയ്ക്കുന്ന വിരലുകൾകൊണ്ടു കീശയിൽനിന്നു ചുറ്റികയും ഉളിയും തപ്പിയെടുത്തു പതുക്കെ മണ്ണു ചികഞ്ഞു ശവപ്പെട്ടിയുടെ മേൽപ്പലക അയാൾ ഇളക്കിമാറ്റി. ഴാങ്വാൽഴാങിന്റെ മുഖം വിളർത്തിരുന്നു, കണ്ണുകൾ അടഞ്ഞിരുന്നു! സ്വയം മോഹാലസ്യപ്പെട്ടു വീഴാൻ തുടങ്ങിയ ഫൂഷൽവാങ് കുഴിയുടെ മൂലയ്ക്കൽ ചടഞ്ഞിരുന്നു ഴാങ്വാൽഴാങിനെ തുറി

ച്ചനോക്കി തേങ്ങിക്കരയാൻ തുടങ്ങി.

ശബ്ദം കേട്ടു കണ്ണു തുറന്ന ഴാങ്‌വാൽഴാങ് ശവപ്പെട്ടിയിൽ എഴു ന്നേറ്റിരുന്നു പറഞ്ഞു, “ഞാനൽപ്പം ഉറങ്ങിപ്പോയി!”

"അപ്പോൾ.. നിങ്ങൾ മരിച്ചിട്ടില്ല!”, ഫൂഷൽവാങ് ചാടിയെഴുന്നേറ്റു മേലോട്ടു നോക്കി പറഞ്ഞു, “ദൈവമേ, ഒരായിരം നന്ദി!”

അയാൾ കീശയിൽ കൈയിട്ടു തപ്പി ഒരു കുപ്പി വലിച്ചെടുത്തു, “ആദ്യമൊന്നു തണുപ്പു മാറ്റാം, എന്നിട്ടാവാം ബാക്കി-”

ഓരോ കവിൾ മദ്യം കുടിച്ചപ്പോഴേയ്ക്കും അവരുടെ ശക്തി വീണ്ടുകിട്ടി. മൂന്നു മിനിട്ടിനകം രണ്ടുപേരും കുഴിയ്ക്കു മുകളിലെത്തി ശവപ്പെട്ടിയുടെ സംസ്കാരം കഴിച്ചു. കുഴിവെട്ടുകാരൻ ഗ്രിബിയെയുടെ അനുവാദപത്രം കാണിച്ചു ചുടലകാവൽക്കാരനെ കബളിപ്പിച്ച ഫൂഷൽവാങ്, ഴാങ്‌വാൽഴാങുമായി നേരേ കൊസെത്തിനെ താമസിപ്പിച്ചിരുന്ന സ്നേഹിതന്റെ വീട്ടിലെത്തി. ഒന്നും മിണ്ടാതെ ഇരുപത്തിനാലു മണിക്കൂർ നേരം പേടിച്ചരണ്ടു തല കുനിച്ചിരുന്ന കൊസെത്ത്, ഴാങ്‌വാൽഴാങിനെ കണ്ട മാത്രയിൽ ഹൃദയത്തിന്റെ അഗാധതയിൽനിന്നൊരു സന്തോഷശബ്ദം പുറപ്പെടുവിച്ചു. നേരത്തേ പറഞ്ഞേൽപ്പിച്ചിരുന്നതുകൊണ്ട് കന്യാമഠത്തിലെ കാവൽക്കാരൻ മൂന്നുപേരേയും അകത്തേയ്ക്കു കടത്തിവിട്ടു. മഠാദ്ധ്യക്ഷ കൈയിലൊരു ജപമാലയുമായി അവരെ കാത്തിരിയ്ക്കുന്നുണ്ടായിരുന്നു. ഴാങ്‌വാൽഴാങിനെ ആപാദചൂഡം സൂക്ഷിച്ചുനോക്കി അവർ ചോദിച്ചു, “നിങ്ങളൊരു വിശ്വാസിയാണോ?”

"അതെ, കുടുംബത്തിലെല്ലാവരും”, ഫൂഷൽവാങ് പറഞ്ഞു.

"ഇവളുടെ അച്ഛനാണോ നിങ്ങൾ?”

"അല്ല, മുത്തച്ഛൻ!”, ഫൂഷൽവാങുതന്നെ വീണ്ടും പറഞ്ഞു.

കൊസെത്തിനെ സശ്രദ്ധം നോക്കി മഠാദ്ധ്യക്ഷ ആത്മഗതമായി പറഞ്ഞു, 'ഇവളൊരു വിരൂപയായി വളർന്നുവരും. അതുകൊണ്ട് മഠത്തിൽ ചേർക്കാൻ ബുദ്ധിമുട്ടുണ്ടാവില്ല!'

പിറ്റേന്നു മുതൽ സന്യാസിനിമാർക്കു മുഖപടം തെല്ലൊന്നു മാറ്റാനിടവരുന്നവിധം തോട്ടത്തിലെ പണിസ്ഥലത്തുനിന്നു മറ്റൊരാളുടെ

മണികിലുക്കം കൂടി കേൾക്കാൻ തുടങ്ങി. മഠാദ്ധ്യക്ഷയ്ക്കു കൊസെത്തിനെക്കുറിച്ചുണ്ടായ തോന്നലായിരുന്നു, സത്യത്തിൽ അവർക്കു കന്യാമഠത്തിലെ പ്രവേശനം സാദ്ധ്യമാക്കിയത്!

ഫൂഷൽവാങിനു പ്രധാനമായും മൂന്നു കാരണങ്ങൾകൊണ്ടു സന്തോഷവും സംതൃപ്തിയും തോന്നി. ഒന്നാമതു തന്റെ ജീവൻ രക്ഷിച്ച മൊസ്യൂ മദലിയനൊരു പ്രത്യുപകാരം ചെയ്യാനായി; രണ്ടാമത്, ചുടലകാവൽക്കാരനു പിഴയൊടുക്കേണ്ടി വരാതിരുന്നതുകൊണ്ട് കുഴിവെട്ടുകാരൻ ഗ്രിബിയെയുടെ നന്ദി പിടിച്ചുപറ്റാൻ കഴിഞ്ഞു; മൂന്നാമത്, മദർ ക്രൂസിഫിക്ഷന്റെ ശവമഞ്ചം തിരുവത്താഴമേശയ്ക്കു കീഴെ സൂക്ഷിയ്ക്കാൻ സഹായിച്ച സന്യാസിനിമാരുടേയും ദൈവത്തിന്റേയും പ്രീതി സമ്പാദിയ്ക്കാനായി! അയാളോടുള്ള പ്രീതി സ്വയം മറച്ചുവെയ്ക്കാതെ, മഠാദ്ധ്യക്ഷ മെത്രാൻ വഴി കർദ്ദിനാളിലേയ്ക്കും ഒടുവിൽ പോപ്പിന്റെ ചെവിയിലുമെത്തിച്ചു. പക്ഷേ, നാട്ടിലെങ്ങും പരന്ന ഈ വിവരങ്ങളൊന്നും അറിയാതെ ഫൂഷൽവാങ് തോട്ടത്തിലെ പുല്ലു പറിച്ചും മത്തയ്ക്കു വളമിട്ടും മരക്കൊമ്പുകൾ വെട്ടിയും ദിവസം കഴിച്ചുപോന്നു.

കൊസെത്ത് വളരെ പെട്ടെന്നു കന്യാമഠത്തിലെ ജീവിതവുമായി പൊരുത്തപ്പെട്ടു. ഴാങ്വാൽഴാങിനെ അവൾ സ്വന്തം അച്ഛനായി കരുതി. അയാളവളുടെ പഴയ ഉടുപ്പും കാലുറകളും നശിപ്പിയ്ക്കാതെ ഒരു പെട്ടിയിലാക്കി സ്വന്തം കട്ടിലിനു താഴെ സൂക്ഷിച്ചു വെച്ചു. പഠിപ്പു കഴിഞ്ഞാലുടനെ ദിവസത്തിലൊരു മണിക്കൂർ വീതം അയാൾ കൊസെത്തുമായി ചിലവഴിയ്ക്കും. അവളുടെ മുഖത്തിനു തന്നെ മാറ്റം വന്നു. അവളിപ്പോൾ ചിരിയ്ക്കാൻ തുടങ്ങി. കൊസെത്തിന്റെ സന്തോഷം അയാളേയും ആഹ്ളാദിപ്പിച്ചു. അവളുടെ പഠിത്തവും ഉറക്കവും അവ ളറിയാതെ ശ്രദ്ധിയ്ക്കുന്നതിൽ അവാച്യമായ ആനന്ദം അയാളനുഭവിച്ചു.

ഒരിയ്ക്കലും കന്യാമഠത്തിലെ മതിൽക്കെട്ടിനു പുറത്തു പോകാതെ ഴാങ്വാൽഴാങ് രണ്ടാമതൊരു ജയിൽവാസം സ്വയം സ്വീകരിച്ചു. ചെറുപ്പത്തിൽ ശീലിച്ച കൃഷിപ്പണി അയാൾക്കിപ്പോൾ പ്രയോജനപ്പെട്ടു. തോട്ടത്തിൽ കാട്ടുമരങ്ങളെപ്പോലെ വളർന്നുവന്ന മരങ്ങളൊക്കെ അയാൾ വെട്ടിയൊതുക്കി ഫലസമൃദ്ധമാക്കി.

ചിലപ്പോൾ പണിയ്ക്കിടയിൽ അയാളോരോ പഴയ കാര്യങ്ങൾ ഓർമ്മിയ്ക്കും; തണ്ടുവലിശിക്ഷാകാലത്തു പേരില്ലാതെ വെറും നമ്പറുകൾ മാത്രമായിരുന്ന കൂട്ടുകാരെക്കുറിച്ചു ചിന്തിയ്ക്കും. വേനൽക്കാലത്തു വിയർത്തൊട്ടിയും മഞ്ഞുകാലത്തു തണുത്തു വിറച്ചും വിശപ്പിനു വീഞ്ഞും മാംസവുമില്ലാതെ കഴിച്ചുകൂട്ടിയ ദിവസങ്ങൾ! പുലർച്ച മുതൽ രാത്രിയാകുന്നതുവരെ കുറ്റിത്തലമുടിയുള്ള തലയും കുനിച്ചു പൊന്തൻവടി കൊണ്ടുള്ള പ്രഹരമേറ്റു നിശ്ശബ്ദം അനുസരണയോടെ പണിയെടുത്ത കാലം! ഉടനെ അയാളുടെ മനസ്സു വർത്തമാനകാലത്തേയ്ക്കു തിരിയും. ഇവിടെ മറ്റൊരു കൂട്ടർ മുറിച്ച മുടിയും താഴോട്ടു തൂങ്ങിയ കണ്ണുകളുമായി ലോകത്തിന്റെ പരിഹാസമേറ്റു വാങ്ങി തപോനിഷ്ഠകളിൽ മുഴുകി ജീവിതം ഹോമിയ്ക്കുന്നു. വീഞ്ഞും മാംസവുമില്ലാതെ, ഉപവാസങ്ങളും പ്രായശ്ചിത്തങ്ങളും നിർബന്ധപൂർവം ആചരിച്ച്, ഗാഢമായ ഉറക്കത്തിനിടയിലും പിടഞ്ഞെഴുന്നേറ്റു പ്രാർത്ഥന ചൊല്ലി, അവർ ദൈവപ്രീതിയ്ക്കു ശ്രമിയ്ക്കുന്നു. ആദ്യത്തെ കൂട്ടർ പുരുഷന്മാരും രണ്ടാമത്തേതു സ്ത്രീകളുമാണെന്ന വ്യത്യാസം മാത്രം! പുരുഷന്മാർ മോഷണത്തിനും അക്രമത്തിനും കൊലപാതകത്തിനും ശിക്ഷിയ്ക്കപ്പെടുമ്പോൾ, സ്ത്രീകൾ നിഷ്കളങ്കതയുടെ പേരിൽ ദൈവവിധിയ്ക്കു വിധേയരാകുന്നു. പുരുഷന്മാർക്കു നിയമപരമായ മോചനം സാദ്ധ്യമാണെങ്കിൽ സ്ത്രീകൾക്കു മരണത്തിലല്ലാതെ മോചനമില്ല! ഒന്നിൽ ഉരുക്കിന്റെ ചങ്ങലകളും മറ്റേതിൽ വിശ്വാസത്തിന്റെ ചങ്ങലകളും പൊട്ടിച്ചെറിയാനാവാതെ ഹതഭാഗ്യരായ അവർ വീർപ്പുമുട്ടുന്നു! ആദ്യത്തേതിൽനിന്നു മനുഷ്യവിദ്വേഷവും ദൈവനിഷേധവും പുറപ്പെടുന്നു; രണ്ടാമത്തേതിൽനിന്നാകട്ടെ, നിരുപാധികസ്നേഹവും! പക്ഷേ, പാപപരിഹാരത്തിന്റെ വഴിയാണു രണ്ടുകൂട്ടരും സ്വീകരിയ്ക്കുന്നത്. സ്വയം ചെയ്ത പാപങ്ങളുടെ പ്രായശ്ചിത്തത്തെക്കുറിച്ചു ഴാങ്‌വാൽഴാങിനു നല്ല ബോദ്ധ്യമുണ്ടായിരുന്നു; പക്ഷേ, തീർത്തും നിഷ്കളങ്കരായ ഈ സാധുക്കൾ എന്തു പ്രായശ്ചിത്തമാണു ചെയ്യുന്നത്? അയാളൊരു ഉൾക്കിടിലത്തോടെ ചോദിച്ചു. അപ്പോൾ ആത്മാവിൽനിന്നെന്നപോലെ അയാൾക്കൊരു ഉത്ത

രം ലഭിച്ചു, 'മറ്റുള്ളവരുടെ പാപങ്ങൾക്കുള്ള പ്രായശ്ചിത്തം!'

ഇത്തരം ആലോചനകൾക്കിടയിൽ അയാളുടെ അഹംഭാവം പതുക്കെ മാഞ്ഞുപോയി. സ്വന്തം നിസ്സാരത ബോദ്ധ്യപ്പെട്ട അയാൾക്കു കരച്ചിൽ വന്നു. കൊസെത്തിനോടുള്ള സ്നേഹവും കന്യാമഠത്തോടുള്ള ഭക്തിയും അയാളെ വീണ്ടും മെത്രാന്റെ വഴിയിലേയ്ക്കു നയിച്ചു. ദൈവത്തിന്റെ മുമ്പിൽ മുട്ടുകുത്താൻ ധൈര്യമില്ലാത്ത അയാൾ സന്യാസിനിമാരെ വന്ദിയ്ക്കാൻ തുടങ്ങി.

ഈ നിലയ്ക്കു വർഷങ്ങൾ കടന്നുപോയി. കൊസെത്ത് വളർന്നു, ഴാങ്‌വാൽഴാങ് കുറേക്കൂടി വൃദ്ധനായി.

മൂന്ന് : മരിയുസ്

1 : പരമാണുവായ പാരീസ്

കാട്ടിൽ പറന്നു കളിക്കുന്ന കിളികളെപ്പോലെ പാരീസിൽ അലഞ്ഞു തിരിയുന്ന ചില കുട്ടികളുണ്ട്. ഈ ചെറുജീവികൾക്കു സദാ സന്തോഷമേയുള്ളൂ. തണുപ്പു മാറ്റാൻ ഉടുപ്പുകളും തലയ്ക്കു മുകളിലൊരു മേൽപ്പുരയുമില്ലാത്ത അവർ കൂട്ടുചേർന്നു ജീവിക്കും, എന്നും നാടകം കാണാൻ പോകും, പുക വലിക്കും, കള്ളന്മാരോടു കൂട്ടു കൂടും, വേശ്യകളുമായി വഴക്കടിക്കും, തെറിപ്പാട്ടുകൾ പാടും; പക്ഷേ, അവരുടെ മനസ്സിൽ കളങ്കമില്ല. മുത്തുമണികളൊരിക്കലും ചെളിയിൽക്കിടന്നു ദ്രവിക്കാറില്ല. കുട്ടികൾ നിഷ്കളങ്കരായിരിക്കണമെന്നാണു ദൈവനിശ്ചയം!

ഈ തെരുവുപയ്യന് ചിലപ്പോളൊരു വീടുണ്ടാകാം; പക്ഷേ, തെരുവാണവന്റെ ലോകം. ഓടകൾ വൃത്തിയാക്കി ചെളിവെള്ളം ഒഴുക്കിക്കളയുക, വഴിപോക്കർക്കു വണ്ടി വിളിച്ചു കൊടുക്കുക, അധികാരികളുടെ ഉത്തരവുകൾ ഉച്ചത്തിലാവർത്തിക്കുക തുടങ്ങി പല ജോലികളും അവനു ചെയ്യാനുണ്ട്. വണ്ട്, ചെള്ള്, ഗൗളി, തേരട്ട മുതലായ ചെറുജീവികളുമായി ചെങ്ങാത്തം കൂടി അവൻ നേരമ്പോക്കു പറയും. അകാരണമായ ആഹ്ളാദത്തിൽ അനുഗൃഹീതനായ അവനു പക്ഷേ, മറ്റുള്ളവരെ പുച്ഛിക്കാനും പരിഹസിക്കാനും മടിയില്ല. പകൽ മുഴുവൻ ഓവുചാലിലെ മീൻപിടിക്കുകയും കുപ്പക്കുണ്ടിൽ കൈയിട്ടു പരതുകയും ചെയ്യുന്ന അവൻ വൈകുന്നേരമാകുമ്പോഴേക്കും നാലു നാണയം സമ്പാദിച്ചു നാടകശാലയിലേക്കോടും. അരങ്ങിലെ കാഴ്ച കണ്ട് അവൻ ആർപ്പു വിളിക്കും; അസഭ്യത്തിലെ ഫലിതം പിഴിഞ്ഞൂറ്റാനും അതിശയോക്തികളിലെ പൊള്ളത്തരം മനസ്സിലാക്കാനും അവനറിയാം.

ദൈവം ചെളിമണ്ണുകൊണ്ടു സൃഷ്ടിച്ച ഈ തെരുവിന്റെ മക്കൾ കീറിപ്പറിഞ്ഞ ഉടുപ്പും പറിപ്പറക്കുന്ന മുടിയുമായി നഗരത്തിലെ വെളിമ്പ

റമ്പുകളിൽ തെറിപ്പാട്ടുകൾ പാടി ഓടിക്കളിയ്ക്കും. മതിലിനു മുമ്പിൽ മുട്ടുകുത്തി നിന്നു കരിക്കട്ടകൊണ്ടു ചിത്രം വരച്ച്, പരസ്പരം പുലഭ്യം പറഞ്ഞു സന്തോഷവും സ്വാതന്ത്ര്യവും അവരാവോളം ആസ്വദിയ്ക്കും. ഒരു വഴിപോക്കനെ കാണുന്ന നിമിഷം, വിൽക്കാനൊരു പൂച്ചെണ്ടുമായി അവരോടി വരും! മനോഹരവും അതേസമയം ഹൃദയഭേദകവുമാണു നഗരങ്ങളിലെ ഈ കാഴ്ച!

ഒരു പൊട്ടിപ്പൊളിഞ്ഞ കുടുംബത്തിന്റെ നിഴലുകൾ ചുറ്റും പാറിക്കളിയ്ക്കുന്ന ഇവരെങ്ങനെയാണു തെരുവിലേയ്ക്കു വലിച്ചെറിയപ്പെട്ടത്? അതെ, രാജവാഴ്ചയിൽ തീർച്ചയായും ചില കീഴാളന്മാരുടെ ആവശ്യമുണ്ട്. ലൂയി പതിന്നാലാമൻ ഒരു നാവികസൈന്യമുണ്ടാക്കാൻ തീരുമാനിച്ചു: അപ്പോൾ പടക്കപ്പലിൽ തണ്ടു വലിയ്ക്കാൻ ഒരുപാടു തടവുപുള്ളികളെ വേണ്ടി വന്നു. രാജകീയമായൊരു ഘോഷയാത്ര കടന്നുപോകുമ്പോൾ തൊപ്പി തലയിൽനിന്ന് എടുക്കാത്തവർ തണ്ടുവലിശിക്ഷയ്ക്കു വിധിയ്ക്കപ്പെട്ടു. അന്തിയുറങ്ങാനിടമില്ലാത്ത തെരുവു പയ്യന്മാർ അവരെ പിന്തുടർന്നു. അങ്ങനെ ലൂയി പതിനഞ്ചാമന്റെ കാലത്തു പാരീസിൽ പിള്ളേരില്ലാതായി. അച്ഛന്മാരെ കഴുമരത്തിലേയ്ക്കു പറഞ്ഞയച്ചും പോലീസുകാർ തെരുവുപിള്ളേരെ പിടിച്ചുകൊണ്ടുപോയി!

അലസന്മാരിൽനിന്നു തുടങ്ങി തെരുവുപയ്യന്മാരിൽ ചെന്നവസാനിയ്ക്കുന്നതാണു പാരീസിന്റെ സ്വത്വം. ഒന്നിൽ രാജത്വവും മറ്റേതിൽ അരാജകത്വവും അടങ്ങിയിരിയ്ക്കുന്നു. തെരുവുപിള്ളേരുടെ മേൽ സദാ പോലീസുകാരുടെ കണ്ണുണ്ടായിരുന്നതുകൊണ്ട് അവർക്കിടയിൽ അസാധാരണമായൊരു സാഹോദര്യം വളർന്നു വന്നു. വേണ്ടിവന്നാൽ വായിയ്ക്കാനും എഴുതാനുമുള്ള കഴിവ് അവരെങ്ങനെയോ സമ്പാദിച്ചു. കള്ളനേയും കൊലയാളിയേയും രാജ്യദ്രോഹിയേയും അവർ മുഖം നോക്കി തിരിച്ചറിയും. പുരോഹിതന്മാരോടു വെറുപ്പാണെങ്കിലും പള്ളിയിലെ ഗായകസംഘത്തിൽ ചേരാനുള്ള ഒരവസരവും അവരുപേക്ഷിയ്ക്കാറില്ല. അങ്ങനെ ഈ തെരുവിന്റെ മക്കൾ സമൂഹത്തിന്റെ അലങ്കാരവും അതേ സമയം രോഗവുമായി മാറി; വിദ്യാഭ്യാസത്തിന്റെ വെളിച്ചംകൊണ്ടു മാത്രം മാറ്റാവുന്ന അപൂർവമായൊരു രോഗം!

പാരീസിന്റെ സാരം മുഴുവൻ ഈ തെരുവുപിള്ളേരിലുണ്ട്. വൈരൂപ്യവും വഷളത്തവും അവരെ പൊട്ടിച്ചിരിപ്പിയ്ക്കും; കള്ളത്തരംപോലും അവരെ വെറുപ്പിയ്ക്കാറില്ല. ലോകത്തിന്റെ പര്യായമായ പാരീസിൽ സകല കാടത്തങ്ങളും പരിഷ്കാരങ്ങളും സഹവർത്തിച്ചാണു കഴിഞ്ഞുപോന്നത്. ഈ നഗരത്തിന്റെ മേൽക്കൂരകളിൽ നിന്നുയരുന്ന കറുത്ത പുക ലോകത്തിനു വഴി കാണിച്ചു.

ഴാങ്‌വാൽഴാങ് കന്യാമഠത്തിൽ കൊസെത്തുമായി താമസം തുടങ്ങിയിട്ടു പത്തു വർഷത്തോളമായി. അവർ ഉപേക്ഷിച്ചുപോന്ന നഗരപ്രാന്തത്തിലെ പഴയ ഗൊർബോചെറ്റപ്പുരയിൽ ഇപ്പോൾ ഴൊൻദ്രോത്തെന്നു പേരുള്ള ഒരു വൃദ്ധനും ഭാര്യയും രണ്ടു പെൺമക്കളുമാണു താമസിയ്ക്കുന്നത്. വീട്ടിലെ കടുത്ത ദാരിദ്ര്യം മൂലം പന്ത്രണ്ടു വയസ്സുള്ള മകനെ അവർ തെരുവിലേയ്ക്കിറക്കിവിട്ടു. അച്ഛനമ്മമാരുണ്ടായിരുന്നിട്ടും അനാഥനായ ഗവ്‌രോഷ് മറ്റു തെരുവുപയ്യന്മാരുടെ കൂട്ടത്തിൽ കൂടി സ്വാതന്ത്ര്യത്തിന്റെ സന്തോഷം ആസ്വദിച്ചു വളർന്നു. എങ്കിലും വല്ലപ്പോഴുമൊരിയ്ക്കൽ അവനമ്മയെ കാണണമെന്നു തോന്നും. തണുത്ത ഒരടുപ്പും മരവിച്ച നാലു മനസ്സുകളുമുള്ള സ്വന്തം വീട്ടിൽ ചെല്ലുമ്പോൾ ആരെങ്കിലും ചോദിയ്ക്കും:

"നീ എവിടെനിന്നു വരുന്നു?"

"തെരുവിൽ നിന്ന്!", അവൻ മറുപടി പറയും.

"നീയെന്തിനു വന്നു?", ഉടനെ ഉയരും അടുത്ത ചോദ്യം!

ഈ നിസ്സംഗത അവനെ ദുഃഖിപ്പിച്ചില്ല; അവനാരേയും കുറ്റപ്പെടുത്തിയുമില്ല; അച്ഛനമ്മമാരുടെ മനസ്സ് എങ്ങനെയായിരിയ്ക്കുമെന്നു സത്യത്തിൽ അവനറിയാമായിരുന്നില്ല!

ഗൊർബോചെറ്റപ്പുരയിൽ ഴൊൻദ്രോത്തിനു തൊട്ടടുത്തു ഗുഹപോലൊരു മുറിയിലാണു ദരിദ്രയുവാവായ മരിയുസ് താമസിച്ചിരുന്നത്.

2 : നാട്ടുവാഴി

പാരീസിലെ റ്യൂ ദെഫ് തെരുവിൽ ആറാംനമ്പർ വീട്ടിലെ കുടുംബനാഥനാണു തൊണ്ണൂറ്റിരണ്ടു വയസ്സിലും മുപ്പത്തിരണ്ടു പല്ലുകളുള്ള

മൊസ്യു ഗിൽനോർമാൻ. വളരെക്കാലം ജീവിച്ചിരുന്നതുകൊണ്ടു മാത്രം മറ്റുള്ളവരുടെ ശ്രദ്ധയ്ക്കു പാത്രമായ ആ വൃദ്ധൻ പ്രായം തൊണ്ണൂറു കടന്നിട്ടും നിവർന്നു നടക്കും, ഉറക്കെ സംസാരിയ്ക്കും, നന്നായി കുടിയ്ക്കും, രുചിയറിഞ്ഞു ഭക്ഷിയ്ക്കും, കൂർക്കം വലിച്ചുറങ്ങും, പക്ഷേ വായിയ്ക്കാൻ മാത്രം കണ്ണട വെയ്ക്കും. തികഞ്ഞ സ്ത്രീലമ്പടനാണെങ്കിലും 'ഇനിയൊരങ്കത്തിനു ബാല്യമില്ലെ'ന്നു തെല്ലൊരു വിഷാദത്തോടെ അദ്ദേഹം ആവർത്തിച്ചു പറയും! കണ്ടതിനൊക്കെ കോപിയ്ക്കുന്ന അദ്ദേഹം, അൻപതു വയസ്സുള്ള അവിവാഹിതയായ മകളുമായി ഇടയ്ക്കിടെ വഴക്കിടാറുണ്ട്. സ്വന്തം ബുദ്ധിശക്തിയെക്കുറിച്ചു നല്ല അഭിമാനമുള്ള അദ്ദേഹം ഒന്നുകൂടി പറയും, "എനിയ്ക്കു ചില കൗശലങ്ങളുമറിയാം!"

പതിനെട്ടാം നൂറ്റാണ്ടിലെ നാട്ടുനടപ്പുകൾ അതേപടി അനുസരിച്ചിരുന്ന മൊസ്യു ഗിൽനോർമാൻ പകലൊന്നും പുറത്തേയ്ക്കുള്ള വാതിൽ തുറക്കാറില്ല. ആകാശത്തു നക്ഷത്രങ്ങൾ തെളിഞ്ഞാൽ മാത്രമേ പരിഷ്കാരികളുടെ മനസ്സിൽ വെളിച്ചം വീഴുകയുള്ളൂവെന്ന് അദ്ദേഹം വിശ്വസിച്ചുപോന്നു. വീട്ടിൽ തെരുവിനും തോട്ടത്തിനുമിടയിലുള്ള ഒന്നാംനിലയിലെ വിശാലമായ മുറിയാണു വൃദ്ധൻ ഉപയോഗിച്ചിരുന്നത്. ചുമരിലെ ചിത്രങ്ങളും ജനാലകളിലെ തിരശ്ശീലകളും ഒരു നാടുവാഴിയ്ക്കു ചേർന്ന ധനസ്ഥിതിയും ചിത്രകലയിലുള്ള അദ്ദേഹത്തിന്റെ താൽപ്പര്യവും വെളിവാക്കി. ആ മുറിയോടു ചേർന്നൊരു പഠനമുറിയും മണിയറയുമുണ്ട്. രണ്ടു ഭാര്യമാരും ഒന്നിലേറെ കാമുകിമാരുമുള്ള അദ്ദേഹം ദുശ്ശാഠ്യക്കാരനായൊരു ഭർത്താവും രസികനായ കാമുകനുമായിരുന്നു. നാടകശാലയിൽ ചെന്നു നടിമാരുമായി നടത്താറുള്ള സല്ലാപങ്ങളുൾപ്പെടെ ചെറുപ്പകാലത്തെ സാഹസികകഥകൾ ചിലപ്പോഴൊക്കെ അദ്ദേഹം ഓർത്തോർത്തു പറയും. ഭരണാധികാരികളെക്കുറിച്ചുള്ള പത്രവാർത്തകൾ ചെറിയൊരു പുച്ഛത്തോടെ ചിരിയമർത്തിയാണ് അദ്ദേഹം വായിയ്ക്കുക പതിവ്. ചരിത്രത്തേയും സാമൂഹ്യമാറ്റങ്ങളേയും സംബന്ധിച്ചു കൃത്യമായ അഭിപ്രായങ്ങളും മൊസ്യു ഗിൽനോർമാനുണ്ട്. ആരെങ്കിലും പ്രജാഭരണത്തെക്കുറിച്ചു പ്രശംസിയ്ക്കുന്നതു കേ ട്ടാൽ അദ്ദേഹം പെട്ടെന്നു പൊട്ടിത്തെറിയ്ക്കുന്നതു കാണാം.

പരസ്ത്രീകളുമായി ബന്ധപ്പെടുന്നതിൽ നീരസമുള്ള ഭാര്യമാരെ പറഞ്ഞൊതുക്കാനും അദ്ദേഹത്തിനൊരു കൗശലമുണ്ട്: പണപ്പെട്ടിയുടെ താക്കോൽ ഭാര്യയ്ക്കു കൈമാറുക! പിന്നെയവൾക്കൊന്നിനും സമയമുണ്ടാവില്ല; കൃഷിക്കാര്യം നോക്കണം, വക്കീലിനെ വിളിച്ചു വരുത്തണം, ഉദ്യോഗസ്ഥരെ ചെന്നു കാണണം, പണിക്കാരുടെ തർക്കം തീർക്കണം; അതിനിടയിൽ അവളെങ്ങനെ ഭർത്താവിനെ ശ്രദ്ധിയ്ക്കും? ഈയൊരു പദ്ധതി അദ്ദേഹം സ്വന്തം ജീവിതത്തിലും നടപ്പാക്കി. അങ്ങനെ രണ്ടാമത്തെ ഭാര്യ മരിയ്ക്കുമ്പോൾ അദ്ദേഹത്തിന്റെ സ്വത്തിന്റെ മുക്കാൽ പങ്കും അന്യാധീനപ്പെട്ടു കഴിഞ്ഞിരുന്നു. പക്ഷേ, പൈതൃകസ്വത്തു കാലക്രമേണ സർക്കാരിൽ ചെന്നെത്തുമെന്നു നല്ല ബോദ്ധ്യമുണ്ടായിരുന്ന വൃദ്ധനതിൽ തീരെ പരിഭ്രമം തോന്നിയില്ല. അങ്ങിനെയിരിയ്ക്കേ, ഒരു ദിവസം മഞ്ഞോയെന്നു പേരുള്ള പഴയൊരു വേലക്കാരി ഒരു പിഞ്ചുകുഞ്ഞിനെ നവതിയടുക്കാറായ അദ്ദേഹത്തിന്റെ മുമ്പിൽ കൊണ്ടു വന്നു കാഴ്ചവെച്ചു. നാട്ടുവാഴിയായ ഒരു മാന്യനെ മനഃപൂർവം അപകീർത്തിപ്പെടുത്താൻ ശ്രമിയ്ക്കുന്ന അവളുടെ അധികപ്രസംഗത്തെച്ചൊല്ലി വീടാകെ ഇളകിമറിഞ്ഞു. പക്ഷേ, മൊസ്യൂ ഗിൽനോർമാനൊരു കുലുക്കവുമുണ്ടായില്ല. അദ്ദേഹം പറഞ്ഞു, “ഈ വേദപുസ്തകം സാക്ഷിയാക്കി ഞാൻ പറയുന്നു, എൺപത്തേഴാമത്തെ വയസ്സിൽ കുട്ടികളുണ്ടാകുന്നതു തെല്ലൊരഭിമാനമാണെങ്കിലും ഈ കുഞ്ഞ് എന്റെയല്ല!” പക്ഷേ, അടുത്ത വർഷം അവ ൾ മറ്റൊരു കുഞ്ഞിനേയും തോളിലിട്ടു വീണ്ടും വന്നതോടെ അദ്ദേഹം സ്വരം മാറ്റി, അവരുടെ ചിലവിനു മാസന്തോറും എൺപതു ഫ്രാങ്കുവീതം അദ്ദേഹം കൃത്യമായി അയച്ചു കൊടുക്കാൻ തുടങ്ങി!

മൊസ്യൂ ഗിൽനോർമാന്റെ ആദ്യത്തെ ഭാര്യയിലുണ്ടായ മകൾ, മാംസെൽ, ചെറുപ്പത്തിലൊരു പോലീസധികാരിയുടെ കൊച്ചമ്മയാവാൻ മോഹിച്ചെങ്കിലും ഒടുവിൽ അവിവാഹിതയായി വീട്ടിൽത്തന്നെ കഴിയാനാണു യോഗം വന്നത്. ചാരിത്രനിഷ്ഠയുടെ കാര്യത്തിൽ തികഞ്ഞ ലജ്ജാശീലം പുലർത്തിയ അവൾ, ഒരു പുരുഷൻ സ്വ

പ്നത്തിൽപ്പോലും നോക്കാനിടയില്ലാത്ത വസ്ത്രാഞ്ചലങ്ങളിലൊക്കെ കൊളുത്തുകളും മൊട്ടുസൂചികളും തുന്നിപ്പിടിപ്പിച്ചു. പ്രായമേറുന്തോറും ഈ ലജ്ജാശീലത്തിന്റെ കൂടെ മാംസെൽ മതഭ്രാന്തും കൂട്ടിച്ചേർത്തു. രണ്ടാമത്തെ ഭാര്യയിലുണ്ടായ മകളാകട്ടെ, എങ്ങനെയോ ഗതികെട്ട ഒരു പട്ടാളക്കാരനെ വിവാഹം ചെയ്തു മുപ്പതു വയസ്സാകുന്നതിനുമുമ്പേ മരിച്ചുപോയി. നെപ്പോളിയനുവേണ്ടി വാട്ടർലൂ യുദ്ധത്തിൽ പങ്കെടുത്ത ആ കേണലിനെക്കുറിച്ചു വൃദ്ധൻ പറയും, "കുടുംബത്തിന്റെ മാനം നശിപ്പിച്ചവൻ!"

നാട്ടുവാഴിയായ വൃദ്ധനും പ്രായം ചെന്ന കന്യകയായ മകൾക്കും പുറമേ, മരിച്ചുപോയ മകളുടെ മകനായി ചെറിയൊരു ആൺകുട്ടികൂടി ആ വീട്ടിലുണ്ടായിരുന്നു. സദാ നിർദ്ദയസ്വരത്തിൽ സംസാരിക്കുന്ന വൃദ്ധന്റെ മുമ്പിൽ അവനെന്നും വിറച്ചുകൊണ്ടേ നിൽക്കാറുള്ളൂ. മൊസ്യു ഗിൽനോർമാനു പക്ഷേ, ഉള്ളിന്റെയുള്ളിൽ ആ സാധു പയ്യനോടു തികഞ്ഞ വാത്സല്യമായിരുന്നു!

3 : മുത്തച്ഛനും പേരക്കുട്ടിയും

കുറച്ചുകാലം മുമ്പു വരെ മൊസ്യു ഗിൽനോർമാൻ പല പ്രഭുകുടുംബങ്ങളിലേയും സൽക്കാരങ്ങളിൽ പങ്കെടുക്കാറുണ്ടായിരുന്നു. റ്യൂ ഫെരുവിൽ താമസിച്ചിരുന്ന വിധവയായ മദാം ദെറ്റിയുടെ വസതിയിൽ അന്നൊക്കെ ആഴ്ചയിൽ രണ്ടു തവണ അത്തരം സംഗമങ്ങൾ നടക്കാറുണ്ട്. പ്രഭുക്കളും പ്രമാണികളും ഒന്നിച്ചിരുന്നു വീഞ്ഞു കുടിച്ചു പൊതുവിഷയങ്ങൾ ചർച്ച ചെയ്യുന്ന സദസ്സിലേക്കു മദ്ധ്യവയസ്കയും അവിവാഹിതയുമായ മൂത്ത മകളും ഏഴുവയസ്സുള്ള പേരക്കുട്ടിയുമായി മൊസ്യു ഗിൽനോർമാൻ കടന്നു ചെല്ലും. മിടുക്കനായ ആ ബാലനെ കണ്ടു മറ്റുള്ളവർ മന്ത്രിക്കും, "എന്തൊരു നല്ല പയ്യൻ, പക്ഷേ പാവം, ഇവന്റെ അച്ഛൻ ല്വാർയുദ്ധത്തിലൊരു 'തട്ടിപ്പറിക്കാര'നായിരുന്നു!"

അക്കാലത്തു വെർനോണിൽ സെയിൻനദിയുടെ തീരത്തു ചെറിയൊരു പൂന്തോട്ടം പരിപാലിച്ചു മിക്കവാറും അൻപതു വയസ്സിനോടടുത്ത ഒരു മനുഷ്യൻ താമസിച്ചിരുന്നു. നെറ്റിയിലൊരു മുറിപ്പാടുള്ള,

പ്രായത്തിലേറെ വൃദ്ധനായ അയാൾ നേരം പുലരുന്നതു മുതൽ ചെടികൾ നനച്ചും ചില്ലകൾ വെട്ടിയും ചിലപ്പോഴൊക്കെ മനോരാജ്യത്തിൽ മുഴുകിയും മരക്കൊമ്പിലിരിക്കുന്ന പക്ഷികളുടെ പാട്ടു കേട്ടും തെരുവിലൂടെ പോകുന്ന കുട്ടികളുടെ കൊഞ്ചൽ ശ്രദ്ധിച്ചും സദാ സമയവും പൂന്തോട്ടത്തിലുണ്ടാവും. മറ്റുള്ളവരുമായൊന്നും അധികം ബന്ധപ്പെടാതെ മിക്കവാറും നാണംകുണുങ്ങിയെപ്പോലെ ഒതുങ്ങിക്കഴിഞ്ഞ അയാളുടെ പുതിയ പൂക്കൾക്കു പക്ഷേ പട്ടണത്തിൽ ധാരാളം ആവശ്യക്കാരുണ്ടായിരുന്നു. പൂക്കൃഷിയിലല്ലാതെ മറ്റൊന്നിലും താൽപ്പര്യമില്ലാത്ത, പള്ളിയിലെ പുരോഹിതനുമായല്ലാതെ മറ്റാരുമായും സംസാരിക്കാത്ത ആ മനുഷ്യനായിരുന്നു, മൊസ്യു ഗിൽനോർമാന്റെ ജാമാതാവായ 'ല്വാർ യുദ്ധത്തിലെ തട്ടിപ്പറിക്കാരൻ!'

പൊങ്മേർസിയെന്നു പേരുള്ള അയാൾ ചെറുപ്പത്തിൽ വെറുമൊരു ഭടനായാണു സൈന്യത്തിൽ ചേർന്നത്. 1805-ൽ ഉങ്സ്ബർഗ് കീഴടക്കിയ സേനാവിഭാഗത്തിൽ അയാളുണ്ടായിരുന്നു. വെൽത്തിൻഗൻയുദ്ധത്തിൽ കുതിരപ്പുറത്തുനിന്നു മറിഞ്ഞു വീണ കേണൽ മോപെത്തിയെ അയാൾ താങ്ങിയെടുത്തു രക്ഷിച്ചു. ഓസ്റ്റർലിത്സ് യുദ്ധത്തിൽ റഷ്യാചക്രവർത്തിയുടെ രക്ഷിസംഘത്തിൽപ്പെട്ട കുതിരപ്പട്ടാളത്തെ തോൽപ്പിച്ചവരുടെ കൂട്ടത്തിൽ പൊങ്മേർസിയും ഉൾപ്പെട്ടിരുന്നു. അന്നു നെപ്പോളിയൻ ചക്രവർത്തി അയാൾക്കു കുരിശുമുദ്ര സമ്മാനിക്കുകയുണ്ടായി. ഈ ഗ്രന്ഥകർത്താവിന്റെ അമ്മാമനായ ക്യാപ്റ്റൻ ലൂയി യൂഗോയുടെ കീഴിലും അയാൾ സേവനമനുഷ്ഠിച്ചിട്ടുണ്ട്. അതിനിടയിലാണു മാംസെൽ ഗിൽനോർമാനുമായുള്ള അയാളുടെ വിവാഹം നടന്നത്. പക്ഷേ, 1815-ൽ ഒരാൺകുട്ടിയെ പ്രസവിച്ച ശേഷം അവർ മരിച്ചു. വാട്ടർലൂയുദ്ധത്തിൽ ബ്രിട്ടീഷുകാരുടെ കൊടി തട്ടിപ്പറിക്കുന്ന സമയം അയാളുടെ നെറ്റിക്കൊരു വെട്ടേറ്റു. പക്ഷേ, രക്തത്തിൽ കുളിച്ച ആ കൊടി അയാൾ ചക്രവർത്തിയുടെ കാൽക്കൽ സമർപ്പിച്ചു. സന്തോഷഭരിതനായ ചക്രവർത്തി അന്നയാളെ 'കേണലെ'ന്നു വിളിച്ച് ആദരിക്കുകയുണ്ടായി. വാട്ടർലൂ യുദ്ധക്കളത്തിലെ കൂട്ടക്ക

രുതിയിൽനിന്നു രക്ഷപ്പെട്ട പൊങ്മേർസി പരിക്കുകളൊക്കെ മാറി ല്വാറിലെ പട്ടാളത്താവളത്തിലെത്തി. രാജത്വപുനഃസ്ഥാപനത്തോടെ അധികാരികൾ അയാളെ വെർനോങിലേയ്ക്കു പറഞ്ഞുവിട്ടു. രാജാനുമതിയില്ലെങ്കിൽപ്പോലും 'കേണൽ പൊങ്മേർസി'യെന്നു പേരെഴുതി ഒപ്പിടാനും പുറത്തിറങ്ങുമ്പോഴൊക്കെ കുരിശുമുദ്ര ധരിയ്ക്കാനും അയാൾ പക്ഷേ ധൈര്യപ്പെട്ടു.

ആ ഏകാന്തവാസത്തിൽ പൊങ്മേർസിയുടെ ചിന്ത മുഴുവൻ മകൻ മരിയുസിനെക്കുറിച്ചായിരുന്നു. പക്ഷേ, മുത്തച്ഛൻ അവനെ അയാൾക്കു വിട്ടുകൊടുത്തില്ല. നിയമവഴിയ്ക്കു നീങ്ങിയാൽ കുടുംബസ്വത്തിന്റെ അവകാശം നഷ്ടപ്പെടുമെന്ന ഭീഷണികൂടി മൊസ്യൂ ഗിൽനോർമാൻ മുന്നോട്ടു വെച്ചു. അവസാനം മകന്റെ ഭാവിയെക്കരുതി സ്വയം പിൻവാങ്ങിയ കേണൽ പൊങ്മേർസി അവനോടുള്ള സ്നേഹം മുഴുവൻ പൂക്കളിലേയ്ക്ക് ഒഴുക്കിവിട്ടു.

എവിടെയോ ഒരച്ഛൻ ജീവിച്ചിരിയ്ക്കുന്നുണ്ടെന്നല്ലാതെ മരിയുസിനു തുടക്കത്തിൽ മറ്റൊന്നുമറിയില്ലായിരുന്നു. ആറുമാസം കൂടുമ്പോൾ മുത്തച്ഛന്റെ അനുവാദപ്രകാരം അവൻ അച്ഛന്റെ പേർക്കെഴുതാറുള്ള കത്തിലെ വാചകങ്ങൾ വലിയമ്മ പറഞ്ഞുകൊടുക്കുകയാണു പതിവ്. അച്ഛന്റെ വാത്സല്യപൂർണമായ മറുപടികൾ പക്ഷേ അവന്റെ പക്കലെത്താറുമില്ല! പിന്നീട്, മുത്തച്ഛൻ കൂട്ടിക്കൊണ്ടുപോകാറുള്ള സൽക്കാരമുറികളിലെ അടക്കിപ്പിടിച്ച സംസാരങ്ങളിൽനിന്നു പതുക്കെ അവനോരോന്നു മനസ്സിലായിത്തുടങ്ങി. അങ്ങനെ അറിയാതെ മനസ്സിലേയ്ക്കുറി വീണ ചില സൂചനകൾ മൂലം ചെറിയൊരു ലജ്ജയോടും വേദനയോടുംകൂടി മാത്രമേ മരിയുസിനു സ്വന്തം അച്ഛനെക്കുറിച്ചു ചിന്തിയ്ക്കാനായുള്ളൂ.

മകനെക്കുറിച്ചുള്ള ചിന്ത മനസ്സിലടക്കാൻ കഴിയാതെ ഒരു ദിവസം കേണൽ പൊങ്മേർസി, തടവു ചാടുന്ന കള്ളനെപ്പോലെ, പതുക്കെ പാരീസിലെത്തി. വലിയമ്മ മരിയുസിനേയും കൂട്ടി കുർബ്ബാനയ്ക്കു വരുന്ന നേരം നോക്കി പള്ളിയിലൊരു തൂണിന്റെ മറ പറ്റി അയാൾ കാത്തുനിന്നു. അവിവാഹിതയായ ആ മദ്ധ്യവയസ്കയുടെ മുമ്പിൽ ചെ

ന്നപെടാൻ അയാൾക്കു ധൈര്യമുണ്ടായില്ല. ദിവസങ്ങളോളം തുടർന്ന ഈ പതിവു പക്ഷേ പള്ളിയിലെ കാവൽക്കാരനായ മൊസ്യു മബേയുടെ കണ്ണിൽപ്പെട്ടു. നെറ്റിയിലൊരു മുറിപ്പാടും മുഖത്തു പൗരുഷവുമുള്ള ഒരാൾ, മാംസെൽ ഗിൽനോർമാന്റെ കൂടെ നടക്കുന്ന പയ്യനെ നോക്കി നെടുവീർപ്പിടുന്നതു കണ്ട് അയാൾ ചെറിയൊരു കൗതുകത്തോടെ പൊങ് മേർസിയെ സമീപിച്ചു. ആദ്യമൊക്കെ നിശ്ശബ്ദത പാലിച്ച അയാൾ പക്ഷേ കാവൽക്കാരന്റെ നിഷ്കളങ്കതയിൽ മനമലിഞ്ഞു സകലതും തുറന്നുപറഞ്ഞു. മകന്റെ നല്ല ഭാവിയ്ക്കുവേണ്ടി സ്വന്തം സുഖം ബലി കഴിയ്ക്കുന്ന ആ പിതാവിനോടു കാവൽക്കാരനും ബഹുമാനം തോന്നി. താമസിയാതെ അവരടുത്ത സുഹൃത്തുക്കളായി.

കൗമാരത്തിലേയ്ക്കു കടന്ന മരിയുസിനു പുറംലോകത്തെക്കുറിച്ചുള്ള അറിവ് വളരെ പരിമിതമായിരുന്നു. പ്രഭുക്കളുടെ സൽക്കാരമുറികളിൽനിന്നു വെളിച്ചത്തിന്റെ ചൂടിനേക്കാൾ ഇരുട്ടിന്റെ തണുപ്പാണയാൾക്കു കിട്ടിയത്. അതുകൊണ്ടു പ്രായത്തിനു ചേരാത്ത ഒരു വ്യസനവും ഗൗരവവും അയാളുടെ മുഖത്തു നിഴലിയ്ക്കാൻ തുടങ്ങി. മദാം ദെറ്റിയുടെ സൗഹൃദസദസ്സിൽ വന്നെത്തുന്ന മാന്യരായ സ്ത്രീപുരുഷന്മാരുടെ സംസാരങ്ങളും പെരുമാറ്റരീതികളും അയാൾ സശ്രദ്ധം നോക്കിക്കണ്ടു. അവർ സിംഹാസനത്തിന്റെ പേരിൽ ചെങ്കോലിനെതിരെ നിന്നു, തിരുവത്താഴത്തിന്റെ പേരിൽ സഭാദ്ധ്യക്ഷനെ എതിർത്തു, വിഗ്രഹാരാധനയുടെ പേരിൽ വിഗ്രഹത്തെ തള്ളിപ്പറഞ്ഞു. പോപ്പ് തികച്ചും പോപ്പായിട്ടില്ലെന്നും രാജാവ് വേണ്ടവിധം രാജാവായിട്ടില്ലെന്നും അവർ കുറ്റപ്പെടുത്തി. കുറച്ചു കാലം കഴിഞ്ഞപ്പോൾ അവരുടെ കൂട്ടത്തിൽ ചില ചെറുപ്പക്കാരും വന്നുകൂടി. മുതിർന്നവരുടെ അഭിമാനബോധത്തെ അവർ വിനയത്തിൽ പൊതിഞ്ഞു പ്രദർശിപ്പിച്ചു. രാജത്വവാദം പഴമയും മതവിശ്വാസങ്ങളും വീണ്ടെടുത്തതിൽ അവരാശ്വാസം കണ്ടെത്തി. അതിനിടയിൽ മുത്തച്ഛന്റെ മേൽനോട്ടത്തിലുള്ള പ്രാഥമികപഠനത്തിനുശേഷം രാജത്വവാദിയായ മരിയുസ് നിയമപഠനത്തിലേയ്ക്കു പ്രവേശിച്ചു. മുത്തച്ഛന്റെ ഫലിതങ്ങളും പരപുച്ഛവും തീരെ രസി

യ്ക്കാതിരുന്ന അയാൾക്കു സ്വന്തം പിതാവിനോടുള്ള മനോഭാവവും തീരെ അനുകൂലമായിരുന്നില്ല.

1827-ൽ, പതിനേഴാമത്തെ വയസ്സിൽ മരിയുസിന്റെ വിദ്യാഭ്യാസം അവസാനിച്ചതോടെ മൊസ്യൂ ഗിൽനോർമാൻ പ്രഭുക്കളുടെ സൽക്കാരമുറികളോടു വിടപറഞ്ഞു സ്വവസതിയിൽത്തന്നെ സ്ഥിരതാമസമായി. ഒരു ദിവസം വൈകുന്നേരം പുറത്തുനിന്നു വന്ന മരിയുസിനോടു കൈയിലൊരു കത്തുമായി നിൽക്കുന്ന മുത്തച്ഛൻ പറഞ്ഞു, "നീ നാളെ വെർനോങ്ങിലേയ്ക്കു പുറപ്പെടണം"

"എന്താണു കാര്യം?", മരിയുസ് ചോദിച്ചു.

"അച്ഛനു സുഖമില്ല. നിന്നെ കാണണമെന്നു പറയുന്നു!"

മരിയുസ് പെട്ടെന്നൊന്നു ഞെട്ടി. ഇങ്ങനെയൊരു വാർത്ത അയാൾ തീരെ പ്രതീക്ഷിച്ചിരുന്നില്ല. മകനോടു യാതൊരു സ്നേഹവുമില്ലാതെ, അവനെ കണ്ടവർക്കു വിട്ടുകൊടുത്തു ചുമതലാബോധമില്ലാതെ എവിടെയോ ജീവിയ്ക്കുന്ന അച്ഛനെക്കുറിച്ചു മനസ്സിലൊരു നീരസംപോലും അക്കാലത്തു മരിയുസിനു തോന്നിത്തുടങ്ങിയിരുന്നു. എങ്കിലും മുത്തച്ഛൻ ഏർപ്പാടു ചെയ്ത വണ്ടിയിൽ പിറ്റേന്നു സന്ധ്യയോടെ അയാൾ വെർനോങ്ങിലെത്തി, മൊസ്യൂ പൊങ്മേർസിയുടെ വീടന്വേഷിച്ചു ചെന്നു വാതിൽക്കൽ മുട്ടി. ഒരു സ്ത്രീ കൈയിൽ വിളക്കുമായി വന്നു വാതിൽ തുറന്നു.

"മൊസ്യൂ പൊങ്മേർസിയുടെ മകനാണു ഞാൻ. അദ്ദേഹം എന്നെ കാത്തിരിയ്ക്കുകയാണെന്നു കേട്ടു", മരിയുസ് പറഞ്ഞു.

ആ സ്ത്രീ കുറച്ചുനേരം അയാളെ തുറിച്ചു നോക്കി, അവസാനം കരയുന്ന സ്വരത്തിൽ പറഞ്ഞു, "ആ കാത്തിരിപ്പു തീർന്നു!"

അവർ ചൂണ്ടിക്കാണിച്ച മുറിയിൽ മൂന്നു പേരാണുണ്ടായിരുന്നത്: നിലത്തു മലർന്നു കിടക്കുന്ന കേണൽ, തൊട്ടടുത്തു മുട്ടു കുത്തി പ്രാർത്ഥിയ്ക്കുന്ന പുരോഹിതൻ, മുറിയുടെ മൂലയ്ക്കൽ കൈ കെട്ടി നിശ്ശബ്ദനായി നിൽക്കുന്ന വൈദ്യൻ. ഒരാഴ്ചയായി പനി പിടിച്ചു മകൻ വരുന്നതും കാത്തു കിടന്ന കേണൽ പൊങ്മേർസിയ്ക്കു രാവിലെ പെട്ടെന്നൊരു ബോധക്കേടുണ്ടായി. അയാൾ കിടയ്ക്കയിൽ കിടന്നു വിളിച്ചു പറ

ഞ്ഞു, "എന്റെ മകൻ ഇനിയും വന്നില്ല, അതെ, ഞാനവനെ അങ്ങോട്ടു ചെന്നു കാണും!". അയാൾ എഴുന്നേറ്റു മുറിയിൽനിന്നു പുറത്തേയ്ക്കോടു ന്നതിനിടയിൽ വാതിൽപ്പടിയിൽ കാൽതട്ടി താഴെ വീണു തൽക്ഷ ണം മരിച്ചു.

മെഴുകുതിരിയുടെ മങ്ങിയ വെളിച്ചത്തിൽ കേണലിന്റെ വിളറിയ കവിളത്തു തങ്ങിനിന്ന ഒരു കണ്ണീർത്തുള്ളി താഴേയ്ക്കിറ്റു വീഴുന്നതു മരി യുസ് കണ്ടു. ആ കണ്ണുകൾ രണ്ടും അടഞ്ഞുപോയിരുന്നു. ആദ്യമായി കാണുന്ന ആ മനുഷ്യന്റെ പൗരുഷം മുറ്റിയ മുഖവും നെറ്റിയിലെ മുറി പ്പാടും കരുത്തുറ്റ കൈകളും മരിയുസ് ശ്രദ്ധിച്ചു നോക്കി. മരിച്ചുകിടക്കു ന്നതു സ്വന്തം അച്ഛനാണെന്നു തിരിച്ചറിഞ്ഞപ്പോൾ അയാളുടെ ദേഹ മാസകലം വിറച്ചു. പക്ഷേ, പെട്ടെന്നയാൾക്കു പുച്ഛവും പശ്ചാത്താപ വും തോന്നി; അങ്ങനെയൊരു വൈകാരികബന്ധവും അവർ തമ്മി ൽ ഉണ്ടായിരുന്നില്ല.

ശവസംസ്കാരച്ചടങ്ങു കഴിഞ്ഞപ്പോൾ കേണലിന്റെ ഭൃത്യ ഒരു കട ലാസുകഷണം മരിയുസിനെ ഏൽപ്പിച്ചു. കേണലിന്റെ കൈയക്ഷര ത്തിലുള്ള ആ കുറിപ്പ് ഇങ്ങനെയായിരുന്നു: 'എന്റെ മകനറിയാൻ, വാട്ടർലൂയുദ്ധത്തിൽവെച്ചു ചക്രവർത്തി എന്നെ ഒരു പ്രഭുവാക്കി. ഞാ നെന്റെ രക്തംകൊണ്ടു സമ്പാദിച്ച ഈ പദവിയുടെ ആനുകൂല്യത്തിൽ നിനക്കും അവകാശമുണ്ട്. മറ്റൊന്നുകൂടി: അന്നു യുദ്ധക്കളത്തിൽവെച്ചു തെനാർദിയറെന്നു പേരുള്ള ഒരു സാർജന്റായിരുന്നു, എന്നെ മരണ ത്തിൽനിന്നു രക്ഷിച്ചത്. ഇപ്പോൾ മൊങ്ഫെർമിയെയിലൊരു ഹോ ട്ടൽ നടത്തുന്ന ആ മനുഷ്യനെ കണ്ടെത്തുന്നപക്ഷം അയാൾക്കുവേണ്ട സഹായങ്ങൾ എന്തായാലും നീ ചെയ്തുകൊടുക്കണം!'.

പ്രത്യേകിച്ചൊരു വികാരവും കൂടാതെ മരിയുസ് ആ കടലാസ് കു പ്പായക്കീശയിൽ നിക്ഷേപിച്ചു. വെർനോങിലെത്തി വെറും നാൽപ്പ ത്തെട്ടു മണിക്കൂറിനകം അയാൾ തിരിച്ചു മടക്കയാത്ര പുറപ്പെട്ടു. താമ സിയാതെ ആ വിഷയംതന്നെ അയാൾ മറന്നുപോയി!

കുട്ടിക്കാലത്തു ശീലിച്ച മതാചാരങ്ങൾ അതേപടി പാലിച്ചു പോ

ന്ന മരിയുസ് ഒരു ദിവസം കുർബ്ബാനയിൽ പങ്കുകൊള്ളാൻ പള്ളിയി ലെത്തി, ഒരു തൂണിനോടു ചേർന്നു മുട്ടുകുത്തി നിന്നു പ്രാർത്ഥിച്ചു. ചട ങ്ങു കഴിഞ്ഞു മനോരാജ്യത്തിൽ മുഴുകി നിന്ന മരിയുസിനോട് ആ വഴി വന്ന കാവൽക്കാരൻ പറഞ്ഞു, “കുറച്ചുകാലം മുമ്പുവരെ ഒരു മ ദ്ധ്യവയസ്കൻ, സ്വന്തം മകനെ ദൂരെ നിന്നൊരു നോക്കു കാണാൻ വേ ണ്ടി, ഈ തൂണിന്റെ മറവിൽ വന്നു നിന്നു മുട്ടുകുത്തി പ്രാർത്ഥിയ്ക്കുമാ യിരുന്നു. ശ്വശ്രൂരനുമായുള്ള അഭിപ്രായവ്യത്യാസത്തിന്റെ പേരിൽ അയാൾക്കു മകനുമായി ബന്ധപ്പെടാൻ കഴിഞ്ഞിരുന്നില്ല. മകന്റെ സുഖജീവിതത്തിനു തടസ്സമുണ്ടാകരുതെന്നു കരുതി അയാൾ സ്വന്തം സുഖം ബലി കഴിച്ചു. നെപ്പോളിയന്റെ പടനായകനായ അയാളുടെ നെറ്റിയിലൊരു മുറിപ്പാടുണ്ട്. പേരു ഞാൻ മറന്നുപോയി, പോങ്മെ റിയെന്നോ മറ്റോ -”

"പൊങ്മേർസി", മരിയുസ് പറഞ്ഞു.

"അതെ, നിങ്ങൾക്കയാളെ അറിയാമോ?”

"എന്റെ അച്ഛനാണദ്ദേഹം!”,

മരിയുസിന്റെ മറുപടി കേട്ടു കാവൽക്കാരൻ അത്ഭുതത്തോടെ ചോദിച്ചു, “അപ്പോൾ.., അപ്പോൾ നിങ്ങളാണോ അയാൾ കാണാൻ കാത്തിരുന്ന ആ പ്രിയപ്പെട്ട മകൻ? എന്തായാലും നല്ലൊരു സ്നേഹ ശീലനായ അച്ഛനുണ്ടായതിൽ നിങ്ങൾക്കഭിമാനിയ്ക്കാം!”

മരിയുസ് ആ വൃദ്ധനെ കൈപിടിച്ചു വീട്ടിൽ കൊണ്ടുപോയി അച്ഛ നെക്കുറിച്ചുള്ള വിവരങ്ങൾ ചോദിച്ചറിഞ്ഞു. അടുത്ത ദിവസം അയാ ൾ മുത്തച്ഛനെ ചെന്നു കണ്ടു പറഞ്ഞു, “ഞാനൊരു യാത്ര പോകുന്നു. മൂന്നു ദിവസം കഴിഞ്ഞേ തിരിച്ചു വരൂ!”

"അതിനെന്ത്?”, മുത്തച്ഛൻ പേരക്കുട്ടിയ്ക്കു പൂർണസമ്മതം നൽകി, “മൂന്നല്ല, നാലോ അഞ്ചോ ആയ്ക്കോട്ടെ!.”അദ്ദേഹം മകളെ നോക്കി കണ്ണിറുക്കി പറഞ്ഞു, “എന്തോ പെൺവിഷയം-”

മരിയുസ് നേരേ പാരീസിലെത്തി ഗ്രന്ഥശാലയിലെ പഴയ പത്ര ങ്ങളിൽനിന്നു യുദ്ധവാർത്തകൾ ചികഞ്ഞെടുത്തു. ചരിത്രക്കുറിപ്പുക ളും രാജശാസനങ്ങളും അയാൾ വായിച്ചു മന:പാഠമാക്കി. പൊങ്മേ

ർസിയുടെ പേരുമായി പരാമർശിയ്ക്കപ്പെട്ട പലരുമായും അയാൾ ബന്ധപ്പെട്ടു. അങ്ങനെ അസാധാരണമായ ആ വ്യക്തിത്വത്തിന്റെ സകല ഭാവങ്ങളും മരിയുസ് കണ്ടറിഞ്ഞു.

വീട്ടിൽ തിരിച്ചെത്തിയ ശേഷവും സദാ ചിന്താകുലനായി കാണപ്പെട്ട അയാളെ നോക്കി മൊസ്യു ഗിൽനോർമാൻ അഭിപ്രായപ്പെട്ടു, "ചെറിയൊരു നേരമ്പോക്കെന്നേ ഞാൻ കരുതിയുള്ളൂ, ഇതിപ്പോൾ കുറച്ച് ഉള്ളിലേയ്ക്കു കടന്ന മട്ടുണ്ടല്ലോ!"

അതെ, മരിയുസ് അച്ഛനെ മനസ്സുകൊണ്ട് ആരാധിയ്ക്കാൻ തുടങ്ങിക്കഴിഞ്ഞു. മാത്രമല്ല, ഈയൊരു മാറ്റം അയാളുടെ ബോദ്ധ്യങ്ങളെയാകെ ഇളക്കിമറിച്ചു. പ്രജാഭരണത്തേയും സാമ്രാജ്യത്വഭരണത്തേയും അയാൾ തുലാസിലിട്ടു തൂക്കി. ആദ്യത്തെ അമ്പരപ്പിൽനിന്നു മോചിതനായപ്പോൾ ഭരണപരിവർത്തനത്തിൽ ജനസമൂഹത്തിന്റെ മഹത്വവും സാമ്രാജ്യത്വഭരണത്തിൽ രാജ്യത്തിന്റെ ഉൽകൃഷ്ടതയും അയാൾ തെളിഞ്ഞു കണ്ടു. അയാളുടെ ഹൃദയം പശ്ചാത്താപംകൊണ്ടു നിറഞ്ഞു. അച്ഛനപ്പോൾ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ അയാൾ നേരേ ചെന്നു വിളിച്ചു പറയുമായിരുന്നു: 'നമ്മളിപ്പോൾ ഒന്നായിരിയ്ക്കുന്നു, എനിയ്ക്കച്ഛനെ മനസ്സിലാക്കാൻ കഴിഞ്ഞു!'. അതേസമയം ആ പുതിയ വെളിച്ചം അയാളെ കൂടുതൽ ചിന്താശീലനാക്കി. താക്കോലുണ്ടെങ്കിൽ എന്തും തുറക്കാവുന്നവിധം, വെറുപ്പോടെ കണ്ടിരുന്ന പലതും അയാൾ പുനരാലോചനയ്ക്കു വിധേയമാക്കി. അച്ഛന്റെ യാഥാർത്ഥ്യം മനസ്സിലായ മരിയുസ്, നെപ്പോളിയനേയും ആവിധം നോക്കിക്കാണാൻ ശ്രമിച്ചു. കുട്ടിക്കാലം മുതൽക്കേ അയാൾക്കൊരു കെട്ടുകഥയിലെ രാക്ഷസനായിരുന്നു, നെപ്പോളിയൻ! പക്ഷേ, ചരിത്രം പഠിച്ചറിഞ്ഞതോടെ അയാളുടെ മനസ്സിലെ ആ മൂടുപടം പിഞ്ഞിപ്പൊളിഞ്ഞു. ഒരു ദിവസം രാത്രി അയാൾ മങ്ങിക്കത്തുന്ന വിളക്കിനു മുമ്പിലിരുന്നു വായിയ്ക്കുകയായിരുന്നു. കറുത്ത ആകാശത്തു നക്ഷത്രങ്ങൾ തിളങ്ങുന്നുണ്ട്. യുദ്ധവാർത്തകളിൽ പലപ്പോഴും അയാൾ അച്ഛന്റെ പേരു കണ്ടു, തൊട്ടടുത്തു നെപ്പോളിയന്റേയും! ഒരു സാമ്രാജ്യഭരണ

കാലം മുഴുവൻ അയാളുടെ മനസ്സിൽ ഉയിർത്തെഴുന്നേറ്റു. അയാളുടെ ഹൃദയം ചിലപ്പോൾ ചുങ്ങിച്ചുരുങ്ങുകയും മറ്റു ചിലപ്പോൾ വിങ്ങിപ്പൊട്ടുകയും ചെയ്തു. പെട്ടെന്ന് അയാൾ ചാടിയെണീറ്റു പുറത്തെ കൂരിരുട്ടിലേയ്ക്കു നോക്കി വിളിച്ചു പറഞ്ഞു, "ചക്രവർത്തി ജയിയ്ക്കട്ടെ!"

ആ നിമിഷം, കോർസിക്കയിലെ രാക്ഷസൻ അയാളുടെ മനസ്സിൽ പ്രകാശം ചൊരിയുന്ന ഒരു നക്ഷത്രമായി പുനർജ്ജനിച്ചു. അതോടെ ആ ചക്രവർത്തിയ്ക്കുവേണ്ടി ജീവൻ ത്യജിയ്ക്കാൻ സന്നദ്ധനായ സ്വന്തം അച്ഛന്റെ പദവിയും മേൽപ്പോട്ടുയർന്നു. യേശു ദൈവപുത്രനായതുപോലെ അയാളുടെ മനസ്സിൽ നെപ്പോളിയൻ മനുഷ്യപുത്രനുമായി. പുതിയൊരു മതം സ്വീകരിച്ചതുപോലെ മരിയുസ് മറ്റൊന്നും ശ്രദ്ധിയ്ക്കാതെ ആ ലഹരിയിൽ ആണ്ടുമുഴുകി. ഏകാധിപത്യത്തിന്റെ അധഃപതനഭാഗത്തു ഫ്രാൻസിന്റെ പുനരവതാരം കാണുന്ന വിധത്തിൽ അയാളുടെ ചിന്തകൾക്കു ദിശാബോധം നഷ്ടപ്പെട്ടു. നിഗൂഢമായ ആ പ്രസവവേദനയ്ക്കൊടുവിൽ തികച്ചും ഒരു പ്രജാഭരണകക്ഷിയായി മാറിയ അയാൾ, അപരിചിതർക്കു കൊടുക്കാൻവേണ്ടി, 'മരിയുസ് കേണൽ പൊങ്മേർസി'യെന്ന് അച്ചടിച്ച കാർഡു കീശയിലിട്ടു നടന്നു.

മരിയുസിന്റെ മനസ്സിലുണ്ടായ ഈ മാറ്റങ്ങളൊന്നും പക്ഷേ മുത്തച്ഛനോ വലിയമ്മയോ മനസ്സിലാക്കിയില്ല. അച്ഛനെ സദാ തള്ളിപ്പറയുന്ന മൊസ്യു ഗിൽനോർമാനെ പുതിയ സംഭവഗതികളെത്തുടർന്നു മരിയുസ് വെറുക്കാൻപോലും തുടങ്ങിയിരുന്നു. അതിനിടയിൽ അച്ഛന്റെ കത്തിൽ സൂചിപ്പിച്ചിരുന്ന വിഷയം അന്വേഷിയ്ക്കാനായി അയാളൊരു ദിവസം മൊങ്ഫെർമിയെയിലേയ്ക്കു പോയി. പക്ഷേ, തെനാർദിയർ ഹോട്ടൽ പൂട്ടി മറ്റെവിടെയ്ക്കോ പോയെന്ന വിവരമായിരുന്നു അയാൾക്കു ലഭിച്ചത്. അങ്ങനെ നാലു ദിവസത്തോളം വീട്ടിൽനിന്നു മാറി നിന്ന പേരക്കുട്ടിയുടെ കുപ്പായത്തിൽ തൂങ്ങിക്കിടന്ന എന്തോ ഒന്നു ശ്രദ്ധയിൽപ്പെട്ട മുത്തച്ഛൻ തെല്ലൊരഭിമാനത്തോടെ മകളോടു പറഞ്ഞു, "അനുരാഗം തലയ്ക്കു പിടിച്ചാൽ ഇങ്ങനെയൊക്കെയിരിയ്ക്കും!"

മൊസ്യു ഗിൽനോർമാന്റെ അകന്ന ഒരു മരുമകനായിരുന്നു, ലഫ്റ്റനന്റ് തെയോദുൽ. വീട്ടിൽ വല്ലപ്പോഴുമൊരിയ്ക്കൽ മാത്രം വരുന്നതു-

കൊണ്ട് കുടുംബത്തിലാരേയും പരിചയമില്ലാത്ത അയാൾക്കു പക്ഷേ മദാം മാംസെലുമായൊരു രഹസ്യബന്ധമുണ്ടായിരുന്നു. മരിയുസിന്റെ പ്രണയത്തെക്കുറിച്ചു മൊസ്യു ഗിൽനോർമാൻ പറഞ്ഞു കേട്ടതു മുതൽ അവർക്കു സ്ത്രീസഹജമായ കൗതുകത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കാനായില്ല. അങ്ങനെയിരിക്കേ, മരിയുസ് യാത്ര പുറപ്പെട്ട ദിവസം യാദൃച്ഛികമായി തെയോദുൽ പ്രത്യക്ഷനായി. ഔദ്യോഗികകാര്യത്തിനു വെർനോങിലേക്കു പോകുന്ന വഴി അയാൾ വലിയമ്മയേയും കാണാമെന്നു കരുതി. കയറിച്ചെന്ന വഴി മദാം മാംസെലിനെ കെട്ടിപ്പിടിച്ചു ചുംബിച്ച ശേഷം അയാൾ കുശലാന്വേഷണത്തിലേക്കു കടന്നു.

"നീ കുതിരപ്പുറത്താണോ വന്നത്", വലിയമ്മ ചോദിച്ചു.

"അല്ല, വെർനോങ് വഴി പോകുന്ന വണ്ടിയിൽ! കൂട്ടത്തിലൊന്നു ചോദിക്കട്ടെ, മരിയുസ് എങ്ങോട്ടാണു പോകുന്നത്? അവന്റെ പേരു വണ്ടിയിൽ പതിച്ചിരിക്കുന്നതു കണ്ടു!”

മരിയുസിനു തെയോദുലിനെ പരിചയമില്ലെന്നു ബോദ്ധ്യമുള്ള മദാം മാംസെലിനു പെട്ടെന്നൊരു യുക്തി തോന്നി. അവളൊരു പത്തു ലൂയി നാണയം അയാളുടെ കീശയിലിട്ടു മൊസ്യു ഗിൽനോർമാൻ പ്രകടിപ്പിച്ച സംശയം വിശദമായി പറഞ്ഞു കേൾപ്പിച്ചു, “ഞങ്ങൾക്കു പക്ഷേ കാര്യമറിഞ്ഞാൽ കൊള്ളാമെന്നുണ്ട്!”

“ഇതിലെന്തിനു സംശയിക്കണം?”, മരുമകൻ വലിയമ്മാമന്റെ സംശയം സ്ഥിരീകരിച്ചു പറഞ്ഞു, “എങ്കിലും ഞാനന്വേഷിക്കാം!”

ഇത്തരം വിഷയങ്ങളിൽ വാസനയില്ലെങ്കിലും വലിയമ്മയോടുള്ള താൽപ്പര്യം പ്രമാണിച്ചു യാത്രയ്ക്കിടയിൽ ഇടയ്ക്കിടെ അയാൾ മരിയുസിനെ ശ്രദ്ധിച്ചു. വെർനോങിൽ ചെന്നിറങ്ങിയ മരിയുസ് ഒരു പൂച്ചെണ്ടും വാങ്ങി പള്ളിയിലേക്കു പോകുന്നതു കണ്ട തെയോദുലിന്റെ ഉത്സാഹം വർദ്ധിച്ചു. പക്ഷേ, അയാളുടെ ഔത്സുക്യം തല്ലിക്കെടുത്തുന്നവിധം മരിയുസ് നേരേ പള്ളിയിലെ സിമിത്തേരിയിലേക്കാണു പോയത്. അച്ഛന്റെ ശവക്കല്ലറയ്ക്കു മുമ്പിൽ പൂച്ചെണ്ടു സമർപ്പിച്ചു കുറച്ചു നേരം അയാൾ നിശ്ശബ്ദനായി നിന്നു. തികഞ്ഞ ജാള്യതയോടെ തി

രിച്ചപോന്ന തെയോദുൽ പക്ഷേ വലിയമ്മയെ വിവരമറിയിയ്ക്കാനൊന്നും മിനക്കെട്ടില്ല!

മൂന്നാം ദിവസം ഉച്ചയോടുകൂടി വീട്ടിൽ തിരിച്ചെത്തിയ മരിയുസ് കഴുത്തിലെ കറുപ്പുനാട ഊരിവെച്ച് കുളിയ്ക്കാനായി പുറത്തേയ്ക്കിറങ്ങി. മരിയുസ് വന്നതറിഞ്ഞു താഴോട്ടിറങ്ങി വന്ന മൊസ്യു ഗിൽനോർമാന്റെ കണ്ണു ചുമരിലെ ആണിയിൽ തൂങ്ങിക്കിടന്ന കറുപ്പുനാടയിലെ പതക്കത്തിലാണു പതിഞ്ഞത്. അദ്ദേഹം ആ നാട കടന്നെടുത്തു വിജയഭാവത്തോടെ മകളുടെ അടുത്തു ചെന്നു പറഞ്ഞു, "കിട്ടിപ്പോയി! നമ്മുടെ ചെറുപ്പക്കാരന്റെ പ്രണയകഥ മുഴുവൻ ഇതിലുണ്ട്! എന്തായാലും നമുക്ക് ആ സുന്ദരിക്കുട്ടിയുടെ മുഖമൊന്നു കാണാമല്ലോ!"

അവർ രണ്ടുപേരും അത്യാകാംക്ഷയോടെ ഒരു കമ്പിയുപയോഗിച്ച് പതക്കത്തിന്റെ പാളി തുറന്നു. നാലായി മടക്കിയ ഒരു കടലാസുകഷണമല്ലാതെ ചിത്രങ്ങളൊന്നും അവരതിൽ കണ്ടില്ല. മദാം മാംസേൽ കടലാസിന്റെ മടക്കു നിവർത്തി ഉറക്കെ വായിച്ചു: "എന്റെ മകനറിയാൻ, വാട്ടർലൂയുദ്ധത്തിൽവെച്ച് ചക്രവർത്തി എന്നെ ഒരു പ്രഭു...."

കുറിപ്പു വായിച്ചപ്പോൾ മരണമുഖത്തെ വിഷവായു ശ്വസിച്ചതുപോലെ രണ്ടുപേരും മരവിച്ചു നിന്നു. ആ കുറിപ്പെഴുതിയ 'തട്ടിപ്പറിക്കാരന്റെ' കൈയക്ഷരം മൊസ്യു ഗിൽനോർമാൻ തിരിച്ചറിഞ്ഞു. ആ നിമിഷം കുപ്പായത്തിൽനിന്നു താഴെ വീണ ഒരു കാർഡ് കുനിഞ്ഞെടുത്ത് അദ്ദേഹം വായിച്ചു: 'മരിയുസ് കേണൽ പൊങ്മേർസി'! കോപം സഹിയ്ക്കാനാവാതെ അദ്ദേഹം ആ കാർഡും കടലാസും ചുരുട്ടിക്കൂട്ടി പുറത്തേയ്ക്കു വലിച്ചെറിഞ്ഞു.

മരിയുസ് കുളി കഴിഞ്ഞു തിരിച്ചെത്തിയപ്പോൾ മുറ്റത്തു കിടക്കുന്ന കടലാസും കാർഡും ചൂണ്ടിക്കാണിച്ചു മൊസ്യു ഗിൽനോർമാൻ അലറി, "എന്താണിതിന്റെ അർത്ഥം?"

"അച്ഛന്റെ മകനാണു ഞാൻ!", മുത്തച്ഛന്റെ മുഖത്തു നോക്കാതെ മരിയുസ് തുറന്നടിച്ചു, "അദ്ദേഹം രാജ്യത്തേയും പ്രജാഭരണത്തേയും ഒരുപോലെ സേവിച്ചു. എന്നാൽ അവസാനകാലത്ത് ആരോരുമില്ലാതെ, ആത്മാവിനെപ്പോലെ സ്നേഹിച്ച സ്വന്തം മകനെപ്പോലും കാ

ണാനാവാതെ, നിരാശ്രയനായി അദ്ദേഹം മരിച്ചു!"

പ്രജാഭരണമെന്ന വാക്കു കേട്ടതോടെ മൊസ്യു ഗിൽനോർമാൻ ചാടിയെഴുന്നേറ്റു. തീജ്വാലപോലെ തുടുത്ത മുഖവുമായി അദ്ദേഹം അട്ടഹസിച്ചു, "നിന്റെ അച്ഛൻ ആരായാലും എനിക്കെന്ത്? നെപ്പോളിയനെ സഹായിച്ചവരെല്ലാം തട്ടിപ്പറിക്കാരായിരുന്നു. രാജദ്രോഹികൾ! വാട്ടർലൂവിൽ ബ്രിട്ടീഷുകാരുടെ മുമ്പിൽ പാഞ്ഞൊളിച്ച ഭീരുക്കൾ!"

മരിയുസിന്റെ തലച്ചോറിനും തീ പിടിച്ചുകഴിഞ്ഞു. അച്ഛന്റെ വ്യക്തിത്വം കൺമുന്നിലിട്ടു ചവിട്ടിത്തേയ്ക്കപ്പെടുന്നതു നോക്കിനിൽക്കാൻ അയാൾക്കായില്ല. അയാൾ മുഖമുയർത്തി മുത്തച്ഛനെ തറപ്പിച്ചു നോക്കി ഇടിവെട്ടുന്ന സ്വരത്തിൽ ആക്രോശിച്ചു, 'രാജകുടുംബം നശിയ്ക്കട്ടെ! ലൂയി പതിനെട്ടാമൻ ചത്തു മണ്ണടിയട്ടെ!"

മൊസ്യു ഗിൽനോർമാന്റെ മുഖം വിളറി വെളുത്തു. ഇതുപോലൊരു രാജനിന്ദ സ്വന്തം കുടുംബത്തിൽ മുഴങ്ങുമെന്നു വിശ്വസിയ്ക്കാനാവാതെ, അദ്ദേഹം മകളുടെ അടുത്തു ചെന്നു പറഞ്ഞു, "ഇനി ഈ വീട്ടിൽ ഇവനെപ്പോലൊരു പ്രഭുവും എന്നെപ്പോലൊരു നാടുവാഴിയും ഒരുമിച്ചു താമസിച്ചുകൂടാ!"

തുടർന്നു മരിയുസിനെ നോക്കി പുരികക്കൊടി മേലോട്ടുയർത്തി ഘനഗംഭീരമായ ശബ്ദത്തിൽ അദ്ദേഹം ആജ്ഞാപിച്ചു, "കടന്നുപോ! ഇനി ഈ വീട്ടിൽ നിനക്കു സ്ഥാനമില്ല!"

മരിയുസ് തൽക്ഷണം വീടുവിട്ടിറങ്ങി. ഒരു കൈപ്പെട്ടിയിൽ അത്യാവശ്യം വസ്തുങ്ങളെടുത്തു കുപ്പായക്കീശയിൽ മുപ്പതു ഫ്രാങ്കുമായി അയാളൊരു വണ്ടി വിളിച്ചു നേരേ നിയമവിദ്യാലയത്തിന്റെ പരിസരത്തേയ്ക്കു പുറപ്പെട്ടു.

4 : സുഹൃദ്സംഘം

1789-ലെ വിപ്ലവത്തിനുശേഷം പുറമേയ്ക്കു പ്രകടമല്ലെങ്കിലും ഭരണപരിവർത്തനവുമായി ബന്ധപ്പെട്ട നിശ്ശബ്ദമായ ചില നിശ്വാസങ്ങൾ സമൂഹത്തിന്റെ ഉള്ളറകളിൽനിന്നും ഉയർന്നുവന്നിരുന്നു. രാജാധിപത്യവാദികൾ സ്വാതന്ത്ര്യവാദികളും സ്വാതന്ത്ര്യവാദികൾ പ്രജാധിപ

ത്യവാദികളുമായി മാറി. പലരും നെപ്പോളിയനേയും സ്വാതന്ത്ര്യ ത്തേയും ഒരുപോലെ ആരാധിയ്ക്കാൻ തുടങ്ങി. അങ്ങനെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും മനുഷ്യരുടെ പുരോഗതിയ്ക്കുംവേണ്ടി പ്രയത്നിയ്ക്കു ന്ന പാരീസിലെ യുവാക്കളുടെ ഒരു കൂട്ടായ്മയായിരുന്നു, എബിസി സുഹൃദ്സംഘം. മീഞ്ചന്തയുടെ സമീപത്തെ വീഞ്ഞുകടയിലും മുസെ ങ് ചായക്കടയിലുമായി അവരിടയ്ക്കിടെ ഒത്തുകൂടി. സാധാരണക്കാരു മായി നല്ല അടുപ്പമുള്ള അവർ മിക്കവരും വിദ്യാർത്ഥികളായിരുന്നു.

കാഴ്ചയിൽ സുന്ദരനായ ആൻഷൊൽരായാണു സംഘത്തിന്റെ നേതാവ്. ആദർശത്തിന്റെ ആരാധകനും സ്വാതന്ത്ര്യത്തിന്റെ പടയാ ളിയുമാണയാൾ. യുവാവാണെങ്കിലും സ്ത്രീവിഷയം തൊട്ടു തീണ്ടാത്ത അയാൾക്കൊരൊറ്റ വിചാരമേയുള്ളൂ: പൗരനീതിയും പ്രജാധിപത്യ വും. ഒരു ഭാവഗാനംപോലെ ഹൃദയസ്പർശിയായി പ്രസംഗിയ്ക്കാൻ അയാൾക്കറിയാം. ആൻഷൊൽരാ നീതിയെക്കുറിച്ചാണു ചിന്തിച്ച തെങ്കിൽ കൊംബ്ഫെർ തത്വചിന്തയുടെ ഭാഗമാണു ശ്രദ്ധിച്ചത്. നീ തിബോധം യുദ്ധത്തിനു പ്രേരകമായേക്കാം, പക്ഷേ, തത്വചിന്ത സ മാധാനത്തിന്റെ ഭാഗത്തേ നിൽക്കൂ! ആദർശത്തേക്കാളേറെ പ്രായോ ഗികതയിലും അഗ്നിപർവതത്തേക്കാൾ അരുണോദയത്തിന്റെ പ്ര കാശത്തിലുമാണു കൊംബ്ഫറിനു താൽപ്പര്യം. കുറേക്കൂടി സൗമ്യ നായ ഴാങ്പ്രുവർ, ഒരനുരാഗിയും കാൽപ്പനികനുമായിരുന്നു. അയാ ൾ സ്ത്രീകളേയും പൂക്കളേയും സംഗീതത്തേയും സ്നേഹിച്ചു. ഭാഷാപ ണ്ഡിതനായ അയാളുടെ ഹൃദയത്തിൽ കവിത മർമ്മരങ്ങളുണർത്തി. കൂലിപ്പണിക്കാരനായ ഫെയ്‌ലി വിദ്യാഭ്യാസത്തിലൂടെ സ്വതന്ത്രനാ വാൻ മോഹിച്ചു. സ്വപ്രയത്നംകൊണ്ട് അയാൾ എഴുതാനും വായിയ്ക്കാ നും തുടങ്ങി. മാന്യനായ കുർഫെരാക്കിനു പഴയ തൊലോമിയെയു മായി നല്ല സാദൃശ്യമുണ്ട്. ചെറുപ്പത്തിലെ നേരമ്പോക്കുകളോടു പ ക്ഷേ കുറച്ചു ചെന്നപ്പോൾ അയാൾ മന:പൂർവം വിട പറഞ്ഞു. സാധു വും ധീരനും ധാരാളിയും മുടിയനും വായാടിയുമായ യുവാവായിരുന്നു, ബയോരെൽ. ശബ്ദവും ബഹളവുംപോലെ പ്രിയങ്കരമായി അയാൾ ക്കു മറ്റൊന്നുമില്ല. തെണ്ടിനടക്കുന്ന അയാൾ എബിസി സുഹൃത്തുക്ക

ളുടെ ഒരു ചങ്ങലക്കണ്ണിയായി മാറി. ഈ ചെറുപ്പക്കാരുടെ കൂട്ടത്തിലൊരു കഷണ്ടിത്തലയനാണ് ബോസ്യെ. തീർത്തും നിർഭാഗ്യവാനായ അയാൾ സകലതിനേയും സരസമായി പുച്ഛിയ്ക്കും. അറിവും കഴിവുമുണ്ടെങ്കിലും സ്വയം പണിതുണ്ടാക്കുന്നതൊക്കെ അയാളുടെ തലയിൽത്തന്നെ ഇടിഞ്ഞുവീഴും. ദുർവിധിയുടെ ദ്രോഹങ്ങൾ അയാളെ നിരവധി യുക്തികൾ ആലോചിച്ചുണ്ടാക്കുന്ന വിരുതനാക്കി മാറ്റി. വക്കീൽപ്പണിയിലേയ്ക്കു കടക്കാൻ പോകുന്ന ബോസ്യെ, വൈദ്യവിദ്യാർത്ഥിയായ ഴൊലിയുടെ കൂടെയാണ് താമസം. ഴൊലി സത്യത്തിൽ വൈദ്യനാവാനല്ല, രോഗിയാവാനാണ് പഠിച്ചത്. കണ്ണാടിയിൽ നോക്കി നാവു പരിശോധിച്ച് അയാൾ ദിവസേന സ്വന്തം ആയുസ്സു കണക്കാക്കിക്കൊണ്ടിരുന്നു.

ഈ ഉത്സാഹികൾക്കും മൂഢവിശ്വാസികൾക്കുമിടയിലെ സംശയക്കാരനായിരുന്നു, ഗ്രന്തേർ. ഏതു വിഷയത്തിലും ഒന്നാമതെത്തുന്നവരെയാണ് ഗ്രന്തേറിനു ബഹുമാനം. പൗരനീതി, ഭരണപരിവർത്തനം, പ്രജാധിപത്യം തുടങ്ങിയ നിരർത്ഥകമായ വാക്കുകൾക്കു മുമ്പിൽ അയാളൊന്നു പുഞ്ചിരിയ്ക്കുകയേയുള്ളൂ. അയാളുടെ ആവേശം മുഴുവൻ ഒരൊറ്റ വ്യക്തിയിലാണ് കേന്ദ്രീകരിച്ചത്: ആൻഷൊൽരാ! ഒരു ഉപഗ്രഹംപോലെ തനിയ്ക്കു ചുറ്റും കറങ്ങുന്ന ഗ്രന്തേറിനെ പക്ഷേ, ആൻഷൊൽരായ്ക്കു പുച്ഛമായിരുന്നു. ആ നിന്ദയ്ക്കും പരിഹാസത്തിനും വിപരീതാനുപാതത്തിൽ മറുഭാഗത്തു നിന്നുള്ള ആദരവും വർദ്ധിച്ചുവന്നു.

ഒരു ദിവസം ഉച്ചയ്ക്കു മുസെങ് ചായക്കടയ്ക്കു മുമ്പിൽ മനോരാജ്യം കണ്ടു നിൽക്കുകയായിരുന്ന ബോസ്യെ പെട്ടെന്നാണൊരു വണ്ടി കടന്നുപോകുന്നതു ശ്രദ്ധിച്ചത്. പുറത്തേയ്ക്കു തെല്ലു തള്ളിനിന്ന കൈപ്പെട്ടിയിലെ 'മരിയുസ് പൊങ്മേർസി'യെന്ന കാർഡു കണ്ട് അയാൾ മുമ്പോട്ടു ചെന്നു യാത്രക്കാരനായ യുവാവിനോടു പറഞ്ഞു, "മൊസ്യു മരിയുസ് പൊങ്മേർസി! ഞാൻ നിങ്ങളെ അന്വേഷിയ്ക്കുയായിരുന്നു!"

"എന്ത്, എന്നെയോ?", മരിയുസ് അത്ഭുതപ്പെട്ടു.

"അതെ, നിങ്ങൾക്കെന്നെ പരിചയമില്ലെങ്കിലും,", ബോസ്യെ പറ

ഞ്ഞു, "നിങ്ങളുടെ സഹപാഠി ബോസ്വെയാണ ഞാൻ! ഇന്നലെ ക്ളാസിൽ ഹാജരെടുത്ത അദ്ധ്യാപകൻ നിങ്ങളുടെ പേരു മൂന്നു തവണ വിളിക്കുന്നതു കേട്ടു ഞാൻ പറഞ്ഞു, 'ഹാജർ!'. അദ്ദേഹമെന്നെ ഇരുത്തിയൊന്നു നോക്കി പണി തുടർന്നു. കുറച്ചു കഴിഞ്ഞ് എന്റെ പേരു വിളിച്ചപ്പോഴും ഞാനാവർത്തിച്ചു, 'ഹാജർ!'. ഉടനെ അദ്ദേഹം, 'മരിയുസായ നിങ്ങളെങ്ങനെ ബോസ്വെയാകു'മെന്നു ചോദിച്ച് എന്റെ പേരു വെട്ടിക്കളഞ്ഞു".

"കഷ്ടം, എനിക്കുവേണ്ടി നിങ്ങൾ ബലിയാടായി!"

ബോസ്വെ പൊട്ടിച്ചിരിച്ചു, "നന്നായി. ഇനി വക്കീൽപ്പണിയുമായി നടക്കേണ്ടല്ലോ! ആട്ടെ, നിങ്ങളെവിടെയാണ താമസം?"

"ഇപ്പോൾ ഇതാ ഈ വാടകവണ്ടിയിൽ! ഇനി എങ്ങോട്ടാണ പോകേണ്ടതെന്നു തീരുമാനിച്ചിട്ടില്ല!", മരിയുസ് പറഞ്ഞു.

അപ്പോൾ ആ വഴി വന്ന കുർഫരാക്ക് യാതൊന്നും ചോദിക്കാതെ വണ്ടിയിലേക്കു ചാടിക്കയറി വണ്ടിക്കാരനോടു പറഞ്ഞു, "സാങ്ഴാക്ക് ഹോട്ടൽ!". അന്നു മുതൽ കുർഫരാക്കിന്റെ കൂടെ ഹോട്ടലിലൊരു മുറിയിൽ മരിയുസ് താമസം തുടങ്ങി.

ദിവസങ്ങൾക്കകം രണ്ടുപേരും അടുത്ത സുഹൃത്തുക്കളായി. മരിയുസിന്റെ വ്യക്തിപരമായ വിഷയങ്ങളൊന്നും കുർഫരാക്ക് അന്വേഷിച്ചില്ല. പക്ഷേ, ഒരു ദിവസം മരിയുസിനു മുമ്പിൽ അപ്രതീക്ഷിതമായൊരു ചോദ്യം വന്നു വീണു, "രാഷ്ട്രീയമായി നിങ്ങൾക്കേതു കക്ഷിയോടാണ താൽപ്പര്യം?"

"നെപ്പോളിയൻ പക്ഷപാതിയായ പ്രജാഭരണവാദി!"

പിറ്റേന്നു കുർഫരാക്ക് മരിയുസിനെ മുസെങ് ചായക്കടയിലേക്കു കൂട്ടിക്കൊണ്ടുപോയി. ഒരു കടന്നൽക്കൂട്ടിലാണ ചെന്നു വീണതെങ്കിലും മരിയുസിനു മൗനത്തിന്റെ ചിറകു സഹായത്തിനുണ്ടായിരുന്നു. സ്വാതന്ത്ര്യത്തിനുവേണ്ടി ദാഹിക്കുന്ന അവരുടെ ഉത്സാഹപ്രഹർഷങ്ങൾ അയാളുടെ ആലോചനക്കു ചൂടു പകർന്നു. കലയും മതവും ചരിത്രവും സാഹിത്യവും തത്വചിന്തയും ആ സൗഹൃദസദസ്സിലെ സംഭാഷണവിഷയങ്ങളായി. മുത്തച്ഛന്റെ നിശ്ചയദാർഢ്യത്തിൽനിന്നു പി

താവിന്റെ ചഞ്ചലചിന്തകളിലേയ്ക്കുള്ള ആ ചുവടുമാറ്റം അയാൾക്കത്ര എളുപ്പമായിരുന്നില്ല.

ഒരു ദിവസം കുടിച്ചു ലക്കു കെട്ട ഗ്രന്തേർ മുറിയുടെ ഒരു മൂലയ്ക്കലിരുന്നു യുക്തിവാദത്തിന്റെ മഹത്വം പാടിപ്പുകഴ്ത്തുകയായിരുന്നു, "കൂട്ടരേ, എനിയ്ക്കെന്റെ ജീവിതം മറക്കണം. പഴുതുകളി ല്ലാത്ത ഈ നാടകശാലയിൽനിന്നു പുറത്തു കടക്കണം. പള്ളിക്കാരൻ പറയുന്നു, ഇതെല്ലാമൊരു മായ! അവർ വാക്കുകൊണ്ടു സകലതും മൂടിവെയ്ക്കുന്നു. ഒരാളെക്കുറിച്ചോർത്തു കരയുമ്പോൾ ഞാൻ മറ്റൊരാളെക്കുറിച്ചോർത്തു ചിരിയ്ക്കുന്നു. ജനങ്ങളുടെ അഭിമാനം വിറ്റ രാജാക്കന്മാർ കളി-ക്കോപ്പുകളുണ്ടാക്കുന്നു. നിങ്ങൾക്കാരെയാണു ബഹുമാനം, കൊന്നവനേയോ കൊല്ലപ്പെട്ടവ നേയോ?സീസറിനെ കൊന്ന ബ്രൂട്ടസ്സിനു പക്ഷേ ഒരാൺകുട്ടിയു പ്രതിമയോടായിരുന്നു പ്രണയം! ചരിത്രം ആവർത്തിയ്ക്കുമ്പോ ഒരു നൂറ്റാണ്ടു മറ്റൊരു നൂറ്റാണ്ടിനെ അനുകരിയ്ക്കുന്നു. കീഴടക്കുന്ന വിഡ്ഢിത്തത്തിനല്ല, ബോദ്ധ്യപ്പെടുത്തുന്ന സത്യത്തിനാണു മഹത്വം! സമൂഹത്തെ ബഹുമാനിയ്ക്കണമെന്നു നിങ്ങൾ പറയുന്നു, പക്ഷേ ഏതു സമൂഹം? ഇംഗ്ളീഷുകാരോ, മണ്ണാങ്കട്ട! അടിമകളെ പോറ്റുന്ന അമേരിയ്ക്കക്കാരെ എനിയ്ക്കൊട്ടും ബോദ്ധ്യമില്ല. പരുത്തിയുടെ വില കുറഞ്ഞാൽ പിന്നെ അവർക്കെന്തുണ്ട്? ജർമ്മനി വെറും വെള്ളം, ഇറ്റലി പിത്തവും! വോൾട്ടയർക്കു റഷ്യയെ ബഹുമാനമായിരുന്നു, ഒരുറച്ച സ്വേച്ഛാധിപത്യം! എന്നാൽ പ്രജാദ്രോഹികളോട് എനിയ്ക്കനുകമ്പയില്ല. മാന്യരേ, ഞാനൊരു വെറും വിഷയലമ്പടൻ, നഗ്നയായ ക്ളിയോപാട്ര കിടന്നുരുളുന്ന പേർഷ്യൻപരവതാനിതന്നെ എനിയ്ക്കു വേണം..!"

മറ്റൊരു മൂലയ്ക്കൽ പതിവിലേറെ ലഹരി കയറിയ ബോസ്വെ പുതിയൊരു ഹാസ്യനാടകം കുത്തിക്കുറിയ്ക്കാനുള്ള ശ്രമത്തിലായിരുന്നു. ഗ്രന്തേർ പറഞ്ഞു, "നമുക്കാദ്യം ചില പേരുകൾ കണ്ടുപിടിയ്ക്കാം; പേരിനു പിന്നാലെ വിഷയം താനേ കടന്നുവരും!"

"ശരി, പറയൂ, ഞാനെഴുതാം", ബോസ്വെ പേനയെടുത്തു.

"മൊസ്യ ദൊരിമോങ്"

"തീർച്ചയായും ഒരു നാട്ടുവാഴി, ശരി അടുത്തത്.."

"മകൾ സെലെസ്താങ്",

"സുന്ദരി, സുശീല, പിന്നെ?"

"കേണൽ സെങ്വാൽ"

"പോര, ഒരു കേണലിനു യോജിച്ച പേരല്ല, സെങ്വാൽ!"

അവരങ്ങനെ നാടകമെഴുതുന്നതിനിടയിൽ ഴൊലിയും ബയോരെലുംകൂടി പ്രണയത്തെക്കുറിച്ചു സംസാരിക്കുകയായിരുന്നു. ഴൊലി പറഞ്ഞു, "നിങ്ങളുടെ ഭാഗ്യം, നന്നായി ചിരിക്കുന്ന ഒരു ഭാര്യ നിങ്ങൾക്കുണ്ടല്ലോ! നിങ്ങൾ പരസ്പരം വഴക്കിടാറുമില്ല!"

"അതു കല്യാണദിവസം ഞങ്ങളുണ്ടാക്കിയ ഒരു കരാറായിരുന്നു. ആ അതിർവരമ്പു ഞങ്ങൾ മുറിച്ചു കടക്കാറില്ല. കൂട്ടത്തിൽ ചോദിക്കട്ടെ, മദാം മാംസെലുമായുള്ള നിങ്ങളുടെ കൂട്ടുകെട്ട് എവിടെവരെയെത്തി?", ബയോരെൽ ചോദിച്ചു.

"അവളെന്നെ ഇപ്പോഴും കൊഞ്ഞനം കുത്തുന്നതേയുള്ളൂ!"

"എന്നിട്ടും നിങ്ങൾക്കു മനസ്സു മടുക്കുന്നില്ലല്ലോ!""

"കൊള്ളാം, പറയാനെന്തെളുപ്പം?"

"എന്റെ പൊന്നുചെങ്ങാതി, അവളെ സന്തോഷിപ്പിക്കണമെങ്കിൽ നിങ്ങൾക്കുമൊരു അന്തസ്സൊക്കെ വേണം. സ്നൗബിന്റെ കടയിൽച്ചെന്നു മുന്തിയതരം ഒരു ജോടി കാലുറ വാങ്ങിക്കൂ!"

മറ്റൊരിടത്തു രാജാവ് ജനങ്ങൾക്കായി കൽപ്പിച്ചുനൽകിയ അവകാശപത്രത്തെ പിന്തുണച്ചു വാദിക്കുകയായിരുന്നു കൊംബ്ഫർ. പക്ഷേ, കുർഫരാക്ക് പറഞ്ഞു, "എനിക്കൊരു രാജാവിനേയും വേണ്ട! നിയമവിരുദ്ധമായ യാതൊന്നും രാജാവ് ജനങ്ങൾക്കു നൽകേണ്ടതില്ല. ഇത്തരം അവകാശദാനങ്ങളിൽ തിരിച്ചെടുക്കാവുന്ന ഒരധികാരം, അഥവാ ദാനം ചെയ്യുന്ന വിരലുകളിൽ തട്ടിപ്പറിക്കുന്ന ചില നഖങ്ങളുമുണ്ട്. ഈ അവകാശപത്രത്തെ സ്വീകരിക്കുന്ന സമൂഹം സ്വന്തം അധികാരത്തെയാണു പണയം വെയ്ക്കുന്നത്!" അയാൾ ആ കടലാസു കെട്ടു തികഞ്ഞ അവജ്ഞയോടെ അടുപ്പിലെ എരിയുന്ന തീയിലേയ്ക്കു

വലിച്ചെറിഞ്ഞു.

ഇതുപോലെ ആ മുറിയുടെ നാലു ഭാഗത്തു നിന്നു പരിഹാസങ്ങളും നേരമ്പോക്കുകളും അസംബന്ധങ്ങളും ശാപവാക്കുകളും മുഴങ്ങിക്കേട്ടു. എപ്പോൾ വേണമെങ്കിലും അവയിൽനിന്നൊരു തീപ്പൊരി പൊട്ടിപ്പുറപ്പെടാം! എന്തോ പറഞ്ഞുകൊണ്ടിരുന്നതിനിടയിൽ ബോസ്വെ യാദൃച്ഛികമായി വാട്ടർലൂവിനെക്കുറിച്ചൊരു പരാമർശം നടത്തി. ആ വാക്കു കേട്ടതോടെ മേശപ്പുറത്തു കൈകുത്തി സകലതും നിശ്ശബ്ദം നിരീക്ഷിയ്ക്കുകയായിരുന്ന മരിയുസ് പെട്ടെന്നു ജാഗരൂകനായി. ബോസ്വെയുടെ പരാമർശത്തിനു മറുപടിയായി ആൻഷൊൽരാ ചോദിച്ചു, "ഒരു ദുഷ്കർമ്മത്തിന്റെ പ്രായശ്ചിത്തമായിരുന്നില്ലേ, വാട്ടർലൂ?"

മരിയുസിനു സഹിച്ചില്ല. അയാൾ ചാടിയെഴുന്നേറ്റു ചുമരിൽ തൂക്കിയിട്ടിരുന്ന ഭൂപടത്തിലേയ്ക്കു കൈ ചൂണ്ടി പറഞ്ഞു, "ഇതാണു കൊർസിക്ക! ഫ്രാൻസിനെ മഹത്വവൽക്കരിച്ച ചെറുദ്വീപ്!"

സകലരും സംസാരം നിർത്തി മരിയുസിനെ ശ്രദ്ധിയ്ക്കാൻ തുടങ്ങി. പക്ഷേ, അനന്തതയിലേയ്ക്കു നോക്കി നിർവികാരനായി ആൻഷൊൽരാ പറഞ്ഞു, "ഫ്രാൻസിനെ മഹത്വവൽക്കരിയ്ക്കാൻ ഒരു കൊർസിക്കയുടെ ആവശ്യമില്ല!"

ആത്മാവിനെയാകെ ബാധിച്ച വിറയലോടെ മരിയുസ് ആവേശപൂർവം പറയാൻ തുടങ്ങി, "നെപ്പോളിയനെക്കുറിച്ചു പറയുന്നതൊരിയ്ക്കലും ഫ്രാൻസിനെ ഇടിച്ചുതാഴ്ത്തലല്ല. നെപ്പോളിയനെയല്ലെങ്കിൽ പിന്നെ യുവാക്കളായ നിങ്ങൾക്കാരെയാണു ബഹുമാനം? തീർത്തും പരിപൂർണനായ അദ്ദേഹം ജസ്റ്റിനിയനെപ്പോലെ നിയമമുണ്ടാക്കി, സീസറെപ്പോലെ കൽപ്പനകൾ നടപ്പാക്കി, ചരിത്രം സൃഷ്ടിച്ചു, ശാസ്ത്രത്തിലും കവിതയിലും ഭാവിസമൂഹത്തെ കണ്ടു, ചക്രവാളത്തിലുയർന്ന ആ മിന്നൽപ്പിണർ..."

ആരും മിണ്ടിയില്ല. ആൻഷൊൽരാ തലകുനിച്ചു. വർദ്ധിച്ച ഉത്സാഹത്തോടെ മരിയുസ് തുടർന്നു, "കൂട്ടുകാരേ, ശക്തമായ രാജ്യത്തു ബുദ്ധിമാനായൊരു ചക്രവർത്തിയുണ്ടാകുക, അതല്ലേ നമ്മുടെ ഭാഗ്യം?

ഹാനിബാളും സീസറും ഷാർലിമാനും ഒരാളായി മാറുക! സാധാരണ ക്കാരിൽനിന്നു കർമ്മോത്സുകരായ ഒരു സൈന്യത്തെ വാർത്തെടുത്തു സർവവും കീഴടക്കുക! ഇതിലേറെ മഹത്തായി മറ്റെന്തുണ്ട്?”

"സ്വാതന്ത്ര്യം!”, കൊംബ്ഫർ പറഞ്ഞു.

ഇത്തവണ തല കുനിച്ചതു പക്ഷേ മരിയുസായിരുന്നു! ആ വാക്ക് ഒരു വാളലകുപോലെ അയാളുടെ മനസ്സിൽ ചെന്നിറങ്ങി. കുറച്ചു കഴിഞ്ഞു മരിയുസ് തലയുയർത്തിയപ്പോൾ ആൻഷൊൽരാ ഒഴികെ മറ്റെല്ലാവരും പൊയ്ക്കഴിഞ്ഞിരുന്നു. ആൻഷൊൽരാ അയാളെ സൂക്ഷിച്ചു നോക്കി. ചിന്തകൾ വീണ്ടും വാരിക്കെട്ടിയ മരിയുസ് പക്ഷേ തോൽവി സമ്മതിയ്ക്കാൻ തയാറായിരുന്നില്ല. അപ്പോൾ താഴെ കോണിത്തളത്തിൽനിന്നാരോ പാടി:

'പെറ്റമ്മയോളം വരുമോ മഹാന്മാ-

രേറ്റം ജനസ്നേഹദയാലുപോലും?'

ചിന്തയിൽ മുങ്ങിപ്പോയിരുന്ന മരിയുസ് സ്വയമറിയാതെ ആ പല്ലവി ഏറ്റുപാടാൻ തുടങ്ങി, “പെറ്റമ്മയോളം...!" പെട്ടെന്നയാളുടെ ചുമലിൽ കൈവെച്ച് ആൻഷൊൽരാ പറഞ്ഞു, "സുഹൃത്തേ, നമ്മുടെ പെറ്റമ്മയാണു പ്രജാധിപത്യം!"

മരിയുസിന്റെ ആത്മാവിൽ വിഷാദാത്മകമായൊരു മൂടൽമഞ്ഞു പടർന്നു. എത്ര ചിന്തിച്ചുറച്ചിട്ടും അയാൾക്കു സംശയങ്ങളൊഴിവായില്ല. ശരിയായ കാഴ്ച കിട്ടാതെ അയാളുടെ കണ്ണു കഴയ്ക്കാൻ തുടങ്ങി. മുത്തച്ഛനിൽനിന്നും അച്ഛന്റെ അടുത്തേയ്ക്കുള്ള യാത്രയിൽ പെട്ടെന്നുണ്ടായ ഈ വ്യതിയാനം മരിയുസിനെ വേദനിപ്പിച്ചു. പഴമയും പുതുമയും ഒരുപോലെ അസഹ്യമായി തോന്നിയ അയാൾ മുസെങ് ചായക്കടയിലേയ്ക്കുള്ള പോക്കു നിർത്തി.

ഒരു മാസം കഴിഞ്ഞപ്പോൾ ഹോട്ടലുടമസ്ഥൻ മരിയുസിനോടു വാടക ആവശ്യപ്പെട്ടു. അന്നാദ്യമായി അയാൾ കുർഫരാക്കിനോടു സ്വന്തം ദാരിദ്ര്യവും നിസ്സഹായതയും തുറന്നു പറഞ്ഞു. കുർഫരാക്ക് ചോദിച്ചു, “നിങ്ങൾക്ക് ഇംഗ്ളീഷറിയാമോ?"

"ഇല്ല!”

"എന്റെയൊരു സ്നേഹിതൻ ഒരു സർവവിജ്ഞാനകോശം തയാറാക്കുന്നുണ്ട്. ചില ഇംഗ്ളീഷ് ലേഖനങ്ങൾ നിങ്ങൾക്കു പരിഭാഷപ്പെടുത്താമെങ്കിൽ ചെറിയൊരു സമ്പാദ്യത്തിനു വകയുണ്ട്"

"എങ്കിൽ ഞാൻ ഇംഗ്ളീഷ് പഠിയ്ക്കാം"

"അതുവരെ?"

"അതുവരെ ഞാനെന്റെ സകലതും വിറ്റു ജീവിയ്ക്കും!"

പറഞ്ഞതുപോലെ അത്യാവശ്യം വസ്തുങ്ങളൊഴിച്ച് ബാക്കിയെല്ലാം വിറ്റു കിട്ടിയ പണത്തിൽനിന്നു വാടകകൂടി കൊടുത്തു കഴിഞ്ഞപ്പോൾ മരിയുസിന്റെ പക്കൽ പത്തു ഫ്രാങ്കു മാത്രമേ മിച്ചമുണ്ടായുള്ളൂ. അതിനിടയിൽ മരിയുസിനോടു മനസ്സിലൊരു അനുകമ്പയുണ്ടായിരുന്ന വലിയമ്മ കൊടുത്തയച്ച പണം സ്വീകരിയ്ക്കാതെ അയാൾ തിരിച്ചയച്ചു. ആരോടും കടപ്പാടുണ്ടാക്കേണ്ടെന്നു കരുതി മരിയുസ് സാങ്ഴാക്കിലെ ഹോട്ടൽ വിട്ടു നഗരപ്രാന്തത്തിലെ ഗോർബോചെറ്റപ്പുരയിൽ ചെന്നു താമസമാക്കി.

5 : നിർഭാഗ്യത്തിന്റെ വിളയാട്ടം

കൈയിൽ പണമില്ലാതെ, ഉപജീവനത്തിനു പണിയില്ലാതെ മരിയുസിന്റെ ജീവിതം ദുരിതമയമായിത്തീർന്നു. ഭക്ഷണമില്ലാത്ത പകലുകളും വെളിച്ചവും ഉറക്കവുമില്ലാത്ത രാത്രികളും തണുത്തു മരവിച്ച പ്രഭാതങ്ങളുമായി അയാൾ ദിവസങ്ങൾ തള്ളിനീക്കി. മറ്റുള്ളവരുടെ നിന്ദയും പരിഹാസവും കുറ്റപ്പെടുത്തലും അതേപടി വിഴുങ്ങാൻ അയാൾ പരിശീലിച്ചു. മൂന്നോ നാലോ ദിവസം കൂടുമ്പോൾ അയാൾ പുറത്തുപോയി നിസ്സാരവിലയ്ക്കുള്ള പഴകിയ പാൽക്കട്ടിയോ അപ്പക്കഷണമോ പകുതി വെന്ത ഇറച്ചിക്കഷണമോ വാങ്ങി കടലാസിൽ പൊതിഞ്ഞു വിശപ്പു തോന്നുമ്പോൾ മാത്രം ഭക്ഷിയ്ക്കും. കുറച്ചു ദിവസങ്ങൾക്കകം സ്ഥിരോത്സാഹിയായ മരിയുസ് ഇംഗ്ളീഷും ജർമ്മനും പഠിച്ചെടുത്തു കുർഫരാക്ക് ഏർപ്പാടാക്കി കൊടുത്ത പ്രസിദ്ധീകരണശാലയിൽ ജോലി ചെയ്യാൻ തുടങ്ങി. എങ്കിലും ദാരിദ്ര്യം ഒരു സന്തതസഹചാരിയെപ്പോലെ അയാളെ വിടാതെ പിന്തുടർന്നു.

വീട്ടിൽനിന്നു പോരുമ്പോൾ അച്ഛന്റെ ഓർമ്മകൾക്കു പുറമേ മറ്റൊരു പേരുകൂടി അയാളുടെ മനസ്സിൽ പതിഞ്ഞുകിടന്നിരുന്നു. വാട്ടർലൂ യുദ്ധക്കളത്തിൽവെച്ച് അച്ഛന്റെ ജീവൻ രക്ഷിച്ച തെനാർദിയറെന്ന മനുഷ്യനെ ദിവ്യമായൊരു പരിവേഷത്തോടെയാണു മരിയുസ് കണ്ടത്. മോങ്ഫേർമിയെയിലെ ഹോട്ടൽ കടം വന്നു പൂട്ടി മറ്റെങ്ങോ പോയ്മറഞ്ഞ ആ നിർഭാഗ്യവാനെ കണ്ടെത്താൻ മൂന്നു കൊല്ലത്തോളം അയാൾ കിണഞ്ഞു പരിശ്രമിച്ചു. അച്ഛൻ ബാക്കിവെച്ചു പോയ കടം വീട്ടേണ്ടതു തന്റെ ധർമ്മമാണെന്ന് അയാൾ കരുതി. അങ്ങനെ തെനാർദിയർക്കെന്തെങ്കിലും സഹായം ചെയ്തു കൊടുക്കുക മാത്രമായിരുന്നു അക്കാലത്തു മരിയുസ് നിരന്തരം ഉരുവിട്ടുകൊണ്ടിരുന്ന ഒരു മനോരാജ്യം!

ഈ മൂന്നു വർഷങ്ങൾക്കിടയിൽ ഇരുപതു വയസ്സുള്ള ഒരു യുവാവായി മാറിക്കഴിഞ്ഞിരുന്നു, മരിയുസ്. മുത്തച്ഛനു തന്നോടു തരിമ്പും സ്നേഹമില്ലെന്ന അയാളുടെ വിചാരം വാസ്തവത്തിൽ തെറ്റായിരുന്നു. മക്കളെ സ്നേഹിക്കാത്ത അച്ഛന്മാരുണ്ടെങ്കിലും മക്കളുടെ മക്കളോടു വാത്സല്യമില്ലാത്ത ഒരു മുത്തച്ഛനുമുണ്ടായിട്ടില്ല! മരിയുസ് വിട്ടുപോയതിനുശേഷം മൊസ്യു ഗിൽനോർമാന്റെ ജീവിതത്തിൽ വെളിച്ചമില്ലാതായി. അയാൾ മടങ്ങിവരുമെന്നുതന്നെ തുടക്കത്തിൽ അദ്ദേഹം പ്രതീക്ഷിച്ചു. വാർദ്ധക്യത്തിൽ സൂര്യപ്രകാശംപോലെ ജീവിക്കാൻ സ്നേഹവും കൂടിയേ കഴിയൂ! അങ്ങനെ മാസങ്ങളും കൊല്ലങ്ങളും കടന്നുപോയി. ചിലപ്പോൾ അദ്ദേഹം സ്വയം പിറുപിറുക്കും, “തിരിച്ചുവന്നാൽ ഞാനവന്റെ ചെകിടത്തൊന്നു പൊട്ടിക്കുന്നുണ്ട്!” അതേസമയം മരിയുസിന്റെ മനസ്സിലും മുത്തച്ഛനോടുള്ള നീരസം മാറിപ്പോയിരുന്നു. പക്ഷേ, അച്ഛനെ നിർദ്ദയം ശിക്ഷിച്ച അദ്ദേഹത്തിനു മാപ്പു കൊടുക്കാൻ അയാൾ ഒരുക്കമായിരുന്നില്ല. മുത്തച്ഛനിൽനിന്നു യാതൊരാനുകൂല്യവും കൈപ്പറ്റാതെ അച്ഛനോടുള്ള പ്രായശ്ചിത്തമെന്ന നിലയ്ക്കാണു മരിയുസ് ദുരിതമയമായ ദരിദ്രജീവിതം സ്വയം സ്വീകരിച്ചത്.

ചെറുപ്പത്തിലെ ദാരിദ്ര്യത്തിനു ഗുണപരമായൊരു വശമുണ്ട്: അതവരുടെ ഇച്ഛാശക്തിയെ കർമ്മത്തിലേക്കു നയിക്കും, ബുദ്ധിശക്തിയെ

ദൈവത്തിലേയ്ക്കു തിരിച്ചുവിടും! ലൗകികജീവിതത്തിൽ നഗ്നനായ ദരിദ്രൻ മറ്റുള്ളവരുടെ ജീവിതത്തെക്കുറിച്ചു ചിന്തിയ്ക്കുന്നു. സമ്പന്നർക്കു നേരംപോക്കാൻ പന്തയം, നായാട്ട്, ചൂതുകളി തുടങ്ങി നിരവധി മാർഗങ്ങളുണ്ട്: അവർ മനസ്സിന്റെ നന്മകൾ ചിലവാക്കി തിന്മകൾ സ്വായത്തമാക്കുന്നു. ദരിദ്രനായ യുവാവ് കഷ്ടപ്പെട്ടു പണിയെടുത്തു ഭക്ഷണമുണ്ടാക്കി കഴിയ്ക്കുന്നു; ഭക്ഷണം കഴിഞ്ഞാൽപ്പിന്നെ മറ്റൊന്നും അയാൾക്കു ചെയ്യാനില്ല. അയാളപ്പോൾ ദൈവം സൗജന്യമായി അനുവദിച്ചുതന്ന കാഴ്ചകൾ നോക്കിക്കാണും: ആകാശവും നക്ഷത്രങ്ങളും മരങ്ങളും പൂക്കളും കുട്ടികളും കഷ്ടപ്പെടുന്ന ജനങ്ങളും അയാളുടെ നിഷ്കൃഷ്ടമായ നിരീക്ഷണത്തിനു വിധേയമാകും. ലോകത്തിന്റെ നന്മതിന്മകൾ നേരിട്ടനുഭവിയ്ക്കുന്ന അയാൾ മനുഷ്യനെ മനസ്സിലാക്കുന്നു; പ്രപഞ്ചസൃഷ്ടിയുടെ സൂക്ഷ്മഭാവങ്ങൾ നോക്കിക്കാണുന്ന അയാൾ ദൈവത്തെ കണ്ടെത്തുന്നു. പിന്നേയും മനോരാജ്യം, അതാ അയാളൊരു ദയാലുവായി മാറുന്നു. അഹങ്കാരത്തിൽനിന്നും അനുകമ്പയിലേയ്ക്കുള്ള പ്രയാണത്തിൽ എവിടെയോ വെച്ച് അയാൾക്കു പണ്ടു കോടീശ്വരന്മാരോടുണ്ടായിരുന്ന വിദ്വേഷം നഷ്ടപ്പെടുന്നു. ചെറുപ്പത്തിൽ ദാരിദ്ര്യത്തിന്റെ മധുരം നുകർന്നുപോന്ന അയാൾക്കിപ്പോൾ കഷ്ടപ്പാടിന്റെ കയ്പ്പിനെക്കുറിച്ചു യാതൊരു വേവലാതിയുമില്ല. അയാൾക്കു ദുഃഖമുണ്ടോ? ഇല്ല! ചെറുപ്പക്കാരന്റെ ദുഃഖം ഒരിയ്ക്കലും നിന്ദാർഹമല്ല. പക്ഷേ, തിളങ്ങുന്ന കണ്ണുകളും നല്ല ചുറുചുറുക്കുമുള്ള ദരിദ്രനായ കുട്ടി വൃദ്ധനായ ഒരു ചക്രവർത്തിയ്ക്കുപോലും അസൂയ ജനിപ്പിയ്ക്കും. സമ്പന്നർക്കു കൊടുക്കാത്ത രണ്ടു വരങ്ങൾ - ശരീരത്തെ സ്വതന്ത്രമാക്കുന്ന ജോലിയും മനസ്സിനു വെളിച്ചമേകുന്ന ചിന്തയും - തന്നതിന്റെ പേരിൽ അയാൾ ദൈവത്തോടു സദാ നന്ദിയുള്ളവനായിരിയ്ക്കും!

അത്യാവശ്യം വരുമാനത്തിനുള്ള വഴി കണ്ടെത്തിയതോടെ മരിയുസ് കൂടുതൽ ചിന്താശീലനായി മാറി. പ്രസിദ്ധീകരണശാലയുടെ ഉടമസ്ഥൻ അയാൾക്കു താമസിയ്ക്കാനൊരു വീടും കൊല്ലത്തിൽ നല്ലൊരു തുക ശമ്പളവും വാഗ്ദാനം ചെയ്തു. പക്ഷേ, സ്ഥിരശമ്പളത്തിൽ പ

ണിയെടുത്തു സ്വാതന്ത്ര്യം പണയം വെയ്ക്കാൻ അയാൾ തയാറായില്ല. സൗഹൃദം നിലനിർത്തിക്കൊണ്ടുതന്നെ ആൻഷൊൽരായുടെ കൂട്ടത്തിലേയ്ക്കു മനഃപൂർവം മരിയുസ് പോകാതിരുന്നു. പള്ളിയിൽവെച്ചു പരിചയപ്പെട്ട കാവൽക്കാരനായ മൊസ്യു മബെയും കുർഫരാക്കുമായി മാത്രമേ അയാൾ ബന്ധപ്പെടാറുള്ളൂ. അച്ഛനെ മനസ്സിലാക്കാൻ സഹായിച്ച ആ വൃദ്ധനോടു പ്രത്യേകമായൊരു കടപ്പാടുതന്നെ അയാൾക്കു തോന്നി. മരിയുസുമായുള്ള സൗഹൃദം മൊസ്യു മബെയുടെ മനസ്സിലും ഉന്മേഷമുണ്ടാക്കി. വൃദ്ധന്മാർക്കു പോക്കുവെയിൽ കായുന്നതുപോലെ സുഖകരമാണു സൗമ്യമായൊരു യുവസാന്നിദ്ധ്യം!

കൃത്യമായൊരു പക്ഷപാതമില്ലാത്ത, അഥവാ സകലതിനേയും അനുകൂലിയ്ക്കുന്ന ഒരാളായിരുന്നു, മൊസ്യു മബെ. ചെടികളും പുസ്തകങ്ങളുമല്ലാതെ മറ്റൊന്നും അയാൾക്കൊരു വിഷയമായില്ല. ഭക്തിയേക്കാൾ സാമൂഹ്യമര്യാദ മാനിച്ചാണ് അയാൾ പള്ളിയിലേയ്ക്കു പോയിരുന്നത്. വയസ്സ് അറുപതു കഴിഞ്ഞിട്ടും വിവാഹത്തെക്കുറിച്ച് ഒരിയ്ക്കൽപ്പോലും അയാൾ ചിന്തിച്ചിട്ടില്ല. പെൺകുട്ടികളോടല്ല, പുസ്തകങ്ങളോടായിരുന്നു, അയാൾക്കു പ്രണയം. പഴയ പുസ്തകങ്ങൾ ശേഖരിയ്ക്കുകയും പുതിയ ചെടികൾ നട്ടുവളർത്തുകയുമായിരുന്നു അയാളുടെ തൊഴിലും വിനോദവും. സസ്യങ്ങളെക്കുറിച്ച് ചിത്രങ്ങളടക്കം അയാളെഴുതിയ ശാസ്ത്രനിഘണ്ടുവിനു ധാരാളം ആവശ്യക്കാരുണ്ടായി. ആ പുസ്തകം വിറ്റു കിട്ടുന്ന വരുമാനമായിരുന്നു ഒരർത്ഥത്തിൽ അയാളുടെ ജീവിതോപാധി. ചെടികളോടുള്ള ഈ കമ്പം മൂലമാണു സത്യത്തിൽ അയാൾ പൂക്കളെ സ്നേഹിച്ച കേണൽ പൊങ്മേർസിയുമായി അടുത്തത്. മദാം പ്ലൂതാർക്കെന്നു വിളിപ്പേരുള്ള അയാളുടെ വീട്ടുവേലക്കാരി അവിവാഹിതയായൊരു സാധുവായിരുന്നു. അത്യാവശ്യം വായിയ്ക്കാനറിയാവുന്ന അവർ മിക്കവാറും സമയം വസ്ത്രങ്ങൾ വെളുപ്പിച്ചു പെട്ടിയിൽ അടുക്കിവെയ്ക്കുന്നതിനാണു ചിലവഴിച്ചത്.

വിജനമായ ഇടവഴികളിലൂടെ തനിച്ചു നടക്കുകയായിരുന്നു, മരിയുസിന്റെ ഒരേയൊരു വിനോദം. വല്ലപ്പോഴും അയാൾ മൊസ്യു മബെയെപ്പോലുള്ള അച്ഛന്റെ പഴയ സുഹൃത്തുക്കളെ ചെന്നു കാണും.

1830-ലെ ഭരണപരിവർത്തനത്തോടുകൂടി അയാളുടെ രാഷ്ട്രീയമായ വേവലാതികൾ മിക്കതും മാറിപ്പോയി. ലോകത്തിലെ മാതൃകാരാജ്യ മായി അയാൾ ഫ്രാൻസിനെ കണ്ടു. ഫ്രഞ്ചുകാരിൽത്തന്നെ അയാൾ സാധാരണജനങ്ങളുടെ കൂടെ നിന്നു. ആ സാധാരണക്കാരിൽ പ്ര ത്യേകിച്ചും സ്ത്രീകളോടായിരുന്നു അയാളുടെ അനുകമ്പ! ഒരു ദിവസം അയൽപ്പക്കത്തു താമസിയ്ക്കു ന്ന ഴൊൻഡ്രെത് കുടുംബം വാടക കൊടു ക്കാൻ പണമില്ലാതെ വിഷമിയ്ക്കുന്നതു കണ്ട അയാളുടനെ കൈയിലു ണ്ടായിരുന്ന മുപ്പതു ഫ്രാങ്ക് വീട്ടുകാവൽക്കാരിയുടെ കൈയിൽ കൊ ടുത്തയച്ചു.

അതിനിടയ്ക്കു വീട്ടിൽ ഒഴിവു വന്ന മരിയുസിന്റെ സ്ഥാനത്തു മരുമ കനായ തെയോദുലിനെ പ്രതിഷ്ഠിയ്ക്കാമെന്നൊരു വ്യാമോഹം മദാം മാംസെൽ ഗിൽനോർമാന്റെ മനസ്സിൽ കടന്നുകൂടി. ഒരു ദിവസം രാ വിലെ അവർ പത്രം വായിയ്ക്കുന്ന മൊസ്യു ഗിൽനോർമാനോടു പറ ഞ്ഞു, “അച്ഛാ, ഇന്നു തെയോദുൽ വരുന്നുണ്ട്!”

"തെയോദുൽ..! അതാരാ?”, അദ്ദേഹം ചോദിച്ചു.

"അച്ഛന്റെ മരുമകൻ", മകൾ പറഞ്ഞു.

"ഓ, അതു ശരി!”, അദ്ദേഹം വീണ്ടും പത്രവായനയിലേയ്ക്കു തിരി ഞ്ഞു. അന്നത്തെ പത്രത്തിൽ പ്രജാഭരണത്തെ അനുകൂലിയ്ക്കുന്ന യുവാ ക്കളുടെ ആലോചനായോഗത്തെക്കുറിച്ചുള്ള വാർത്ത വായിച്ചപ്പോൾ, ഒരുപക്ഷേ, മരിയുസ് ആ യോഗത്തിൽ പങ്കെടുത്തേക്കുമെന്ന ചിന്ത യിൽ അദ്ദേഹത്തിന്റെ മനസ്സു പ്രക്ഷുബ്ധമായി.

വൃദ്ധനോടു തർക്കിയ്ക്കാൻ നിൽക്കാതെ പറയുന്നതൊക്കെ സമ്മതി ച്ചു കൊടുത്തേക്കണമെന്ന നിർദ്ദേശത്തോടെയാണു മദാം മാംസെൽ അച്ഛന്റെ മുമ്പിലേയ്ക്കു തെയോദുലിനെ പറഞ്ഞയച്ചത്. ബഹുമാനത്തി ന്റെ കീഴ്‌വഴക്കങ്ങളൊന്നും തീരെ പരിചയമില്ലാത്ത അയാൾ തെ ല്ലൊരു വിക്കലോടെ ചോദിച്ചു, "അമ്മാമാ, സുഖംതന്നെയല്ലേ?"

"ഓ, നീയോ? ഇരിയ്ക്കു!”, അദ്ദേഹം യാന്ത്രികമായി പറഞ്ഞു.

തെയോദുൽ ഇരുന്നു. മൊസ്യു ഗിൽനോർമാന്റെ മനസ്സിൽ നിന്നു

മരിയുസിനെക്കുറിച്ചുള്ള ചിന്ത മാഞ്ഞുപോയിരുന്നില്ല. അദ്ദേഹം എഴ ന്നേറ്റ് അങ്ങോട്ടുമിങ്ങോട്ടും നടന്ന് ആത്മഗതമായി പറഞ്ഞു, "മൂക്കു ചീറ്റിയാൽ മുലപ്പാൽ പുറത്തു ചാടുന്ന ചെക്കന്മാരിരുന്നു സഭ കൂട്ടു ന്നു!... രാജദ്രോഹത്തിനും ഒരതിരില്ലേ?..."

"അതെ, വാസ്തവം!", തെയോദൂൽ പിന്താങ്ങി.

മൊസ്യു ഗിൽനോർമാൻ തിരിഞ്ഞുനോക്കി വീണ്ടും തുടർന്നു, "ആ തെമ്മാടി എന്തിനിവിടെനിന്നു ചാടിപ്പോയി? പ്രജാകക്ഷിയി ൽ ചേരാനോ? ഒന്നുമറിയാത്ത കഴുത! ജനങ്ങൾക്കെപ്പോഴും ഒരു രാ ജാവ് വേണം! മറ്റുള്ളതൊക്കെ വെറും വിടുവായത്തം!..."

"അതെ, വാസ്തവം!", തെയോദൂൽ വീണ്ടും പറഞ്ഞു.

വൃദ്ധൻ എന്തോ ആംഗ്യം കാണിയ്ക്കാൻ തുടങ്ങിയതു പെട്ടെന്നു നി ർത്തി തെയോദൂലിന്റെ മുഖത്തേയ്ക്കു സൂക്ഷിച്ചുനോക്കി പറഞ്ഞു, "നീ യോ.. നീയൊരു പടുവിഡ്ഢി!"

6 : നക്ഷത്രപ്പൊരുത്തം

അക്കാലത്തു മരിയുസ്, കറുത്ത മുടിയും ഉയർന്ന നെറ്റിയും നിഷ്കള ങ്കമായ കണ്ണുകളും ശാന്തമായ മുഖവും കരുത്തുറ്റ ശരീരവുമായി മിക്ക വാറും യുവത്വത്തിന്റെ വസന്തത്തിലേയ്ക്കു കടന്നുകഴിഞ്ഞിരുന്നു. ഇട വഴികളിലൂടെ നടക്കുമ്പോൾ ചിലപ്പോഴൊക്കെ എതിരെ വരുന്ന ചി ല പെൺകുട്ടികൾ തന്നെ പിന്തിരിഞ്ഞു നോക്കുന്നതായി അയാൾ ക്കു തോന്നാറുണ്ട്. അവർ തന്റെ മുഷിഞ്ഞ വേഷം കണ്ടു പരിഹസി യ്ക്കുകയാണെന്നു കരുതി അപ്പോഴൊക്കെ അയാൾ ഉടനെ സ്ഥലം വി ടുകയാണു പതിവ്. കുർഫരാക്ക് ഒരു ദിവസം അയാളോടു പറഞ്ഞു, "എന്റെ ചെങ്ങാതി, നിങ്ങളിത്രയധികം പുസ്തകങ്ങളൊന്നും വായിയ്ക്ക രുത്. കുറച്ചുനേരം പെൺകുട്ടികളെ ശ്രദ്ധിയ്ക്കൂ, വല്ലാത്ത നാണം ചില പ്പോൾ നിങ്ങളെയൊരു നിഷ്ഠുരനാക്കി മാറ്റും!"

വൈകുന്നേരം ലക്സംബർഗ് തെരുവിലൂടെ നടക്കുമ്പോൾ റ്യൂ ലു വെയുടെ മൂലയ്ക്കലൊരു ബഞ്ചിൽ മദ്ധ്യവയസ്സു കഴിഞ്ഞ ഒരു പുരുഷ നും ചെറിയൊരു പെൺകുട്ടിയും അടുത്തു ചേർന്നിരുന്നു സംസാരിയ്ക്ക

ന്നതു സ്ഥിരമായി മരിയുസ് കാണാറുണ്ട്. വിരമിച്ച പട്ടാളക്കാരനെപ്പോലെ ബലിഷ്ഠനായ ആ മനുഷ്യന്റെ മുഖത്തു ദുഃഖവും ഗൗരവവും പ്രകടമായിരുന്നു. കറുത്തു മെലിഞ്ഞ പെൺകുട്ടിയാകട്ടെ, കന്യാമഠത്തിൽ വളരുന്നവളെപ്പോലെ മറ്റുള്ളവരിൽനിന്നും ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. അവരിരിയ്ക്കുന്ന ബഞ്ചിന്റെ മുമ്പിലൂടെ അങ്ങോട്ടുമിങ്ങോട്ടും പല തവണ നടക്കാറുണ്ടെങ്കിലും അയാളെ അവരൊരിയ്ക്കലും ശ്രദ്ധിച്ചതായി തോന്നിയില്ല. ആ വഴിയ്ക്കു പോകുന്ന വിദ്യാർത്ഥികൾ പേരറിയാത്ത ആ മനുഷ്യനെ പക്ഷേ മൊസ്യു ലെബ്ളാങ്ങെന്നു വിളിച്ചുപോന്നു.

ജോലിത്തിരക്കും അവിചാരിതമായുണ്ടായ ചില യാത്രകളും മൂലം ഏതാണ്ട് ഒരാറുമാസക്കാലം മരിയുസിന്റെ പതിവുനടത്തം മുടങ്ങി. അതിനിടയിൽ ഒരിയ്ക്കൽപ്പോലും അയാൾ ആ ഭാഗത്തേയ്ക്കു ചെന്നിട്ടില്ല. പിന്നീട് വേനൽക്കാലത്തെ ഒരു തെളിഞ്ഞ പ്രഭാതത്തിൽ, മനസ്സിനു നല്ല സന്തോഷം തോന്നിയ ഒരു ദിവസം, മരിയുസ് വീണ്ടും അവരെ അതേ സ്ഥലത്തുവെച്ചു കണ്ടുമുട്ടി. പക്ഷേ, പണ്ടത്തെ ആ മെലിഞ്ഞ പെൺകുട്ടി കണ്ടാലറിയാത്തവണ്ണം മാറിപ്പോയിരുന്നു. പനിനീർപ്പൂവുപോലെ തുടുത്ത കവിളുകളും പുഞ്ചിരി വിടരുന്ന ചുണ്ടുകളുമായി താഴോട്ടു മുഖം കുനിച്ചിരുന്ന അവളെ രണ്ടാമതൊന്നു നോക്കാതിരിയ്ക്കാൻ അയാൾക്കു കഴിഞ്ഞില്ല. ആറു മാസത്തിനുള്ളിൽ ഇങ്ങനെയൊരു മാറ്റം അയാൾ തീരെ പ്രതീക്ഷിച്ചിരുന്നില്ല. മെയ്മാസത്തിൽ ചില വൃക്ഷങ്ങളുടെ ശാഖകളാകെ പെട്ടെന്നു പൂക്കൾ വിടർന്നു മൂടുന്നതുപോലെ അവളുടെ വസന്തവും വന്നു കഴിഞ്ഞു. ഒരിയ്ക്കൽ അരികത്തു കൂടി നടന്നുപോകുമ്പോൾ ഹൃദയാകർഷകമായൊരു പരിമളം പരത്തി അവൾ ശിരസ്സുയർത്തി അയാളെയൊന്നു നോക്കി. ഒരു നിമിഷം അവരുടെ കണ്ണുകൾ കൂട്ടിമുട്ടി. അപ്രതീക്ഷിതമായൊരു മിന്നൽപ്രകാശം ആത്മാവിലേയ്ക്കു ചെന്നിറങ്ങിയതുപോലെ രണ്ടു പേരും ഒരേസമയം നോട്ടം പിൻവലിച്ചു. അന്നേവരെ അനുഭവിച്ചിട്ടില്ലാത്ത ഒരാത്മനിർവൃതി അന്നു മനസ്സിലുണരുന്നതായി മരിയുസിനു തോന്നി. വൈകുന്നേരം മുറിയിൽ തിരിച്ചെത്തിയ അയാൾ, അന്നാദ്യമാ

യി താൻ ധരിച്ചിരുന്ന തൊപ്പിയുടെ ചതവും ചെരിപ്പിന്റെ തേയ്മാന വും വേഷത്തിന്റെ മുഷിവും നോക്കിക്കണ്ടു.

പിറ്റേന്നു മരിയുസ് അലമാരയിൽനിന്നു പുറത്തെടുത്ത പുതിയ കുപ്പായവും കാലുറയും തൊപ്പിയും ചെരിപ്പും ധരിച്ചു പതിവുസമയത്തു ലക്സംബർഗിലേയ്ക്കു പുറപ്പെട്ടു. തെരുവിലെ കാഴ്ചകൾ വിസ്മയപൂർവം നോക്കി വളരെ പതുക്കെ നടന്ന അയാൾ ദൂരത്തുനിന്നുതന്നെ മൊസ്യു ലെബ്ളാങിനേയും പെൺകുട്ടിയേയും കണ്ടു. ബഞ്ചിന്റെ അടുത്തെത്തിയ അയാൾ കുപ്പായത്തിന്റെ ചുളിവുകൾ നിവർത്തി നടത്തത്തിന്റെ വേഗം വീണ്ടും കുറച്ചു പെൺകുട്ടിയെ ശ്രദ്ധിച്ചുനോക്കി. ഒരു വട്ടം അവരുടെ അടുത്തുകൂടി മുന്നോട്ടുപോയ അയാൾ പെട്ടെന്നു പിന്തിരിഞ്ഞു കൈരണ്ടും കുപ്പായക്കീശയിൽ തിരുകി ഇടംവലം നോക്കാതെ പിന്നോട്ടു നടന്നു. അപ്പോൾ അകാരണമായി മിടിയ്ക്കുന്ന ഹൃദയത്തിന്റെ ശബ്ദം അയാൾ വ്യക്തമായി കേട്ടു. ആകർഷകവും സൗമ്യവുമായ സ്വരത്തിൽ സംസാരിയ്ക്കുന്ന പെൺകുട്ടിയെ ഒരിയ്ക്കൽക്കൂടി നോക്കിക്കാണാനുള്ള ശ്രമത്തിനിടയിൽ പരിഭ്രമം മൂലം കാലിടറി അന്നയാൾക്കു തിരിച്ചുപോരേണ്ടി വന്നു. പക്ഷേ, തന്റെ അസാധാരണമായ പെരുമാറ്റം മൊസ്യു ലെബ്ളാങ് തിരിച്ചറിഞ്ഞെന്ന ഒരു തോന്നൽ എങ്ങനെയോ അയാൾക്കുണ്ടായി.

മരിയുസ് പതിവു തെറ്റിയ്ക്കാതെ അണിഞ്ഞൊരുങ്ങി വൈകുന്നേരമാകുമ്പോൾ നടത്തുന്ന വിനോദയാത്രയുടെ വിവരം കുർഫരാക്കും വീട്ടുകാവൽക്കാരിയും മനസ്സിലാക്കി. ജിജ്ഞാസ അടക്കാനാവാതെ വീട്ടുകാവൽക്കാരി ഒന്നുരണ്ടു തവണ അയാളെ പിന്തുടരുകപോലും ചെയ്തു. രണ്ടാഴ്ചയ്ക്കുശേഷം ഒരു വൈകുന്നേരം മരിയുസ് പതിവുപോലെ ലക്സംബർഗിലെത്തി മൊസ്യു ലെബ്ളാങും പെൺകുട്ടിയും ഇരിയ്ക്കാറുള്ള ബഞ്ചിൽനിന്നു മാറി മറ്റൊരു ബഞ്ചിൽ കൈയിലൊരു തുറന്ന പുസ്തകവുമായി ചെന്നിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ അയാളൊരു കാഴ്ച കണ്ടു: അവർ രണ്ടുപേരും എഴുന്നേറ്റു മരിയുസ് ഇരിയ്ക്കുന്ന ഭാഗത്തേയ്ക്കു നടന്നുവരുന്നു! മരിയുസ് പുസ്തകമടച്ചു, വീണ്ടും തുറന്നു, വായന തുടങ്ങി. 'ദൈവമേ', അയാൾ വിചാരിച്ചു, 'ഇതാ അവളെന്റെ നേർക്കു വ

രുന്നു, എനിയ്ക്കൊന്നൊരുങ്ങാൻ സമയമില്ലല്ലോ!' യക്ഷിക്കഥകളിൽ പതിവുള്ളപോലെ പെട്ടെന്നൊരു സുന്ദരനായ രാജകുമാരനാവാൻ അയാൾ കൊതിച്ചു. മൊസ്യു ലെബ്ളാങ് തന്നെ രൂക്ഷമായി നോക്കുന്നുണ്ടെന്ന് അയാൾ കരുതി. വിളറിയ മുഖം അവരുടെ കണ്ണിൽപ്പെടാതിരിയ്ക്കാൻ അയാൾ മനഃപൂർവം തല താഴ്ത്തി. കുറച്ചു ദൂരം ചെന്നപ്പോൾ അവളയാളെ പിന്തിരിഞ്ഞൊന്നു നോക്കി. പെട്ടെന്നു തലയ്ക്കകത്തു തീ പടരുന്നതായി അയാൾക്കു തോന്നി. അവർ രണ്ടുപേരും കൺവെട്ടത്തുനിന്നു മായുന്നതുവരെ അയാൾ നോക്കി. പിന്നീടൊരു ഭ്രാന്തനെപ്പോലെ തെരുവിലൂടെ അയാൾ ചുറ്റിനടന്നു. അതെ, മരിയുസ് അനുരാഗക്കടലിന്റെ അഗാധതകളിൽ ചെന്നു വീണുകഴിഞ്ഞു!

ഒരു മാസം കഴിഞ്ഞു. അതിനിടയിൽ ഒരൊറ്റ ദിവസംപോലും മരിയുസ് ലക്സംബർഗിൽ പോകാതിരുന്നിട്ടില്ല. കുർഫരാക്ക് പറയും, "അയാൾക്കു വൈകുന്നേരം പിടിപ്പതു പണിയുണ്ട്!" വൃദ്ധന്റെ ശ്രദ്ധ ആകർഷിയ്ക്കാതിരിയ്ക്കാൻ അയാളിപ്പോൾ ബഞ്ചിനടുത്തേയ്ക്കു പോകുന്നതിനു പകരം വൃക്ഷങ്ങളുടെ മറവിൽ മാറി നിന്നുകൊണ്ട് അവളെ നോക്കിക്കാണുകയാണു പതിവ്. വൃദ്ധനുമായി സംസാരിയ്ക്കുന്നതിനിടയിൽ പെട്ടെന്നവളുടെ കണ്ണുകൾ അയാളുടെ നേർക്കു തിരിയും. ഒടുവിൽ മൊസ്യു ലെബ്ളാങിനും കാര്യം മനസ്സിലായതുപോലെ തോന്നി. മരിയുസിന്റെ പ്രതികരണം അറിയാനായി ചിലപ്പോഴൊക്കെ വൃദ്ധൻ ഒറ്റയ്ക്കു വരാൻ തുടങ്ങി. പ ക്ഷേ, മരിയുസ് അതൊന്നും ശ്രദ്ധിച്ചതേയില്ല. അനുരാഗം അയാളെ അന്ധനാക്കിക്കഴിഞ്ഞു. അങ്ങനെയിരിയ്ക്കേ, ഒരു വൈകുന്നേരം അവരിരുന്ന ബഞ്ചിന്റെ താഴത്തൊരു വെളുത്ത കൈലേസ് കിടക്കുന്നതു മരിയുസിന്റെ കണ്ണിൽപ്പെട്ടു. അയാൾ അത്യാഹ്ളാദപൂർവം അവളുടെ കൈയൊപ്പു പതിഞ്ഞ ആ പ്രണയപാരിതോഷികം കടന്നെടുത്തു മാറോടണച്ചു. പക്ഷേ, മൊസ്യു ലെബ്ളാങ് മനഃപൂർവം താഴെയിട്ടതായിരുന്നു, ആ കൈലേസെന്ന വസ്തുത അയാൾ മനസ്സിലാക്കിയില്ല!

പ്രണയം തലയ്ക്കു പിടിച്ച മരിയുസ് മറ്റൊരബദ്ധത്തിൽക്കൂടി ചെ

ന്നു ചാടി. ലക്സംബർഗിൽവെച്ചു പതിവായി കാണുന്നതിന്റെ സന്തോഷം മതിയാകാതെ ഒരു ദിവസം അയാളവരെ വീടുവരെ പിന്തുടർന്നു. റ്യൂ ലൂവേയിലെ ഒരു മൂന്നു നില വീട്ടിലാണവർ താമസിച്ചിരുന്നത്. അവരകത്തേയ്ക്കു കടന്നുപോയപ്പോൾ അയാൾ ധൈര്യം സംഭരിച്ചു കാവൽക്കാരനോടു ചോദിച്ചു, "ഇപ്പോൾ കടന്നുപോയ മാന്യൻ ആരാണെന്നറിയുമോ?"

"വലിയ സമ്പന്നനല്ലെങ്കിലും സാധുക്കൾക്കു സഹായം ചെയ്യുന്ന നല്ലൊരു മനുഷ്യൻ!", കാവൽക്കാരൻ പറഞ്ഞു.

"അദ്ദേഹത്തിന്റെ പേരെന്താണ്?"

പെട്ടെന്നു കാവൽക്കാരന്റെ ഭാവം മാറി. അയാൾ ചോദിച്ചു, "എന്താ, നിങ്ങളൊരു പോലീസ് ചാരനാണോ?"

ഇളിഭ്യനായ മരിയുസ് ഉടനെ പിന്തിരിഞ്ഞു നടന്നു. എങ്കിലും അന്വേഷണം മുന്നോട്ടു പോകുന്നതിൽ അയാൾക്കൊരു ആത്മസംതൃപ്തി തോന്നി. പിറ്റേന്നവർ ലക്സംബർഗിലേയ്ക്കു വന്നില്ല. കുറച്ചുനേരം കാത്തിരുന്നശേഷം അയാളവരുടെ വീടിനു മുമ്പിൽ തെരുവിലൂടെ അങ്ങോട്ടുമിങ്ങോട്ടും നടന്നു. ഒരാഴ്ച കഴിഞ്ഞിട്ടും അവരെ രണ്ടുപേരേയും പുറത്തു കാണാതായപ്പോൾ മരിയുസിന്റെ മനസ്സിൽ ദുരാശങ്ക പടർന്നു. എട്ടാമത്തെ ദിവസം സന്ധ്യയ്ക്കു വീടിന്റെ ജനാലയ്ക്കൽ പതിവുള്ള വെളിച്ചംപോലും കാണാതിരുന്നപ്പോൾ അയാൾ നേരേ ചെന്നു കാവൽക്കാരനോടു ചോദിച്ചു, "മൂന്നാം നിലയിലെ മാന്യൻ എങ്ങോട്ടാണു പോയത്?"

"അദ്ദേഹം ഇന്നലെ പോയി. എവിടേയ്ക്കാണെന്നറിയില്ല."

"നിങ്ങൾക്കു മേൽവിലാസമൊന്നും തന്നിട്ടില്ലേ?"

കാവൽക്കാരൻ അയാളുടെ മുഖത്തേയ്ക്കു സൂക്ഷിച്ചുനോക്കി ചോദിച്ചു, "ഓ, നിങ്ങളാണല്ലേ ആ പോലീസ് ചാരൻ?"

7 : പത്രോൺമിനെത്

മൂന്നു നിലകളുള്ള ഒരു കെട്ടിടസമുച്ചയമാണു മനുഷ്യസമൂഹം. അതിന്റെ താഴത്തെ നിലയിൽ ഭൂമിയ്ക്കടിയിലായി നിരവധി നിലവറക

ളും ഗുഹകളും തുരങ്കങ്ങളുമുണ്ട്. അങ്ങനെ തുരന്നെടുത്ത ഓരോ തുരങ്കങ്ങളാണ മതവും രാഷ്ട്രീയവും തത്വചിന്തയും സാമ്പത്തികശാസ്ത്രവും മറ്റും. ഡയോജിനിസ് തന്റെ റാന്തൽ റൂസോയ്ക്കു കൊടുക്കുന്നു, റൂസോ തന്റെ കൈക്കോട്ടു ഡയോജിനിസിനും! ചിലപ്പോൾ അവരവിടെ കിടന്നു വഴക്കു കൂടും! ഏറ്റവും അടിത്തട്ടിൽ നടക്കുന്ന ഈ പണികളൊന്നും മുകളിലത്തെ നിലയിലുള്ളവർ അറിയുന്നില്ല. പിന്നേയും താഴോട്ടു പോയാൽ മനുഷ്യനു ശ്വാസം വിടാൻപോലും പറ്റാത്ത പാതാളത്തിലാണു നാം ചെന്നെത്തുക. ആ ശവക്കുഴികളിൽ അലഞ്ഞു നടക്കുന്ന പ്രേതങ്ങൾക്കു വാക്കുകളും ചിന്തയുമില്ല. അജ്ഞതയിലും കഷ്ടപ്പാടിലും വളർന്നുവന്ന അവർ സ്വാർത്ഥത നിറവേറ്റാനുള്ള അത്യാർത്തി മൂലം ചിലപ്പോൾ ഒരു നരിയെപ്പോലെ ക്രൂരത കാണിയ്ക്കും. മേൽത്തട്ടിൽ നടക്കുന്ന പുരോഗതികൾക്കും ആലോചനകൾക്കും പരിഷ്ക്കാരങ്ങൾക്കും തുരങ്കം വെയ്ക്കുക മാത്രമാണവരുടെ ജന്മദൗത്യം. ആ ലക്ഷ്യം നേടിയെടുക്കാൻ മോഷണം, വ്യഭിചാരം, കൊലപാതകം തുടങ്ങി നിരവധി ഉപാധികൾ അവരുടെ പക്കലുണ്ട്.

1830-35 കാലത്തു പാരീസിലെ ഈ അധോലോകം ക്ളക്സു, ഗ്വൽമർ, ബബെ, മൊങ്പർനാസ് എന്നീ നാലുപേരാണു ഭരിച്ചുപോന്നത്. ഹെർക്കുലീസിനെപ്പോലെ കരുത്തുറ്റ മാംസപേശികളുള്ള, നാൽപ്പതിൽ താഴെ മാത്രം പ്രായമുള്ള, ഒരു രാക്ഷസനാണു ഗ്വെൽമർ. കൊലപാതകമാണ് അയാളുടെ പ്രധാനവിനോദം. വാഗ്മിയും നടനുമായിരുന്ന ബബെ ഒരുകാലത്തു പല്ലു പറിയ്ക്കലുൾപ്പെടെ പലവിധ ജോലികളും ചെയ്തിരുന്നു. ഭാര്യയും മക്കളുമുള്ള അയാൾ പിന്നീടൊരു നിയോഗംപോലെയാണു 'പാരീസിന്റെ ഭരണം' ഏറ്റെടുത്തത്. രാത്രിയിൽ മാത്രം മട വിട്ടു പുറത്തിറങ്ങുകയും വെളിച്ചത്തിനെതിരെ സദാ മുഖംമൂടി ധരിയ്ക്കുകയും ചെയ്യുന്ന ക്ളക്സുവിന്റെ യഥാർത്ഥരൂപം ആരും കണ്ടിട്ടില്ല. വിഷാദിയായൊരു യുവാവായിരുന്നു, മൊങ്പർനാസ്. ഇരുപതു വയസ്സു മാത്രം പ്രായമുള്ള സുഭഗനായ അവനു സകല ദുർഗുണങ്ങളുമുണ്ട്. തട്ടിപ്പറിയാണവന്റെ ഉപജീവനമാർഗം. പരിഷ്ക്കാരി

ചമയാനുള്ള മോഹമാണവനു ദുർമ്മാർഗത്തിന്റെ വാതിൽ തുറന്നു കൊടുത്തത്. കുപ്പായക്കുടുക്കിലൊരു റോസാപ്പൂ തിരുകിയ ആ പച്ചപ്പരിഷ്കാരി ചുടുകാട്ടിലങ്ങനെ സദാ അലഞ്ഞുനടക്കും.

ഈ നാലു വിരുതന്മാർ പോലീസുകാരുടെ കാലുകൾക്കിടയിൽ പാമ്പിനെപ്പോലെ ഇഴഞ്ഞുനടന്നു; ജാഗരൂകമായ കണ്ണുകൾക്കു മുമ്പിൽ പലവിധരൂപങ്ങളിൽ മറഞ്ഞുനിന്നു; ഭരണാധികാരികളൊരുക്കുന്ന കെണികളിൽപ്പെടാതെ ഒഴിഞ്ഞുമാറി. ചിലപ്പോഴൊക്കെ പേരുകൾ പരസ്പരം പകരം വെച്ചും, ഒരാളെ നാലുപേരായി തെറ്റിദ്ധരിപ്പിച്ചും, അതല്ലെങ്കിൽ നാലുപേരെ ഒരാളിലൊളിപ്പിച്ചും അധികാരികളെ അവർ സമർത്ഥമായി കബളിപ്പിച്ചുപോന്നു.

'പത്രൊങ്മിനെതെ'ന്ന പേരിൽ കുപ്രസിദ്ധമായ ഈ നാൽവർ സംഘം സന്ധ്യയോടുകൂടി വിജനമായൊരു വെളിമ്പറമ്പിൽ ഒത്തുചേരും. അടുത്ത പന്ത്രണ്ടുമണിക്കൂർ നേരത്തെ പദ്ധതികൾ ആസൂത്രണം ചെയ്തു പരസ്പരം പങ്കിട്ടെടുത്തു കഴിഞ്ഞാൽ അവരെത്രയും പെട്ടെന്നു പിരിയും. അതിനുശേഷം ഓരോരുത്തരും അവരവരുടെ കീഴിലുള്ള സന്നദ്ധഭടന്മാരെ സംഘടിപ്പിച്ചു നാട്ടുവെളിച്ചം വരുന്നതിനുമുമ്പേ ദൗത്യം നടപ്പാക്കിക്കഴിയും! രാത്രിയിലെ ക്ഷീണം തീർക്കാൻ പകൽ മുഴുവൻ അവരേതെങ്കിലും ചുണ്ണാമ്പുചൂളയിലോ കുപ്പച്ചാലിലോ കിടന്നുറങ്ങുകയാണു പതിവ്.

സമൂഹത്തിലെ അസമത്വം ഈ നിലയിൽ തുടരുന്നിടത്തോളം അടിത്തട്ടിലെ ചെളിക്കുണ്ടിൽനിന്നും ഇത്തരക്കാർ ജനിച്ചു കൊണ്ടേയിരിയ്ക്കും. തെണ്ടി മുതൽ തെമ്മാടിവരെയുള്ള അവർക്കു മറ്റുള്ളവരുടെ പണവും സ്വർണവും മണത്തറിയാനുള്ള കഴിവുണ്ട്. വിജനമായ വഴികളിൽ നിഴലുകളായി നടക്കുന്ന ഈ ഇരുട്ടിന്റെ ആത്മാക്കൾക്കു വെളിച്ചത്തെ മാത്രമേ ഭയമുള്ളൂ! അറിവിന്റെ വെളിച്ചംകൊണ്ടു മാത്രമേ ഇവരുടെ വംശവർദ്ധന തടയാനാവൂ! ഒരു കടവാതിലിനും സൂര്യപ്രകാശത്തെ തടുക്കാനാവില്ല!

8 : ദുഷ്ടനായ ദരിദ്രൻ

വേനലും മഴയും മഞ്ഞും വന്നുപോയി. പക്ഷേ, മൊസ്യ ലെബ്ളാങിനേയും മകളെയുംകുറിച്ചു യാതൊരു വിവരവുമില്ല. മരിയുസിനാകട്ടെ ആ പെൺകുട്ടിയെ ഒരിയ്ക്കൽക്കൂടി കാണാനുള്ള മോഹം ദിനംപ്രതി കൂടിവന്നു. ബുദ്ധിപരമായ യുക്തിവിചാരങ്ങളിൽ അഭിരമിച്ചിരുന്ന ആ ചിന്താശീലന്റെ മനസ്സു പാടേ തകിടം മറിഞ്ഞു. അയാൾക്കു പണിയെടുക്കാനോ നാട്ടുമ്പുറത്തെ കാഴ്ചകൾ കണ്ടു കൈവീശി നടക്കാനോ ഉത്സാഹമില്ലാതായി. ചിലപ്പോഴൊക്കെ സ്വന്തം ചെയ്തികളെത്തന്നെ അയാൾ അപലപിച്ചു: 'എന്തിനാണു ഞാനവളെ പിന്തുടർന്നു ചെന്നത്? അതുകൊണ്ടല്ലേ രണ്ടുപേരും പെട്ടെന്നു വായുവിൽ അപ്രത്യക്ഷരായത്?' തീർത്തും വിഷാദത്തിൽ മുങ്ങിയ അയാൾ നഗരത്തിലെ ഇടുങ്ങിയ ഇടവഴികളിലെ വീടുകളിലും പെൺകുട്ടികൾ കൂട്ടമായി വന്നു കൂടുന്ന നൃത്തശാലകളിലും അവളെ തിരഞ്ഞു നടന്നു.

അങ്ങനെ ഫെബ്രുവരിമാസത്തിലെ ഒരു തണുത്ത സന്ധ്യയ്ക്കു മരിയുസ് വെളിച്ചം മങ്ങിയ തെരുവോരത്തുകൂടി തല കുനിച്ചു നടന്നു പോകുകയായിരുന്നു. പെട്ടെന്നു പിന്നിൽനിന്നു വന്ന രണ്ടു പെൺകുട്ടികൾ അയാളെ തട്ടിമാറ്റി മുന്നോട്ടു പോയി. അവരുടെ നഗ്നമായ കാലടികളും കീറിപ്പറിഞ്ഞ വേഷവും അയാൾ പ്രത്യേകം ശ്രദ്ധിച്ചു. അവരിലൊരാൾ പറഞ്ഞു, "നാൽക്കവലയിൽ വെച്ചു തീപ്പെട്ടിക്കോലുകളെ കണ്ടപ്പോൾ ഞാനൊരോട്ടം വെച്ചു കൊടുത്തു!". പോലീസുകാരുടെ കണ്ണിൽപ്പെടാതെ രക്ഷപ്പെട്ടോടുന്ന അവരുടെ കൈയിൽനിന്നു താഴെ വീണ വെളുത്ത കവർ മരിയുസ് കുനിഞ്ഞെടുത്തു തലയുയർത്തി നോക്കി. പക്ഷേ, അപ്പോഴേയ്ക്കും അവരെങ്ങോ അപ്രത്യക്ഷരായിക്കഴിഞ്ഞിരുന്നു! എപ്പോഴെങ്കിലും കണ്ടാൽ കൊടുക്കാമെന്നു കരുതി മറ്റൊന്നുമാലോചിയ്ക്കാതെ അയാൾ ആ കവർ കീശയിൽ തിരുകി.

രാത്രി കിടക്കാൻ പോകുന്നതിനുമുമ്പ് വെറുമൊരു കൗതുകത്തിന്റെ പേരിൽ മരിയുസ് വീണ്ടും ആ കവറെടുത്തു പരിശോധിച്ചു. പെൺകുട്ടികളുടെ വിലാസം ഒരുപക്ഷേ കവറിനു പുറത്തു കണ്ടേക്കാമെ

ന്ന് അയാൾ കരുതി. പക്ഷേ, മുദ്ര വെയ്ക്കാത്ത ആ കവറിൽനിന്നു നാലു കത്തുകളാണു പുറത്തു ചാടിയത്. തീർത്തും ദരിദ്രനായ ഒരു മനുഷ്യൻ, വിരമിച്ച പട്ടാളക്കാരനും രോഗിയായ വീട്ടമ്മയും വിഷാദിയായ കവിയും നിസ്വനായ നാടകകൃത്തുമായി പല പേരുകളിൽ ഉദാരമതികളോടു നടത്തുന്ന സഹായാഭ്യർത്ഥനകളായിരുന്നു, ആ കത്തുകൾ! ഒരേ കൈയക്ഷരത്തിലുള്ള ആ മഞ്ഞക്കടലാസുകളിലൊന്നിലും പക്ഷേ കത്തെഴുതിയ മനുഷ്യന്റെ വിലാസമില്ല. പ്രത്യക്ഷത്തിൽ യാതൊരു പ്രസക്തിയുമില്ലാത്ത ആ കത്തുകൾ പെൺകുട്ടികളുടേതാണെന്നു കരുതാനും അയാൾക്കൊരു യുക്തി തോന്നിയില്ല.

പിറ്റേന്നു രാവിലെ മരിയുസ് പ്രാതൽ കഴിയ്ക്കാനിരിയ്ക്കുമ്പോൾ വാതിൽക്കലൊരു മുട്ടു കേട്ടു. വീട്ടുകാവൽക്കാരിയായിരിയ്ക്കുമെന്നു കരുതി അയാൾ പറഞ്ഞു, “അകത്തേയ്ക്കു വരൂ!”

പകുതി തുറന്ന വാതിൽക്കൽ ഏതാണ്ടു പതിനഞ്ചു വയസ്സുള്ള മെലിഞ്ഞ ഒരു പെൺകുട്ടിയെ കണ്ട് അയാളെഴുന്നേറ്റു ചെന്നു. ഒരു പിഞ്ഞിക്കീറിയ ഉടുപ്പു മാത്രം ധരിച്ച അവളുടെ മിക്കവാറും നഗ്നമായ ശരീരത്തിൽ ദാരിദ്ര്യത്തിന്റേയും ദുർന്നടപ്പിന്റേയും കറുത്ത പാടുകൾ കാണാമായിരുന്നു. അവളൊരു കടലാസ് നീട്ടിപ്പിടിച്ച് അയാളോടു പറഞ്ഞു, “മൊസ്യൂ മരിയുസ്, ഇതാ നിങ്ങൾക്കൊരു കത്തുണ്ട്!”

മരിയുസ് കത്തു വാങ്ങി തുറന്നു വായിച്ചു: “എന്റെ ഉദാരമതിയായ അയൽക്കാരാ, ആറു മാസം മുമ്പു നിങ്ങളെന്റെ വാടക കൊടുത്തിരുന്നല്ലോ! ഇന്നിപ്പോൾ നാലു ദിവസമായി ഒരപ്പക്കഷണംപോലും കഴിയ്ക്കാത്ത ഞങ്ങൾ നിങ്ങളുടെ ആ ദാനശീലത്തെ ഒരിയ്ക്കൽക്കൂടി ആശ്രയിയ്ക്കട്ടെ! ഈ കത്തുമായി വരുന്ന എന്റെ മൂത്ത മകൾ നിങ്ങൾക്കു വേണ്ടതെല്ലാം ചെയ്തുതരും! മനുഷ്യർക്കു നന്മ ചെയ്യുന്ന നിങ്ങൾക്കു നല്ലതു വരട്ടെ! എന്ന് ഴൊൻദ്രെത്"

തലേന്നു വൈകുന്നേരം മുതൽ മനസ്സിനെ മഥിച്ചിരുന്ന ദുരൂഹതയ്ക്കു പെട്ടെന്നൊരുത്തരം ലഭിച്ചതുപോലെ അയാൾക്കു തോന്നി. തലേന്നത്തെ നാലു കത്തുകൾ എഴുതിയ അതേ മനുഷ്യൻ തന്നെയാണു പുതിയ കത്തുമെഴുതിയിരിയ്ക്കുന്നത്; അതേ കൈയക്ഷരം, അതേ അ

ക്ഷരത്തെറ്റുകൾ, അതേ മഞ്ഞക്കടലാസ്!

മരിയുസ് ഗോർബോചെറ്റപ്പുരയിൽ താമസിയ്ക്കാൻ തുടങ്ങിയിട്ട കുറേക്കാലമായെങ്കിലും അയൽക്കാരുമായി യാതൊരുവിധത്തിലും ബന്ധപ്പെട്ടിരുന്നില്ല. ഇപ്പോൾ അയാൾക്കു സകലതും മനസ്സിലായി. ദുരിതങ്ങളിൽപ്പെട്ടു ചതഞ്ഞരഞ്ഞ ദരിദ്രനായ ആ മനുഷ്യനു ദയാലുക്കളെന്നു തോന്നുന്നവർക്കു കള്ളക്കത്തുകളെഴുതുക മാത്രമല്ല, സ്വന്തം പെണ്മക്കളുടെ മാനംപോലും വിറ്റു ജീവിയ്ക്കേണ്ടി വന്നിരിയ്ക്കുന്നു! മരിയുസ് തൊട്ടു മുമ്പിൽ നിൽക്കുന്ന പെൺകുട്ടിയെ കടുത്ത ആത്മനിന്ദയോടെ സൂക്ഷിച്ചുനോക്കി. അവളപ്പോൾ സ്വന്തം നഗ്നതയെക്കുറിച്ചുപോലും ചിന്തിയ്ക്കാതെ മുറിയിൽ കണ്ട ഓരോ വസ്തുക്കളും കൗതുകപൂർവം പരിശോധിയ്ക്കുകയായിരുന്നു. കണ്ണാടിയിൽ മുഖം നോക്കി ഒരു പ്രണയഗാനത്തിന്റെ പല്ലവി പാടാനാരംഭിച്ച അവൾ പെട്ടെന്നാണു മേശപ്പുറത്തു തുറന്നു കിടക്കുന്ന പുസ്തകം കണ്ടത്. അവൾ ആ പുസ്തകം കടന്നെടുത്തു പേജുകൾ മറിച്ചു വായിയ്ക്കാൻ തുടങ്ങി, "ഓ, വാട്ടർലൂ! എനിയ്ക്കറിയാം, എന്റെ അച്ഛനൊരു പട്ടാളക്കാരനായിരുന്നു, ഇംഗ്ളീഷുകാരുമായുള്ള യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ട്..!"

അടുത്തതായി അവൾ പുസ്തകമടച്ചു പേനയെടുത്തു മഷിയിൽ മുക്കി ഒരു വെള്ളക്കടലാസിൽ ഇങ്ങനെയെഴുതി, "തീപ്പെട്ടിക്കോലുകൾ എത്തിക്കഴിഞ്ഞു!". കടലാസ് മരിയുസിനു നേരേ നീട്ടി അവൾ പറഞ്ഞു, “നോക്കൂ ഒരക്ഷരത്തെറ്റുമില്ല! ഞാനും അനിയത്തിയും എഴുതാൻ പഠിച്ചിട്ടുണ്ട്. അന്നിങ്ങനെയൊന്നും..."

അവൾ സംസാരം നിർത്തി മരിയുസിന്റെ മുഖത്തേയ്ക്കു നോക്കി പുഞ്ചിരിയോടെ പറഞ്ഞു, “മൊസ്യൂ മരിയുസ്, നിങ്ങളൊരു സുന്ദരനാണല്ലോ! എന്നെ ഒരിയ്ക്കൽപ്പോലും ശ്രദ്ധിയ്ക്കാതെ, മൊസ്യൂ മബെയുടെ അടുത്തേയ്ക്കു നടന്നു പോകുന്ന നിങ്ങളെ പലപ്പോഴും ഞാൻ ദൂരേ നിന്നു നോക്കിക്കാണാറുണ്ട്..”

മരിയുസ് തെല്ലൊന്നു പിന്നോട്ടു നീങ്ങി നിന്നു പറഞ്ഞു, “ഇതാ നോക്കൂ, ഈ കവർ നിങ്ങളുടേതാണോ?"

അവൾ പെട്ടെന്നു കവർ പിടിച്ചു വാങ്ങി ആശ്വാസത്തോടെ പറഞ്ഞു, “ഓ, ഞാനും അനിയത്തിയുംകൂടി ഇതെത്ര തിരഞ്ഞു! തെരുവിൽ കിടന്നായിരിയ്ക്കണം നിങ്ങൾക്കിതു കിട്ടിയത്. പക്ഷേ, ഇതു ഞങ്ങളുടേതാണെന്നു നിങ്ങൾക്കെങ്ങനെ മനസ്സിലായി? ഓ, കൈയക്ഷരം നോക്കി കണ്ടുപിടിച്ചതായിരിയ്ക്കും.."

കവറിനകത്തെ നാലു കത്തുകളിൽ 'പള്ളിയിലെ ഉദാരശീല നായ മാന്യ'ന്റെ പേർക്കുള്ള കത്തെടുത്തു നിവർത്തി അവൾ പറഞ്ഞു, "കുർബ്ബാനയ്ക്കു നേരമായി. ഈ കത്തു ഞാൻ കിഴവനു കൊണ്ടുകൊടുക്കട്ടെ, ഇന്നത്തെ പ്രാതലിനുള്ളതു കിട്ടിയാൽ..."

അത്രയും കേട്ടപ്പോഴാണു പെൺകുട്ടി വന്നതിന്റെ ഉദ്ദേശം മരിയുസിന് ഓർമ്മ വന്നത്. അയാൾ കുപ്പായക്കീശയിലും മേശവലിപ്പിലും പരതി കിട്ടിയ അഞ്ചു ഫ്രാങ്ക് അവളുടെ കൈയിൽ വെച്ചുകൊടുത്തു. അവൾ ആ നാണയം ആർത്തിയോടെ വാങ്ങി പ റഞ്ഞു, "നന്നായി, ഇന്നു സൂര്യനുദിച്ചു! ഇനി ഞാനെന്റെ കിഴവച്ചാരെ ചെന്നു കാണട്ടെ!". അവൾ മരിയുസിനെ വീണ്ടും താണു വണങ്ങി പുറത്തേയ്ക്കു പോയി.

കഴിഞ്ഞ അഞ്ചുകൊല്ലമായി താനനുഭവിച്ച ദാരിദ്ര്യം ഈ അയൽക്കാരുടെ കഷ്ടപ്പാടുകൾക്കു മുമ്പിൽ തീർത്തും നിസ്സാരമാണെന്ന തിരിച്ചറിവ് സത്യത്തിൽ മരിയുസിനെ അമ്പരപ്പിച്ചു. ഒരു പുരുഷന്റെ കഷ്ടപ്പാടിനെക്കുറിച്ചു വ്യാകുലപ്പെടുന്നവർ സ്ത്രീകളുടെ ദുരിതം കണ്ടിട്ടില്ല; സ്ത്രീകളുടെ ദുരിതം കണ്ടിട്ടുള്ളവർ കുട്ടികളുടെ നിസ്സഹായത മനസ്സിലാക്കിയിട്ടില്ല! നിർഭാഗ്യരും നികൃഷ്ടരുമായ ചിലരിങ്ങനെ 'പാവങ്ങളെ'ന്ന പേരിൽ മാറ്റി നിർത്തപ്പെടുന്നത് എന്തുകൊണ്ട്? ഇതാരുടെ കുറ്റമാണ്? അയാളാലോചിച്ചു! പക്ഷേ, ഒരുത്തരവും കിട്ടിയില്ല. തൊട്ടപ്പുറത്തെ മുറിയിൽ മരണവേദന അനുഭവിച്ചു കിടക്കുന്നവരെ ശ്രദ്ധിയ്ക്കാതെ കഴമ്പില്ലാത്ത മനോരാജ്യങ്ങളിൽ മുഴുകി ഇത്രകാലവും ജീവിച്ചതിനു മരിയുസ് തന്നെത്തന്നെ കുറ്റപ്പെടുത്തി. രണ്ടു മുറികളേയും തമ്മിൽ വേർതിരിയ്ക്കുന്ന ദുർബലമായ ചുമരിലേയ്ക്ക് അയാൾ കണ്ണയച്ചു. തട്ടിനോടു ചേർന്നു മുകളിൽ കുറച്ചു ഭാഗം മണ്ണടർന്നു വീണു ചെറിയൊരു പഴുതു രൂപപ്പെട്ടിരുന്നു. അയാൾ പെട്ടെന്നു പെട്ടിയിൽ

കയറി നിന്ന് ആ ചുമർപഴുതിലേയ്ക്കു കണ്ണുകൾ ചേർത്തുവെച്ചു: മുറിയ്ക്ക കത്തുള്ള സാധനസാമഗ്രികളടക്കം അപ്പുറത്തുള്ളവരെ അയാൾക്കു വ്യക്തമായി കാണാം. അനുകമ്പയെ തുടർന്നുണ്ടായ ആകാംക്ഷയും ഉൽക്കണ്ഠയും മൂലം മരിയുസ് ആ നോട്ടപ്പഴുതിലൂടെ അയൽക്കാരുടെ ദുരവസ്ഥ ശ്രദ്ധിയ്ക്കാൻ തുടങ്ങി.

കാട്ടിലെന്നപോലെ നഗരത്തിലും ദുഷ്ടജന്തുക്കൾ വിഹരിയ്ക്കുന്ന ചില ഗുഹകളുണ്ട്. സത്യത്തിൽ അവയേക്കാൾ വൃത്തികെട്ട ഒരു ചാളയാണു മരിയുസ് കൺമുന്നിൽ കണ്ടത്. ഒരു വൈയ്ക്കോൽക്കസേരയും പൊളിഞ്ഞ മേശയും അടുപ്പുതിണ്ണയോടു ചേർത്തിട്ട മുഷിഞ്ഞ രണ്ടു കിടയ്ക്കകളും അങ്ങിങ്ങു ചിതറിക്കിടക്കുന്ന പൊട്ടിയ മൺപാത്രങ്ങളും നിറഞ്ഞ ആ മുറിയിലേയ്ക്കു വെളിച്ചം കടക്കാൻ കണ്ണാടിച്ചില്ലുള്ള ഒരൊറ്റ ജനൽ മാത്രമേയുള്ളൂ. കറുത്ത ചെളി കട്ടപിടിച്ച നിലത്തൊരു മൂലയ്ക്കൽ കുറേ കീറത്തുണികൾ കുന്നുകൂടി കിടക്കുന്നുണ്ട്. അടുപ്പിൽ തീക്കൊള്ളിയുടെ കനൽ പുകയുന്നുണ്ട്. വാതിലിനെതിരെയുള്ള ചുമരിൽ ആണി തറച്ചു തൂക്കിയ കരി പുരണ്ട ചിത്രങ്ങളിലൊന്നിൽ വാട്ടർലൂയുദ്ധവും നെപ്പോളിയന്റെ മുഖവും തെളിഞ്ഞു കാണാം.

ഒരൊറ്റ നോട്ടത്തിൽ കൗശലക്കാരനെന്നു തോന്നിയ്ക്കുന്ന അറുപതു വയസ്സുള്ള ഒരു മനുഷ്യൻ മേശയ്ക്കു മുമ്പിലിരുന്നു കടലാസിലെന്തോ കുത്തിക്കുറിയ്ക്കുന്നു. എഴുതുന്നതിനിടയിൽ വായിലുള്ള പുകക്കുഴൽ പുറത്തെടുക്കാതെ അയാൾ പിറുപിറുക്കുന്നുമുണ്ട്. ഒരുപക്ഷേ മരിയുസിനു തെരുവിൽനിന്നു കിട്ടിയതുപോലുള്ള കത്തുകളാവാം അയാളിനിയും എഴുതിക്കൂട്ടുന്നത്! നാൽപ്പതു വയസ്സു തോന്നിയ്ക്കുന്ന തടിച്ചുരുണ്ട രാക്ഷസിയെപ്പോലുള്ള ഒരു സ്ത്രീ അടുപ്പുതിണ്ണയിൽ കുനിഞ്ഞിരുന്ന് ഉറങ്ങുന്നു! കട്ടിലിൽ കാൽ താഴോട്ടു തൂക്കിയിട്ടു പതിമൂന്നു വയസ്സുള്ള ഒരു പെൺകുട്ടി പേടിച്ചരണ്ട കണ്ണുകളോടെ നാലുപാടും നോക്കുന്നു!

പെട്ടെന്നു വാതിൽ തുറന്നു മൂത്ത മകൾ അകത്തേയ്ക്കു കടന്നു വന്നു പറഞ്ഞു, “അച്ഛാ, അയാൾ വരുന്നുണ്ട്!"

"ആര്? ആ പള്ളിയിയിലെ കിഴവനോ?", അച്ഛൻ ചോദിച്ചു.

"അതെ, അവരൊരു വണ്ടിയിലാണ വരുന്നത്"

"എങ്കിൽ ആ കിഴവനൊരു കോടീശ്വരനായിരിയ്ക്കണം!"

അയാളുടെ മുഖത്തൊരു പ്രസാദം പരന്നു. പെട്ടെന്നയാൾ ചാടിയെഴുന്നേറ്റു മൺപാത്രത്തിലെ വെള്ളം അടുപ്പിലേയ്ക്കൊഴിച്ചു തീ കെടുത്തി; ഒരൊറ്റ ചവിട്ടിനു കസേര തല്ലിപ്പൊളിച്ചു; കട്ടിലിന്മേലിരുന്ന പെൺകുട്ടിയോട് എഴുന്നേറ്റുനിന്നു ജനാലച്ചില്ലുകൾ തച്ചുടയ്ക്കാൻ ആവശ്യപ്പെട്ടു. പേടിച്ചുപോയ അവൾ പെരുവിരലെത്തിച്ചു നിന്നു ജനലിലൊന്നു തട്ടിയപ്പോൾ ചില്ലുകൾ മുഴുവൻ പൊട്ടി താഴോട്ടു വീണു. മാത്രമല്ല, അവളുടെ കൈ മുറിഞ്ഞു ചോരയൊഴുകാനും തുടങ്ങി. മകളുടെ കരച്ചിലും ഭർത്താവിന്റെ പതിവില്ലാത്ത സാഹസങ്ങളും കണ്ടു ഭാര്യ ചോദിച്ചു, "നിങ്ങളെന്തൊക്കെയാണ കാണിച്ചു കൂട്ടുന്നത്?"

അയാളതൊന്നും ശ്രദ്ധിയ്ക്കാതെ, യുദ്ധത്തിനൊരുങ്ങുന്ന സേനാനായകനെപ്പോലെ, നാലുപാടും നോക്കി എല്ലാം ഉറപ്പു വരുത്തി 'കോ-ടീശ്വര'നെ സ്വീകരിയ്ക്കാൻ തയാറായി നിന്നു. കുറച്ചു നേരം കഴിഞ്ഞപ്പോൾ അക്ഷമനായ അയാൾ പിറുപിറുക്കാൻ തു ടങ്ങി, "കള്ളച്ചെന്നായ്ക്കൾ! ദയാലുക്കളാണെന്നു മേനി നടിച്ചു പള്ളിയിൽ ചെന്നു മതാചാര്യന്മാരെ വണങ്ങി ചില കീറത്തുണികളും അപ്പക്കഷണങ്ങളുമായി ഇങ്ങോട്ടു വരും! എനിയ്ക്കതൊന്നുമല്ല വേണ്ടത്..., പണം, കിലുകിലെ കിലുങ്ങുന്ന നാണയങ്ങൾ!"

ആ സമയം വാതിൽക്കലാരോ മുട്ടി. അയാൾ മുന്നോട്ടു ചെന്നു പുഞ്ചിരിയോടെ പറഞ്ഞു, "വരൂ, യജമാനനേ, ദയവു ചെയ്തു ഞങ്ങളുടെ ഈ കുഴിമാടം വന്നു കാണൂ!"

മദ്ധ്യവയസ്കനായൊരു പുരുഷൻ ഒരു പെൺകുട്ടിയേയും കൂട്ടി അകത്തേയ്ക്കു പ്രവേശിച്ചു. ചുമർപ്പഴുതിലൂടെ സകലതും കണ്ടു കൊണ്ടിരുന്ന മരിയുസിനു സ്വന്തം കണ്ണുകളെ വിശ്വസിയ്ക്കാനായില്ല! അതെ, അതവളായിരുന്നു! ആറുമാസക്കാലമായി കാണാൻ കാത്തിരുന്ന മുഖമിതാ പുക പരന്ന ഒരിരുണ്ട മുറിയിൽ വെളിപ്പെട്ടിരിയ്ക്കുന്നു! സ്വന്തം ഹൃദയമിടിപ്പിന്റെ വേഗത അയാളുടെ കാഴ്ചയ്ക്കു തടസ്സമുണ്ടാക്കി. മുഖം തെല്ലു വിളർത്തിട്ടുണ്ടെന്നല്ലാതെ അവൾക്കൊരു മാറ്റവും വന്നിട്ടില്ല.

അവൾ പതുക്കെ മുന്നോട്ടു ചെന്നു സാമാന്യം വലിയൊരു പൊതി മേശപ്പുറത്തു വെച്ചു. മൊസ്യു ലെബ്ളാങ്, ഴൊൻദ്രെത്തിന്റെ കൈ രണ്ടും കൂട്ടിപ്പിടിച്ചു ദയാർദ്രമായ സ്വരത്തിൽ പറഞ്ഞു, “മൊസ്യു, ഇതിനകത്തു കുറച്ചു പുതിയ ഉടുപ്പുകളും കമ്പിളികളുമുണ്ട്!”

'കോടീശ്വര'ന്റെ കാൽതൊട്ടു വന്ദിച്ച് ഒരു കോമാളിയുടെ സ്വരത്തിൽ വൃദ്ധൻ പറഞ്ഞു, "ഇതാ, ഞങ്ങളിന്നു ദൈവത്തെ നേരിട്ടു കണ്ടു! നോക്കൂ, അടുപ്പിലൊരു തരി കനലില്ല, കസേരയുടെ പടി പൊളിഞ്ഞുപോയി, ജനാലയുടെ ചില്ലു പൊട്ടി തണുത്തു മരവിച്ച പിഞ്ചുകുഞ്ഞുങ്ങൾക്ക് ഉറങ്ങാൻ പറ്റുന്നില്ല. ഭാര്യയ്ക്കാണെങ്കിൽ സുഖമില്ല, മരുന്നു വാങ്ങണം!...” ആവലാതികളുടെ കെട്ടഴിയ്ക്കുന്നതിനിടയിൽ അയാൾ ആരും കാണാതെ ഇളയ മകളുടെ മുറിഞ്ഞ വിരൽ പിടിച്ചൊന്നു തിരുമ്മി. വേദന സഹിയ്ക്കാതെ അവൾ ഉച്ചത്തിൽ തേങ്ങിക്കരഞ്ഞു.

"നോക്കൂ മാന്യരേ, ഇന്നലെ നാലു സൂ സമ്പാദിയ്ക്കാൻ പുറപ്പെട്ട ഇവളുടെ വിരലൊരു യന്ത്രത്തിൽ കുടുങ്ങിപ്പോയി, കഷ്ടം, ഒന്നിനു പിന്നാലെ മറ്റൊന്നായി കഷ്ടപ്പാടുകൾ...! നാലു മാസമായി വാടക കൊടുത്തിട്ടില്ല, നാളെ അറുപതു ഫ്രാങ്ക് കൊടുത്തില്ലെങ്കിൽ വീട്ടുടമ ഞങ്ങളെ പെരുവഴിയിലേയ്ക്കു തള്ളിവിടും!"

മൊസ്യു ലെബ്ളാങ് കുപ്പായക്കീശയിൽനിന്നും അഞ്ചു ഫ്രാങ്കെടുത്തു മേശപ്പുറത്തിട്ടു പറഞ്ഞു, “തൽക്കാലം എന്റെ പക്കൽ ഇതേയുള്ളൂ. വാടക കൊടുക്കാനുള്ള പണം ഞാൻ വൈകുന്നേരം ആറു മണിയ്ക്കു കൊണ്ടുവന്നു തരാം!”

ഴൊൻദ്രെത്തിന്റെ മുഖം പെട്ടെന്നൊന്നു തിളങ്ങി. അയാൾ ഭാര്യയുടെ അടുത്തു ചെന്നു രഹസ്യമായി ചെവിയിൽ പറഞ്ഞു, “ഈ മാന്യനെ നീ നന്നായൊന്നു നോക്ക്.., എനിയ്ക്കെന്തോ തോന്നുന്നു....!" പക്ഷേ, അതിനിടയിൽ മൊസ്യു ലെബ്ളാങ് പെൺകുട്ടിയുടെ കൈ പിടിച്ചു പുറത്തേയ്ക്കിറങ്ങിക്കഴിഞ്ഞിരുന്നു.

ഈ സമയം മുഴുവൻ മരിയുസിന്റെ കണ്ണുകൾ മൊസ്യു ലെബ്ളാങിന്റെ കൂടെ വന്ന പെൺകുട്ടിയിൽത്തന്നെ പതിഞ്ഞിരിയ്ക്കുകയായി

രുന്നു. അതുകൊണ്ട് അവർ പെട്ടെന്നു പുറത്തേയ്ക്കിറങ്ങിയപ്പോൾ അയാൾക്കവളെ പിന്തുടരാതിരിയ്ക്കാനായില്ല. ആരുടേയും ശ്രദ്ധയിൽപ്പെടാതെ ക്ഷണത്തിൽ കോണിയിറങ്ങി അയാൾ തെരുവിലേയ്ക്കു കുതിച്ചു. പക്ഷേ അപ്പോഴേയ്ക്കും ദൂരത്തെത്തിയ അവരുടെ വണ്ടി ഒരു നോക്കു കാണാനേ അയാൾക്കു കഴിഞ്ഞുള്ളൂ! കീശയിലുള്ള പണം മുഴുവൻ ഴൊൻദ്രെത്തിന്റെ മൂത്ത മകൾക്കു കൊടുത്തതുകൊണ്ടു മറ്റൊരു വണ്ടി വിളിയ്ക്കാനും തരമില്ല! അങ്ങനെ നിരാശനായി തെരുവിൽ അലഞ്ഞു നടക്കുമ്പോൾ പത്രൊങ്മിനെത്തിലെ കുപ്രസിദ്ധനായ ഒരു കള്ളനും അയൽക്കാരനായ ഴൊൻദ്രെത്തും ഒരു മതിലിന്റെ മറവിൽ നിന്നു രഹസ്യമായെന്തോ സംസാരിയ്ക്കുന്നത് അയാളുടെ കണ്ണിൽപ്പെട്ടു. മനസ്സു നിറയെ പ്രണയചിന്തയും അവളെ പിന്തുടരാൻ കഴിയാഞ്ഞതിന്റെ സങ്കടവുമായിരുന്നതുകൊണ്ട് ആ കാഴ്ചയുടെ അസ്വാഭാവികതയിൽ അയാൾക്കൊരു സംശയവും തോന്നിയില്ല.

മരിയുസ് വീട്ടിലെത്തി കോണിപ്പടി കയറുന്നതിനിടയിൽ ഴൊൻദ്രെത്തിന്റെ മൂത്ത മകൾ പിന്നാലെ വന്നു പറഞ്ഞു, "മൊസ്യു, ഇന്നു കാലത്തു നിങ്ങളെന്നോടു ദയ കാണിച്ചു. എന്തോ അസുഖമുള്ളതുപോലെ നിങ്ങളുടെ മുഖം വല്ലാതെ കരുവാളിച്ചിരിയ്ക്കുന്നല്ലോ! ആരെയെങ്കിലും വിളിച്ചുകൊണ്ടു വരികയോ വിവരമറിയിയ്ക്കുകയോ ചെയ്യണമെങ്കിൽ ഞാൻ സഹായിയ്ക്കാം!"

വീഴാൻ തുടങ്ങുമ്പോൾ മരച്ചില്ലയിൽ കയറി പിടിയ്ക്കുന്നതുപോലെ മരിയുസിന്റെ മനസ്സിൽ പെട്ടെന്നൊരു യുക്തി തോന്നി. അയാൾ ചോദിച്ചു, "ഇന്നിവിടെ വന്ന ആ മാന്യയുവതിയുടെ മേൽവിലാസം നിനക്കു കണ്ടുപിടിയ്ക്കാൻ കഴിയുമോ?"

കിഴവന്റെ കൂടെ വന്ന പെൺകുട്ടിയെ 'മാന്യയുവതി'യെന്നു വിളിച്ചതിലുള്ള നീരസം പുറത്തു പ്രകടിപ്പിയ്ക്കാതെ അവൾ മരിയുസിനെ സഹായിയ്ക്കാമെന്നേറ്റു. അവൾ മുറിയിൽനിന്നു പോയ ഉടനെ അയാൾ കസേരയിൽ ചെന്നു വീണു വീണ്ടും മനോരാജ്യത്തിൽ മുഴുകി. കുറച്ചു കഴിഞ്ഞപ്പോൾ അടുത്ത മുറിയിൽ ഴൊൻദ്രെത്ത് ഭാര്യയോട് ഉച്ചത്തിലെന്തോ സംസാരിയ്ക്കുന്നതു കേട്ടാണു മരിയുസ് ഞെട്ടിയുണർന്ന

ത്: “ഒരു സംശയവും വേണ്ട, എനിയ്ക്കയാളെ മനസ്സിലായി!” ആരെക്കുറിച്ചാണ ഴൊൻദ്രെത്ത് പറയുന്നത്? മൊസ്യ ലെബ്ളാങിനെ അയാൾക്കറിയാമെന്നോ? അപ്പോൾ ആ പെൺകുട്ടിയെക്കുറിച്ചുള്ള ദുരൂഹത നീങ്ങുകയാണോ? ദൈവമേ! അയാൾ വീണ്ടും പെട്ടിയ്ക്കു മുകളിൽ കയറി നിന്നു ചുമർപ്പഴുതിലൂടെ അവരുടെ സംസാരം ശ്രദ്ധിച്ചു.

പുറത്തു നിന്നു തിരിച്ചെത്തിയ ഴൊൻദ്രെത്ത് മുറിയിലങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണ്. മൂത്ത മകൾ ഇളയവളുടെ മുറിവു വെച്ചു കെട്ടുന്നു. അടുപ്പിനടുത്തൊരു കിടയ്ക്കയിൽ കിടക്കുന്ന ഭാര്യ ചോദിച്ചു, “നിങ്ങൾക്കു നല്ല തീർച്ചയുണ്ടോ?”

"തീർച്ച! കൊല്ലം എട്ടു കഴിഞ്ഞെങ്കിലും അവസാനം അവനെന്റെ മുമ്പിൽത്തന്നെ വന്നു ചാടി! ആ മാന്യയുവതി, അതെ..”

മരിയുസ് ചെവി കൂർപ്പിച്ചു. പെട്ടെന്നു മുഖത്തൊരു പൈശാചികഭാവത്തോടെ ഭാര്യ അലറിവിളിച്ചു, "ഒരിയ്ക്കലും അങ്ങനെയാവാൻ വയ്യ! എന്റെ കുട്ടികൾ കീറത്തുണി ധരിച്ചു നടക്കുമ്പോൾ അവളിങ്ങനെ മാന്യയുവതി ചമഞ്ഞ്.., അല്ല.., അതവളല്ല!"

അവർ കിടയ്ക്കയിൽനിന്നു ചാടിയെഴുന്നേറ്റു. തലമുടി ചിക്കിപ്പരത്തി മൂക്കു വിടർത്തി അവർ ഭർത്താവിനെ ഭീഷണഭാവത്തിൽ നോക്കി. അയാൾ ഭാര്യയെ ആശ്വസിപ്പിയ്ക്കാനെന്ന മട്ടിൽ പറഞ്ഞു, “നമുക്കു നോക്കാം. ഇനി എനിയ്ക്കും മറ്റുള്ളവരെപ്പോലെ ചെറിയൊരു കോടീശ്വരനാവണം! നീ ശ്രദ്ധിച്ചു കേൾക്ക്, സകലതും ഞാനേർപ്പാടാക്കിക്കഴിഞ്ഞു. അറുപതു ഫ്രാങ്കുമായി ആറു മണിയ്ക്ക് ആ വങ്കൻ വന്നെത്തും. അപ്പോഴേയ്ക്കും നമ്മുടെ അയൽക്കാരൻ ഭക്ഷണം കഴിയ്ക്കാൻ പുറത്തു പൊയ്ക്കഴിഞ്ഞിരിയ്ക്കും. പതിനൊന്നു മണിയാവാതെ അയാൾ തിരിച്ചെത്തില്ല. കുട്ടികൾ പുറത്തു കാവൽ നിൽക്കട്ടെ. നീയൊരു ചട്ടി നിറയെ കരി തയാറാക്കണം, ഇതാ പണം..! എനിയ്ക്കിനിയും ചിലതു ചെയ്തുതീർക്കാനുണ്ട്, ഞാനുടനെ വരാം!", 'കോടീശ്വരൻ' കൊടുത്ത പണം ഭാര്യയുടെ നേർക്കെറിഞ്ഞ് അയാൾ പുറത്തേയ്ക്കു പോയി.

മൊസ്യ ലെബ്ളാങിനേയും മാന്യയുവതിയേയും ഴൊൻദ്രെത്തിനു

പരിചയമുണ്ടെന്നല്ലാതെ മറ്റു യാതൊന്നും മരിയുസിന്ന മനസ്സിലായി ല്ല. പക്ഷേ, അവരൊരു കെണിയിൽപ്പെടാൻ പോകുകയാണെന്നും ആ കെണിയൊരുക്കുന്ന ഴൊൻദ്രെത്തിന്റെ ദുരാലോചന നിഷ്ഫല മാക്കണമെന്നുമുള്ള ഒരു വിചാരം എങ്ങനെയോ അയാളുടെ മനസ്സി ൽ കടന്നുകൂടി. അതിനെന്തെങ്കിലുമൊരു വഴി കണ്ടെത്താമെന്ന പ്ര തീക്ഷയോടെ അയാൾ ആരുമറിയാതെ വീട്ടിൽനിന്നു പുറത്തിറങ്ങി തെരുവിലൂടെ നടന്നു. മനോരാജ്യത്തിൽ മുഴുകി നടന്ന അയാൾ പെ ട്ടെന്നാരോ സംസാരിയ്ക്കുന്നതു കേട്ടു നാലുപാടും നോക്കി. ആരേയും കാണാനില്ല. ഒന്നുകൂടി സൂക്ഷിച്ചുനോക്കിയപ്പോൾ തൊട്ടപ്പുറത്തു മതി ലിന്നു താഴെ നിലത്തു കുന്തിച്ചിരിയ്ക്കുന്ന രണ്ടുപേരിൽ ഒരാൾ പറഞ്ഞു, "പത്രൊങ്മിനെത്തിനെ വിശ്വസിച്ച് ഏൽപ്പിച്ചാൽ കാര്യം സാധിച്ചു കൊടുക്കാതെ വയ്യ! അയാൾ പള്ളിയിൽ സ്ഥിരമായി വരുന്ന ഒരു കിഴവനാണെന്നു കേട്ടു!" മറ്റേയാൾ അനുകൂലഭാവത്തിൽ തല കുലു ക്കി, തലേ ദിവസത്തെ വിശേഷങ്ങൾ പറയാൻ തുടങ്ങി. അവരുടെ സംഭാഷണത്തിന്നു ഴൊൻദ്രെത്തിന്റെ ദുരാലോചനയുമായി എന്തോ ബന്ധമുണ്ടെന്നു സംശയം തോന്നിയ മരിയുസ് നേരേ പോലീസ് സ്റ്റേഷനിലെത്തി ഇൻസ്പെക്ടരെ ചെന്നു കണ്ടു. കാഴ്ചയിൽ ചെന്നാ യയെപ്പോലെ ഭയവും അതേസമയം വിശ്വാസവും ജനിപ്പിയ്ക്കുന്ന ഇ ൻസ്പെക്ടർ ചോദിച്ചു, “നിങ്ങൾക്കെന്തു വേണം?”.

മരിയുസ് അറിയാവുന്ന വിവരങ്ങളും തുടർന്നുണ്ടായ സംശയങ്ങ ളും വിശദമായി അയാളെ ധരിപ്പിച്ചു. വീടിന്റെ നമ്പർ കേട്ടയുടനെ അ യാൾ ചോദിച്ചു, “ഇടനാഴിയുടെ അറ്റത്തുള്ള മുറി?”

"അതെ", മരിയുസ് തെല്ലൊരത്ഭുതത്തോടെ പറഞ്ഞു.

"അപ്പോൾ, പത്രൊങ്മിനെത്തിന് ഇതിലൊരു കൈയുണ്ടാവാ തെ വയ്യ!”, ഇൻസ്പെക്ടരുടെ ആ ഊഹത്തിന്നു പിന്നാലെ മരിയുസ് വഴിവക്കിൽവെച്ചു കേട്ട സംഭാഷണവും കൂട്ടിച്ചേർത്തു.

കുറച്ചുനേരം ചിന്തിച്ചതിന്നുശേഷം അയാൾ മരിയുസിന്നു രണ്ടു കൈത്തോക്കുകൾ കൈമാറിക്കൊണ്ടു പറഞ്ഞു, “നിങ്ങൾ ചുമർപ്പഴു തിലൂടെ അപ്പുറത്തു നടക്കുന്ന സകല സംഭവങ്ങളും ശ്രദ്ധിച്ചുകൊണ്ടി

രിയ്ക്കണം. കാര്യം കൈവിട്ടുപോകുകയാണെന്നു കണ്ടാൽ മാത്രം ഈ കൈത്തോക്കുപയോഗിച്ചു പുറത്തു കാത്തു നില്ക്കുന്ന ഞങ്ങളെ വിവരമറിയിയ്ക്കണം. ബാക്കിയെല്ലാം ഞങ്ങളേറ്റു. എന്തായാലും നിങ്ങളൊരു വക്കീലല്ലേ, എന്നെ എപ്പോഴെങ്കിലും ആവശ്യമുണ്ടെങ്കിൽ ഇൻസ്പെക്ടർ ഴാവേറിനെ കാണണമെന്നു പറഞ്ഞാൽ മതി! ശരി, തൽക്കാലം നമുക്കു പിരിയാം!"

ഇൻസ്പെക്ടർ കൊടുത്ത കൈത്തോക്കുകൾ കീശയിൽ തിരുകി മരിയുസ് തിരിച്ചു വീട്ടിലേയ്ക്കു നടന്നു. വഴിയിൽവെച്ചു വീണ്ടും അയാൾ ഴൊൻഡ്രെത്തിനെ കണ്ടുമുട്ടി. മുഖം മറച്ചു തല താഴ്ത്തി നിഗൂഢമായൊരു ഭാവത്തോടെ അയാളെ രഹസ്യമായി പിന്തുടരാൻ മരിയുസ് തീരുമാനിച്ചു. ഒരിരുമ്പുകടയുടെ മുമ്പിൽ ചെന്നു നാലുപാടും ശ്രദ്ധിച്ചു പതുക്കെ അകത്തേയ്ക്കു കയറിയ അയാൾ കുറച്ചു കഴിഞ്ഞു തിളങ്ങുന്ന വായ്ത്തലയോടുകൂടിയ ഒരു ഉളിയുമായാണു പുറത്തേയ്ക്കു വന്നത്. മറ്റാരും കാണാതെ അയാൾ ആ ആയുധം കുപ്പായത്തിനുള്ളിൽ ഒളിപ്പിച്ചുവെയ്ക്കുന്നതും മരിയുസ് കണ്ടു. ഇനിയേതായാലും അയാളുടെ കണ്ണിൽപ്പെടാതെ പെട്ടെന്നു വീട്ടിൽ ചെന്നു മുറിയിൽ കയറി ഒളിച്ചിരിയ്ക്കുകയാണു നല്ലതെന്നു കരുതി മരിയുസ് തിരിച്ചു നടന്നു. വീട്ടിലെത്തി അയൽക്കാരെ കബളിപ്പിച്ചു മുറിയ്ക്കുള്ളിൽ കടന്നപ്പോഴേയ്ക്കും സമയം അഞ്ചര മണിയായി. ഇൻസ്പെക്ടർ പറഞ്ഞേൽപ്പിച്ചതനുസരിച്ചു സംഭവങ്ങൾ കൃത്യമായി നിരീക്ഷിയ്ക്കുന്നതിനുവേണ്ടി അയാൾ കൈയിൽ കൈത്തോക്കുമായി പെട്ടിപ്പുറത്തു കയറി ചുമർപ്പഴുതിലൂടെ അപ്പുറത്തേയ്ക്കു ശ്രദ്ധിയ്ക്കാൻ തുടങ്ങി. തൊട്ടടുത്ത നിമിഷം ചതിയും നീതിയും തമ്മിൽ നടക്കാൻ പോകുന്ന മത്സരത്തെക്കുറിച്ചു തെല്ലൊരു വിറയലോടെ മാത്രമേ അപ്പോൾ അയാൾക്ക് ഓർക്കാനായുള്ളൂ!

അധികം വൈകാതെ താഴത്തെ വാതിൽ തുറന്നു ഴൊൻഡ്രെത്ത് മുകളിലേയ്ക്കു കയറി വരുന്ന ശബ്ദം മരിയുസ് കേട്ടു. മുറിയിലേയ്ക്കു കടന്നയുടനെ അയാൾ രണ്ടു പെൺമക്കളേയും തെരുവിന്റെ ഇരുവശത്തുമായി കാവൽ നിൽക്കാൻ പറഞ്ഞയച്ചു, "വീട്ടുവാതിൽക്കൽനിന്നൊരു

നിമിഷം കണ്ണെടുക്കരുത്! ആരെങ്കിലും വരുന്നതു കണ്ടാൽ പെട്ടെന്നു വിവരമറിയിയ്ക്കണം!"

പെൺകുട്ടികൾ പോയ ഉടനെ വാതിൽ തള്ളിത്തുറന്നു നാലഞ്ചു പേർ അകത്തു കടന്നു ശബ്ദമുണ്ടാക്കാതെ അവിടവിടെയായി ഇരിപ്പുറപ്പിച്ചു. ആളെ തിരിച്ചറിയാതിരിയ്ക്കാൻ മുഖത്തു കരി വാരിപ്പൂശിയ അവർ മിക്കവാറും പത്രൊാങ്മിനെത്തിലെ അംഗങ്ങളായിരിയ്ക്കുമെന്നു മരിയുസ് ഊഹിച്ചു. അടുപ്പിലെ എരിയുന്ന തീയിൽക്കിടന്നു ചില ഇരുമ്പുദണ്ഡുകൾ ചൂടാകുന്നുണ്ട്. തൊട്ടടുത്തൊരു ചട്ടി നിറയെ കരി ഒരുക്കിവെച്ചിരിയ്ക്കുന്നതും മരിയുസ് കണ്ടു. ഴൊൻദ്രെത്ത് പുതിയതായി കൊണ്ടു വന്ന ആയുധം കുപ്പായത്തിനുള്ളിൽനിന്നെടുത്ത് അടുപ്പിലേയ്ക്കിട്ടു. നിലത്തൊരു മൂലയ്ക്കൽ ഒരു കെട്ടു കയർ മറ്റാരും ശ്രദ്ധിയ്ക്കാത്ത വിധം കീറത്തുണികൊണ്ടു മൂടിയിട്ടിരുന്നു! ഒരുക്കങ്ങളോരോന്നും കൃത്യമായി പരിശോധിയ്ക്കുന്നതിനിടയിൽ ഴൊൻദ്രെത്ത് കീശയിൽ കൈയിട്ടു തപ്പി അന്നു രാവിലെ മരിയുസ് കൊടുത്ത അഞ്ചു ഫ്രാങ്ക് ഭാര്യയ്ക്കു കൊടുത്തു പറഞ്ഞു, "ഞാനയാളെ സ്വീകരിയ്ക്കുമ്പോൾ നീ ചെന്നു പണം കൊടുത്തു വണ്ടിക്കാരനെ പറഞ്ഞയയ്ക്കണം".

പള്ളിയിലെ മണി ആറടിച്ചു. ഴൊൻദ്രെത്ത് പുകക്കുഴലിലെ തീ കെടുത്തി അക്ഷമനായി കാത്തിരുന്നു. വാതിൽക്കലൊരു മുട്ടു കേട്ട നിമിഷം മൊസ്യു ലെബ്ളാങിനെ സ്വീകരിയ്ക്കാൻ ഓടിച്ചെന്ന അയാൾ പറഞ്ഞു, "എന്റെ ജീവരക്ഷകനു സ്വാഗതം!"

മൊസ്യു ലെബ്ളാങ് ഒരു കവർ മേശപ്പുറത്തു വെച്ചു പറഞ്ഞു, "നിങ്ങളുടെ വാടകയ്ക്കും തൽക്കാലാവശ്യങ്ങൾക്കുമുള്ള പണം ഇതിലുണ്ട്. ബാക്കി നമുക്കു വഴിയേ ആലോചിയ്ക്കാം".

ഴൊൻദ്രെത്ത് അദ്ദേഹത്തെ കൈപിടിച്ചു കസേരയിൽ ഇരുത്തുന്നതിനിടയിൽ ഭാര്യ താഴെ ചെന്നു വണ്ടിക്കാരനെ പറഞ്ഞു വിട്ടു. മൊസ്യു ലെബ്ളാങിനെതിരെ മറ്റൊരു കസേരയിൽ ചെന്നിരുന്ന ഴൊൻദ്രെത്തിന്റെ ഭീഷണമായ മുഖഭാവം കണ്ടു മരിയുസ് കൈത്തോക്കു ചുമർപ്പഴുതിനോടു ചേർത്തു പിടിച്ചു. അവർ തമ്മിൽ ഓരോന്നു സംസാരിയ്ക്കുന്നതിനിടയിൽ വാതിൽപ്പഴുതിന്റെ ശബ്ദംപോലും കേൾ

പ്പിയ്ക്കാതെ മുഖത്തു കരി പൂശിയ മറ്റൊരാൾകൂടി അകത്തേയ്ക്കു വന്നു.

മൊസ്യു ലെബ്ളാങ് അയാളെ ശ്രദ്ധിയ്ക്കുന്നതു കണ്ടു ഴൊൻദ്രെത്ത് ഇടപെട്ടു പറഞ്ഞു, “ഇയാളെ കാര്യമാക്കാനില്ല, എന്റെയൊരു അയൽക്കാരൻ! അപ്പോൾ... ഞാൻ പറഞ്ഞുവന്നത്... അതെ, എന്റെ പക്കലൊരു ചിത്രം വിൽക്കാനുണ്ട്. ഗത്യന്തരമില്ലാതെ.. അങ്ങേയ്ക്കു താൽപ്പര്യമുണ്ടെങ്കിൽ മാത്രം.., ഇതാ നോക്കൂ!”

അയാൾ മേശവലിപ്പിൽനിന്നൊരു നീളമുള്ള കാർഡെടുത്തു മൊസ്യു ലെബ്ളാങിന്റെ കൺമുമ്പിൽ പിടിച്ചു. ചിത്രം പരിശോധിയ്ക്കുന്നതിനിടയിൽ അദ്ദേഹത്തിന്റെ നോട്ടം യദൃച്ഛയാ മുറിയുടെ മറുഭാഗത്തു മുഖത്താകെ കരി പൂശി നിൽക്കുന്ന നാലുപേരുടെമേൽ ചെന്നു പതിച്ചു. പക്ഷേ, ഴൊൻദ്രെത്തിന്റെ മുഖത്തുനിന്നു കണ്ണെടുക്കാതെ അദ്ദേഹം പറഞ്ഞു, “ഇതൊരു ചാരായക്കടയുടെ പരസ്യപ്പലകയാണല്ലോ, ഒരു മൂന്നു ഫ്രാങ്ക് വില വരും!"

ഴൊൻദ്രെത്ത് അദ്ദേഹത്തെ തറപ്പിച്ചു നോക്കി സ്വരം മാറ്റി പറഞ്ഞു, “ഒരായിരം ഫ്രാങ്ക് തന്നാൽ ഞാൻ തൃപ്തിപ്പെടാം!”

മൊസ്യു ലെബ്ളാങ് പെട്ടെന്നു ചാടിയെഴുന്നേറ്റു ചുമരിൽ ചാരിനിന്നു മുറിയ്ക്കു ചുറ്റും ഒന്നോടിച്ചു നോക്കി. ആരും അനങ്ങിയില്ല. പെട്ടെന്നു വാതിൽ തള്ളിത്തുറന്നു മുഖംമൂടി ധരിച്ച മൂന്നുപേർ കൂടി അകത്തേയ്ക്കു കടന്നു. അവരെ കാത്തിരുന്നതുപോലെ ഴൊൻദ്രെത്ത് ചോദിച്ചു, “കുതിരവണ്ടി തയാറല്ലേ?"

"എല്ലാം പറഞ്ഞപോലെ ഒരുക്കിയിട്ടുണ്ട്!”, അവർ പറഞ്ഞു.

മൊസ്യു ലെബ്ളാങ് നാലുപാടും ശ്രദ്ധിച്ചു നോക്കി. കെണിയിലകപ്പെടാനുള്ള കാരണം ചിന്തിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിന്റെ മുഖത്തു പക്ഷേ പേടിയുടെ ഒരംശംപോലും കണ്ടില്ല. ദയാലുവായ വൃദ്ധനിൽനിന്നും അദ്ദേഹം പെട്ടെന്നൊരു കായികാഭ്യാസിയായി മാറുന്നതാണു മരിയുസ് പിന്നീടു കണ്ടത്. അപ്പോൾ സ്വന്തം പ്രണയിനിയുടെ അച്ഛനെക്കുറിച്ചു തെല്ലൊരു അഭിമാനവും അയാൾക്കു തോന്നി.

ഴൊൻദ്രെത്ത് വീണ്ടും മൊസ്യു ലെബ്ളാങിനു നേരേ തിരിഞ്ഞു

നിന്ന കാട്ടുമൃഗത്തെപ്പോലെ മുഖം ഭീകരമാക്കി ഉച്ചത്തിൽ ചോദിച്ചു, "നിങ്ങൾക്കെന്നെ മനസ്സിലായില്ല, അല്ലേ? ഞാൻ ഴൊൻദ്രെത്തല്ല, തെനാർദിയർ! മൊങ്ഫെർമിയയിൽ ചാരായക്കട നടത്തിയിരുന്ന തെനാർദിയറെ നിങ്ങൾക്കറിയാമോ?"

മുഖത്തൊരു മിന്നൽപ്പിണർ പാഞ്ഞുപോയ അദ്ദേഹം ശാന്തത വിടാതെ പറഞ്ഞു, "അന്നത്തേക്കാൾ കൂടുതലൊന്നുമില്ല!"

പക്ഷേ, മരിയുസ് ആ മറുപടി കേട്ടില്ല. 'തെനാർദിയറെ'ന്ന പേരു കേട്ടതോടെ അയാൾ ഇടിവെട്ടേറ്റതുപോലെ അന്തം വിട്ടു നിന്നു. അച്ഛന്റെ മരണപത്രത്തിലുള്ളതാണെങ്കിലും സ്വന്തം ഹൃദയത്തിൽ കൊത്തിവെച്ച ആ തെനാർദിയറാണോ ഈ മനുഷ്യൻ? അച്ഛനെ രക്ഷിച്ച മനുഷ്യൻ ഇതുപോലൊരു ഘാതകനോ? എന്തൊരു വിപര്യയം! ചതിയനായൊരു മനുഷ്യനെ നീതിയുടെ ഭാഗത്തുനിന്നു ചൂണ്ടിക്കാണിയ്ക്കാൻ തുടങ്ങുമ്പോൾ ദൈവവിധി പറയുന്നു, 'ഇയാളെയാണു നീ ഇത്ര കാലവും രക്ഷകനായി കണ്ടുപോന്നത്!' 'തെനാർദിയറെ സഹായിയ്ക്കണ'മെന്ന അച്ഛന്റെ ആജ്ഞ തള്ളിക്കളയാനും സ്വന്തം നീതിബോധത്തെ കൈവിടാനുമാവാതെ, മുറുക്കിപ്പിടിച്ചിരുന്ന കൈത്തോക്കു വഴുതിപ്പോകുന്നവിധം, മരിയുസിന്റെ കൈകൾ വിറച്ചു.

തെനാർദിയർ വീണ്ടും മൊസ്യൂ ലെബ്ളാങിനു നേരേ തിരിഞ്ഞു, "നിങ്ങൾക്കൊന്നുമറിയില്ല, അല്ലേ? കളിപ്പാവ വാങ്ങിക്കൊടുത്തു കുട്ടികളെ കട്ടുകൊണ്ടു പോകുന്ന കള്ളക്കഴുവേറി! എനിയ്ക്കു നല്ല വരുമാനമുണ്ടാക്കിക്കൊണ്ടിരുന്ന അവളെ വെറും ആയിരത്തഞ്ഞൂറു ഫ്രാങ്കിനു നിങ്ങൾ കൈക്കലാക്കി. അതോടെ എന്റെ കഷ്ടപ്പാടും തുടങ്ങി... ഇന്നിപ്പോൾ സാധുക്കൾക്കു സഹായവുമായി വന്നിരിയ്ക്കുന്നു, ഒരു കോടീശ്വരൻ! പക്ഷേ, ഒന്നു മനസ്സിലാക്കണം, നിങ്ങളെപ്പോലെ കുട്ടികളെ തട്ടിക്കൊണ്ടു പോകുന്ന കള്ളനല്ല, വാട്ടർലൂ യുദ്ധത്തിൽ പങ്കെടുത്ത ഒരു പട്ടാളക്കാരനാണു ഞാൻ! യുദ്ധക്കളത്തിൽവെച്ചു ഞാനൊരു സൈന്യാധിപനെ രക്ഷിച്ചു. ചുമരിലെ ചിത്രം നോക്കു, ആ സൈന്യാധിപനെയാണു ഞാൻ ചുമലിലേറ്റിയിരിയ്ക്കുന്നത്. അതിന്റെ പേരിലൊരു പ്രശംസാപത്രം കീശയിലുണ്ടെങ്കിലും എനിയ്ക്കയാളുടെ പേര

റിയില്ല. പക്ഷേ, ഈ പറഞ്ഞതെല്ലാം പഴയ കഥകൾ... എനിയ്ക്കി പ്പോൾ പണം കിട്ടിയേ കഴിയൂ, അല്ലെങ്കിൽ നിങ്ങളുടെ കഥ കഴി യും... ഇനി നിങ്ങൾക്കെന്താണു പറയാനുള്ളത്?"

തെനാർദിയർ സംസാരം നിർത്തി എന്തിനും തയാറായി ചുറ്റും നിൽക്കുന്ന കൂട്ടുകാർക്കു ചില നിർദ്ദേശങ്ങൾ കൊടുക്കാൻ തുടങ്ങി. ആ തക്കം നോക്കി മൊസ്യൂ ലെബ്ളാങ് ഒരൊറ്റ ചാട്ടത്തിനു ജനല ഴികളിൽ കൈയെത്തിപ്പിടിച്ചു പുറത്തേയ്ക്കു ചാടാനാഞ്ഞു. പക്ഷേ, അ പ്പോഴേയ്ക്കും മറ്റുള്ളവർ കുതിച്ചെത്തി അദ്ദേഹത്തിന്റെ കാലു പിടിച്ചു വ ലിച്ചു താഴോട്ടിട്ടു. തുടർന്നു വല്ലാത്തൊരു മൽപ്പിടുത്തമാണ് അവിടെ നടന്നത്. തെനാർദിയറെ മൊസ്യൂ ലെബ്ളാങ് കാലുകൊണ്ടു തട്ടി ത്തെറിപ്പിച്ചു ദൂരേയ്ക്കെറിഞ്ഞു; രണ്ടുപേരെ കാൽമുട്ടിനു കീഴിൽ അമർ ത്തിപ്പിടിച്ചു മറ്റുള്ളവരെ തള്ളിമാറ്റി അദ്ദേഹം വാതിലിനടുത്തേയ്ക്കു നീ ങ്ങി. ഈ കാഴ്ച കണ്ടു നിൽക്കാൻ കഴിയാതെ, അച്ഛനോടു മനസാ മാപ്പപേക്ഷിച്ചുകൊണ്ട്, മരിയുസ് കൈത്തോക്കിന്റെ കാഞ്ചിയിൽ വിരൽവെച്ചു. പക്ഷേ, അതിനിടയിൽ പിടഞ്ഞെഴുന്നേറ്റ തെനാർദിയ ർ ഒരു കെട്ടു കയറുമായി വന്നു കിങ്കരന്മാരോടു പറഞ്ഞു, "അരുത്, ഉ പദ്രവിയ്ക്കരുത്! അവനെ പിടിച്ചു കെട്ട്!".

അവർ മൊസ്യൂ ലെബ്ളാങിനെ കസേരയിൽ പിടിച്ചിരുത്തി അ നങ്ങാൻ പറ്റാത്തവിധം ദേഹമാകെ കയറുകൊണ്ടു ചുറ്റി വരിഞ്ഞു. അദ്ദേഹമാകട്ടെ, രണ്ടാമതൊരു ശ്രമത്തിനു മുതിരാതെ അനങ്ങാതി രുന്നു. തെനാർദിയർ അടുപ്പത്തു തീക്കനലിൽ കിടന്നുരുകുന്ന ഉളിയു ടെ വായ്ത്തല ഒന്നുകൂടി പരിശോധിച്ചു വീണ്ടും തടവുപുള്ളിയ്ക്കെതിരേ ചെന്നിരുന്നു പറഞ്ഞു, "ഇനി നമുക്കു സമാധാനമായി സംസാരിയ്ക്കാം. നോക്കൂ, ഒരു കാര്യം ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. അതായത്, ഇപ്പോ ൾ നടന്ന കോലാഹലത്തിനിടയിൽ ഒരിയ്ക്കൽപ്പോലും നിങ്ങൾ ശബ്ദ മുയർത്തി അയൽക്കാരേയോ പോലീസിനേയോ വിളിച്ചു കൂട്ടാൻ ശ്ര മിച്ചില്ല. അപ്പോൾ നിങ്ങൾക്കവരിൽനിന്ന് എന്തോ മറയ്ക്കാനുണ്ടെന്നു വ്യക്തം! പക്ഷേ, അതിനെക്കുറിച്ചു ഞാനിപ്പോൾ ചിന്തിയ്ക്കുന്നില്ല. എ

നിയ്ക്കിപ്പോൾ പണമാണ വേണ്ടത്. എന്റെ ഇന്നത്തെ അദ്ധ്വാനത്തി ന രണ്ടു ലക്ഷം ഫ്രാങ്ക് ഒട്ടും കൂടുതലല്ലെന്ന നിങ്ങൾക്കിപ്പോൾ ബോ ദ്ധ്യമായിരിയ്ക്കും!". സന്ധിസംഭാഷണം നടത്തുന്ന ചതുരനായ നയത ന്ത്രജ്ഞനെപ്പോലെ ഒരു കടലാസും പേനയും മൊസ്യു ലെബ്ളാങി ന്റെ മുമ്പിൽ വെച്ച് അയാൾ തുടർന്നു, "നിങ്ങളിനി ആ മാന്യയുവതി, അതെ, ആ 'വാനമ്പാടി'യുടെ പേർക്കൊരു കത്തെഴുതുകയാണ ചെ യ്യേണ്ടത്. അവളുടെ മറുപടി വരുന്നതുവരെ നിങ്ങൾ ഞങ്ങളുടെ ചൊ ൽപ്പടിയിലാണെന്ന പ്രത്യേകം പറയേണ്ടതില്ലല്ലോ! ഇനി എഴുതു, ഞാൻ പറഞ്ഞുതരാം, 'എന്റെ മകളേ, ഈ കത്തുമായി വരുന്നവരുടെ കൂടെ നീയുടനെ പുറപ്പെടണം-'!"

മൊസ്യു ലെബ്ളാങ് ഞെട്ടിത്തെറിച്ചു തെനാർദിയരുടെ മു ഖ ത്തേയ്ക്കു നോക്കി. അവളുടെ പേരു മറ്റുള്ളവർ മനസ്സിലാക്കാതിരിയ്ക്കാ നെടുത്ത ആ മുൻകരുതൽ അദ്ദേഹം ശ്രദ്ധിച്ചതായി തോന്നി. എങ്കി ലും അയാൾ പറഞ്ഞു കൊടുത്ത വാചകങ്ങളും മേൽവിലാസവുമെഴു തി അദ്ദേഹം താഴെ ഒപ്പിട്ടു. തെനാർദിയർ ആർത്തിയോടെ കത്തു പിടിച്ചു വാങ്ങി ഭാര്യയുടെ കൈയിൽ കൊടുത്തു പറഞ്ഞു, "പുറത്തു വ ണ്ടിയുണ്ട്. ഇവരിലൊരാളേയും കൂട്ടി കത്തു കൊണ്ടുചെന്നു കൊടുത്തു പെട്ടെന്നു തിരിച്ചു വരണം!"

ചുമരും ചാരി നിന്ന ഒരാൾ മുഖംമൂടി മാറ്റി മൂർച്ചയുള്ള ഒരു കത്തി യും കൈയിലെടുത്തു മദാം തെനാർദിയരുടെ പിന്നാലെ പുറത്തേയ്ക്കി റങ്ങി. കുറച്ചു സമയം മുമ്പുവരെ ശബ്ദായമാനമായിരുന്ന അന്തരീക്ഷം പതുക്കെ ശാന്തമായി. തെനാർദിയർ പറഞ്ഞ കടങ്കഥ മരിയുസിനു കൂടുതൽ ദുർഗ്രഹമായി തോന്നി. അയാൾ 'വാനമ്പാടി'യെന്നു വിളിച്ച തു തന്റെ പ്രേമഭാജനത്തെയായിരിയ്ക്കുമോ? എന്തായാലും അവളെ ഒ രിയ്ക്കൽക്കൂടി കാണാമെന്ന പ്രതീക്ഷയോടെ മരിയുസ് കാത്തിരുന്നു. തെനാർദിയർ വീണ്ടും മൊസ്യു ലെബ്ളാങിന്റെ മുമ്പിൽ ചെന്നിരുന്നു പറഞ്ഞു, "ആ വാനമ്പാടി നിങ്ങളുടെ മകളാണെന്നു ഞാൻ വിചാരി യ്ക്കുന്നു. താമസിയാതെ എന്റെ ഭാര്യ അവളേയും കൂട്ടി ഇങ്ങോട്ടു പുറ പ്പെടും. പക്ഷേ, ഇവിടെനിന്നു കത്തിയുമായി പോയ എന്റെ ചങ്ങാ

തി അവളെ തൽക്കാലം മറ്റൊരിടത്തേയ്ക്കാണു കൊണ്ടുപോകുന്നത്. അവൾക്കവിടെ ഒരു ബുദ്ധിമുട്ടുമുണ്ടാവില്ല. എന്റെ ഭാര്യ ഇവിടെ വന്നു സകലതും ശരിയായെന്നു പറയുന്ന നിമിഷം നിങ്ങൾക്കും വീട്ടിലേയ്ക്കു പോകാം. പിന്നെ രണ്ടു ലക്ഷം ഫ്രാങ്ക് നിങ്ങളെന്നെ ഏൽപ്പിയ്ക്കുന്ന നിമിഷം എപ്പോഴായാലും അവൾ നിങ്ങളുടെ വീട്ടിൽ തിരിച്ചെത്തും. അതല്ല, നിങ്ങളെന്നെ പിടിച്ചു പോലീസിലേൽപ്പിയ്ക്കാനാണു ശ്രമിയ്ക്കുന്നതെങ്കിൽ എന്റെ ചങ്ങാതിയുടെ തള്ളവിരൽ ആ വാനമ്പാടിയുടെ കഴുത്തിലൊന്നമരും, അത്രേയുള്ളൂ!"

മൊസ്യൂ ലെബ്ളാങ് ഒരക്ഷരം മിണ്ടിയില്ല. മരിയുസിന്റെ പ്രതീക്ഷ അസ്തമിച്ചു. അവരവളെ എന്താണു ചെയ്യാൻ പോകുന്നത്? ഇപ്പോൾ അച്ഛനോടു മാത്രമല്ല സ്വന്തം പ്രണയിനിയോടുള്ള കടപ്പാടു കൊണ്ടു കൂടി അയാൾക്കു കൈത്തോക്കു പ്രയോഗിയ്ക്കാൻ മനസ്സു വന്നില്ല. ഏതാണ്ട് അരമണിക്കൂറോളം നീണ്ട നിശ്ശബ്ദതയ്ക്കൊടുവിൽ താഴത്തെ വാതിൽ തുറക്കുന്ന ശബ്ദം അവർ കേട്ടു. മദാം തെനാർദിയർ കിതച്ചു ശ്വാസം മുട്ടി കണ്ണുകളിൽ തീപ്പൊരി പാറിക്കൊണ്ട് ഓടി വന്നു ഭർത്താവിനോടു പറഞ്ഞു,"അതൊരു കള്ളമേൽവിലാസമായിരുന്നു, അവിടെയെങ്ങും അങ്ങനെയൊരാളില്ല! ഈ തന്തപ്പടി നിങ്ങളെ പറ്റിച്ചു..."

മരിയുസിന്റെ ശ്വാസം നേരേ വീണു; അപ്പോൾ അവൾക്കൊരാപത്തുമില്ല! കുറച്ചുനേരം നിശ്ശബ്ദനായിരുന്നശേഷം തെനാർദിയർ മൊസ്യൂ ലെബ്ളാങിന്റെ മുഖത്തേയ്ക്കു തുറിച്ചു നോക്കി ചോദിച്ചു, "ഈ കള്ളത്തരംകൊണ്ട് നിങ്ങളെന്തു നേടി?"

"സമയം!", ഇടി വെട്ടുന്ന ശബ്ദത്തോടെ അദ്ദേഹം മേലാസകലമൊന്നു കുലുക്കിയപ്പോൾ കെട്ടുകളെല്ലാം പൊട്ടിവീണു. മറ്റുള്ളവർക്കു പാഞ്ഞടുക്കാൻ സമയം കിട്ടുന്നതിനുമുമ്പേ അദ്ദേഹം അടുപ്പിൽനിന്നു കനൽപോലെ ജ്വലിയ്ക്കുന്ന ഉളി വലിച്ചെടുത്തു തലയ്ക്കു മീതെ വട്ടത്തിലാഞ്ഞു വീശി എല്ലാവരോടുമായി പറഞ്ഞു, "മരിയ്ക്കാൻ എനിയ്ക്കു ഭയമില്ല! പക്ഷേ, എന്നെ ഭയപ്പെടുത്തി ചിലതു പറയിയ്ക്കാമെന്നും എഴുതി

യ്യാമെന്നുമുള്ള നിങ്ങളുടെ മൗഢ്യത്തിനൊരു മറുപടി, ഇതാ നോക്കൂ!"

അദ്ദേഹം കനലായി തിളങ്ങുന്ന ഉളിയുടെ വായ്ത്തല നഗ്നമായ സ്വന്തം കൈത്തണ്ടയിലെ മാംസത്തിലേയ്ക്കു കുത്തിക്കയറ്റി. കത്തിയെരിയുന്ന മാംസത്തിന്റെ കിരുകിരുപ്പും ദുർഗന്ധവും മുറിയിലാകെ പരന്നു; ഭീകരമായ ആ കാഴ്ച കണ്ടു മരിയുസ് നടുങ്ങി പിന്നോട്ടു ചാഞ്ഞു. ആ വൃദ്ധന്റെ മുഖത്തെ ഒരൊറ്റ മാംസപേശി പോലും അനങ്ങിയില്ല; പീഡാനുഭവത്തിന്റെ മായികപ്രഭയായിരുന്നു, അപ്പോൾ ആ കണ്ണുകളിൽ നിഴലിച്ചിരുന്നത്!

അദ്ദേഹം കൈത്തണ്ടയിൽനിന്നും പിഴുതെടുത്ത ഉളി പുറത്തേയ്ക്കു വലിച്ചെറിഞ്ഞു വീണ്ടും പറഞ്ഞു, "ഇനി നിങ്ങൾക്കെന്നെ എന്തു വേണമെങ്കിലും ചെയ്യാം!"

അതുവരെ നിശ്ചലരായി നിന്ന കശാപ്പുകാർ പെട്ടെന്നോടി വന്നു മൊസ്യൂ ലെബ്ളാങിനെ വളഞ്ഞു കീഴ്പ്പെടുത്തി. തെനാർദിയർ പതുക്കെ മേശയുടെ വലിപ്പു തുറന്നു കത്തി കൈയിലെടുത്തു. ഒരു മണിക്കൂറോളമായി മനസ്സിൽ നടക്കുന്ന മല്ലയുദ്ധത്തിനു പരിഹാരം കാണാനാവാതെ, കൈത്തോക്കിന്റെ കാഞ്ചിയിൽ നിന്നു വിരൽ വിടാതെ, മരിയുസ് നാലുപാടും അമ്പരന്നു നോക്കി. അപ്പോൾ, അന്നു രാവിലെ തെനാർദിയരുടെ മൂത്ത മകൾ കുറിച്ചിട്ട കടലാസ് അയാളുടെ കണ്ണിൽപ്പെട്ടു. പെട്ടെന്നു തോന്നിയ ഒരു യുക്തിയുടെ മിന്നൽവെളിച്ചത്തിൽ അയാളതു ചുമർപ്പഴുതിലൂടെ അപ്പുറത്തേയ്ക്കു വലിച്ചെറിഞ്ഞു.

"പുറത്തു നിന്നെന്തോ വന്നു വീണു!", മദാം തെനാർദിയർ ആ കടലാസ് പെറുക്കിയെടുത്തു ഭർത്താവിനു കൊടുത്തു. തെനാർദിയർ കടലാസ് നിവർത്തി നോക്കി അത്ഭുതത്തോടെ പറഞ്ഞു, "എപ്പൊനൈന്റെ കൈയക്ഷരം, അതെ, അപകടം! 'തീപ്പെട്ടിക്കോലുകളെത്തി'യെന്നവൾ അറിയിച്ചിരിയ്ക്കുന്നു, ഉപ്പിട്ടുണക്കിയ ഇറച്ചി കെണിയിൽ കിടക്കട്ടെ, നമുക്കുടനെ രക്ഷപ്പെടാം!"

കശാപ്പുകാർ ഉടനെ തടവുപുള്ളിയെ കൈവിട്ടു ജനൽ വഴി രക്ഷപ്പെടാൻ ശ്രമം തുടങ്ങി. ആദ്യം പുറത്തു കടക്കാനുള്ള ബദ്ധപ്പാടിൽ ഓരോരുത്തരും മറ്റുള്ളവരെ താഴോട്ടു വലിച്ചു. പെട്ടെന്ന് ഇടനാഴിയി

ൽനിന്നാരോ വരുന്ന ശബ്ദം കേട്ടു പിന്തിരിഞ്ഞു നോക്കിയ അവർ സ്തബ്ധരായി നിന്നു: ഇൻസ്പെക്ടർ ഴാവേർ അവരുടെ നേരേ നോക്കി പുഞ്ചിരിയ്ക്കുന്നു!

മരിയുസിനോടു പറഞ്ഞിരുന്നതുപോലെ കൃത്യം ആറുമണിയ്ക്കുതന്നെ ഇൻസ്പെക്ടർ പോലീസുകാരുമായി സ്ഥലത്തെത്തിയിരുന്നു. രണ്ടു പെൺകുട്ടികളേയും വരുതിയിലാക്കി അയാൾ പണിയാരംഭിച്ചു. വണ്ടികളുടെ പോക്കും വരവും അയാളെ തെല്ലൊന്നു സംഭ്രമിപ്പിയ്ക്കാതിരുന്നില്ല. ഒടുവിൽ കൈത്തോക്കിന്റെ സൂചനയ്ക്കു കാത്തു നിൽക്കാതെ അയാൾ പോലീസുകാരേയും കൂട്ടി സ്വമേധയാ മുകളിലേയ്ക്കു കയറിച്ചെല്ലുകയാണുണ്ടായത്.

പത്രൊങ്മിനെത്തിലെ സജീവാംഗങ്ങളായ ഓരോ കശാപ്പുകാരന്റേയും മുഖം മൂടി മാറ്റി വിലങ്ങു വെയ്ക്കാനും തടവുപുള്ളിയുടെ കെട്ടഴിച്ചു വിടാനും ഇൻസ്പെക്ടർ ഉത്തരവിട്ടു. അന്നത്തെ ദൗത്യം വിജയകരമായി സമാപിച്ചതിന്റെ സന്തോഷത്തോടെ അയാൾ മേശയ്ക്കു മുമ്പിലിരുന്നു കുറ്റപത്രമെഴുതാൻ തുടങ്ങി. തുടക്കത്തിലെ പതിവുവാചകങ്ങൾക്കുശേഷം അയാൾ തടവുപുള്ളിയെ കൊണ്ടുവരാൻ ആവശ്യപ്പെട്ടു. പോലീസുകാർ ചുറ്റും നോക്കി. തടവുപുള്ളിയെ കാണാനില്ല! മൊസ്യു ലെബ്ളാങ് അഥവാ വാനമ്പാടിയുടെ അച്ഛൻ നിന്ന നിൽപ്പിൽ അപ്രത്യക്ഷനായി! പോലീസുകാർ പുറത്തിറങ്ങി നോക്കുമ്പോൾ ജനലഴികളിൽ തൂക്കിയിട്ട കയറുകോണിയുടെ ആട്ടം നിലച്ചിട്ടില്ല!

പല്ലു കടിച്ചു പിടിച്ച് ഇൻസ്പെക്ടർ ഴാവേർ മുരണ്ടു, “പിടിച്ചവരേക്കാൾ വിലയുള്ളവനായിരിയ്ക്കണം, വിട്ടുപോയവൻ!"

ഈ സംഭവം നടന്ന പിറ്റേന്നു വൈകുന്നേരം വിളർത്തു മെലിഞ്ഞു കീറത്തുണി ധരിച്ച ഒരു തെരുവുപയ്യൻ തെരുവിലൂടെ ഉച്ചത്തിലോരോ പാട്ടുകൾ പാടി ഗോർബോചെറ്റപ്പുരയുടെ വാതിൽക്കൽ വന്നു നിന്നു. പതിവില്ലാതെ അടഞ്ഞുകിടന്ന വാതിലിൽ അവൻ പാട്ടിന്റെ താളത്തിൽ ചവിട്ടാൻ തുടങ്ങി. ശബ്ദം കേട്ട് ഓടിവന്ന വീട്ടുകാവൽക്കാരി കിഴവി വികൃതിപ്പയ്യനെ നോക്കി പറഞ്ഞു, "ഇവിടെ

ആരുമില്ല!"

"അച്ഛനെവിടെ", അവൻ ചോദിച്ചു.

"ആണുങ്ങളുടെ ജയിലിൽ!", കിഴവി പറഞ്ഞു.

"അമ്മയോ?"

"പെണ്ണുങ്ങളുടെ ജയിലിൽ!"

"അപ്പോൾ പെങ്ങന്മാരോ?"

"കുട്ടികളുടെ ജയിലിൽ!"

പയ്യൻ തെല്ലിട തല ചൊറിഞ്ഞു കിഴവിയെ തുറിച്ചുനോക്കി പറഞ്ഞു, "ആഹാ, കൊള്ളാം!". അടുത്ത നിമിഷം അവനൊന്നു വട്ടം തിരിഞ്ഞു പാട്ടും പാടി വന്ന വഴി തിരിച്ചുപോയി.

നാല് : സാങ്ദെനി

1 : ചരിത്രത്താളുകൾ

ജൂലായ്‌വിപ്ലവവുമായി ബന്ധപ്പെട്ട 1831-1832 വർഷങ്ങൾ ഫ്രഞ്ചു ചരിത്രത്തിലെ ഹൃദയാവർജ്ജകമായൊരു കാലഘട്ടത്തെയാണു കുറിയ്ക്കുന്നത്. നെപ്പോളിയന്റെ തിരോധാനത്തോടെ തിരിച്ചുവന്ന രാജവംശം, ഫ്രാൻസിന്റെ ഭരണം തങ്ങളുടെ ജന്മാവകാശമാണെന്നു തെറ്റിദ്ധരിച്ചു. നാടകത്തിലെ മറ്റൊരു രംഗം തുടങ്ങുന്നതിനുവേണ്ടി മാത്രമാണു തിരശ്ശീല മാറിയതെന്ന് അവർ മനസ്സിലാക്കിയില്ല. പഴയതായതുകൊണ്ട് തങ്ങളുടെ വേരുകൾ അടിയുറച്ചതാണെന്ന് അവർ കരുതി. പക്ഷേ, നിഗൂഢങ്ങളായ ആ വേരുകൾ ഒരു വംശത്തിന്റെ അവകാശമല്ല, ജനങ്ങളുടെ ചരിത്രമാണു സൃഷ്ടിയ്ക്കുന്നത്. ഇരുപത്തിരണ്ടു വർഷങ്ങൾ രാജവംശത്തിന്റെ സഹായമില്ലാതേയും അവർ കഴിഞ്ഞുകൂടി. രാജ്യത്തിന്റേയും പൗരന്റേയും അധികാരത്തെ രാജത്വപുന:സ്ഥാപനം അപ്രസക്തമാക്കി. പക്ഷേ, പ്രജാധിപത്യത്തിലും ചക്രവർത്തിഭരണകാലത്തും അസാദ്ധ്യമായിരുന്ന വാദപ്രതിവാദങ്ങൾ ജനങ്ങൾക്കൊരു ശീലമായി. സമൂഹത്തിന്റെ തുടക്കം മുതൽക്കുതന്നെ വാസ്തവസ്ഥിതിയും അവകാശവും തമ്മിൽ യുദ്ധം നടന്നുപോരുന്നുണ്ട്. അത്തരമൊരു പരമ്പരയിൽ വാസ്തവസ്ഥിതിയെ മറിച്ചിട്ട അവകാശത്തിന്റെ വിജയമായിരുന്നു ജൂലായ്‌വിപ്ലവം.

ഭരണപരിവർത്തനത്തിനു ചുക്കാൻ പിടിയ്ക്കുന്ന മഹാത്മാക്കളിൽ, കരയ്ക്കണഞ്ഞാൽ കപ്പലുടയ്ക്കുന്ന, ചില കൗശലക്കാരുമുണ്ട്. നാമിപ്പോൾ രാജ്യതന്ത്രജ്ഞരെന്നു വിശേഷിപ്പിയ്ക്കുന്ന അവരുടെ അഭിപ്രായത്തിൽ ഭരണപരിവർത്തനത്തിനുശേഷം ജനങ്ങൾ സ്വന്തമായൊരു രാജവംശത്തെക്കൂടി സമ്പാദിച്ചേ തീരൂ! രാജാവ് മതിയെങ്കിൽ ഒരതിബുദ്ധിമാനേയോ അതിഭാഗ്യവാനേയോ നമുക്കു പിടികൂടാം. പ

ക്ഷേ, നൂറ്റാണ്ടുകളുടെ പഴക്കമുള്ള ഒരു കുടുംബത്തിനു മാത്രമേ രാജ വംശത്തിന്റെ പദവി അവകാശപ്പെടാനാവൂ! കഴിഞ്ഞ ഭരണപരിവർ ത്തനങ്ങളിൽ ക്രോവെല്ലും നെപ്പോളിയനും ബ്രൺസ്‌വിക്കുകാരും ഓർലിയൻകാരും അധികാരം പിടിച്ചെടുത്തു. ഓരോ ശാഖയും മണ്ണി ലേയ്ക്കു ചാഞ്ഞുവന്നു വേരു പിടിച്ചു വെവ്വേറെ മരമായിത്തീരുന്ന ഇ ന്ത്യയിലെ അത്തിമരങ്ങൾ പോലെയായിരിയ്ക്കണം രാജവംശങ്ങൾ! അങ്ങനെ ജനങ്ങളുടെ ഭാഗത്തുനിന്നൊരു കൂട്ടം നാടുവാഴികൾ ഉയർ ന്നുവന്നു. അവരെല്ലാവരും ഒന്നിച്ചുകൂടി 1830-ൽ വംശപാരമ്പര്യം അ വകാശപ്പെടാനില്ലാത്ത ലൂയി ഫിലിപ്പിനെ രാജാവായി അവരോധി ച്ചു. രാജ്യതന്ത്രജ്ഞന്മാരുടെ ദൗത്യം പൂർത്തിയായപ്പോൾ പക്ഷേ, പാരമ്പര്യാവകാശം വീണ്ടും മുറവിളി കൂട്ടാൻ തുടങ്ങി.

അങ്ങനെ അസാധാരണനായൊരു മനുഷ്യനൊന്നുമായിരുന്നില്ല, ലൂയി ഫിലിപ്പ്. കുറച്ചു പ്രശസ്തി മോഹിച്ചിരുന്നെങ്കിൽ, അഥവാ മഹ ത്വത്തെ പൂജിച്ചിരുന്നെങ്കിൽ അദ്ദേഹവും ഒരു ചരിത്രപുരുഷനായി ക ണക്കാക്കപ്പെടുമായിരുന്നു. കിരീടം ധരിയ്ക്കാത്ത ആ രാജാവിനെ ജന ങ്ങളെപ്പോഴും സ്നേഹിച്ചു പോന്നു. രാജവാഴ്ചയും ഭരണപരിവർത്തന വും തമ്മിലുള്ള വൈരുദ്ധ്യം ആത്മാവിൽ കൊണ്ടുനടക്കാൻ കഴിഞ്ഞ തായിരുന്നു അദ്ദേഹത്തിന്റെ വിജയം. ജനങ്ങളുടെ സ്വാതന്ത്ര്യത്തി നു വില കൽപ്പിച്ച അദ്ദേഹം സ്വന്തം സിംഹാസനവും സുതാര്യമാ ക്കി. ഈയൊരു വിശ്വസ്തതയുടെ പേരിലെങ്കിലും ചരിത്രം അദ്ദേഹ ത്തെ മാനിയ്ക്കാതിരിയ്ക്കില്ല. ലൂയി ഒൻപതാമനെപ്പോലെ സൗമ്യനും ആങ്റി നാലാമനെപ്പോലെ ദയാലുവുമായിരുന്നു, ലൂയി ഫിലിപ്പ്. മ ഹത്വത്തേക്കാൾ ദയാലുത്വത്തിനു മേന്മ വരുന്ന ചില കാലഘട്ടങ്ങ ളെങ്കിലും നമുക്കു ചരിത്രത്തിൽ കാണാം. മനഃപൂർവമായ എന്തെങ്കി ലുമൊരു പരിശ്രമം വഴിയ്ക്കല്ല അദ്ദേഹം രാജാവായത്. വിപ്ലവവുമായി ബന്ധപ്പെട്ട മാറ്റത്തിന്റെ ഭാഗമായിരുന്നു ആ സ്ഥാനാരോഹണം. അവകാശപ്രകാരം ലഭിച്ച അധികാരം സ്വധർമ്മമായി കരുതി മാത്ര മാണ് അദ്ദേഹം ഭരണമേറ്റെടുത്തത്.

ദൈവേച്ഛ ചില സംഭവങ്ങൾ മുഖേനയാണു മനുഷ്യർക്കു വെളിവാ

കുന്നത്. മനുഷ്യരുടനെ നിഗൂഢലിപിയിലുള്ള ആ വേദവാക്യത്തിനു വ്യാഖ്യാനങ്ങളെഴുതാൻ തുടങ്ങുന്നു. തെറ്റുകളും കുറവുകളുമുള്ള നിരവധി വ്യാഖ്യാനങ്ങൾ! ദൈവത്തിന്റെ ഭാഷ ചുരുക്കം ചിലർക്കു മാത്രമേ മനസ്സിലാവൂ. വെളിവും ബോധവുമുള്ളവർ ഓരോ വാക്കും പരിശോധിച്ചുൾക്കൊണ്ടു പുറത്തു കൊണ്ടു വരുന്ന ശരിയായ വ്യാഖ്യാനം, തെറ്റായ വഴി പിന്തുടരുന്ന വ്യക്തികളുടേയും പ്രസ്ഥാനങ്ങളുടേയും ബാഹുല്യം മൂലം സ്വയം കാലഹരണപ്പെടുകയാണു പതിവ്. അധികാരശക്തി പലപ്പോഴും അത്തരമൊരു പ്രസ്ഥാനമായി മാറുന്നുമുണ്ട്.

ഭരണപരിവർത്തനത്തിന്റെ പേശിവലിവു മൂലം സാധാരണ ജനങ്ങൾ അപസ്മാരരോഗികളായപ്പോൾ ചിന്തകന്മാർ മനോരാജ്യങ്ങളിൽ മുഴുകി. ചിലരൊറ്റയ്ക്കും മറ്റു ചിലർ കൂട്ടം ചേർന്നും ആലോചന തുടങ്ങി. മനുഷ്യന്റെ ക്ഷേമത്തിനുവേണ്ടി അവർ കൃഷി, വ്യവസായം, വ്യാപാരം മുതലായവയ്ക്കൊരു ധർമ്മനീതിയുടെ പരിവേഷം ചാർത്തി സമഷ്ടിവാദികളെന്നു പൊതുവേ അറിയപ്പെട്ട അവർ പുരുഷന്റെകൂടെ സ്ത്രീകളേയും കുട്ടികളേയും ചേർത്തുനിർത്തി. സമ്പത്തുണ്ടാക്കുന്നതും തുല്യമായി പങ്കിടുന്നതുമാണു മനുഷ്യക്ഷേമത്തിനുള്ള ആദ്യപടിയായി അവർ കണ്ടത്. ധനികരെ പ്രോത്സാഹിപ്പിയ്ക്കുക, ദരിദ്രരെ സഹായിയ്ക്കുക, മന:സംസ്ക്കാരത്തിനു സാർവത്രികവിദ്യാഭ്യാസം നടപ്പാക്കുക, ഇതായിരുന്നു അവർ മുന്നോട്ടു വെച്ച പദ്ധതി! ഇത്തരം ആലോചനകളും ജനങ്ങൾക്കിടയിലെ ദുരിതങ്ങളും പുതിയ ചില സംഭവങ്ങൾക്കു വഴിയൊരുക്കി.

1830 മുതൽ പുറത്തു വന്നുകൊണ്ടിരുന്ന ചില്ലറ ബഹളങ്ങളിൽനിന്നുതന്നെ അടുപ്പിലെന്തോ വേവുന്നുണ്ടെന്നു വ്യക്തമായിരുന്നു. ചെവി കൂർപ്പിച്ചു റോന്തു ചുറ്റിക്കൊണ്ടിരുന്ന പോലീസുകാർ ചായക്കടകളിൽനിന്നു മാത്രമല്ല, തെരുവോരങ്ങളിൽനിന്നുപോലും സാധാരണമെന്നു തോന്നിയ സംഭാഷണങ്ങൾ ശേഖരിച്ചു. പിന്നണിയിൽ മാത്രം പ്രവർത്തിച്ചിരുന്ന പ്രധാനനേതാക്കന്മാരെ ആർക്കും അറിയാമായിരുന്നില്ല. റ്യൂ റ്യൂയിൽ വീടു പണിതുകൊണ്ടിരുന്ന ഒരാശാരിയ്ക്കു മതിലി

ന്റെ പുറത്തു നിന്ന കണ്ടുകിട്ടിയ കടലാസുകഷണത്തിൽ ഇങ്ങനെ യെഴുതിയിരുന്നു, 'സംഘടനയിലേയ്ക്കു പുതിയ അംഗങ്ങളെ ചേർക്കു ന്നതു തൽക്കാലം നിർത്തിവെയ്ക്കണം'. നാലു ദിവസം കഴിഞ്ഞപ്പോ ൾ 'കൈവശമുള്ള തോക്കുകളുടേയും വെടിയുണ്ടകളുടേയും പട്ടിക' വെ ളിപ്പെടുത്തുന്ന മറ്റൊരു കുറിപ്പുകൂടി കിട്ടിയപ്പോൾ ആശാരിയ്ക്കു പരിഭ്ര മമായി. അയാൾ ആ കത്തു കൂട്ടുകാരെ കാണിച്ചു. അതിനിടയിൽ ന ഗരത്തിലാകെ രണ്ടു ലക്ഷം വെടിയുണ്ടകൾ വിതരണം ചെയ്യപ്പെട്ട തായി ഒരറിയിപ്പു സർക്കാരിനു ലഭിച്ചു. പക്ഷേ, അതിലൊരെണ്ണം പോലും പോലീസുകാർക്കു പിടിച്ചെടുക്കാനായില്ല. 'പൊതുജനസൗ ഹൃദ'ങ്ങളിൽനിന്നു 'മനുഷ്യാവകാശരക്ഷക'രുണ്ടായി. അവർ വീണ്ടും പിരിഞ്ഞു 'കർമ്മസംഘ'ങ്ങൾ രൂപപ്പെട്ടു. ഓരോന്നിലും ഭരണപരിവ ർത്തനദൗത്യം ഏറ്റെടുത്തവരെ 'കുളർദെ'ന്നാണു വിളിച്ചിരുന്നത്. അ ത്തരമൊരു കുളർദായി മാറിയ എബിസി സുഹൃദ്സംഘം മുസെങ് ചായക്കടയിൽവെച്ചു പതിവായി യോഗം ചേർന്നു. ചിതൽപ്പുറ്റുപോ-ലെ വീടുകളും തേനീച്ചക്കൂടുപോലെ പണിത്തിരക്കുമുള്ള സാങ്ആ ന്ത്വാങ് പ്രദേശത്തുനിന്നായിരുന്നു ആദ്യത്തെ തീപ്പൊരി ഉയർന്നത്.

മുസെങ്ചായക്കടയിൽവെച്ചുണ്ടായ ഒരു യോഗത്തിൽ എല്ലാവ രും ഒത്തുകൂടി. മിക്കവാറും ദുർഗ്രഹമായിരുന്നെങ്കിലും അർത്ഥഗർഭമാ യ ചില സൂചനകളോടെ ആൻഷൊൽരാ പറയാൻ തുടങ്ങി, "നമ്മുടെ ഇന്നത്തെ അവസ്ഥ എല്ലാവരും ഒന്നറിഞ്ഞിരിയ്ക്കുന്നതു നല്ലതാണ്. ഭ ടന്മാരുടേയും സാധനങ്ങളുടേയും കുറവു തീർക്കണം... വഴിയിൽ കാള കളുള്ളപ്പോഴാണു യാത്രക്കാർക്കു കുത്തേൽക്കാൻ കൂടുതൽ സാദ്ധ്യത! കുർഫരാക്, കുട്ടികളെ യന്ത്രവിദ്യ പഠിപ്പിയ്ക്കുന്ന കാര്യം നിങ്ങളേൽ ക്കണം.... ഇന്നു ബുധനാഴ്ച... കൊംബ്ഫെർ പിക്പ്യൂവിലേയ്ക്കു പോ കാമെന്നു പറഞ്ഞിട്ടുണ്ട്.. പ്രൂവെർ, ആശാരിമാർക്കിപ്പോൾ പണ്ട ത്തെ ഉശിരു കാണാനില്ല.. ബോസ്യെ കോടതിയിൽ ചുറ്റിനടന്നു വ ക്കീൽമാരെയൊക്കെ ഒന്നു കണ്ടുവരട്ടെ... ദ്യൂമേനിലേയ്ക്കു പറഞ്ഞയ യ്ക്കാൻ ആ സാധു പയ്യൻ മരിയുസിനെയാണു ഞാൻ കണ്ടുവെച്ചിരുന്ന ത്. പക്ഷേ, ഈയിടെയായി അയാളെ ഇങ്ങോട്ടൊന്നും കാണാനി-

ല്ല.. പകരം എനിയ്ക്കൊരാളെ വേണം!"

"ഞാനിതാ, എന്തിനും തയാർ!", ഗ്രന്തേർ ചാടിയെഴുന്നേറ്റു.

'നിങ്ങളവരോട് എന്തു പറയും?"

"ഞാനവർക്കു മൂലതത്വങ്ങൾ പറഞ്ഞുകൊടുക്കും. എനിയ്ക്കു മന:പാഠമാണു ഭരണഘടന! 'ഒരു പൗരന്റെ സ്വാതന്ത്ര്യം, മറ്റൊരു പൗരന്റെ സ്വാതന്ത്ര്യം തുടങ്ങുന്നിടത്ത്, അവസാനിയ്ക്കുന്നു'. ആറു മണിക്കൂർ തുടർച്ചയായി ഞാൻ സംസാരിയ്ക്കും!"

കുറച്ചുനേരം ആലോചിച്ചതിനുശേഷം ആൻഷൊൽരാ പറഞ്ഞു, "ശരി, നിങ്ങൾ ദ്യുമെനിൽ പോയി വരൂ, നോക്കട്ടെ !"

2 : എപ്പൊനൈൻ

ഇൻസ്പെക്ടർ ഴാവേർ മൂന്നു വണ്ടികളിൽ തടവുപുള്ളികളേയും കയറ്റി പോയ ഉടനെ മരിയുസും വീട്ടിൽനിന്നിറങ്ങി. കേസിൽ തെനാർദിയർക്കെതിരെ സാക്ഷിമൊഴി കൊടുക്കാൻ താൽപ്പര്യമില്ലാത്തതുകൊണ്ട് അയാൾ ആ വീട്ടിലെ താമസം മതിയാക്കി കുർഫരാക്കിന്റെ മുറിയിൽ ചെന്നു കൂടി. പിറ്റേന്നു മരിയുസിനെ അന്വേഷിച്ചു ഴാവേർ ചെന്നെങ്കിലും ഫലമുണ്ടായില്ല. അച്ഛന്റെ വാക്കു പാലിയ്ക്കാനെന്നവണ്ണം ജയിലിൽ കിടക്കുന്ന തെനാർദിയർക്കു ഗുമസ്തൻ വഴി തിങ്കളാഴ്ചതോറും മരിയുസ് അഞ്ചു ഫ്രാങ്ക് വീതം അയച്ചുകൊടുത്തു.

ഗോർബോചെറ്റപ്പുരയിൽവെച്ചു ഴാവേർക്കുണ്ടായ വിജയം പക്ഷേ, പരിപൂർണമായിരുന്നില്ല. പ്രധാനപുള്ളി നിന്ന നിൽപ്പിൽ അപ്രത്യക്ഷനായെന്നു മാത്രമല്ല, ക്ളക്സുവും മൊങ്പർനാസും വണ്ടിയിൽ നിന്നെങ്ങനെയോ വഴുതിപ്പോകുകയും ചെയ്തു. പിന്നീട് തെനാർദിയറെക്കുറിച്ചുണ്ടായ വിചാരണയിൽ രണ്ടു പെണ്മക്കളേയും നിരപരാധികളായി കണ്ടു വിട്ടയച്ചു. ജയിലിലിലായിരിയ്ക്കുമ്പോൾ പത്രോങ്മിനെത്തിലെ ചിലരുമായി ബന്ധം പുലർത്തിയ എപ്പൊനൈൻ, പുറത്തു കടന്ന ഉടനെ, പണ്ടു മൊസ്യു ഗിൽനോർമാനുമായി ബന്ധമുണ്ടായിരുന്ന, മഞ്ഞോയെന്ന വേശ്യയുടെ അടുത്തേയ്ക്കാണു പോയത്. മഞ്ഞോയുടെ നിർദ്ദേശപ്രകാരം അവൾ റ്യൂ പ്ലുമെയിൽ ചെന്നു തോട്ട

വും പടിവാതിലുമുള്ള പഴയൊരു വീടു കണ്ടെത്തി. ഒരാഴ്ച പരിസര ത്തു ചുറ്റിക്കറങ്ങിയശേഷം അവൾ ജയിലിലെ കൂട്ടുകാർക്കു 'വന്നിട്ടു കാര്യമി ല്ലെ'ന്നൊരു രഹസ്യസന്ദേശം കൊടുത്തയച്ചു. ഒരു ചരടിൽ കുടുക്കിടാൻ ശ്രമിക്കുന്ന ചിലർ കെട്ടു പിണയുന്നതു മറ്റൊരു ചരടിലാ യിരിക്കുമെന്ന സത്യം പക്ഷേ പലപ്പോഴും മനസ്സിലാക്കാറില്ല!

മരിയുസ് പ്രതീക്ഷയുടെ കൈത്തിരി കെട്ടുപോയ കൂരിരുട്ടിൽ വീ ണ്ടും പതുക്കെ തപ്പിത്തടഞ്ഞു നടക്കാൻ തുടങ്ങി. സ്നേഹിച്ചിരുന്ന പെ ൺകുട്ടി പെട്ടെന്നു കൈവിട്ടുപോയ ദുരൂഹത അയാളെ അത്ഭുതപ്പെ-ടുത്തി. സദാ അനുരാഗത്തിന്റെ മനോരാജ്യങ്ങളിൽ മുഴുകി നടന്ന അ യാൾക്കു മറ്റൊന്നിലും ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. ബുദ്ധിയെ ബലപ്പെടു ത്തുന്നതാണു ചിന്ത; മറിച്ച്, മനോരാജ്യം ബുദ്ധിയെ ദുർബലപ്പെടുത്തു കയാണു ചെയ്യുക! പക്ഷേ, ലക്സംബർഗിലെ തെരുവിൽവെച്ചുണ്ടാ യ ഒരു നോട്ടത്തിൽനിന്നു തന്നോടവൾക്കു സ്നേഹമുണ്ടെന്ന വിചാരം അയാൾക്കു തെല്ലൊരാശ്വാസം പകർന്നു. അയാൾ വിചാരിച്ചു, "അ വളെക്കുറിച്ചു ഞാൻ വിചാരിക്കുന്നതുപോലെ ഒരുപക്ഷേ, എന്റെ വി ചാരങ്ങൾ അവളുടെ മനസ്സിലും ചെന്നെത്താതിരിക്കില്ല!". അങ്ങനെ അങ്ങുമിങ്ങും അലഞ്ഞു നടക്കുന്നതിനിടയിൽ അയാൾ തെരുവോര ത്തെ പുൽത്തകിടിയിൽ ചെന്നിരുന്നു വിശ്രമിച്ചു. അപ്പോൾ ആ വഴി വന്ന വൃദ്ധനോട് അയാൾ ചോദിച്ചു, "ഇതേതാണു സ്ഥലം?"

"ചിലർ 'വാനമ്പാടിയുടെ പുൽത്തകിടി'യെന്നു പറയും!"

'വാനമ്പാടി'യെന്ന വാക്കു പെട്ടെന്നു മരിയുസിന്റെ മനസ്സിലേക്കു തുളച്ചു കയറി. അന്നു മുതൽ ദിവസവും വൈകുന്നേരം അയാളവിടെ ചെന്നിരിക്കുന്നതു പതിവാക്കി. വഴിയിൽവെച്ചു ചിലപ്പോൾ മൊസ്യു മബേയേയും അയാൾ കണ്ടുമുട്ടാറുണ്ട്.

അപ്പോഴേക്കും ഏതാണ്ട് എൺപതു വയസ്സായിരുന്ന ആ വൃദ്ധൻ കൃഷിയിലും പുസ്തകങ്ങളിലുമുള്ള കമ്പം അവസാനിപ്പിച്ചു മിക്കവാറും സമയം, തരിശായി കിടക്കുന്ന തോട്ടത്തിലെ തൂണും ചാരി ധ്യാനി ച്ചിരിക്കുകയാണു പതിവ്. ഒരു ദിവസം വൈകുന്നേരം കിണറ്റിൽനി ന്നു വെള്ളം കോരാൻ ശ്രമിക്കുമ്പോൾ അയാളൊരു ശബ്ദം കേട്ടു,

“മൊസ്യൂ, ഞാൻ വെള്ളം കോരിത്തരണോ?”

കുറ്റിച്ചെടികൾക്കിടയിൽനിന്നു നീണ്ടു മെലിഞ്ഞ ഒരു പെൺകുട്ടി പുറത്തു വന്നു വൃദ്ധന്റെ കൈയിൽനിന്നു തൊട്ടി വാങ്ങി കിണറ്റിലിട്ടു. കോരിയെടുത്ത വെള്ളം അവൾ തോട്ടത്തിൽ കരിഞ്ഞുണങ്ങാൻ തുടങ്ങിയ ചെടികൾക്കു ചുറ്റും തളിച്ചു. അതു കണ്ടു കണ്ണിൽ വെള്ളം പൊടിഞ്ഞ വൃദ്ധൻ പറഞ്ഞു, “മകളേ, ഈ പുണ്യകർമ്മം ചെയ്തു നിനക്കു തരാൻ എന്റെ പക്കലൊന്നുമില്ല!"

"മുത്തച്ഛാ, എനിയ്ക്കു മറ്റൊന്നും വേണ്ട, മൊസ്യൂ മരിയുസ് എവിടെയാണുള്ളതെന്നു പറഞ്ഞു തന്നാൽ മതി!”

"ഏതു മരിയുസ്..?, ഓ, മനസ്സിലായി.. അയാൾ മിക്കപ്പോഴും ആ 'വാനമ്പാടിയുടെ പുൽത്തകിടി'യിൽ വന്നിരിയ്ക്കാറുണ്ട്!”

മൊസ്യൂ മബെ പറഞ്ഞു തീരേണ്ട താമസം അവൾ അപ്രത്യക്ഷയായി. ചെടികൾക്കു ചുറ്റും നനവു കണ്ടില്ലായിരുന്നെങ്കിൽ താനൊരു യക്ഷിയോടാണു സംസാരിച്ചതെന്നുപോലും വൃദ്ധൻ കരുതുമായിരുന്നു! ഈ സംഭവം നടന്നതിനു പിറ്റേന്നു പതിവുപോലെ പുൽത്തകിടിയിൽ മനോരാജ്യം കണ്ടിരുന്ന മരിയുസിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട അവൾ പറഞ്ഞു, “ആവൂ, നിങ്ങളെ എവിടെയൊക്കെ തിരഞ്ഞു? മൊസ്യൂ മബേയ്ക്കു നല്ലതു വരട്ടെ!”

മരിയുസ് തലയുയർത്തി നോക്കി. അന്നു കണ്ട അതേ കീറിപ്പറിഞ്ഞ വേഷത്തിൽ, കുറച്ചുകൂടി സുന്ദരിയായ, എപ്പൊനൈൻ മുമ്പിൽ നിൽക്കുന്നു! സ്തബ്ധനായി കുറച്ചു നേരം ഒന്നും മിണ്ടാൻ കഴിയാതിരുന്ന അയാളോട് അവൾ പറഞ്ഞു, “അന്നു പറഞ്ഞ കാര്യം നിറവേറ്റിയാൽ ചോദിച്ചതെന്തും തരാമെന്നു നിങ്ങൾ വാക്കു തന്നിരുന്നു, അവളുടെ വിലാസം ഞാൻ തപ്പിപ്പിടിച്ചു...!”

മരിയുസിന്റെ മുഖം വിളറി. അയാൾ ചാടിയെഴുന്നേറ്റ് അവളുടെ കൈ കടന്നു പിടിച്ചു പറഞ്ഞു, “പറയൂ.. അവളെവിടെയുണ്ട്? നിനക്കാവശ്യമുള്ളതെന്തും ഞാൻ തരാം.., പറയൂ!"

അവൾ കൈ വലിച്ചെടുത്തു പറഞ്ഞു, “ഓ, നിങ്ങളുടെ ഈ സ

ന്തോഷം കാണാനെന്തു രസം! ഞാൻതന്നെ നിങ്ങളെ അങ്ങോട്ടു കൂട്ടിക്കൊണ്ടു പോകാം, എന്റെ കൂടെ വരൂ!"

മരിയുസിന്റെ മനസ്സിൽ പെട്ടെന്നൊരു മിന്നൽ പാഞ്ഞു. അയാള വളെ ചേർത്തു പിടിച്ചു ചെവിയിൽ പറഞ്ഞു, "എപ്പൊഴെനെൻ..! ഈ വിലാസം പക്ഷേ, നീ നിന്റെ അച്ഛനു കൊടുക്കരുത്!"

മരിയുസിന്റെ കരസ്പർശത്തിൽ പുളകം പൂണ്ട അവൾ ചോദിച്ചു, "കൊള്ളാം, അപ്പോൾ, എന്റെ പേരു നിങ്ങളെങ്ങനെ മനസ്സിലാക്കി? എന്തായാലും അച്ഛന്റെ കാര്യത്തിൽ നിങ്ങൾ വേവലാതിപ്പെടേണ്ട.. ഞാനേറ്റു. ഇനി വരൂ, എന്നെപ്പോലൊരു 'പെണ്ണി'ന്റെ കൂടെയാണെന്നു തോന്നാത്ത വിധം അകന്നു നടന്നാൽ മതി!"

അവൾ പറഞ്ഞ 'പെണ്ണെ'ന്ന വാക്കിന്റെ അർത്ഥം മരിയുസിനു ശരിയ്ക്കുൾക്കൊള്ളാൻ കഴിഞ്ഞില്ല. അയാൾ കുപ്പായക്കീശയിൽനിന്നു തെനാർദിയർക്കായി കരുതിയ അഞ്ചു ഫ്രാങ്കെടുത്ത് അവളുടെ കൈയിൽ വെച്ചുകൊടുത്തു. അവൾ പെട്ടെന്നു വിരലകത്തി നാണയം നിലത്തേയ്ക്കിട്ടു കുണ്ഠിതഭാവത്തിൽ പറഞ്ഞു,

"എനിയ്ക്കു നിങ്ങളുടെ പണം വേണ്ട!"

3 : റ്യൂ പ്ലൂമെയിലെ വീട്

പെത്തിപിക്പ്യൂവിലെ കന്യാമഠത്തിൽ ജീവിതം സുഖകരമായിരുന്നെങ്കിലും ദിവസംപ്രതി വളർന്നുവരുന്ന കൊസെത്തിനെച്ചൊല്ലി ഴാങ്‌വാൽഴാങിന്റെ മനസ്സിൽ ചില ആശങ്കകൾ ഉടലെടുക്കാൻ തുടങ്ങി. വാർദ്ധക്യം വന്നു താൻ മരിയ്ക്കുകയും അവളൊരു കന്യാസ്ത്രീയായി മഠത്തിൽ തുടരുകയും ചെയ്യാനുള്ള സാദ്ധ്യതയെക്കുറിച്ചു ചിന്തിച്ചപ്പോൾ അയാളൊന്നു ഞെട്ടി. അവൾക്കവകാശപ്പെട്ട ലൗകികജീവിതം താൻ മനഃപൂർവം തട്ടിത്തെറിപ്പിയ്ക്കുകയാണെന്നു ബോദ്ധ്യം വന്ന നിമിഷം അയാൾ കന്യാമഠത്തിൽ നിന്നിറങ്ങാൻ തീരുമാനിച്ചു. അതിനിടയ്ക്കു ഫൂഷൽവാങ് മരിയ്ക്കുകയും കൊസെത്തിന്റെ പഠനം പൂർത്തിയാവുകയുംകൂടി ചെയ്തപ്പോൾ നല്ലൊരവസരം വീണു കിട്ടി. ജ്യേഷ്ഠൻ മരിച്ചതുകൊണ്ടു നാട്ടിലേയ്ക്കു മടങ്ങുകയാണെന്നു പറഞ്ഞു മഠാ

ദ്ധ്യക്ഷയുടെ അനുവാദം വാങ്ങി കൊസെത്തിനേയും കൂട്ടി ഴാങ്വാൽ ഴാങ് കന്യാമഠത്തിൽനിന്നു പിരിഞ്ഞുപോന്നു.

സ്വസ്ഥമായി താമസിയ്ക്കാൻ പറ്റിയ ഒരു സ്ഥലം നോക്കി നടന്ന ഴാങ്വാൽഴാങ് റ്യൂ പ്ലൂമെയിലേയ്ക്കു പോകുന്ന വഴിയിൽ ഒരു വീടും തോട്ടവും വാടകയ്ക്കു കൊടുക്കാനുണ്ടെന്നു മനസ്സിലാക്കി. ഏതാണ്ട് അൻപതുവർഷങ്ങൾക്കുമുമ്പ് പാരീസിലെ ഒരു ജഡ്ജി വ്യക്തിപരമായ ചില ആവശ്യങ്ങൾക്കുവേണ്ടി പണി കഴിപ്പിച്ചതായിരുന്നു, ആ വീട്. അദ്ദേഹത്തിന്റെ മരണശേഷം ആ വീടും തോട്ടവും വിലയ്ക്കു വാങ്ങിയ വ്യാപാരി, കച്ചവടത്തിൽ നേരിട്ട നഷ്ടം നികത്താനാണു സ്ഥലം വാടകയ്ക്കു കൊടുക്കാൻ തീരുമാനിച്ചത്. കാലപ്പഴക്കംകൊണ്ടു വന്ന ചില കേടുപാടുകൾ തീർത്തു ഴാങ്വാൽഴാങ് കൊസെത്തുമായി ആ വീട്ടിൽ താമസം തുടങ്ങി. കൊസെത്തിന്റെ സഹായത്തിനു നാട്ടുമ്പുറത്തുനിന്നു തുസൊണ്ടെന്നു പേരായ ഒരു വൃദ്ധയെക്കൂടി അയാൾ കൂട്ടിക്കൊണ്ടുവന്നു കൂടെ താമസിപ്പിച്ചു. ഒരേ സ്ഥലത്തു സ്ഥിരമായി കഴിഞ്ഞു നാട്ടുകാരുടെ ശ്രദ്ധയാകർഷിയ്ക്കാതിരിയ്ക്കാൻ ഴാങ്വാൽഴാങ് പാരീസ് നഗരത്തിലും രണ്ടു വീടുകൾ വാടകയ്ക്കെടുത്തു. ചിലപ്പോഴൊക്കെ അയാൾ ഒറ്റയ്ക്ക് അവിടങ്ങളിലും ചെന്നു താമസിച്ചു.

കന്യാമഠത്തിൽനിന്നു ഫൂഷൽവാങിന്റെ സഹോദരനെന്ന നിലയിൽ മാന്യനായി പുറത്തു വന്ന ഴാങ്വാൽഴാങ്, 1831-ലെ കാനേഷുമാരിക്കണക്കിൽ ഉൽത്തം ഫൂഷൽവാങെന്ന പേരിലാണ് അറിയപ്പെട്ടത്. അങ്ങനെ അധികാരികളുടെ കണ്ണിൽ രാജ്യരക്ഷയ്ക്കുപോലും യോഗ്യനായ അയാൾ കൊല്ലത്തിൽ മൂന്നുനാലു തവണ സ്വമേധയാ രക്ഷാഭടന്റെ ജോലിയും ഏറ്റെടുത്തു. കൊസെത്ത് മഠത്തിൽവെച്ചുതന്നെ അത്യാവശ്യം വീട്ടുപണികളൊക്കെ പരിശീലിച്ചിരുന്നു. വൈകുന്നേരങ്ങളിൽ അച്ഛനേയും കൂട്ടി അവൾ നടക്കാനിറങ്ങും. ഞായറാഴ്ച പള്ളിയിലേയ്ക്കു പോകുന്ന വഴി സാധുക്കൾക്കു വേണ്ട സഹായം ചെയ്തുകൊടുക്കാനും അവർ മറക്കാറില്ല. മറ്റുള്ളവരുടെ ശ്രദ്ധയാകർഷിയ്ക്കാതിരിയ്ക്കാൻ വീടിനോടു ചേർന്നുള്ള തോട്ടത്തിൽ അയാൾ കൃഷിപ്പ

ണിയൊന്നും ചെയ്യാറില്ല. പക്ഷേ, അക്കാര്യത്തിൽ ഴാങ്‌വാൽഴാങി നൊരു തെറ്റുപറ്റി!

അഞ്ചു പതിറ്റാണ്ടോളമായി പ്രകൃതിയുടെ പരിലാളനയിൽ കഴിഞ്ഞ ആ തോട്ടത്തിനു കൗതുകകരമായൊരു പരിവേഷമുണ്ടായിരുന്നു. അതിജീവനത്തിനു ശ്രമിക്കുന്ന ചെടികളോരോന്നും തനതായ വഴികൾ കണ്ടുപിടിച്ചു വളർന്നുയർന്നു. വൃക്ഷങ്ങൾ ചെറുവള്ളികൾക്കു പടരാൻ തക്കവിധം ചില്ലകൾ ചായ്ച്ചുകൊടുത്തു. മണ്ണിൽ പടരുന്നവ കാറ്റു വരുമ്പോൾ തല പൊക്കി മാനത്തേക്കുയരാൻ തിടുക്കം കൂട്ടി. തടികളും ചില്ലകളും ഇലകളും നാരുകളും കുലകളും പൂക്കളും പരസ്പരം കെട്ടിപ്പിണഞ്ഞു ദിവ്യമായൊരു സാഹോദര്യത്തോടെ സഹവസിച്ചു. നാലു മതിൽക്കെട്ടുകൾക്കുള്ളിൽ സകല സ്വാതന്ത്ര്യവുമാസ്വദിച്ചു വളരുന്ന ആ ചെറുവനം വസന്തകാലത്തു സ്വയം ജീവൻ വെച്ചു നക്ഷത്രപ്പൂക്കൾക്കും മുത്തുമണിപോലുള്ള മഞ്ഞുതുള്ളികൾക്കും ജന്മം നൽകി. ഉച്ച സമയത്തു കൂട്ടമായി പറന്നിറങ്ങുന്ന വെള്ളപ്പാറ്റകൾ ഒരു മൂടൽമഞ്ഞുപോലെ, കഠിനമായ സൂര്യാതപത്തിൽനിന്നു കാടിനെ രക്ഷിച്ചു. കുയിലിന്റെ ആവലാതികളും മരങ്കൊത്തിയുടെ ഗദ്ഗദങ്ങളുമായി ജീവൻ തുടിക്കുന്ന പകലുകൾ രാവിന്റെ വരവോടെ തികഞ്ഞ മൗനത്തിൽ മയങ്ങിക്കിടന്നു. ഏകാന്തവും അനുരാഗാർദ്രവുമായ ആ അന്തരീക്ഷം പക്ഷേ, കാതരമായൊരു മനസ്സിനു സാന്ത്വനമാകാൻ കാത്തുകിടക്കുകയായിരുന്നു.

പതിന്നാലാമത്തെ വയസ്സിലാണു കൊസെത്ത് റ്യൂ പ്ലൂമേയിൽ താമസം തുടങ്ങുന്നത്. അപ്പോഴേക്കും മതം, ചരിത്രം, ഭാഷ, സംഗീതം, ചിത്രകല തുടങ്ങിയ വിഷയങ്ങളുടെ ബാലപാഠങ്ങൾ അവൾ പഠിച്ചു കഴിഞ്ഞിരുന്നു. ഒരമ്മയുടെ വാത്സല്യമില്ലാതെ വളർന്ന അവളുടെ കൗമാരം കന്യാമഠത്തിലെ നിഷ്ഠകളിലാണു വേരുറച്ചിരുന്നത്. വികാരാവേഗങ്ങളെ മന:പൂർവം കീഴ്പ്പെടുത്താൻ ശ്രമിക്കുന്ന അത്തരം ദിനചര്യകളിൽനിന്നു സ്വതന്ത്രമായൊരു ജീവിതരീതിയിലേക്കു മാറിയപ്പോൾ അവളുടെ ഹൃദയത്തിൽ ഭാവനകളും സങ്കൽപ്പങ്ങളും വിടരാൻ തുടങ്ങി. കുറ്റിക്കാട്ടിൽ ചിത്രശലഭങ്ങൾക്കു പിന്നാലെ ഓടി

നടക്കാനും ആകാശത്തു പൂത്തുനിൽക്കുന്ന നക്ഷത്രങ്ങളെ നോക്കി ക്കാണാനും വൃക്ഷങ്ങളിൽ പടർന്നു കയറിയ വള്ളികളിൽ വിടരുന്ന മനോഹരമായ പൂക്കൾ കണ്ടു നിൽക്കാനും അവൾ പതിവിലേറെ സമയം ചിലവഴിച്ചു.

കൊസെത്ത് അച്ഛനായി കരുതിപ്പോന്ന ഴാങ്‌വാൽഴാങ്ങിനെ ഹൃദയപൂർവം സ്നേഹിച്ചു. അയാളുടെ വായനാശീലവും സംസ്കാരശുദ്ധിയും നിരന്തരസമ്പർക്കത്തിലൂടെ അവൾ നേടിയെടുത്തു. കുട്ടിക്കാലത്തെക്കുറിച്ചു വളരെ മങ്ങിയ ചില ഓർമ്മകൾ മാത്രമേ അവൾക്കുണ്ടായിരുന്നുള്ളൂ. നിഷ്ഠുരയായൊരു സ്ത്രീയുടെ നിർദ്ദേശപ്രകാരം രാത്രി ഒറ്റയ്ക്കു കാട്ടിൽനിന്നു വെള്ളം കൊണ്ടുവരാൻ പോയ ദൃശ്യം അവളുടെ മനസ്സിൽനിന്നു മാഞ്ഞുപോയിട്ടില്ല. അവൾ അമ്മയെക്കുറിച്ചു ചോദിയ്ക്കുമ്പോഴൊക്കെ ഴാങ്‌വാൽഴാങ് ഒന്നും മിണ്ടാതെ മൗനം പൂണ്ടു. അതേസമയം നിഷ്കളങ്കയായൊരു പെൺകുട്ടിയുടെ നിരുപാധികസ്നേഹത്തിനു പാത്രമാകാൻ കഴിഞ്ഞതിൽ അയാൾ ദൈവത്തിനോടു നന്ദി പറയുകയും ചെയ്തു.

ഒരു ദിവസം യാദൃച്ഛികമായി കണ്ണാടി നോക്കിയ കൊസെത്ത് സ്വന്തം മുഖത്തിനു വന്ന മാറ്റം കണ്ട് അത്ഭുതപ്പെട്ടു. കുറച്ചു ദിവസത്തേയ്ക്കു മറ്റുള്ളവരുടെ മുഖത്തേയ്ക്കു നോക്കാൻ പറ്റാത്ത വിധത്തിൽ അതവളെ സംഭ്രമിപ്പിച്ചു. തുന്നൽപ്പണിയ്ക്കിടയിൽ മുഖമൊന്നുയർത്തുമ്പോൾ അവളുടെ കണ്ണുകൾ പലപ്പോഴും അച്ഛന്റെ കണ്ണുകളുമായി കൂട്ടിമുട്ടി. മാത്രമല്ല, തെരുവിലൂടെ നടക്കുമ്പോൾ ചെറുപ്പക്കാർ പലരും അവളെ പിന്തിരിഞ്ഞു നോക്കാൻ തുടങ്ങി. ഒരിയ്ക്കൽ തുസൊങ് അച്ഛനോടു പറയുന്നതും അവൾ കേട്ടു, "നമ്മുടെ കൊസെത്ത് എത്ര സുന്ദരിയായാണു വളരുന്നതെന്നു ശ്രദ്ധിച്ചോ?". അച്ഛന്റെ മറുപടി അവൾ കേട്ടില്ല! പക്ഷേ, കണ്ണാടിയിൽ തെളിവു കണ്ടതോടെ തുസൊങ്ങിന്റെ അഭിപ്രായത്തോടു യോജിയ്ക്കാതിരിയ്ക്കാൻ അവൾക്കായില്ല. സ്വയമൊരു സുന്ദരിയാണെന്നു ബോദ്ധ്യം വന്ന ദിവസം മുതൽ അവൾ വേഷവിധാനങ്ങളിൽ കൂടുതൽ ശ്രദ്ധിയ്ക്കാൻ തുടങ്ങി. അക്കാലത്താണു

ലക്സംബർ തെരുവോരത്തുവെച്ച മരിയുസ് അവളെ കാണാനിടയായത്. മരിയുസിന്റെ മനസ്സിൽ അറിയാതെ ചെന്നു വീണ അവളുടെ നോട്ടത്തിനു സമാന്തരമായി അയാളുടെ ഒരു നോട്ടം കൊസെത്തിന്റെ മനസ്സിലും ചെന്നു വീണതായി പക്ഷേ, മരിയുസ് മനസ്സിലാക്കിയില്ല. കൊസെത്തിന്റെ നോട്ടം മരിയുസിനെ സമാധാനിപ്പിയ്ക്കുകയാണു ചെയ്തതെങ്കിൽ മരിയുസിന്റെ നോട്ടം കൊസെത്തിനെ അസ്വസ്ഥയാക്കുകയാണു ചെയ്തത്. എന്തായാലും അന്നു മുതൽ അവർ അന്യോന്യം ആരാധിയ്ക്കാൻ തുടങ്ങി.

ശാരീരികമായും മാനസികമായും കൊസെത്തിനുണ്ടാവുന്ന മാറ്റങ്ങൾ ഴാങ്വാൽഴാങ് ശ്രദ്ധിയ്ക്കാതിരുന്നില്ല. അവളുടെ ശ്രദ്ധയും സ്നേഹവും മറ്റൊരാളിലേയ്ക്കു കൂടി നീണ്ടു ചെല്ലുന്നതു സ്വാഭാവികമായൊരു കുണ്ഠിതത്തോടെ മാത്രമേ അയാൾക്കു കാണാൻ കഴിഞ്ഞുള്ളൂ. അതുകൊണ്ടു ഴാങ്വാൽഴാങ് പലപ്പോഴും അവളെ കൂട്ടാതെ ഒറ്റയ്ക്കും സമയം തെറ്റിച്ചും മരിയുസിനുവേണ്ടി ഒരു നൂറു ചതിക്കുഴികൾ മനഃപൂർവം സൃഷ്ടിച്ചു. പ്രണയത്തിൽ മതി മറന്ന മരിയുസ് അതിലെല്ലാം കണ്ണും പൂട്ടി വന്നു വീഴുന്നതു കണ്ടപ്പോൾ ഴാങ്വാൽഴാങ് ആലോചിച്ചു: “കൊസെത്തിനോടുള്ള അനുരാഗം മൂലം ഇവനു ഭ്രാന്തു പിടിച്ചിരിയ്ക്കുന്നു! അതെ, ഇതെല്ലാം ഇവനൊരു നേരമ്പോക്ക്! ഞാനിവിടെ അറുപതു കൊല്ലമായി മറ്റുള്ളവരുടെ ആട്ടും തുപ്പും സഹിച്ച്, സുഖമറിയാതെ, സ്വന്തമായൊരു കുടുംബമില്ലാതെ, കൂട്ടുകാരില്ലാതെ ജീവിച്ചു പോരുന്നു. ഇപ്പോൾ അവസാനമൊരു കച്ചിത്തുരുമ്പു കൈയിൽ തടഞ്ഞപ്പോൾ ഇവനതു തട്ടിയെടുക്കാൻ നടക്കുന്നു!". ഉടനെതന്നെ അയാളുടെ കണ്ണുകളിൽ ദുഃഖമയമായൊരു പ്രകാശം പടർന്നു.

അച്ഛനും മകളും തമ്മിലുള്ള സംസാരങ്ങളിൽ ഒരിയ്ക്കലും ഇത്തരം വിഷയങ്ങൾ കടന്നുവന്നില്ല. പക്ഷേ, കൊസെത്ത് ദിനം പ്രതി ക്ഷീണിച്ചുവരുന്നതു കണ്ടു മനഃസ്വസ്ഥത നഷ്ടപ്പെട്ട ഴാങ്വാൽഴാങ് ചോദിയ്ക്കും, “നിനക്കെന്തെങ്കിലും അസുഖമുണ്ടോ?”

"ഏയ്, എനിയ്ക്കൊന്നുമില്ല!", അവൾ പറയും. കുറച്ചുനേരം കഴിഞ്ഞ് അവളച്ഛനോടു ചോദിയ്ക്കും, “എന്തു പറ്റി? അച്ഛനെന്തെങ്കിലും വല്ലായ്മ

തോന്നുന്നുണ്ടോ?”

"എനിയ്ക്കോ? എനിയ്ക്കസുഖമൊന്നുമില്ല!", അയാളവളെ ആശ്വസിപ്പിയ്ക്കും. അങ്ങനെ അന്യോന്യം സമ്മതിയ്ക്കാതെ, അന്യോന്യം വേവലാതി പൂണ്ടു രണ്ടുപേരും വേദന സ്വയം സഹിച്ചുപോന്നു.

1831-ലെ ശരൽക്കാലത്തൊരു ദിവസം നേരം പുലരുന്നതിനു മുമ്പായി രണ്ടുപേരും പുറത്തു നടക്കാനിറങ്ങി. വഴിയിലൊന്നും ആളില്ല, ശാന്തമായ നിശ്ശബ്ദത! നടന്നു ക്ഷീണിച്ചപ്പോൾ ഴാങ്വാൽഴാങ് തെരുവോരത്തു കൂട്ടിയിട്ട മരപ്പലകകളുടെ പുറത്തു ചെന്നിരുന്നു മനോരാജ്യത്തിൽ മുഴുകി. ഉദിച്ചുയരുന്ന സൂര്യന്റെ ചുവപ്പുനിറം മേഘങ്ങളിലേയ്ക്കു പടരുന്ന മനോഹരദൃശ്യം നോക്കിക്കൊണ്ടിരുന്ന കൊസെത്ത് ദൂരെ നിന്നൊരു മുഴക്കം കേട്ടു പറഞ്ഞു, “അച്ഛാ, ചില വണ്ടികളുടെ ശബ്ദം കേൾക്കാനുണ്ടല്ലോ!”

കുറച്ചു നേരം കഴിഞ്ഞപ്പോഴേയ്ക്കും അവർ ഒന്നിനു പിന്നാലെ മറ്റൊന്നായി ഏഴു വണ്ടികൾ നിരനിരയായി വരുന്നതു കണ്ടു. ചരക്കുവണ്ടികളെപ്പോലെ തോന്നിയ്ക്കുന്ന അവയിലെല്ലാം ചില മനുഷ്യരെയായിരുന്നു, കുത്തിനിറച്ചിരുന്നത്. ഓരോ വണ്ടിയുടേയും ഇരുവശങ്ങളിലായി കാലുകൾ ചങ്ങലകൊണ്ടു പരസ്പരം ബന്ധിച്ചു കഴുത്തിൽ ഇരുമ്പുപട്ടകൾ ഘടിപ്പിച്ച അവർ ഇരുപത്തിനാലുപേർ വീതമുണ്ടായിരുന്നു. മുന്നിലും പിന്നിലും ഈരണ്ടു ഭടന്മാർ തോക്കും കൈയിൽ പിടിച്ചു കാവൽ നിന്നു. പതിവില്ലാത്ത കാഴ്ച കാണാൻ ഇടവഴികളിൽനിന്നും ജനങ്ങൾ തിരക്കിയെത്തി. വണ്ടികളിൽ അട്ടിയിട്ടതുപോലെ കിടന്ന മനുഷ്യരുടെ മുഖം കരുവാളിച്ചിരുന്നു, കാലടികൾ നഗ്നമായിരുന്നു, വേഷമാകെ കീറിപ്പറിഞ്ഞിരുന്നു. അവരുടെ ഉച്ചത്തിലുള്ള പാട്ടുകളും കലമ്പലുകളും ചങ്ങലകളുടെ കിലുക്കത്തിൽ മുങ്ങിപ്പോയി. പാറാവുകാരുടെ ഇടയ്ക്കിടെയുള്ള പ്രഹരം മൂലം വായിൽ വന്നു നിറയുന്ന പത അവർ പുറത്തേയ്ക്കു കാർക്കിച്ചു തുപ്പി. വണ്ടികൾക്കു പിന്നാലെ ആരവങ്ങളുമായി കൂടിയ തെരുവുപിള്ളേരുടെ മുഖത്തായിരുന്നു, ആ ഹതഭാഗ്യരുടെ തുപ്പൽ ചെന്നു വീണത്!

ഴാങ്‌വാൽഴാങിന്റെ മുഖത്തു വല്ലാത്തൊരു ഭാവഭേദം പ്രത്യക്ഷപ്പെട്ടു. ഒരു സ്വപ്നത്തിലെന്നപോലെ അയാൾ ചാടിയെഴുന്നേൽക്കാൻ ശ്രമിച്ചു. പക്ഷേ, ശരീരം അനങ്ങുന്നില്ല. നരകതുല്യമായ ആ ഭീകരദൃശ്യം അയാളുടെ സകല ഇന്ദ്രിയങ്ങളെയും മരവിപ്പിച്ചു. പെട്ടെന്നെന്തോ ഓർമ്മവന്നതുപോലെ അയാൾ കൈകൊണ്ടു നെറ്റി തലോടി. അതെ, മുപ്പത്തഞ്ചു വർഷങ്ങൾക്കുമുമ്പ് ഇതുപോലെ ഇതേവഴിയ്ക്കു വണ്ടിയിൽ പോയ കാര്യം അയാളോർമ്മിച്ചു. യാതൊന്നും മനസ്സിലാകാതെ സ്തബ്ധയായ കൊസെത്ത് ചോദിച്ചു, " അച്ഛാ, ഈ വണ്ടികളിൽ മുഴുവൻ മനുഷ്യരാണോ?"

"അതെ, തണ്ടുവലിശിക്ഷയ്ക്കു പോകുന്ന തടവുപുള്ളികൾ!"

അച്ഛന്റെ ഭാവമാറ്റം ശ്രദ്ധിച്ച അവൾ കൂടുതൽ ചോദ്യങ്ങൾക്കു മുതിർന്നില്ല. കുറച്ചു ദിവസങ്ങൾക്കു ശേഷം ഒരു ദിവസം രാവിലെ രണ്ടുപേരും തോട്ടത്തിലായിരിയ്ക്കുമ്പോൾ, അപ്പോൾ മാത്രം വിടർന്ന പൂക്കളെ തൊട്ടു തലോടി, മറ്റൊരു പുഷ്പംപോലെ മനോഹരിയായ, കൊസെത്ത് നടന്നു നീങ്ങുന്നതു ഴാങ്‌വാൽഴാങ് നിശ്ശബ്ദം നോക്കിനിന്നു. ആകാശത്തു വെളുത്ത മേഘങ്ങൾ ആഹ്ളാദത്തോടെ പാറിപ്പറക്കുന്നു. ചെടിയിൽനിന്നു പറിച്ചെടുത്ത ഒരു പൂവിന്റെ ഇതളുകൾ ഓരോന്നായി നുള്ളിയെടുക്കുന്നതിനിടയിൽ, പെട്ടെന്നെന്തോ ചിന്തിച്ചതുപോലെ, അവൾ തല ചെരിച്ച് ചോദിച്ചു, "അച്ഛാ, എന്താണു തണ്ടുവലിശിക്ഷ?"

4 : രോഗവും ചികിത്സയും

അക്കാലത്തു ഴാങ്‌വാൽഴാങിനും കൊസെത്തിനും ഒരുപോലെ മനഃസുഖം നൽകിയിരുന്ന ഒന്നായിരുന്നു, സാധുക്കളുടെ വീടുകളിലേയ്ക്കുള്ള യാത്ര. അത്തരമൊരു സന്ദർശനത്തിന്റെ ഭാഗമായാണു രണ്ടുപേരും ഴൊൻദ്രെത്ത് താമസിയ്ക്കുന്ന ഗൊർബോചെറ്റപ്പുരയിൽ ചെന്നെത്തിയത്. പിറ്റേന്നു കൊസെത്തിനെ കൂടാതെ ഒറ്റയ്ക്കുപോയ ഴാങ്‌വാൽഴാങ് തിരിച്ചുവന്നപ്പോൾ ഇടത്തെ കൈത്തണ്ടയിലൊരു മുറിവും വെച്ചുകെട്ടുമുണ്ടായിരുന്നു. വഴിയിൽ കല്ലു തട്ടി വീണതാണെന്നും

മറ്റും കൊസെത്തിനോടു കാരണം പറഞ്ഞെങ്കിലും ഒരു മാസത്തോളം അയാൾ പനി പിടിച്ചു കിടന്നു. അച്ഛനു സുഖമില്ലെന്നു കണ്ടതോടെ കൊസെത്ത് പൂർവാധികം ശ്രദ്ധയോടെ അയാളെ പരിചരിയ്ക്കാൻ തുടങ്ങി. ആ പരിലാളനയുടെ സുഖമനുഭവിച്ച ഴാങ്‌വാൽഴാങാകട്ടെ, ലക്സംബറിൽ വെച്ചു കണ്ട യുവാവിനേയും കൊസെത്തിന്റെ ഉന്മേഷക്കുറവിനേയും പതുക്കെ മറക്കാൻ ശ്രമിച്ചു. അങ്ങനെ അപ്രതീക്ഷിതമായി ഗോർബോചെറ്റപ്പുരയിൽവെച്ചു തെനാർദിയരെ കണ്ടെത്തിയ സംഭവം മറ്റു തുടർനടപടികളൊന്നുമില്ലാതെ വിസ്മൃതിയിലേയ്ക്കു മറയുകയും ചെയ്തു. ഒരു മാസം കഴിഞ്ഞു മുറിവുണങ്ങിത്തുടങ്ങിയതോടെ ഴാങ്‌വാൽഴാങ് സന്ധ്യാസമയത്തു പതിവുണ്ടായിരുന്ന ഏകാന്തസഞ്ചാരം പുനരാരംഭിച്ചു.

ഒരു ദിവസം വൈകുന്നേരമായിട്ടും ഗവ്രോഷിനു ഭക്ഷണം കഴിയ്ക്കാനൊന്നും ലഭിച്ചില്ല. വിശപ്പു സഹിയ്ക്കാനാവാതെ അവൻ പണ്ടു പലപ്പോഴും നോട്ടമിട്ടിരുന്ന തെരുവോരത്തെ ഒരാപ്പിൾത്തോട്ടത്തിലേയ്ക്കു നടന്നു. ദുർബലമായ വേലി ചാടിക്കടന്ന അവൻ പക്ഷേ, തൊട്ടു മുമ്പിൽ തോട്ടമുടമസ്ഥനായ വൃദ്ധൻ ഒരു ചാരുബെഞ്ചിൽ ചാരിയിരിയ്ക്കുന്നതാണു കണ്ടത്. അടുത്തു നിൽക്കുന്ന വൃദ്ധ പിറുപിറുക്കുന്നത് അവനു വ്യക്തമായി കേൾക്കാം:

"മൊസ്യു മബെ!", അവർ പറഞ്ഞു.

"എന്തു വേണം, മദാം പ്ലുതാർക്ക്?", വൃദ്ധൻ ചോദിച്ചു.

"വീട്ടുവാടക കൊടുത്തിട്ടു കൊല്ലമൊന്നായി. നാളെ പുറത്തു കിടക്കേണ്ടി വരുമെന്നു വീട്ടുടമ വന്നു പറഞ്ഞു!"

"അങ്ങനെയാവട്ടെ! ആകാശത്തിന്റെ മേൽക്കൂരയുണ്ടല്ലോ"

"കടക്കാരൻ ഇനിയൊന്നും കടം തരില്ലെന്നു പറഞ്ഞു!"

"ആപ്പിൾമരത്തിലെ പഴം പറിയ്ക്കാറായിട്ടുണ്ടാകും!"

വൃദ്ധ ഒന്നും മറുപടി പറയാതെ തിരിച്ചുപോയി. വൃദ്ധൻ വീണ്ടും മനോരാജ്യത്തിൽ മുഴുകി. ഗവ്രോഷ് എന്തു ചെയ്യണമെന്നറിയാതെ ഒരു മരത്തിന്റെ മറ പറ്റി നിന്നു നോക്കുമ്പോൾ ദൂരേ നിന്നു രണ്ടുപേർ

നടന്നു വരുന്നതു കണ്ടു. വെറുതെ നടക്കാനിറങ്ങിയ മദ്ധ്യവയസ്കനെപ്പോലെ തോന്നിക്കുന്ന ഒന്നാമനെ എന്തോ ദുരുദ്ദേശത്തോടെ പിന്തുടരുകയാണു ചെറുപ്പക്കാരനായ രണ്ടാമൻ. ഗവ്രോഷ് ഒന്നാമനു മുന്നറിയിപ്പു കൊടുക്കാൻ ശ്രമിക്കുന്നതിനിടയിൽ പെട്ടെന്നു രണ്ടാമൻ, പൂച്ച എലിയെയെന്നപോലെ, ഒന്നാമനെ കടന്നു പിടിച്ചു. അടുത്ത നിമിഷം അവർ തമ്മിലുണ്ടായ മൽപ്പിടുത്തത്തിന്റെ ഫലമായി നിലത്തു വീണുപോയ രണ്ടാമനെ എടുത്തുയർത്തി കഴുത്തിൽ ബലമായമർത്തിപ്പിടിക്കുന്ന ഒന്നാമനെയാണു ഗവ്രോഷ് കണ്ടത്. കാഴ്ച കണ്ടു രസം കയറിയ അവൻ ആ മങ്ങിയ വെളിച്ചത്തിലും ശ്വാസം വിടാൻ വിഷമിക്കുന്ന രണ്ടാമനെ തിരിച്ചറിഞ്ഞു: അധോലോകസംഘമായ പത്രൊങ്മിനെത്തിലെ മൊങ്പർനാസായിരുന്നു അയാൾ! ഭീകരനായ ആ കള്ളന്റെ മേലുള്ള പിടി വിടാതെ ഒന്നാമൻ പറയുന്നതു ഗവ്രോഷ് ചെവിയോർത്തു ശ്രദ്ധിച്ചു.

"നല്ല കരുത്തുള്ള ചെറുപ്പക്കാരൻ! നിനക്കെന്താണു പണി?"

"മിക്കവാറും വെറുതെയിരിക്കും, ഇടയ്ക്കു മോഷ്ടിക്കാൻ പോകും!"

കുറച്ചു നേരം അയാളെ സൂക്ഷിച്ചുനോക്കിയശേഷം ഒന്നാമൻ പറയാൻ തുടങ്ങി, "മടിയൻ! കൊള്ളാം, പക്ഷേ, ഏറ്റവും ബുദ്ധിമുട്ടു പിടിച്ച പണിയാണു നീയേറ്റെടുത്തിരിക്കുന്നതെന്ന് അറിയാമോ? കൂലിക്കാരനാവാൻ വയ്യ, പക്ഷേ അടിമയാവാം! പണിയെടുക്കുന്നതിന്റെ സുഖവും വിയർപ്പിന്റെ രുചിയും മനസ്സിലാവാത്തതുകൊണ്ടു നീ വെറുതെ കാറ്റുംകൊണ്ടു നടക്കുന്നു. ഇപ്പോൾത്തന്നെ കണ്ടില്ലേ, ശരീരത്തിലൊരു മാംസപേശിയും നിനക്ക് അനക്കാൻ വയ്യ! കൈ പൊന്തിക്കാനോ കയറ്റം കയറാനോ കഴിയില്ല! കണ്ടവന്റെ പൂട്ടു പൊളിക്കാൻ നടക്കുന്ന നിന്റെ കാലിൽത്തന്നെ അവസാനം ചങ്ങലപ്പൂട്ടു വന്നു വീഴും! അപ്പോൾ ഒന്നു കുതറാനോ പിടയാനോ ശേഷിയില്ലാതെ നീ താഴെ വീണു മണ്ണു കപ്പും! മറ്റുള്ളവരുടെ പണം തട്ടിപ്പറിച്ചു സുഖമായി എക്കാലവും കഴിയാമെന്നാണോ വിചാരം? ഇന്നു മുതൽ കള്ളന്റെ പണി വിട്ടു മര്യാദക്കാരനായി ജീവിക്കാൻ നോക്ക്! ഇതാ, നിനക്കാവശ്യമുള്ളതെന്താണെന്നു വെച്ചാൽ എടുത്തോ!"

മദ്ധ്യവയസ്കനായ ഴാങ്വാൽഴാങ് കള്ളന്റെ മേലുള്ള പിടിവിട്ടു കീശയിൽനിന്നെടുത്ത പണസഞ്ചി അയാളുടെ മുമ്പിലേയ്ക്കെറിഞ്ഞു. യാതൊരു മനശ്ചാഞ്ചല്യവുമില്ലാതെ മൊങ്പർനാസ് പണസഞ്ചി കടന്നെടുത്തു കൈയിലിട്ടു കനം നോക്കി കുപ്പായത്തിന്റെ പിൻകീശയിലേയ്ക്കു തള്ളി. രണ്ടുപേരും രണ്ടു വഴിയ്ക്കു നടന്നു പോയി. മൊസ്യൂ മബെ അപ്പോഴും മനോരാജ്യത്തിൽനിന്നും ഉണർന്നിട്ടില്ലെന്നു കണ്ട ഗവ്രോഷ് പതുക്കെ മൊങ്പർനാസിന്റെ പിന്നാലെ ചെന്നു. തെരുവോരത്തൊരു കലുങ്കിന്റെ പുറത്ത്, ജീവിതത്തിൽ ആദ്യമായി, അയാളെന്തോ ചിന്തിച്ചു തല കുനിച്ചിരിയ്ക്കുകയായിരുന്നു. ഗവ്രോഷ് നിശ്ശബ്ദം പതുങ്ങിച്ചെന്നു കള്ളന്റെ പിൻകീശയിൽനിന്നു പണസഞ്ചി വലിച്ചെടുത്തു. തുടർന്നു തിരികെ തോട്ടത്തിലെത്തി സ്വപ്നം കണ്ടിരിയ്ക്കുന്ന മൊസ്യൂ മബെയുടെ മുമ്പിലേയ്ക്കു പണസഞ്ചി വലിച്ചെറിഞ്ഞു കൃതാർത്ഥതയോടെ അവൻ അപ്രത്യക്ഷനായി.

മുമ്പിലെന്തോ വന്നു വീഴുന്ന ശബ്ദം കേട്ടു കണ്ണു തുറന്ന മൊസ്യൂ മബെ പണസഞ്ചി കുനിഞ്ഞെടുത്തു തുറന്നു നോക്കി. ആറു ലൂയി നാണയങ്ങളും കുറച്ചു ചില്ലറയും! ഒന്നും മനസ്സിലാവാതെ മിഴിച്ചുനിന്ന അയാൾ മദാം പ്ലൂതാർക്കിനെ വിളിച്ചു വരുത്തി കാര്യം പറഞ്ഞു.

"തീർച്ചയായും ഈ പണം സ്വർഗത്തിൽനിന്നു ദൈവം താഴോട്ടിട്ടതായിരിയ്ക്കണം!" മദാം പ്ലൂതാർക്ക് അഭിപ്രായപ്പെട്ടു.

5 : തുടക്കവും ഒടുക്കവും

ചെറുപ്പക്കാരനായൊരു പട്ടാളക്കാരൻ ഇടയ്ക്കിടെ വീട്ടുപടിയ്ക്കലൂടെ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതു പലപ്പോഴും കൊസെത്തിന്റെ കണ്ണിൽപ്പെടാറുണ്ട്. മരിയുസിന്റെ നേർവിപരീതഭാവമുള്ള അയാളെ കണ്ടതോടെ, അച്ഛന്റെ അസുഖത്തെത്തുടർന്നു കുറച്ചു കാലമായി വിട്ടുനിന്ന അനുരാഗചിന്ത വീണ്ടും അവളുടെ മനസ്സിലേയ്ക്കു ചേക്കേറി. പട്ടാളക്കാരായ കൂട്ടുകാർ പറഞ്ഞു കേട്ടു തോട്ടത്തിനുള്ളിൽ താമസിയ്ക്കുന്ന സുന്ദരിയായ പെൺകുട്ടിയെ ഒരു നോക്കു കാണാൻവേണ്ടി രണ്ടും കൽപ്പിച്ചു തുനിഞ്ഞിറങ്ങിയ തെയോദുലായിരുന്നു, ആ ചെറുപ്പ

ക്കാരൻ! മരിയുസാകട്ടെ, അക്കാലത്തു കൊസെത്തിനെക്കുറിച്ചുള്ള വിചാരങ്ങളിൽ മുഴുകി ഗതികെട്ടലയുകയായിരുന്നു. വിഷാദത്തിൽ മുങ്ങി മൗനിയായി നടക്കുന്നതാണു മരിയുസിന്റെ പ്രകൃതമെങ്കിൽ സങ്കടക്കടലിലേയ്ക്കു കുതിച്ചു ചാടി കരയ്ക്കു കയറിപ്പോരുന്ന മട്ടുകാരിയായിരുന്നു, കൊസെത്ത്!

വീട്ടിൽ ചിലവിനായി സൂക്ഷിയ്ക്കുന്ന പണം ഒരു പരിധിയിൽ കുറവാണെന്നു കണ്ടാൽ ഴാങ്‌വാൽഴാങ് രണ്ടോ മൂന്നോ ദിവസത്തേയ്ക്ക് ഒരു യാത്ര പോകാറുണ്ട്. കൊസെത്ത് അതിനെക്കുറിച്ചു കൂടുതലൊന്നും അച്ഛനോടു ചോദിയ്ക്കാറില്ല. ഏപ്രിൽ മാസത്തിൽ അച്ഛനില്ലാത്ത അത്തരമൊരു രാത്രി തുസൊങ് ഉറങ്ങാൻ പോയതിനുശേഷം കൊസെത്ത് മുറിയ്ക്കകത്തിരുന്നു പിയാനോ വായിയ്ക്കുകയായിരുന്നു. പെട്ടെന്നു തോട്ടത്തിൽ നിന്നൊരു കാൽപ്പെരുമാറ്റം കേട്ടതായി അവൾക്കു തോന്നി. അവൾ ജനാല തുറന്നു നോക്കി. ആരുമില്ല, സർവത്ര നിശ്ശബ്ദത! മനോധൈര്യം സഹജമായുള്ള അവൾ മറ്റൊന്നും ചിന്തിയ്ക്കാതെ ജനലടച്ചു കിടക്കാൻ പോയി. പിറ്റേന്നു സന്ധ്യയ്ക്കു തോട്ടത്തിലൂടെ നടക്കുമ്പോഴും അവളതുപോലെ ഒരു ശബ്ദം കേട്ടു. ഉദിച്ചുയരുന്ന ചന്ദ്രന്റെ വെളിച്ചത്തിൽ കുറച്ചകലെ ഒരു പുരുഷന്റെ നിഴൽ നീങ്ങി മാറുന്നതായും അവൾക്കു തോന്നി. ഒരു നിമിഷം സ്തബ്ധയായി നിന്ന അവൾ പിന്തിരിയാൻ ഭാവിച്ചപ്പോഴേയ്ക്കും ആ നിഴൽ അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്നു. ഴാങ്‌വാൽഴാങ് തിരിച്ചെത്തിയപ്പോൾ കൊസെത്ത് വിവരം അച്ഛനെ ധരിപ്പിച്ചു. അയാളുടനെ തോട്ടമാകെ സശ്രദ്ധം പരിശോധിച്ചു. വിശേഷിച്ചു യാതൊന്നും കണ്ണിൽപ്പെടാതെ, അവളൊരുപക്ഷേ മരത്തിന്റെ നിഴൽ ആൾരൂപമായി തെറ്റിദ്ധരിച്ചതാകാമെന്നു ഴാങ്‌വാൽഴാങ് സമാധാനിച്ചു.

അടുത്ത ദിവസം സന്ധ്യയ്ക്കു ഴാങ്‌വാൽഴാങ് പുറത്തു നടക്കാനിറങ്ങിയപ്പോൾ കൊസെത്ത് തോട്ടത്തിൽത്തന്നെ തെരുവിനഭിമുഖമായുള്ള ഒരു കരിങ്കൽബെഞ്ചിൽ ചെന്നിരുന്നു വിശ്രമിച്ചു. കുറച്ചു നേരം മരങ്ങളേയും മേഘങ്ങളേയും നോക്കിയിരുന്നശേഷം അവളെഴുന്നേറ്റു തോട്ടത്തിൽ ചുറ്റി നടക്കാൻ തുടങ്ങി. വീണ്ടും അതേ സ്ഥാനത്തു തി

രിച്ചെത്തിയ അവൾ പക്ഷേ, അതിനിടയിലാരോ ഇരിയ്ക്കുന്ന ബഞ്ചിൽ വലിയൊരു കല്ലു വെച്ചു പോയതായി കണ്ടു; കല്ലിനടിയിൽ പുറത്തേയ്ക്കു കാണാവുന്നവിധം ഒരു കടലാസുമുണ്ട്. കൊസെത്ത് ആകാംക്ഷയോടെ ആ കടലാസെടുത്തു തുറന്നു നോക്കി. പേരും വിലാസവുമില്ലാതെ വടിവൊത്ത കൈയക്ഷരത്തിൽ കുറിച്ചിരുന്ന ആ വരികൾ അവൾ വായിച്ചു:

'പ്രപഞ്ചം ഒരാളിലേയ്ക്കു ചുരുങ്ങുകയും അയാൾ ദൈവത്തോളം വളരുകയും ചെയ്യുന്നതാണു പ്രേമം!'

'ദൈവവും നക്ഷത്രവുമായുള്ള പ്രണയമാണ് അനുരാഗം!'

'അനുരാഗം ആത്മാവിനെ രണ്ടായി പകുക്കുന്നു!'

'തുടങ്ങിവെച്ച അനുരാഗം ദൈവത്തിനേ മുഴുമിയ്ക്കാനാവൂ!'

'പരസ്പരാനുരാഗത്തേക്കാൾ വലിയൊരു സുഖമില്ല!'

'ദൈവം പ്രകൃതിയ്ക്കയയ്ക്കുന്ന പ്രേമലേഖനമാണു വസന്തം!'

'അനുരാഗത്തിൽ ഉരുകിച്ചേരുന്ന പരിശുദ്ധബന്ധം വഴി രണ്ടു പേരുടേയും ജീവിതരഹസ്യങ്ങളാണു വെളിപ്പെടുന്നത്!'

'പ്രണയിയ്ക്കാൻ ഒരാളില്ലെങ്കിൽ സൂര്യനു പ്രകാശമുണ്ടാവില്ല!'

കടലാസിലെ വരികൾ മുഴുവൻ വായിച്ചു കഴിഞ്ഞപ്പോൾ കൊസെത്തിനു കത്തിന്റെ ഉറവിടം കൃത്യമായി മനസ്സിലായി! അതെ, ഇതദ്ദേഹത്തിനു മാത്രമേ എഴുതാൻ കഴിയൂ! അപ്പോൾ.. അദ്ദേഹം ഇവിടെ വന്നിരുന്നു! അവൾ വീട്ടിനകത്തു കയറി മുറിയടച്ചിരുന്നു കത്തു വീണ്ടും വീണ്ടും വായിച്ചു. സകല വരികളും ഹൃദിസ്ഥമാക്കിയശേഷം അവൾ കത്തു മാറിടത്തിൽ ഒളിപ്പിച്ചു. പിറ്റേന്നു പകൽ മുഴുവൻ അവളൊരുതരം അമ്പരപ്പിലായിരുന്നു. ഇടയ്ക്കിടെ അവൾ മാറിടത്തിൽനിന്നു കത്തെടുത്തു ചുംബിച്ചു.

വൈകുന്നേരം ഴാങ്വാൽഴാങ് പതിവുപോലെ പുറത്തേയ്ക്കു പോയി. തുസൊങ് അടുക്കളയിൽ പാചകത്തിലായിരുന്നു. കൊസെത്ത് പതിവില്ലാതെ സ്വയം അണിഞ്ഞൊരുങ്ങി തോട്ടത്തിലേയ്ക്കിറങ്ങി. മരച്ചില്ലകൾ കൈകൊണ്ടു വകഞ്ഞുമാറ്റി അവൾ കരിങ്കൽബഞ്ചിൽ

ചെന്നിരുന്നു. തലേന്നത്തെ കല്ല് കൈയിലെടുത്ത് തലോടുമ്പോൾ ആരോ പിന്നിൽ വന്നു നിൽക്കുന്നതായി തോന്നി അവൾ തിരിഞ്ഞു നോക്കി, ചാടിയെഴുന്നേറ്റു! അതാ, മരിയുസ് തൊട്ടു മുമ്പിൽ...!

മെലിഞ്ഞു വിളറിയ പ്രകൃതമാണെങ്കിലും പോക്കുവെയിലിന്റെ പ്രകാശത്തിൽ മരിയുസിന്റെ മുഖം തിളങ്ങിയിരുന്നു. കൂടു വിട്ടു പറക്കാൻ തുടങ്ങുന്ന പക്ഷിയെപ്പോലെ വിഹ്വലനായി നിൽക്കുന്ന അയാളെ കണ്ടു തെല്ലൊന്നമ്പരന്ന അവൾ അടുത്തുള്ള മരത്തിൽ ചാരി നിന്നു. ഉടനെ ഇലകളുടെ മർമ്മരംപോലെ മന്ദ്രമായ സ്വരത്തിൽ അയാൾ പറയാൻ തുടങ്ങി, “ക്ഷമിയ്ക്കണം, എന്നെ നിങ്ങൾക്കു മനസ്സിലായെന്നു കരുതുന്നു! കഴിഞ്ഞ വർഷം ജൂൺ 15-നു ലക്സംബറിൽവെച്ചു പരസ്പരം കണ്ടതിനുശേഷം കൊല്ലമൊന്നു കഴിഞ്ഞു. പലരോടും പലയിടത്തും നിങ്ങളെ ഞാൻ അന്വേഷിച്ചു. എനിയ്ക്കു നിങ്ങളെ കാണാതിരിയ്ക്കാൻ വയ്യ...!"

"എന്റെ ദൈവമേ!”, അവൾ പറഞ്ഞു. പെട്ടെന്നു വികാരവിവശയായി കുഴഞ്ഞു വീഴാൻ തുടങ്ങുന്ന അവളെ അയാൾ താങ്ങിയെടുത്തു കെട്ടിപ്പുണർന്നു. അവളയാളുടെ കൈ പിടിച്ചു മാറോടു ചേർത്തു. അയാളുടെ വിരലുകളിൽ ഒരു കടലാസിന്റെ സ്പർശം! സന്തോഷമടക്കാനാവാതെ അയാൾ വിക്കിവിക്കി പറഞ്ഞു, “അപ്പോൾ.. അപ്പോൾ.. നിങ്ങൾക്കെന്നെ സ്നേഹമുണ്ട്..!”

സമ്മതഭാവത്തിൽ സ്വന്തം മുഖം അവളയാളുടെ മാറിലൊളിപ്പിച്ചു. പ്രണയലഹരിയിൽ മതി മറന്നു കാലുകൾ വിറയ്ക്കാൻ തുടങ്ങിയ അയാൾ ബഞ്ചിലേയ്ക്കു മറിഞ്ഞുവീണു, തൊട്ടടുത്തുതന്നെ അവളും! ആകാശത്തു നക്ഷത്രങ്ങൾ തിളങ്ങി, ചുറ്റും മൂടൽമഞ്ഞു പരന്നു, അരിച്ചിറങ്ങുന്ന തണുപ്പു മാറ്റാൻ അവരൊന്നു കൂടി കെട്ടിപ്പുണർന്നു. വാക്കുകൾ നഷ്ടപ്പെട്ട ചുണ്ടുകൾകൊണ്ട് അവർ പരസ്പരം തെരുതെരെ ചുംബിച്ചു!

പൊടുന്നനെ രണ്ടുപേരും ഞെട്ടിയെഴുന്നേറ്റു. മനസ്സു നിറയെ ഉൽക്കണ്ഠാകുലമായ വിചാരങ്ങളുമായി അവർ അന്യോന്യം നോക്കി. അയാളെങ്ങനെയാണു വീടു കണ്ടുപിടിച്ചതെന്നും തോട്ടത്തിലേയ്ക്കു കടന്നതെന്നും അവൾ ചോദിച്ചില്ല. ബഞ്ചിൽ അടുത്തടുത്തു ചേർന്നിരി

യ്ക്കുമ്പോൾ മരിയുസിന്റെ വിറയ്ക്കുന്ന കാലുകൾ കൊസെത്തിന്റെ നനുത്ത പാദങ്ങളിൽ ചെന്നു തൊട്ടു. മൗനത്തിന്റെ അനിവാര്യമായ നിമിഷങ്ങൾക്കുശേഷം പരസ്പരം കൈ കോർത്തു പിടിച്ച് അവർ പതുക്കെ സംസാരിയ്ക്കാൻ തുടങ്ങി. പൊട്ടിവിടർന്ന പൂവിലെ മഞ്ഞുതുള്ളി പോലെ വാക്കുകൾ പലപ്പോഴും അവളുടെ ചുണ്ടിൽനിന്നു തുളുമ്പിപ്പോയി. എങ്കിലും മനസ്സിൽ തിങ്ങിവിങ്ങി നിന്നതു മുഴുവൻ പറഞ്ഞു തീർന്നപ്പോൾ അവൾ ചോദിച്ചു,

"എന്താണു പേര്?"

"മരിയുസ്, നിങ്ങളുടേയോ?"

"കൊസെത്ത്!"

6 : ഗവ്രോഷ്

മൊങ്ഫേർമിയെയിലെ ചാരായക്കട നഷ്ടം വന്നു പൂട്ടാൻ തുടങ്ങിയ 1823-നുശേഷം തെനാർദിയർക്കു രണ്ട് ആൺകുട്ടികൾകൂടി ജനിച്ചു. പെണ്മക്കളായ എപ്പൊനൈനേയും അസെൽമയേയുമല്ലാതെ മറ്റാരേയും മക്കളായി കാണാത്ത മദാം തെനാർദിയർ മൂന്നാമൻ ഗവ്രോഷിനെ നേരത്തേതന്നെ തെരുവിലേയ്ക്കു തള്ളിവിട്ടിരുന്നു. അവസാനത്തെ രണ്ടുപേരെക്കൂടി എങ്ങനെയെങ്കിലും കൈയൊഴിയ്ക്കണമെന്നു കരുതിയിരുന്ന കാലത്താണു നാട്ടിലെങ്ങും ഒരു പകർച്ചവ്യാധി പടർന്നു പിടിച്ചത്. നാട്ടുവാഴിയായ മൊസ്യൂ ഗിൽനോർമാനു പഴയ വേലക്കാരി മഞ്ഞോയിലുണ്ടായ രണ്ടുപേരും ആ മാരകവ്യാധിയ്ക്കിരയായി മരണമടഞ്ഞു. അതോടെ അവരുടെ ചിലവിനായി മാസന്തോറും ലഭിച്ചുകൊണ്ടിരുന്ന എൺപതു ഫ്രാങ്കിന്റെ വരുമാനം നിലയ്ക്കുമെന്നു വന്നപ്പോൾ മഞ്ഞോ, തെനാർദിയറുമായൊരു കരാറുണ്ടാക്കി. പത്തു ഫ്രാങ്ക് വീതം മാസപ്പടി കൊടുത്തുകൊള്ളാമെന്ന കരാറിന്മേൽ അവളവരുടെ രണ്ടാൺകുട്ടികളെ മരിച്ചുപോയ സ്വന്തം കുട്ടികൾക്കു പകരം വെച്ചു. അങ്ങനെ മൊസ്യൂ ഗിൽനോർമാൻ അറിയാതെ നടന്ന കച്ചവടത്തിൽ പക്ഷേ, ലാഭം കൊയ്തതു തെനാർദിയറായിരുന്നു. അക്കാലത്താണു തെനാർദിയർ ഴൊൻദ്രെത്തെന്നു പേരു മാറ്റി ഗോർ

ബോചെറ്റപ്പുരയിൽ ചെന്ന താമസമാക്കിയത്. അതുകൊണ്ടു പെണ്മക്കൾക്കോ ഗവ്രോഷിനോ തങ്ങൾക്കു രണ്ടനുജന്മാരുണ്ടെന്ന മനസ്സിലാക്കാൻ സാവകാശം ലഭിച്ചില്ല. മഞ്ഞോവിന്റെ വീട്ടിൽ ചെന്നുപെട്ട രണ്ടുപേരും മൊസ്യു ഗിൽനോർമാന്റെ ആനുകൂല്യത്തിൽ സുഖമായി ജീവിച്ചുപോന്നു.

ഗോർബോചെറ്റപ്പുരയിൽ വെച്ചുണ്ടായ അനിഷ്ടസംഭവത്തെത്തുടർന്നു പോലീസ് അധോലോകസംഘങ്ങൾക്കെതിരെ വ്യാപകമായ നടപടികളിലേയ്ക്കു കടന്നു. അങ്ങനെ തെനാർദിയറുമായി നിരന്തരം ബന്ധപ്പെട്ടിരുന്ന മഞ്ഞോവിന്റെ വീട്ടിലേയ്ക്കും പോലീസിന്റെ കണ്ണുകൾ ചെന്നെത്തി. റ്യു പ്ലുമേയിലെ വീടിനെക്കുറിച്ചുള്ള വിവരം എപ്പൊനൈൻ കൈമാറിയതിനുശേഷം താമസിയാതെ ഒരു ദിവസം ദുർന്നടപ്പിന്റെ പേരിൽ മഞ്ഞോ പോലീസിന്റെ പിടിയിലായി. പോലീസുകാർ വന്നു മഞ്ഞോയെ പിടിച്ചുകൊണ്ടു പോകുമ്പോൾ രണ്ടു കുട്ടികളും യാതൊന്നുമറിയാതെ മുറ്റത്തിരുന്നു കളിയ്ക്കുകയായിരുന്നു. കളി കഴിഞ്ഞു വന്നു നോക്കിയപ്പോൾ വീട്ടിനകത്ത് അമ്മയെ കാണാതെ അവർ പതുക്കെ പുറത്തിറങ്ങി തെരുവിലൂടെ അലയാൻ തുടങ്ങി.

രണ്ടു ദിവസത്തോളം മുഴപ്പട്ടിണിയായിരുന്ന ഗവ്രോഷ് ഭക്ഷണത്തിനു വഴി തേടി തെരുവിലിറങ്ങി ഒരു ക്ഷുരകക്കടയുടെ മുമ്പിൽ നിൽക്കുമ്പോഴാണു രണ്ടു കുട്ടികൾ കടയ്ക്കകത്തു ചെന്നു ക്ഷുരകനോടെന്തോ ചോദിയ്ക്കുന്നതു കണ്ടത്. അയാളവരെ കാലുകൊണ്ടു തള്ളിപ്പുറത്താക്കി കടയുടെ വാതിൽ കൊട്ടിയടച്ചു. അപ്പോൾ പെട്ടെന്നു മഴ പെയ്യാനും തുടങ്ങി. കരഞ്ഞു കണ്ണീരൊലിപ്പിച്ചു നടക്കുന്ന കുട്ടികളുടെ പിന്നാലെ ചെന്നു ഗവ്രോഷ് ചോദിച്ചു, “എന്തുപറ്റി, പിള്ളേരേ?”

"ഞങ്ങൾക്കുറക്കം വരുന്നു, എവിടെയാണു കിടക്കേണ്ടതെന്ന് അറിഞ്ഞുകൂടാ!", അവർ വിക്കി വിക്കി പറഞ്ഞു.

"അത്രേയുള്ളൂ, എന്റെ കൂടെ പോന്നോ!", അവൻ പറഞ്ഞു.

അവരവന്റെ പിന്നാലെ കൂടി. പോകുന്ന വഴി ഗവ്രോഷ് 'നിനക്കു വെച്ചിട്ടുണ്ടെ'ന്ന മട്ടിൽ ക്ഷുരകനെ രൂക്ഷമായൊന്നു നോക്കി. ഒരപ്പക്കടയുടെ അടുത്തെത്തിയപ്പോൾ ഗവ്രോഷ് ചോദിച്ചു, “അപ്പോൾ,

പിള്ളേരേ, നിങ്ങളെന്തെങ്കിലും കഴിച്ചോ?

"അമ്മയെ കാണാനില്ല, ഞങ്ങളൊന്നും കഴിച്ചിട്ടുമില്ല!", അവരിൽ മൂത്തവൻ പറഞ്ഞു.

"നന്നായി, അമ്മയുണ്ടായാലും കാര്യമൊന്നുമില്ല!", ഒരനുഭവജ്ഞാനിയെപ്പോലെ അവൻ പറഞ്ഞു. കീറിപ്പറിഞ്ഞ ഉടുപ്പിലെ സകല മൂലയിലും കൈയിട്ടു പരതി ഒരു നാണയം പുറത്തെടുത്തു കടക്കാരനു നീട്ടി അവൻ പറഞ്ഞു, "ചങ്ങാതി, മൂന്നപ്പം!"

ആവശ്യക്കാരെ മൂന്നുപേരേയും നല്ലവണ്ണം നോക്കിക്കണ്ടശേഷം കടക്കാരൻ ഒരപ്പമെടുത്തു മൂന്നാക്കി അവർക്കു കൊടുത്തു. വായ നിറയെ അപ്പക്കഷണം കടിച്ചു പിടിച്ച് അവർ വീണ്ടും തെരുവിലേയ്ക്കിറങ്ങി. ലഫോർസ് ജയിലിനു മുമ്പിലെത്തിയപ്പോൾ ആരോ വിളിച്ചു ചോദിച്ചു, "'ഗവ്രോഷ്, നീയാണോ?"

"ഓ, മൊങ്പർനാസ്! കൊള്ളാം, വേഷം പൊടി പാറിയിട്ടുണ്ടല്ലോ!", നീലക്കണ്ണട വെച്ചു കോമാളിവേഷം കെട്ടിയ കള്ളനെ അവൻ പെട്ടെന്നു തിരിച്ചറിഞ്ഞു.

"ശ്ശ്, ശബ്ദമുണ്ടാക്കരുത്! ഈയിടെ ഒരു പ്രമാണി എനിയ്ക്കു ചില്ലറ ഉപദേശങ്ങളും ഒരു പണസഞ്ചിയും സമ്മാനിച്ചിരുന്നു. തിരിച്ചുപോന്നപ്പോൾ കീശയിൽ പണസഞ്ചി കാണാനില്ല-"

"ഉപദേശം ബാക്കിയുണ്ടല്ലോ, അത്രയും ലാഭം! എനിയ്ക്കൽപ്പം തിടുക്കമുണ്ട്. ഈ ചിടുങ്ങന്മാരെയൊന്നു കിടത്തിയുറക്കണം!"

"അതിനു നിനക്കൊരു വീടുണ്ടോ?"

"തൽക്കാലം ഗോപുരത്തിലാണു താമസം. ആനയുടെ മുൻകാലുകൾക്കിടയിലൂടെ മേലോട്ടു പിടിച്ചു കയറണം. ഇതുവരെ തീപ്പെട്ടിക്കോലുകളൊന്നും കണ്ടിട്ടില്ല. ഇന്നെന്താണു പരിപാടി?"

"കാര്യമായൊന്നു ചെയ്യാനുണ്ട്. അതല്ലേ, കരുതി പുറപ്പെട്ടിരിയ്ക്കുന്നത്? സഹായം വേണമെങ്കിൽ ഞാൻ വന്നു വിളിയ്ക്കാം!"

കോമാളിയായ കള്ളനെ അത്ഭുതാദരങ്ങളോടെ തുറിച്ചുനോക്കിക്കൊണ്ടുനിന്ന രണ്ടു ചിടുങ്ങന്മാരേയും കൂട്ടി ഗവ്രോഷ് മു ന്നോട്ടു നട

ന്നു. ലാ ബസ്തീലിന്റെ തെക്കുപടിഞ്ഞാറേ മൂലയ്ക്കു മിക്കവാറും ജീർണി ച്ചുകഴിഞ്ഞ ചരിത്രഗോപുരത്തിനു മുമ്പിൽ വലിയൊരു ആനയുടെ പ്ര തിമയുണ്ടായിരുന്നു. നാലുപാടും കാടുപിടിച്ചു വഴിപോക്കരൊന്നും ഒ രിയ്ക്കലും കടന്നുചെല്ലാത്ത ആ പ്രദേശത്തേയ്ക്കാണു ഗവ്രോഷ് കുട്ടിക ളെ കൂട്ടിക്കൊണ്ടുപോയത്. ആനയുടെ മുൻകാലിൽ പിടിച്ചുകയറി ഞൊടിയിടകൊണ്ട് അവൻ വയറ്റിലെ പൊത്തിലേയ്ക്കു വലിഞ്ഞുക യറി. കുട്ടികൾ രണ്ടുപേരും എന്തു ചെയ്യണമെന്നറിയാതെ പരസ്പരം മിഴിച്ചു നോക്കി. അപ്പോഴേയ്ക്കും ഗവ്രോഷ് പൊത്തിലൂടെ തല കീ ഴോട്ടിട്ടു കുട്ടികളെ മാടി വിളിച്ചു. തെല്ലൊരു ഭയമുണ്ടായിരുന്നെങ്കിലും അവർ താഴോട്ടു നീണ്ടുവന്ന കൈയിൽ മുറുക്കിപ്പിടിച്ചു മേലോട്ടു കയ റി. രണ്ടു പേരും അകത്തായ ഉടനെ ഗവ്രോഷ് ഒരു പലകകൊണ്ടു പൊത്തടച്ചു പറഞ്ഞു, “പിള്ളേരേ, ഇതാണു നമ്മുടെ വീട്! നിങ്ങൾ ക്കു കിടന്നുറങ്ങാൻ ഞാനൊരു കിടയ്ക്ക വിരിയ്ക്കാം!”

കനത്ത ഇരുട്ടിൽ പേടിച്ചരണ്ട രണ്ടുപേരും വൈയ്ക്കോൽപ്പായയി ൽ ഗവ്രോഷിനെ തൊട്ടുരുമ്മി ഇരുവശങ്ങളിലായി കിടന്നു. മഴയേ റ്റു മിക്കവാറും നനഞ്ഞു കുതിർന്ന അവരുടെ മേലേയ്ക്കൊരു കമ്പിളി ത്തുണ്ട് വലിച്ചിട്ടു ഗവ്രോഷ് പറഞ്ഞു, “ഇനി നിങ്ങളെന്റെ കൂടെ കൂടി യാൽ മതി. നമുക്കു രസമുള്ള പല കാഴ്ചകളും കണ്ടു നടക്കാം..! ഇന്നു നല്ല മഴയ്ക്കുള്ള പുറപ്പാടുണ്ട്...!”

മൂത്തവൻ കിടന്നവഴി ഉറക്കത്തിലേയ്ക്കു കടന്നു. പക്ഷേ, ഇരുട്ടും പ രിചയമില്ലാത്ത പരിസരവും മൂലം ഇളയവനുറക്കം വന്നില്ല. കുറച്ചു ക ഴിഞ്ഞപ്പോൾ എന്തോ ശബ്ദം കേട്ടു ഞെട്ടിവിറച്ചു കുട്ടി ചോദിച്ചു, “എ ന്താണൊരു ശബ്ദം?”

"എലികളായിരിയ്ക്കും", ഗവ്രോഷ് പറഞ്ഞു.

എലികളെ പേടിയില്ലാത്ത അവനു സ്വൽപ്പം സമാധാനമായി. ഉ റക്കം വരാതെ കിടന്ന അവൻ വീണ്ടും ചോദിച്ചു, “അപ്പോൾ, എന്താ ണൊരു പൂച്ചയെ വളർത്താത്തത്?”

"ഒന്നിനെ ഞാൻ വളർത്തിയിരുന്നു, പക്ഷേ എലികളൊക്കെക്കൂടി അവനെ തിന്നുകളഞ്ഞു!”, ഗവ്രോഷ് പറഞ്ഞു.

അങ്ങനെയൊരു മറുപടി കേട്ടതോടെ സമാധാനം നഷ്ടപ്പെട്ട പയ്യൻ കിടന്നു വിറയ്ക്കാൻ തുടങ്ങി. അമ്പരപ്പോടെ അവൻ ചോദിച്ചു, “അപ്പോൾ ഈ എലികൾ നമ്മളേയും പിടിച്ചു തിന്നുമോ?”

"ചിലപ്പോൾ തിന്നെന്നു വരും! പക്ഷേ, ഞാനിവിടെയുണ്ടല്ലോ, എന്റെ കൈപിടിച്ചു കണ്ണടച്ചുറങ്ങിയാൽ മതി!”

ഗവ്രോഷ് കൊച്ചനിയനെ വലിച്ചടുപ്പിച്ചു പുറത്തു തട്ടി. താമസിയാതെ മൂന്നുപേരും നല്ല ഉറക്കമായി.

അന്നു രാത്രി പത്രൊങ്മിനെത്തിലെ കൂട്ടാളികളായ തെനാർദിയറും ബ്രൂഴോങും ഗ്വെൽമറും കൂടി ലഫോർസിലെ ജയിലിൽനിന്നു പുറത്തു ചാടാനൊരു പദ്ധതി ആസൂത്രണം ചെയ്തിരുന്നു. അതിന്റെ ഭാഗമായി, ഗവ്രോഷ് കണ്ടതുപോലെ, പുറത്തുനിന്നു സഹായിയ്ക്കാനായി ബബെയും മൊങ്പർനാസും അത്യാവശ്യം ആയുധങ്ങളോടെ വേഷപ്രച്ഛന്നരായി പരിസരത്തു ചുറ്റിക്കറങ്ങി. ജയിലിനകത്തു മറ്റുള്ളവരുമായി ഇടപഴകാൻ കുറച്ചൊക്കെ സ്വാതന്ത്ര്യമുണ്ടായിരുന്ന ബ്രൂഴോങായിരുന്നു പദ്ധതിയുടെ സൂത്രധാരൻ. ജയിലിന്റെ മേൽപ്പുരകൾക്കു കേടുപാടുകൾ തീർക്കുന്ന സമയം അവരതിനായി തിരഞ്ഞെടുത്തു. താഴത്തെ നിലയിലുള്ള അടുക്കളയിൽനിന്നു നാലു നിലകളും തുളച്ചു മുകളിലേയ്ക്കുയരുന്ന പുകക്കുഴലിന്റെ തൊട്ടടുത്തായിരുന്നു ബ്രൂഴോങും ഗ്വെൽമറും കിടന്നുറങ്ങിയിരുന്നത്. നാലാമത്തെ നിലയിലുള്ള തെനാർദിയറുടെ മുറിയിൽ പുറത്തേയ്ക്കു തുറക്കുന്ന രണ്ടു കിളി വാതിലുകളുണ്ട്. പകൽസമയത്തു വന്നുപോകുന്ന പണിക്കാരുടെ പക്കൽനിന്ന് ഒരു കയറും ആണിയും ബ്രൂഴോങ് നേരത്തേതന്നെ തട്ടിയെടുത്തു മുറിയിൽ സൂക്ഷിച്ചുവെച്ചിരുന്നു. രാത്രി പുറത്തു മഴ കനത്തതോടെ അയാൾ ആണിയുപയോഗിച്ചു പുകക്കുഴലിന്റെ ചുമരു തുരക്കാൻ തുടങ്ങി. കല്ലും കട്ടയും അയാളുടെ കിടയ്ക്കയിൽത്തന്നെ വീണതുകൊണ്ടു ശബ്ദം പുറത്താരും കേട്ടില്ല. ഗ്വെൽമറും ബ്രൂഴോങും ആ തുളയിലൂടെ പുകക്കുഴലിന്റെ ഉള്ളിലേയ്ക്കു കടന്നു മേലോട്ടു പൊത്തിപ്പിടിച്ചു കയറി മേൽപ്പുരയിലെത്തി. അപ്പോഴേയ്ക്കു കാറ്റും മഴയും ഇരട്ടിച്ചു, മേൽപ്പുരയിൽ നല്ല

വഴക്കല്ലുമുണ്ട്. ബ്രൂഴോങ് കൈയിൽ കരുതിയ കയറിന്റെ ഒരറ്റം ജനലഴികളിൽ പിടിച്ചുകെട്ടി മറ്റേ അറ്റം മതിലിനു പുറത്തേയ്ക്കു വലിച്ചെറിഞ്ഞു. അടുത്ത നിമിഷം രണ്ടു കൈകൊണ്ടും കയർ മുറുക്കിപ്പിടിച്ച അയാൾ ഒരൊറ്റ ചാട്ടത്തിനു മേൽക്കൂരയിൽനിന്നും മതിലിന്റെ പുറത്തു വന്നിരിപ്പായി; അയാളെ അനുകരിച്ച ഗ്വെൽമറും പുറത്തേയ്ക്കു ചാടി. നല്ല ഉയരമുള്ള ആ മതിലിലൂടെ താഴോട്ടുരസിയിറങ്ങിയ അവർ നിമിഷങ്ങൾക്കകം തെരുവിൽ മൊങ്പർനാസിന്റേയും ബബേയുടേയും അടുത്തെത്തി.

തെനാർദിയർക്കു പക്ഷേ കാര്യങ്ങൾ അത്ര എളുപ്പമായിരുന്നില്ല. ഈരണ്ടു മണിക്കൂർ കൂടുമ്പോൾ മാറിവരുന്ന പാറാവുകാർ തോക്കുമായി അയാളുടെ മുന്നിലൂടെ നടക്കുന്നുണ്ടാകും; പോരാത്തതിനു, കാലിൽ നല്ല കനമുള്ള ചങ്ങലയുമുണ്ട്. പുലർച്ചെ രണ്ടു മണിയ്ക്കു വന്ന പാറാവുകാരനെ മുഖം കാണിച്ചു ഹാജർ വെയ്ക്കുന്നതിനുമുമ്പേ രാകി മൂർച്ചകൂട്ടിയ ഒരിരുമ്പുകഷണംകൊണ്ടു കാലിലെ ചങ്ങല അയാൾ മുറിച്ചുമാറ്റി; മാത്രമല്ല, അന്നത്തേയ്ക്കു മാത്രമായി കരുതിവെച്ച ഒരു കുപ്പി മദ്യം നൽകി പാറാവുകാരനെ ഉറക്കിക്കിടത്തുകയും ചെയ്തു. മൂടൽമഞ്ഞിനിടയിലും കിളിവാതിലിലൂടെ രണ്ടു നിഴലുകൾ നീങ്ങിപ്പോകുന്നതു കണ്ട തെനാർദിയർക്കു കാര്യം മനസ്സിലായി: ബ്രൂഴോങ്ങും ഗ്വെൽമറും പണി തുടങ്ങിക്കഴിഞ്ഞു! മേൽപ്പുര കേടുപാടു തീർക്കുന്നവർ തൽക്കാലാവശ്യത്തിനുവേണ്ടി ഉണ്ടാക്കിയ ചെറിയൊരു പഴുതിലൂടെ അയാൾ വലിഞ്ഞുകയറി മേൽക്കൂരയ്ക്കു മുകളിലെത്തി. പക്ഷേ, ഗ്വെൽമറും ബ്രൂഴോങ്ങും രക്ഷപ്പെട്ട കയറിന്റെ പൊട്ടിയ ഒരു കഷണം മാത്രമേ തെനാർദിയറുടെ കൈയിൽ തടഞ്ഞുള്ളൂ! ഗത്യന്തരമില്ലാതെ പരിഭ്രമംകൊണ്ടു വിയർത്തൊലിച്ച അയാൾ അടുത്തടുത്ത കെട്ടിടങ്ങളുടെ മേൽക്കൂരകളിലേയ്ക്കു കുതിരയെപ്പോലെ ചാടിക്കയറി അവസാനം ഒരിടിഞ്ഞുപൊളിഞ്ഞ വീടിനു മുകളിൽ ചെന്നെത്തി. ഇടയ്ക്കിടെയുള്ള മിന്നൽപ്രകാശം അയാളെ പലപ്പോഴും സഹായിച്ചു. അപ്പോഴേയ്ക്കും കൈകാലുകൾ അനക്കാൻ പറ്റാത്ത വിധം പരവശനായ തെനാർദിയർ വീടിന്റെ മേൽക്കൂരയിൽ കോരിച്ചൊരിയുന്ന മഴയത്തു കമിഴ്ന്നു

കിടന്നു. കുത്തനെയുള്ള മതിൽക്കെട്ടിനപ്പുറത്തെ തെരുവ് അയാൾ-ക്കു നേരിട്ടു കാണാം. പക്ഷേ, കൈവശമുള്ള കയറിനു നീളം പോര!

വിളർത്തു തളർന്നു തീർത്തും നിരാശനായ തെനാർദിയർ പള്ളിയിലെ മണി നാലടിയ്ക്കുന്ന ശബ്ദം കേട്ടു. പുതിയ പാറാവുകാരൻ വന്നു വാതിൽ തുറക്കുന്നതും, തടവുപുള്ളിയെ കാണാതെ കാവൽഭടന്മാർ ചൂട്ടു കത്തിച്ചു നാലുപാടും തിരഞ്ഞു ബഹളം കൂട്ടുന്നതും അയാളറിഞ്ഞു. താഴെ വീണാൽ മരണവും വെറുതെ കിടന്നാൽ ബന്ധനവും പ്രതീക്ഷിച്ചു നിസ്സഹായനായി മഴയത്തു കമിഴ്ന്നു കിടക്കുന്നതിനിടയിൽ അയാൾ മതിലിനരികിലൂടെ നാലുപേർ നടന്നടുക്കുന്നതു കണ്ടു. ഒരാശാനാളം കണ്മുന്നിൽ മിന്നിമായുന്നതായി അയാൾക്കു തോന്നി. കാവൽഭടന്മാരെ പേടിച്ച് അയാൾക്കവരെ വിളിയ്ക്കാൻ ധൈര്യമുണ്ടായില്ല. പക്ഷേ, കൈയിലുണ്ടായിരുന്ന പൊട്ടിയ കയർ അയാളവരുടെ മുന്നിലേയ്ക്കു വലിച്ചെറിഞ്ഞു. താഴെ മൊങ്പർനാസിന്റെ ശബ്ദം ഉയർന്നുകേട്ടു, “അതാ, ചാരായക്കടക്കാരൻ!"

മൂന്നു നില മുകളിൽ മഴയത്തു തണുത്തു വിറച്ചു പരിക്കു പറ്റി കിടക്കുന്ന അയാളെ രക്ഷപ്പെടുത്താനുള്ള വഴികളെക്കുറിച്ച്, മൊങ്പർനാസും ബബെയും ഗ്വെൽമെറും ബ്രുഴോങും ചേർന്ന ആ നാൽവർസംഘം ചർച്ച ചെയ്തു. ഒരു ചെറ്റക്കുടിലിന്റെ അടുപ്പായി ഉപയോഗിച്ചിരുന്ന പഴയൊരു പുകക്കുഴൽ മതിലിനു സമീപത്തുകൂടി മേലോട്ടു നീണ്ടുകിടന്നിരുന്നു. തീരെ ദുർബലമായ അതിൽ പിടിച്ചുകയറാൻ മുതിർന്നവർക്കൊന്നും കഴിയില്ലെന്ന് അവർ കണ്ടു. ബബെ പറഞ്ഞു, “എവിടെനിന്നെങ്കിലും നമുക്കൊരു പയ്യനെ സംഘടിപ്പിയ്ക്കണം!"

മൊങ്പർനാസിന്റെ മനസ്സിൽ പെട്ടെന്നൊരു മിന്നൽ വന്നു വീണു, “നിൽക്ക്, ഞാനിപ്പോൾ വരാം!”. അയാൾ ബസ്തീലിനു നേർക്കു ശരംവിട്ടപോലെ പാഞ്ഞു മിനിട്ടുകൾക്കകം ഗവ്രോഷുമായി തിരിച്ചെത്തി. അവൻ കയറും മതിലും പുകക്കുഴലും നോക്കിക്കണ്ടു നിസ്സാരഭാവത്തിൽ പറഞ്ഞു, “ഇത്രേയുള്ളോ?”

ഗ്വെൽമർ അവനെ പൊക്കിയെടുത്തു ചെറ്റക്കുടിലിന്റെ പുറത്തേ

യ്ക്കു വെച്ചു. പുകക്കുഴലിലൂടെ വലിഞ്ഞു മേൽപ്പോട്ടു കയറുന്ന അവനെ മുകളിൽ കമിഴ്ന്നുകിടന്ന തെനാർദിയർ പ്രതീക്ഷയോടെ നോക്കി. മുകളിലെത്തിയപ്പോൾ ആളെ മനസ്സിലായ ഗവ്രോഷ് പിറുപിറുത്തും "ഓ, എന്റെ തന്തയാണല്ലേ! സാരമില്ല!"

നിമിഷങ്ങൾക്കകം താഴെയെത്തിയ തെനാർദിയർ നാലുപേരോടുമായി ചോദിച്ചു, “ശരി, ഇനിയാരെയാണ 'തിന്നേ'ണ്ടത്?”

"നിങ്ങളുടെ മൂത്തവൾ റ്യൂ പ്ലൂമയിലൊരു കൊള്ളാവുന്ന വീടു നോക്കി വെച്ചിരുന്നു. വന്നിട്ടൊരു കാര്യവുമില്ലെന്നാണ പക്ഷേ മഞ്ഞോവിന് അവൾ വിവരം കൊടുത്തത്", ഗ്വെൽമർ പറഞ്ഞു.

"പെണ്ണു വെറും മണ്ടിയല്ല, എങ്കിലും നമുക്കൊന്നു പോയി നോക്കുന്നതിൽ തെറ്റില്ല!", തെനാർദിയർ പറഞ്ഞു.

അതിനിടയിൽ ഗവ്രോഷിനെ ആരും ശ്രദ്ധിച്ചില്ല. അച്ഛനെങ്കിലും തന്നെ ഒന്നു നോക്കുമെന്നു കരുതി അവൻ കുറച്ചുനേരം കാത്തിരുന്നു. അവസാനം അവൻ പോകാനെഴുന്നേറ്റ് ആത്മഗതമായി പറഞ്ഞു, “ഇനി നിങ്ങൾക്കെന്നെ ആവശ്യമില്ല. എനിയ്ക്കെന്റെ ചിടുങ്ങന്മാരെ ചെന്നു വിളിച്ചുണർത്തണം!”

അവൻ പൊയ്ക്കഴിഞ്ഞപ്പോൾ ബബെ തെനാർദിയറുടെ ചെവിയിൽ പറഞ്ഞു, “നിങ്ങൾ ആ പയ്യനെ ശ്രദ്ധിച്ചോ?”

"എന്തേ? ഞാൻ നോക്കിയില്ല"

"അവൻ നിങ്ങളുടെ മകനാണെന്നു തോന്നി!”

"അതു ശരി, നിങ്ങൾക്കങ്ങനെ തോന്നി അല്ലേ?", തെനാർദിയർ നിർവികാരനായി മറുപടി പറഞ്ഞു.

7 : കന്നഭാഷ

വല്ലാത്തൊരു വാക്കാണ 'മടി!'. അതിലൊരു പ്രപഞ്ചം മുഴുവനുമുണ്ട്. ആ 'മടി'യുടെ മകനാണ 'മോഷണം'; മകളാകട്ടെ, ‘വിശപ്പും'! ഒരു സവിശേഷസമൂഹം മാത്രമേ ഇത്തരം കന്നഭാഷ ഉപയോഗിയ്ക്കുന്നുള്ളൂ. കുറച്ചുകാലം മുമ്പ് കന്നഭാഷ സംസാരിയ്ക്കുന്ന ഒരു കള്ളനെ കഥാപാത്രമാക്കി ഞാനൊരു കഥയെഴുതിയപ്പോൾ വലിയ ഒച്ചപ്പാടു

ണ്ടായി. 'എന്ത്? ജയിലിലും തണ്ടുവലിശിക്ഷാസ്ഥലങ്ങളിലും മറ്റും കേൾക്കാറുള്ള നികൃഷ്ടഭാഷയിൽ കഥയെഴുതുകയോ?', നിരൂപകർ ആക്ഷേപിച്ചു. അത്തരം ആരോപണങ്ങളുടെ അർത്ഥം പക്ഷേ എനിയ്ക്കിതുവരെ മനസ്സിലായിട്ടില്ല.

സമൂഹത്തിന്റെ അടിത്തട്ടിലേയ്ക്കിറങ്ങി ചെല്ലുമ്പോൾ, മണ്ണിനടിയിൽ അടിഞ്ഞുകൂടിയ ചെളിയിൽ കൈയിട്ടു പരതി കണ്ടാലറയ്ക്കുന്ന പലതും പുറത്തേയ്ക്കു വലിച്ചെടുക്കുന്നതത്ര എളുപ്പമൊന്നുമല്ല. സകല കഷ്ടപ്പാടുകളുടേയും അവസാനഭാഗത്തു വാസ്തവാവസ്ഥകളെ അഥവാ അധികാരവാഴ്ചകളെ എന്തു വിലകൊടുത്തും എതിരിടാൻ ഒരുങ്ങിനിൽക്കുന്ന ഒരന്തിമദു:ഖമുണ്ട്. ചെറിയ ചില കൗശലങ്ങളും അക്രമങ്ങളും പ്രയോഗിച്ചു സാമൂഹ്യവ്യവസ്ഥയെ അവർ കുത്തിനോവിച്ചുകൊണ്ടേയിരിയ്ക്കും. അത്തരം ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി കഷ്ടപ്പാടിൽനിന്നുടലെടുത്ത ഒരു സമരമാർഗമാണു കന്നഭാഷ.

ചരിത്രത്തിനു രണ്ടു ഭാഗങ്ങളുണ്ട്: രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങളും രാജാക്കന്മാരുടെ അപദാനങ്ങളും വർണിയ്ക്കുന്ന ഒരു പുറംഭാഗവും, അദ്ധ്വാനിയ്ക്കുന്ന ജനങ്ങളുടെ ദുരിതങ്ങൾ വിവരിയ്ക്കുന്ന ഉൾഭാഗവും! സംഭവങ്ങളുടെ പുനരാഖ്യാനം നടത്തുന്ന മാക്കിയവല്ലിയേക്കാൾ ഹൃദയത്തിന്റെ അഗാധത വെളിവാക്കുന്ന ദാന്തെ താഴെയാണെന്നു കരുതാനാകുമോ? ഗുഹയെക്കുറിച്ചു മനസ്സിലാക്കാതെ മലയെക്കുറിച്ച് അറിവുണ്ടെന്നു പറയാൻ കഴിയുമോ? കഴിഞ്ഞുപോയ സംഭവങ്ങളുടെ കൂടെ മനസ്സിന്റെ മാറ്റങ്ങളും കൂടി ചേരുമ്പോഴാണു മനുഷ്യചരിത്രം പൂർണമാകുന്നത്.

ഇരുട്ടിൽ കഴിയുന്നവരുടെ വിനിമയവഴിയാണു കന്നഭാഷ! ജനങ്ങൾ സമ്മതിച്ചാലും ഇല്ലെങ്കിലും ഈ ഭാഷയ്ക്കു സ്വത:സിദ്ധമായൊരു വ്യാകരണവും കവിതാസങ്കേതങ്ങളുമുണ്ട്. തണ്ടുവലിശിക്ഷയ്ക്കു വിധിയ്ക്കപ്പെട്ട തടവുപുള്ളി ആദ്യമായി ചെല്ലുമ്പോൾ ജയിലിലെ ചുമരിൽ 'രാജാഭിഷേക'ത്തിന്റെ തീയതി കുറിച്ചിടാതിരിയ്ക്കില്ല. ഭാഷയ്ക്കുള്ളിലെ മറ്റൊരു ഭാഷ എന്ന നിലയ്ക്കു സാഹിത്യവിദ്യാർത്ഥികൾക്കു കൗതുകം

ജനിപ്പിയ്ക്കുകയും ഗവേഷണങ്ങൾക്കുള്ള സാദ്ധ്യതകൾ തുറന്നിടുകയും ചെയ്യുന്നതാണു കന്നഭാഷ. ഒന്നാമതായി, അവർക്കു വാക്കുകളിൽ ഒളിഞ്ഞു കിടക്കുന്ന നിഗൂഢതകൾ കണ്ടെത്തി പുതിയ ചിത്രങ്ങൾ വരയ്ക്കാം; രണ്ടാമതു വെളിവായ വിഷയത്തിന്റെ സാംഗത്യം മറച്ചുവെയ്ക്കുന്ന രൂപകാതിശയോക്തിയുടെ പ്രയോഗം കണ്ടു രസിയ്ക്കാം; പ്രാകൃതമായ കന്നഭാഷ പരിഷ്കൃതമാകുന്നതിന്റെ ലക്ഷണങ്ങൾ അപ്പോഴാണു കാണിച്ചു തുടങ്ങുന്നത്. പ്രയോജനമൂല്യമാണു മൂന്നാമത്തെ പ്രത്യേകത; 'നായ കുരയ്ക്കുന്നു'വെന്ന പ്രയോഗത്തിൽ കേൾവിക്കാരെ വഴിപിഴപ്പിയ്ക്കുന്ന ഒരു നിഗൂഢതയും അലങ്കാരസമൃദ്ധിയും നമുക്കു കണ്ടില്ലെന്നു നടിയ്ക്കാനാവില്ല. ഈ ഭാഷ ഉപയോഗിയ്ക്കുന്നവർക്കിടയിൽ 'അടിയ്ക്കുക'യെന്നാൽ സൂത്രത്തിൽ കൈക്കലാക്കുകയാണ്: 'പണമടിച്ചു'! കൗശലമാണവരുടെ ജീവശക്തി!

അവർ വിഷമയമായ ഒരന്തരീക്ഷമായാണു സമൂഹത്തെ കാണുന്നത്. മറ്റുള്ളവർ ആരോഗ്യത്തെക്കുറിച്ചു വേവലാതിപ്പെടുമ്പോഴൊക്കെ അവർ സ്വാതന്ത്ര്യത്തെക്കുറിച്ചു ചിന്തിയ്ക്കുന്നു. തടവുപുള്ളിയുടെ കാലിൽ ചങ്ങലയുണ്ടെങ്കിലും നടക്കാൻ കഴിയുന്നുണ്ടല്ലോ എന്നു നിങ്ങൾ കരുതുന്നു! പക്ഷേ അവൻ കാലിലെ ചങ്ങല പൊട്ടിച്ചു നൃത്തം ചെയ്യാനാണു മോഹിയ്ക്കുന്നത്! തണ്ടുവലിശിക്ഷയ്ക്കു വിധിയ്ക്കപ്പെട്ട തടവുപുള്ളികളെ ആദ്യം സെയിൻനദിയുടെ താഴെയുള്ള ഒരു കുണ്ടറയിലേയ്ക്കു കൊണ്ടുപോകും. ജനലുകളും വായുസഞ്ചാരവുമില്ലാത്ത ആ നിലവറയ്ക്കു മേൽത്തട്ടായി ഒരു കൽവരിയും നിലമായി രണ്ടടി കനമുള്ള ചെളിയുമാണുള്ളത്. ആ ഭൂഗർഭഗുഹയുടെ ഒരറ്റത്തുനിന്നു മറ്റേ അറ്റത്തോളം നീണ്ടുനിൽക്കുന്ന കഴുക്കോലുകളിൽ അടുത്തടുത്തായി മൂന്നടി നീളമുള്ള ചങ്ങലക്കണ്ണികൾ തൂക്കിയിട്ടിട്ടുണ്ട്. നിലവറയിലേയ്ക്കു തള്ളിയിടപ്പെടുന്ന തടവുപുള്ളി ഏതെങ്കിലുമൊരു ചങ്ങലക്കണ്ണി ഇരുട്ടത്തു തപ്പിപ്പിടിച്ചു സ്വന്തം കഴുത്തിലെ ഇരുമ്പുപട്ടയുമായി ഘടിപ്പിയ്ക്കണം. അങ്ങനെ തുറന്ന കൈപ്പടങ്ങളുമായി ചിലപ്പോൾ ഒരു കൊല്ലത്തോളം അവർക്കവിടെ തൂങ്ങിക്കിടക്കാം. തലയ്ക്കു മുകളിലൂടെ വലിച്ചെറിഞ്ഞു ചെളിയിൽ ചെന്നു വീഴുന്ന അപ്പം വളരെ കഷ്ടപ്പെട്ടാൽ മാത്രമേ

അവർക്കു കാൽമടമ്പു വഴി കൈയിലേയ്ക്കുയർത്താനാവൂ! പക്ഷേ, നിസ്സഹായരായ അവർ ആ മരണവേദന മുഴുവൻ അനുഭവിച്ചു തീർക്കും. സകല പ്രത്യാശകളും നഷ്ടപ്പെട്ട അവർ ആഭാസപ്പാട്ടുകൾ പാടിത്തുടങ്ങും. അവർ പറയും, "പാട്ടില്ലാതെ ജീവൻ നിലനിൽക്കില്ല!" നോക്കൂ, കവിത കൊണ്ട് ആർക്കെന്തു പ്രയോജനം?

പഴങ്കഥയിലെ രാക്ഷസൻ ചങ്ങലയ്ക്കിട്ട പെൺകുട്ടിയെപ്പോലെ ഇങ്ങനെയൊരു നികൃഷ്ടരായ കൂട്ടർ, ആരും സഹായിയ്ക്കാനില്ലാതെ, ആശയ്ക്കു വഴിയില്ലാതെ എന്നെന്നും കൂരിരുട്ടിൽ കിടന്നു നരകിയ്ക്കണമെന്നാണോ നമ്മുടെ സമൂഹം വിധിച്ചിരിയ്ക്കുന്നത്?

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഈ കന്നഭാഷയ്ക്കു ചെറിയൊരു മാറ്റം സംഭവിച്ചു. പാട്ടുകളിലെ ഭയവും വ്യസനവും മാറ്റി ആഹ്ളാദവും ചൂളംവിളിയുമുയർത്തി തടവുപുള്ളികൾ ചിരിയ്ക്കാൻ തുടങ്ങി. സമൂഹത്തിന്റെ അവസ്ഥകളാകെ മാറ്റി മറിച്ച ഭരണപരിവർത്തനത്തോടു നാം നന്ദി പറയണം! എല്ലാവരുടേയും അവകാശമാണു സ്വാതന്ത്ര്യമെന്ന വിചാരം അതോടെ സമൂഹത്തിൽ വേരുറച്ചു. പക്ഷേ, കഷ്ടപ്പാടെന്ന ക്ഷയരോഗത്തിനുമാത്രം ഒരു മാറ്റവും വന്നിട്ടില്ല. രാഷ്ട്രീയമായ മുൻഗണനകളിൽ ഏറ്റവും പ്രധാനം, സാമ്പത്തികമായി താഴ്ന്ന നിലയിലുള്ളവരുടെ അഭ്യുന്നതിയായിരിയ്ക്കണം; അതോടൊപ്പം അത്യാവശ്യമാണു സദാചാരപരമായ വളർച്ചയും! പട്ടിണി കിടന്നു നരകിയ്ക്കുന്ന ഒരു ശരീരത്തേക്കാൾ ഹൃദയഭേദകമാണു വെളിച്ചം കിട്ടാതെ പിടയു ന്ന ഒരാത്മാവ്!

പെട്ടെന്നുണ്ടാകുന്ന ഭൂകമ്പത്തിൽ ഒരു പ്രദേശമപ്പാടെ തകർന്നടിയുന്നതുപോലെ, അപ്രതീക്ഷിതമായ ചില സംഘർഷങ്ങളെത്തുടർന്നു ചില സമൂഹങ്ങൾതന്നെ നിശ്ശേഷം നാമാവശേഷമായ ഉദാഹരണങ്ങൾ ചരിത്രത്തിലുണ്ട്. ഇന്ത്യയിലേയും ഈജിപ്തിലേയും പേർഷ്യയിലേയും സംസ്കാരങ്ങൾ മറഞ്ഞുകഴിഞ്ഞു. എന്തുകൊണ്ട്? ഇനിയും നമുക്കുത്തരം കാണാൻ കഴിയാത്ത ചോദ്യങ്ങൾ! അതുകൊണ്ട് വിചാരശീലനായ ഇന്നത്തെ മനുഷ്യൻ നിലവിലുള്ള സംസ്കാരങ്ങളേ

യും പുതിയ പരിഷ്ക്കാരങ്ങളേയും സൂക്ഷ്മദർശിനിയിലൂടെ നന്നായി നോക്കിക്കണ്ടു വേണം മുന്നോട്ടു പോകേണ്ടത്. പകർച്ചവ്യാധികൾ ജനങ്ങളെ കൊന്നൊടുക്കിയേക്കാം, കലാപങ്ങളും സംഘർഷങ്ങളും സംസ്കാരങ്ങളെ നശിപ്പിച്ചേക്കാം, പക്ഷേ അപ്പോഴും മനുഷ്യൻ അമരനായിത്തന്നെ നിലനിൽക്കും!

8 : മയക്കങ്ങളും ഏകാന്തതകളും

1832-ലെ മെയ്മാസം മുഴവൻ മരിയുസും കൊസെത്തും ഒരൊറ്റ രാത്രിപോലും ഒഴിവാക്കാതെ റ്യൂ പ്ലുമെയിലെ വീട്ടുപരിസരത്തുവെച്ചു പരസ്പരം കണ്ടുമുട്ടി. അനുരാഗത്തിന്റെ സ്വർഗീയപരിവേഷത്തിൽ കുളിച്ചുനിന്ന അവരുടെ പെരുമാറ്റങ്ങളിൽ പക്ഷേ ഒരിക്കലും വിഷയാസക്തി കടന്നുവന്നില്ല. നിരർത്ഥകമായ വാക്കുകൾ അവർക്കു കവിതകളായി; അലോസരമുണ്ടാക്കുന്ന ശബ്ദങ്ങൾ സംഗീതമായി; അനവസരത്തിലുള്ള പരാമർശങ്ങൾ ചിരിയുടെ പൂത്തിരികളായി; ചെറിയ ഒരസ്വസ്ഥതപോലും അത്യധികമായ ശുഷ്ക്കാന്തിയ്ക്കു കാരണമായി. അതുവരെ ശ്രദ്ധിയ്ക്കാത്ത സൗന്ദര്യത്തിന്റെ ദൃശ്യതലങ്ങൾ അവരുടെ കൺമുന്നിൽ താനേ വിടർന്നു വന്നു. സ്നേഹവും വാത്സല്യവും അനുകമ്പയും പുതിയ ഭാവവിശേഷങ്ങളായി അവരെ പൊതിഞ്ഞു. ചോദ്യങ്ങളും ഉത്തരങ്ങളും പരസ്പരസൗഹൃദത്തോടെ അനുരാഗത്തിന്റെ അച്ചാണിയിൽ ചുറ്റിക്കറങ്ങി. പ്രകൃതിയും പൂക്കളും പക്ഷികളും അവരുടെ പ്രണയസാഫല്യത്തിനു പിന്നണിയൊരുക്കി.

അതിനിടയിൽ മരിയുസ് കൊസെത്തിനോടു താനൊരു അനാഥനാണെന്നും കേണലായിരുന്ന അച്ഛൻ മരിച്ചുപോയെന്നും ധനികനായ മുത്തച്ഛനുമായി രസത്തിലല്ലെന്നും തൽക്കാലം വക്കീൽപ്പണിയെടുത്താണു ജീവിയ്ക്കുന്നതെന്നും പറഞ്ഞിരുന്നു. അവളാകട്ടെ, താൻ പെത്തിപിക്ക്പ്യൂവിലെ കന്യാമഠത്തിലാണു വളർന്നതെന്നും അച്ഛൻ സാധുക്കൾക്കു സഹായം ചെയ്തുകൊടുക്കുന്ന നല്ലൊരാളാണെന്നും മരിയുസിനു പറഞ്ഞുകൊടുത്തു. ഇത്രയും വിവരങ്ങൾതന്നെ അവർക്കു വേണ്ടതിലധികമായി തോന്നിയിരിയ്ക്കണം! ഗോർബോചെറ്റപ്പുരയി

ൽവെച്ചുണ്ടായ സംഭവങ്ങൾ അവളോടു പറയാനോ സത്യാവസ്ഥ മനസ്സിലാക്കാനോ മരിയുസ് ശ്രമിച്ചില്ല. അത്തരം വിഷയങ്ങളൊക്കെ അയാളുടെ മനസ്സിൽനിന്നു തൽക്കാലം പിൻവാങ്ങിക്കഴിഞ്ഞിരുന്നു. പ്രപഞ്ചം മുഴുവൻ ഒരൊറ്റ വ്യക്തിയിൽ കേന്ദ്രീകരിയ്ക്കുന്ന ആ അനുരാഗകാലം അവരെ എവിടെയാണു കൊണ്ടുചെന്നെത്തിയ്ക്കാൻ പോകുന്നതെന്നു പക്ഷേ രണ്ടുപേരും ആലോചിച്ചില്ല.

കൊസെത്തിനെ പൂർവാധികം ആഹ്ളാദവതിയായി കണ്ടതോടെ ഴാങ്വാൽഴാങിന്റെ മനസ്സും സന്തുഷ്ടമായി. തുസൊങും ഴാങ്വാൽഴാങും കിടന്നുറങ്ങാൻ പോയശേഷം കൊസെത്ത് പൂമുഖത്തേയ്ക്കുള്ള വാതിൽ തുറക്കുന്നതു തെരുവിൽ കാത്തുനിൽക്കുന്ന മരിയുസിനു കേൾക്കാം. പത്തുമണിയോടെ മാത്രമേ മരിയുസ് തോട്ടത്തിലേയ്ക്കു കടന്നുവരാറുള്ളൂ, മിക്കവാറും പാതിരയോടെ മടങ്ങുകയും ചെയ്യും. പതിവായി രാത്രി ഒരു മണിയ്ക്കുശേഷം മുറിയിലെത്തുന്ന മരിയുസിനോടു വിവരം ചോദിച്ചറിയാനുള്ള കുർഫരാക്കിന്റെ ശ്രമങ്ങളൊന്നും പക്ഷേ വിജയിച്ചില്ല.

ഒരു ദിവസം വൈകുന്നേരം റ്യൂ പ്ലൂമേയിലേയ്ക്കു വരികയായിരുന്ന മരിയുസ് വഴിയിൽവെച്ച് എപ്പൊനൈനെ കണ്ടുമുട്ടി. മനസ്സു നിറയെ കൊസെത്തിനെക്കുറിച്ചുള്ള വിചാരമായിരുന്നതുകൊണ്ട് അയാളവളെ കണ്ടില്ല. എപ്പൊനൈൻ മരിയുസിനെ കണ്ടയുടനെ കുശലം പറഞ്ഞു പുഞ്ചിരിയ്ക്കാൻ ശ്രമിച്ചു. പക്ഷേ, പ്രതീക്ഷിച്ച പ്രതികരണം ലഭിയ്ക്കാതെ അവൾ തല താഴ്ത്തി പിന്തിരിഞ്ഞു നടന്നുപോയി.

1832 ജൂൺ 30. പാരീസിന്റെ അന്തരീക്ഷത്തിൽ കാർമേഘങ്ങൾ കനംതൂങ്ങി നിന്ന ആ ദിവസം കൊസെത്തിനെ കാണാൻ പോകുന്ന മരിയുസിനെ എപ്പൊനൈൻ ദൂരത്തുനിന്നു കണ്ടു. അതുവരെ നോക്കി നിൽക്കുന്നതിൽ മാത്രം സംതൃപ്തിയടഞ്ഞിരുന്ന അവൾ അന്നു പതിവില്ലാതെ മരിയുസിനെ പിന്തുടരാൻ തീരുമാനിച്ചു. അയാൾ റ്യൂ പ്ലൂമെയിലെ തോട്ടത്തിന്റെ പടിവാതിൽ തുറന്നു പതുക്കെ അകത്തേയ്ക്കു കടന്നു. പതിവുള്ള ഉത്സാഹവും ചുറുചുറുക്കും കൈമോശം വന്ന അ

വൾ അയാൾക്കു പിന്നാലെ ചെന്നു പടിവാതിലിനു താഴത്തൊരു മൂലയ്ക്കൽ ചടഞ്ഞിരുന്നു സ്വയം പറഞ്ഞു, "അപ്പോൾ ഇതിനാണ് അദ്ദേഹം ഇങ്ങോട്ടു വരുന്നത്!"

ഏതാണ്ട് ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ പല വഴിയ്ക്കുനിന്നായി വന്നു തെരുവിൽ ഒന്നിച്ചു കൂടിയ ആറുപേർ മതിലിനോടു ചേർന്നു പരസ്പരം ഓരോന്നു പിറുപിറുത്തു നടക്കുന്നുണ്ടായിരുന്നു. ഒരാൾ പറഞ്ഞു, "ഇതാണു സ്ഥലമെന്നു തോന്നുന്നു"

"'പുലി'യുണ്ടാകുമോ?", മറ്റൊരാൾ ചോദിച്ചു.

"'മരുന്നു' കരുതിയിട്ടുണ്ട്", വേറൊരാൾ സമാധാനിപ്പിച്ചു.

അതിനിടയിൽ ഒരാൾ വന്നു പടിവാതിലിനു മുകളിൽ കൈവെച്ചു. പക്ഷേ, പെട്ടെന്നുയർന്നുവന്ന മറ്റൊരു കൈ അയാളെ കഴുത്തിൽ പിടിച്ചു പിന്നോട്ടു തള്ളി. അപ്രതീക്ഷിതമായ ആക്രമണത്തിൽ അമ്പരന്ന അയാൾ തൊട്ടു മുന്നിലൊരു മെലിഞ്ഞ പെൺകുട്ടിയെ കണ്ടു വിക്കി വിക്കി ചോദിച്ചു, "ഇതേതു പെണ്ണ്?"

"സ്വന്തം മകൾ!", എപ്പൊനൈൻ പറഞ്ഞു.

അപ്പോഴേയ്ക്കും തെനാർദിയറുടെ കൂടെയുണ്ടായിരുന്ന ക്ളക്സുവും ഗ്വെൽമറും ബബെയും ബ്രൂഴോങ്ങും മൊങ്പർനാസും അവരുടെ അടുത്തെത്തി. ഗ്വെൽമറുടെ കൈയിലുണ്ടായിരുന്ന വടിവാളിൽ എപ്പൊനൈന്റെ കണ്ണു ചെന്നു വീണു. പെട്ടെന്നവൾ അച്ഛന്റെ കഴുത്തിൽ ചുറ്റിപ്പിടിച്ചു കൊഞ്ചാൻ തുടങ്ങി, "കൊള്ളാം, നല്ല മിടുക്കൻ! എത്ര കാലമായി കണ്ടിട്ട്? അച്ഛനെന്നു പുറത്തിറങ്ങി? അമ്മയെവിടെ? പിന്നെ ഇങ്ങോട്ടൊന്നും വന്നിട്ടു കാര്യമില്ലെന്നു ഞാൻ മഞ്ഞോവിനോടു പറഞ്ഞിരുന്നല്ലോ!"

എപ്പൊനൈന്റെ പിടി വിടുവിയ്ക്കാൻ പരമാവധി ശ്രമിച്ചിട്ടും കഴിയാതെ തെനാർദിയർ പറഞ്ഞു, "മാറിനിൽക്ക്, പെണ്ണേ!"

വാശി പിടിയ്ക്കുന്ന കുഞ്ഞിനെപ്പോലെ അവൾ വീണ്ടും പറഞ്ഞു, "ഞാൻ, പോ-വി-ല്ല! അച്ഛനെ ഞാനൊന്നുമ്മ വെയ്ക്കട്ടെ!"

"ഇതെന്തു നാടകം?', ബബെ അമ്പരപ്പോടെ ചോദിച്ചു.

എപ്പൊനൈൻ അഞ്ചുപേരേയും നോക്കി പറഞ്ഞു, "ഓ, എല്ലാരു

മുണ്ടല്ലോ! ഇക്കാര്യം അന്വേഷിയ്ക്കാൻ നിങ്ങളെന്നെയല്ലേ ഏൽപ്പിച്ച ത്? ഇപ്പോൾ എന്തുപറ്റി, എന്നെ വിശ്വാസമില്ലാതായോ?”

"നോക്ക്, എന്റെ കൈയിലെ കത്തി കണ്ടോ?", മൊങ്പർനാസ് ഇടപെട്ടു, “കുറുക്കന്മാരിറങ്ങുമ്പോൾ കോഴി കൂവാറില്ല!”

ഗ്വെൽമറിന്റെ പരുത്ത വിരലുകൾ പിടിച്ചർത്തി എപ്പൊനൈൻ എല്ലാവരോടുമായി പറഞ്ഞു, "ഞാനൊരു വിഡ്ഢിയല്ലെന്ന് നിങ്ങൾക്ക റിയാം. പലപ്പോഴും നിങ്ങളെ ഞാൻ സഹായിച്ചിട്ടുമുണ്ട്. പക്ഷേ, ഞാനുറപ്പിച്ചു പറയുന്നു, ഈ വീട്ടിൽ യാതൊന്നുമില്ല!”

തെനാർദിയർ അവളെ തട്ടി മാറ്റി പറഞ്ഞു, “കടന്നു പോ, പെ ണ്ണേ! ആണുങ്ങൾ അവരുടെ പണി നോക്കട്ടെ!”

എപ്പൊനൈൻ പെട്ടെന്നു പടിവാതിലിനു പുറംതിരിഞ്ഞു നിന്നു സുദൃഢമായ സ്വരത്തിൽ പ്രഖ്യാപിച്ചു, “ന-ട-ക്കി-ല്ല! നിങ്ങളൊരു കാൽ മുന്നോട്ടു വെച്ചാൽ ഞാനുറക്കെ നിലവിളിയ്ക്കും! എല്ലാവരേയും വിളിച്ചുണർത്തും! പോലീസുകാരെത്തി നിങ്ങളാറു പേരേയും കൊ ത്തിക്കൊണ്ടുപോകും! ആദ്യം അച്ഛനെ-”

തെനാർദിയർ പല്ലു ഞെരിച്ചു മുരണ്ടു, “ഇവൾക്കിതെന്തു പറ്റി? ന ന്ദിയില്ലാത്ത നായ..!”

എപ്പൊനൈൻ പടിവാതിലിനു മുമ്പിൽ കാൽമുട്ടൂന്നി കുനിഞ്ഞിരു ന്നു കൈരണ്ടും കവിളിൽവെച്ചു പരിസരം ശ്രദ്ധിയ്ക്കാത്ത മട്ടിൽ പാടാ ൻ തുടങ്ങി. അവളുടെ നിശ്ചയദാർഢ്യത്തിൽ നാവനങ്ങാതെ, മുഖം കരുവാളിച്ചുപോയ ആറുപേരും പിന്നോട്ടു മാറി കൂടിയാലോചിച്ചു.

"ഇവൾ ഇവിടത്തെ നായയുമായി അനുരാഗത്തിലായോ?", ബ ബെ അത്ഭുതപ്പെട്ടു, “സ്ത്രീകൾ പോട്ടെ, ആ തന്തക്കിഴവിനെ ഒന്നു തട്ടി നോക്കാമായിരുന്നു, എന്തു പറയുന്നു, ബ്രുഴോങ്!"

അതുവരെ യാതൊന്നും മിണ്ടാതിരുന്ന ബ്രുഴോങ് തല ചൊറി ഞ്ഞു പറഞ്ഞു, “എന്താണെന്നറിയില്ല, ഇന്നു രാവിലെ രണ്ടിണക്കുരു വികൾ കലപില കൂട്ടുന്നതു കേട്ടു, ഇപ്പോഴിതാ ഒരു പെണ്ണു കിടന്നു ബഹളം വെയ്ക്കുന്നു! ഇതൊരു നല്ല ലക്ഷണമല്ല, തൽക്കാലം നമുക്ക

പൊയ്ക്കളയാം!"

"ഇനി നമ്മളെങ്ങോട്ടു പോകും?", ബബെ ചോദിച്ചു.

"നഗരത്തിനടിയിലെ താവളത്തിലേയ്ക്കു പോകാം", ആരോ പറഞ്ഞു. കൂരിരുട്ടിൽ അലിഞ്ഞു കാണാതാവുന്നതുവരെ അവരാറുപേരേയും എപ്പൊനൈൻ നിശ്ശബ്ദം പിന്തുടർന്നു.

ഈ സംഭവം നടക്കുമ്പോൾ മരിയുസ് കൊസെത്തിന്റെ അടുത്തായിരുന്നു. ആകാശത്തു നക്ഷത്രങ്ങൾ കണ്ണു ചിമ്മുകയും തണുത്ത കാറ്റേറ്റു ചെടികൾ തുള്ളിച്ചാടുകയും പൂക്കളുടെ സുഗന്ധം അന്തരീക്ഷത്തിൽ പരക്കുകയും ചെയ്തിരുന്നു. പക്ഷേ, കൊസെത്തിന്റെ മുഖം മ്ളാനമായിരുന്നു; അവളുടെ കണ്ണുകൾ കരഞ്ഞു കലങ്ങിയിരുന്നു!

"എന്തു പറ്റി, കൊസെത്ത്? വിശേഷിച്ചെന്തെങ്കിലും..", മരിയുസ് സാന്ത്വനസ്വരത്തിൽ ചോദിച്ചു.

അവളയാളുടെ അടുത്തേയ്ക്കു ചേർന്നിരുന്നു പറഞ്ഞു, "ഒരു പക്ഷേ, ഞങ്ങളിവിടം വിട്ടു പോയേക്കും! എന്തോ ജോലി തീർക്കാനായിരിയ്ക്കണം.., അച്ഛൻ യാത്രയ്ക്കൊരുങ്ങാൻ പറഞ്ഞു..!"

മരിയുസിന്റെ ശരീരമാകെ ഞെട്ടി വിറച്ചു. അയാൾക്കൊന്നും മനസ്സിലായില്ല. തണുത്തു മരവിച്ച അയാളുടെ കൈപ്പടം തൊട്ടു തലോടി അവൾ ചോദിച്ചു, "ഞാനെന്തു ചെയ്യും?"

അവസാനം എങ്ങനെയോ ഒരു ചോദ്യം അയാളുടെ നാവിൽനിന്നു പുറത്തുവന്നു, "എങ്ങോട്ടാണു പോകുന്നത്?"

"ഇംഗ്ളണ്ടിലേയ്ക്ക്!"

"ഇംഗ്ളണ്ടോ?, കൂടെ നിങ്ങളും പോകുന്നുണ്ടോ?", സകല പ്രതീക്ഷകളും നഷ്ടപ്പെട്ടതുപോലെ അയാൾ വിലപിച്ചു.

"അച്ഛൻ പോകുന്നുണ്ടെങ്കിൽ, പിന്നെ ഞാൻ-" അവൾ മരിയുസിന്റെ കൈ പിടിച്ചമർത്തി.

"അപ്പോൾ.., ഇവിടെ ഞാൻ മാത്രം.., എനിയ്ക്കെങ്ങനെ...?", വാചകം പൂർത്തിയാക്കുന്നതിനുമുമ്പ് അയാളുടെ തൊണ്ടയിടറി. പെട്ടെന്നൊരു പ്രതീക്ഷയുടെ പ്രകാശത്തിൽ അവളയാളെ നോക്കി ചോദിച്ചു, "നിങ്ങൾ... ഞങ്ങളുടെ കൂടെ വരുമോ?"

അപ്പോഴേയ്ക്കും സത്യാവസ്ഥ ഉൾക്കൊള്ളാൻ തുടങ്ങിയിരുന്ന മരിയുസ് പരിഭ്രമത്തോടെ ചോദിച്ചു, “കൂടെപ്പോരാനോ? ഇംഗ്ളണ്ടിലേയ്ക്കോ... പണമെത്ര വേണം? ഇപ്പോൾത്തന്നെ കുർഫരാക്കിനു ഞാൻ കുറച്ചേറെ കൊടുക്കാനുണ്ട്! യാത്രയ്ക്കുള്ള അനുവാദപത്രം വാങ്ങാൻ പോലും എനിയ്ക്കിപ്പോൾ കഴിയില്ല!”

എന്തു ചെയ്യണമെന്നറിയാതെ തീർത്തും നിരാശനായി കുറച്ചു നേരം അയാളൊരു മരത്തിൽ ചാരി നിന്നു. അവസാനം തൊട്ടടുത്തു നിശ്ശബ്ദം കരഞ്ഞുകൊണ്ടിരിയ്ക്കുന്ന കൊസെത്തിനു മുമ്പിൽ മുട്ടു കുത്തി, അവളുടെ കാലടി ചുംബിച്ചുകൊണ്ട് അയാൾ യാചനാസ്വരത്തിൽ പറഞ്ഞു, “അരുത്, ദയവായി കരയരുത്!”

അവൾ കരച്ചിലടക്കി ഗദ്ഗദസ്വരത്തിൽ പുലമ്പി, “നിങ്ങളെ വിട്ടു ഞാനെങ്ങനെ പോകും?'

പെട്ടെന്നെന്തോ മനസ്സിൽ തീരുമാനിച്ചുറച്ചതുപോലെ, അതല്ലെങ്കിൽ കൊസെത്തിനെ സമാധാനിപ്പിയ്ക്കാൻവേണ്ടി, മരിയുസ് പറഞ്ഞു, "എന്തായാലും മറ്റന്നാൾ വരെ ക്ഷമിയ്ക്കൂ! അതിനിടയ്ക്കെന്തെങ്കിലും ആവശ്യം വന്നാൽ ഈ മേൽവിലാസത്തിൽ -”

അയാൾ കീശയിൽനിന്നൊരു പേനക്കത്തി പുറത്തെടുത്തു മതിലിന്മേൽ കുറിച്ചു, “16, റ്യൂ വെറേറി"

"എന്താണു നിങ്ങളുദ്ദേശിയ്ക്കുന്നത്, എന്നോടു പറയൂ, മരിയുസ്?”, ആകാംക്ഷ അടക്കാനാവാതെ അവൾ ചോദിച്ചു.

"ദൈവം നമുക്കിടയിലൊരു തടസ്സവും സൃഷ്ടിയ്ക്കില്ല! അതാണൊരു പ്രതീക്ഷ! എന്തായാലും ഞാനൊന്നു ശ്രമിച്ചുനോക്കട്ടെ!"

"എങ്കിൽ നിങ്ങളുടെ പരിശ്രമം സഫലമാകട്ടെയെന്നു ഞാൻ ദൈവത്തോടു പ്രാർത്ഥിയ്ക്കാം. എന്തായാലും മറ്റന്നാൾ നിങ്ങൾ വരുമല്ലോ, രാത്രി ഒൻപതുമണിയ്ക്കു ഞാൻ തോട്ടത്തിൽ വന്നു കാത്തിരിയ്ക്കും!”, കണ്ണുനീർ തുടച്ച് അവൾ പറഞ്ഞവസാനിപ്പിച്ചു.

മരിയുസ് തോട്ടത്തിന്റെ പടിവാതിലടച്ചു പുറത്തിറങ്ങുമ്പോൾ തെരുവിൽ ആരുമുണ്ടായിരുന്നില്ല. തൊട്ടു മുമ്പു വന്ന ആറു കള്ളന്മാ

രുടെ പിന്നാലെ എപ്പൊറെന്നും പൊയ്ക്കഴിഞ്ഞിരുന്നു.

അക്കാലത്തു തൊണ്ണൂറ്റൊന്നു വയസ്സു പൂർത്തിയായിട്ടും കുനിയാനോ കുമ്പിടാനോ കൂട്ടാക്കാത്ത മൊസ്യു ഗിൽനോർമാൻ റ്യൂ കൽവേറിലുള്ള പഴയ വീട്ടിൽ മൂത്ത മകളുടെ കൂടെയായിരുന്നു താമസിച്ചിരുന്നത്. ഇന്നല്ലെങ്കിൽ നാളെ 'ആ തെമ്മാടി' തന്റെ കാൽക്കൽ വന്നു വീഴുമെന്നു പൂർണമായും വിശ്വസിച്ചിരുന്ന അദ്ദേഹം നാലു വർഷമായി മരിയുസിനെ കാത്തിരിക്കുന്നു! പക്ഷേ, ഈയിടെയായി മരിയുസിനേക്കാൾ മുമ്പ് മരണം വന്നു വാതിലിൽ മുട്ടാനിടയുണ്ടെന്നൊരു വിചാരം ആ വൃദ്ധനെ വല്ലാതെ അലട്ടാൻ തുടങ്ങി. എങ്കിൽപ്പോലും അയാളെക്കുറിച്ചൊരു വാക്കു തുറന്നു പറയാൻ അദ്ദേഹം തയാറായില്ല. ഒരു ദിവസം രാവിലെ മേശപ്പുറത്തു വെച്ചിരുന്ന ഇളയ മകളുടെ ചിത്രത്തിലേയ്ക്കു നോക്കി മൊസ്യു ഗിൽനോർമാൻ ആത്മഗതമെന്നപോലെ പറഞ്ഞു, "നല്ല മുഖഛായയുണ്ട്!"

തൊട്ടടുത്തു നിന്നിരുന്ന മൂത്ത മകൾ പെട്ടെന്നു ചോദിച്ചു, "അച്ഛാ, അച്ഛനിപ്പോഴും അവനോടുള്ള കോപം കുറഞ്ഞിട്ടില്ലേ?"

അദ്ദേഹം തലയുയർത്തി മുഖഭാവം വികൃതമാക്കിക്കൊണ്ട് അട്ടഹസിച്ചു, "അവൻ.. ആ മരിയുസോ? ഒന്നിനും കൊള്ളാത്ത തെമ്മാടി, നന്ദികെട്ട കോമാളി, ദുഷ്ടൻ, അധികപ്രസംഗി...!" പറയുന്നതിനിടയിൽ കണ്ണു താനേ നിറയുന്നതു മകൾ കാണാതിരിക്കാൻവേണ്ടി അദ്ദേഹം മുഖം തിരിച്ചു.

മരിയുസിന്റെ സ്ഥാനത്തു ലഫ്റ്റനന്റ് തെയോദുലിനെ പ്രതിഷ്ഠിക്കാനുള്ള മൂത്ത മകളുടെ ശ്രമം പക്ഷേ വിപരീതഫലമാണുണ്ടാക്കിയത്. സ്വത്തവകാശത്തിനു മോഹമുണ്ടെങ്കിലും ഇഷ്ടം നോക്കി നിൽക്കാനറിയാത്ത തെയോദുൽ വൃദ്ധനെ വല്ലാതെ മുഷിപ്പിച്ചു. മാത്രമല്ല, അദ്ദേഹം രണ്ടു പേരേയും തുലാസിലിട്ടു തൂക്കി ഒടുവിൽ മകളോടു പറഞ്ഞു, "ആ തെയോദുലിനെക്കൊണ്ട് എനിക്കു മതിയായി. നീ വേണമെങ്കിൽ വിളിച്ചു സൽക്കരിച്ചോ!"

ജൂൺ 24-നു രാവിലെ മൊസ്യു ഗിൽനോർമാൻ വായനാമുറിയിലെ ചാരുകസേരയിൽ കിടന്നു പതിവുപോലെ മരിയുസിനെക്കുറിച്ചു

ചിന്തിയ്ക്കുകയായിരുന്നു. അപ്പോൾ ഒരു ഭൃത്യൻ വന്നു പറഞ്ഞു, "ഒരു ചെറുപ്പക്കാരൻ കാണാൻ വന്നിട്ടുണ്ട്"

വൃദ്ധൻ പെട്ടെന്നെഴുന്നേറ്റു നിവർന്നിരുന്നു. ഹൃദയമിടിപ്പു വർദ്ധിയ്ക്കുന്നതു തൊട്ടറിഞ്ഞ് അദ്ദേഹം പറഞ്ഞു, "വന്നോട്ടെ!"

വാതിൽ തുറന്നു മരിയുസ് അകത്തേയ്ക്കു കടന്നു. അമ്പരപ്പും അത്യാഹ്ളാദവും മൂലം മതി മറന്നുപോയ മൊസ്യു ഗിൽനോർമാനു കുറച്ചു നിമിഷങ്ങൾക്കുശേഷം മാത്രമേ മരിയുസിനെ തിരിച്ചറിയാൻ കഴിഞ്ഞുള്ളൂ! നാലു വർഷംകൊണ്ടു മാന്യനും സുഭഗനുമായൊരു പുരുഷനായി തൊട്ടു മുന്നിൽ വന്നു നിൽക്കുന്ന പേരക്കുട്ടിയെ കൈ നീട്ടി സ്വീകരിച്ചു കെട്ടിപ്പുണരാൻ, വാത്സല്യം തുളുമ്പുന്ന വാക്കുകൾകൊണ്ടു കുശലം പറയാൻ, ആ വൃദ്ധന്റെ മനസ്സു ബദ്ധപ്പെട്ടു. പക്ഷേ, സ്വതഃസിദ്ധമായ പരുഷഭാവം കൈ വിടാതെ അദ്ദേഹം ചോദിച്ചു, "നീ എന്തിനു വന്നു?"

മറുപടി പറയുന്നതിനുമുമ്പു മരിയുസ് തന്റെ മാറിൽ വന്നു വീഴുമെന്നു വൃദ്ധൻ പ്രതീക്ഷിച്ചു. പക്ഷേ, ചോദ്യം കേട്ടു തെല്ലൊന്നമ്പരന്നു പോയ മരിയുസ് പറഞ്ഞു, "ഞാൻ വന്നത് -"

"മാപ്പു ചോദിയ്ക്കാനാണോ നീ വന്നത്?" ഈയൊരു ചോദ്യത്തോടെ മരിയുസ് വഴിപ്പെട്ടുമെന്നുതന്നെ അദ്ദേഹം കരുതി. പക്ഷേ, അച്ഛനെ തള്ളിപ്പറയുന്ന ആ സൂചന കേട്ടു ശരീരം വിറച്ചു പോയ മരിയുസ് ഉറച്ച സ്വരത്തിൽ പറഞ്ഞു, "അല്ല!"

"പിന്നെ എന്താണു നിനക്കെന്നോടു പറയാനുള്ളത്?"

ഒരഗാധഗർത്തത്തിലേയ്ക്കു പിടിവള്ളിപോലുമില്ലാതെ വീഴുകയാണെന്ന ഭാവത്തോടെ മരിയുസ് പറഞ്ഞു, "വിവാഹത്തിനു സമ്മതം ചോദിയ്ക്കാനാണു ഞാനിപ്പോൾ വന്നിരിയ്ക്കുന്നത്!"

മൊസ്യു ഗിൽനോർമാൻ ഉടനെ മകളെ വിളിച്ചു വരുത്തി പറഞ്ഞു, "ഇതാ, മൊസ്യു മരിയുസിനു വിവാഹമംഗളങ്ങൾ ആശംസിച്ചു തിരിച്ചു പൊയ്ക്കൊള്ളൂ!". അവരെന്തോ കേട്ടു ഭയന്നതുപോലെ മരിയുസിനെ നോക്കി വന്നതുപോലെ തിരിച്ചുപോയി.

മൊസ്യ ഗിൽനോർമാൻ മരിയുസിനു നേരേ തിരിഞ്ഞു പറഞ്ഞു, "അപ്പോൾ, ഇരുപത്തൊന്നാമത്തെ വയസ്സിൽ സ്വന്തം വിവാഹം നീ തന്നെ തീർച്ചപ്പെടുത്തി! ഇനി നാട്ടുനടപ്പായി ഒരു സമ്മതം കൂടി വേണം, അത്രയല്ലേ ഉള്ളൂ? ആട്ടെ, നീയിപ്പോൾ വക്കീൽപ്പണികൊണ്ട് എന്തു സമ്പാദിച്ചു?"

"ഒന്നുമില്ല!"

"അപ്പോൾ പെൺകുട്ടി സമ്പന്നയായിരിക്കും, അല്ലേ?"

"എന്നെപ്പോലെതന്നെ!"

"അങ്ങനെ വരുമ്പോൾ.. സ്ത്രീധനം?"

"ഒന്നുമില്ല!", മുത്തച്ഛന്റെ ചോദ്യശരങ്ങളിൽ നിരാശനായ മരിയുസ് തുടർന്നു, "ഞാൻ കാലു പിടിക്കാം, എനിക്കു സമ്മതം തരൂ!"

കർക്കശമായൊരു ചിരിയും ചുമയും ഒരുമിച്ചു വന്ന വൃദ്ധൻ കഷ്ടപ്പെട്ടു വിക്കി പറഞ്ഞു, "കൊള്ളാം..., ഇല്ല.., ഒരിക്കലുമില്ല!"

അവസാനത്തെ വാക്കുച്ചരിച്ചു കേട്ടതോടെ ആശയറ്റ മരിയുസ് തല താഴ്ത്തി മരണത്തിലേയ്ക്കെന്നപോലെ മുഖം തിരിച്ചു നടന്നു. പുറത്തേയ്ക്കു കാലുവെച്ച നിമിഷം വൃദ്ധൻ പിന്നാലെ ചെന്ന് അയാളെ കഴുത്തുപട്ടയിൽ പിടിച്ചു പിന്നോട്ടു വലിച്ചു കസേരയിലിരുത്തി പറഞ്ഞു, "എല്ലാം എന്നോടു തുറന്നു പറയ്!"

പ്രത്യാശയുടെ ആ കൈത്തിരിവെളിച്ചത്തിൽ ലഹരി പിടിച്ച മരിയുസ് നിലവിളിച്ചു, "അച്ഛാ, അച്ഛനിതറിഞ്ഞിരുന്നെങ്കിൽ! ഞങ്ങൾ തമ്മിൽ അനുരാഗത്തിലായിക്കഴിഞ്ഞു! ലക്സംബർഗിൽവെച്ചാണു ഞാനവളെ ആദ്യമായി കണ്ടത്. റു പ്ലുമേയിലൊരു വീട്ടിൽ താമസിക്കുന്ന അവരിതാ ഇംഗ്ളണ്ടിലേയ്ക്കു പോകാൻ തീരുമാനിച്ചിരിക്കുന്നു. അവളടുത്തില്ലാതെ... ഞാനെന്തു ചെയ്യും?"

വൃദ്ധൻ പെട്ടെന്നിടയ്ക്കു കയറി ചോദിച്ചു, "റു പ്ലുമേയിലെ വീടോ? എന്റെ മരുമകൻ തെയോദുൽ അതുപോലൊരു വീട്ടിലെ പെൺകിടാവിനെ കണ്ണു വെച്ചതായി കേട്ടിട്ടുണ്ട്. പക്ഷേ, അത്തരക്കാരെ നീയെന്തിനാണു കല്യാണം കഴിക്കുന്നത്? പണമില്ലെങ്കിൽ ഞാൻ തരാം! നീയവളെ വെപ്പാട്ടിയായി കൂടെ കൂട്ടിക്കോ!"

ഇടിവെട്ടേറ്റതുപോലെ മരിയുസ് ഞെട്ടിവിറച്ചു. ഒന്നും മിണ്ടാതെ തൊപ്പിയെടുത്തു വാതിൽക്കലേയ്ക്കു നടന്നുകൊണ്ട് അയാൾ പറഞ്ഞു, "അഞ്ചുകൊല്ലം മുമ്പ് നിങ്ങളെന്റെ അച്ഛനെ അപമാനിച്ചു. ഇന്നിപ്പോൾ എന്റെ കൊസെത്തിനേയും..! എനിയ്ക്കു നിങ്ങളുടെ യാതൊന്നും വേണ്ട, ഞാനിതാ പോകുന്നു!"

മൊസ്യു ഗിൽനോർമാൻ അമ്പരന്നു മിഴിച്ചു നിൽക്കേ, മരിയുസ് വാതിൽ തുറന്നു പുറത്തേയ്ക്കിറങ്ങി. നിമിഷനേരത്തേയ്ക്കു ശ്വാസം വിടാൻ പറ്റാതെ ചലനമറ്റു നിന്ന വൃദ്ധൻ ഒടുവിലൊരു ആർത്തനാദം മുഴക്കി. ശബ്ദം കേട്ട് ഓടിവന്ന മകളോടായി അദ്ദേഹം യാചനാസ്വരത്തിൽ പറഞ്ഞു, "ചെല്ലൂ, അവനെ കൂട്ടിക്കൊണ്ടുവരൂ, അവനു ഭ്രാന്തായിരിയ്ക്കുന്നു, ദൈവമേ, ഇനിയവൻ ഒരിയ്ക്കലും വരില്ലെന്നോ?"

പക്ഷേ, മരിയുസ് ആ പിൻവിളി കേൾക്കാൻ വയ്യാത്തത്ര ദൂരത്തേയ്ക്കു നടന്നു മറഞ്ഞുകഴിഞ്ഞിരുന്നു. കഠിനമായ മനോവേദന മൂലം കണ്ണുകളിൽ ഇരുട്ടു കയറിയ മൊസ്യു ഗിൽനോർമാൻ വെട്ടിയിട്ട തടിപോലെ ചാരുകസേരയിലേയ്ക്കു മലർന്നു വീണു.

9 : യാത്രയുടെ ലക്ഷ്യം

അന്നേ ദിവസം ഉച്ച തിരിഞ്ഞു നാലു മണിയോടെ വീട്ടിൽനിന്നു പുറത്തിറങ്ങിയ ഴാങ്വാൽഴാങ് തെരുവുകളിലൂടെ ചുറ്റി നടന്നു വിജനമായൊരിടത്തു ചെന്നിരുന്നു വിശ്രമിയ്ക്കുകയായിരുന്നു. ലക്സംബർഗിലും ഗോർബോചെറ്റപ്പുരയിലുംവെച്ചുണ്ടായ സംഭവങ്ങൾക്കുശേഷം കൊസെത്തിന്റെ കൂടെ താരതമ്യേന സമാധാനപരമായൊരു ജീവിതം നയിയ്ക്കാനാവുന്നതിൽ അയാൾക്കു തെല്ലൊരു സന്തോഷവും ചാരിതാർത്ഥ്യവും തോന്നി. പക്ഷേ, രണ്ടാഴ്ച മുമ്പ് നഗരത്തിലൊരു തിരക്കേറിയ തെരുവിൽ വെച്ചു തെനാർദിയറെ കാണാനിടയായ സാഹചര്യം അയാളെ വീണ്ടും ആശങ്കാകുലനാക്കി. നേരിട്ടു കണ്ടറിഞ്ഞില്ലെങ്കിലും തെനാർദിയർ ആ ഭാഗത്തു ചുറ്റിക്കറങ്ങുന്നുണ്ടെന്നു ഴാങ്വാൽഴാങിനു ബോദ്ധ്യമായി. കൂടാതെ, പാരീസിൽ ദിനംപ്രതി വളർന്നു വരുന്ന രാഷ്ട്രീയകലാപങ്ങൾ കൂടിയായപ്പോൾ ഫ്രാൻസ് വി

ട്ട് ഇംഗ്ളണ്ടിലേയ്ക്കു പോകുകയാണു നല്ലതെന്ന യുക്തിപരമായൊരു തീരുമാനത്തിൽ ഴാങ്‌വാൽഴാങ് ചെന്നെത്തി.

പിറ്റേന്നു കാലത്തു പതിവുപോലെ തോട്ടത്തിൽ നടക്കുമ്പോൾ മതിലിന്മേൽ ആരോ കത്തി കൊണ്ടു വരഞ്ഞിട്ട '16, റ്യൂ വെറേറി' യെന്ന ഒരു കുറിപ്പ് അയാളുടെ കണ്ണിൽപ്പെട്ടു. തലേന്നു രാത്രി അപരിചിതരാരോ തോട്ടത്തിൽ വന്നതായി വ്യക്തമാക്കുന്ന ആ തെളിവിനെക്കുറിച്ചു തൽക്കാലം ആരോടും പറയേണ്ടതില്ലെന്നു ഴാങ്‌വാൽഴാങ് നിശ്ചയിച്ചു. അത്തരത്തിൽ ഓരോ മനോരാജ്യം ചിന്തിച്ചു നടക്കുന്നതിനിടയിൽ പെട്ടെന്നു മതിലിനു പുറത്താരോ നിൽക്കുന്നതായി അയാൾക്കു തോന്നി. മാത്രമല്ല, നാലായി മടക്കിയ ഒരു തുണ്ടുകടലാസ് അയാളുടെ തൊട്ടു മുമ്പിൽ വന്നു വീഴുകയും ചെയ്തു. അയാൾ കടലാസ് കുനിഞ്ഞെടുത്തു നിവർത്തി വായിച്ചു: "എത്രയും വേഗം വീടു വിട്ടു പോവുക!". ഴാങ്‌വാൽഴാങ് തൽക്ഷണം പടിവാതിൽ കടന്നു തെരുവിൽ ചെന്നു നോക്കി. കുറച്ചകലെ കീറത്തുണി വാരിച്ചുറ്റി നടന്നു പോകുന്ന ഒരു പെണ്ണിനെയല്ലാതെ മറ്റാരേയും അയാൾ കണ്ടില്ല.

മരിയുസ് യാതൊരു പ്രതീക്ഷയുമില്ലാതെയാണു മുത്തച്ഛനെ കാണാൻ ചെന്നതെങ്കിലും അപ്രതീക്ഷിതമായ നിരാശയുടെ ഭാരവും ചുമന്നാണു രാത്രി തിരിച്ചു വീട്ടിലെത്തിയത്. കാലത്തുണർന്ന ഉടനെ കുർഫരാക്ക് ചോദിച്ചു, "മരിയുസ്, ഞങ്ങളുടെ കൂടെ ജനറൽ ലമാർക്കിന്റെ ശവസംസ്കാരത്തിനു വരുന്നോ?".

കുർഫരാക്കിന്റെ കൂടെ ആൻഷൊൽരായും കൊംബ്ഫേറും ഫെയ്‌ലിയുമുണ്ടായിരുന്നു. അവർ പോയി കുറച്ചു കഴിഞ്ഞപ്പോൾ മരിയുസ് കിടയ്ക്കയിൽനിന്നെഴുന്നേറ്റു ഴാവേർ സമ്മാനിച്ച രണ്ടു കൈത്തോക്കുകളും കീശയിലിട്ടു പുറത്തേയ്ക്കിറങ്ങി. എന്തു ചെയ്യണമെന്നു കൃത്യമായ വെളിവില്ലാതെ പകൽ മുഴുവൻ അയാൾ മനോരാജ്യത്തിൽ മുങ്ങി പലയിടത്തും ചുറ്റിക്കറങ്ങി. രാത്രി ഒൻപതു മണിയ്ക്കു കൊസെത്തിനെ ചെന്നു കാണുകയെന്ന ഒരൊറ്റ ചിന്ത മാത്രമേ അയാളുടെ മനസ്സിലുണ്ടായിരുന്നുള്ളൂ. നഗരത്തിൽ അവിടവിടെയായി ചില ശബ്ദങ്ങൾ കേൾക്കുമ്പോൾ ചിന്തയിൽനിന്നു തല പുറത്തേയ്ക്കിട്ടു നോക്കി

അയാൾ സ്വയം ചോദിയ്ക്കും, "എന്താ, യുദ്ധം നടക്കുന്നുണ്ടോ?"

കൃത്യം ഒൻപതുമണിയ്ക്കുതന്നെ മരിയുസ് റ്യൂ പ്ലൂമെയിലെത്തി അക്ഷമനായി പടിവാതിൽ തുറന്ന തോട്ടത്തിൽ കൊസെത്ത് കാത്തിരിയ്ക്കാമെന്നു പറഞ്ഞ സ്ഥലത്തെത്തി. അവളെ അവിടെയെങ്ങും കാണാതെ അയാൾ വീടിന്റെ പൂമുഖത്തേയ്ക്കെത്തിച്ചു നോക്കി. പുറത്താരുമില്ല, കൊസെത്തിന്റെ ജനാലകൾ അടഞ്ഞു കിടക്കുന്നു! അവളുടെ അച്ഛനുമായി കൂട്ടിമുട്ടാൻ തെല്ലൊരു ശങ്കയുണ്ടെങ്കിലും അയാൾ രണ്ടും കൽപ്പിച്ചു വാതിലിൽ മുട്ടി വിളിച്ചു. ആരും പുറത്തേയ്ക്കു വന്നില്ല..! അവർ പൊയ്ക്കഴിഞ്ഞു..!

മരിയുസ് തലയ്ക്കു കൈവെച്ചു കഠിനമായ ഹൃദയഭാരത്തോടെ തോട്ടത്തിലെ കല്ലുബെഞ്ചിൽ ചെന്നിരുന്നു. കൊസെത്ത് വിട്ടുപൊയ്ക്കഴിഞ്ഞ നിലയ്ക്കു മരണമല്ലാതെ മറ്റൊരു മാർഗവും അയാൾ മുന്നിൽ കണ്ടില്ല. പെട്ടെന്നാരോ തെരുവിൽനിന്ന് അയാളെ പേരു പറഞ്ഞു വിളിച്ചു, "മിസ്റ്റർ മരിയുസ്, നിങ്ങളുടെ കൂട്ടുകാർ റു ഷങ്വെറിയിലെ കവലയിൽ കാത്തുനിൽക്കുന്നുണ്ട്!" മരിയുസ് നോക്കുമ്പോൾ എപ്പൊനൈന്റെ ചിലമ്പിച്ച ശബ്ദത്തോടു സാദൃശ്യമുള്ള ഒരു പയ്യൻ ഇരുട്ടിലേയ്ക്കു മറയുന്നതു കണ്ടു.

ഗവ്രോഷ് പണിപ്പെട്ടു സമ്പാദിച്ച ഴാങ്വാൽഴാങിന്റെ പണസഞ്ചി മൊസ്യൂ മബേയ്ക്കു പക്ഷേ ഉപയോഗപ്പെട്ടില്ല. സ്വർഗത്തിൽനിന്നു വീണ ആ നക്ഷത്രം അദ്ദേഹം അവകാശിയ്ക്കു തിരിച്ചേൽപ്പിയ്ക്കാൻ പറഞ്ഞു പോലീസിലേൽപ്പിയ്ക്കുകയാണു ചെയ്തത്. അതിനിടയിൽ വീട്ടുവാടകയ്ക്കും ചിലവിനുമായി പണയം വെച്ചിരുന്ന അദ്ദേഹത്തിന്റെ അമൂല്യമായ സസ്യചിത്രഫലകങ്ങൾ ലേലം വിളിച്ചു വിറ്റുപോയി. എഴുതി മുഴുമിപ്പിയ്ക്കാത്ത പുസ്തകങ്ങൾ കടലാസുവിലയ്ക്കു കൊടുക്കേണ്ടി വന്നു. അദ്ദേഹം പുറത്തിറങ്ങുമ്പോൾ ആളുകൾ വഴി മാറി നടക്കാൻ തുടങ്ങി. കുഞ്ഞിന്റെ നിസ്സഹായത ഒരമ്മയ്ക്കു മനസ്സിലാകും, പെൺകുട്ടിയുടെ ദുരവസ്ഥ ചെറുപ്പക്കാരൻ കണ്ടറിയും, പക്ഷേ ഒരു കിഴവന്റെ കഷ്ടപ്പാട് ആരും ശ്രദ്ധിയ്ക്കില്ല! അപ്പോഴൊക്കെ അലമാരയിലിരിയ്ക്കുന്ന

ഡയോജിനസിന്റെ പുസ്തകത്തിലേയ്ക്കു നോക്കി അദ്ദേഹം പുഞ്ചിരി യ്ക്കും! ഒരു ദിവസം രാവിലെ മദാം പ്ലൂതാർക്ക് വന്നു പറഞ്ഞു, “ഭക്ഷണ ത്തിനെന്തെങ്കിലും വാങ്ങിയ്ക്കാൻ ഒരു വഴിയുമില്ല!"

കുറച്ചുനേരം കണ്ണടച്ചിരുന്ന മൊസ്യു മബെ അലമാരി തുറന്നു, സ്വ ന്തം മക്കളെ വെവ്വേറെ നോക്കിക്കാണുന്ന ഒരച്ഛനെപ്പോലെ, പുസ്തക ങ്ങളോരോന്നായി മറിച്ച് അവസാനം ഒരെണ്ണം വലിച്ചെടുത്തു കക്ഷ ത്തിൽ തിരുകി പുറത്തേയ്ക്കിറങ്ങി. ഒരു മണിക്കൂർ കഴിഞ്ഞു കക്ഷ ത്തിലൊന്നുമില്ലാതെ തിരിച്ചുവന്ന അദ്ദേഹം മുപ്പതു സൂ മദാം പ്ലൂതാർ ക്കിന്റെ കൈയിൽ വെച്ചുകൊടുത്തു.

തോട്ടക്കൃഷിക്കാരുടെ സംഘത്തിലൊരു അംഗമായ അദ്ദേഹത്തി ന്റെ ദുരവസ്ഥ കേട്ടറിഞ്ഞ കൃഷിമന്ത്രി പറഞ്ഞു, "പരമസാധുവായൊ രു സസ്യശാസ്ത്രജ്ഞൻ! നോക്കട്ടെ, നമുക്കെന്തെങ്കിലും ചെയ്തുകൊടു ക്കാം!". പിറ്റേന്നു മൊസ്യു മബേയ്ക്കു, തന്നെ വന്നു കാണാൻ പറഞ്ഞു മ ന്ത്രിയുടെ ക്ഷണം കിട്ടി. കീറിപ്പറിഞ്ഞ കുപ്പായവും തുള വീണ തൊ പ്പിയും ധരിച്ചെത്തിയ അദ്ദേഹത്തെ പക്ഷേ കാവൽക്കാർ കണ്ടതാ യി നടിച്ചില്ല. പകൽ മുഴുവൻ മന്ത്രിയുടെ വീട്ടുമുറ്റത്തു കാത്തുനിന്ന അ ദ്ദേഹം സന്ധ്യയ്ക്കു വെറുംകൈയോടെ വീട്ടിൽ തിരിച്ചെത്തി.

ഒരു ദിവസം രാവിലെ മൊസ്യു മബെ തോട്ടത്തിലൊരു ബഞ്ചിൽ തല കുനിച്ചിരുന്നു മനോരാജ്യം കാണുകയായിരുന്നു. ഇടയ്ക്കിടെ പെ യ്തുകൊണ്ടിരുന്ന മഴ അദ്ദേഹം ശ്രദ്ധിയ്ക്കുന്നതായി തോന്നിയില്ല. നഗ രത്തിൽ അവിടവിടെനിന്നായി വരുന്ന അസാധാരണമായ ബഹളം കേട്ടു തെരുവിലൂടെ പോകുന്ന കൃഷിക്കാരനോട് അദ്ദേഹം ചോദിച്ചു, "എന്താണൊരു ബഹളം?"

അയാൾ തികഞ്ഞ ഉദാസീനതയോടെ പറഞ്ഞു, “എവിടെയോ വെടിവെപ്പു നടന്നിട്ടുണ്ട്, കലാപമാണെന്നു തോന്നുന്നു!”

മൊസ്യു മബെ അകത്തേയ്ക്കു ചെന്നു തൊപ്പിയെടുത്തു, പതിവുപോ ലെ കക്ഷത്തിൽ തിരുകാനൊരു പുസ്തകം തിരഞ്ഞു. പ ക്ഷേ, അല മാരി തീർത്തും കാലിയായിരിയ്ക്കുന്നതു കണ്ട് അമ്പരപ്പോടെ മുഖം കു നിച്ച് അദ്ദേഹം തെരുവിലേയ്ക്കിറങ്ങി നടന്നു.

10 : 1832 ജൂൺ 5

ചില സവിശേഷമായ കാലാവസ്ഥകളിൽ പെട്ടെന്ന് രൂപപ്പെട്ട് പുല്ലിനേയും മരത്തേയും ദുർബലനേയും ബലവാനേയും ഒരുപോലെ എടുത്തടിച്ച് തട്ടിത്തകർക്കുന്ന സമൂഹാന്തരീക്ഷത്തിലെ ചുഴലികളാണ് കലാപങ്ങൾ! അധികാരശക്തികളുടെ മാറ്റുരച്ചു നോക്കുന്ന ഈ കായികാഭ്യാസപരീക്ഷ നാട്ടുവാഴികളെ ആരാദ്ധ്യരാക്കുകയും പോലീസിന്റെ പേശീബലം വർദ്ധിപ്പിയ്ക്കുകയും ചെയ്യുന്നു. ജൂലായ്‌വിപ്ലവം ജനങ്ങൾക്കു സ്വാതന്ത്ര്യത്തെക്കുറിച്ചൊരു ബോധമാണുണ്ടാക്കിയതെങ്കിൽ കലാപങ്ങൾ തൊട്ടു മുമ്പിലുള്ള അത്യാപത്തുകളെയാണു വെളിവാക്കിക്കൊടുത്തത്. കലാപങ്ങൾ കടകൾ അടപ്പിയ്ക്കുന്നു, ജോലി തടയുന്നു, പണമിടപാടുകൾ തകരാറിലാക്കുന്നു, സർവോപരി സമൂഹത്തിൽ ഭയം ജനിപ്പിയ്ക്കുന്നു. വിജനമായ മൈതാനങ്ങളിലും ദുർഗമമായ മലകളിലുംവെച്ചു നടക്കുന്ന യുദ്ധങ്ങളെപ്പോലെതന്നെ ഗൗരവമുള്ളതാണു നഗരത്തിലെ രാജവീഥികളിൽ പൊട്ടിപ്പുറപ്പെടുന്ന കലാപങ്ങളും! പക്ഷേ, ജനങ്ങൾക്കു നിർഭയത്വം തെളിയിയ്ക്കാനും അധികാരികൾക്കു ശക്തി പരീക്ഷിയ്ക്കാനും കലാപങ്ങൾ കൂടിയേ കഴിയൂ!

മൂന്നു മാസത്തോളമായി പൊള്ളുന്ന ചൂടിൽ തിളച്ചുരുകുകയായിരുന്ന പാരീസ് നഗരം സ്വയം കത്തിക്കരിയാനുള്ള ഒരു തീപ്പൊരിയ്ക്കു വേണ്ടി കാത്തിരിയ്ക്കുകയായിരുന്നു. 1832 ജൂണിലുണ്ടായ ജനറൽ ലമാർക്കിന്റെ മരണം ആ തീപ്പൊരിയായി മാറി. ചക്രവർത്തിഭരണത്തിലും രാജത്വപുന:സ്ഥാപനത്തിലും ഒരുപോലെ അഭിമതനായൊരു നേതാവായിരുന്നു, ലമാർക്ക്! 1815-ൽ ഇംഗ്ളണ്ടുമായുണ്ടാക്കിയ സന്ധിയ്ക്കുശേഷം വെല്ലിങ്ടണോടുള്ള അപ്രിയം മറയ്ക്കാതെ അദ്ദേഹം ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു. ജനങ്ങളൊരു നഷ്ടമായി കരുതിയ അദ്ദേഹത്തിന്റെ മരണത്തെ അധികാരികളൊരു തഞ്ചമായി കണ്ടു!

ലമാർക്കിന്റെ ശവസംസ്കാരഘോഷയാത്ര നടക്കുന്ന സാങ്ആന്ത്വാങ് തെരുവു തലേന്നു വൈകുന്നേരം മുതൽക്കുതന്നെ ജനനിബിഡമായി മാറി. കൃഷിക്കാരൻ ളുമ്പയും മരാശാരി കൊട്ടോടിയും പാച

കക്കാരൻ ചട്ടുകവുമായി ഓരോരുത്തരും കൈയിൽത്തടഞ്ഞ ആയു ധങ്ങളുമായാണു വന്നത്. പകൽ മുഴുവൻ ഇടയ്ക്കിടെ മഴ പെയ്യുന്നുണ്ടാ യിരുന്നു. ജനബാഹുല്യം കണക്കിലെടുത്തു പതിവിലേറെ ഭടന്മാർ ഇരുവശങ്ങളിലും അണിനിരന്ന ശവസംസ്കാരയാത്ര വാദ്യഘോഷ ങ്ങളുടെ അകമ്പടിയോടെ മുന്നോട്ടു നീങ്ങി. ശവമഞ്ചം ചുമന്നത് ഒരു കൂട്ടം ചെറുപ്പക്കാരായിരുന്നു. പെട്ടെന്നു വിദ്യാർത്ഥികളും കൂലിപ്പണി ക്കാരും വീട്ടമ്മമാരും കുട്ടികളും വിദേശത്തുനിന്നുള്ള അഭയാർത്ഥിക ളുമടങ്ങുന്ന ക്ഷുഭിതമായൊരു ജനക്കൂട്ടം കൊടികളും ആയുധങ്ങളും വീശി യാതൊരു ക്രമവുമില്ലാതെ ഒന്നും രണ്ടും മൂന്നും പേരായി ഘോ ഷയാത്രയുടെ മുന്നിലേക്കു വന്നെത്തി. തെരുവിനിരുവശവുമുള്ള മേൽ പ്പുരകളിലും മട്ടുപ്പാവുകളിലും ജനാലകളിലും മരക്കൊമ്പുകളിലും തി ങ്ങിനിറഞ്ഞ തലകൾ ആ ഘോഷയാത്ര കടന്നുപോകുന്നതു നിശ്ശ ബ്ദം നോക്കിനിന്നു. അവരുടെ മേൽ ചാടിവീഴാൻ തക്കവിധം ഇരുപ ത്തിനാലായിരം ഭടന്മാരെ അധികാരികൾ നഗരത്തിലെങ്ങും തയാ റാക്കി നിർത്തിയിരുന്നു.

ഘോഷയാത്ര ബസ്തീൽ കടന്നു ചിറുവോൽ പിന്നിട്ട് ഓസ്റ്റർ ലി ത്സ് പാലത്തിന്റെ പുൽത്തകിടിയിലെത്തി. പാലം മുതൽ ബുദോങ് വരെ ഒരു വാൽനക്ഷത്രംപോലെ നീണ്ടുകിടന്ന ജനക്കൂട്ടം ബസ്തീൽ മുഴുവനും മൂടിക്കളഞ്ഞു. അവരൊന്നും മിണ്ടുന്നില്ല. ജനറൽ ലഫായെ ത്ത് ചടങ്ങുകൾക്കുള്ള ആമുഖമായി ഉള്ളിൽത്തട്ടുന്നവിധം ലമാർക്കി നോട് അന്ത്യയാത്ര പറഞ്ഞു. എല്ലാവരും തലയിൽനിന്നു തൊപ്പി യെടുത്തു മുഖം കുനിച്ചു നിന്നു. പെട്ടെന്നു ജനക്കൂട്ടത്തിൽ കുതിരപ്പുറ ത്തിരുന്ന ഒരാൾ ഒരു ചുവന്ന കൊടി വായുവിലേയ്ക്ക് ആഞ്ഞു വീശി. ലഫായേത്ത് തലതിരിച്ചു. ജനങ്ങൾ കൂക്കിവിളിയ്ക്കാൻ തുടങ്ങി. ചെറു പ്പക്കാർ ലമാർക്കിന്റെ ശവവണ്ടിയുമായി സംസ്കാരസ്ഥലത്തേക്കു നീ ങ്ങി; ലഫായെത്തിനെ വാടകവണ്ടിയിൽ കയറ്റി ടൗൺഹാളിലേക്കു കൊണ്ടുപോയിരുന്നവർ വഴിയിൽവെച്ചു വിളിച്ചുപറഞ്ഞു, “അതാ, കു തിരപ്പട്ടാളം വരുന്നു!”

കുതിരപ്പട്ടാളവും ജനക്കൂട്ടവും തമ്മിൽ കൂട്ടിയുരസി; സ്ത്രീകൾ പേടി

ച്ചരണ്ടു; പെട്ടെന്നു മൂന്നു വെടി പൊട്ടി; ഒന്നാമത്തേതിൽ കുതിരപ്പട്ടാളത്തിലെ സേനാധിപൻ കൊല്ലപ്പെട്ടു; രണ്ടാമത്തേതു വീടിന്റെ ജനൽപ്പാളി അടച്ചുകൊണ്ടിരുന്ന ഒരു വൃദ്ധയുടെ മേൽ ചെന്നു തറച്ചു; മൂന്നാമത്തേത് ഒരു പട്ടാളക്കാരന്റെ കൈ അരിഞ്ഞു വീഴ്ത്തി. ജനങ്ങൾ സെയിൻനദിയുടെ തീരത്തേയ്ക്കു പാഞ്ഞു. യുദ്ധം തുടങ്ങിക്കഴിഞ്ഞ വിവരം കാട്ടുതീപോലെ നഗരത്തിന്റെ നാനാഭാഗങ്ങളിലും പടർന്നു.

കലാപത്തിന്റെ പുറപ്പാടുപോലെ അസാധാരണമായി മറ്റൊന്നുമില്ല. സകലതും സകലയിടങ്ങളിലും ഒരേസമയം പൊട്ടി മുളയ്ക്കുന്നു. കാൽ മണിക്കൂർ കഴിഞ്ഞപ്പോഴേയ്ക്കും റ്യൂ സാങ്തിൽ ഒത്തുകൂടിയ ഇരുപതു ചെറുപ്പക്കാർ ഒരു ചാരായക്കടയിൽ കയറിച്ചെന്നു മൂന്നുപേരെക്കൂടി കൂട്ടി പുറത്തേയ്ക്കു വന്നു; റ്യൂ ദെനോങിലൊരു നാട്ടുപ്രമാണി വഴിപോക്കർക്കു പരസ്യമായി വെടിയുണ്ടകൾ സമ്മാനിയ്ക്കാൻ തുടങ്ങി; റ്യൂ സാങ്പിയേറിൽ താമസിയ്ക്കുന്നവർ 'പ്രജാഭരണം അല്ലെങ്കിൽ മരണ'മെന്നെഴുതിയ കറുത്ത കൊടി ആഞ്ഞു വീശി തെരുവിലൂടെ കടന്നുപോയി; സാങ്മെർതെങ്ങിലെ ആയുധശാല ചിലർ കൊള്ളയിട്ടു; റ്യൂ പേളിൽ വെടിയുണ്ടയേറ്റു മരിച്ച കൂലിപ്പണിക്കാരന്റെ ശവം തെരുവിൽ ആരും നോക്കാനില്ലാതെ അനാഥമായി കിടന്നു; ഒരിടിവെട്ടിനിടയിൽ ഒരായിരം മിന്നൽപ്പിണരുകളെപ്പോലെ ഒരു കലാപത്തിന്റെ പുറപ്പാടിനുള്ളിൽ ഒരുപാടു ദുരന്തങ്ങൾ നടന്നു കഴിഞ്ഞു!

വൈകുന്നേരം ആറുമണിയോടെ സോമോങ്തെരുവ് യുദ്ധക്കളമായി മാറി. ഒരുവശത്തു കലാപകാരികൾ, മറുവശത്തു പട്ടാളം. വീടുകളുടെ ജനാലകളും വാതിലുകളും അടഞ്ഞുകിടന്നു. ഭയജനകമായ വാർത്തകൾ അന്തരീക്ഷത്തിൽ പാറി നടന്നു: 'പുഴയുടെ തീരം കീഴടക്കപ്പെട്ടു, സന്യാസിമഠത്തിൽ അറുന്നൂറുപേർ പതിയിരിയ്ക്കുന്നുണ്ട്, കാലാൾപ്പടയെ വിശ്വസിയ്ക്കാനാവില്ല, പള്ളിയിലെ പുരോഹിതൻ സൈന്യാധിപനെ കാണാൻ പോയിരുന്നു'! പട്ടാളക്കാർ നിർബന്ധപൂർവം സകല വഴിപോക്കരുടേയും ദേഹപരിശോധന നടത്തി. രാത്രിയായതോടെ പുരുഷന്മാരും സ്ത്രീകളുമടക്കം എണ്ണൂറുപേർ ജയിലിലായി. ഓ

രോരോ വീടുകളിലെ ഭാര്യമാരും അമ്മമാരും സ്വസ്ഥത നഷ്ടപ്പെട്ടു വിലപിച്ചു, "അയ്യോ, അവനിനിയും വന്നില്ലല്ലോ!"

കാഹളങ്ങൾക്കും പെരുമ്പറകൾക്കും വെടിയൊച്ചകൾക്കും മീതെ പള്ളിയിൽനിന്നുള്ള ദുഃഖസൂചകമായ മണിയടിയ്ക്കുവേണ്ടി ജനങ്ങൾ കാതോർത്തു. ഇരുട്ടിന്റെ കനം വർദ്ധിയ്ക്കുന്തോറും, നിമിഷംപ്രതി, കലാപത്തിന്റെ തീജ്വാലയേറ്റ് പാരീസിലെ തെരുവുകൾ ചുവന്നു തുടുക്കാൻ തുടങ്ങി.

11 : കരിയിലയും കൊടുങ്കാറ്റും

ആയുധശാലയുടെ മുമ്പിൽവെച്ചു സൈന്യവും ജനക്കൂട്ടവും ഏറ്റുമുട്ടിയതോടെ ഘോഷയാത്രയുടെ രൂപഭാവങ്ങൾക്കു വല്ലാത്തൊരു ഉലച്ചിൽ സംഭവിച്ചു. വരിനിരകൾ തകർന്നു; മൗനത്തിന്റെ മതിലുകൾ ഇടിഞ്ഞു; തിങ്ങിനിറഞ്ഞ ജനങ്ങൾ മുഴുവൻ ആർത്തിരമ്പി ഞൊടിയിടകൊണ്ടു തെരുവുകളിലൂടെ തള്ളിപ്പരന്നൊഴുകി. ആ കോലാഹലത്തിനിടയിൽപ്പെട്ട ഗവ്രോഷ് കൗതുകവസ്തുക്കൾ വിൽക്കുന്ന കടയിൽനിന്നു പഴയൊരു കളിത്തോക്കു റാഞ്ചിയെടുത്തു താളത്തിനൊപ്പിച്ച ചില പാട്ടുകളും പാടി ജനക്കൂട്ടത്തിന്റെ ഉള്ളിലേയ്ക്ക് ഊളിയിട്ടു.

അന്നൊരു രാത്രി കോരിച്ചൊരിയുന്ന മഴയത്തു രണ്ടു ചിടുങ്ങന്മാരെ ആനവായിലേയ്ക്കു കൂട്ടിക്കൊണ്ടുപോയപ്പോൾ സ്വന്തം കൊച്ചനുജന്മാർക്കാണു താൻ ദൈവമായി മാറിയതെന്നു ഗവ്രോഷ് തീരെ മനസ്സിലാക്കിയിരുന്നില്ല; അതേ രാത്രിതന്നെ സ്വന്തം അച്ഛന്റെ മുമ്പിലും അവൻ ദൈവമായി പ്രത്യക്ഷപ്പെട്ടു. പിറ്റേന്നു കാലത്തു പ്രാതൽ നൽകി സൽക്കരിച്ചശേഷം രണ്ടു ചിടുങ്ങന്മാരേയും അവൻ വളർത്തമ്മയായ തെരുവിന്റെ പക്കലേൽപ്പിച്ചു ചെറിയൊരു ഉപദേശവും കൊടുത്തു, "പിള്ളേരേ, ഞാനെന്റെ വഴിയ്ക്കു പോകുന്നു; വഴിയിൽവെച്ച് തന്തയേയോ തള്ളയേയോ കണ്ടുമുട്ടിയില്ലെങ്കിൽ വൈകുന്നേരം ഇങ്ങോട്ടു പോന്നോ! ഉള്ളതു നമുക്കു പങ്കുവെച്ചു കഴിയാം!" പക്ഷേ, പോലീസുകാർ പിടിച്ചു കൂട്ടിലാക്കിയതോ, വായ്പ്പിട്ടുകാർ വന്നു തട്ടിയെടുത്തതോ, അതല്ല നഗരത്തിന്റെ ചങ്ങലക്കെട്ടിൽ കുടുങ്ങിയതോ എന്തോ

പിന്നീടവർ തിരിച്ചുവന്നില്ല. ഗവ്രോഷ് ചിലപ്പോൾ തല ചൊറിഞ്ഞു ചിന്തിയ്ക്കും, "എന്റെ പിള്ളേർ എവിടെപ്പോയി?"

ഒരു കൈത്തോക്കും കൈയിൽ പിടിച്ചു തെരുവിലൂടെ നടക്കാൻ കഴിയുന്ന അവസ്ഥയെക്കുറിച്ച് ആലോചിയ്ക്കുന്തോറും ഗവ്രോഷിന് ഉത്സാഹം വർദ്ധിച്ചു. ദേശീയഗാനം നീട്ടിപ്പാടുന്നതിനിടയിൽ അവനുറക്കെ വിളിച്ചു പറഞ്ഞു, "കൊള്ളാം കൂട്ടുകാരേ എല്ലാം നന്നാവുന്നുണ്ട്! ഒരു പോലീസുകാരനെ കിട്ടിയിരുന്നെങ്കിൽ ഞാൻ ഈ കൈത്തോക്കൊന്നു പരീക്ഷിച്ചു നോക്കിയേനേ!". അതിനിടയിൽ കുതിര വിരണ്ടു താഴെ വീണ ഒരു പട്ടാളക്കാരനെ അവൻ താങ്ങിപ്പിടിച്ച് എഴുന്നേൽപ്പിച്ചു. ഒരിടത്തൊരു വീടിന്റെ ഉമ്മറത്തിരുന്ന നാലു പെണ്ണുങ്ങൾ പുറത്തു നടക്കുന്ന ബഹളങ്ങളറിയാതെ സൊറ പറയുന്നതു കണ്ട് അവൻ ചോദിച്ചു, "മുത്തശ്ശിമാരേ, എന്താണു നിങ്ങളുടെ രാഷ്ട്രീയം?"

"പോടാ, തെമ്മാടി!", അവരവനെ വഴക്കു, "ഇവന്റെ കൈയിലെന്താ കൈത്തോക്കോ? അധികാരികൾക്കെന്തെങ്കിലും അപകടം പറ്റാതെ ഇവറ്റകളിങ്ങനെ തുള്ളിച്ചാടാനിടയില്ല!"

ചിട്ടങ്ങന്മാരെ കടയിൽനിന്ന് ആട്ടിയോടിച്ച ക്ഷുരകൻ ആ സമയത്തൊരു പട്ടാളക്കാരന്റെ മുടി വെട്ടിക്കൊണ്ടിരിയ്ക്കുകയായിരുന്നു. പണിയും വർത്തമാനവും ഒരുപോലെ മുന്നേറുന്നതിനിടയിൽ പെട്ടെന്നുണ്ടായ ഒരു വെടിയൊച്ചയിൽ കടയാകെ കുലുങ്ങി. പട്ടാളക്കാരന്റെ മുന്നിലുള്ള കണ്ണാടി പൊട്ടിത്തകർന്നു താഴെ വീണു. ക്ഷുരകൻ പേടിച്ചരണ്ടു പറഞ്ഞു, "പീരങ്കിയുണ്ടയായിരിയ്ക്കും!" പട്ടാളക്കാരൻ നിലത്തു കിടന്നുരുളുന്ന ഒരുണ്ട പെറുക്കിയെടുത്തു ക്ഷുരകന്റെ കൈയിൽ കൊടുത്തു. പക്ഷേ, അതൊരു വെള്ളാരങ്കല്ലായിരുന്നു! ക്ഷുരകൻ ജനലിലൂടെ പുറത്തേയ്ക്കു നോക്കുമ്പോൾ കടയിലേയ്ക്കു നോക്കി സലാം പറഞ്ഞു കുതിച്ചു പായുന്ന ഗവ്രോഷിനെയാണു കണ്ടത്!

സാങ്ഴാങിൽവെച്ച് ഗവ്രോഷ്, ആൻഷൊൽരാ നയിയ്ക്കുന്ന സംഘത്തോടു കൂടിച്ചേർന്നു. ആൻഷൊൽരാ ഒരിരട്ടക്കുഴൽത്തോക്കും കുർഫരാക്ക് ഒരു വടിവാളും കൈയിൽ കരുതിയിട്ടുണ്ട്. തൊപ്പിയില്ലാ

തെ മഴയത്തു കണ്ണിൽനിന്നു മിന്നൽപ്പിണർ തെറിപ്പിയ്ക്കുന്ന അവരോടു ഗവ്രോഷ് ചോദിച്ചു, "നമ്മളെങ്ങോട്ടാണു പോകുന്നത്?"

"വരൂ, ഞങ്ങളുടെ കൂടെ പോരൂ!", കുർഫരാക്ക് പറഞ്ഞു.

വിദ്യാർത്ഥികളും കൃഷിക്കാരും തൊഴിലാളികളും കൂലിപ്പണിക്കാരും അവരുടെ പിന്നാലെ കൂടി. റ്യു ബില്ലേത്തിൽവെച്ച് ആയുധങ്ങളൊന്നും കൈയിലില്ലാതെ മനോരാജ്യത്തിൽ മുഴുകി നടന്ന മറ്റൊരു ധീരയോദ്ധാവും സംഘത്തിൽ ചേർന്നു നടന്നു. ഓരോ നടവഴി പിന്നിടുന്തോറും ജനക്കൂട്ടത്തിലെ അംഗസംഖ്യ കൂടിവന്നു. ആൻഷൊൽരായും കൂട്ടരും അപരിചിതനായ ആ യോദ്ധാവിന്റെ ധീരവും സാഹസികവുമായ മുഖഭാവം കാണാതിരുന്നില്ല. പക്ഷേ, കടകളുടെ വാതിൽക്കൽ കളിത്തോക്കുകൊണ്ടു മേടുന്നതിലും പാട്ടു പാടുന്നതിലും മാത്രം മുഴുകിയിരുന്ന ഗവ്രോഷ് അയാളെ ശ്രദ്ധിച്ചില്ല. അവരുടെ യാത്ര യദൃച്ഛയാ കുർഫരാക്ക് താമസിയ്ക്കുന്ന തെരുവിലേയ്ക്കു തിരിഞ്ഞു. "നന്നായി", അയാൾ പറഞ്ഞു, "ഞാനെന്റെ സഞ്ചി എടുത്തുവരാം!"

അയാൾ പെട്ടെന്നു വീട്ടിലേയ്ക്ക് ഓടിക്കയറി വലിയൊരു ചതുരപ്പെട്ടിയെടുത്തു കുപ്പായത്തിൽ ഒളിപ്പിച്ചു തിരിച്ചുപോകാൻ ഒരുങ്ങുമ്പോൾ വീട്ടുകാവൽക്കാരി വന്നു പറഞ്ഞു, "കുറേ നേരമായി ആരോ നിങ്ങളെ കാത്തിരിയ്ക്കുന്നുണ്ട്!"

ഉടനെ മെലിഞ്ഞു വിളർത്തു കീറിപ്പറിഞ്ഞ വേഷത്തോടെ, പെൺകുട്ടിയുടെ ഭാവമുള്ള, ഒരു യുവാവ് പുറത്തേയ്ക്കു വന്നു കുർഫരാക്കിനോടു ചോദിച്ചു, "മൊസ്യു മരിയുസ്?"

"അദ്ദേഹം ഇവിടെയില്ല"

"വൈകുന്നേരം വരുമോ?"

"അറിയില്ല, പക്ഷേ, ഞാനിനി തിരിച്ചുവരില്ല!"

"അപ്പോൾ, നിങ്ങളെങ്ങോട്ടാണു പോകുന്നത്?"

"ഞാനിതാ തെരുവിലേയ്ക്കിറങ്ങുന്നു.."

"ഞാനും കൂടെ പോരട്ടെ?"

"ഇഷ്ടംപോലെ, തെരുവിലൂടെ ആർക്കും നടക്കാം!"

സംഘത്തിന്റെ കൂടെ ചേർന്നയുടനെ അയാൾ കുപ്പായത്തിൽ ഒ

ളിപ്പിച്ചിരുന്ന പെട്ടി മറ്റൊരാളുടെ പക്കൽ കൊടുത്തു. കുറച്ചുനേരം കഴിഞ്ഞു മാത്രമേ ആ ധീരയോദ്ധാവ് കൂടെയുണ്ടെന്ന കാര്യം അയാളോർത്തുള്ളൂ. ജനക്കൂട്ടം ഒരു കൊടുങ്കാറ്റുപോലെ സാങ്മെറി കടന്നു സാങ്ദെനിയിൽ എത്തിച്ചേർന്നു.

12 : ചാരായക്കട

റ്യൂ സാങ്ദെനിയിൽനിന്നു റ്യൂ ഷങ്വെറിയിലേയ്ക്കുള്ള തെരുവ് പതുക്കെപ്പതുക്കെ ചുരുങ്ങി ചെറുതായി അറ്റത്തൊരു മുനമ്പുപോലുള്ള വീടിനു മുമ്പിലാണു ചെന്നവസാനിയ്ക്കുന്നത്. രണ്ടു നിലയുള്ള ആ വീടായിരുന്നു പണ്ടൊരു കാലത്തു 'കൊരിന്തെ'ന്ന പേരിൽ പ്രസിദ്ധമായിരുന്ന ചാരായക്കട! അവിടത്തെ നിത്യസന്ദർശകനായൊരു ചിത്രകാരൻ ഒരിയ്ക്കൽ കുടിച്ചു ലക്കു കെട്ടു ചുമരിൽ കുത്തിവരച്ച മുന്തിരിക്കുലയുടെ ചിത്രത്തിനു താഴെ ‘കൊരിന്തെ'ന്ന പേരുകൂടി എഴുതിവെച്ചു. ആ കടയുടെ അവസാനത്തെ ഉടമസ്ഥനായിരുന്ന മൊസ്യു യുഷേലു പരൽമീൻ ഉപയോഗിച്ചുണ്ടാക്കുന്ന രുചികരമായ ഭക്ഷണം കഴിയ്ക്കുന്നതിനുവേണ്ടി വളരെ ദൂരത്തുനിന്നും ജനങ്ങൾ വന്നെത്താറുണ്ട്.

മദ്യം ലഭിയ്ക്കുന്ന കടകൾ മണത്തറിയാൻ വിരുതുള്ള ഗ്രന്തേറാണ് 'കൊരിന്ത്' ആദ്യം കണ്ടുപിടിച്ചത്. പിന്നീട് കുർഫെരാക്കും കൂട്ടരും പരസ്പരം സംസാരിയ്ക്കാൻ സൗകര്യപ്രദമായൊരു സങ്കേതമായി ആ സ്ഥലം തിരഞ്ഞെടുത്തു. 1830-ൽ മൊസ്യു യുഷേലു മരിച്ചതോടെ പരൽമീൻകറിയുടെ പാചകരഹസ്യം പൊയ്പ്പോയെങ്കിലും മദാം യുഷേലു ഭൃത്യകളുടെ സഹായത്തോടെ കട തുടർന്നും നടത്തിപ്പോന്നു.

ജ്ജൂൺ അഞ്ചാം തീയതി രാവിലെ ഏതാണ്ടൊരു ഒൻപതു മണിയ്ക്കു ഴൊലിയും ബോസ്യെയും കൂടി കൊരിന്തിൽ ചെന്നു കയറി. പതിവുപോലെ മദാം യുഷേലു അവരെ സ്വീകരിച്ചു. ഭൃത്യമാർ മേശപ്പുറത്തു വീഞ്ഞു നിരത്തി. അവർ ആദ്യത്തെ കുപ്പി പൊട്ടിച്ചതോടെ പുറത്തൊരു ശബ്ദം കേട്ടു: "വീഞ്ഞിന്റെ നല്ല മണം, ഞാനും കൂടാം!", ഗ്രന്തേർ അകത്തു കടന്ന് ഒരു മുക്കാലിയിൽ വന്നിരുന്നു.

മൂന്നുപേരും കൂടി തിന്നുകയും കുടിയ്ക്കുകയും വർത്തമാനം പറയുക

യും ചെയ്തു. പതിവുപോലെ ഗ്രന്തേറാണ വർത്തമാനം തുടങ്ങിവെച്ച ത്, “ഞാനിങ്ങോട്ടു പോരുമ്പോൾ ഒരു വായനശാലയുടെ മുമ്പിലൂടെ യാണ പോന്നത്. എനിയ്ക്കു പുസ്തകങ്ങളെന്നു കേൾക്കുമ്പോൾത്തന്നെ മനസ്സിലൊരു കലിപ്പു വരും. എത്ര മഷിയാണ വെറുതെ ഒഴുക്കിക്കള യുന്നത്, എത്ര കടലാസാണ കത്തിച്ചു കളയുന്നത്? മനുഷ്യനൊരു ത്തു വലില്ലാത്ത മൃഗമാണെന്ന് ഏതു തെമ്മാടിയാണ പറഞ്ഞത്..? ഞാ ൻ ചോദിയ്ക്കട്ടെ, തെരുവിലൊക്കെ നല്ല തിരക്കാണല്ലോ, എന്താ ഇ നിയുമൊരു ഭരണപരിവർത്തനത്തിനു ഭാവമുണ്ടോ? ഈ ദൈവ ത്തിന്റെ ഒരു കഷ്ടപ്പാടാലോചിച്ചാൽ.., നിമിഷംപ്രതി പുതിയ പുതി യ സംഭവങ്ങളുണ്ടാക്കി അരങ്ങു കൊഴുപ്പിയ്ക്കണം! അങ്ങേരുടെ സ്ഥാ നത്തു ഞാനായിരുന്നെങ്കിൽ എളുപ്പത്തിൽ കാര്യം കഴിയ്ക്കുമായിരു ന്നു! പക്ഷേ, ജനങ്ങൾക്കൊക്കെ ഇപ്പോൾ ഇതൊരു ശീലമായി..”, നിർത്താതെ വർത്തമാനം പറഞ്ഞുകൊണ്ടിരുന്ന അയാളെ പെട്ടെ ന്നൊരു ചുമ പിടികൂടി.

"ഭരണപരിവർത്തനത്തെക്കുറിച്ചു പറയുമ്പോൾ", ഴൊലി അഭിപ്രാ യപ്പെട്ടു, “മരിയുസ് ഒരനുരാഗത്തിലാണെന്നു തോന്നുന്നു!”

"മരിയുസിന്റെ അനുരാഗം!", ഗ്രന്തേർ തുടർന്നു, “എനിയ്ക്കറിയാം. അയാളൊരു കവിയാണ്, കവിയെന്നാൽ പമ്പരവിഡ്ഢി!”

ഗ്രന്തേർ രണ്ടാമത്തെ കുപ്പിയിൽ കൈവെച്ചപ്പോൾ, കീറത്തുണി ധരിച്ച ഒരു തെരുവുപയ്യൻ കോണിപ്പടിയിൽ വന്നു നിന്നു ചോദിച്ചു, "ആരാണ മൊസ്യൂ ബോസ്യെ?"

"ഞാൻ, എന്താണ കാര്യം?", ബോസ്യെ ചോദിച്ചു.

"സാങ്ദെനിയിൽവെച്ച് നീലക്കണ്ണുള്ള ഒരു നീണ്ട മനുഷ്യൻ എ ന്നോടു പറഞ്ഞു, “കൊരിന്തി'ൽ ചെന്നു മൊസ്യൂ ബോസ്യെയോട് 'എബിസി'യെന്നു പറയണം'!"

കൂടുതലൊന്നും വിശദീകരിയ്ക്കാൻ നിൽക്കാതെ പയ്യൻ വന്ന വഴി തിരിച്ചുപോയി. തെല്ലൊരു മനോരാജ്യത്തിലേയ്ക്കു കടന്ന ബോസ്യെ പെട്ടെന്നു വിളിച്ചു പറഞ്ഞു, “എബിസിയെന്നാൽ ലമാർക്കിന്റെ ശവ സംസ്കാരം! ആൻഷൊൽരായാണ പയ്യനെ പറഞ്ഞയച്ചത്. അപ്പോ

ൾ നമുക്കു പുറപ്പെടണ്ടേ?"

"ആൻഷൊൽരാ എന്നെ അധിക്ഷേപിച്ചു!", സങ്കടം സഹിയ്ക്കാനാവാതെ ഗ്രന്തേർ പിറുപിറുത്തു, "'ഴൊലിയ്ക്കു സുഖമില്ല, കുടിയൻ ഗ്രന്തേർ ലക്കു കെട്ടു കിടക്കുകയായിരിയ്ക്കും', അതാണ് അയാൾ പയ്യനെ വിട്ടു ബോസ്യെയെ വിളിപ്പിച്ചത്. കൂട്ടുകാരേ, ഞാനേതായാലും ശവസംസ്കാരത്തിനു വരുന്നില്ല!"

ആൻഷൊൽരായുടെ നിർദ്ദേശം തള്ളിക്കളഞ്ഞു മൂന്നുപേരും ഒത്തൊരുമയോടെ വീഞ്ഞുകടയിൽത്തന്നെ ചടഞ്ഞിരുന്നു. ഉച്ചയ്ക്കു രണ്ടുമണിയായപ്പോഴേയ്ക്കും മേശപ്പുറത്തു കാലിക്കുപ്പികൾ കുമിഞ്ഞുകൂടി. താരതമ്യേന തലയ്ക്കു മത്തു പിടിയ്ക്കാതിരുന്ന ബോസ്യേ, പുറത്തുനിന്നുള്ള മഴച്ചാറ്റൽ മുഖത്തേറ്റുവാങ്ങി ജനാലയ്ക്കൽ നിൽക്കുകയായിരുന്നു. പെട്ടെന്നു തെരുവിലൊരു ബഹളം കേട്ട് അയാൾ സൂക്ഷിച്ചു നോക്കി. ദൂരത്തുനിന്നൊരു ജനക്കൂട്ടം അടുത്തടുത്തുവരുന്നു. ആൻഷൊൽരായും കുർഫരാക്കും ഫെയ്‌ലിയും കൊംബ്ഫേറും ബയോരലും ഴാങ്പ്രുവെറും ഗവ്രോഷും ആയുധങ്ങളുമായി ജനക്കൂട്ടത്തിന്റെ മുൻനിരയിൽത്തന്നെയുണ്ട്. ബോസ്യേ അത്യുച്ചത്തിൽ വിളിച്ചു ചോദിച്ചു, "കുർഫരാക്ക്, നിങ്ങളെങ്ങോട്ടാണു യാത്ര?"

"ഞങ്ങളിവിടെ ഒരു വഴിക്കോട്ട പണിയാൻ പോകുന്നു!"

കൊരിന്തിന്റെ മുൻഭാഗത്തുള്ള ചത്വരം സുരക്ഷിതമായൊരു വഴിക്കോട്ടയ്ക്കു തീർത്തും യോജിച്ചതായിരുന്നു. റ്യൂ ഷങ്‌വെറിയിൽനിന്നു ജനക്കൂട്ടം തള്ളിക്കയറിയതോടെ ഇരുവശത്തുള്ള വീടുകളിലേയും കടകളിലേയും ജനാലകളടഞ്ഞു. വെടിയൊച്ച കേട്ടു പലരും പുറത്തിറങ്ങിയില്ല. ബോസ്യെ കുർഫരാക്കിനെ വരവേൽക്കാൻ താഴോട്ടു ചെന്നു. ഗവ്രോഷും ബയോരെലുംകൂടി കുമ്മായക്കടക്കാരന്റെ ചരക്കുവണ്ടി മറിച്ചിട്ടു വഴിക്കോട്ടയുടെ മുൻവശം പ്രതിരോധിച്ചു. ചിലർ തെരുവിന്റെ ഇരുവശങ്ങളിൽ വിരിച്ചിരുന്ന കരിങ്കല്ലുകൾ പിഴുതെടുത്തു. ചാരായക്കടയിലെ ഒഴിഞ്ഞുകിടന്ന വീപ്പക്കുറ്റികളും മൺഭരണികളും നിരത്തിവെച്ചു നിമിഷങ്ങൾക്കകം അവരൊരു വഴിക്കോട്ടയുടെ പ

ണി തുടങ്ങി. തികച്ചും അമ്പരന്നുപോയ മദാം യുഷേല്യ മുകൾനിലയി ൽ ചെന്നു താഴോട്ടു നോക്കി ആത്മഗതമായി പറഞ്ഞു, “ലോകത്തി ന്റെ അവസാനമായെന്നാണു തോന്നുന്നത്!”

പണി തീരാറായ വഴിക്കോട്ടയുടെ നിറുകയിൽ കൈയിലൊരു തോക്കുമായി നിന്ന ആൻഷൊൽരാ, ഗ്രന്തേറിനെ നോക്കി സഗൗര വം പറഞ്ഞു, “ആവേശവും ഉത്സാഹവും വേണ്ടപ്പോൾ നിങ്ങളിങ്ങ നെ കുടിച്ചു കൂത്താടി വഴിക്കോട്ടയെ അപമാനിയ്ക്കരുത്!"

ആൻഷൊൽരായുടെ വാക്കുകൾ ഗ്രന്തേറിന്റെ ഉള്ളിൽക്കൊണ്ടു. പെട്ടെന്നു ലഹരിയിറങ്ങിയ അയാൾക്കു വല്ലാത്തൊരു ക്ഷീണം തോന്നി. കണ്ണു മിഴിയ്ക്കാനാവാതെ അയാൾ പറഞ്ഞു, “ഞാനിവിടെ കിടന്നൊന്നുറങ്ങട്ടെ, - മരിയ്ക്കുന്നതുവരെ!”

ആൻഷൊൽരാ അയാളെ നോക്കി പുച്ഛരസത്തിൽ പറഞ്ഞു, “ഗ്ര ന്തേർ, നിങ്ങൾക്കു ജീവിയ്ക്കാനോ മരിയ്ക്കാനോ ചിന്തിയ്ക്കാനോ പണി യെടുക്കാനോ ഒന്നിനുമാവില്ല!”

"അതെ, നിങ്ങൾക്കു കാണാം!”, ഗ്രന്തേർ പറഞ്ഞു. വെളിവു തീർ ത്തും വിട്ടു പോയ അയാൾ സ്വയം കൈയൂന്നിവെച്ച മേശപ്പുറത്തേയ്ക്കു മറിഞ്ഞുവീണു നിമിഷങ്ങൾക്കകം ഗാഢനിദ്രയിൽപ്പെട്ടു.

വഴിക്കോട്ടയുടെ നിർമ്മാണത്തിൽ കേടുപാടുകൾ വന്ന ചാരായ ക്കടയുടെ ഉടമസ്ഥയെ കുർഫരാക്ക് ആശ്വസിപ്പിയ്ക്കാൻ ശ്രമിച്ചു, “മ ദാം യുഷേല്യ, നിയമവിരുദ്ധമായെന്തോ ചെയ്തതിനു നിങ്ങൾക്കു സർ ക്കാരിൽനിന്നൊരു നോട്ടീസ് കിട്ടിയിരുന്നല്ലോ?”

"അതെ, തെരുവിലേയ്ക്കു വീണുപോയ ഒരു പൂച്ചട്ടിയുടെ പേരിൽ അവരെനിയ്ക്ക് അഞ്ഞൂറു ഫ്രാങ്ക് പിഴയിട്ടു!”

"നമുക്കിപ്പോൾ അതിനു പകരം വീട്ടാം!"

ഒരറബിക്കഥയിൽ, ഭർത്താവ് കരണത്തടിച്ചതിനു പരാതി പ റ യാൻ ചെന്ന മകളോട് അച്ഛൻ ചോദിച്ചു, “നിന്റെ ഏതു കരണത്താ ണ് അയാൾ അടിച്ചത്?”. മകൾ പറഞ്ഞു, “ഇടത്ത്". അച്ഛനവളുടെ വ ലത്തെ കരണത്തൊരടി കൊടുത്തു പറഞ്ഞു, “ചെന്നു പറയ്, ഞാന യാളുടെ ഭാര്യയെ കരണത്തടിച്ചെന്ന്!” അതുപോലെ കുർഫരാക്ക്

പറഞ്ഞ പകരം വീട്ടലിന്റെ അർത്ഥം പക്ഷേ, മദാം യുഷേലുവിനു തീരെ മനസ്സിലായില്ല.

ആൻഷൊൽരായും കുർഫരാക്കും കൊംബ്ഫേറുമാണു പണികൾക്കു നേതൃത്വം കൊടുക്കുന്നത്. അൻപതുപേരെക്കൊണ്ട് രണ്ടു വഴിക്കോട്ടകൾ പെട്ടെന്നു കെട്ടിത്തീർന്നു. ഒരാൾക്കും തൊപ്പിയില്ല, കൈയുറകളില്ല, വേണ്ടത്ര ആയുധങ്ങളില്ല, പരസ്പരം പരിചയവുമില്ല. എങ്കിൽപ്പോലും സഹോദരന്മാരെപ്പോലെ നേരമ്പോക്കുകൾ പറഞ്ഞ് അവർ ഒത്തൊരുമയോടെ അദ്ധ്വാനിച്ചു. റ്യൂ ബില്ലെത്തിന്റെ മൂലയ്ക്കൽ വെച്ച് സംഘത്തിൽ ചേർന്ന ധീരയോദ്ധാവും അവരുടെ കൂട്ടത്തിൽ പണിയെടുത്തു. സന്തോഷംകൊണ്ടു മതിമറന്ന ഗവ്രോഷ് കൊടുങ്കാറ്റുപോലെ സകല ദിക്കിലും സഹായിയ്ക്കാൻ ചെന്നെത്തി. പക്ഷേ, അവനു സ്വന്തം കളിത്തോക്കിനെക്കുറിച്ചു വല്ലാത്തൊരു അപകർഷതാബോധം തോന്നി. അവൻ ഓരോരുത്തരോടും ചെന്നു ചോദിച്ചു, “ഒരു തോക്ക്, എനിയ്ക്കൊരു തോക്കു തരുമോ?”

"വലിയവർക്കെല്ലാം തികഞ്ഞാൽ ബാക്കി വരുന്നതു കുട്ടികൾക്കു കൊടുക്കും", ആൻഷൊൽരാ നയം വ്യക്തമാക്കി.

ഗവ്രോഷ് അഹങ്കാരത്തോടെ മറുപടി പറഞ്ഞു, “നിങ്ങളാണ് ആദ്യം കൊല്ലപ്പെടുന്നതെങ്കിൽ ആ തോക്കു ഞാനെടുക്കും!"

വഴിക്കോട്ടകളുടെ പണി പൂർത്തിയായി കൊടിക്കൂറ കൂടി തൂക്കിയ ശേഷം ആൻഷൊൽരാ ഒരു ചതുരപ്പെട്ടി തുറന്നു വെടിയുണ്ടകൾ പുറത്തെടുത്തു. കുർഫരാക്ക് തോക്കുള്ളവർക്കായി മുപ്പതു വെടിയുണ്ടകൾ വീതം പങ്കുവെച്ചു. നഗരത്തിൽനിന്നുള്ള അപകടസൂചകമായ പെരുമ്പറനാദം അപ്പോഴും അവർക്കു വ്യക്തമായി കേൾക്കാമായിരുന്നു. പക്ഷേ, ആരുമതിനു കാതോർത്തില്ല.

രാത്രിയായി. അവിടവിടെ ചില വെടിയൊച്ചകൾ ഉയരുന്നതല്ലാതെ മറ്റനിഷ്ടസംഭവങ്ങളൊന്നും പറഞ്ഞു കേട്ടില്ല. അൻപതിനായിരം പട്ടാളക്കാരുടെ വരവും കാത്തു വഴിക്കോട്ടയിൽ ചെറുപ്പക്കാരായ അൻപതുപേർ അക്ഷമരായി കാത്തിരുന്നു. അത്യാപത്തുകൾക്കു മുമ്പു

പതിവുള്ളതുപോലെ വല്ലാത്തൊരു അക്ഷമ ബാധിച്ച ആൻഷൊൽരാ ഗവ്രോഷിനെ അന്വേഷിച്ചു. ഗവ്രോഷ് ആ സമയം ചാരായക്കടയുടെ അകത്തു മെഴുകുതിരി വെളിച്ചത്തിൽ വെടിമരുന്നു തയാറാക്കുന്ന തിരക്കിലായിരുന്നു. പണിയിൽ മുഴുകിയിരിക്കുകയാണെങ്കിലും റ്യൂ ബില്ലെത്തിൽവെച്ചു സംഘത്തിൽ ചേർന്ന യോദ്ധാവ് അകത്തേക്കു വന്നു വെളിച്ചം കുറഞ്ഞ ഒരു മൂലയ്ക്കൽ ചെന്നിരുന്നതു ഗവ്രോഷ് ശ്രദ്ധിച്ചു. തലയുയർത്തി നോക്കിയ അവൻ പെട്ടെന്നൊന്നു ഞെട്ടി; സ്വപ്നം കാണുകയാണെന്നു സംശയിച്ച് ഗവ്രോഷ് അമ്പരന്നു ചാടിയെഴുന്നേറ്റു. പക്ഷേ, മണത്തറിയാനുള്ള തിര്യഗ്ബുദ്ധിയും വിവേചിച്ചറിയാനുള്ള മനുഷ്യയുക്തിയും ഒരുമിച്ചു ചേർന്നപ്പോൾ അവന്റെ ചിന്തകൾക്കൊരു രൂപം കൈവന്നു.

കൃത്യം ആ സമയത്തുതന്നെ ആൻഷൊൽരാ അകത്തേക്കു വന്നു ഗവ്രോഷിനോടു പറഞ്ഞു, “നീയൊന്നു പുറത്തു പോയി തെരുവുകളിലെന്താണു നടക്കുന്നതെന്ന് അറിഞ്ഞുവരണം. പയ്യനായതുകൊണ്ട് നിന്നെ ആരുമങ്ങനെ ശ്രദ്ധിക്കാനിടയില്ല!"

"അപ്പോൾ പയ്യന്മാരെക്കൊണ്ടും പ്രയോജനമുണ്ട്! കുട്ടികളെ വിശ്വസിക്കാം, പക്ഷേ, വലിയവരെ വിശ്വസിക്കരുത്!", അവൻ ശബ്ദം താഴ്ത്തി പറഞ്ഞു, "നോക്കൂ, ആ മൂലയ്ക്കലിരിക്കുന്ന മനുഷ്യനൊരു പോലീസ് ചാരനാണ്!”

ആൻഷൊൽരാ ഉടനെ പുറത്തു പോയി നാലു ചെറുപ്പക്കാരേയും കൂട്ടി തിരിച്ചെത്തി, ആ മനുഷ്യന്റെ അടുത്തു ചെന്നു ചോദിച്ചു, “നിങ്ങളൊരു പോലീസ് ചാരനാണ്, അല്ലേ?”

അപ്രതീക്ഷിതമായ ചോദ്യം കേട്ടപ്പോൾ അയാളൊന്നു ഞെട്ടി. പക്ഷേ, പെട്ടെന്നു സംയമനം വീണ്ടെടുത്ത ആ മനുഷ്യൻ പറഞ്ഞു, “അതെ, പോലീസ് ഇൻസ്പെക്ടർ ഴാവേറാണു ഞാൻ!”

ആൻഷൊൽരാ ഒരാംഗ്യം കാണിച്ചതോടെ, ഴാവേർക്കൊന്നു തിരിയാൻപോലും കഴിയുന്നതിനുമുമ്പ്, ആ നാലു ചെറുപ്പക്കാർ അയാളെ ബലാൽക്കാരേണ കീഴടക്കി ദേഹപരിശോധന നടത്തി. ഇൻസ്പെക്ടറുടെ ഔദ്യോഗികമുദ്രയ്ക്കുപുറമേ ചാരവൃത്തിയ്ക്കുള്ള സൈന്യാധി

പന്റെ നിർദ്ദേശവും സ്വർണനാണയങ്ങളടങ്ങിയ ഒരു പണസഞ്ചിയും അവരയാളുടെ കുപ്പായക്കീശയിൽനിന്നു കണ്ടെടുത്തു. ആൻഷൊൽരായുടെ നിർദ്ദേശപ്രകാരം അവരയാളെ ചാരായക്കടയുടെ തൂണിനോടു ചേർത്തു കെട്ടിയിട്ടു.

ഴാവേർ ഒരു ശബ്ദവും പുറപ്പെടുവിച്ചില്ല. ആൻഷൊൽരാ അയാൾ കേൾക്കെ എല്ലാവരോടുമായി പറഞ്ഞു, “വഴിക്കോട്ട കീഴടങ്ങുന്നതിനു പത്തു മിനിട്ടു മുമ്പ് ഇയാളെ വെടിവെച്ചിരിയ്ക്കണം!”

ഗവ്രോഷ്, ഴാവേറിനൊരു സലാം വെച്ചുകൊടുത്തു വലിയ ചാരിതാർത്ഥ്യത്തോടെ തെരുവിലേയ്ക്കിറങ്ങി.

വഴിക്കോട്ടകളുടെ പണി കഴിഞ്ഞു പുറത്തു വട്ടം കൂടിയിരുന്നു കുടിച്ചു കുന്നായ്മ പറയുന്നവരുടെ കൂട്ടത്തിലൊരു യുവാവ് റ്യൂ സാങ്ദെനിയ്ക്കഭിമുഖമായി നിൽക്കുന്ന വീടു ചൂണ്ടിക്കാണിച്ചു വിളിച്ചു പറഞ്ഞു, “വരൂ കൂട്ടുകാരേ, ആ വീടിന്റെ മുകളിൽ കയറി നിന്നാൽ നമുക്കു തെരുവിൽ കാലെടുത്തുവെയ്ക്കു ന്ന ആദ്യത്തെ പട്ടാളക്കാരനെ കാണാം!"

ചിലരയാളുടെ പിന്നാലെ ചെന്നു. യുവാവ് ചെന്നു വീടിന്റെ വാതിൽക്കൽ മുട്ടി. ആരും പുറത്തു വന്നില്ല. വീണ്ടും അയാളുറക്കെ വിളിച്ചപ്പോൾ മുകളിലെ ജനാലയ്ക്കൽ ഒരു കിഴവൻ പ്രത്യക്ഷപ്പെട്ടു പറഞ്ഞു, “മാന്യരേ, വാതിൽ തുറക്കാനാവില്ല!”

കിഴവന്റെ നിസ്സഹകരണത്തിൽ സഹികെട്ട യുവാവ് ജനാലയ്ക്കലേയ്ക്കു തോക്കു ചൂണ്ടി ഭീഷണസ്വരത്തിൽ ചോദിച്ചു, “വാതിൽ തുറക്കുമോ ഇല്ലയോ?”

"ഇല്ല, ഇവിടെ-”, കിഴവൻ വാചകം പൂർത്തിയാക്കുന്നതിനു മുമ്പ് അയാളുടെ തോക്കിൽനിന്നു വെടി പൊട്ടിക്കഴിഞ്ഞു. ജനാലയുടെ പുറത്തേയ്ക്കു തൂങ്ങി വീണ കിഴവന്റെ തല നോക്കി അയാൾ പറഞ്ഞു, “കൊള്ളാം, ഉന്നം തെറ്റിയില്ല!"

പെട്ടെന്ന് ആ യുവാവിന്റെ ചുമലിലൊരു കനത്ത കൈപ്പത്തി വന്നു വീണു. ആൻഷൊൽരാ അയാളെ താഴോട്ടു പിടിച്ചമർത്തി കർക്കശശബ്ദത്തിൽ പറഞ്ഞു, “മുട്ടു കുത്തി നിൽക്കൂ!”

വഴിക്കോട്ടയിൽനിന്നും വെടിയൊച്ച കേട്ട് ഓടിയെത്തിയവർ സ്തബ്ധരായി നിന്നു. അനിവാര്യവും കഠിനവുമായൊരു തീരുമാനം നടപ്പാക്കാനുള്ള നിശ്ചയദാർഢ്യത്തോടെ ആൻഷൊൽരാ കാൽക്കീഴിൽ കമിഴ്ന്നുകിടക്കുന്ന യുവാവിനെ നോക്കി പറഞ്ഞു, "ഒരു മിനിട്ടു ഞാൻ പ്രാർത്ഥനയ്ക്കായി അനുവദിയ്ക്കുന്നു!"

അയാൾ കീശയിൽനിന്നു ഘടികാരമെടുത്തു നിമിഷങ്ങളെണ്ണി. ഒരു മിനിട്ടു കഴിഞ്ഞപ്പോൾ തോക്കെടുത്തു യുവാവിന്റെ ചെവിയോടു ചേർത്തുവെച്ചു കാഞ്ചി വലിച്ചു. ആ കൊലപാതകിയുടെ ശരീരം മുഖം കുത്തി നിലത്തു വീണു. ആൻഷൊൽരാ ചുറ്റും കൂടി നിന്നവരോടു പറഞ്ഞു, “കൂട്ടുകാരേ, കൊലപാതകിയായ ഇയാളെ ഞാൻ കൊന്നു! കലാപകാരികൾക്കിടയിൽ അച്ചടക്കം നിലനിർത്താൻ എനിയ്ക്കിതു ചെയ്യേണ്ടി വന്നു. ജനാധിപത്യത്തിലെ മതാചാര്യന്മാരായ നമ്മുടെ ചെയ്തികൾ പരിശുദ്ധമായിരിയ്ക്കണം. എനിയ്ക്കു ലഭിയ്ക്കാനുള്ള ശിക്ഷ ഒരുപക്ഷേ നിങ്ങൾക്കു വഴിയേ അറിയാൻ കഴിഞ്ഞേക്കും!”

ആൻഷൊൽരാ പറഞ്ഞു നിർത്തി. മറ്റുള്ളവർ അനുകമ്പയും ആദരവും കലർന്ന ഭാവത്തോടെ ആ ധീരോദാത്തനെ നോക്കി.

13 : ഇരുട്ടിലായ മരിയുസ്

കൊസെത്തിനെ കാണാതെ പരിഭ്രാന്തനായ മരിയുസ് റ്യൂ പ്ലൂമെ-യിലെ തോട്ടത്തിൽ എന്തു ചെയ്യണമെന്നറിയാതെ നിൽക്കുമ്പോഴാണു കൂട്ടുകാർ റു ഷങ്വെറിയിലെ കവലയിൽ കാത്തുനിൽക്കുന്നുണ്ടെന്ന് ഒരു പയ്യൻ വന്നു പറഞ്ഞത്. നിരാശയുടെ കൂരിരുട്ടിൽ കിടന്നു പിടഞ്ഞ അയാൾക്കു മരണത്തെക്കുറിച്ചല്ലാതെ അപ്പോൾ മറ്റൊന്നും ചിന്തിയ്ക്കാനായില്ല. എങ്കിലും പയ്യനെ പിന്തുടർന്നു യാന്ത്രികമായി അയാൾ തെരുവിലേയ്ക്കിറങ്ങി. എന്തിനാണെന്നറിയില്ല, ഇൻസ്പെക്ടർ ഴാവേർ കൊടുത്ത കൈത്തോക്കുകൾ കീശയിലുണ്ടെന്ന് അയാൾ ഉറപ്പു വരുത്തി.

റ്യൂ പ്ലൂമെയിൽനിന്ന് എസ്പ്ളനേദ്ും ആൻവലീദിലെ പാലവും കടന്നു മരിയുസ് റ്യൂ റിവോലിയിലെത്തി. കടകളിൽ നല്ല തിരക്കുണ്ടാ

യിരുന്നു. സ്ത്രീകളും കുട്ടികളും അപ്പം വാങ്ങാൻ വരി നിൽക്കുന്നത് അയാൾ കണ്ടു. ദെലോർദിലൂടെ റ്യൂ സാങ് വഴി റ്യൂ പ്രൂവേറിലെത്തിയപ്പോഴേയ്ക്കും ജനങ്ങൾ ചെറുസംഘങ്ങളായി നിന്നു സംസാരിയ്ക്കാൻ തുടങ്ങിയിരുന്നു. സന്ധ്യയായിട്ടും വീടുകളിലെ ജനാലയ്ക്കലൊന്നും മെഴുകുതിരി കത്തുന്നില്ല. തെരുവിൽ റോന്തു ചുറ്റുന്നവരുടെ കണ്ണു വെട്ടിച്ചു വളഞ്ഞ വഴിയിലൂടെ മരിയുസ് റ്യൂ പൊതരിയിലെത്തി. ഇരുട്ടത്തു വഴിയിൽ തടസ്സമായി കിടന്ന ചരക്കുവണ്ടിയുടെ അരികു പറ്റി വീട്ടുമതിലുകൾ തൊട്ടുരുമ്മി അയാൾ വഴിക്കോട്ടയുടെ മിക്കവാറും അടുത്തെത്തി. ഒരടി കൂടി മുന്നോട്ടു വെച്ചാൽ കൂട്ടുകാരുടെ കൂടെ ചേരാമെന്ന ആ അവസ്ഥയിൽ പക്ഷേ, ആ നിർഭാഗ്യവാൻ മതിലിന്മേൽ ചാരിയിരുന്നു മരിച്ചുപോയ അച്ഛനെക്കുറിച്ചു ചിന്തിയ്ക്കാൻ തുടങ്ങി.

പ്രജാധിപത്യഭരണത്തിൽ രാജ്യത്തിന്റെ അതിർത്തി കാത്തു രക്ഷിച്ച അഭിമാനിയായ അച്ഛനെപ്പോലെ, മരിയ്ക്കുന്നതുവരെ ശാന്തവും മാന്യവും നിഷ്കളങ്കവുമായ ഭാവത്തോടെ ജീവിച്ച ആ മനുഷ്യനെപ്പോലെ, അത്യാസന്നമായ ധർമ്മയുദ്ധത്തിൽ പങ്കെടുത്തു സ്വയം ധീരനും നിർഭയനുമാണെന്നു തെളിയിയ്ക്കാൻ മരിയുസിന്റെ മനസ്സു വെമ്പൽ കൊണ്ടു. മുത്തച്ഛനൊരു പുരാവസ്തുവ്യാപാരിയ്ക്കു വിറ്റുകളഞ്ഞ അച്ഛന്റെ വാളിനെക്കുറിച്ചും അയാളോർത്തു. നാട്ടുകാർ പരസ്പരം കൊന്നൊടുക്കുന്ന കലാപകാലത്തു സഹോദരന്മാരുടെ രക്തത്തിൽ കുളിയ്ക്കേണ്ടി വരാതെ ദൈവത്തിന്റെ കരസ്പർശമേറ്റ ആ വാൾ വിറ്റു പോയതു നന്നായെന്നും അതേസമയം അയാൾ ആശ്വസിച്ചു. അങ്ങനെ നോക്കുമ്പോൾ അച്ഛന്റെ അഭിമാനം ശരിയായി സംരക്ഷിച്ചതു മുത്തച്ഛനാണെന്നു കൂടി മരിയുസിനു തോന്നി.

കൊസെത്തിനെക്കൂടാതെ ഒരു ജീവിതം സാദ്ധ്യമല്ലെന്ന വിചാരത്തിലേയ്ക്കു വീണ്ടും അയാൾ തിരിച്ചെത്തി. ഒരു വാക്കുപോലും പറയാതെ, ഒരു കത്തുപോലുമയയ്ക്കാതെ നാട്ടിൽനിന്നുതന്നെ കടന്നുകളഞ്ഞ അവൾക്കു തന്നോടു സ്നേഹത്തിന്റെ കണികപോലുമില്ല, തീർച്ച! ഇനിയെന്തിനു ജീവിച്ചിരിയ്ക്കണം..? തന്നെ കാത്തിരിയ്ക്കുന്ന സുഹൃത്തുക്ക

ളുടെ കൂടെ ചേർന്നു സ്വന്തം ഭീരുത്വത്തിനു ദേശാഭിമാനത്തിന്റെ പരിവേഷം ചാർത്തുകയോ? പാടില്ല, അച്ഛന്റെ ആത്മാവ് ഒരിയ്ക്കലും അതു പൊറുക്കില്ല!

പെട്ടെന്ന് അയാൾ തലയുയർത്തി ചുറ്റം നോക്കി. എന്തോ ഒരന്തഃപ്രേരണ മൂലം നാട്ടിൽ നടക്കുന്ന കലാപത്തെക്കുറിച്ചുള്ള അയാളുടെ ചിന്തകൾ മറ്റൊരു വഴിയ്ക്കു തിരിഞ്ഞു. ഒരു ചോദ്യവും ഉത്തരം കാണാതെ വെറുതെ വിടരുതെന്നു മരിയുസ് തീരുമാനിച്ചു. കേണൽ പൊങ്മേർസിയുടെ മകനു യോജിയ്ക്കാത്ത അപമാനകരമായ എന്തൊരു കാര്യമാണു ചുറ്റം നടക്കുന്ന തെരുവുയുദ്ധത്തിലുള്ളത്? സാർവത്രികസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിൽ താൽക്കാലികമായി രാജ്യത്തിനു സംഭവിയ്ക്കുന്ന മുറിവുകളുടെ പേരിൽ കൂടുതൽ ആശങ്കപ്പെടേണ്ടതുണ്ടോ? കലാപങ്ങളെ സഹോദരന്മാർ തമ്മിലുള്ള പോരാട്ടം മാത്രമായി ചിത്രീകരിയ്ക്കാനാകുമോ? ലക്ഷ്യമോ മാർഗമോ പ്രധാനം? സ്വതന്ത്രമായ ചിന്തയേയും അവകാശത്തേയും പുരോഗതിയേയും തടയുമ്പോൾ മാത്രമേ യുദ്ധം അധിക്ഷേപാർഹമാകുന്നുള്ളൂ! അപ്പോൾ, അയൽക്കാരും സഹോദരന്മാരും തമ്മിലുള്ള യുദ്ധം അന്യായമായി മാറുന്നു. മറിച്ച്, ചരിത്രത്തിലെവിടെയോവെച്ചു നഷ്ടപ്പെട്ടുപോയ അധികാരവും സ്വാതന്ത്ര്യവും ജനങ്ങൾക്കു തിരിച്ചുകൊടുക്കാനുള്ള ധർമ്മയുദ്ധത്തേക്കാൾ മഹത്തരമായി മറ്റെന്തുണ്ട്? അക്രമങ്ങളും അധിക്ഷേപങ്ങളും പക്ഷഭേദങ്ങളും വിശേഷാധികാരങ്ങളും തട്ടിത്തകർത്തു സമത്വസുന്ദരമായൊരു ലോകത്തെ സ്വപ്നം കാണുന്നതിൽ കവിഞ്ഞു മറ്റെന്താണു നമുക്കു ചെയ്യാനുള്ളത്?

അങ്ങനെ മനോരാജ്യത്തിൽ മുഴുകിയ മരിയുസിന്റെ നോട്ടം യദൃച്ഛയാ വഴിക്കോട്ടയുടെ ഉള്ളിലേയ്ക്കു തിരിഞ്ഞു. കലാപത്തിനു സന്നദ്ധരായി നിൽക്കുന്ന ചെറുപ്പക്കാർ പരസ്പരം സ്വരം താഴ്ത്തി സംസാരിയ്ക്കുന്നത് അയാൾക്കു കേൾക്കാം. തൊട്ടു മുമ്പിലുള്ള വീടിന്റെ മുകളിലെ ജനാലയ്ക്കൽ ഒരാളുടെ തല പുറത്തേയ്ക്കു തൂങ്ങിക്കിടക്കുന്നതു മരിയുസ് വ്യക്തമായി കണ്ടു. പൊട്ടിച്ചിതറിയ ആ തലയിൽനിന്ന് ഇറ്റുവീണ ചോരത്തുള്ളികൾ ചുമരിലൂടെ ചുവന്ന നൂലുകളായി താഴോട്ട് ഒ

ലിച്ചിറങ്ങിയിരുന്നു.

14 : നിരാശയുടെ മഹത്വം

സാങ്മെറിയിലെ പള്ളിമണി പത്തടിച്ചു. ആൻഷൊൽരായും കൊംബ്ഫേറും കൈയിൽ തോക്കുമായി വഴിക്കോട്ടയുടെ മുൻവ ശത്തു ചെന്നിരുന്ന തെരുവിലേയ്ക്കു കാതോർത്തു. പെട്ടെന്നാരോ തെരുവിലൂടെ ഓടിവരുന്ന ശബ്ദം അവർ കേട്ടു. ശ്വാസം വിടാൻ പറ്റാത്തത്ര വേഗത്തിൽ പാഞ്ഞു വന്ന ഗവ്‌രോഷ് വിളിച്ചു പറഞ്ഞു, "അവരെത്തിക്കഴിഞ്ഞു, എനിയ്ക്കൊരു തോക്കു തരൂ!"

വഴിക്കോട്ടയിലുള്ളവർ ചാടിയെഴുന്നേറ്റു തോക്കുകളുമെടുത്തു തയാറായി നിന്നു. ഗവ്‌രോഷ് ഇൻസ്പെക്ടർ ഴാവേറുടെ എടുത്താൽ പൊന്താത്ത തോക്കുതന്നെ കൈവശപ്പെടുത്തി.

കുറച്ചുനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം തീച്ചൂളയുടെ വാതിൽ തള്ളിത്തുറന്നതുപോലെ തെരുവിലൊരു മിന്നൽപ്രകാശം തെളിഞ്ഞു, തൊട്ടു പിന്നാലെ വെടിയൊച്ചയും! വഴിക്കോട്ടയുടെ മുകളിൽ നാട്ടിയിരുന്ന കൊടിക്കൂറ വെടിയുണ്ടയേറ്റു നിലംപതിച്ചു. തുടർന്നു തെരുവിൽനിന്നു വഴിക്കോട്ടയുടെ നേർക്കു തുരുതുരെ വെടിയുണ്ടകൾ പാഞ്ഞുവന്നു. പലർക്കും പരിക്കു പറ്റി. ആൻഷൊൽരാ വിളിച്ചു പറഞ്ഞു, "കൂട്ടുകാരേ, അവർ നേരിട്ടു വന്നിട്ടാവാം നമ്മുടെ മറുപടി! അതിനുമുമ്പ് താഴെ വീണ കൊടിക്കൂറ നമുക്കു വലിച്ചു കയറ്റണം. ആരാണു മേലോട്ടു കയറുന്നത്?"

പട്ടാളക്കാർ ഉന്നം നോക്കിയിരിയ്ക്കുന്ന ആ സമയത്തു കൊടിമരത്തിന്റെ മുകളിലേയ്ക്കു കയറുന്നതു സ്വയം മരണശിക്ഷ വിധിയ്ക്കുന്നതിനു തുല്യമായിരുന്നു. ആരും മുന്നോട്ടു വരാത്തതു കണ്ടപ്പോൾ ആൻഷൊൽരാ വീണ്ടും ചോദിച്ചു, "ആരും വരുന്നില്ലേ?"

പുരുഷാരത്തിന്റെ പിന്നാലെ വഴിക്കോട്ടയിൽ വന്നെത്തിയ മൊസ്യൂ മബേ അതുവരെ ചാരായക്കടയുടെ ഒരു മൂലയ്ക്കൽ ധ്യാനനിമഗ്നനായി ഇരിയ്ക്കുകയായിരുന്നു. ചുറ്റും നടക്കുന്ന കോലാഹലങ്ങളൊന്നും അദ്ദേഹം അറിഞ്ഞതായി തോന്നിയില്ല. പക്ഷേ, വെടിയുടെ മുഴക്കം

അദ്ദേഹത്തിന്റെ ധ്യാനത്തിനു തെല്ലൊരു ഭംഗം വരുത്തി. തുടർന്ന് ആൻഷൊൽരായുടെ ആവർത്തിച്ചുള്ള ചോദ്യംകൂടി ചെവിയിൽ വന്നു ലച്ചപ്പോൾ ഇരിപ്പുറയ്ക്കാതെ അദ്ദേഹം പുറത്തു വന്നു. എല്ലാവരും അ ത്ഭുതാദരങ്ങളോടെ നോക്കി നിൽക്കെ അദ്ദേഹം ആൻഷൊൽരായു ടെ കൈയിൽനിന്നു കൊടിക്കൂറ പിടിച്ചുവാങ്ങി. ഒരാൾപോലും തട യാനും സഹായിയ്ക്കാനുമില്ലാതെ ആ എൺപതു വയസ്സു കഴിഞ്ഞ വ യോധികൻ ഉറച്ച കാൽവെയ്പ്പോടെ മുകളിലേയ്ക്കുള്ള കോണി കയ റാൻ തുടങ്ങി. നരച്ച പാറിപ്പറക്കുന്ന മുടിയും കഷണ്ടി കയറിയ നെറ്റി യുമുള്ള ആ വൃദ്ധൻ കൈയിൽ ഉയർത്തിപ്പിടിച്ച കൊടിയുമായി മുകൾ ത്തട്ടിലെത്തി എല്ലാവരേയും നോക്കി കഴിയാവുന്നത്ര ഉച്ചത്തിൽ വി ളിച്ചു പറഞ്ഞു, "പ്രജാധിപത്യം വിജയിയ്ക്കട്ടെ! സമത്വവും സാഹോദ ര്യവും സ്വാതന്ത്ര്യവും പുലരട്ടെ!"

പെട്ടെന്നു പട്ടാളക്കാരുടെ പീരങ്കിവെടി മുഴങ്ങി. മൊസ്യു മബെ മു ട്ടു കുത്തി താഴെ ഇരുന്നു. കൈയിൽനിന്നു വഴുതിപ്പോയ കൊടി കട ന്നെടുത്ത അദ്ദേഹം ഒരിയ്ക്കൽക്കൂടി എഴുന്നേറ്റു നിൽക്കാൻ ശ്രമിച്ചു. പ ക്ഷേ, അടുത്ത നിമിഷം ആ വന്ദ്യവയോധികൻ കൈരണ്ടും ഉയർ ത്തി നിശ്ചേഷ്ടനായി പിന്നോട്ടു മലർന്നുവീണു.

ആൻഷൊൽരാ ആ മൃതശരീരത്തിന്റെ അടുത്തുചെന്നു മുട്ടു കുത്തി പറഞ്ഞു, "കൂട്ടുകാരേ, ഇതാണു വൃദ്ധന്മാർ ചെറുപ്പക്കാർക്കു നൽകുന്ന പാഠം! നമ്മൾ ശങ്കിച്ചു നിന്നു, പക്ഷേ ഇദ്ദേഹം മുന്നോട്ടു വന്നു! ഈ വൃദ്ധന്റെ സാന്നിദ്ധ്യം നമുക്കു ശക്തി പകരട്ടെ!". അയാൾ മൊസ്യു മ ബെയുടെ നെറ്റിത്തടം ചുംബിച്ചു.

അതിനിടയിൽ ഒരു പറ്റം പട്ടാളക്കാർ വഴിക്കോട്ടയുടെ മതിൽ ചാടി തോക്കു ചൂണ്ടി അകത്തേയ്ക്കിരച്ചു വരുന്നതു ഗവ്രോഷിന്റെ ക ണ്ണിൽപ്പെട്ടു. അവൻ ഉറക്കെ ശബ്ദം വെച്ചതോടെ ചാരായക്കടയിലാ കെ ബഹളമായി. അകത്തേയ്ക്കു കടന്ന ആദ്യഭടനെ ബയോരെൽ നേ രിട്ടു കഥ കഴിച്ചു. അതിനു പകരമായി രണ്ടാമത്തെ ഭടൻ ബയോരെ ലിനേയും വധിച്ചു. ഗവ്രോഷിന്റെ നേർക്കു തോക്കുമായി വന്ന മറ്റൊ രാൾ പിന്നിൽനിന്നൊരു വെടിയേറ്റു തോക്കു താഴെയിട്ടു നിലത്തു

വീണു. തൽക്ഷണം വഴിക്കോട്ടയിലേയ്ക്കു വന്നു കയറിയ മരിയുസായി രുന്നു, ആ വെടി വെച്ചത്. കൈയിലുണ്ടായിരുന്ന രണ്ടാമത്തെ കൈ ത്തോക്കുകൊണ്ട് അയാൾ കുർഫരാക്കിനു നേരേ ചെന്ന മറ്റൊരു ഭട നേയും വെടിവെച്ചു വീഴ്ത്തി. ഉപയോഗിച്ചു കഴിഞ്ഞ കൈത്തോക്കു കൾ വലിച്ചെറിഞ്ഞു ചാരായക്കടയുടെ അകത്തേയ്ക്കു കടന്ന മരിയുസ് മറ്റൊരു ഭടന്റെ നീട്ടിപ്പിടിച്ച തോക്കിനു മുന്നിലാണു ചെന്നുപെട്ടത്. പൊടുന്നനെ എവിടെനിന്നോ ഓടി വന്ന ഒരു ചെറുപ്പക്കാരൻ ഭടന്റെ തോക്കിൻമുന സ്വന്തം കൈപ്പടംകൊണ്ടു പൊത്തിപ്പിടിച്ചു. വെടിയു ണ്ട ആ കൈപ്പടം തുളച്ചു ദേഹത്തു തറച്ചതോടെ ആ നിർഭാഗ്യവാൻ താഴെ വീണു. മുറിയിലാകെ പുക പടർന്നതുകൊണ്ട് മറ്റൊന്നും ശ്ര ദ്ധിയ്ക്കാൻ നിൽക്കാതെ മരിയുസ് അകത്തു ചെന്നു വെടിമരുന്നു നിറ ച്ച വീപ്പ ഒറ്റയ്ക്കു പണിപ്പെട്ടു വലിച്ചു നീക്കി വഴിക്കോട്ടയുടെ ഒത്ത നടു വിൽ കൊണ്ടുചെന്നെത്തിച്ചു.

മരിച്ചവരും പരിക്കു പറ്റിയവരും നേരിയ ഞരക്കത്തോടെ നില ത്തു കിടന്ന് ഇഴയുന്നവരുമായി ഇരുഭാഗത്തും ആൾനാശമുണ്ടായി. ബാക്കി വന്ന കരുത്തരായ ചെറുപ്പക്കാർ ആൻഷൊൽരായും കുർഫ രാക്കും ഴാങ്പ്രുവേറും കൊംബ്ഫേറുമായി ചേർന്നു വഴിക്കോട്ടയുടെ മു കളിൽ കയറി പട്ടാളത്തിനു നേർക്കുനേർ നിന്നു. എപ്പോൾ വേണ മെങ്കിലും തീപ്പൊരി പൊട്ടിത്തെറിയ്ക്കാവുന്ന ആ നിമിഷം സൈന്യാ ധിപൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു, “ആയുധം വെച്ചു കീഴടങ്ങുക!"

തൽക്ഷണം ആൻഷൊൽരാ കൂട്ടുകാർക്കു നിർദ്ദേശം നൽകി, “ഇ നി താമസിയ്ക്കാനില്ല, വെടി വെയ്ക്കുക!”

രണ്ടു കൂട്ടരും നേർക്കുനേർ നിന്നു തോക്കു നിറയ്ക്കുന്നതിനിടയിൽ ഇടിമുഴക്കംപോലൊരു ശബ്ദം ഉയർന്നു, “ഓടി രക്ഷപ്പെടുക, അല്ലെ ങ്കിൽ ഇതാ വഴിക്കോട്ടയ്ക്കു ഞാൻ തീവെയ്ക്കും!”

എല്ലാവരും നോക്കുമ്പോൾ വഴിക്കോട്ടയുടെ നടുവിൽ സ്ഥാപിച്ച വെടിമരുന്നുവീപ്പയുടെ തൊട്ടടുത്തു കൈയിലൊരു കത്തിച്ച ചൂട്ടുമായി നിൽക്കുന്ന മരിയുസിനെയാണു കണ്ടത്!

"എങ്കിൽ ചുട്ടുപൊട്ടിയ്ക്കു, കാണട്ടെ!", സൈന്യാധിപൻ ഭീഷണി പ്പെടുത്തി, "പക്ഷേ നിങ്ങൾക്കും രക്ഷപ്പെടാനാവില്ല!"

"വേണ്ട, ഞങ്ങളും മരിയ്ക്കട്ടെ!", മരിയുസ് തിരിച്ചടിച്ചു. അയാൾ കൈയിലിരുന്ന ചൂട്ട് ആഞ്ഞുവീശി. പക്ഷേ, അപ്പോഴേയ്ക്കും പട്ടാള ക്കാർ മുഴുവൻ പരിഭ്രമിച്ചു നാലു പാടും പാഞ്ഞുകഴിഞ്ഞിരുന്നു. അ ങ്ങനെ വഴിക്കോട്ട രക്ഷപ്പെട്ടു.

സകലരും മരിയുസിന്റെ ചുറ്റും കൂടി. കുർഫരാക്ക് അയാളെ കെട്ടി പ്പിടിച്ചു പറഞ്ഞു, "നിങ്ങളില്ലായിരുന്നെങ്കിൽ എന്റെ പണി കഴിയുമാ യിരുന്നു; കൃത്യസമയത്തുതന്നെ നിങ്ങളെത്തി!"

"ഞാനും നിങ്ങളോടു കടപ്പെട്ടു!", ഗവ്രോഷ് കൂട്ടിച്ചേർത്തു. ആൻ ഷോൽരാ എല്ലാവരോടുമായി പറഞ്ഞു, "വഴിക്കോട്ട രക്ഷിച്ചതുകൊ ണ്ട് ഇനി മരിയുസാണു നമ്മുടെ നേതാവ്!"

അന്നു രാവിലെ മുതൽ മരിയുസിന്റെ മനസ്സിൽ പടർന്നു കത്തിയ തീജ്വാല ഇപ്പോളൊരു കൊടുങ്കാറ്റായി മാറി. അനുരാഗത്തിന്റെ സ ന്തോഷകരമായ രണ്ടു മാസങ്ങൾ, കൊസെത്തുമായുള്ള വേർപാട്, വഴിക്കോട്ട, മൊസ്യു മബേയുടെ ജീവത്യാഗം തുടങ്ങി അസാദ്ധ്യമായ തിനേക്കാൾ സംഭാവ്യമായി മറ്റൊന്നുമില്ലെന്നു മനസ്സിലാക്കാൻ ത ക്ക ജീവിതം അയാൾ കണ്ടുകഴിഞ്ഞു.

പിന്തിരിഞ്ഞുപോയ പട്ടാളക്കാർ മേലധികാരികളുടെ കൽപ്പനയ്ക്കു കാത്തുനിൽക്കുന്നതുപോലെ അന്നു രാത്രി തുടർനീക്കങ്ങളൊന്നും ന ടത്തിയില്ല. ചാരായക്കടയുടെ ഉള്ളിൽ ബന്ധിതനായി കിടന്ന ഴാ വേർ തലയൊന്നിളക്കുകപോലും ചെയ്യാതെ നിശ്ചിന്തനായി ചുറ്റും ന ടക്കുന്ന ബഹളങ്ങൾ നോക്കിക്കണ്ടു. വഴിക്കോട്ടയിൽ ബാക്കിയായ വരുടെ അവസ്ഥ അന്വേഷിച്ചു ചെന്ന കൊംബ്ഫേർ ആൻഷൊൽരാ യോടു പറഞ്ഞു, "ഴാങ്പ്രുവേറിനെ അവർ ബന്ദിയാക്കി കൊണ്ടുപോ യി. നമുക്ക് ആ പോലീസ് ചാരന്റെ കഥ കഴിച്ചാലോ?"

"പക്ഷേ, എനിയ്ക്കു ഴാങ്പ്രുവേറിന്റെ ജീവനാണു പ്രധാനം! നമ്മുടെ ആളെ തന്നാൽ അവരുടെ ചാരനെ തിരിച്ചയയ്ക്കാമെന്നൊരു സന്ദേ ശം കൊടുക്കുന്നതാണു ബുദ്ധി!"

സമാധാനത്തിന്റെ സൂചനയായി അവരൊരു വെള്ളക്കൊടി ഉയർത്താൻ ശ്രമിയ്ക്കുന്നതിനിടെ തെരുവിൽനിന്നൊരു ശബ്ദം മുഴങ്ങി, "പ്രജാധിപത്യം വിജയിയ്ക്കട്ടെ!". ഴാങ്പ്രുവേറിന്റെ സ്വരം അവർ തിരിച്ചറിഞ്ഞു. അടുത്ത നിമിഷം മിന്നലിനെത്തുടർന്നൊരു വെടി! പട്ടാളക്കാർ ധീരനായ ആ യുവാവിനെ കൊന്നുകളഞ്ഞു.

ആൻഷൊൽരാ ഴാവേറിനെ നോക്കി പറഞ്ഞു, “കഷ്ടം, സ്വന്തം സുഹൃത്തുക്കൾതന്നെ നിങ്ങളുടെ ജീവനെടുത്തു!”

ആ സമയം ചാരായക്കടയ്ക്കകത്തായിരുന്ന മരിയുസ് ഇരുട്ടിൽ നിന്നാരോ തന്നെ പേരു പറഞ്ഞു വിളിയ്ക്കുന്നതു കേട്ടു. റ്യൂ പ്ലൂ മെയിലെ പടിവാതിൽക്കൽവെച്ചു കേട്ട ആ ശബ്ദം അയാൾ തിരിച്ചറിഞ്ഞു. സൂക്ഷിച്ചു നോക്കിയപ്പോൾ നിലത്തുകൂടി വലിഞ്ഞിഴഞ്ഞുവന്ന ഒരു രൂപം അയാളോടു ചോദിച്ചു, “മൊസ്യു മരിയുസ്, നിങ്ങൾക്കെന്നെ മനസ്സിലായില്ലേ? ഞാൻ എപ്പൊനൈൻ!”

പുരുഷവേഷം ധരിച്ച ആ ചെറുപ്പക്കാരൻ, എപ്പൊനൈനായിരുന്നു! മരിയുസ് പറഞ്ഞു, “നിങ്ങളെങ്ങനെ ഇവിടെയെത്തി? വല്ലാതെ ചോര വാർന്നൊഴുകുന്നുണ്ടല്ലോ, നിൽക്കൂ, ഞാൻ നിങ്ങളെയെടുത്തു മേശപ്പുറത്തു കിടത്താം. എന്റെ കൈ പിടിയ്ക്കൂ, എവിടെയാണു മുറിവു പറ്റിയിരിയ്ക്കുന്നത്?"

അവൾ മരിയുസിനു നേരേ കൈയുയർത്തി. ആ കൈപ്പടത്തിനു നടുവിലെ കറുത്ത ദ്വാരം കണ്ട് അയാൾ ചോദിച്ചു, "ഇതെന്തു പറ്റി?"

"പട്ടാളക്കാരൻ നിങ്ങളുടെ നേർക്കു ചൂണ്ടിയ തോക്കിന്മുന ഞാനാണു പൊത്തിപ്പിടിച്ചത്! ആ വെടിയുണ്ട കൈപ്പടം തുളച്ചു നേരേ എന്റെ മാറിൽ വന്നു കൊണ്ടു. ഇനി ശുശ്രൂഷകൊണ്ടൊന്നും ഫലമില്ല. നിങ്ങളെന്റെ അടുത്തു വന്നിരിയ്ക്കൂ!”

ഞെട്ടി വിറച്ചു പരിഭ്രമിച്ചുപോയ മരിയുസ് അടുത്തു ചെന്നിരുന്ന് അവളുടെ തലയെടുത്തു മടിയിൽവെച്ചു. അയാളുടെ മുഖത്തു നോക്കാതെ അവൾ പറഞ്ഞു, "ഹാ, എന്തൊരു സുഖം! ഇപ്പോൾ എനിയ്ക്കൊരു വേദനയും തോന്നുന്നില്ല!"

ആ സമയം വഴിക്കോട്ടയിലെങ്ങും കേൾക്കാവുന്ന വിധം ഗവ്രോഷ് ഉറക്കെ ചൂളംവിളിയ്ക്കുന്നുണ്ടായിരുന്നു. എപ്പൊനൈൻ കാതോർത്തു മന്ത്രിയ്ക്കുന്ന സ്വരത്തിൽ പറഞ്ഞു, “എന്റെ അനിയൻ! അവനെന്നെ ഈ നിലയിൽ കണ്ടാൽ സഹിയ്ക്കില്ല!"

തെനാർദിയർ കുടുംബത്തോടുള്ള കടപ്പാടിനെക്കുറിച്ച് അച്ഛൻ പറഞ്ഞിട്ടുള്ളതെല്ലാം ഓർത്തെടുത്തു മരിയുസ് ചോദിച്ചു, "ആ ചൂളം വിളിയ്ക്കുന്ന പയ്യൻ നിന്റെ അനിയനാണോ?"

"അതെ, മൊസ്യ മരിയുസ്, നിങ്ങളെന്നെ വിട്ടു പോകരുതേ! നോക്കൂ, എന്റെ കീശയിലൊരു കത്തുണ്ട്, നിങ്ങൾക്കതെടുക്കാം! ഞാൻ മരിച്ചാൽ നിങ്ങളെന്റെ നെറ്റിയിൽ ഒരുമ്മ വെയ്ക്കണം, ഞാനതാസ്വദിയ്ക്കും!”, അവൾ മരിയുസിന്റെ കൈയെടുത്തു സ്വന്തം കീശയിലേയ്ക്കു തിരുകി. അയാൾ കത്തെടുത്തു.

ഒരിയ്ക്കൽക്കൂടി മരിയുസിന്റെ മടിയിൽ തല ചായ്ച്ച അവളുടെ കണ്ണുകൾ പതുക്കെ അടഞ്ഞു. അൽപ്പനിമിഷങ്ങൾക്കുശേഷം വീണ്ടും കണ്ണു തുറന്ന അവൾ മറ്റൊരു ലോകത്തുനിന്നെന്നപോലെ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു, “മൊസ്യ മരിയുസ്, നിങ്ങളുടെ മേൽ എനിയ്ക്കുമുണ്ട്, ചെറിയൊരു അനുരാഗം!”

മരിയുസ് വാഗ്ദാനം നിറവേറ്റി. വിയർപ്പുതുള്ളികൾ മുത്തുമണികളായി പറ്റി നിൽക്കുന്ന അവളുടെ തണുത്തു കരുവാളിച്ച നെറ്റിത്തടത്തിൽ അയാൾ സ്നേഹപൂർവം ചുംബിച്ചു.

എപ്പൊനൈൻ കൊടുത്ത കത്തു ചെറിയൊരു വിറയലോടു കൂടി മാത്രമേ അയാൾക്കു തുറന്നു നോക്കാനായുള്ളൂ. ആ കത്ത് ഇങ്ങനെയായിരുന്നു: “എന്റെ സ്നേഹസർവസ്വമേ, അച്ഛനുടനെ പുറപ്പെടണമെന്നു പറഞ്ഞതുകൊണ്ട് ഞങ്ങളിന്നു വൈകുന്നേരം ലോർമെയിലേയ്ക്കു പോകും. ഒരാഴ്ചയ്ക്കകം ഇംഗ്ളണ്ടിലെത്തും, കൊസെത്ത്, ജൂൺ 4"

ഇതാണു സംഭവിച്ചത്: തെനാർദിയറുടെ ഉദ്ദേശത്തിനു തടയിടാൻവേണ്ടി എപ്പൊനൈൻ, ഴാങ്വാൽഴാങിനോട് 'ഉടനെ വീടു വിട്ടു പോകാ'ൻ നിർദ്ദേശം നൽകി. കൊസെത്താകട്ടെ, ഴാങ്വാൽഴാങിന്റെ തീരുമാനം മരിയുസിനെ അറിയിയ്ക്കാനൊരു കത്തെഴുതി, എ

പ്പോനൈനെത്തന്നെയായിരുന്ന ഏൽപ്പിച്ചത്. പിറ്റേന്ന കുർഫരാക്കിന്റെ വീട്ടിലെത്തിയ എപ്പൊനൈൻ സത്യത്തിൽ കത്തു കൊടുക്കാനല്ല, മരിയുസിനെ ഒരു നോക്കു 'കാണാ'നാണു ചെന്നത്! കുർഫരാക്ക് പോയ ഉടനെ റ്യു പ്ലുമേയിലെത്തിയ അവളുടെ ഊഹം തെറ്റിയില്ല. കൊസെത്തിനെ കാത്തിരുന്ന നിരാശനായ മരിയുസിനെ അവസാനം അവൾ വഴിക്കോട്ടയിലേയ്ക്കു തിരിച്ചുവിടുകയും ചെയ്തു.

കൊസെത്തിനു തന്നോടുള്ള സ്നേഹം നഷ്ടപ്പെട്ടിട്ടില്ലെന്നറിഞ്ഞപ്പോൾ മരിയുസിനു സന്തോഷവും സന്താപവും ഒരുമിച്ചനുഭവപ്പെട്ടു. ഇനിയവളെ കാണാനാവില്ലെന്ന ചിന്തയിൽ സ്വന്തം മരണംകൂടി അയാൾ തെളിഞ്ഞു കണ്ടിരുന്നു. എന്തായാലും ആ അനിവാര്യതയ്ക്കുമുമ്പ് രണ്ടു കാര്യങ്ങൾ ചെയ്യേ തീരൂ: കൊസെത്തിനോട് യാത്ര പറയുകയും, അത്യാസന്നവിപത്തിൽനിന്നു ഗവ്രോഷിനെ രക്ഷിച്ചു തെനാർദിയറുടെ കടപ്പാടു തീർക്കുകയും!

മരിയുസ് കീശയിലെ പുസ്തകത്തിൽനിന്നൊരു കടലാസ് ചീന്തിയെടുത്ത് 'മുത്തച്ഛൻ വിവാഹത്തിനു സമ്മതിയ്ക്കാത്തതുകൊണ്ട്, പരസ്പരം പറഞ്ഞുറപ്പിച്ചിരുന്നതുപോലെ, സ്വയം മരണം തിരഞ്ഞെടുക്കുകയാണെ'ന്നൊരു കത്തെഴുതി പുറത്തു കൊസെത്തിന്റെ വിലാസം കുറിച്ചു. തുടർന്നൊരു നിമിഷം ചിന്തിച്ച അയാൾ കത്തിനു താഴെ 'ഞാൻ മരിയുസ് പൊങ്മേർസി. എന്റെ മൃതദേഹം റ്യു കൽവേറിൽ ആറാം നമ്പർ വീട്ടിൽ മുത്തച്ഛൻ മൊസ്യു ഗിൽനോർമാനെ ഏൽ പ്പിയ്ക്കുണ'മെന്ന നിർദ്ദേശവും 'ഈ കത്തു വായിയ്ക്കുമ്പോൾ നിന്നോടൊപ്പം എന്റെ ആത്മാവുണ്ടാകു'മെന്ന യാത്രാമൊഴിയും എഴുതിച്ചേർത്തു.

കത്തു നാലായി മടക്കി കൈയിൽവെച്ചു മരിയുസ് ഗവ്രോഷിനെ വിളിച്ചു വരുത്തി പറഞ്ഞു, “ഈ കത്തു പെട്ടെന്നു മേൽവിലാസക്കാരനു കൊണ്ടുചെന്നു കൊടുക്കണം!”

ചെവി ചൊറിഞ്ഞു ചെറിയൊസ്വസ്ഥതയോടെ പയ്യൻ പറഞ്ഞു, “അതിനിടയ്ക്കു പട്ടാളക്കാർ വഴിക്കോട്ട ആക്രമിച്ചാലോ?"

"ഇന്നു രാത്രി ഇനിയൊന്നും നടക്കാനിടയില്ല. മാത്രമല്ല, പുലരു

മ്പോഴേയ്ക്കും തെരുവുകളിലൊക്കെ പട്ടാളക്കാരുമുണ്ടാവും!"

ഗവ്രോഷിനു പെട്ടെന്നൊരു യുക്തി തോന്നി. അർദ്ധരാത്രിയാവുന്നതേയുള്ളൂ. കത്തു കൊണ്ടുകൊടുത്തു രണ്ടു മണിക്കൂറിനകം തിരിച്ചെത്താം. അവൻ മരിയുസിന്റെ കൈയിൽനിന്നു കത്തു റാഞ്ചിയെടുത്തു ലോർമേയിലേയ്ക്കുള്ള വഴിയേ പാഞ്ഞു.

15 : റ്യു ലോർമേ

'ഉടനെ വീട്ടു വിട്ടു പോകണ'മെന്ന അജ്ഞാതമായ നിർദ്ദേശത്തിൽനിന്നു പോലീസുകാർ തന്നെ കണ്ടെത്തിയെന്നു മനസ്സിലാക്കിയ ഴാങ്വാൽഴാങ് തെല്ലൊന്നു പരിഭ്രമിയ്ക്കാതിരുന്നില്ല. അതുകൊണ്ടാണു കൊസെത്തിന്റെ എതിർപ്പിനെ അവഗണിച്ചുപോലും അയാൾ പെട്ടെന്നു ലോർമേയിലേയ്ക്കു പോകാൻ തീരുമാനിച്ചത്. യാത്രയ്ക്കിടയിൽ രണ്ടു പേരും രണ്ടു വിധത്തിൽ അസ്വസ്ഥരായിരുന്നതുകൊണ്ട് അന്യോന്യം മനസ്സിലാക്കാനും അവർക്കായില്ല. റ്യു പ്ലുമേയിൽനിന്നു പോരുമ്പോൾ എപ്പോഴും കൂടെ കൊണ്ടുനടക്കാറുള്ള ചെറിയൊരു പെട്ടിയല്ലാതെ മറ്റൊന്നും ഴാങ്വാൽഴാങ് കൈയിലെടുത്തില്ല. തുസൊങ് അത്യാവശ്യം ചില വസ്തുങ്ങൾ പെട്ടിയിലൊതുക്കിവെച്ചതുകൊണ്ട് കത്തെഴുതുന്ന ഒരു നോട്ടുബുക്കു മാത്രമേ കൊസെത്ത് കൈയിൽ കരുതിയുള്ളൂ.

ജ്ഞൺ നാലാം തീയതി രാത്രിയോടെ അവർ ലോർമേയിലെ താമസസ്ഥലത്തെത്തി. പുതിയ അന്തരീക്ഷത്തിൽ ആശങ്കകളൊഴിവായ ഴാങ്വാൽഴാങ് സ്വസ്ഥമായുറങ്ങി. മനസ്സു മുഴുവൻ മരിയുസിനെക്കുറിച്ചുള്ള ചിന്തകളായിരുന്നതുകൊണ്ട് തലവേദനയാണെന്നു പറഞ്ഞു പിറ്റേന്നു വൈകുന്നേരം വരെ കൊസെത്ത് മുറിയിൽനിന്നിറങ്ങിയില്ല. അതേ സമയം, ഇംഗ്ളണ്ടിൽ ചെന്നെത്തി യാതൊരു ഭയാശങ്കകളുമില്ലാതെ കൊസെത്തിന്റെ കൂടെ എന്നെന്നേയ്ക്കുമായൊരു സ്വസ്ഥജീവിതം സ്വപ്നം കാണുകയായിരുന്നു, ഴാങ്വാൽഴാങ്! അതുകൊണ്ട് ഉച്ചയ്ക്കു ഭക്ഷണം കഴിച്ചു കൊണ്ടിരിയ്ക്കുമ്പോൾ പുറത്തെന്തോ ബഹളം കേൾക്കാനുണ്ടെന്നു തുസൊങ് വിക്കിവിക്കി പറഞ്ഞതൊ

ന്നം അയാളുടെ ശ്രദ്ധയിൽപ്പെട്ടില്ല. ഭക്ഷണം കഴിഞ്ഞു മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതിനിടയിൽ യദൃച്ഛയാ അയാളുടെ നോട്ടം മേശയ്ക്കു മുമ്പിലുള്ള കണ്ണാടിയിൽ ചെന്നു വീണു. കൊസെത്ത് മേശപ്പുറത്തു തുറന്നു വെച്ച നോട്ടുബുക്കിൽ അമർന്നു പതിഞ്ഞ ചില അക്ഷരങ്ങൾ വ്യക്തമായി വായിക്കാവുന്നവിധം കണ്ണാടിയിൽ പ്രതിഫലിച്ചിരുന്നു. ഴാങ്വാൽഴാങ് ശ്രദ്ധിച്ചു നോക്കി ഓരോ അക്ഷരങ്ങളായി ആ കുറിപ്പു മുഴുവൻ വായിച്ചെടുത്തു: 'എന്റെ സ്നേഹസർവസ്വമേ, അച്ഛൻ ഉടനെ യാത്ര പുറപ്പെടണമെന്നു പറഞ്ഞതുകൊണ്ട് ഞങ്ങളിന്നു വൈകുന്നേരം ലോർമെയിലേയ്ക്കു പോകും. ഒരാഴ്ചയ്ക്കകം ഇംഗ്ളണ്ടിലെത്തും... കൊസെത്ത്, ജ്ജൂൺ 4'.

തീരെ അപ്രതീക്ഷിതവും ഹൃദയഭേദകവുമായ ആ വരികൾ ഴാങ്വാൽഴാങ് ഒരിയ്ക്കൽക്കൂടി വായിച്ചു. അയാൾക്കു വിശ്വാസമായില്ല.. ഇല്ല.. ഇതെങ്ങനെ സംഭവിയ്ക്കും? പതുക്കെപ്പതുക്കെ പരിസരബോധം തിരിച്ചുകിട്ടിയ അയാൾ നോട്ടുബുക്കിൽ പതിഞ്ഞ ആ അക്ഷരചിഹ്നങ്ങൾ സത്യമാണെന്നു തിരിച്ചറിഞ്ഞു. ജീവിതത്തിൽ അതുവരെ അനുഭവിച്ച പീഡാനുഭവങ്ങളൊന്നും അയാളെ ഇത്രമേൽ പിടിച്ചുലച്ചിട്ടില്ല! അതെ, സ്നേഹിയ്ക്കുന്നവരുടെ വേർപാടുപോലെ വ്യസനകരമായി മറ്റെന്തുണ്ട്? തന്നേക്കാൾ പ്രിയപ്പെട്ട മറ്റൊരാൾ അവൾക്കുണ്ടെന്ന അപ്രിയസത്യം ഒരുവിധത്തിലും അയാൾക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. മാത്രമല്ല, കഴിഞ്ഞുപോയ ചില സംഭവങ്ങളേയും അടുത്തിടെ കൊസെത്തിന്റെ മുഖത്തുണ്ടായ ഭാവഭേദങ്ങളേയും കൂട്ടിയിണക്കി അയാൾ ആ യുവാവിനെ കൃത്യമായി തിരിച്ചറിയുകയും ചെയ്തു.

പെട്ടെന്നു മുറിയിലേയ്ക്കു വന്ന തുസൊങിനെ നോക്കി, സ്വപ്നത്തിൽനിന്നു ഞെട്ടിയുണർന്നതുപോലെ, ഴാങ്വാൽഴാങ് ചോദിച്ചു, "അപ്പോൾ.., എവിടെയാണു ബഹളം നടക്കുന്നത്?"

"ഓ, സാങ്വെറിയുടെ വഴിയ്ക്കാണെന്നു തോന്നുന്നു.."

തൊട്ടടുത്ത നിമിഷം, തൊപ്പിപോലുമെടുക്കാതെ, അയാൾ പുറത്തിറങ്ങി തെരുവിലേയ്ക്കു കാതോർത്തു പടിവാതിൽക്കലുള്ള ഒരു ക

ല്ലിന്മേൽ ചെന്നിരുന്നു.

രാത്രിയായി. തെരുവിൽ ആരുമില്ല. പള്ളിമണി പതിനൊന്നടിച്ചു. മണിയടിയ്ക്കുന്നതു മനുഷ്യനും സമയം ദൈവവുമായതുകൊണ്ടു ഴാങ്‌വാൽഴാങിനൊരു ഭാവഭേദവുമുണ്ടായില്ല. പെട്ടെന്നൊരു കാൽപ്പെരുമാറ്റം കേട്ടു തലയുയർത്തി നോക്കിയപ്പോൾ വഴിവെളിച്ചത്തിൽ നടന്നടുക്കുന്ന ഒരു തെരുവുപയ്യന്റെ വിളർത്ത മുഖം അയാൾ കണ്ടു. മരിയുസിന്റെ കത്തുമായി ലോർമേയിലെത്തിയ ഗവ്‌രോഷായിരുന്നു ആ പയ്യൻ. പടിവാതിൽക്കലിരിയ്ക്കുന്ന വൃദ്ധനെ കണ്ടെന്നു നടിയ്ക്കാതെ അവൻ ഏഴാം നമ്പർ വീടു നോക്കി തെരുവിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു. നാവൊന്നനക്കാൻ പറ്റാത്ത സങ്കടത്തിലാണെങ്കിൽപ്പോലും ഴാങ്‌വാൽഴാങ് പയ്യനെ വിളിച്ചു ചോദിച്ചു, "നിനക്കെന്തു വേണം?'

"വല്ലാത്ത വിശപ്പ്!", ഗവ്‌രോഷ് പറഞ്ഞു.

ഴാങ്‌വാൽഴാങ് കീശ തപ്പി ഒരഞ്ചു ഫ്രാങ്കിന്റെ നാണയമെടുത്തു പയ്യന്റെ കൈയിൽവെച്ചു കൊടുത്തു.

അതുവരെ കേട്ടറിവു മാത്രമുള്ള ആ നാണയത്തിന്റെ തിളക്കത്തിൽ അവനൊരു രസം തോന്നി. കുറച്ചുനേരം നോക്കി നിന്ന ശേഷം അവൻ ആ നാണയം കൈയോടെ തിരിച്ചേൽപ്പിച്ചു പറഞ്ഞു, "എനിയ്ക്കു വേണ്ട, ഈ തിളക്കം എന്റെ കണ്ണു മഞ്ഞളിപ്പിയ്ക്കും! വഴിവിളക്കുകൾ എറിഞ്ഞുടയ്ക്കുന്ന ഇരുട്ടാണ് എനിയ്ക്കിഷ്ടം!"

അവൻ താഴെ കിടന്ന ഒരു കല്ലെടുത്തു വഴിവിളക്കിലേയ്ക്ക് ഒരേറു കൊടുത്തു. വിളക്കണഞ്ഞു, തെരുവു വീണ്ടും ഇരുണ്ടു.

"നിനക്കു വേണ്ടെങ്കിൽ തീർച്ചയായും നിന്റെ അമ്മയ്ക്കു വേണ്ടിവരും", ഴാങ്‌വാൽഴാങ് അവനെ നിർബന്ധിച്ചു.

അമ്മയെക്കുറിച്ചുള്ള പരാമർശം ഉള്ളിൽ തറച്ച അവൻ പണം വാങ്ങി കീശയിലിട്ടു തെല്ലൊരു ശങ്കയോടെ ചോദിച്ചു, "ഇവിടെ ഏഴാം നമ്പർ വീടേതാണെന്നറിയാമോ?"

പെട്ടെന്നു ഴാങ്‌വാൽഴാങിന്റെ മനസ്സിലൊരു മിന്നൽ തെളിഞ്ഞു. അയാൾ ചോദിച്ചു, "മദാം കൊസെത്തിനുള്ള കത്തുമായാണോ നീ വന്നിരിയ്ക്കുന്നത്? എങ്കിൽ എനിയ്ക്കു തന്നേക്കു!"

"അപ്പോൾ.., ഞാൻ വരുന്നതു സാങ്വെറിയിലെ വഴിക്കോട്ടയിൽനിന്നാണെന്നു നിങ്ങൾക്കറിയാം?"

"തീർച്ചയായും!", ഴാങ്വാൽഴാങ് പറഞ്ഞു.

കീശയിൽനിന്നെടുത്ത കത്തു ഴാങ്വാൽഴാങിനു കൈമാറി, വഴിക്കോട്ടയിൽ തിരിച്ചെത്താനുള്ള തിടുക്കത്തിൽ കൂടുതലൊന്നും പറയാതെ ഗവ്രോഷ് വന്ന വഴി തിരിച്ചു നടന്നു.

ഗവ്രോഷ് പോയ ഉടനെ ഴാങ്വാൽഴാങ് വീട്ടിനകത്തു ചെന്നു മറ്റാരുമറിയാതെ മെഴുകുതിരി കൊളുത്തി മരിയുസിന്റെ കത്തു തുറന്നു വായിച്ചു. 'ഈ കത്തു വായിക്കുമ്പോൾ നിന്നോടൊപ്പം എന്റെ ആത്മാവുണ്ടാകു'മെന്ന അവസാനത്തെ വരി അയാളെ അത്യധികം സംഭ്രമിപ്പിച്ചു. കുറച്ചുനേരം നിശ്ചിന്തനായി തല കുനിച്ചിരുന്ന അയാളുടെ ഉള്ളിൽ പെട്ടെന്നൊരു ആഹ്ളാദത്തിന്റെ വേലിയേറ്റമുയർന്നു! അപ്പോൾ.., ആഗ്രഹിക്കാൻ പാടില്ലാത്ത വിധത്തിലാണെങ്കിലും കാര്യങ്ങൾക്കൊരു പര്യവസാനമായി! മാത്രമല്ല, ആ വിധിയിൽ താനൊരു പങ്കാളിയുമല്ല! തൊട്ടടുത്ത നിമിഷം അയാളുടെ ആലോചന മറ്റൊരു വഴിക്കു തിരിഞ്ഞു. ഇല്ല, ആ ചെറുപ്പക്കാരൻ മരിച്ചിട്ടില്ല. പക്ഷേ, വഴിക്കോട്ടയിലെ ചക്രപ്പല്ലുകൾ ആ ഹതഭാഗ്യനെ മണിക്കൂറുകൾക്കകം ചതച്ചരച്ചു കളയും. അങ്ങനെ ഒരിക്കൽക്കൂടി കൊസെത്ത് അയാളുടേതു മാത്രമായിത്തീരും! അപ്പോൾ ഈ കത്തു വെറുതെ കീശയിൽ വെയ്ക്കുക മാത്രമേ വേണ്ടൂ! ആ മനുഷ്യനെന്തു സംഭവിച്ചുവെന്നു കൊസെത്ത് ഒരിക്കലും മനസ്സിലാക്കാൻ പോകുന്നില്ല. പക്ഷേ, ഇത്രയൊക്കെ ചിന്തിച്ചിട്ടും അയാളുടെ വ്യസനത്തിനൊരു ശമനമുണ്ടായില്ല. ഏതാണ്ടൊരു മണിക്കൂർ കഴിഞ്ഞപ്പോൾ ഴാങ്വാൽഴാങ് രക്ഷാഭടന്റെ വേഷത്തിൽ വെടിയുണ്ട നിറച്ച കൈത്തോക്കുമായി വഴിക്കോട്ടയുടെ ഭാഗത്തേയ്ക്കു വലിഞ്ഞു നടന്നു.

അഞ്ച് : ഴാങ്‌വാൽഴാങ്

1 : കോട്ടയ്ക്കകത്തെ യുദ്ധം

പട്ടാളക്കാർ പിൻവാങ്ങിയ രാത്രിയിലെ വിലപ്പെട്ട ആ മണിക്കൂറുകൾ വഴിക്കോട്ടയിലെ ചെറുപ്പക്കാർ വെറുതെ കളഞ്ഞില്ല. ആൻഷൊൽരായുടെ നേതൃത്വത്തിൽ അവർ വഴിക്കോട്ടയ്ക്കു സംഭവിച്ച കേടുപാടുകൾ തീർത്തു രണ്ടടികൂടി ഉയരം കൂട്ടി; അടുക്കള ചികിത്സാമുറിയാക്കി മുറിവേറ്റവർക്കു വേണ്ട ശുശ്രൂഷ നൽകി; ചിതറിക്കിടന്ന വെടിമരുന്ന് അടിച്ചുകൂട്ടി വെടിയുണ്ടകളുണ്ടാക്കി; മരിച്ച നാലു പട്ടാളക്കാരുടെ ഉടുപ്പുകൾ എടുത്തു മാറ്റി ശവശരീരം പുറത്തേയ്ക്കു കൊണ്ടുപോയി. കടയ്ക്കകത്തു കറുപ്പുതുണികൊണ്ടു മൂടിയ മൊസ്യു മബെയും തൂണിൽ കെട്ടിയിടപ്പെട്ട ഴാവേറും മാത്രമേയുണ്ടായിരുന്നുള്ളു. പണിയെടുത്തു വിശന്നു വലഞ്ഞ ചെറുപ്പക്കാർ ചാരായക്കടയുടെ കലവറയിൽ സൂക്ഷിച്ചിരുന്ന മദ്യക്കുപ്പികൾ പുറത്തെടുത്തു പരസ്പരം പങ്കുവെച്ചു.

നേരം പുലരാറായി. ഇടവഴിയിലെ ചുമരിൽ കുത്തി നിർത്തിയിരുന്ന ചൂട്ടു കെട്ടു. ഓവുചാലിൽ പതുങ്ങിയിരിയ്ക്കുന്ന പൂച്ചയെ കണ്ടു ഴൊലി പതിവുപോലെ തത്വചിന്ത വിളമ്പി, "എലിയെ സൃഷ്ടിച്ചതിന്റെ പിഴ തീർക്കാനാണു ദൈവം പൂച്ചയെ സൃഷ്ടിച്ചത്!"

ആൻഷൊൽരാ പുറത്തിറങ്ങി തെരുവിലൂടെ ഒരു രഹസ്യനിരീക്ഷണം നടത്തി തിരിച്ചു വന്നു പറഞ്ഞു, "പട്ടാളം പുറപ്പെട്ടു കഴിഞ്ഞു. ഒരു മണിക്കൂറിനകം ആക്രമണം നടന്നേക്കാം. ജനക്കൂട്ടത്തിന്റെ ശബ്ദം കേൾക്കാനേയില്ല. അതുകൊണ്ടു നമുക്കൊരിടത്തുനിന്നും സഹായം പ്രതീക്ഷിയ്ക്കാനില്ല!"

അപ്പോൾ, അഗാധതയിൽനിന്നെന്നപോലെ മരിയുസ് വിളിച്ചു പറഞ്ഞു, "ജനങ്ങൾ പ്രജാവാദികളായ നമ്മളെ സഹായിച്ചില്ലെങ്കിലും നാമവരെ ഉപേക്ഷിയ്ക്കില്ലെന്നു തെളിയിയ്ക്കണം. നമുക്കൊരു ശവക്കോ

ട്ടയായി നിന്നു പട്ടാളത്തെ പ്രതിരോധിയ്ക്കാം!"

മരിയുസിന്റെ ആ തീരുമാനം ആഹ്ളാദപൂർവം അംഗീകരിയ്ക്കപ്പെട്ടു. ആൻഷൊൽരാ പറഞ്ഞു, "പക്ഷേ, അനാവശ്യമായി ചിലവഴിയ്ക്കാനുള്ള ആൾബലം നമുക്കില്ല. അതുകൊണ്ട് എന്തെങ്കിലും തരത്തിൽ ഭാരിച്ച ഉത്തരവാദിത്വം പേറുന്നവർ ആരെങ്കിലുമുണ്ടെങ്കിൽ അവരിവിടെനിന്നു വിട്ടു പോകുകതന്നെ വേണം".

"വിട്ടുപോകണമെന്നു പറയാനെളുപ്പമാണ്", കൂട്ടത്തിലാരോ പറഞ്ഞു, "പുറത്തിറങ്ങിയാൽ പട്ടാളത്തിന്റെ പിടിയിൽപ്പെട്ടും!"

ആൻഷൊൽരാ തെല്ലിട ആലോചിച്ചു നിന്നു. തുടർന്നു മരിച്ചുപോയ നാലു പട്ടാളക്കാരുടെ ഉടുപ്പുകൾ എല്ലാവർക്കും കാണാവുന്നവിധം മുമ്പിലേയ്ക്കിട്ടു പറഞ്ഞു, "ഇതാ, ഈ പട്ടാളവേഷം ധരിച്ചു പുറത്തു പോയാൽ രക്ഷപ്പെടാം!"

ആരും മുന്നോട്ടു വരാതിരുന്നതു കണ്ടു കൊംബ്ഫേർ പറഞ്ഞു, "കൂട്ടുകാരേ, നിങ്ങൾക്കു കൊല്ലപ്പെടാനാണു മോഹം! പക്ഷേ, ആത്മഹത്യ മറ്റുള്ളവരെ ബാധിയ്ക്കുന്നതാകുമ്പോൾ കൊലപാതകമായി മാറും. തെരുവിലൊരു ജനാലയ്ക്കൽ രാത്രി മുഴുവനും പുറത്തേയ്ക്കു നോക്കി ഉറക്കമൊഴിച്ചിരിയ്ക്കുന്ന ഒരു സ്ത്രീയുടെ മുഖം കണ്ടതായി ആൻഷൊൽരാ എന്നോടു പറഞ്ഞു. ആ സ്ത്രീയുടെ മകനോ ഭർത്താവോ ഇവിടെയുണ്ടെങ്കിൽ അയാളുടനെ വീട്ടിലേയ്ക്കു മടങ്ങണം. അദ്ധ്വാനിച്ചു കുടുംബം പുലർത്തുന്നവർ ആത്മബലി നടത്തരുത്! ഭക്ഷണം കിട്ടാത്ത പെൺകുട്ടികളേക്കാൾ, സ്വയം വിൽപ്പനച്ചരക്കാകുന്ന യുവതികളേക്കാൾ ദയനീയരായി മറ്റാരുണ്ട്? ഈ ലോകത്തു നിങ്ങളെ ആശ്രയിയ്ക്കുന്ന പലരുമുണ്ടാ കും; അവരുടെ മുമ്പിൽ നിങ്ങൾ സ്വാർത്ഥരായിക്കൂടാ!"

മണിക്കൂറുകളായി മരണത്തെ മാത്രം ധ്യാനിച്ചുകൊണ്ടിരുന്ന മരിയുസ് പറഞ്ഞു, "വിവാഹിതരും കുടുംബനാഥന്മാരും ഈ കൂട്ടത്തിൽ നിന്നു വിട്ടുനിൽക്കണമെന്നു ഞാനപേക്ഷിയ്ക്കുന്നു!"

ആൻഷൊൽരായുടെ നിർദ്ദേശവും കൊംബ്ഫേറിന്റെ ഉപദേശവും മരിയുസിന്റെ അപേക്ഷയും കേട്ടു മനസ്സിളകിയ ചിലർ പരസ്പരം ചൂണ്ടിക്കാണിച്ചു വാദപ്രതിവാദങ്ങൾ നടത്താൻ തുടങ്ങി. അവസാ

നം എല്ലാവരുംകൂടി ഐകകണ്ഠ്യേന അഞ്ചുപേരെ തിരഞ്ഞെടുത്തു മു ന്നോട്ടു നീക്കിനിർത്തി. പക്ഷേ, പട്ടാളവേഷം നാലെണ്ണം മാത്രമേയു ള്ളൂവെന്ന കാര്യം അവരോർത്തില്ല. പിന്നെ ആ അഞ്ചുപേരിൽ ആരു മാറി നിൽക്കണമെന്ന പേരിലായി അടുത്ത തർക്കം. 'നിനക്കു ഗർഭി ണിയായ ഭാര്യയുണ്ട്', 'നിങ്ങളുടെ അമ്മയ്ക്കു സുഖമില്ല', 'നിങ്ങൾക്കഞ്ചു മക്കളുണ്ടല്ലോ', എന്നിങ്ങനെ നീണ്ടുപോയി അവരുടെ വാദപ്രതിവാദ ങ്ങൾ! അവസാനം അവരഞ്ചുപേരും മരിയുസിനെ നോക്കി പറഞ്ഞു, "നിങ്ങൾ തീരുമാനിയ്ക്കുന്നതുപോലെ ഞങ്ങൾ ചെയ്യാം!"

അവരിൽനിന്നു നിസ്സഹായനായൊരു മനുഷ്യനെ മരണദേവതയ്ക്കു മുമ്പിൽ ബലിയർപ്പിയ്ക്കാനുള്ള നിയോഗത്തിൽ ഹൃദയം പിളർന്നുപോ യ മരിയുസ് അഞ്ചുപേരേയും നിർന്നിമേഷനായി നോക്കിനിന്നു. അ വരോരോരുത്തരും 'എന്നെ, എന്നെ'യെന്നു നിറഞ്ഞ കണ്ണുകളോടെ വിളിച്ചു പറയുന്നതായി അയാൾക്കു തോന്നി. ആ നിമിഷം, ആകാശ ത്തുനിന്നെന്നപോലെ അഞ്ചാമതൊരു പട്ടാളവേഷം കൂടി അയാളുടെ തൊട്ടു മുന്നിൽ വന്നു വീണു.

മരിയുസ് തിരിഞ്ഞുനോക്കി, മൊസ്യൂ ഫൂഷൽവാങിനെ കണ്ടു തി രിച്ചറിഞ്ഞു! എല്ലാവരും നാലുപേരെ തിരഞ്ഞെടുക്കുന്ന തിരക്കിലാ യിരുന്നതുകൊണ്ട് രക്ഷാഭടന്റെ വേഷം ധരിച്ചു വഴിക്കോട്ടയിലെ ത്തിയ ഴാങ്‌വാൽഴാങിനെ ആരും ശ്രദ്ധിച്ചിരുന്നില്ല.

"ആരാണ് ഈ മനുഷ്യൻ?", ബോസ്വേ ചോദിച്ചു.

"മറ്റുള്ളവരുടെ രക്ഷകൻ!", കൊംബ്ഫേർ പറഞ്ഞു.

"ഇദ്ദേഹത്തെ എനിയ്ക്കറിയാം!", മരിയുസിന്റെ പെട്ടെന്നുള്ള മറുപ ടി എല്ലാവരേയും തൃപ്തിപ്പെടുത്തി.

ആ സമയം ആൻഷൊൽരാ വഴിക്കോട്ടയുടെ കോണിപ്പടിയിൽ കൈത്തോക്കൂന്നി നിന്ന് അത്യാസന്നമായ പോരാട്ടത്തെക്കുറിച്ചു ചി ന്തിയ്ക്കുകയായിരുന്നു. ആലോചന ഒരു സന്ദിഗ്ദ്ധഘട്ടം പിന്നിട്ടപ്പോൾ, മനസ്സിലുണർന്ന ആശയങ്ങൾ മറ്റുള്ളവരുമായി പങ്കുവെച്ച് അയാൾ ഉച്ചത്തിൽ പറഞ്ഞു, "കൂട്ടുകാരേ, വരാൻപോകുന്ന ഭരണപരിവർത്തന

ത്തിന്റെ ഗുണഫലങ്ങളെപ്പറ്റി നിങ്ങളെന്തെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ആദ്യമായി മനുഷ്യർ മര്യാദക്കാരായി മാറും, വീടുകളിൽ ശാന്തി പുലരും, രാജ്യങ്ങൾക്കിടയിൽ സമാധാനം നിലനിൽക്കും', ഓരോരുത്തരുടേയും വിശ്വാസങ്ങൾ ആദരിക്കപ്പെടും! ചരിത്രത്തിൽ ഇതുവരെ നാമെന്തെല്ലാമാണ് നേടിയതെന്ന് നോക്കൂ; പ്രകൃതിശക്തികളെ കീഴടക്കി, സഹസ്രശീർഷനായ സർപ്പത്തിന് തീവണ്ടിയെന്ന് പേരിട്ടു, ആകാശസഞ്ചാരത്തിന് വഴി തുറന്നു! ഇനിയെന്തൊക്കെയാണ് നമുക്ക് സാക്ഷാത്ക്കരിക്കാനുള്ളത്? മനുഷ്യരുടെ സമത്വമാണ് പരമപ്രധാനം! എന്റെമേൽ എനിക്കുള്ള ആധിപത്യമാണ് സ്വാതന്ത്ര്യം; അങ്ങനെയുള്ളവർ ഒന്നിച്ച് കൂടുമ്പോൾ പ്രജാധിപത്യമായി; പ്രജാധിപത്യത്തിൽ ഓരോരുത്തരും മറ്റുള്ളവർക്ക് വിട്ടുകൊടുക്കുന്ന സമ്മതിദാനമാണ് സമത്വം; അവനവന്റെ അവകാശത്തിന് പുറമേ മറ്റുള്ളവരുടെ അവകാശംകൂടി സംരക്ഷിക്കപ്പെടുമ്പോൾ നമ്മുടെയുള്ളിൽ സാഹോദര്യം വളർന്നുവരുന്നു. സ്വാതന്ത്ര്യം കൊടുമുടിയാണെങ്കിൽ താഴ്‌വരയാണ് സമത്വം. സമത്വത്തിനൊരു വഴിയേയുള്ളൂ, സാർവത്രികമായ വിദ്യാഭ്യാസം! സോദരന്മാരേ, ഇതോർത്തു വെയ്ക്കൂ, ഈ വഴിക്കോട്ടയിൽവെച്ച് മരിക്കുന്നവർ ഭാവിയുടെ സൂര്യപ്രകാശത്തിലേയ്ക്ക് കടക്കുകയാണ് ചെയ്യുന്നത്!"

ആൻഷൊൽരാ പറഞ്ഞു നിർത്തി. എല്ലാവരും അയാളുടെ ചുണ്ടുകളിൽത്തന്നെ ശ്രദ്ധിച്ചിരുന്നതുകൊണ്ട് അന്തരീക്ഷത്തിൽ പരന്ന നിശ്ശബ്ദത അവരുടെ ഹൃദയത്തിലേയ്ക്കും പടർന്നുകയറി.

മരിയുസാകട്ടെ, അപ്പോൾ മൊസ്യൂ ഫൂഷൽവാങ് വഴിക്കോട്ടയിൽ എങ്ങനെ, എന്തിന് വന്നെത്തിയെന്നാണ് ചിന്തിച്ചുകൊണ്ടിരുന്നത്. എന്തായാലും അദ്ദേഹം തന്നെ കണ്ടതായിപ്പോലും ഭാവിച്ചിട്ടില്ല. പക്ഷേ, കൊസെത്തിനെക്കുറിച്ച് ആലോചിക്കുന്തോറും അയാളുടെ മനസ്സിലൊരു നൊമ്പരം അരിച്ചിറങ്ങി.

തിരഞ്ഞെടുക്കപ്പെട്ട അഞ്ചുപേരെ വഴിക്കോട്ടയിൽനിന്ന് യാത്രയയച്ചശേഷം ആൻഷൊൽരാ മരണശിക്ഷ കാത്തു കഴിയുന്ന പോലീസ്ചാരനെക്കുറിച്ചോർത്തു. അയാൾ ഴാവേറിനോട് ചോദിച്ചു, "നി

ങൾക്കെന്തെങ്കിലും ആവശ്യമുണ്ടോ?"

"രാത്രി മുഴുവൻ നിങ്ങളെന്നെ നിന്ന നിൽപ്പിൽ നിർത്തിയതു ക്രൂരമായിപ്പോയി. മേശപ്പുറത്തു മരിച്ചുകിടക്കുന്ന ആ മനുഷ്യനെപ്പോലെ എന്നെ താഴെ കിടത്തിയാൽ നന്നായിരുന്നു!"

ആൻഷൊൽരാ ഉടനെ നാലു ചെറുപ്പക്കാരുടെ സഹായത്തോടെ ഴാവേറിനെ വെടിമരുന്നു തയാറാക്കിയിരുന്ന മേശപ്പുറത്തു കൊണ്ടുചെന്നു കിടത്തി. അതിനിടയിൽ തലയൊന്നു ചെരിച്ചു നോക്കിയ ഴാവേർ വാതിൽക്കൽ സകലതും അതീവശ്രദ്ധയോടെ നോക്കിനിൽക്കുന്ന ഴാങ്‌വാൽഴാങിനെ കണ്ടു തിരിച്ചറിഞ്ഞു. പക്ഷേ, യാതൊരു പരിഭ്രമമോ അത്ഭുതമോ പ്രകടിപ്പിയ്ക്കാതെ അയാൾ ആത്മഗതമായി പറഞ്ഞു, "അതങ്ങനെയേ വരൂ!"

നേരം പുലർന്നു. അന്തരീക്ഷത്തിലെ നിശ്ശബ്ദതയ്ക്കു കനംവെച്ചു. യുദ്ധത്തിനു തയാറായിക്കൊള്ളാൻ ആൻഷൊൽരാ എല്ലാവർക്കും നിർദ്ദേശം നൽകി. യാതൊന്നും ആശിയ്ക്കാനില്ലാത്ത അവരുടെ അവസാനത്തെ ആയുധമായിരുന്നു, നിരാശ! ശവപ്പെട്ടിയുടെ അടപ്പു ചിലപ്പോൾ സ്വർഗത്തിലേയ്ക്കുള്ള വാതിലായി മാറുമെന്ന വെർജിലിന്റെ കവിവാക്യം അവരെ സാന്ത്വനിപ്പിച്ചു.

അവർക്കധികം കാത്തിരിയ്ക്കേണ്ടിവന്നില്ല. തെരുവിന്റെ വളവിലൊരു പീരങ്കി പ്രത്യക്ഷപ്പെട്ടു. പട്ടാളക്കാർ വെടിവെപ്പിനു തയാറായി വണ്ടിയുടെ കൂടെ നടക്കുന്നുണ്ടായിരുന്നു.

"വെടി!", ആൻഷൊൽരാ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

എല്ലാവരും തോക്കെടുത്തു നിറയൊഴിച്ചു. തെരുവു മുഴുവൻ പുകപടലത്തിൽ മുങ്ങി. വഴിക്കോട്ടയുടെ വിടവിലേയ്ക്കു നോക്കി ഉന്നം വെച്ച പട്ടാളത്തിന്റെ വെടി പക്ഷേ ചുമരിൽ തട്ടി പിന്നോട്ടു തെറിയ്ക്കുകയാണു ചെയ്തത്. ആ ബഹളത്തിനിടയിൽ ആരുടേയും കണ്ണിൽപ്പെടാതെ ഗവ്‌രോഷ് വഴിക്കോട്ടയിൽ വന്നു കയറി. മരിയുസ് അവനെ കണ്ടു നടുക്കത്തോടെ ചോദിച്ചു, "കത്തു കൊടുത്തോ? ആരു പറഞ്ഞു നിന്നോടു തിരിച്ചുവരാൻ?"

വഴിക്കോട്ടയിൽ തിരിച്ചെത്താനുള്ള തിടുക്കം മൂലം സത്യത്തിൽ അവൻ കത്തു കൈയൊഴിയ്ക്കുകയാണു ചെയ്തത്. എങ്കിലും മരിയുസിനെ സമാധാനിപ്പിയ്ക്കാൻവേണ്ടി അവൻ പറഞ്ഞു, "ആ മാന്യസ്ത്രീ ഉറക്കമായിരുന്നതുകൊണ്ട് കത്തു ഞാൻ പടികാവൽക്കാരനെ ഏൽപ്പിച്ചു തിരിച്ചു പോന്നു!"

മൊസ്യു ഫൂഷൽവാങ് വഴിക്കോട്ടയിലെത്തിയതിനു തന്റെ കത്തുമായെന്തോ ബന്ധമുണ്ടെന്നു സംശയിച്ചു മരിയുസ് ആ വൃദ്ധനെ ചൂണ്ടിക്കാട്ടി ചോദിച്ചു, "നീ ആ മനുഷ്യനെ അറിയുമോ?"

"ഇല്ല!", ഗവ്‌രോഷ് പറഞ്ഞു. ഇരുട്ടത്തു കണ്ട ഴാങ്‌വാൽഴാങിന്റെ മുഖം അവനു തിരിച്ചറിയാനായില്ല. വഴിക്കോട്ടയിലേയ്ക്കു വരുമ്പോൾ തെരുവിൽ കണ്ട കാഴ്ചകൾ കൂട്ടുകാരോടു വിവരിച്ചശേഷം അവൻ കുർഫരാക്കിന്റെ പക്കൽനിന്നു തോക്കു തിരിച്ചുവാങ്ങി യുദ്ധത്തിനു തയാറായി നിന്നു.

വഴിക്കോട്ടയുടെ വിടവിലേയ്ക്കു രണ്ടാമതൊരു പീരങ്കിവെടി കൂടി വന്നു വീണാൽ പ്രതിരോധം തീർത്തും തകർന്നുപോകുമെന്നു കണ്ട ആൻഷൊൽരാ പറഞ്ഞു, "വെടിയുടെ ആഘാതം കുറയ്ക്കാൻ ആ വിടവിൽ നമുക്കൊരു പരുത്തിക്കിടയ്ക്ക തിരുകണം!"

അതുവരെ കാൽമുട്ടുകൾക്കിടയിലൊരു തോക്കുംവെച്ചു ചുറ്റുപാടും നടക്കുന്ന കാര്യങ്ങൾ ശ്രദ്ധിയ്ക്കാതിരുന്ന ഴാങ്‌വാൽഴാങ്, ആൻഷൊൽരായുടെ ആവശ്യം കേട്ടയുടനെ ചാടിയെഴുന്നേറ്റു. വഴിക്കോട്ടയ്ക്കു മുമ്പിൽ തെരുവിനഭിമുഖമായുള്ള ഒരാറുനിലവീടിന്റെ മുകളിലെ ജനാലയ്ക്കൽ ഉണക്കാനിട്ടതുപോലെ ആരോ ഒരു കിടയ്ക്ക രണ്ടു കൊളുത്തിൽ കെട്ടിത്തൂക്കിയിട്ടിരിയ്ക്കുന്നത് അയാൾ ശ്രദ്ധിച്ചു നോക്കിക്കണ്ടു. അടുത്ത നിമിഷം ഴാങ്‌വാൽഴാങ് തോക്കെടുത്ത് ഉന്നം നോക്കി തുടരെത്തുടരെ രണ്ടു നിറയൊഴിച്ചു. വെടിയുണ്ടയേറ്റു രണ്ടു കൊളുത്തും പൊട്ടി കിടയ്ക്ക തെരുവിൽ വന്നു വീണു. എല്ലാവരും നോക്കി നിൽക്കേ, തൊട്ടു മുന്നിൽ പീരങ്കിയുമായി നിൽക്കുന്ന പട്ടാളക്കാരെ ഗൗനിയ്ക്കാതെ, അയാൾ നേരേ നടന്നു ചെന്നു കിടയ്ക്കയെടുത്തു പുറത്തേറ്റി, തിരിച്ചു വന്നു സ്വന്തം കൈകൊണ്ടു വഴിക്കോട്ടയുടെ വിടവടച്ചു.

അധികം താമസിയാതെ പട്ടാളക്കാരുടെ പീരങ്കിയിൽനിന്നു രണ്ടാമത്തെ കൂട്ടവെടി പുറപ്പെട്ടു. പക്ഷേ, യാതൊരു പ്രതിധ്വനിയുമില്ലാതെ അവയെല്ലാം കിടയ്ക്കയിൽ തട്ടി താനേ ചിന്നിച്ചിതറി. വഴിക്കോട്ട രക്ഷപ്പെട്ടു. ആൻഷൊൽരാ അഭിനന്ദനസൂചകമായി ഴാങ്വാൽഴാങിനോടു പറഞ്ഞു, "സുഹൃത്തേ, ഈ രാജ്യത്തു വരാൻ പോകുന്ന പ്രജാധിപത്യം നിങ്ങൾക്കു നന്ദി പറയുന്നു!"

* * *

തലേന്നു രാത്രി കിടക്കാൻ പോകുമ്പോൾ നഗരത്തിലെവിടെയോ ബഹളം നടക്കുന്നുണ്ടെന്നു തുസൊങ് പറഞ്ഞു കേട്ടതല്ലാതെ മറ്റൊന്നും കൊസെത്ത് അറിഞ്ഞിട്ടില്ല. പുഞ്ചിരിയ്ക്കുന്ന മുഖവുമായി മരിയുസ് പ്രത്യക്ഷപ്പെടുന്നതു സ്വപ്നം കണ്ട സന്തോഷത്തോടെയാണ് അവൾ ഉറക്കമുണർന്നത്. മൂന്നു ദിവസങ്ങൾക്കുശേഷം അയാളുന്നു വരുമെന്നുതന്നെ അവൾ ഉറച്ചു വിശ്വസിച്ചു. അയാളെ സ്വീകരിയ്ക്കാൻ വേണ്ടി അവൾ കിടയ്ക്കയിൽനിന്നു ചാടിയെഴുന്നേറ്റു. ദൈവം വെളുത്ത നിറത്തിൽ സൃഷ്ടിച്ച പനിനീർപ്പൂവ്, മനുഷ്യരുടെ നോട്ടം കണ്ടു നാണിച്ചാണു തുടുത്തു ചുവന്നതെന്നൊരു കഥയുണ്ട്. അത്തരമൊരു പനിനീർപ്പൂവിനെപ്പോലെ പ്രഭാതസ്നാനം കഴിഞ്ഞു സുന്ദരിയായി അണിഞ്ഞൊരുങ്ങിയ അവൾ മരിയുസിന്റെ വരവും കാത്തിരുന്നു!

കൊസെത്ത് ജനാല തുറന്നു പുറത്തേയ്ക്കു നോക്കി. തെരുവു ശൂന്യമായിരുന്നു. തോട്ടത്തിലെ പൂക്കളെന്തോ പതിവില്ലാത്ത വിധം വാടിനിൽക്കുന്നതായി അവൾക്കു തോന്നി. മരിയുസിനെക്കുറിച്ച് ആലോചിച്ചപ്പോൾ മനസ്സിലൊരു വിഷാദം തിരയടിച്ചതുപോലെ അവൾ ആകാശത്തേയ്ക്കു നോക്കി പൊട്ടിക്കരഞ്ഞു. ഉള്ളിലുയർന്ന കരിങ്കാറുകൾ കവിളിലൂടെ കണ്ണീരായി പെയ്തു തീർന്നപ്പോൾ അവൾക്കൽപ്പം ആശ്വാസം തോന്നി. സൂര്യപ്രകാശം പരക്കുന്നതേയുള്ളൂ. പുറത്തു വീട്ടുകളിലൊന്നും ജനാലകൾ തുറന്നിട്ടില്ല. തുസൊങ് അടുക്കളയിലും അച്ഛൻ നല്ല ഉറക്കത്തിലുമാണെന്ന് അവൾ കരുതി. എവിടെയോ വാതിലുകൾ അടച്ചു തുറക്കുന്നപോലെ അവൾ കേട്ട ശബ്ദം പക്ഷേ, വഴി

ക്കോട്ടയിൽ വന്നലച്ച പീരങ്കിവെടികളുടെ മാറ്റൊലിയായിരുന്നു!

* * *

പട്ടാളക്കാരുടെ വെടിയുണ്ടകൾ ഇടയ്ക്കിടെ വന്നു തറച്ചിട്ടും വഴിക്കോട്ടയ്ക്കു സാരമായ പരിക്കേറ്റില്ല. പ്രകോപനങ്ങൾക്കൊ ന്നും പ്രതികരണമില്ലാതെ വന്നപ്പോൾ അവർ അസ്വസ്ഥരാകാൻ തുടങ്ങി. വഴിക്കോട്ടയ്ക്കകത്തെന്താണു നടക്കുന്നതെന്നു കണ്ടറിയാൻ തെരുവിനപ്പുറത്തൊരു വീടിന്റെ മേൽക്കൂരയിലേയ്ക്കു പിടിച്ചു കയറിയ പട്ടാളക്കാരന്റെ തൊപ്പി നിതാന്തജാഗ്രതയോടെ നിന്ന ആൻഷൊൽരായുടെ കണ്ണിൽപ്പെട്ടു. അയാൾ വിളിച്ചു പറഞ്ഞു, "അതാ, ഒരൊറ്റുകാരൻ പ്രത്യക്ഷപ്പെട്ടിരിയ്ക്കുന്നു!"

ഴാങ്‌വാൽഴാങ് തോക്കു കൈയിലെടുത്തു നേരേ ഉന്നം നോക്കി വെടിവെച്ചു. പട്ടാളക്കാരന്റെ തൊപ്പി തെരുവിലേയ്ക്കു തെറിച്ചുവീണു. പേടിച്ചരണ്ട അയാൾ പെട്ടെന്നു മാറിപ്പോയി. അയാളുടെ സ്ഥാനത്തു പക്ഷേ മറ്റൊരു പട്ടാളോദ്യോഗസ്ഥൻ പ്രത്യക്ഷപ്പെട്ടു. ഴാങ്‌വാൽഴാങിന്റെ അടുത്ത വെടി അയാളുടേയും തൊപ്പി തെറിപ്പിച്ചു. പിന്നീടാരും ആ ഭാഗത്തേയ്ക്കു വന്നില്ല!

"എന്തേ നിങ്ങളയാളെ കൊല്ലാതിരുന്നത്?", ബോസ്യൊയുടെ ചോദ്യത്തിനു ഴാങ്‌വാൽഴാങ് ഉത്തരമൊന്നും പറഞ്ഞില്ല.

"വെടിയുണ്ടകൊണ്ടു നന്മ മാത്രം ചെയ്യുന്ന ഒരു മനുഷ്യനാണ് അയാൾ!", കൊംബ്‌ഫേർ അഭിപ്രായപ്പെട്ടു.

പിറ്റേന്നു, ജൂൺ ആറാം തീയതി, രാവിലെ സാങ്‌മെറി പള്ളിയിൽ അപായസൂചകമായി മണി മുഴങ്ങി. റ്യൂ പ്യാരിയിലും റ്യൂ ദെഗ്രയിലും വഴിക്കോട്ടകൾ പൊങ്ങി വന്നു. റ്യൂ സാങ്‌ദെനിയിൽ വീടിന്റെ ജനാലയ്ക്കലൊരു സ്ത്രീ പട്ടാളക്കാരുടെ നേർക്കു വെടിവെയ്ക്കാൻ തുടങ്ങി. റ്യൂ കൊസോയിൽവെച്ചു കീശ നിറയെ വെടിയുണ്ടകളുമായി നടന്ന ഒരു പയ്യനെ പട്ടാളക്കാർ പിടിച്ചു വെച്ചു. കലാപം നഗരത്തിലെ ചില ഭാഗങ്ങളിൽ മാത്രമാണെന്നു കരുതിയിരുന്ന സൈന്യാധിപന്മാരെ ഈ മുന്നേറ്റം അരിശം കൊള്ളിച്ചു.

അതിനിടയിൽ രണ്ടാമതൊരു പീരങ്കികൂടി മറുഭാഗത്തു പ്രത്യക്ഷ

പ്പെട്ടു. തെരുവിലേയ്ക്കുതന്നെ ശ്രദ്ധിച്ചുകൊണ്ടിരുന്ന ആൻഷൊൽരാ സ്ഥിതിഗതികൾ വിലയിരുത്തി പറഞ്ഞു, “രണ്ടു പീരങ്കികളിൽനിന്നും അവർ ഒരേസമയം വെടിവെയ്ക്കാൻ തുടങ്ങിയാൽ നമുക്കു പിടിച്ചുനിൽക്കാനാവില്ല. അതുകൊണ്ട് ഇപ്പോൾ പ്രതിരോധമല്ല, ആക്രമണമാണു വേണ്ടത്!"

എല്ലാവരും തയാറായി. വളരെ നേരമായി മൗനം പൂണ്ടിരുന്ന വഴിക്കോട്ട ആഹ്ളാദത്തോടെ ആർത്തലച്ചു. പെട്ടെന്നുണ്ടായ ആക്രമണത്തിൽ പീരങ്കിപ്പട്ടാളത്തിന്റെ മൂന്നിൽ രണ്ടു ഭാഗവും തെരുവിൽ മരിച്ചുവീണു. സംതൃപ്തിയോടെ തല കുലുക്കി ആൻഷൊൽരാ ആത്മഗതമായി പറഞ്ഞു, "ഈ നില തുടർന്നുപോയാൽ നമ്മുടെ പക്കലുള്ള വെടിയുണ്ടകൾ പെട്ടെന്നു തീരും!”

ആൻഷൊൽരായുടെ ആത്മഗതം യദൃച്ഛയാ കേട്ട ഗവ്‌രോഷ് ചാരായക്കടയിലെ കുപ്പിക്കൊട്ടയുമെടുത്തു പതുക്കെ തെരുവിലേയ്ക്കിറങ്ങി. അവിടെ ഏതാണ്ട് ഇരുപതോളം പട്ടാളക്കാരുടെ ശവങ്ങൾ തലങ്ങും വിലങ്ങുമായി കിടക്കുന്നുണ്ടായിരുന്നു. പുകപടലങ്ങളുടെ മൂടുപടത്തിനുള്ളിൽ മുട്ടു കുത്തി നടന്നും കമിഴ്ന്നു കിടന്നു നീന്തിയും അവൻ ശവങ്ങൾക്കിടയിൽ ചിതറിക്കിടന്ന വെടിയുണ്ടകൾ ഓരോന്നായി പെറുക്കിയെടുത്തു കൊട്ടയിലിട്ടു. മുമ്പോട്ടു പോകുന്ന തിരക്കിൽ പുകയുടെ കനം കുറയുന്നതു പക്ഷേ ഗവ്‌രോഷ് തിരിച്ചറിഞ്ഞില്ല. പുകയ്ക്കുള്ളിൽ എന്തോ ഒരനക്കം ശ്രദ്ധിച്ച സൈന്യാധിപന്റെ വെടി അവന്റെ തൊട്ടു മുന്നിലുള്ള ശവത്തിലാണു ചെന്നു തറച്ചത്. പക്ഷേ, രണ്ടാമത്തെ വെടി അവന്റെ വെടിക്കൊട്ട തട്ടിത്തെറിപ്പിച്ചു. ഗവ്‌രോഷ് ചാടിയെഴുന്നേറ്റു. കാറ്റത്തു തലമുടി ചിന്നിപ്പറന്നു രണ്ടു കൈയും അരയിൽ കുത്തി നിന്ന അവൻ പട്ടാളക്കാരെ പരിഹസിയ്ക്കുന്ന ഒരീരടി പാടിക്കൊണ്ട് ചിതറിപ്പോയ വെടിയുണ്ടകൾ വീണ്ടും കൊട്ടയിലേയ്ക്കെടുത്തിട്ടു. അതൊരു വല്ലാത്ത കാഴ്ചയായിരുന്നു! ഓരോ വെടിയും അവനൊരു ഈരടി പാടി പുഞ്ചിരിയോടെ നേരിട്ടു. അവസാനം മാറിൽത്തന്നെ വന്നു തറച്ച ഒരു വെടിയുണ്ടയേറ്റു നിന്ന നിൽപ്പിലൊ

ന്നു ചാഞ്ചാടി ഗവ്രോഷ് താഴേയ്ക്കു കുഴഞ്ഞുവീണു. വഴിക്കോട്ടയിൽ നിന്നുള്ള കൂട്ട നിലവിളി കേട്ട് അവൻ എഴുന്നേറ്റിരുന്നു കൈ രണ്ടും മേലോട്ടുയർത്തി വീണ്ടും പാടാൻ തുടങ്ങി. പക്ഷേ, ആ ഈരടി മുഴുമിപ്പിയ്ക്കുന്നതിനുമുമ്പേ അവൻ മണ്ണിലേയ്ക്കു മുഖം കുത്തി വീണു.

* * *

അതേ സമയം ലക്സംബർഗിലെ തോട്ടത്തിൽ അഞ്ചും ഏഴും വയസ്സുള്ള രണ്ടു കുട്ടികൾ പരസ്പരം കൈകോർത്തു പിടിച്ചു നടക്കുകയായിരുന്നു. ഇടയ്ക്കിടെ പെയ്യുന്ന മഴയിൽ തണുത്തു വിറച്ച ചെറിയ കുട്ടി പറഞ്ഞു, “എനിയ്ക്കു വിശക്കുന്നു!”

നഗരത്തിൽ നടക്കുന്ന ബഹളം മൂലം പോലീസുകാർ തോട്ടത്തിന്റെ പടിവാതിലടച്ചു. അതുകൊണ്ട് അവർക്കു പുറത്തേയ്ക്കു പോകാനായില്ല. തോട്ടത്തിൽ അലക്ഷ്യമായി അലഞ്ഞു നടന്ന അവരൊരു തടാകതീരത്തെത്തി. അവിടെ മാന്യനായ ഒരച്ഛനും മകനും തടാകത്തിൽ നീന്തുന്ന അരയന്നങ്ങളെ നോക്കി രസിച്ചിരിയ്ക്കുന്നുണ്ടായിരുന്നു. മകന്റെ കൈയിലൊരു അപ്പച്ചുരുളുണ്ട്. പെട്ടെന്നു പുറത്തൊരു കൂട്ടവെടി കേട്ടു പേടിച്ചുപോയ മകൻ ചോദിച്ചു, “അച്ഛാ, എന്തു ശബ്ദമാ-ണു കേൾക്കുന്നത്?”

"ഉത്സവത്തിന്റെ വെടിക്കെട്ടായിരിയ്ക്കും!”, അച്ഛൻ പറഞ്ഞു.

അപ്പോൾ കീറത്തുണി ധരിച്ച രണ്ടു കുട്ടികൾ അങ്ങോട്ടു വരുന്നതു കണ്ട് അയാൾ ആത്മഗതമായി പിറുപിറുത്തു, “ഇവറ്റകൾക്കൊക്കെ ഇവിടെയെന്തു കാര്യം?”

അതിനിടെ മകൻ അപ്പച്ചുരുളൊന്നു കടിച്ചു തുപ്പി. അച്ഛൻ ചോദിച്ചു, "എന്തു പറ്റി?"

"എനിയ്ക്ക് ഈ അപ്പം മടുത്തു, വല്ലാത്ത പുളി!”

"എങ്കിൽ നീയത് അരയന്നങ്ങൾക്കു കൊടുക്ക്! പാവപ്പെട്ട ജീവികളോടു നമുക്കൊരു മനസ്സലിവുണ്ടാവണം!”

മകൻ തടാകത്തിലേയ്ക്കെറിഞ്ഞ അപ്പം ചെന്നു വീണതു പക്ഷേ അരയന്നങ്ങളുടെ നേരേ എതിർവശത്തായിരുന്നു. അച്ഛനാകട്ടെ, അപ്പം വെള്ളത്തിൽ വീണു വെറുതെ നശിയ്ക്കരുതെന്നു കരുതി ചില ശ

ബ്ദങ്ങളുണ്ടാക്കി അരയന്നങ്ങളെ ആകർഷിയ്ക്കാൻ ശ്രമിച്ചു. ശബ്ദം കേട്ട അരയന്നങ്ങൾ പതുക്കെ ആ ഭാഗത്തേയ്ക്കു നീന്താൻ തുടങ്ങി. ആ സമയം ആകാശത്തു കാർമേഘങ്ങൾ ഉരുണ്ടുകൂടുന്നതും പുറത്തു പീരങ്കികൾ മണിയടി മുഴക്കുന്നതും കേട്ട് അച്ഛൻ മേലോട്ടു നോക്കി പറഞ്ഞു, "അവർ ട്യൂലെരിക്കൊട്ടാരം ആക്രമിയ്ക്കുകയാണെന്നു തോന്നുന്നു. ഉടനെ വെടിയുണ്ടകൾ പെയ്യാൻ തുടങ്ങും, നമുക്കു പോകാം!"

"എനിയ്ക്ക് അരയന്നങ്ങൾ അപ്പം തിന്നുന്നതു കാണണം!", മകൻ വാശി പിടിച്ചു. പക്ഷേ, മകനേക്കാൾ ജീവനിൽ ഭക്തിയുള്ള അച്ഛൻ അവന്റെ കൈപിടിച്ചു തിടുക്കത്തിൽ നടക്കാൻ തുടങ്ങി.

അവർ അകന്നു പോയെന്നു തീർച്ചയായപ്പോൾ മൂത്ത കുട്ടി തടാകത്തിന്റെ വക്കിൽ വെള്ളത്തിലേയ്ക്കു ചാഞ്ഞുകിടന്നു വലത്തേ കൈ അപ്പത്തിന്റെ അടുത്തേയ്ക്കു നീട്ടി. എതിരാളിയെ കണ്ടപ്പോൾ അരയന്നങ്ങൾ വേഗത്തിൽ നീന്താൻ തുടങ്ങി. പക്ഷേ, അങ്ങനെയുണ്ടായ ചിറ്റോളങ്ങളിൽ തീരത്തേയ്ക്കു കൂടുതൽ നീങ്ങിയ അപ്പം കുട്ടി അനായാസം കൈക്കലാക്കി. അവൻ അപ്പം രണ്ടായി പകുത്തു വലിയ കഷണം വാത്സല്യത്തോടെ അനിയനു കൊടുത്തു പറഞ്ഞു, "നീയിതു തിന്നോ, വിശപ്പു മാറട്ടെ!"

* * *

ഗവ്‌രോഷ് തെരുവിൽ കുഴഞ്ഞുവീഴുന്നതു കണ്ടു മരിയുസ് പുറത്തേയ്ക്കു പാഞ്ഞു, തൊട്ടു പിന്നാലെ കൊംബ്‌ഫേറുമെത്തി. പക്ഷേ, അപ്പോഴേയ്ക്കും ഗവ്‌രോഷ് മരിച്ചുകഴിഞ്ഞു! കൊംബ്‌ഫേർ വെടിക്കൊട്ട ചുമലിലെടുത്തു. അതിനിടെ ഒരു വെടിയുണ്ട മരിയുസിന്റെ നെറ്റിയിലുരസി കടന്നുപോയി. ഗവ്‌രോഷിന്റെ ശവം കൈയിലെടുത്തു തിരിച്ചു പോരുമ്പോൾ അയാൾ ആലോചിച്ചു, "കഷ്ടം! ഇവന്റെ അച്ഛൻ എന്റെ അച്ഛനെ ജീവനോടെ രക്ഷിച്ചു, എനിയ്ക്കിവനെ ജീവനില്ലാതെ കൊണ്ടുപോകാനാണു യോഗം!"

എല്ലാവരും കൂടി ഗവ്‌രോഷിനെ മേശപ്പുറത്തു മൊസ്യു മബെയുടെ അടുത്തു കിടത്തി കറുത്ത തുണികൊണ്ടു മുഖം മൂടി. കൊംബ്‌ഫേർ

കൊണ്ടുവന്ന വെടിയുണ്ടകൾ എല്ലാവരും പങ്കിട്ടെടുത്തു; പതിനഞ്ചെണ്ണം ഴാങ്വാൽഴാങിനും കിട്ടി.

പള്ളിയിലെ മണി പന്ത്രണ്ടിച്ചപ്പോൾ തെരുവിന്റെ അറ്റത്തു ചുമലിൽ മഴുവുമായി ഒരുകൂട്ടം തുരങ്കപ്പടയാളികൾ പ്രത്യക്ഷപ്പെട്ടു. ആൻഷൊൽരാ ചാടിയെഴുന്നേറ്റു പറഞ്ഞു, “മേൽപ്പുരയിലും ജനാലപ്പടിയിലും കല്ലു നിരത്തി കോട്ടയുടെ ഉയരം കൂട്ടണം. പകുതിപേർ തോക്കും ബാക്കിയുള്ളവർ കല്ലുകളുമെടുക്കട്ടെ!”

എല്ലാവരും പണിയിലേർപ്പെട്ടിരിയ്ക്കേ, ആൻഷൊൽരാ മരിയു സിനോടു പറഞ്ഞു, “ഞാനകത്തെ കാര്യങ്ങൾ നോക്കാം, നിങ്ങൾ പുറത്തു നിന്നു പട്ടാളക്കാരുടെ വരവ് ശ്രദ്ധിയ്ക്കു!”

ആൻഷൊൽരാ അകത്തുചെന്നു ചികിത്സാകേന്ദ്രമായ അടുക്കളയുടെ വാതിലടച്ച് ആണിയടിച്ചു. ആവശ്യം വന്നാൽ ഒന്നാം നിലയിലേയ്ക്കുള്ള കോണി വെട്ടിവീഴ്ത്താനുള്ള മഴുവുമായി തയാറായിരിയ്ക്കാൻ ഫെയ്‌ലിയെ ചുമതലപ്പെടുത്തി. ഴാവേറിനുവേണ്ടി മേശപ്പുറത്തൊരു കൈത്തോക്കു മാറ്റി വെച്ച് അയാൾ പറഞ്ഞു, “മുറിയിൽനിന്നു പുറ ത്തുപോകുന്ന അവസാനത്തെയാൾ ഈ പോലീസ് ചാരന്റെ തല തകർത്തേക്കണം!”

"ഇവിടെ വെച്ചോ?”, ഒരാൾ ചോദിച്ചു.

"അല്ല, ഇയാളുടെ ശവം നമ്മുടെ ശവങ്ങളുമായി കൂട്ടിക്കലർത്താൻ പാടില്ല. ചെറുമതിൽ ചാടിക്കടന്നു ചെന്ന് ഇടവഴിയിൽ എവിടെയെങ്കിലും വെച്ചു കഥ കഴിയ്ക്കണം!"

ആൻഷൊൽരായുടെ കൽപ്പന ഴാവേർ അക്ഷോഭ്യനായി നിന്നു കേട്ടു. ആ സമയം മുറിയിലേയ്ക്കു കടന്നുവന്ന ഴാങ്വാൽഴാങ് ചോദിച്ചു, “ഞാനൊന്നു ചോദിയ്ക്കട്ടെ, ഈ മനുഷ്യന്റെ കഥ കഴിയ്ക്കാൻ എന്നെ അനുവദിയ്ക്കുമോ?”

ഴാവേർ തല പൊന്തിച്ചു ഴാങ്വാൽഴാങിനെ അവ്യക്തമായൊരു ഭാവത്തോടെ നോക്കി. കൈത്തോക്കു നിറയ്ക്കുകയായിരുന്ന ആൻഷൊൽരാ പറഞ്ഞു, "തീർച്ചയായും, വഴിക്കോട്ട രക്ഷിച്ചതിന്റെ പ്രതിഫലമായി ഈ ഒറ്റുകാരനെ നിങ്ങൾക്കെടുക്കാം!"

ആ സമയം പുറത്തുനിന്ന മരിയുസ് ഉറക്കെ വിളിച്ചു പറഞ്ഞു, "എല്ലാവരും തയാറായിരിയ്ക്കുക!". അതു കേട്ടു പുറത്തേയ്ക്കിറങ്ങുന്ന കലാപകാരികളെ നോക്കി ഴാവേർ ചെറിയൊരു ചിരിയോടെ പറഞ്ഞു, "താമസിയാതെ നമുക്കു തമ്മിൽ കാണാം!"

മുറിയിൽ രണ്ടുപേർ മാത്രമായപ്പോൾ, ഴാങ്വാൽഴാങ് മേശയുടെ കാലുമായി കൂട്ടിക്കെട്ടിയിരുന്ന കയറഴിച്ച് ഴാവേറിനെ എഴുന്നേൽപ്പിച്ചു നിർത്തി. അനിർവചനീയമായൊരു പുഞ്ചിരിയോടെ ഇൻസ്പെക്ടർ അയാൾക്കു വഴങ്ങിക്കൊടുത്തു. മാറിലും അരക്കെട്ടിലുമായി കെട്ടിയ കയറിന്റെ അറ്റം ഇടതുകൈയിലും കൈത്തോക്കു വലതുകൈയിലും പിടിച്ചു ഴാങ്വാൽഴാങ് ഒരു വണ്ടിക്കാളയെയെന്നപോലെ ഴാവേറിനെ മുന്നോട്ടു തള്ളി ഇടവഴിയിലേയ്ക്കു കൊണ്ടുപോയി. പുറത്തു പട്ടാളക്കാരെ നേരിടാൻ തയാറെടുത്തു നിൽക്കുന്നവരിൽ മരിയുസ് മാത്രമേ ആ ഇരയുടേയും വേട്ടക്കാരന്റേയും മുഖം ശ്രദ്ധിച്ചു കണ്ടുള്ളൂ. ഇടവഴിയിലെ ചപ്പുചവറുകൾക്കിടയിൽ കിടന്ന എപ്പൊനൈന്റെ അർദ്ധനഗ്നമായ ശരീരം കണ്ട ഴാവേർ, ഴാങ്വാൽഴാങിനു നേരേ മുഖമുയർത്തി പറഞ്ഞു, "ഈ പെൺകുട്ടിയെ എനിയ്ക്കറിയാം!"

ഴാങ്വാൽഴാങ് കൈത്തോക്കു കൈവിടാതെ ഴാവേറിനെ സൂക്ഷിച്ചുനോക്കി ചോദിച്ചു, "നിങ്ങൾക്കെന്നെ മനസ്സിലായോ?"

ഴാവേർ ശാന്തനായി പറഞ്ഞു, "നിങ്ങൾക്കു പകരം വീട്ടാം!"

ഴാങ്വാൽഴാങ് കീശയിൽനിന്നെടുത്ത കത്തി കണ്ടു ഴാവേർ പറഞ്ഞു "തോക്കിനേക്കാൾ നിങ്ങൾക്കു കത്തിയാണു യോജിച്ചത്!"

ഴാങ്വാൽഴാങ് കത്തികൊണ്ടു ഴാവേറിന്റെ ശരീരത്തിലെ കെട്ടുകളോരോന്നും മുറിച്ചു മാറ്റിയ ശേഷം നിവർന്നുനിന്നു പറഞ്ഞു, "ശരി, ഇനി നിങ്ങൾക്കു പോകാം!".

അത്ര എളുപ്പത്തിലൊന്നും അത്ഭുതപ്പെടാത്ത ഴാവേർ ഞെട്ടി വിറച്ചു വാ തുറന്നു നിശ്ചലനായി നിന്നു. ഴാങ്വാൽഴാങ് തുടർന്നു, "ഞാനിവിടെനിന്നു രക്ഷപ്പെടുമെന്നു തോന്നുന്നില്ല. ദൈവം മറിച്ചാണു ചിന്തിയ്ക്കുന്നതെങ്കിൽ, റ്യൂ ലോർമേയിൽ ഏഴാം നമ്പർ വീട്ടിലേയ്ക്കു വന്നാ

ൽ നിങ്ങൾക്കെന്ന കാണാം!”

ഒരു നരിയെപ്പോലെ മുരണ്ടു ഴാവേർ കേട്ടത് ഒരിയ്ക്കൽക്കൂടി ആവർത്തിച്ചു, “റ്യൂ ലോർമേ, ഏഴാം നമ്പർ വീട്!". കുപ്പായക്കുടുക്കുകളിട്ടു കൈ രണ്ടും പിന്നിൽ കെട്ടി നീണ്ടു നിവർന്നു നടന്നു പോകുന്ന അയാളെ ഴാങ്വാൽഴാങ് നോക്കിനിന്നു. പെട്ടെന്നു പിന്തിരിഞ്ഞു നിന്ന അയാളുറക്കെ വിളിച്ചു പറഞ്ഞു, "നോക്കൂ, നിങ്ങളെന്റെ സ്വസ്ഥത നശിപ്പിച്ചു, എന്നെ കൊന്നുകളയൂ!"

"തിരിച്ചു പോകൂ!", ഴാങ്വാൽഴാങ് ഉച്ചത്തിൽ പറഞ്ഞു.

ഴാവേർ തെരുവിലിറങ്ങി ദൂരത്തേയ്ക്കു മറഞ്ഞപ്പോൾ ഴാങ്വാൽഴാങ് കൈത്തോക്ക് ആകാശത്തേയ്ക്കു ചൂണ്ടി നിറയൊഴിച്ചു.

മൊസ്യു ഫൂഷൽവാങ് കൊല്ലാൻ കൊണ്ടുപോകുന്ന മനുഷ്യന്റെ മുഖവും പേരും പെട്ടെന്നു മരിയുസിന് ഓർമ്മ വന്നു. അയാൾ വഴിക്കോട്ടയുടെ മറുവശത്തു നിൽക്കുന്ന ആൻഷൊൽരായോടു വിളിച്ചു ചോദിച്ചു, "ആ ഒറ്റുകാരന്റെ പേരറിയാമോ?”

"ഴാവേർ", ആൻഷൊൽരാ പറഞ്ഞു.

ആ സമയം കൈത്തോക്കിന്റെ ശബ്ദം കേട്ടു ചാടിയെഴുന്നേറ്റ മരിയുസ് കൃതകൃത്യനായി തിരിച്ചെത്തിയ ഫൂഷൽവാങിനെയാണു കണ്ടത്. അയാളുടെ മനസ്സിലൊരു വിഷാദം ഉരുണ്ടു കൂടി.

വഴിക്കോട്ടയ്ക്കു മരണവേദന തുടങ്ങി. തലേന്നു വൈകുന്നേരം ഒരണലിപ്പാമ്പിനെപ്പോലെ ഇഴഞ്ഞു വന്ന പട്ടാളം പിറ്റേന്നൊരു കൊടുങ്കാറ്റായി ആഞ്ഞടിച്ചു. പീരങ്കി ഇടതടവില്ലാതെ വെടികളുതിർത്തു. ഇരുവശത്തും നിശ്ചയദാർഢ്യത്തിനു കുറവുണ്ടായില്ല. വഴിക്കോട്ടയുടെ ഒരറ്റത്ത് ആൻഷൊൽരായും മറ്റേ അറ്റത്തു മരിയുസും നിലയുറപ്പിച്ചു. കലാപകാരികളുടെ പക്കലുള്ള വെടിയുണ്ടകൾ തീർന്നുതുടങ്ങി. കുർഫെരാക്കിന്റെ തൊപ്പി വെടിയുണ്ടയേറ്റു തെറിച്ചു. ഇരുപത്തിനാലു മണിക്കൂറായി ഭക്ഷിയ്ക്കാതെ, ഉറങ്ങാതെ, മുറിവേറ്റു ചോര വറ്റിയ ആ മനുഷ്യർ നിരവധി തവണ ആക്രമിയ്ക്കപ്പെട്ടിട്ടും കീഴടങ്ങിയില്ല.

കൊരിന്തിന്റെ മുൻഭാഗം മിക്കവാറും തകർക്കപ്പെട്ടു. യുദ്ധത്തിനിടയിൽ ബോസ്വെയും ഫെയ്‌ലിയും കുർഫെരാക്കും കൊല്ലപ്പെട്ടു. മുറി

വേറ്റ ഒരു പട്ടാളക്കാരനെ എടുത്തു പൊന്തിയ്ക്കുമ്പോൾ തോക്കിന്മുന കൊണ്ടു കുത്തേറ്റ കൊംബ്ഫേറിനു മേലോട്ടൊന്നു നോക്കാനേ കഴിഞ്ഞുള്ളൂ; തൽക്ഷണം അയാൾ താഴെ കുഴഞ്ഞു വീണു മരിച്ചു. ശരീരമാകെ പരിക്കു പറ്റി മരിയുസ് ചോരയിൽ കുളിച്ചതുപോലെ കാണപ്പെട്ടു. വെടിയുണ്ട തീർന്നപ്പോൾ ആൻഷൊൽരാ കൈക്കരുത്തിലേയ്ക്കു കടന്നു. നടു മുറിഞ്ഞ ഒരു വാൾകൊണ്ട് അയാൾ പട്ടാളക്കാർക്കിടയിൽ പയറ്റി നിന്നു. കുർഫരാക്കിന്റെ പതനത്തോടെ മദ്ധ്യഭാഗം മിക്കവാറും കീഴടങ്ങി. പീരങ്കിയിൽനിന്നുള്ള വെടിയുണ്ടകളേറ്റു ചുമരിന്റെ മുകൾഭാഗം തകർന്നു താഴെ വീണു. മരണത്തിന്റെ മുനമ്പു നേരിട്ടു കണ്ട ചിലരെ സഹജമായ ഭയം പിടികൂടി. അവർ വഴിക്കോട്ടയുടെ പിന്നിലുള്ള ആറുനിലവീട്ടിൽ ചെന്നു മുട്ടിവിളിച്ചു. ആരും വാതിൽ തുറന്നില്ല. ആൻഷൊൽരായും മരിയുസും മറ്റു ചിലരും മുമ്പോട്ടു ചാടി അവർക്കു ചുറ്റുമൊരു വലയം തീർത്തു. ഒരു വെടിയുണ്ട മരിയുസിന്റെ ചുമലിൽ ചെന്നു കൊണ്ടു. തലതിരിഞ്ഞു താഴെ വീഴാൻപോകുന്ന അയാളെ പെട്ടെന്നു ശക്തമായൊരു കൈ വന്നു താങ്ങിപ്പിടിച്ചു. ആൻഷൊൽരാ തോക്കുമായി നേരിട്ടു വന്ന പീരങ്കിപ്പടത്തലവനെ കൈയൂക്കുകൊണ്ടു തട്ടിത്താഴെയിട്ടു ചാരായക്കടയുടെ അകത്തേയ്ക്കു ഓടിക്കയറി. മേശപ്പുറത്തു കിടക്കുന്ന മൊസ്യൂ മബേയേയും ഗവ്‌രോഷിനേയും പൊതിഞ്ഞ കറുത്ത തുണി നീക്കി ഒരു നിമിഷം നിശ്ചിന്തനായി നിന്ന ആൻഷൊൽരാ ആ വന്ദ്യവയോധികന്റെ താഴോട്ടു തൂങ്ങിക്കിടന്ന കൈപ്പടത്തിൽ ചുംബിച്ചു.

അവസാനം ശവങ്ങളെ ചാടിക്കടന്നും ചുമരിൽ പൊത്തിപ്പിടിച്ചു കയറിയും ഒരു കൂട്ടം പട്ടാളക്കാർ വഴിക്കോട്ടയുടെ മുകളിൽ ചെന്നെത്തി. അവിടെ വെടിയുണ്ടയില്ലാത്ത തോക്കുമായി നിൽക്കുന്ന ആൻഷൊൽരായെ കണ്ട് അവരലറി, "ഇവനാണു പീരങ്കിപ്പടത്തലവനെ കൊന്ന നേതാവ്! ഇവനെ കൊന്നുതള്ളു!"

കൈയിലുണ്ടായിരുന്ന തോക്കു വലിച്ചെറിഞ്ഞു കൈ രണ്ടും പിന്നിൽ കെട്ടി ആൻഷൊൽരാ പറഞ്ഞു, "എന്നെ വെടിവെയ്ക്കൂ!"

പൊടുന്നനെ ബഹളം നിലച്ചു; നിരായുധനും നിശ്ചലനുമായി നിൽക്കുന്ന ആൻഷൊൽരായുടെ ധീരോദാത്തഭാവം കണ്ടു ചില പട്ടാളക്കാർ ശങ്കിച്ചു നിന്നു; മറ്റു ചിലർ തോക്കിൽ വെടിയുണ്ട നിറച്ചു. മേലധികാരി ചോദിച്ചു, “നിങ്ങൾക്കു കണ്ണു കെട്ടണോ?"

"വേണ്ട!”, ഉടനെ വന്നു മറുപടി.

തലേന്നു വൈകുന്നേരം മുതൽ ചാരായക്കടയുടെ മുകളിൽ കുടിച്ചു ലക്കു കെട്ടു കിടന്നുറങ്ങുകയായിരുന്ന ഗ്രന്തേർ അപ്പോഴാണു കണ്ണു തുറന്നത്. യുദ്ധത്തിന്റെ ബഹളങ്ങളൊന്നും അയാളുടെ ഉറക്കത്തിനു തടസ്സമായില്ല. പീരങ്കിവെടിയ്ക്കു മറുപടിയായി അയാൾ ഇടയ്ക്കിടെ കൂർക്കം വലിച്ചു. പക്ഷേ, ചുറ്റും നടക്കുന്ന ശബ്ദഘോഷങ്ങൾ ഒരു നിമിഷനേരത്തേയ്ക്കു നിലച്ചപ്പോൾ അയാളുടെ ഉറക്കത്തിനു ഭംഗം വന്നു. ഗ്രന്തേർ ഞെട്ടിയെഴുന്നേറ്റു കോട്ടുവായിട്ടു കണ്ണു മിഴിച്ചുള്ള ഒരൊറ്റ നോട്ടത്തിൽ സകലതും കണ്ടറിഞ്ഞു. മേലധികാരി വെടിവെയ്ക്കാനുള്ള ഉത്തരവ് നൽകാനൊരുങ്ങുന്ന നിമിഷം, മേശയ്ക്കടിയിൽനിന്ന് എഴുന്നേറ്റു വന്ന അയാൾ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു, “പ്രജാധിപത്യം വിജയിയ്ക്കട്ടെ!”

ഗ്രന്തേർ ഉറച്ച കാൽവെപ്പുകളോടെ ആൻഷൊൽരായുടെ അടുത്തു ചെന്നു ചേർന്നുനിന്നുകൊണ്ടു പറഞ്ഞു, "ഒരൊറ്റ വെടിയ്ക്കു ഞങ്ങളുടെ രണ്ടു പേരുടേയും കഥ കഴിയ്ക്കണം!”

ആൻഷോൽരാ ചുണ്ടത്തൊരു പുഞ്ചിരിയോടെ അയാളുടെ കൈ പിടിച്ചമർത്തുന്നതിനു മുമ്പേ വെടി പൊട്ടിക്കഴിഞ്ഞു. ധീരോദാത്തനായ ആ നേതാവ് തല കുനിച്ചു പിന്നോട്ടു ചാഞ്ഞു. ഇടിവെട്ടേറ്റതുപോലെ ഗ്രന്തേർ അയാളുടെ കാൽക്കൽ ചെന്നു വീണു. വീടിന്റെ മുകളിൽ ഒളിച്ചിരുന്ന ബാക്കി കലാപകാരികളെ പട്ടാളക്കാർ തേടിപ്പിടിച്ചു വെടിവെച്ചു കൊന്നു. അങ്ങനെ പ്രതിരോധം തകർന്ന വഴിക്കോട്ട നിശ്ശേഷം കീഴടക്കപ്പെട്ടു.

ബോധം കെട്ടു താഴെ വീഴാൻ തുടങ്ങിയ മരിയുസിനെ താങ്ങിപ്പിടിച്ച കൈ ഴാങ്വാൽഴാങിന്റേതായിരുന്നു! യുദ്ധത്തിൽ സജീവമായി പങ്കെടുക്കാതെ മുറിവേറ്റവരെ ശുശ്രൂഷിയ്ക്കുന്നതിൽ മാത്രം മുഴുകിയിരു

ന്ന അയാളൊരിയ്ക്കലും മരിയുസിന്റെ കൺവെട്ടത്തുനിന്നു മാറിയില്ല. എല്ലാവരുടേയും ശ്രദ്ധ ചാരായക്കടയുടെ മുൻവശത്തായിരുന്നതുകൊണ്ട് മരിയുസിനേയും കൈയിലെടുത്തു കൊരിന്തിന്റെ പിന്നിലേയ്ക്കു മറഞ്ഞ ഴാങ്‌വാൽഴാങിനെ ആരും കണ്ടില്ല. തെരുവിന്റെ ഒരു മൂലയ്ക്കൽവെച്ച് അയാൾ മരിയുസിനെ താഴത്തിറക്കി മതിലിൽ ചാരിനിന്നു ചുറ്റുപാടും കണ്ണയച്ചു. പെട്ടെന്നൊരു രക്ഷാമാർഗം കണ്ടെത്തിയേ പറ്റൂ! ഗത്യന്തരമില്ലാതെ അമ്പരന്നു നിന്ന അയാൾ പാതാളത്തിലേയ്ക്കൊരു വഴി തേടുന്നപോലെ നിലത്തേയ്ക്കു സൂക്ഷിച്ചുനോക്കി. ആ നോട്ടത്തിന്റെ ശക്തികൊണ്ടായിരിയ്ക്കാം ഒരു സവിശേഷവസ്തു അയാളു ടെ കണ്ണിൽപ്പെട്ടു. ചപ്പുചവറുകൾ മൂടിയ പാതവിരിക്കല്ലുകൾക്കടിയിൽ രണ്ടടി സമചതുരമായൊരു ഇരുമ്പഴിവാതിലായിരുന്നു അയാൾ കണ്ടത്. ഒളിച്ചു ചാടാനുള്ള സഹജമായ സാമർത്ഥ്യം ഴാങ്‌വാൽഴാങിന്റെ മനസ്സിലൊരു മിന്നലായി തെളിഞ്ഞു. അടുത്ത നിമിഷം അയാൾ മരിയുസിനെ എടുത്തു ചുമലിലേറ്റി അരയോടു ചേർത്തു കെട്ടി ആ ഇരുമ്പഴിവാതിലിനു താഴെയുള്ള ഗുഹയിലേയ്ക്ക് ഊർന്നിറങ്ങി. ഭൂമിയ്ക്കടിയിലൂള്ള നീണ്ട ഒരു ഇടനാഴിയിലേയ്ക്കാണു താൻ ചെന്നു വീണതെന്നു ഴാങ്‌വാൽഴാങിനു മനസ്സിലായി. മുകളിലെ തെരുവിൽനിന്നുള്ള ആർപ്പുവിളികൾ ചെറിയൊരു മർമ്മരമായി അയാൾക്കു കേൾക്കാം.

2 : നഗരത്തിന്റെ കുടൽമാല

നൂറു മേനി വിളവു തരുന്ന ചൈനയിലെ ഗോതമ്പുകൃഷിയ്ക്കു നാം മനുഷ്യച്ചാണകത്തോടു നന്ദി പറയണം! പട്ടണത്തിൽനിന്നു ഗ്രാമത്തിലേയ്ക്കു മടങ്ങുന്ന കർഷകന്റെ തോളിൽ തൂക്കിയ മുളവടിയുടെ അറ്റത്ത് അത്തരം രണ്ടു തൊട്ടി വളമെങ്കിലും ഉണ്ടാകാതിരിയ്ക്കില്ല. അതുകൊണ്ടു ചൈനയിലെ ഭൂമി ഇന്നും യൗവനം നഷ്ടപ്പെടാതെ പുഷ്കലയായി തുടരുന്നു. ഫ്രാൻസിലോ? പൊന്നുപോലുള്ള ആ സമ്പത്തു മുഴുവൻ നാം കടലിൽ ഒഴുക്കിക്കളയുന്നു! പടിവാതിൽക്കൽ കൂട്ടിവെയ്ക്കുന്ന മാലിന്യം തൊട്ടികളിലും വണ്ടികളിലും പകർന്നു ഭൂമിയ്ക്കടിയിലെ ഓവു

ചാലുകളിലൂടെ പുഴകളുടെ അഴിമുഖത്തെത്തുന്നു. അങ്ങനെ ഫ്രാൻസ് വർഷന്തോറും ചിലവിടുന്ന ധനത്തിന്റെ നാലിലൊരു ഭാഗം വെറുതെ കടലിൽ തള്ളുന്നതായി സാമ്പത്തികശാസ്ത്രജ്ഞന്മാർ കണക്കു കൂട്ടിയിട്ടുണ്ട്. മാത്രമല്ല, വളക്കൂറില്ലാത്ത മണ്ണിൽ വിളവു കുറയുകയും മലിനമായ വെള്ളത്തിൽ രോഗങ്ങൾ വളരുകയും ചെയ്യുന്ന മറ്റു ദുരന്തങ്ങളും നാമനുഭവിയ്ക്കുന്നു. മനുഷ്യന്റെ ശ്വാസകോശംപോലെ വെള്ളം വലിച്ചെടുക്കാനും തള്ളിക്കളയാനുമുള്ള ഒരിരട്ടക്കുഴൽസംവിധാനം ഏർപ്പെടുത്തിയാൽ വെറുതെ വലിച്ചെറിയുന്ന അൻപതു കോടി ഫ്രാങ്ക് നമുക്കു വികസനോന്മുഖമായ കാര്യങ്ങൾക്കു നീക്കിവെയ്ക്കാം. പക്ഷേ, ഭരണാധികാരികൾക്കു മറ്റു പല വിഷയങ്ങളിലുമാണു ശ്രദ്ധ!

ഓവുചാലുകളെ മരണത്തൊട്ടിലുകളായി ഒരുതരം മതപരമായ ഭയാശങ്കകളോടെയാണു പണ്ടു പൗരസ്ത്യരാജ്യങ്ങളിലുള്ളവർ കണ്ടിരുന്നത്. പാരീസിലെ ഓവുചാലുകൾക്കാകട്ടെ, ഫ്രാൻസിന്റെ ചരിത്രവുമായിത്തന്നെ അഭേദ്യമായ ബന്ധമുണ്ട്. മനുഷ്യന്റെ സകലവിധ ദുഷ്ടതകൾക്കും ക്രൂരതകൾക്കും രക്ഷാസ്ഥാനമാണവ. പുറത്തു നടക്കുന്ന കുട്ടക്കുരുതികളുടെ ചോരത്തുള്ളികൾ പാതവിരിക്കല്ലിന്റെ വിടവിലൂടെ ഓവുചാലുകളിലേയ്ക്ക് ഇറ്റിറ്റു വീഴുന്നു. ആ നിലവറകൾക്കുള്ളിൽ സാമൂഹ്യമായ അസ്വസ്ഥതകളുടെ ദുർഗന്ധം പരത്തുന്ന പ്രേതങ്ങൾ ചിലപ്പോഴൊക്കെ അട്ടഹാസം മുഴക്കുന്നതു കേൾക്കാം.

1805-ൽ ചക്രവർത്തിയുടെ അനുവാദപ്രകാരം ബ്രൂൺസോയെന്നു പേരായ ധീരനായൊരു മനുഷ്യൻ ഇരുപതു പേരുമായി പാരീസിലെ ഓവുചാലുകളിലൂടെ ഒരു സാഹസികപര്യടനത്തിനു പുറപ്പെട്ടു. നിലവറയ്ക്കുള്ളിലെ ഊടുവഴികളോരോന്നും അടിച്ചുവാരി വെടിപ്പാക്കി അവർ മുന്നോട്ടു പോയി. വെള്ളം വരുന്ന വഴി കണ്ടുപിടിച്ച്, വാതിലുകളും ജനാലകളും എണ്ണിത്തിട്ടപ്പെടുത്തി, ഇടവഴികൾ വൃത്തിയാക്കി, നീർത്തടങ്ങളുടെ ആഴവും പരപ്പും കണക്കാക്കി, അവർ വളരെയേറെ കഷ്ടപ്പെട്ടു. ചിലപ്പോൾ ദുഷിച്ച വായുവേറ്റു റാന്തലുകൾ അണഞ്ഞുപോയി; ശ്വാസം കിട്ടാതെ ബുദ്ധിമുട്ടിയ ചിലർക്കു തിരിച്ചു പോകേണ്ടി വന്നു; ചിലർ കുരാക്കുരിരുട്ടിൽ പെട്ടെന്ന് അപ്രത്യക്ഷരായി. ഉർലൂറി

ലെ നീർച്ചാലുകൾക്കടുത്തൊരു കല്ലിൽ കൊത്തിയിരുന്ന 'കൊല്ലം 1550' എന്ന ചരിത്രലിഖിതം വായിച്ചതായി ബ്രൂൺസോ പിന്നീടു രേഖപ്പെടുത്തിയിട്ടുണ്ട്. പണിക്കാർ ഓവുചാലുകളിൽനിന്നു വാരിയെടുത്ത ചെളിയിൽ രത്നാഭരണങ്ങളുൾപ്പെടെ വിലപിടിച്ച പല വസ്തുക്കളുമുണ്ടായിരുന്നു. പ്രധാനപ്പെട്ട ഒരോവുചാലിന്റെ പ്രവേശനഭാഗത്തുള്ള തിരികുറ്റിയിൽ കീറിപ്പറിഞ്ഞ ഒരു തുണിക്കഷണം തൂങ്ങിക്കിടന്നിരുന്നു. ബ്രൂൺസോ റാന്തൽ അടുത്തു പിടിച്ചു സൂക്ഷിച്ചു നോക്കിയപ്പോൾ തുണിയുടെ മൂലയിലൊരു രാജചിഹ്നവും 'കലാബസ് പെയിനെ'ന്ന പേരും കണ്ടെത്തി. ദാർത്വാപ്രഭുവിന്റെ അരമനയിൽ വൈദ്യനായിരിക്കേ, രാജകന്യകളുമായി ബന്ധപ്പെട്ടു കുപ്രസിദ്ധനായ 'മറാ'യുടെ ശവാവരണമായിരുന്നു, സവിശേഷമായ പട്ടിൽ നെയ്തെടുത്ത ആ തുണി! ഏഴു വർഷങ്ങൾക്കുശേഷം 1812-ൽ പണി അവസാനിപ്പിക്കുമ്പോൾ ഓവുചാലുകളിൽ പതിറ്റാണ്ടുകളായി അടിഞ്ഞുകിടന്ന ചെളി മുഴുവൻ വാരിയെടുത്തു വൃത്തിയാക്കിയതിനു പുറമേ അദ്ദേഹം പകർച്ചവ്യാധികൾ വരാത്തവിധം വഴികളൊക്കെ സുരക്ഷിതമാക്കുക കൂടി ചെയ്തു. അങ്ങനെ പാരീസിലെ ഓവുചാലുകളെ സംബന്ധിച്ചിടത്തോളം ഒരു ഭരണപരിവർത്തനത്തിനു നേതൃത്വം വഹിച്ച ധീരോദാത്തനായിരുന്നു, ബ്രൂൺസോ!

അതുകൊണ്ട് ഇന്നത്തെ ഓവുചാലുകൾക്കു താരതമ്യേന വൃത്തിയും വെടിപ്പും ക്രമവുമായി ഒരു 'തറവാടിത്ത'മുണ്ടെന്നു പറയാം. സർക്കാരും പോലീസും സമയക്രമം പാലിച്ച് അവ പരിപാലിക്കുന്നതിൽ ജാഗ്രത പുലർത്തുന്നുണ്ട്. മഴവെള്ളം പണ്ടൊക്കെ ഓവുചാലുകളിൽ കെട്ടിക്കിടന്നു ചെളിക്കുളങ്ങളായി മാറുമായിരുന്നു; ഇന്നാകട്ടെ, മഴചാലുകളെ കഴുകി വെടിപ്പാക്കുകയാണു ചെയ്യുന്നത്. എങ്കിലും വിഷവായുവിന്റെ സാന്നിദ്ധ്യം തീർത്തും ഒഴിഞ്ഞുപോയെന്നു പറയാനാവില്ല. നഗരത്തിന്റെ മേൽത്തട്ടു വികസിക്കുന്നതിനനുസരിച്ചു കീഴ്ത്തട്ടിലും മാറ്റങ്ങൾ വന്നേ മതിയാകൂ! പുതിയ ഇടവഴികൾക്കു സമാന്തരമായ കൈവഴികൾ ഓവുചാലുകളിലും വേണ്ടിവരും. 1806-ലെ ഇരുപ

ത്തയ്യായിരത്തിൽനിന്ന നെപ്പോളിയൻ അയ്യായിരവും ലൂയി പതി നെട്ടാമൻ ആറായിരവും ഷാർലമേൻ പന്തീരായിരവുമായി തുടങ്ങി ഇന്നിപ്പോൾ പാരീസ് നഗരത്തിന്റെ കുടൽമാലയായ ഓവുചാലുക ൾക്കു മൊത്തം മുപ്പത്തേഴ ലക്ഷം മീറ്റർ നീളമുണ്ട്! പക്ഷേ, ഓവുചാലു കളിലെ വിഷവായു മുഴുവനും നഗരത്തിലെ വായുമണ്ഡലത്തിലേയ്ക്കാ ണ വരുന്നത്. കടുത്ത വായുമലിനീകരണം മൂലം പാരീസിന്റെ പ്രധാ നരോഗകാരകനായി ഈ ചെളിക്കുഴികൾ മാറി. ഇടയ്ക്കിടെ നാടെ ങ്ങും പടർന്നുപിടിയ്ക്കുന്ന പകർച്ചവ്യാധികൾക്കും കാരണം മറ്റൊന്നാ യിരുന്നില്ല. പക്ഷേ, പിന്നീട്ട ജനങ്ങളുടെ പ്രകൃതിബോധം ഉണർന്നു-വന്നതോടെ ഓവുചാലുകൾക്കു പണ്ടുണ്ടായിരുന്ന അസ്പൃശ്യത നഷ്ട പ്പെട്ടു. 'ഓവുചാലിന്റെ ഇരുമ്പഴികൾ നരകത്തിലേയ്ക്കുള്ള വാതിലാ ണെ'ന്ന ഭയാശങ്കകളും പഴമൊഴികളായി മറവിയിലേയ്ക്കു മാഞ്ഞു.

3 : ചെളി പുരണ്ട ആത്മാവ്

പാരീസിലെ അത്തരമൊരു ഓവുചാലിലേയ്ക്കാണ മരിയുസിനേ യും പുറത്തേറ്റി ഴാങ്‌വാൽഴാങ് ചെന്നു വീണത്. യാതൊന്നും കാ ണാനോ കേൾക്കാനോ കഴിയാതെ നിമിഷങ്ങളോളം അയാൾ അ മ്പരന്നു നിന്നു. ഇരുവശത്തേയ്ക്കും നീട്ടിയ കൈകൾ ചുമരിൽ ചെന്നു തട്ടിയപ്പോൾ വളരെ ഇടുങ്ങിയ ഒരിടനാഴിയാണതെന്നു ഴാങ്‌വാൽ ഴാങ് മനസ്സിലാക്കി. നനഞ്ഞു കുതിർന്ന നിലം വഴുക്കുന്നതു കണ്ട് അയാൾ സശ്രദ്ധം കാൽ മുന്നോട്ടുവെച്ചു. വല്ലാത്ത ദുർഗന്ധം അയാളു ടെ മൂക്കിലേയ്ക്ക് അടിച്ചു കയറി.

കുറച്ചു നേരം കഴിഞ്ഞു കണ്ണുകൾ ഇരുട്ടുമായി പരിചയപ്പെട്ടതോ ടെ ഴാങ്‌വാൽഴാങ് എന്തൊക്കെയോ കാണാൻ തുടങ്ങി. ആരെങ്കി ലും പിന്തുടർന്നു വന്നേക്കാമെന്ന ശങ്കയിൽ മുന്നോട്ടു നടക്കുന്നതാണ നല്ലതെന്ന് അയാൾ കരുതി. അൻപതടി ദൂരം ചെന്നപ്പോൾ വഴി ര ണ്ടായി പിരിഞ്ഞു. ഇടത്തോട്ടുള്ള വഴി ഒരിറക്കമായതുകൊണ്ടു സ്വാ ഭാവികമായും സെയിൻനദിയിലെ അഴിമുഖത്തു ചെന്നെത്തുമെന്ന് അയാൾക്കു മനസ്സിലായി. പട്ടാപ്പകൽ മുറിവേറ്റൊരു മനുഷ്യനേയും

പുറത്തേറ്റി പൊന്തിവരുന്ന അയാൾ തീർച്ചയായും പോലീസുകാരുടെ കണ്ണിൽപ്പെടാതിരിയ്ക്കില്ല. അതുകൊണ്ട് അയാൾ രണ്ടും കൽപ്പിച്ച് വലത്തോട്ടുള്ള കയറ്റം കയറാൻ തുടങ്ങി. കഴുത്തിൽ ചുറ്റിയ മരിയുസിന്റെ രണ്ടു കൈകളും ഇടതുകൈകൊണ്ടു കൂട്ടിപ്പിടിച്ച് അയാൾ വലതുകൈ ചുമരിൽ തപ്പി മുന്നോട്ടു നടന്നു. മരിയുസിന്റെ രക്തം പുരണ്ട കവിൾത്തടം അയാളുടെ കവിളിൽ ഒട്ടിപ്പിടിച്ചു; ചെവിയ്ക്കരികെ ശ്വാസോച്ഛ്വാസംപോലെ നേരിയൊരു ശബ്ദം കേട്ടിരുന്നതുകൊണ്ട് മരിയുസ് മരിച്ചിട്ടില്ലെന്ന് അയാളുറപ്പിച്ചു.

അങ്ങനെ ഒരരമണിക്കൂറോളം ഴാങ്‌വാൽഴാങ് നടന്നു. തലയ്ക്കു മുകളിൽ ഇടതടവില്ലാതെ കേൾക്കുന്ന ഇരമ്പം തെരുവിലൂടെ ഓടുന്ന വണ്ടികളുടെ ശബ്ദമാണെന്ന് അയാൾ തിരിച്ചറിഞ്ഞു. പെട്ടെന്നു തൊട്ടു മുന്നിലൊരു നിഴൽ കണ്ട് അയാൾ പിന്തിരിഞ്ഞു നോക്കി. പിന്നിട്ടു പോന്ന വഴിയിൽ കുറച്ചു ദൂരത്തായി പോലീസുകാരുടെ റാന്തൽ തിളങ്ങുന്നു. ആ വെള്ളിനക്ഷത്രത്തിനു പിന്നിൽ കറുത്തു നിവർന്ന എട്ടോ പത്തോ രൂപങ്ങൾ അങ്ങുമിങ്ങും പരതുന്നപോലെ നീങ്ങുന്നുമുണ്ട്.

പിന്തിരിഞ്ഞോടുന്ന കലാപകാരികൾ ഓവുചാലിൽ ചെന്നൊളിയ്ക്കാനുള്ള സാദ്ധ്യത മുൻകൂട്ടി കണ്ടു പോലീസദ്ധ്യക്ഷൻ നിയോഗിച്ച ഒരു സംഘമായിരുന്നു ഴാങ്‌വാൽഴാങിന്റെ പിന്നിൽ പ്രത്യക്ഷപ്പെട്ടത്. അയാളുടെ കാൽപ്പെരുമാറ്റത്തിന്റെ ശബ്ദം പിന്തുടർന്നു വന്ന അവർ റാന്തലുയർത്തി സൂക്ഷിച്ചു നോക്കാൻ തുടങ്ങി. ഴാങ്‌വാൽഴാങ് നിശ്ശബ്ദം നിശ്ചലനായി നിന്നു. മേലുദ്യോഗസ്ഥൻ കുറച്ചു നേരം കാതോർത്തു ശബ്ദമൊന്നും കേൾക്കാതായപ്പോൾ സംഘത്തോടു സെയിൻ നദിയുടെ വഴിയ്ക്കു തിരിയാൻ നിർദ്ദേശിച്ചു. മാത്രമല്ല, സംശയം തീർക്കാനെന്നപോലെ അയാൾ ഴാങ്‌വാൽഴാങ് നിൽക്കുന്ന ഭാഗത്തേയ്ക്കൊരു വെടിവെച്ചു മറുപടിയൊന്നും വരുന്നില്ലെന്ന് ഉറപ്പാക്കി.

* * *

ജൂൺ ആറാം തീയതി ഉച്ചയ്ക്കുശേഷം ഏതാണ്ട് അതേ സമയത്തു ചാമ്പ്രയിൽ സെയിൻ നദിയുടെ തീരത്തുകൂടി പരസ്പരം കൃത്യമായ

അകലം പാലിച്ച് രണ്ടുപേർ നടക്കുന്നുണ്ടായിരുന്നു. കീറത്തുണി ധരിച്ച് മുമ്പേ നടന്ന മനുഷ്യൻ ഒരെലിയെപ്പോലെ ഒളിയ്ക്കാനൊരു മാളം തേടുകയായിരുന്നെങ്കിൽ, ഔദ്യോഗികവേഷം ധരിച്ച രണ്ടാമൻ ഇരയുടെമേൽ ചാടി വീഴാൻ ഒരവസരം കാത്തു പൂച്ചയെപ്പോലെ പിന്തുടരുകയായിരുന്നു. ഒന്നാമനെ ഒരുപക്ഷേ കെണിയിൽ ചാടിയ്ക്കാനായിരിയ്ക്കാം, രണ്ടാമൻ ആ വഴി പൊയ്ക്കൊണ്ടിരുന്ന കൂലിവണ്ടി കൈകാണിച്ച് നിർത്തി. പെട്ടെന്നു കാര്യം മനസ്സിലാക്കിയ വണ്ടിക്കാരൻ വണ്ടി തിരിച്ച് അവരുടെ പിന്നാലെ കൂടി. പക്ഷേ, പൂച്ചയുടെ കണ്ണുവെട്ടിച്ച് വഴിയിലെ കെണികളിലൊന്നും ചെന്നു ചാടാതെ എലി നേരേ നദിയുടെ മുനമ്പിലുള്ള കുപ്പക്കുന്നിലേയ്ക്കാണു നടന്നു കയറിയത്. ഒരുപക്ഷേ, അയാൾ അവിടെനിന്നു നദിയിലേയ്ക്കെടുത്തു ചാടുമെന്നുപോലും രണ്ടാമൻ ഭയപ്പെട്ടു. പെട്ടെന്നതാ കൺമുന്നിൽ തെളിഞ്ഞു നിന്ന ആ മനുഷ്യൻ അപ്രത്യക്ഷനായി. കുപ്പക്കുന്നിനു ചുറ്റും നടന്നു നോക്കിയ രണ്ടാമൻ നിരാശനായി ആകാശത്തേയ്ക്കു മുഷ്ടി ചുരുട്ടി ഇടിച്ചു. ഒരു നിമിഷം നിശ്ചലനായി നിന്നു ചിന്തിച്ചശേഷം അയാളൊന്നുകൂടി ശ്രദ്ധിച്ചു നോക്കിയപ്പോൾ കുപ്പക്കുന്നിനിടയിലെ കമാനാകൃതിയിലുള്ള ഇരുമ്പഴിവാതിൽ കണ്ടു. നദിയിലേയ്ക്കും കരയിലേയ്ക്കും തുറക്കാവുന്ന ആ വാതിൽ പക്ഷേ അകത്തുനിന്നാരോ പൂട്ടിയിരിയ്ക്കുന്നു! അതായത്, രക്ഷപ്പെട്ടുപോയ ഒന്നാമന്റെ പക്കലൊരു കള്ളത്താക്കോൽപോലുമുണ്ട്! തൽക്കാലമൊരു തെറ്റു പറ്റിയെന്നു കരുതി രണ്ടാമൻ പക്ഷേ, പിന്മാറാൻ തയാറായില്ല. അകത്തേയ്ക്കു പോയ മനുഷ്യൻ തിരിച്ചു വരുന്നതു വരെ ക്ഷമാപൂർവം കാത്തിരിയ്ക്കാൻ അയാൾ തീരുമാനിച്ചു. കുറച്ചധികനേരം വേണ്ടി വരുമെന്നു കണ്ടു വണ്ടിക്കാരൻ തൊട്ടി തുറന്നു കുതിരയ്ക്കു വെള്ളവും ഭക്ഷണവും കൊടുത്തു.

* * *

പോലീസുകാർ പിന്തിരിഞ്ഞുപോയതോടെ ഴാങ്വാൽഴാങ് വീണ്ടും മുന്നോട്ടു നടക്കാൻ തുടങ്ങി. മരിയുസിന്റെ തല മേൽത്തട്ടിൽ തട്ടാതിരിയ്ക്കാൻ പല തവണ അയാൾക്കു കുനിയുകയും നിവരുകയും ചെയ്യേണ്ടി വന്നു. മണിക്കൂറുകളായി ഭക്ഷണം കഴിയ്ക്കാതെ നല്ല വിശ

പ്പം ദാഹവും; ക്ഷീണം വർദ്ധിച്ചപ്പോൾ ഭാരവും കൂടി. അങ്ങനെ കുറച്ചു ദൂരം ചെന്നപ്പോൾ അയാളൊരു നാൽക്കവലയിലെത്തി. ഇനിയെന്തപകടം വന്നാലും പുറത്തു കടക്കണമെന്ന വിചാരത്തിൽ അയാൾ ഇടത്തോട്ടുള്ള വഴിതന്നെ തിരഞ്ഞെടുത്തു. ഇറക്കത്തിലൂടെ ഭാരവും പേറി നടന്ന കാലിലെ പേശികൾ വലിഞ്ഞുമുറുകിയ അയാൾ അൽപ്പനേരം വിശ്രമിയ്ക്കാമെന്നു കരുതി മരിയുസിനെ ഓവുചാലിന്റെ ചുമരിൽ ചാരിയിരുത്തി. ഴാങ്‌വാൽഴാങ് അയാളുടെ നെഞ്ചിൽ കൈവെച്ചു ഹൃദയമിടിപ്പു പരിശോധിച്ചു; അപ്പോഴും ചോരയൊലിയ്ക്കുന്ന മുറിവുകൾ കുപ്പായത്തുണി കീറിയെടുത്തു വെച്ചുകെട്ടി. കുപ്പായം ശരിയ്ക്കു വലിച്ചിടുന്നതിനിടയിൽ ഴാങ്‌വാൽഴാങിന്റെ കൈ മരിയുസിന്റെ കീശയിൽകിടക്കുന്ന നോട്ടുപുസ്തകത്തിൽ ചെന്നു തട്ടി. കാറ്റിൻ പഴുതിലൂടെ വന്ന വെളിച്ചത്തിൽ അയാൾ നോട്ടുപുസ്തകത്തിൽ തലേന്നു മരിയുസ് എഴുതിയ വരികൾ വായിച്ചു, 'ഞാൻ മരിയുസ് പൊങ്‌മേർസി. എന്റെ മൃതദേഹം റ്യൂ കൽവേറിൽ ആറാം നമ്പർ വീട്ടിൽ താമസിയ്ക്കുന്ന മുത്തച്ഛൻ മൊസ്യ ഗിൽനോർമാനെ ഏൽപ്പിയ്ക്കണം!'. ആ വിലാസം ഒന്നുകൂടി ഹൃദിസ്ഥമാക്കി അയാൾ നോട്ടുപുസ്തകം മരിയുസിന്റെ കീശയിൽത്തന്നെ നിക്ഷേപിച്ചു.

ഴാങ്‌വാൽഴാങ് വീണ്ടും മരിയുസിനെ ചുമലിലേറ്റി നടക്കാൻ തുടങ്ങി. പുറത്തുനിന്നു വല്லപ്പോഴും ലഭിച്ചിരുന്ന വെളിച്ചം മങ്ങിയതോടെ സമയം സന്ധ്യയായിരിയ്ക്കുമെന്ന് അയാൾ ഊഹിച്ചു. ഇരുട്ടത്തു തപ്പിത്തടഞ്ഞു നടക്കുമ്പോൾ പെട്ടെന്നു കൽവിരികളിലല്ലാതെ കാലുകൾ ചെളിയിൽ താഴുന്നതായി അയാൾക്കു തോന്നി. കണങ്കാൽവരെ താഴ്ന്നുപോയ വലതുകാൽ വലിച്ചെടുക്കാൻ ശ്രമിച്ചപ്പോൾ അയാളുടെ ഇടതുകാൽ കൂടുതൽ ആഴത്തിലേയ്ക്കു പൂണ്ടുപോയി. വല്ലാത്തൊരു മണൽക്കുഴിയിലാണു ചെന്നുപെട്ടിരിയ്ക്കുന്നതെന്നു മനസ്സിലാക്കി ഴാങ്‌വാൽഴാങ് എങ്ങനെയെങ്കിലും കരയിലേയ്ക്കു പൊത്തിപ്പിടിച്ചു കയറാൻ നോക്കി. ഒറ്റയ്ക്കായിരുന്നെങ്കിൽ ഒരുവിധം കാലുറപ്പിച്ചു നടക്കാവുന്ന ചെളിയിൽ മരിയ്ക്കാറായൊരു മനുഷ്യന്റെ ഭാരം കൂടി അയാൾക്കു

താങ്ങേണ്ടി വന്നു. കഴുത്തോളം വെള്ളത്തിൽ വളരെ അദ്ധ്വാനിച്ചു മുന്നോട്ടു നീങ്ങുന്ന ഴാങ്‌വാൽഴാങിന്റെ തലയും മരിയുസിനെ പൊക്കിപ്പിടിച്ച രണ്ടു കൈകളും മാത്രമേ അപ്പോൾ ജലനിരപ്പിനു മീതേ കാണാനുണ്ടായിരുന്നുള്ളൂ. വെള്ളം വന്നടിച്ചു ശ്വാസം മുട്ടാതിരിയ്ക്കാൻ അയാൾ മുഖം മേലോട്ടുയർത്തി. തീർത്തും നിരാശനായി ഒരിയ്ക്കൽക്കൂടി പിടഞ്ഞുനോക്കിയ അയാളുടെ കാൽ പെട്ടെന്നു ചുമരുകൾക്കു വിലങ്ങനെ പണിത തടയണയിൽ ചെന്നു തട്ടി. വീതി കുറഞ്ഞ ആ കന്മതിലിന്മേൽ ഒരു കാലുറപ്പിച്ചു മറ്റേ കാൽകൊണ്ടു ഇഴഞ്ഞു തപ്പിപ്പിടിച്ച് ഒരുവിധം അയാൾ മണൽക്കുഴിയിൽനിന്നു കരയ്ക്കു കയറി.

മണൽക്കുഴിയിൽവെച്ചുണ്ടായ അദ്ധ്വാനത്തിൽ ആയുസ്സു നഷ്ടപ്പെട്ടില്ലെങ്കിലും ഴാങ്‌വാൽഴാങിന്റെ ശക്തി മുഴുവൻ ചോർന്നു പൊയ്ക്കഴിഞ്ഞിരുന്നു. പക്ഷേ, അണയാത്ത ഉൾക്കരുത്തിന്റെ ബലത്തിൽ അയാൾ പിന്നേയും എഴുന്നേറ്റു നടന്നു. അങ്ങനെ ഒരു നൂറടികൂടി മുമ്പോട്ടു പോയപ്പോൾ നിലവറയുടെ അങ്ങേയറ്റത്തൊരു വെളിച്ചവും പുറത്തു കടക്കാനുള്ള കമാനപ്പഴുതും അയാൾ കണ്ടു. പെട്ടെന്നു ഴാങ്‌വാൽഴാങിനു ക്ഷീണം തോന്നാതായി, മരിയുസിന്റെ ശരീരത്തിനു ഭാരമില്ലാതായി! നടക്കുന്നതിനു പകരം അയാൾ കമാനത്തിന്റെ അടുത്തേയ്ക്ക് ഓടിച്ചെന്നു. പക്ഷേ, ആ കമാനത്തിൽ അടച്ചുപൂട്ടിയ ഒരിരുമ്പഴിവാതിലാണ് ഉണ്ടായിരുന്നത്! അഴിവാതിലിനു പുറത്തുള്ള പുഴയുടെ തീരം അയാൾക്കു വ്യക്തമായി കാണാം. ഴാങ്‌വാൽഴാങ് മരിയുസിനെ ഓവുചാലിന്റെ ചുമരിൽ ചാരിയിരുത്തി രണ്ടു കൈകൊണ്ടും ഇരുമ്പഴികൾ പിടിച്ചു കുലുക്കി. അഴിവാതിൽ അനങ്ങിയില്ല. അടുത്തതായി അയാൾ ഒരഴിയെങ്കിലും വളച്ചൊടിച്ചു വലിച്ചൂരാൻ ശ്രമിച്ചു. രക്ഷയില്ല, അഴിവാതിൽ തുറക്കാനൊരു വഴിയുമില്ല!

ഇനിയെന്തു ചെയ്യും? തിരിച്ചു പോകാനോ? എവിടേയ്ക്ക്? അവിടേയുമുണ്ടാവില്ലേ ഇതുപോലുള്ള ഇരുമ്പഴിവാതിലുകൾ? അദ്ധ്വാനിച്ചതു മാത്രം മിച്ചം, സകല പ്രതീക്ഷകളും അസ്തമിച്ചു! മരിയുസിന്റെ തൊട്ടടുത്തു വിഷാദമഗ്നനായി തല കുനിച്ചിരുന്ന ഴാങ്‌വാൽഴാങ് ആ സമയത്തു പക്ഷേ രണ്ടുപേരുടെ അത്യാസന്നമായ മരണത്തെയല്ല,

കൊസെത്തിനെക്കുറിച്ചാണ ചിന്തിച്ചത്!

പെട്ടെന്നൊരു സ്വപ്നത്തിലെന്നപോലെ ആരോ അയാളുടെ ചുമലിൽ കൈകൊണ്ടു തൊട്ടു. ഴാങ്‌വാൽഴാങ് ഞെട്ടിത്തിരിഞ്ഞു നോക്കി. അതാ കീറത്തുണി ധരിച്ച ഒരു മനുഷ്യൻ തൊട്ടു മുമ്പിൽ വന്നു നിൽക്കുന്നു! പതിഞ്ഞ സ്വരത്തിൽ അയാൾ പറഞ്ഞു, "നമുക്കു പപ്പാതി പങ്കിടാം! തയാറുണ്ടോ?".

തീരെ അപ്രതീക്ഷിതമായിരുന്നെങ്കിലും ഴാങ്‌വാൽഴാങ് തെനാർദിയറുടെ ശബ്ദം തിരിച്ചറിഞ്ഞു. ഒരു നിമിഷനേരം രണ്ടുപേരും പരസ്പരം നോക്കിക്കണ്ടു. തെനാർദിയർക്കു തന്നെ മനസ്സിലായില്ലെന്ന് അറിഞ്ഞപ്പോൾ ഴാങ്‌വാൽഴാങിനു തെല്ലൊരാശ്വാസമായി.

തെനാർദിയർ പറഞ്ഞു, "അഴിവാതിലിന്റെ താക്കോൽ എന്റെ പക്കലുണ്ട്. പക്ഷേ, ആ മരിച്ച മനുഷ്യന്റെ പക്കൽനിന്നു തട്ടിയെടുത്തതിൽ പാതി തന്നെങ്കിൽ മാത്രമേ ഞാൻ നിങ്ങളെ പുറത്തേയ്ക്കു തുറന്നു വിടൂ, കൂടാതെ രക്ഷപ്പെടാനൊരു കയറും സൗജന്യമായി തരാം!"

ചെകുത്താന്റെ രൂപത്തിൽ വന്ന ദൈവം തന്നെയൊരു കൊലപാതകിയായി കണ്ടതിൽ ഴാങ്‌വാൽഴാങിനു വിഷമം തോന്നിയില്ല. അയാൾ ചോദിച്ചു, "എന്തിനാണ കയർ?"

തെനാർദിയർ തുടർന്നു, "നിങ്ങൾ ചുമലിലേറ്റി കൊണ്ടുവന്ന ശവം വെള്ളത്തിൽ താഴ്ത്താനൊരു കയറിനു പുറമേ കല്ലുകൂടി വേണ്ടിവരും! അതല്ലെങ്കിൽ ശവഗന്ധം കേട്ടു 'തീപ്പെട്ടിക്കോലുകൾ' പാഞ്ഞെത്തും. പിന്നെ കോടതി, തടവറ.., തീർന്നു! അതു കൊണ്ടു നമുക്കു പെട്ടെന്നു കാര്യം തീർക്കാം, പണമെടുക്കൂ!"

വളരെ പതുക്കെ സംസാരിയ്ക്കുന്ന തെനാർദിയർ ആരെയോ ഭയക്കുന്നതുപോലെ ഴാങ്‌വാൽഴാങിനു തോന്നി. ഒരുപക്ഷേ, കൂട്ടുകാരുമായി പണം പങ്കു വെയ്ക്കാതിരിയ്ക്കാനുള്ള സൂത്രമായിരിയ്ക്കാം!

തെനാർദിയർ രണ്ടുപേരുടേയും കുപ്പായക്കീശകളിൽ കൈയിട്ടു പരതി കിട്ടിയ പണം മുഴുവൻ 'പകുതിപ്പങ്കെ'ന്ന വാക്കു മന:പൂർവം മറന്നു സ്വന്തം കീശയിലേയ്ക്കു തള്ളി. അതിനിടയിൽ ഴാങ്‌വാൽഴാങി

ന്റെ കണ്ണു വെട്ടിച്ച്, ഭാവിയിൽ ഉപകാരപ്പെട്ടുമെന്നു കരുതി, മരിയുസിന്റെ കുപ്പായത്തിൽനിന്നൊരു കഷണംകൂടി ചീന്തിയെടുത്തശേഷം അയാൾ പറഞ്ഞു, "ശരി, പണം കിട്ടി ബോധിച്ചു! ഇനി നിങ്ങൾക്കു പുറത്തു കടക്കാം, എന്റെ കൂടെ വരൂ!"

ഴാങ്‌വാൽഴാങ് മരിയുസിനെ എടുത്തു പുറത്തേറ്റി. തെനാർദിയർ ശബ്ദമുണ്ടാക്കാതെ നേരേ ചെന്നു താക്കോലിട്ടു തിരിച്ചു വാതിലിന്റെ പൂട്ടു തുറന്നു ഴാങ്‌വാൽഴാങിനെ പുറത്താക്കി വീണ്ടും പഴയപടി പൂട്ടി സ്വയം നിലവറയുടെ ഇരുട്ടിലേയ്ക്കു മറഞ്ഞു.

പുഴവക്കത്തെത്തിയ ഴാങ്‌വാൽഴാങ് മരിയുസിനെ താഴത്തിറക്കി. സന്ധ്യ മയങ്ങിയ ആകാശം പ്രശാന്തവും പരിസരം നിശ്ശബ്ദവുമായിരുന്നു. പുഴവെള്ളം അയാളുടെ കാലുകളെ തൊട്ടുതലോടി. മനസ്സിൽ ചുമതലാബോധം തിരിച്ചെത്തിയ ഴാങ് വാൽഴാങ് പുഴയിൽനിന്നൊരു കൈക്കുടന്ന വെള്ളമെടുത്തു മരിയുസിന്റെ മുഖത്തു തളിച്ചു. അയാൾ കണ്ണു തുറന്നില്ല, പക്ഷേ പാതി തുറന്ന വായിലൂടെ ശ്വാസോച്ഛ്വാസം ചെയ്യുന്നുണ്ടായിരുന്നു. പെട്ടെന്ന് അദൃശ്യനായൊരു മനുഷ്യൻ തൊട്ടു പിന്നിലുണ്ടെന്നു തോന്നിയ ഴാങ്‌വാൽഴാങ് പിന്തിരിഞ്ഞു നോക്കി. നല്ല ഉയരമുള്ള ഒരാൾ ഔദ്യോഗികവേഷത്തിൽ കൈ രണ്ടും പിന്നിൽ കെട്ടി അവരെത്തന്നെ സൂക്ഷിച്ചു നോക്കുന്നു! ഇൻസ്പെക്ടർ ഴാവേറിനെ ഴാങ്‌വാൽഴാങ് തിരിച്ചറിഞ്ഞു!

വഴിക്കോട്ടയിൽനിന്നും അപ്രതീക്ഷിതമായി രക്ഷപ്പെട്ട ഴാവേർ നേരേ പോലീസ്‌സ്റ്റേഷനിൽ ചെന്നു മേലധികാരിയെ വിവരങ്ങൾ ധരിപ്പിച്ചു. തുടർന്നു ചുമതലയേറ്റ പുതിയ ജോലിയുടെ ഭാഗമായാണു ഴാവേർ സെയിൻ നദീതീരത്തേയ്ക്കു വന്നത്. അപ്പോൾ യദൃച്ഛയാ തെനാർദിയറെ കണ്ടു പിന്തുടർന്നു കുപ്പക്കുന്നുവരെ ചെന്നെത്തി. തെനാർദിയറാകട്ടെ, ഴാവേർ അപ്പോഴും പുഴവക്കിൽ കാത്തുനിൽക്കുന്നുണ്ടാവുമെന്നു മനസ്സിലാക്കിത്തന്നെയാണു ഴാങ്‌വാൽഴാങിനെ പുറത്തേയ്ക്കു തുറന്നുവിട്ടത്. അങ്ങനെ ഴാവേർക്കു കളിയ്ക്കാനൊരു കളിപ്പാവ കൊടുത്തതുവഴി അയാൾ കൗശലപൂർവം സ്വയം രക്ഷപ്പെടാനുള്ള പണം മാത്രമല്ല, സമയം കൂടി സമ്പാദിച്ചു.

സൂക്ഷിച്ച നോക്കിയിട്ടും കനത്ത ഇരുട്ടിൽ ആളെ തിരിച്ചറിയാനാവാതെ ഴാവേർ ചോദിച്ച, "ആരാണ നിങ്ങൾ?"

"ഞാൻ, ഴാങ്വാൽഴാങ്!", അയാൾ പേരു മറച്ചുവെച്ചില്ല.

ഴാവേർ പെട്ടെന്നൊന്നു ഞെട്ടി, രണ്ടു കൈകളും ഴാങ്വാൽഴാങിന്റെ ചുമലിൽ വെച്ച മുഖത്തേയ്ക്കു നോക്കി. കാട്ടുപൂച്ചയുടെ പിടിത്തത്തിൽ സിംഹമെന്നപോലെ നിശ്ചലനായി നിന്ന ഴാങ്വാൽഴാങ് പറഞ്ഞു, "ഒഴിഞ്ഞുപോകാനുള്ള ഉദ്ദേശത്തോടെയല്ല ഞാനെന്റെ മേൽവിലാസം നിങ്ങൾക്കു തന്നത്. പക്ഷേ, അതിനുമുമ്പ് നിങ്ങളെനിയ്ക്കൊരു ഉപകാരം ചെയ്തുതരണം!"

എന്തോ മനോരാജ്യത്തിൽ മുഴുകിയിരുന്ന ഴാവേർ അയാളുടെ വാക്കുകളൊന്നും കേൾക്കാത്ത മട്ടിൽ ചോദിച്ചു, "നിങ്ങളിവിടെ എന്തു ചെയ്യുന്നു? ആരാണിയാൾ?"

"വഴിക്കോട്ടയിലുള്ളവർ മരിയുസെന്നു വിളിച്ചിരുന്ന ചെറുപ്പക്കാരൻ. ഇയാളെ വീട്ടിൽ കൊണ്ടുചെന്നെത്തിയ്ക്കണം!"

ഴാവേർ മരിയുസിന്റെ കൈ പിടിച്ചു നാഡി നോക്കി പറഞ്ഞു, "മരിച്ചുകഴിഞ്ഞ ഇയാളെ നിങ്ങളെങ്ങനെ ഇവിടെയെത്തിച്ചു? ഇനി എവിടേയ്ക്കാണ കൊണ്ടുപോകേണ്ടത്?"

ഓവുചാലിലൂടെയുള്ള യാത്രയെക്കുറിച്ചൊന്നും പറയാതെ ഴാങ്വാൽഴാങ് മരിയുസിന്റെ കീശയിൽനിന്നു നോട്ടുപുസ്തകം വലിച്ചെടുത്തു ഴാവേറിനു കൈമാറിക്കൊണ്ടു പറഞ്ഞു, "ഇല്ല, ഇയാൾ മരിച്ചിട്ടില്ല, പക്ഷേ എത്രയും പെട്ടെന്നു വീട്ടിലെത്തിയ്ക്കണം, മേൽവിലാസം ഈ പുസ്തകത്തിലുണ്ട്!"

ഴാവേർ നോട്ടുപുസ്തകം കീശയിൽ തിരുകി പുഴവക്കത്തു കാത്തുനിന്ന വണ്ടിക്കാരനെ കൈകൊട്ടി വിളിച്ചു. അവർ മൂന്നു പേരും കൂടി മരിയുസിനെ പിടിച്ചു വണ്ടിയുടെ പിന്നിലിരുത്തി റ്യൂ കൽവേറിലേയ്ക്കു പുറപ്പെട്ടു. ഇടയ്ക്കിടെ മിന്നിത്തെളിയുന്ന തെരുവുവിളക്കിന്റെ പ്രകാശത്തിൽ വണ്ടിയിലൊരു ശവവും പ്രേതവും പ്രതിമയും ഒരുമിച്ചിരിയ്ക്കുന്നതായി ആരെങ്കിലും കണ്ടു സംശയിച്ചെങ്കിൽ അത്ഭുതപ്പെടാനില്ല!

വണ്ടി റ്യു കൽവേറിലെ ആറാം നമ്പർ വീട്ടിലെത്തിയപ്പോൾ സമയം പത്തുമണി കഴിഞ്ഞു. എല്ലാവരും ഉറക്കമായി. ഴാവേർ വണ്ടിയിൽ നിന്നിറങ്ങി പടിവാതിലിൽ മുട്ടി വിളിച്ചു. കാവൽക്കാരൻ കോട്ടുവായിട്ടു കൈയിലൊരു മെഴുകുതിരിയുമായി വന്നു. ഴാവേർ പറഞ്ഞു, "മൊസ്യു ഗിൽനോർമാനെ വിളിച്ചുണർത്തി വഴിക്കോട്ടയിൽനിന്നു മകന്റെ ശവം കൊണ്ടുവന്നതായി പറയൂ!"

അതിനിടയ്ക്കു ഴാങ്‌വാൽഴാങും വണ്ടിക്കാരനുംകൂടി മരിയുസിനെ വണ്ടിയിൽനിന്നിറക്കി താങ്ങിപ്പിടിച്ചു വീട്ടിനകത്തേയ്ക്കു കൊണ്ടു വന്നു. യാത്രയ്ക്കിടയിൽ ശുദ്ധവായു ശ്വസിച്ചതുകൊണ്ടാവാം, മരിയുസിന്റെ ഹൃദയം പണ്ടത്തേക്കാൾ ശക്തിയായി മിടിയ്ക്കുന്നതു കണ്ടു ഴാങ്‌വാൽഴാങിനു തെല്ലൊരാശ്വാസം തോന്നി. കാവൽക്കാരൻ വന്നു ഭൃത്യരെ വിളിയ്ക്കുന്നതു കേട്ടു വലിയമ്മ പുറത്തേയ്ക്കു വന്നു. എല്ലാവരും കൂടി മരിയുസിനെ ഒന്നാം നിലയിൽ മൊസ്യു ഗിൽനോർമാന്റെ മുറിയ്ക്കു പുറത്തുള്ള തളത്തിലൊരു സോഫയിൽ കൊണ്ടുചെന്നു കിടത്തി. ഭൃത്യൻ വൈദ്യനെ വിളിച്ചുകൊണ്ടുവരാൻ പോയപ്പോൾ മറ്റുള്ളവർ മരിയുസിന്റെ ഉടുപ്പു മാറ്റി ശരീരം വൃത്തിയാക്കാൻ തുടങ്ങി. അതിനിടയിൽ ഴാവേർ മറ്റാരും ശ്രദ്ധിയ്ക്കാതെ ഴാങ്‌വാൽഴാങിന്റെ കൈ പിടിച്ചു കോണിപ്പടിയിറങ്ങി പുറത്തു കാത്തുനിന്ന വണ്ടിയിൽ കയറി.

ഴാങ്‌വാൽഴാങ് പറഞ്ഞു, "ഇൻസ്പെക്ടർ, എനിയ്ക്കൊരു ഉപകാരം കൂടി ചെയ്തു തരണം!"

"എന്താണത്?", ചെറിയ നീരസത്തോടെ ഴാവേർ ചോദിച്ചു.

"എനിയ്ക്കൊന്നു വീട്ടിൽ പോകണമെന്നുണ്ട്. അതിനുശേഷം എന്നെക്കൊണ്ടു നിങ്ങൾക്കു വേണ്ടതു ചെയ്യാം!"

ഴാവേർ തെല്ലിട മിണ്ടാതിരുന്നശേഷം വണ്ടിക്കാരനോടു പറഞ്ഞു, "റ്യു ലോർമേയിൽ ഏഴാം നമ്പർ വീട്!"

വണ്ടി നിൽക്കുന്നതുവരെ അവർ തമ്മിൽ യാതൊന്നും സംസാരിച്ചില്ല. ഴാങ്‌വാൽഴാങ് ആലോചിച്ചു: 'മരിയുസിന്റെ വിവരങ്ങൾ കൊസെത്തിനു പറഞ്ഞുകൊടുത്തു മറ്റു ചില പ്രധാനസംഗതികൾകൂടി ധരിപ്പിച്ചു തുടങ്ങിവെച്ചതെല്ലാം അവസാനിപ്പിയ്ക്കാനുള്ള സമയമായി'.

ആത്മഹത്യപോലുള്ള നിഷ്ഠുരകൃത്യങ്ങളോടു തികഞ്ഞ വൈമുഖ്യം പുലർത്തിയിരുന്ന ഴാങ്വാൽഴാങിനു തൽക്കാലം കീഴടങ്ങുകയല്ലാതെ മറ്റൊന്നും ചെയ്യാനില്ല!

റ്യൂ ലോർമേയിൽ ഏഴാം നമ്പർ വീടിനു മുമ്പിൽ വണ്ടി നിന്നപ്പോൾ രണ്ടുപേരും പുറത്തിറങ്ങി. വണ്ടിയ്ക്കകത്തെ രക്തക്കറയുടെ പേരിൽ പോലീസുകാരിൽനിന്നു ചോദ്യങ്ങളുണ്ടാകാതിരിയ്ക്കാൻ ഒരു സാ- ക്ഷ്യപത്രം വേണമെന്നു വണ്ടിക്കാരൻ ഇൻസ്പെക്ടറോടു താണുവണങ്ങി ആവശ്യപ്പെട്ടു. പക്ഷേ, വളരെ ക്ഷുഭിതനായി കാണപ്പെട്ട ഴാവേർ അയാളോടു തട്ടിക്കയറി ചോദിച്ചു, "വണ്ടിയോടിച്ചതിനും ചോര കഴുകാനും കൂടി എത്ര വേണം?"

"എൺപതു ഫ്രാങ്ക്!"

ഴാവേർ പണം കൊടുത്തു വണ്ടിക്കാരനെ പറഞ്ഞയച്ചു. ഴാങ്വാൽഴാങ് വീട്ടുവാതിൽക്കൽ ചെന്നു മുട്ടി. വാതിൽ തുറക്കപ്പെട്ടു. പതിവില്ലാത്തവിധം വാക്കുകൾ നിർത്തി നിർത്തി ഴാവേർ പറഞ്ഞു, "പൊയ്ക്കൊള്ളൂ, ഞാനിവിടെ കാത്തുനിൽക്കാം!"

എലിയെ മുറിയുടെ മൂലയ്ക്കലോളം ചാടിപ്പോകാൻ അനുവദിയ്ക്കുന്ന പൂച്ചയുടെ ആത്മവിശ്വാസമായി മാത്രമേ ഴാവേറിന്റെ അസാധാരണമായ ആ പെരുമാറ്റത്തെ ഴാങ്വാൽഴാങ് കണ്ടുള്ളൂ. കാവൽക്കാരനോടു കുശലം പറഞ്ഞു കോണിപ്പടി കയറി അയാൾ മുകൾനിലയിലെത്തി തെല്ലിട നിന്നു. തെരുവുറാന്തലിന്റെ പ്രകാശം അകത്തേയ്ക്കു വരുന്ന ജനാലയ്ക്കൽ ശുദ്ധവായു ശ്വസിയ്ക്കാനെന്നപോലെ അയാൾ ചെന്നു നിന്നു പുറത്തേയ്ക്കു നോക്കി. തെരുവ് വിജനമായിരുന്നു. വീട്ടുവാതിൽക്കൽ ആരുമില്ല, അതെ, കാത്തു നിൽക്കാമെന്നേറ്റ ഴാവേർ എങ്ങോട്ടോ പൊയ്ക്കളഞ്ഞു!

*   *   *

മരിയുസിന്റെ വലിയമ്മ പരിഭ്രമിച്ചു കൈ തിരുമ്മി അങ്ങോട്ടുമിങ്ങോട്ടും ലാത്തുന്നതിനിടയിൽ പിറുപിറുത്തു, "ദൈവമേ, ഞാനന്നേ പറഞ്ഞിരുന്നു, ഇതിങ്ങനെയേ അവസാനിയ്ക്കൂ!"

വൈദ്യൻ വന്നു മരിയുസിനെ പരിശോധിച്ചു. ഹൃദയമിടിപ്പിനു പ്രശ്നമില്ലെന്നും രക്തം മൂക്കിൽനിന്നാണു വരുന്നതെന്നും തോളെല്ലിനു സാരമായ പരിക്കുണ്ടെന്നും അയാൾ പറഞ്ഞു. തലയിലേറ്റ മുറിവുകളുടെ ആഴം വ്യക്തമാകാതെ തെല്ലൊന്നു കുഴങ്ങിയ അയാൾ തുണി വെള്ളത്തിൽ നനച്ചു കഴുകി തുടച്ചുകൊണ്ടിരിയ്ക്കുമ്പോൾ, തളത്തിലേയ്ക്കുള്ള വാതിൽ തുറന്നു വിളർത്ത മുഖവുമായി മൊസ്യു ഗിൽനോർമാൻ പുറത്തു വന്നു. അടഞ്ഞ കണ്ണുകളും തുറന്ന വായും വരണ്ട ചുണ്ടുകളും ശരീരം നിറയെ തുടുത്ത മുറിവുകളുമായി കട്ടിലിൽ കിടക്കുന്ന ചെറുപ്പക്കാരനെ സൂക്ഷിച്ചുനോക്കി അദ്ദേഹം ചോദിച്ചു, "മ-രി-യു-സ്?"

"അതെ, സർ", അടുത്തു നിന്ന ഭൃത്യൻ പറഞ്ഞു, "മൊസ്യുവിനെ വഴിക്കോട്ടയിൽനിന്നാണു കൊണ്ടുവന്നത്.."

"അപ്പോൾ., അവൻ മരിച്ചു!", ഹൃദയം പൊട്ടിത്തകർന്നതുപോലെ ആ വൃദ്ധൻ നിലവിളിച്ചു, "അറുപോക്കിരി, അതെ, അവനെന്നോടു വിരോധം തീർത്തു, ഇങ്ങനെയാണ് അവൻ തിരിച്ചുവന്നത്!" ഗദ്ഗദം കൊണ്ടു ശ്വാസം മുട്ടിയ അദ്ദേഹം ജനാല തുറന്നു വിജനമായ തെരുവിലേയ്ക്ക്, നിശ്ശബ്ദമായ രാവിലേയ്ക്ക്, നോക്കി സംസാരിയ്ക്കാൻ തുടങ്ങി, "ഉറക്കമുണരുമ്പോൾ കാണാവുന്നവിധം, എന്റെ കട്ടിലിന്റെ കാൽക്കൽ, ഇവന്റെ കുട്ടിക്കാലത്തെ കുസൃതിച്ചിത്രം തൂക്കിയിട്ടിട്ടുണ്ട്, ഇവനറിയാം, കൊല്ലങ്ങളായി ഞാൻ കാത്തിരിയ്ക്കുകയാണെന്നും, എനിയ്ക്കുവനിൽ വല്ലാത്ത കമ്പമുണ്ടെന്നും ഇവനു നല്ലവണ്ണമറിയാം! ഇവനിവിടെ വന്നു 'ഞാനെത്തി'യെന്നു പറയുന്ന നിമിഷം, നീയാണ് ഇവിടത്തെ യജമാനനെന്നും ഈ മുത്തച്ഛൻ സന്തോഷപൂർവം നിന്റെ ചൊൽപ്പടിയ്ക്കു നിൽക്കുമെന്നും നിനക്കു നല്ല ബോദ്ധ്യമുണ്ട്! അപ്പോൾ നീ പറഞ്ഞു, 'ഇല്ല, ആ രാജകക്ഷിക്കാരന്റെ അടുത്തു ഞാൻ പോവില്ല!'. കൊള്ളാം, നന്നായി, ഇനി കട്ടിലിൽ കിടന്നു സുഖമായി ഉറങ്ങിക്കോ..! എങ്ങനെയാണ് ഓരോന്നും സഹിയ്ക്കേണ്ടതെന്ന് എനിയ്ക്കറിയാം! പക്ഷേ, ഈ ആപത്തൊക്കെ ഉണ്ടാക്കിത്തീർക്കുന്നതു പത്രങ്ങളാണ്, അവർക്കു തർക്കങ്ങൾ വേണം, സദസ്സു വേണം, സ്വാതന്ത്ര്യം വേണം! ഒടുവിൽ കുട്ടികളെ വീട്ടിൽ കൊണ്ടുവന്നു കിഴവന്മാ

രുടെ മുമ്പിൽ കിടത്തുക! തൃപ്തിയായില്ലേ? ഇവൻ കുട്ടിക്കാലത്തു കിളി ചിലയ്ക്കുന്നപോലെ മധുരമായി കൊഞ്ചിയിരുന്നു, ഇവന്റെ ചന്തം കണ്ടു പെണ്ണുങ്ങൾ കൈയിലെടുത്ത് ഉമ്മ വെയ്ക്കും, ഒരു കാമദേവനും ഇവനെപ്പോലെ സുന്ദരനായിരുന്നില്ല, അതെ കുട്ടികൾ നിങ്ങളെ എപ്പോഴും വിടാതെ മുറുക്കിപ്പിടിയ്ക്കും. ജീവിതം രസിച്ച് ആസ്വദിയ്ക്കേണ്ട കാലത്തു തെരുവുപട്ടിയെപ്പോലെ ഇവൻ വെടിയേറ്റു വീണു, ആർക്കു വേണ്ടി? എന്തിനുവേണ്ടി? പ്രജാധിപത്യം..! വെറും വിഡ്ഢിത്തം! ഈ നവസാരം മൂക്കിൽ കയറ്റിയിട്ടെന്തു കാര്യം? ഇവൻ ചത്തു കഴിഞ്ഞു, ഇവനേക്കാൾ എത്രയോ മുമ്പു മരിച്ചു മണ്ണടിയേണ്ട ഞാനും ചാവാറായി; ദുഷിച്ച കാലം, നിന്റെ തല തിരി ഞ്ഞ ചിന്തകളും സ്ഥാപനങ്ങളും കൊട്ടാരത്തെ പേടിപ്പിയ്ക്കുന്ന കാക്കക്കൂട്ടങ്ങളും, ഭരണപരിവർത്തനങ്ങളും, ഒക്കെക്കൊള്ളാം! കഷ്ടം, നീയതിൽ കൊണ്ടുചെന്നു തല വെച്ചു, ഇല്ല, എനിയ്ക്കു നിന്നെക്കുറിച്ച് ഒരു സങ്കടവുമില്ല..”

ആ സമയം മരിയുസ് പതുക്കെ കണ്ണു തുറന്നു മൊസ്യ ഗിൽനോർമാന്റെ മുഖത്തേയ്ക്കു നോക്കി.

"മരിയുസ്..!”, വൃദ്ധൻ ആർത്തുവിളിച്ചു, “എന്റെ കുട്ടി മരിയുസ്! നീ കണ്ണു തുറന്ന് എന്നെ നോക്കി, അപ്പോൾ നീ മരിച്ചിട്ടില്ല, നിനക്കു ജീവനുണ്ട്..! ദൈവമേ, നിനക്കു നന്ദി!"

അദ്ദേഹം പെട്ടെന്നു ബോധം കെട്ടു താഴെ വീണു.

4 : വഴി പിഴച്ച ഴാവേർ

റ്യൂ ലോർമേയിലെ ഏഴാം നമ്പർ വീട്ടിൽനിന്നു പുറത്തിറങ്ങിയ ഇൻസ്പെക്ടർ ഴാവേർ ജീവിതത്തിൽ ആദ്യമായി തെരുവിലൂടെ തല താഴ്ത്തി നടന്നു. കൈ രണ്ടും മാറത്തു വെച്ചു നിശ്ചയദാർഢ്യം സ്ഫുരിയ്ക്കുന്ന നെപ്പോളിയന്റെ ഭാവത്തിൽനിന്നു കൈകൾ പിന്നിൽ കെട്ടി നിസ്സഹായത വെളിവാക്കുന്ന ആ മാറ്റം സത്യത്തിൽ അയാൾക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല.

സെയിൻ നദിയുടെ പാലത്തിന്റെ കൈകവരിയിൽ കൈമുട്ടു കുത്തി ചിന്താമഗ്നനായി നിന്ന അയാൾ കഴിഞ്ഞകാലത്തെ ഓരോ

സംഭവങ്ങളും തലനാരിഴ കീറി പരിശോധിച്ചു. ഉള്ളിന്റെയുള്ളിൽ എന്തോ ഒരത്യാപത്തു പിണഞ്ഞതുപോലെ തോന്നിയ അയാൾക്കു മനസ്സിന്റെ സ്വസ്ഥതയും ബുദ്ധിയുടെ കൃത്യതയും നഷ്ടപ്പെട്ടുപോയി! അത്രമേൽ അപ്രതീക്ഷിതമായി ഴാങ്‌വാൽഴാങിനെ വീണ്ടും കണ്ടുമുട്ടിയപ്പോൾ, അതുവരെ എലിയും പൂച്ചയുമായി കളിച്ച അവരുടെ ബന്ധത്തിൽ സാരമായ എന്തോ മാറ്റം വന്നതായി അയാൾക്ക് അനുഭവപ്പെട്ടു. ജീവിതത്തിൽ ഒരൊറ്റ നേർവഴി മാത്രം കണ്ടു ശീലിച്ച ഴാവേറിനു പക്ഷേ നേർവിപരീതമായി മറ്റൊരു വഴിയുണ്ടെന്നുപോലും സങ്കൽപ്പിയ്ക്കാനായില്ല! നിയമത്തിന്റെ കണ്ണിലൊരു തികഞ്ഞ കുറ്റവാളിയായ ഴാങ്‌വാൽഴാങിന്റെ കാരുണ്യത്തിൽ ജീവൻ ലഭിച്ച ഴാവേർ അതേ രീതിയിൽത്തന്നെ ആ കടപ്പാടു തീർക്കാനാണു ശ്രമിച്ചത്! വഴിക്കോട്ടയിൽവെച്ചു തന്നോടു 'പൊയ്ക്കൊള്ളാ'ൻ പറഞ്ഞ കുറ്റവാളിയെ സ്വന്തം വീട്ടു പടിയ്ക്കൽ കൊണ്ടുചെന്നാക്കി അയാൾ 'വിട്ടയച്ചു'!

ഇനിയെന്തു ചെയ്യണമെന്ന ചിന്ത ഴാവേറിന്റെ മനസ്സിലൊരു തീക്കുണ്ഡമായി പുകഞ്ഞു. ജീവൻ രക്ഷിച്ച ഴാങ്‌വാൽഴാങിനെ പോലീസിലേൽപ്പിച്ചാൽ തന്റെ ധാർമ്മികനിലവാരം ഒരു കുറ്റവാളിയേക്കാൾ താഴ്ന്നുപോകും; മറിച്ച് വെറുതെ വിട്ടയച്ചാൽ നിയമപാലകന്റെ ധാർമ്മികതയും ചോദ്യം ചെയ്യപ്പെടും! പരസ്പരവിരുദ്ധമായ വികാരങ്ങളുടെ വേലിയേറ്റത്തിൽ, നിയമവ്യവസ്ഥയ്ക്കു വിരുദ്ധമായി താനൊരു കുറ്റവാളിയെ വിട്ടയച്ചതു മാപ്പർഹിയ്ക്കാത്ത കുറ്റമാണെന്നുതന്നെ അവസാനം അയാൾ തീർച്ചപ്പെടുത്തി. തിരിച്ചുചെന്നു ഴാങ്‌വാൽഴാങിനെ പിടികൂടുകയല്ലാതെ ഇനി മറ്റൊന്നും ചെയ്യാനില്ല! പക്ഷേ, വയ്യ; നിയമത്തിനും അധികാരത്തിനും അപ്പുറത്തുള്ള മറ്റെന്തോ ഒരു വിചാരം അയാളെ തടഞ്ഞു നിർത്തി. ഴാവേറിന്റെ ജീവിതത്തിൽ അന്നോളം താങ്ങായി നിന്ന സകല നിശ്ചയദാർഢ്യങ്ങളും വെറുമൊരു കുറ്റവാളിയുടെ മുമ്പിൽ പൊടിഞ്ഞു തകർന്നുപോയി! തണ്ടുവലി ശിക്ഷ അനുഭവിച്ച നികൃഷ്ടനായൊരു കുറ്റവാളിയെ മനസ്സുകൊണ്ടു ബഹുമാനിയ്ക്കേണ്ടിവന്ന അനിവാര്യത അയാളെ എന്തെന്നില്ലാതെ സംഭ്രമിപ്പിച്ചു. അതുവരെ ഇടപഴകിപ്പോന്ന നിയമവഴികളിൽനിന്നു

തീർത്തും വ്യത്യസ്തമായ ഒരു വെളിപാട് അയാളുടെ ഉള്ളിലുണർന്നു. ആത്മാവിൽ പുതിയൊരു ലോകം പതുക്കെ വിരിഞ്ഞുവന്നു. മനുഷ്യ നീതിയ്ക്കെതിരെ നിൽക്കുന്ന ദൈവനീതിയെ ആദ്യമായി കണ്ടറി ഞ്ഞ അയാൾ എന്തു ചെയ്യണമെന്നറിയാതെ അമ്പരന്നു നിന്നു.

ഴാവേറിന്റെ കൺമുന്നിൽ നിരവധി ചോദ്യചിഹ്നങ്ങൾ മിന്നിത്തി ളങ്ങി; ചോദ്യങ്ങൾക്കു ലഭിച്ച ഓരോ മറുപടിയും അയാളെ ഭയപ്പെടു ത്തി:'"ഞാൻ നിരന്തരം പിന്തുടർന്നുപോന്ന ആ കുറ്റവാളി എന്നെ കാൽച്ചുവട്ടിലിട്ടു ചവിട്ടി പകരം വീട്ടുന്നതിനു പകരം, എന്റെ ആയുസ്സു തിരിച്ചുതന്നു. അയാളെ കൈ രണ്ടും പിടിച്ചു കെട്ടി പോലീസ്‌സ്റ്റേഷ നിലേയ്ക്കു കൊണ്ടുപോകേണ്ടതിനു പകരം ഞാൻ വീട്ടുവാതിൽക്കൽ കൊണ്ടുചെന്നു വിട്ടു വെറുംകൈയോടെ തിരിച്ചുപോന്നു'. എന്താണ് ഇതിനർത്ഥം? അപ്പോൾ മനുഷ്യനീതിയേക്കാൾ വലിയതെന്തോ ഒ ന്നുണ്ട്! പോലീസദ്ധ്യക്ഷനേക്കാൾ വലിയൊരു മേലധികാരിയും! അ പ്രതീക്ഷിതമായ ആ കണ്ടുപിടുത്തം അയാളുടെ ചിന്തകളെയാകെ തകിടം മറിച്ചു. ചോദ്യം ചോദിയ്ക്കാതെ കൽപ്പനകൾ അനുസരിച്ചു മാ ത്രം ശീലിച്ചുപോന്ന അയാൾക്കു പുതിയ മേലധികാരിയുടെ വിചിത്ര മായ ഉത്തരവിനു മുന്നിൽ പകച്ചു നിൽക്കാനേ കഴിഞ്ഞുള്ളൂ! അപ്പോ ൾപ്പിന്നെ രാജി വെച്ച് ഒഴിയുകയല്ലാതെ ഇനി മറ്റെന്തു ചെയ്യാനുണ്ട്? മാത്രമല്ല, ആ കുറ്റവാളിയെ നിയമത്തിന്റെ കരങ്ങളിൽനിന്നു തട്ടിമാ റ്റാൻ തനിയ്ക്കു പ്രചോദനമായ വികാരങ്ങളെക്കുറിച്ചും അയാൾക്കൊരു വ്യക്തത ലഭിച്ചില്ല. ഇതുവരെ അടിത്തറ ഉറച്ചതാണെന്നു കരുതിയ വിശ്വാസങ്ങളെല്ലാം തകർന്നു കഴിഞ്ഞു; കഴിഞ്ഞകാലജീവിതവുമാ യി ഇനിയൊരു സന്ധി സാദ്ധ്യമല്ല. സഹജവീര്യം നഷ്ടപ്പെട്ട അയാ ൾക്ക് ഇനി മരണമല്ലാതെ മറ്റൊരു രക്ഷാമാർഗമില്ല!

ഴാവേർ ഉറച്ച കാൽവെപ്പുകളോടെ തല ഉയർത്തിപ്പിടിച്ചുതന്നെ പാലത്തിനു താഴെ പുഴയോരത്തുള്ള പോലീസ്‌സ്റ്റേഷനിലെത്തി. രാ ത്രിയായതുകൊണ്ട് ഒരു പോലീസുകാരൻ മാത്രമേ സ്റ്റേഷനിൽ ഉ ണ്ടായിരുന്നുള്ളൂ. ഴാവേർ അയാളുടെ പക്കൽനിന്ന് ഒരു പേനയും കട

ലാസും വാങ്ങി മേശയ്ക്കു മുമ്പിലെ കസേരയിൽ ചെന്നിരുന്ന 'പോലീസ് നടപടികൾ കാര്യക്ഷമമായി നടപ്പാക്കാനുള്ള നിർദ്ദേശങ്ങളെ'ന്ന ശീർഷകത്തിൽ തടവുപുള്ളികൾ ജയിലിനകത്ത് അനുഭവിയ്ക്കുന്ന അസൗകര്യങ്ങൾ ഓരോന്നായി എഴുതാൻ തുടങ്ങി. അവസാനം സ്വന്തം പേരും പദവിയുമെഴുതി ഒപ്പിട്ടു സമയവും കുറിച്ച ആ കടലാസ് നാലായി മടക്കി മുദ്ര പതിച്ചു സ്റ്റേഷനിലെ മേശപ്പുറത്തുവെച്ച് അയാൾ പുറത്തേയ്ക്കു പോയി.

വീണ്ടും പാലത്തിനു മുകളിൽ പഴയ സ്ഥാനത്തു തിരിച്ചെത്തിയ ഴാവേർ കൈവരിയിൽ കൈമുട്ടു കുത്തി നിന്നു. സമയം അർദ്ധരാത്രിയായി. പുഴയ്ക്കക്കരെയുള്ള വീടുകളിലൊന്നിലും വെളിച്ചമില്ല. തെരുവുകളെല്ലാം വിജനമായിരുന്നു. തൊട്ടു മുമ്പു പെയ്ത മഴ ചാലുകളായി ഒഴുകിച്ചെന്നപ്പോൾ പുഴയിലെ വെള്ളം കലങ്ങിമറിഞ്ഞു. ഴാവേർ കൈവരിയ്ക്കു മുകളിലൂടെ തല കുനിച്ചു താഴോട്ടു നോക്കി. ഒരിരുൾപ്പാതാളം പോലെ അഗാധവും വന്യവുമായ ആ ശൂന്യതയിൽ വെള്ളത്തിന്റെ അലർച്ച മുഴങ്ങിക്കേട്ടു. തണുത്തു പഴകിയ ഒരു രൂക്ഷഗന്ധം അന്തരീക്ഷത്തിൽ ഒഴുകിനടന്നു. പെട്ടെന്ന് അയാൾ തൊപ്പിയെടുത്തു കൈവരിയുടെ വക്കത്തു വെച്ചു. അടുത്ത നിമിഷം നീണ്ടു നിവർന്നു കൈയുയർത്തിനിന്ന ഴാവേർ കൈവരിയ്ക്കു മുകളിലൂടെ പുഴയിലേയ്ക്ക് എടുത്തുചാടി. അപ്പോൾ വെള്ളത്തിന്റെ ചെറിയൊരു ഗദ്ഗദം മേലോട്ടുയർന്നു കേട്ടു. പിന്നീടു നിശ്ശബ്ദതയിലേയ്ക്കു മറഞ്ഞ ആ ആത്മാവിന്റെ പിടച്ചിലുകൾ ഇരുട്ടിനു മാത്രമേ കേൾക്കാൻ കഴിഞ്ഞുള്ളൂ!

5 : പേരക്കുട്ടിയും മുത്തച്ഛനും

ഈ സംഭവങ്ങൾ കഴിഞ്ഞു താമസിയാതെ ഒരു ദിവസം മൊങ്ഫെർമിയെയിലെ തെരുവുപണിക്കാരനായ ബൂലാത്രൊയൽ രാവിലെ പുറത്തിറങ്ങിയപ്പോൾ പരിസരത്തെ കുറ്റിക്കാട്ടിൽ പതിവില്ലാത്ത ഒരനക്കം കേട്ടു, നാട്ടുവെളിച്ചത്തിൽ ഒരാൾരൂപം നടന്നു മറയുന്നതും അയാൾ കണ്ടു. പണ്ടാരോ കാട്ടിലൊരു നിധി കുഴിച്ചിട്ടിട്ടുണ്ടെന്നു ദൃഢമായി വിശ്വസിച്ചിരുന്ന അയാൾ വിചാരിച്ചു, "കഴിഞ്ഞ തവണ

അയാളെന്റെ കണ്ണു വെട്ടിച്ചു കടന്നുകളഞ്ഞു. ഇത്തവണ പത്രൊാങ്മിനെത്തിലെ ഈ പഴയ കള്ളനു പങ്കു തരാൻ ഭാവമില്ലെങ്കിൽ ഈ കാട്ടിലങ്ങനെ ആരും നിധി കൊണ്ടുവെയ്ക്കേണ്ട!"

ബുലാത്രെയൽ ഉടനെ മൂർച്ചയുള്ള ഒരു പിക്കാസുമായി കാട്ടിലേയ്ക്കു പുറപ്പെട്ടു. മണ്ണിൽ പതിഞ്ഞ കാൽപ്പാടുകൾ പിന്തുടർന്നു ചെന്ന അയാൾ കുന്നിൻപുറത്തെ ഒരാൽമരത്തിൽ വലിഞ്ഞു കയറി നിന്നു നാലുപാടും കണ്ണോടിച്ചു. കുറച്ചു ദൂരെ ഒറ്റയ്ക്കു നിൽക്കുന്ന ഒരു മരത്തിനു താഴെ കൂട്ടിയിട്ട കല്ലുകൾ പിക്കാസുകൊണ്ട് ഇളക്കിമാറ്റുന്ന ഒരു മനുഷ്യനെ അയാൾ നേരിട്ടു കണ്ടു. ബുലാത്രെയലിനു നല്ല പരിചയമുണ്ടെങ്കിലും ആ സ്ഥലത്തു ചെന്നെത്തുന്നതു പക്ഷേ അത്ര എളുപ്പമായിരുന്നില്ല. നേർവഴിയ്ക്കു ന ടന്നാൽ സമയം കൂടുതലെടുക്കുമെന്നു കരുതി അയാൾ കുറ്റിക്കാടു ചാടിക്കടക്കാൻ തീരുമാനിച്ചു. ചുറ്റിപ്പിടിച്ച കൊടുത്തൂവകളും മുൾപ്പൊന്തകളും വകഞ്ഞുമാറ്റി ദേഹമാകെ ചോര പൊടിഞ്ഞു വിയർത്തുമുങ്ങിയ അയാൾ സ്ഥലത്തെത്തിയപ്പോഴേയ്ക്കും അജ്ഞാതനായ ആ മനുഷ്യൻ അപ്രത്യക്ഷനായിക്കഴിഞ്ഞു! ചിക്കിപ്പരത്തിയ കല്ലുകൾക്കിടയിലൊരു ശൂന്യമായ കുഴിയും തൊട്ടടുത്തൊരു പിക്കാസും കണ്ടു നിരാശനായ ബുലാത്രെയലിനു മേലോട്ടു നോക്കി മുഷ്ടി ചുരുട്ടി നിലവിളിയ്ക്കാനേ കഴിഞ്ഞുള്ളൂ!

* * *

മരിയുസിന്റെ മുറിവുകൾ പലതും പഴക്കാൻ തുടങ്ങി, പനിയാണെങ്കിൽ വിട്ടു മാറുന്നുമില്ല. രാത്രി ഉറങ്ങുന്നതിനിടയിൽ ചിലപ്പോഴൊക്കെ അയാൾ കൊസെത്തിന്റെ പേരു വിളിച്ചു വിലപിച്ചു. രോഗിയ്ക്കു വലിയ വികാരാവേഗം വരാതെ സൂക്ഷിയ്ക്കണമെന്നു വൈദ്യൻ മുന്നറിയിപ്പു നൽകി. മൊസ്യൂ ഗിൽനോർമാൻ ഇടയ്ക്കിടെ നിരാശനായി തല കുനിച്ചു മരിയുസിന്റെ അടുത്തു നിശ്ശബ്ദം ചെന്നിരിയ്ക്കും. മിക്ക ദിവസങ്ങളിലും തല നരച്ച ഒരു മാന്യൻ വീട്ടുവാതിൽക്കൽ വന്നു മരിയുസിന്റെ രോഗവിവരം അന്വേഷിച്ചു മുറിവു വെച്ചു കെട്ടാനൊരു കെട്ടു പഞ്ഞിയും കൊടുത്തു തിരിച്ചുപോയിരുന്നു. അങ്ങനെ നാലു മാസ

ത്തോളം നീണ്ട ചികിത്സയ്ക്കൊടുവിൽ മുറിവുകൾ ഉണങ്ങാൻ തുടങ്ങി. എങ്കിലും തോളെല്ലിനു പറ്റിയ ചതവു മൂലം കുറച്ചു കാലം കൂടി മരിയുസിനു ചാരുകസേരയിൽ കഴിച്ചുകൂട്ടേണ്ടി വന്നു. മൊസ്യു ഗിൽനോർമാൻ മരിയുസിന്റെ തൊട്ടടുത്തു മറ്റൊരു ചാരുകസേരയിൽ ചെന്നിരുന്നു ചികിത്സാവിധികൾക്കു മേൽനോട്ടം വഹിച്ചു.

രോഗം ശമിച്ചുതുടങ്ങിയെന്നും ഇനി ഭയക്കാനില്ലെന്നും വൈദ്യൻ പറഞ്ഞ ദിവസം മൊസ്യു ഗിൽനോർമാൻ സന്തോഷംകൊണ്ടു മതിമറന്നു. ചുണ്ടിലൊരു മൂളിപ്പാട്ടും നൃത്തച്ചുവടുകളുമായി അദ്ദേഹം എന്തിനെന്നില്ലാതെ ഇടയ്ക്കിടെ കോണിപ്പടികൾ കയറിയിറങ്ങി. തന്നെപ്പറ്റി ഒരു വിചാരവുമില്ലാതെ സദാ മരിയുസിനെക്കുറിച്ചു മാത്രം ചിന്തിച്ച അദ്ദേഹം വാഴ്ചയൊഴിഞ്ഞ ചക്രവർത്തിയെപ്പോലെ പതുക്കെപ്പതുക്കെ സ്വന്തം പേരക്കുട്ടിയുടെ ഒരു കളിക്കുട്ടിയായി മാറി.

മരിയുസാണെങ്കിൽ രോഗത്തിലും രോഗശമനത്തിലും കൊസെത്തിനെക്കുറിച്ചല്ലാതെ മറ്റൊന്നും ചിന്തിച്ചിട്ടില്ല. വഴിക്കോട്ടയിൽവെച്ചുണ്ടായ സംഭവങ്ങൾ ഒരു മൂടൽമഞ്ഞുപോലെ അയാൾക്ക് അവ്യക്തമായി തോന്നി. തന്നെ ആരാണു രക്ഷിച്ചതെന്നും എങ്ങനെയാണു രക്ഷപ്പെട്ടതെന്നും അയാൾക്കറിയില്ല. പക്ഷേ, എന്തൊക്കെ തടസ്സങ്ങളുണ്ടായാലും ഒരിക്കൽക്കൂടി കൊസെത്തിനെ കാണണമെന്ന തീരുമാനം ദിനംപ്രതി അയാളുടെ മനസ്സിൽ സുദൃഢമായി. മുത്തച്ഛന്റെ ഭാവമാറ്റം വെറും താൽക്കാലികമാണെന്ന് അയാൾ ഉറച്ചു വിശ്വസിച്ചു. കൊസെത്തിനെക്കുറിച്ചു പറയുന്ന നിമിഷം യഥാർത്ഥസ്ഥിതി വെളിപ്പെട്ടു മുത്തച്ഛനുമായി നടക്കാനിടയുള്ള വാഗ്വാദവും വഴക്കും തുടർന്നുള്ള വേർപാടും മരിയുസ് മുൻകൂട്ടി കണ്ടു. രോഗശമനകാലത്തു പഴയ സംഭവങ്ങളോരോന്നും അയവിറക്കിയ അയാൾ, അച്ഛനോട് കടുത്ത അനീതി കാണിച്ച മുത്തച്ഛനിൽനിന്നു യാതൊരു ദയയും പ്രതീക്ഷിച്ചില്ല. മരിയുസിന്റെ നോട്ടത്തിൽ പതിവുള്ള പാരുഷ്യം അപ്പോഴും മായാതെ നിൽക്കുന്നതു കണ്ടു മനസ്സു വേദനിച്ച വൃദ്ധൻ യാതൊരു പ്രതികരണത്തിനും മുതിരാതെ മൗനം പാലിച്ചു. ദുശ്ശാഠ്യക്കാരനായ പഴയ മുത്തച്ഛനെത്തന്നെ മനസ്സിൽ വെച്ചുകൊണ്ടിരുന്ന മരി

യുസ് പക്ഷേ, ആ മൗനത്തെ കലഹത്തിന്റെ തുടക്കമായി കണ്ടു കൂടു തൽ കരുതലോടെ പെരുമാറാൻ തുടങ്ങി. മുത്തച്ഛൻ കൊസെത്തി നെ അംഗീകരിയ്ക്കുന്നില്ലെങ്കിൽ, പൊറുത്തു തുടങ്ങിയ മുറിവുകൾ മാന്തിക്കീറി ആത്മഹത്യയ്ക്കുപോലും അയാളൊരുങ്ങി.

മൊസ്യു ഗിൽനോർമാൻ ഒരു ദിവസം രാവിലെ ഉറങ്ങിക്കിടക്കുന്ന മരിയുസിന്റെ മുഖത്തേയ്ക്കു വാത്സല്യപൂർവം ഉറ്റുനോക്കുകയായിരുന്നു. പെട്ടെന്നു കണ്ണു തുറന്ന മരിയുസ് എഴുന്നേറ്റിരുന്നു മുത്തച്ഛനെ സൂക്ഷിച്ചു നോക്കി കനത്ത ശബ്ദത്തിൽ പറഞ്ഞു, "എനിയ്ക്കൊരു കാര്യം പറയാനുണ്ട്!"

"എന്താണത്?", മുത്തച്ഛൻ ചോദിച്ചു.

"എനിയ്ക്കു കല്യാണം കഴിയ്ക്കണം!"

"നല്ല കാര്യം, നിനക്കിഷ്ടമുള്ള പെൺകുട്ടിയെ കല്യാണം കഴിയ്ക്കാം, എനിയ്ക്കു പൂർണസമ്മതം!"

അമ്പരപ്പിയ്ക്കുന്ന ആ മറുപടി കേട്ടു മരിയുസ് വിറച്ചുപോയി.

മൊസ്യു ഗിൽനോർമാൻ തുടർന്നു, "അതെ, നിനക്കു നിന്റെ സുന്ദരിക്കുട്ടിയെ കല്യാണം കഴിയ്ക്കാം. അവളൊരു മാന്യവൃദ്ധന്റെ രൂപത്തിൽ ദിവസവും ഇവിടെ വരാറുണ്ട്. ഞാൻ അന്വേഷിച്ചു. റ്യൂ ലോർമെയിൽ ഏഴാം നമ്പർ വീട്ടിലാണ് അവൾ താമസിയ്ക്കുന്നത്. നീ വിചാരിച്ചു, 'അവൾക്കുവേണ്ടി എനിയ്ക്കു മുത്തച്ഛനുമായി വഴക്കിടേണ്ടി വരും, ഈ കിഴവനാണെങ്കിൽ യാതൊന്നും പറഞ്ഞാൽ മനസ്സിലാവില്ല!'. പക്ഷേ, നീ തയാറാക്കിയ പ്രസംഗം വെറുതെയായി! നിന്നോടുള്ള കമ്പംകൊണ്ട്, നിന്റെ മുറിവു വെച്ചുകെട്ടാൻ അവളൊരുപാടു പഞ്ഞി പിരിച്ചുകൂട്ടി. അതിനിടയ്ക്കെങ്ങാനും നീ മരിച്ചുപോയിരുന്നെങ്കിൽ എന്റേതുൾപ്പെടെ മൂന്നു ശവമഞ്ചങ്ങളായിരിയ്ക്കും ഒരുമിച്ചു കൊണ്ടുപോകേണ്ടി വരിക! നിനക്കു തെല്ലൊരാശ്വാസം തോന്നിത്തുടങ്ങിയതുമുതൽ അവളെയിങ്ങോട്ടു കൊണ്ടുവരുന്നതിനെക്കുറിച്ചു ഞാൻ ആലോചിച്ചു. പക്ഷേ, സുന്ദരിയായൊരു പെൺകുട്ടി എപ്പോഴായാലും പുരുഷന്റെ പനി വർദ്ധിപ്പിയ്ക്കുകയേയുള്ളൂ! അതെ, എന്നെ നിനക്കിഷ്ടമി

ല്ലെന്നും ഞാൻ മനസ്സിലാക്കി. അപ്പോൾ ഞാൻ വിചാരിച്ചു, 'ഞാൻ തന്നെ ആ സുന്ദരിക്കുട്ടിയെ നിനക്കു സമ്മാനിച്ചാൽ പിന്നെ നീ എന്നോടെന്തു പറഞ്ഞു വഴക്കിടും?' എന്റെ പൊന്നുവക്കീലേ, നീയിനി കല്യാണം കഴിച്ചു കുറച്ചു കാലം സുഖിച്ചു ജീവിയ്ക്കു!"

അദ്ദേഹം മരിയുസിന്റെ തല പിടിച്ചു മാറോടു ചേർത്തമർത്തി. രണ്ടുപേരുടേയും കണ്ണിൽ സന്തോഷാശ്രുക്കൾ നിറഞ്ഞു.

"മുത്തച്ഛാ!", മരിയുസ് പറഞ്ഞു, "ഇപ്പോൾ രോഗമൊക്കെ ഒരുവിധം ഭേദമായ സ്ഥിതിയ്ക്കു എനിയ്ക്കു അവളെയൊന്നു കാണണം!"

"ഹാ, നീയെന്നെ മുത്തച്ഛനെന്നു വിളിച്ചു! അതിന്റെ സമ്മാനമായെങ്കിലും ഞാനവളെ ഇങ്ങോട്ടു കൊണ്ടുവരും, തീർച്ച!"

പിറ്റേന്നു ഴാങ്‌വാൽഴാങിന്റെ കൂടെ കൊസെത്തു വന്നു കയറിയപ്പോൾ ഭൃത്യന്മാരുൾപ്പെടെ സകലരും മരിയുസിന്റെ മുറിയിലുണ്ടായിരുന്നു. മൊസ്യു ഗിൽനോർമാൻ കൊസെത്തിനെ സൂക്ഷിച്ചു നോക്കി ഉച്ചത്തിൽ വിളിച്ചുപറഞ്ഞു, "ഒന്നാന്തരം!"

ആനന്ദലഹരി തലയ്ക്കു പിടിച്ച കൊസെത്തിനു നേരേ മരിയുസിന്റെ മാറിൽ ചെന്നു വീഴാനാണു തോന്നിയത്. പക്ഷേ, മറ്റുള്ളവരുടെ സാന്നിദ്ധ്യത്തിൽ ലജ്ജ തോന്നിയ അവൾ സ്വയം നിയന്ത്രിച്ചു. ജൂൺ ഏഴാംതീയതി രാത്രി മുഖത്താകെ ചോരയും ചെളിയുമായി മരിയുസിനെ കൈയിലെടുത്തു കൊണ്ടുവന്ന ആ മനുഷ്യൻ വൃത്തിയായി വേഷം ധരിച്ചു കക്ഷത്തിലൊരു പുസ്തകവുമായി വന്നു നിൽക്കുന്നതു കണ്ടപ്പോൾ വലിയമ്മ അത്ഭുതപ്പെട്ടു. ഭൃത്യന്മാർ ആദരവോടെ മാറിനിന്നു. മൊസ്യു ഗിൽനോർമാ ൻ ഉപചാരപൂർവം ഴാങ്‌വാൽഴാങിനെ നോക്കി തല കുനിച്ചു പറഞ്ഞു, "മൊസ്യു, എന്റെ പേരക്കുട്ടിയായ ഈ മരിയുസ് പൊങ്‌മേർസിയും താങ്കളുടെ മകൾ മദാം കൊസെത്തും തമ്മിൽ വിവാഹിതരാകുന്നതിനു ഞാൻ സമ്മതം ചോദിയ്ക്കുന്നു!"

ഴാങ്‌വാൽഴാങ് സമ്മതസൂചകമായി തലകുനിച്ചു. മൊസ്യു ഗിൽനോർമാൻ രണ്ടുപേരുടേയും തലയ്ക്കു മീതെ കൈയുയർത്തി അനുഗ്രഹസ്വരത്തിൽ പറഞ്ഞു, "വിവാഹത്തിനു സമ്മതം!"

ചാരുകസേരയിൽ കിടന്ന മരിയുസ് തൊട്ടടുത്തു നിൽക്കുന്ന കൊ

സെത്തിന്റെ കൈപിടിച്ചമർത്തി. മുത്തച്ഛൻ വാത്സല്യപൂർവം രണ്ടു പേരോടുമായി പറഞ്ഞു, "കീഴ്‌വഴക്കങ്ങളൊന്നും സാരമാക്കാനില്ല, നിങ്ങൾ പരസ്പരം 'നീ'യെന്നു വിളിച്ചാൽ മതി!"

കുടുംബത്തിലേയ്ക്കു പെട്ടെന്നു കടന്നുവന്ന സുന്ദരിക്കുട്ടിയെ വലിയമ്മ കണ്ണിമയ്ക്കാതെ നോക്കുന്നതിനിടയിൽ, മൊസ്യൂ ഗിൽനോർമാൻ വീണ്ടും തുടങ്ങി, "എന്റെ കുട്ടികളേ, പരസ്പരം സ്നേഹമുണ്ടെങ്കിൽ മറ്റെല്ലാം പൊറുക്കപ്പെടും; മനുഷ്യന്റെ ദൗർബല്യമാണ് അനുരാഗം, ദൈവത്തിന്റെ ബലവും! അതുകൊണ്ട് അന്യോന്യം ആരാധിയ്ക്കുക, മറ്റൊന്നും ചെയ്യാനില്ല. പക്ഷേ, ഒന്നു മാത്രം.. എനിയ്ക്കിപ്പോഴാണ് ഓർമ്മ വന്നത്, എന്റെ സ്വത്തിൽ പകുതിയിലേറെ എങ്ങനെയൊക്കെയോ നഷ്ടപ്പെട്ടുപോയി, ഞാനുള്ളപ്പോൾ നിങ്ങൾക്കൊരു പ്രശ്നവുമില്ല.., എന്റെ മരണശേഷം.."

"മദാം കൊസെത്തിനു സ്വന്തമായി ആറു ലക്ഷം ഫ്രാങ്കിന്റെ സ്വത്തുണ്ട്!", പെട്ടെന്നു പിന്നിൽനിന്നു ഴാങ്‌വാൽഴാങിന്റെ ശാന്തഗംഭീരമായ ശബ്ദം കേട്ടു വൃദ്ധൻ തിരിഞ്ഞുനോക്കി.

ഴാങ്‌വാൽഴാങ് കക്ഷത്തിലുണ്ടായിരുന്ന പുസ്തകം മേശപ്പുറത്തു വെച്ചു കെട്ടഴിച്ചു നോട്ടുകളെണ്ണാൻ തുടങ്ങി. മൊസ്യൂ ഗിൽനോർമാൻ മകളെ നോക്കി പറഞ്ഞു, "ഇനിയെങ്കിലും നീ ചെറുപ്പക്കാരുടെ അനുരാഗത്തിൽ വിശ്വസിയ്ക്കു! നമ്മുടെ വികൃതിച്ചെക്കൻ ഒരു കോടീശ്വരിയെയാണു കൊണ്ടുവന്നിരിയ്ക്കുന്നത്!".

ഴാങ്‌വാൽഴാങ് എം.പട്ടണത്തിലെ മേയറെന്ന നിലയിൽ സമ്പാദിച്ച പണം മെത്രാന്റെ മെഴുകുതിരിക്കാലുകളടക്കം ഒരു കൈപ്പെട്ടിയിലാക്കി മൊങ്ഫെർമിയെയിലെ കാട്ടിൽ കുഴിച്ചിടുകയാണു ചെയ്തത്. രോഗം ഭേദമായപ്പോൾ മരിയുസിനു പണത്തിന്റെ ആവശ്യമുണ്ടാകുമെന്നു കരുതി, ബുലാത്രെയൽ നേരിട്ടു കണ്ടതുപോലെ, അയാളൊരു ദിവസം രാവിലെ മൊങ്ഫെർമിയെയിലെത്തി കാട്ടിൽനിന്നു കൈപ്പെട്ടി കൈയോടെ എടുത്തുകൊണ്ടു പോന്നു. അതിനിടയ്ക്കു പോലീസ് ഇൻസ്പെക്ടർ ഴാവേർ എന്തോ ചിത്തഭ്രമത്തിന്റെ പേരി

ൽ സെയിൻനദിയിലെ പാലത്തിൽനിന്നു താഴോട്ടു ചാടി ആത്മഹത്യ ചെയ്ത വിവരം അയാൾ പത്രത്തിൽനിന്നു വായിച്ചറിഞ്ഞു. ഴാങ് വാൽഴാങ് വിചാരിച്ചു, "ഒരുപക്ഷേ, അതേ ചിത്തഭ്രമം മൂലമായിരിയ്ക്കാം അയാളെന്നെ വിട്ടയച്ചത്!"

മരിയുസും കൊസെത്തും തമ്മിലുള്ള വിവാഹത്തിന്റെ ഒരുക്കങ്ങൾ തുടങ്ങി. മൊസ്യൂ ഗിൽനോർമാൻ വൈദ്യനുമായി ആലോചിച്ചു ഫെബ്രുവരി പതിനാറാം തീയതി മുഹൂർത്തവും തീരുമാനിച്ചു. അദ്ദേഹത്തിനു കൊസെത്തിനെക്കുറിച്ചുള്ള മതിപ്പു ദിനംപ്രതി കൂടിവന്നു. ഴാങ്വാൽഴാങാകട്ടെ, സകല കാര്യങ്ങളിലും നിശ്ശബ്ദസാക്ഷിയായി നിന്നു കൊസെത്തിന്റെ സുഖത്തിനു വേണ്ടി മാത്രം യത്നിച്ചു. അവളുടെ ജനനത്തെക്കുറിച്ചു തുറന്നു പറഞ്ഞാൽ ഒരുപക്ഷേ കല്യാണം പോലും മുടങ്ങിയേക്കുമെന്നു കരുതി അയാളൊരു കുടുംബത്തെ മന:പൂർവം സൃഷ്ടിച്ചു. അങ്ങനെ കൊസെത്ത് പെത്തി പിക്പ്യൂവിലെ കന്യാമഠത്തിൽ തോട്ടക്കാരനായിരുന്ന ഫൂഷൽവാങിന്റെ മകൾ, മദാംവസേൽ യൂഫ്രസി ഫൂഷൽവാങായി മാറി. മാതാപിതാക്കൾ മരിച്ച് അനാഥയായ അവളുടെ രക്ഷിതാവായി ഫൂഷൽവാങെന്നു പേരുള്ള തന്നേയും, തന്റെ രക്ഷിതാവായി മൊസ്യൂ ഗിൽനോർമാനേയും നിശ്ചയിച്ചു ഴാങ്വാൽഴാങ് നിയമപരമായ ബാദ്ധ്യതകളെല്ലാം ഭംഗിയായി നിറവേറ്റി. ഒരാളുടെ ഹൃദയം അനുരാഗത്തിലും മറ്റുള്ളവരുടെ മനസ്സു പണത്തിലും മുങ്ങിയിരുന്നതുകൊണ്ട് സൂക്ഷിച്ചു നോക്കിയാൽ കാണാവുന്ന വിടവുകൾ ആരുമത്ര ശ്രദ്ധിച്ചില്ല.

അനുരാഗത്തിന്റെ ആനന്ദലഹരിയിൽ മതിമയങ്ങിയ കൊസെത്തിനു പക്ഷേ, അതുവരെ അച്ഛനായി കരുതിപ്പോന്ന മൊസ്യൂ ഫൂഷൽവാങ് ഒരകന്ന ബന്ധു മാത്രമാണെന്ന തിരിച്ചറിവ് കഠിനമായൊരു ആഘാതമായി അനുഭവപ്പെട്ടില്ല. യുവാവ് വന്നപ്പോൾ കിഴവൻ വിസ്മൃതനായി, സത്യത്തിൽ ഇതല്ലേ ജീവിതം? അവർ തമ്മിൽ ദിവസേന കണ്ടു സംസാരിച്ചു. 'വധു വരന്റെ വീട്ടിലേയ്ക്കു വരുന്നതൊരു നല്ല വഴക്കമല്ലെന്ന്' വലിയമ്മ പലപ്പോഴും അഭിപ്രായപ്പെട്ടു. മരിയുസ് കൊസെത്തിന്റെ കൂടെ വരാറുള്ള മൊസ്യൂ ഫൂഷൽവാങിനെ കാണാ

റുണ്ടെങ്കിലും ഒരിയ്ക്കലും നേരിട്ടിടപെടാൻ ശ്രമിച്ചില്ല. രോഗശമനത്തിനുശേഷം ഓർമ്മയുടെ അകത്തളത്തിലെവിടെയോ കൂട്ടിച്ചേർക്കാൻ കഴിയാത്ത ചില വിടവുകൾ അയാൾക്ക് അനുഭവപ്പെടാറുണ്ട്. അവ്യക്തവും ക്ഷുഭിതവുമായ ഭൂതകാലം മനസ്സിലൂടെ കടന്നുപോകുമ്പോൾ അയാൾ കൈ കൊണ്ടു മുഖം പൊത്തി മൊസ്യൂ മബെ മരിച്ചുവീഴുന്നതും ഗവ്രോഷ് വെടിയുണ്ടകൾക്കു നടുവിൽനിന്നു പാടുന്നതും എപ്പൊനൈന്റെ തണുത്ത നെറ്റിത്തടം ചുംബിയ്ക്കുന്നതും ഒരിയ്ക്കൽക്കൂടി ഓർത്തെടുക്കും. വഴിക്കോട്ടയിൽവെച്ച് മൊസ്യൂ ഫൂഷൽവാങിനെ കണ്ടതു സത്യമാണെന്ന കാര്യത്തിൽ അക്കാലത്തു പക്ഷേ അയാൾക്കൊരു ഉറപ്പുമുണ്ടായിരുന്നില്ല.

അതിനിടയ്ക്കു കൊസെത്തുമായുള്ള വിവാഹത്തിനു വഴിയൊരുക്കിയ രണ്ടുപേരോടു പ്രത്യേകം നന്ദി പറയേണ്ടതാണെന്ന വിചാരം മരിയുസിന്റെ മനസ്സിനെ സദാ അലട്ടിക്കൊണ്ടിരുന്നു. ഒന്നാമതു തെനാർദിയർ, രണ്ടാമതു വഴിക്കോട്ടയിൽനിന്നു തന്നെ രക്ഷിച്ച് മുത്തച്ഛന്റെ അടുത്തെത്തിച്ച അജ്ഞാതനായ മനുഷ്യൻ! ലോകത്തിന്റെ കണ്ണിൽ ദുഷ്ടനായ തെനാർദിയർ പക്ഷേ മരിയുസിനു സ്വന്തം അച്ഛന്റെ രക്ഷകനായിരുന്നു! വാട്ടർലൂ യുദ്ധഭൂമിയിൽവെച്ച് യാതൊരു കൃതജ്ഞതയും അവകാശപ്പെടാവാത്തവിധമാണു തെനാർദിയർ കേണൽ പൊങ്മെർസിയോടു പെരുമാറിയതെന്ന വസ്തുത പക്ഷേ മരിയുസ് മനസ്സിലാക്കിയിരുന്നില്ല. അന്വേഷണത്തിൽ മദാം തെനാർദിയർ കേസു വിചാരണയ്ക്കുമുമ്പേ തടവിൽക്കിടന്നു മരിച്ചതായി അയാളറിഞ്ഞു. ഇളയ മകളായ അസെൽമയെക്കുറിച്ച് ഒരു വിവരവുമില്ല. പത്രോങ്മിനെത്തിലെ കള്ളന്മാരിൽ ചിലർ കൊല്ലപ്പെടുകയും ബാക്കിയുള്ളവർ പിടിയ്ക്കപ്പെടുകയും ചെയ്തു. കേസുവിചാരണയിൽ വധശിക്ഷയ്ക്കു വിധിയ്ക്കപ്പെട്ട തെനാർദിയർ വീണ്ടും പോലീസുകാരെ വെട്ടിച്ച് ജയിൽ ചാടിയെന്ന വിവരമാണു പിന്നീടു മരിയുസിനു ലഭിച്ചത്.

അതേസമയം, മരിയുസിനെ വഴിക്കോട്ടയിൽനിന്നു രക്ഷിച്ച അജ്ഞാതമനുഷ്യനെക്കുറിച്ചുള്ള അന്വേഷണം തുടക്കത്തിൽ പെട്ടെന്നു

മുന്നോട്ടു പോയി. ജ്ജൂൺ ആറാം തീയതി രാത്രി വീട്ടിൽ വന്ന വണ്ടിക്കാരനെ വിളിച്ചു വരുത്തി അവർ ചോദ്യം ചെയ്തു. സെയിൻനദിയിലേയ്ക്കു തുറക്കുന്ന ഒരോവുചാലിൽനിന്നു ശവവും ചുമലിലേറ്റി ഒരു മനുഷ്യൻ പൊന്തിവന്നെന്നും, പുറത്തു കാത്തു നിന്ന പോലീസുദ്യോഗസ്ഥൻ അവരെ വണ്ടിയിൽ കയറ്റിയെന്നും മറ്റുമുള്ള അയാളുടെ കടങ്കഥ പക്ഷേ ആർക്കും വിശ്വസിയ്ക്കാനായില്ല. അഥവാ സത്യമാണെന്നു കരുതിയാൽത്തന്നെ ആ പോലീസുദ്യോഗസ്ഥൻ ആരായിരുന്നു? ആ അജ്ഞാതമനുഷ്യൻ എവിടെപ്പോയി? തുടർന്നുള്ള അന്വേഷണത്തിൽ എന്തെങ്കിലും പ്രയോജനമുണ്ടാകുമെന്നു കരുതി അന്നു ധരിച്ചിരുന്ന ചോര പുരണ്ട കുപ്പായം മാത്രം മരിയുസ് സൂക്ഷിച്ചുവെച്ചു.

ഒരു ദിവസം വൈകുന്നേരം കൊസെത്തും ഴാങ്‌വാൽഴാങ്ങുമുള്ളപ്പോൾ മരിയുസ് അന്നത്തെ സംഭവങ്ങളേയും തുടർന്നു നടത്തിയ അന്വേഷണങ്ങളേയും കുറിച്ചു സംസാരിച്ചു. ആ വിഷയത്തിൽ യാതൊരു താൽപ്പര്യവും കാണിയ്ക്കാതിരുന്ന 'മൊസ്യൂ ഫൂഷൽവാങി'ന്റെ ഉദാസീനഭാവം കണ്ടു മരിയുസ് ചൊടിച്ചുകൊണ്ടു പറഞ്ഞു, “ആരായാലും ആ മനുഷ്യനൊരു ദൈവത്തെപ്പോലെ എന്നെ യുദ്ധക്കളത്തിൽനിന്നും പൊക്കിയെടുത്തു ചുമലിലേറ്റി ഓവുചാലിലേയ്ക്കിറങ്ങി ചുരുങ്ങിയതു നാലുനാലര നാഴിക ദൂരമെങ്കിലും നടന്നിരിയ്ക്കണം! എന്തിനുവേണ്ടി? പിടയുന്ന ഒരു ജീവൻ രക്ഷിയ്ക്കാൻവേണ്ടി മാത്രം! അയാളുടെ ഓരോ കാൽവെയ്പ്പും അപകടകരമായിരുന്നു. മാത്രമല്ല, ഓവുചാലിൽനിന്നു പുറത്തു കടന്ന ഉടനെ അയാൾ പിടിയ്ക്കപ്പെടുകയും ചെയ്തു! യുദ്ധത്തിൽ തോറ്റ എനിയ്ക്കുവേണ്ടി അയാൾ സ്വയം ബലിയാടായി! ഹാ, കൊസെത്തിന്റെ പണം മുഴുവൻ എന്റെയായിരുന്നെങ്കിൽ...”

"തീർച്ചയായും ആ പണം നിങ്ങൾക്കുള്ളതാണ്", ഴാങ്‌വാൽഴാങ് ഇടയ്ക്കു കയറി പറഞ്ഞു.

"എങ്കിൽ", മരിയുസ് തുടർന്നു, “ഞാനതു മുഴുവനും ആ മനുഷ്യനെ കണ്ടുപിടിയ്ക്കാൻ ചിലവാക്കും!”

ഴാങ്‌വാൽഴാങ് ഒന്നും മിണ്ടിയില്ല.

6 : ഉറക്കം വരാത്ത രാത്രി

വിവാഹം വീട്ടിൽവെച്ച നടത്തുന്ന പതിവ് ഇന്നത്തെപ്പോലെ അക്കാലത്ത് അത്ര പ്രാകൃതമായി കണക്കാക്കിയിരുന്നില്ല. അതുകൊണ്ട് കൊസെത്തും മരിയുസും തമ്മിലുള്ള വിവാഹം ഫെബ്രുവരി പതിനാറാം തീയതി മൊസ്യു ഗിൽനോർമാന്റെ വീട്ടിൽവെച്ചതന്നെ നടന്നു. തലേന്നു വൈകുന്നേരം ഴാങ്‌വാൽഴാങ് കൊസെത്തിന് അവകാശപ്പെട്ട ആറു ലക്ഷം ഫ്രാങ്ക് മൊസ്യു ഗിൽനോർമാന്റെ മുമ്പിൽ വെച്ച മരിയുസിനെ ഏൽപ്പിച്ചു; കൊസെത്തിന്റെ പരിചാരികയായി തുസൊങിനേയും കൈമാറി. ഒരാഴ്ച മുമ്പ് തള്ളവിരലിനു പറ്റിയ ഒരപകടം മൂലം ഒപ്പിടാനാവാത്ത ദുരവസ്ഥ പറഞ്ഞു ബോദ്ധ്യപ്പെടുത്തി ഴാങ്‌വാൽഴാങ് വധുവിന്റെ രക്ഷിതാവായി മൊസ്യു ഗിൽനോർമാനെ അവരോധിയ്ക്കുകയും ചെയ്തു.

വീട്ടിൽനിന്നു സാങ്പോൾ പള്ളിയിലേയ്ക്കു വധുവും വരനും രണ്ടു വണ്ടികളിലാണു യാത്ര പുറപ്പെട്ടത്. വധുവിന്റെ വണ്ടിയിൽ വലിയമ്മയും മൊസ്യു ഗിൽനോർമാനും ഴാങ്‌വാൽഴാങും കയറി. നോമ്പു പെരുന്നാളിന്റെ തലേ ദിവസമായതുകൊണ്ട് വഴി നിറഞ്ഞൊഴുകിയ പൊറാട്ടുകളിക്കാർക്കും കോമാളിവേഷക്കാർക്കും ഇടയിലൂടെ വിവാഹയാത്ര പതുക്കെ മുന്നോട്ടു നീങ്ങി. തെരുവിന്റെ ഇരുവശത്തുമുള്ള വീടുകളിലെ താമസക്കാർ ജനത്തിരക്കു കണ്ടു ജനാലയ്ക്കൽ നോക്കിനിന്നു. പാട്ടു പാടി നൃത്തച്ചുവടുകളുമായി നടക്കുന്ന പൊറാട്ടുകളിക്കാർക്കിടയിൽ വികൃതവേഷധാരികളായ നിരവധിപേർ കൈവണ്ടികളിലും കയറിക്കൂടി. തിരക്ക് അനിയന്ത്രിതമാകുമ്പോൾ പലപ്പോഴും മുന്നോട്ട് ഒരടി നീങ്ങാനാവാതെ വണ്ടികൾ നിശ്ചലമായി. കല്യാണവണ്ടിയ്ക്കു തൊട്ടിടതുവശം ചേർന്നു പൊയ്ക്കൊണ്ടിരുന്ന കോമാളിവേഷക്കാരുടെ വണ്ടിയിൽ വിദേശിയുടെ വേഷം ധരിച്ച ഒരു മനുഷ്യൻ തൊട്ടടുത്തിരുന്ന മീൻകാരിപ്പെൺകുട്ടിയോടു പറഞ്ഞു, "നീ കണ്ടോ, ആ കല്യാണവണ്ടിയിൽ പെണ്ണിന്റെ പിന്നിലിരിയ്ക്കുന്ന പടുകിഴവനെ? എനിയ്ക്കെന്തോ ഒരു സംശയം..!"

"തള്ളവിരലിലൊരു കെട്ടു കെട്ടിയ ആ തന്തയോ?"

"അതെ, എനിയ്ക്കയാളെ അറിയാമെന്നു തോന്നുന്നു. നിനക്കു കല്യാണപ്പെണ്ണിനെ കാണാനുണ്ടോ?"

"ഇല്ല, ഈ കല്യാണത്തിൽ നമുക്കെന്തു കാര്യം?"

"കാര്യമില്ലെങ്കിൽ കാര്യമുണ്ടാക്കാൻ നോക്കണം! നീ താഴത്തിറങ്ങി അവരുടെ പിന്നാലെ കൂടിക്കോ! അവരാരാണ്, എവിടേയ്ക്കാണു പോകുന്നതെന്ന് അറിഞ്ഞു വരണം!

"അച്ഛനുതന്നെ ചെന്നു നോക്കിക്കൂടേ?"

"ഞാൻ പുറത്തിറങ്ങിയാൽ ഉടനെ പോലീസ് വന്നു തൂക്കിക്കൊണ്ടുപോകും, നിനക്കെല്ലാം അറിയാമല്ലോ, അസൽമേ!"

പള്ളിയിൽവെച്ച് മെത്രാന്റേയും നഗരസഭയിൽവെച്ച് മേയറുടേയും പതിവുചോദ്യങ്ങൾക്കു 'ശരി'യെന്നും 'ഉവ്വെ'ന്നും പല തവണ പറഞ്ഞ്, പുസ്തകങ്ങളിൽ ഒപ്പിട്ട്, മോതിരം കൈമാറിക്കഴിഞ്ഞപ്പോൾ മരിയുസും കൊസെത്തും കൈകോർത്തു പിടിച്ചു വന്നു വണ്ടിയിൽ കയറി. സകലതും സ്വപ്നത്തിലാണു നടക്കുന്നതെന്നു തോന്നിയ കൊസെത്ത് ആകാശത്തേയ്ക്കു കണ്ണിമയ്ക്കാതെ നോക്കി വണ്ടിയിൽ മരിയുസുമായി തൊട്ടുരുമ്മി ഇരുന്നു. പുഷ്പാലംകൃതമായ വീടു മുഴുവൻ അതിഥികളെക്കൊണ്ടു നിറഞ്ഞിരുന്നു. അവർ നവദമ്പതികളെ കാണാൻ തിക്കിത്തിരക്കി. വിവാഹത്തിൽ പങ്കെടുക്കാനെത്തിയ ക്യാപ്റ്റൻ തെയൊദുലിനെ കണ്ടു മൊസ്യു ഗിൽനോർമാൻ വിചാരിച്ചു, "അന്നു ഞാൻ ഇവന്റെ വാക്കു വിശ്വസിയ്ക്കാതിരുന്നത് എത്ര നന്നായി!"

ഭക്ഷണമുറിയിൽ വിഭവസമൃദ്ധമായ സദ്യയൊരുങ്ങി. വേദിയിലിരുന്ന ഗായകസംഘം സംഗീതപരിപാടിയ്ക്കു തുടക്കം കുറിച്ചു. ഒരിടത്തു നിശ്ശബ്ദനായി കണ്ണടച്ചിരുന്ന ഴാങ്‌വാൽഴാങിന്റെ അടുത്തേയ്ക്ക് ഓടിവന്ന കൊസെത്ത് ചോദിച്ചു, "അച്ഛാ, അച്ഛനിപ്പോൾ സന്തോഷമായോ?". ഴാങ്‌വാൽഴാങ് അവളെ നോക്കി സംതൃപ്തഭാവത്തിൽ ഉള്ളഴിഞ്ഞു ചിരിച്ചു. ഭക്ഷണസമയത്തു വധുവിന്റെ ഇടത്തും വലത്തും ഓരോ കസേര മൊസ്യു ഗിൽനോർമാനും ഴാങ്‌വാൽഴാങിനുമായി ഒഴിച്ചിട്ടിരുന്നു. പക്ഷേ, പരിക്കു പറ്റിയ വിരലുമായി ഭക്ഷണം കഴിയ്ക്കാനാ

വില്ലെന്നു പറഞ്ഞു ഴാങ്‌വാൽഴാങ് പുറത്തേയ്ക്കു പോയപ്പോൾ മുത്തച്ഛൻ ആ സ്ഥാനത്തു മരിയുസിനെ പിടിച്ചിരുത്തി. ഴാങ്‌വാൽഴാങിന്റെ അസാന്നിദ്ധ്യത്തിൽ തെല്ലു മങ്ങിപ്പോയ അന്തരീക്ഷം പൊലിപ്പിയ്ക്കാനുള്ള ശ്രമത്തിൽ മൊസ്യു ഗിൽനോർമാൻ പറയാൻ തുടങ്ങി, "ഇന്നു രാവിലെ പള്ളിയിൽവെച്ചു മതാദ്ധ്യക്ഷന്റെ വക നിങ്ങളൊരു ഉപദേശം കേട്ടു. ഇനിയെനിയ്ക്കും ചിലതൊക്കെ പറയാനുണ്ട്. ഒരു പാടു വളച്ചുകെട്ടാതെ നേരിട്ടു കാര്യത്തിലേയ്ക്കു കടക്കാം. പരസ്പരം ആരാധിയ്ക്കുക, സുഖിയ്ക്കുക! 'സുഖം മിതമായിരിയ്ക്കണ'മെന്നു തത്വചിന്തകർ പറയുന്നു; ഞാൻ പറയുന്നു, 'സുഖത്തിനൊരു നിയന്ത്രണവും പാടില്ല!' ആരെങ്കിലും പൂവിന്റെ സുഗന്ധത്തിനും കുയിലിന്റെ പാട്ടിനും പരിധി നിശ്ചയിയ്ക്കാറുണ്ടോ? ആരെങ്കിലും പെൺകുട്ടിയ്ക്കു സൗന്ദര്യം കൂടിപ്പോയെന്നു പറയാറുണ്ടോ? അതുപോലെ അപരിമിതമായൊരു അനുഭവമാണ് അനുരാഗം! ആദം ആരായിരുന്നു, ഹവ്വയുടെ സ്വന്തം സാമ്രാജ്യം! അതെ, ആ ഭരണപരിവർത്തനത്തിൽ സകലതും പൊടിഞ്ഞു തകർന്നുപോയി. ആറുമാസം മുമ്പു യുദ്ധക്കളത്തിലായിരുന്ന മരിയുസ് ഇന്നിതാ പുതുമണവാളനായിരിയ്ക്കുന്നു. അതെ, അതാണു യാഥാർത്ഥ്യം! സ്നേഹിയ്ക്കുകയും സ്നേഹിയ്ക്കപ്പെടുകയും ചെയ്യുന്നതിലേറെ ജീവിതത്തിൽ മറ്റെന്തു നേടാനുണ്ട്? കൊസെത്ത്, മരിയുസിന്റെ പുഞ്ചിരിയാണു നിന്റെ വസന്തം! മരിയുസ്, കൊസെത്തിന്റെ കണ്ണീരാണു നിന്റെ വർഷകാലം! അതുകൊണ്ട് നിങ്ങളുടെ വീട്ടിൽ ഒരിയ്ക്കലും മഴ പെയ്യാതിരിയ്ക്കട്ടെ! സ്വന്തം ഭാര്യയേയും ഭർത്താവിനേയും സ്നേഹിയ്ക്കുന്നതിൽ കവിഞ്ഞു മറ്റൊരു ദൈവാരാധനയുമില്ല. അനുരാഗമെന്നൊന്നില്ലെങ്കിൽ വസന്തത്തിന്റെ ആവശ്യമെന്താണെന്ന് എനിയ്ക്കു മനസ്സിലാകുന്നില്ല. എന്റെ കുട്ടികളേ, നിങ്ങളെ ഞാൻ അനുഗ്രഹിയ്ക്കുന്നു!"

മുത്തച്ഛന്റെ നവോന്മേഷം എല്ലാവരിലേയ്ക്കും പകർന്നതുപോലെ വൈകുന്നേരത്തെ അന്തരീക്ഷം ആഹ്ളാദഭരിതമായിരുന്നു. അവർ പാട്ടു പാടി, നൃത്തം ചെയ്തു, പരസ്പരം ഉച്ചത്തിൽ സംസാരിച്ചു രസിച്ചു. അർദ്ധരാത്രിയിൽ വീടൊരു ഉത്സവപ്പറമ്പായി മാറി.

റ്യ ലോർമേയിലെ വീട്ടിൽ തിരിച്ചെത്തിയ ഴാങ്‌വാൽഴാങ് പരിക്കൊന്നുമില്ലാത്ത തള്ളവിരലിലെ കെട്ടഴിച്ചു കളഞ്ഞു നേരേ കൊസെത്തിന്റെ ശൂന്യമായ മുറിയിൽ ചെന്നു നോക്കി. അവളുടെ കിടയ്ക്കയിൽ വിരിപ്പില്ല; ഇനിയാരും കിടക്കാനിടയില്ലാത്തതുപോലെ പുതപ്പു കട്ടിലിന്റെ കൈവരിയിൽ മടക്കിയിട്ടിരിയ്ക്കുന്നു! അവളുമായി ബന്ധപ്പെട്ട സകല വസ്തുക്കളും പൊയ്ക്കഴിഞ്ഞു. തിരിച്ചു സ്വന്തം മുറിയിലെത്തിയ അയാൾ വളരെക്കാലമായി എപ്പോഴും കൂടെ കൊണ്ടുനടക്കാറുള്ള ചെറിയ കൈപ്പെട്ടിയെടുത്തു തുറന്നു. സ്വന്തം കൈപ്പടത്തോളം വലിപ്പമില്ലാത്ത കൊസെത്തിന്റെ കുട്ടിക്കാലത്തെ ഒരുടുപ്പെടുത്തു കൈയിൽവെച്ചു ഴാങ്‌വാൽഴാങ് പഴയ കഥകൾ ഓരോന്നായി ഓർത്തെടുത്തു. ഫൻതീന്റെ മരണവും മൊങ്‌ഫെർമിയെയിലെ കാട്ടുചോലയും നക്ഷത്രങ്ങൾ തിളങ്ങിയ ആകാശവും കടയിൽ നിന്നു വാങ്ങിയ കളിപ്പാവയും മറ്റും ഓർമ്മ വന്നപ്പോൾ അയാളവളുടെ ഉടുപ്പിൽ മുഖം പൂഴ്ത്തി കട്ടിലിലേയ്ക്കു കമിഴ്ന്നുവീണു.

പാപപുണ്യങ്ങളുടെ അവസാനത്തെ വഴിത്തിരിവിൽ ചെന്നെത്തിയ ഴാങ്‌വാൽഴാങ് പിന്തിരിഞ്ഞു നോക്കി. കൊസെത്തിന്റെ സുഖത്തിനൊരു നിമിത്തമായിത്തീരാൻ കഴിഞ്ഞതിൽ അയാൾക്കു സംതൃപ്തി തോന്നി. പക്ഷേ, ആ സുഖത്തിന്റെ ഏതു ഭാഗമാണു തനിയ്ക്ക് അവകാശപ്പെട്ടതെന്ന കാര്യത്തിൽ അയാൾക്കൊരു തീരുമാനത്തിലെത്താൻ കഴിഞ്ഞില്ല. കൊസെത്തിന്റെ അച്ഛനെന്ന മുഖംമൂടിയണിഞ്ഞു മറ്റുള്ളവരുടെ ആദരവ് പിടിച്ചുപറ്റുന്നതിൽ അയാൾക്കെന്തോ ഒരു പന്തികേടു തോന്നി. അതേ സമയം, ഗിൽനോർമാൻഭവനത്തിലെ നിർമ്മലമായ മുറികൾ, നിയമത്തിന്റെ കണ്ണിൽ നിന്ദ്യമായ സ്വന്തം കാലടികൾ പതിച്ചു മലിനമാക്കുന്നതൊരു അക്ഷന്തവ്യമായ തെറ്റായിപ്പോലും ഴാങ്‌വാൽഴാങ് കരുതി. ജീവിതത്തിന്റെ കപ്പൽച്ചേദത്തിൽപ്പെട്ട് ഉഴലുമ്പോൾ പിടിവള്ളിയായി ലഭിച്ച കൊസെത്തിനെ ചേർത്തു പിടിയ്ക്കുകയോ കൈ വിടുകയോ ചെയ്യേണ്ടതെന്ന ചോദ്യത്തിനു മുമ്പിൽ അയാൾ നിസ്സഹായനായി നിന്നു. കൂരിരുട്ടിലേയ്ക്കും സൂര്യപ്രകാശത്തിലേയ്ക്കും തുറക്കാവുന്ന ആ വാതിൽക്കൽ

നിന്നു കാൽ കഴച്ചപ്പോൾ കണ്ണീരൊഴുക്കി അയാൾ തേങ്ങിക്കരഞ്ഞു.

നേരം പുലരുന്നതുവരെ ഴാങ്‌വാൽഴാങ് അതേ നിലയിൽ, കുരിശിൽ തറയ്ക്കപ്പെട്ടു രണ്ടു കൈകളും ഇരുവശങ്ങളിലേയ്ക്കു നീട്ടി നിലത്തു കമഴ്ത്തിക്കിടത്തിയതുപോലെ, ചലനമറ്റു കിടന്നു.

7 : അവസാനത്തെ തുള്ളി

വിവാഹത്തിന്റെ പിറ്റേന്നു രാവിലെ വാതിൽക്കലാരോ മുട്ടുന്നതു കേട്ടു തളം വൃത്തിയാക്കിക്കൊണ്ടിരുന്ന ഭൃത്യൻ ചെന്നു നോക്കുമ്പോൾ മൊസ്യു ഫൂഷൽവാങിനെയാണു കണ്ടത്. അയാൾ ഉപചാരപൂർവം പറഞ്ഞു, “ആരും എഴുന്നേറ്റിട്ടില്ല. ഞാൻ ചെന്നു കൊച്ചെജമാനനെ വിളിച്ചു കൊണ്ടുവരാം!"

രാത്രി ഉറങ്ങാനാവാതെ മുഖമാകെ വിളർത്ത ഴാങ്‌വാൽഴാങ് ഒരു കസേരയിൽ ചെന്നിരുന്നു. തലേ ദിവസത്തെ ആഘോഷങ്ങളുടെ ശബ്ദകോലാഹലം അപ്പോഴും മുറിയിൽ അലയടിയ്ക്കുന്നതായി അയാൾക്കു തോന്നി. അൽപ്പനിമിഷങ്ങൾക്കകം മരിയുസ് കടന്നു വന്നു പുഞ്ചിരിയോടെ പറഞ്ഞു, "അച്ഛൻ എത്തിയല്ലോ, നന്നായി! ഇന്നലെ സൽക്കാരത്തിൽ പങ്കെടുക്കാതെ പോയതു കഷ്ടമായി. എല്ലാം കഴിഞ്ഞു ഞങ്ങൾ കിടന്നപ്പോൾ ഏതാണ്ട് പന്ത്രണ്ടു മണി കഴിഞ്ഞു. കൊസെത്ത് ഇപ്പോഴും ഉണർന്നിട്ടില്ല! അവൾക്ക് അച്ഛനെക്കുറിച്ചല്ലാതെ മറ്റൊരു ചിന്തയില്ല. ഇനിയേതായാലും അച്ഛനെങ്ങും പോകേണ്ട, ഇവിടെ താമസിച്ചാൽ മതി!”

ഴാങ്‌വാൽഴാങ് സ്വരം താഴ്ത്തി ഉറച്ച ഭാവത്തിൽ തുറന്നു പറഞ്ഞു, “മൊസ്യു മരിയുസ്.., ഒരു തടവുപുള്ളിയാണു ഞാൻ!”

മൊസ്യു ഫൂഷൽവാങിന്റെ നാവിൽനിന്നു പുറപ്പെട്ടു സ്വന്തം കാതിൽ വന്നുവീണ 'തടവുപുള്ളി'യെന്ന വാക്കു കേട്ടപ്പോൾ അസംഭവ്യമായതെന്തോ സംഭവിച്ചതുപോലെ മരിയുസ് ഞെട്ടി.

ഴാങ്‌വാൽഴാങ് പരിക്കൊന്നുമില്ലാത്ത കൈവിരൽ നീട്ടിക്കാണിച്ചു തുടർന്നു, “വിവാഹപത്രത്തിനു നിയമസാധുത ഉറപ്പു വരുത്താൻ വേണ്ടി മനഃപൂർവം മാറി നിന്നതാണു ഞാൻ!”

യാതൊന്നും മനസ്സിലാകാതെ മിഴിച്ച നിന്ന മരിയുസ് വിക്കി വിക്കി ചോദിച്ചു, "അച്ഛാ, എന്താണിതിനൊക്കെ അർത്ഥം?'

"മൊസ്യു മരിയുസ്", ഴാങ്വാൽഴാങ് പറഞ്ഞു, "മോഷണത്തിന്റെ പേരിൽ ഞാൻ പത്തൊമ്പതു കൊല്ലം തണ്ടുവലി ശിക്ഷ അനുഭവിച്ചു, രക്ഷപ്പെടാൻ ശ്രമിച്ചതിനു ജീവപര്യന്തം തടവും! ഇപ്പോൾ ജയിലിൽനിന്നു ചാടിപ്പോന്ന തടവുപുള്ളിയാണു ഞാൻ!"

ഹൃദയത്തിലൊരു മിന്നലേറ്റതുപോലെ പുളഞ്ഞുപോയ മരിയുസ് എങ്ങനെയെങ്കിലും സത്യത്തെ നിഷേധിയ്ക്കാനുള്ള വ്യഗ്രതയിൽ വിളിച്ചു പറഞ്ഞു, "പറയൂ, എല്ലാം തുറന്നു പറയൂ, അച്ഛാ!"

ഴാങ്വാൽഴാങ് പറയാൻ തുടങ്ങി, "നിയമപരമായി സാധുതയില്ലെങ്കിലും ഞാൻ പറയുന്നതു നിങ്ങൾ വിശ്വസിയ്ക്കണം. ഫേവറോളെയിലൊരു കൃഷിക്കാരനായി മരം വെട്ടി ജീവിച്ചുപോന്ന ഴാങ്വാൽഴാങാണു ഞാൻ, അല്ലാതെ നിങ്ങളറിയുന്ന ഫൂഷൽവാങല്ല! കൊസെത്തുമായി എനിയ്ക്കു രക്തബന്ധവുമില്ല! അവളൊരു അനാഥക്കുട്ടിയായിരുന്നു. അങ്ങനെയാണു ഞാനവളുടെ ചുമതല ഏറ്റെടുത്തത്. ഇന്നവൾ മദാം പൊങ്മേർസിയായി എന്റെ ജീവിതത്തിൽനിന്നു വേർപെട്ടു കഴിഞ്ഞു. ഈ സത്യം നിങ്ങൾ അറിഞ്ഞിരിയ്ക്കേണ്ടത് എന്റെ കൂടി ഒരാവശ്യമാണ്!"

ചിന്തകളാകെ കുഴമറിയുമ്പോൾ മനസ്സിലുണ്ടാകുന്ന അസ്വസ്ഥത മറച്ചു വെയ്ക്കാതെ മരിയുസ് ചോദിച്ചു, "ആരും അന്വേഷിച്ചു വരാത്ത സ്ഥിതിയ്ക്ക് എന്തിനാണു നിങ്ങളിപ്പോൾ ഇങ്ങനെയൊരു രഹസ്യം സ്വയം വെളിപ്പെടുത്തുന്നത്?"

വളരെ താഴ്ന്ന സ്വരത്തിൽ ആത്മഗതമെന്നപോലെ ഴാങ്വാൽഴാങ് പറഞ്ഞു, "എന്റെ ഹൃദയം വല്ലാതെ വലിഞ്ഞു മുറുകിയപ്പോൾ സത്യം പറയണമെന്നു മാത്രമേ ഞാനുദ്ദേശിച്ചുള്ളൂ! ഇന്നിപ്പോൾ നമുക്കൊരുമിച്ച് ഒരു കുടുംബമായി താമസിയ്ക്കാമെന്നു നിങ്ങൾ പറയുന്നു. കുടുംബം! ഇല്ല, എനിയ്ക്കൊരു കുടുംബമില്ല! ഒരച്ഛനും അമ്മയും ഉണ്ടായിരുന്നതായി എനിയ്ക്കോർമ്മയില്ല. ഇതുവരെ മനുഷ്യത്വത്തിന്റെ പുറമ്പോക്കിലാണു ഞാൻ ജീവിച്ചു പോന്നത്. എനിയ്ക്കു മിണ്ടാതിരിയ്ക്കാം,

അപ്പോൾ എല്ലാം ഭംഗിയായി നടക്കും. പക്ഷേ, എന്റെ മനസ്സാക്ഷി പറയുന്നു, സത്യം വെളിപ്പെടുത്തിയേ തീരൂ! പുറമേ സുഖവും ഉള്ളിൽ ദുഃഖവുമായി ജീവിയ്ക്കുമ്പോൾ നിങ്ങളുടെ നട്ടുച്ച എനിയ്ക്ക് അർദ്ധരാത്രിയായിരിയ്ക്കും!എന്നെ അന്വേഷിച്ച് വരുന്നതു മറ്റാരുമല്ലാതെ ഞാൻതന്നെയാകുമ്പോൾ ആ പിടുത്തത്തിൽനിന്നു കുതറിച്ചാടാനും എനിയ്ക്കാവില്ല! സുഖിയ്ക്കണമെന്നു വിചാരിയ്ക്കുന്നവർ ഒരിയ്ക്കലും ധർമ്മത്തെക്കുറിച്ചു ചിന്തിയ്ക്കരുത്. അതെ, ഫൂഷൽവാങ് സ്വമേധയാ എനിയ്ക്കൊരു പേരു സമ്മാനിച്ചു; അയാൾക്കു തരാൻ അധികാരമുണ്ടെന്നു വെച്ച് എടുക്കാൻ എനിയ്ക്കവകാശമില്ല. പണ്ടു ജീവൻ നിലനിർത്താൻ വേണ്ടി ഞാനൊരു അപ്പക്കഷണം മോഷ്ടിച്ചു; ഇന്നു ജീവിച്ചിരിയ്ക്കാൻ വേണ്ടി മാത്രം ഞാനൊരു പേരു മോഷ്ടിയ്ക്കാൻ പാടില്ല...!"

ആ സമയം മുറിയുടെ വാതിൽ തുറന്നു കൊസെത്ത് പ്രത്യക്ഷപ്പെട്ടു. മനോഹരമായൊരു മേലങ്കി ധരിച്ച അവളുടെ കണ്ണുകൾ ഉറക്കം മതിയാവാതെ കലങ്ങി വീർത്തിരുന്നു. അച്ഛനേയും ഭർത്താവിനേയും നോക്കി ഹൃദ്യമായ പുഞ്ചിരിയോടെ അവൾ പറഞ്ഞു, “ഞാൻ കേട്ടു.. അധികാരം.., അവകാശം.., കല്യാണത്തിന്റെ പിറ്റേന്നുതന്നെ ആരുമിങ്ങനെ രാജ്യകാര്യങ്ങൾ പറയാറില്ല! അച്ഛാ, എന്നെയൊന്നു കെട്ടിപ്പിടിച്ച് നെറുകയിൽ ഉമ്മ വെയ്ക്കൂ!”

"കൊസെത്ത്!”, മരിയുസ് ശബ്ദം തെല്ലൊന്നുയർത്തി പറഞ്ഞു, “ചില കാര്യങ്ങൾ പറഞ്ഞുതീർത്തു ഞങ്ങളുടനെ വരാം. നീ ചെന്നു മേശപ്പുറത്തു പ്രാതൽ ഒരുക്കിക്കൊള്ളൂ!”

"ഓ, നിങ്ങൾ പുരുഷന്മാർക്കു കളിയില്ല, കാര്യങ്ങൾ മാത്രമേയുള്ളൂ”, ഉള്ളിലെ നീരസം മുഖത്തു പ്രകടമാക്കി അവൾ പറഞ്ഞു, “ഒരന്തസ്സൊക്കെ എനിയ്ക്കുമുണ്ട്, ഞാൻ പോകുന്നു!”

കൊസെത്ത് പുറത്തേയ്ക്കു പോയപ്പോൾ വാതിൽ ചേർത്തടച്ചു മരിയുസ് പിറുപിറുത്തു, “പാവം, അവളറിഞ്ഞാൽ...!”

പെട്ടെന്നു ഴാങ്‌വാൽഴാങ് തെല്ലൊരു വിറയലോടെ പറഞ്ഞു, “അപ്പോൾ, നിങ്ങളവളോട് എല്ലാം പറയാനാണു ഭാവം, അല്ലേ? പ

ക്ഷേ, ഞാനപേക്ഷിയ്ക്കുന്നു, പാടില്ല..! നിങ്ങൾ, നിങ്ങൾക്കുവേണ്ടി മാത്രമാണു ഞാൻ സത്യം പറഞ്ഞത്. തീർച്ചയായും അവൾക്കിതു താങ്ങാനാവില്ല, വീണ്ടും ഞാൻ..", സംസാരം തുടരാനാവാതെ വികാരവിവശനായ അയാൾ കസേരയിൽ കുഴഞ്ഞു വീണു കൈകൊണ്ടു മുഖം പൊത്തി. കുറച്ചു കഴിഞ്ഞു ശ്വാസം കിട്ടാനെന്നപോലെ മലർന്നു കിടന്നപ്പോൾ കണ്ണീരൊഴുകിയ അയാളുടെ മുഖം കണ്ടു മരിയുസ് പറഞ്ഞു, "വ്യസനിയ്ക്കേണ്ട, ഇക്കാര്യം ഞാനവളോടു പറയില്ല!"

ഴാങ്‌വാൽഴാങ് പതുക്കെ എഴുന്നേറ്റു വാതിൽക്കലേയ്ക്കു നടന്നു. ഒരു നിമിഷനേരം അനങ്ങാതെ നിന്നശേഷം അയാൾ പിന്തിരിഞ്ഞു മരിയുസിനെ നോക്കി പറഞ്ഞു, “നന്ദി! നിങ്ങൾ അനുവദിയ്ക്കുമെങ്കിൽ എനിയ്ക്ക് ഇടയ്ക്കിടെ കൊസെത്തിനെ കാണണമെന്നുണ്ട്. ഒൻപതു കൊല്ലമായി ഒരിയ്ക്കലും വിട്ടുപിരിയാതെ അവളെന്റെ കൂടെ ഉണ്ടായിരുന്നു. ഇനിയൊരിയ്ക്കലും അവളെ കാണാനാവില്ലെന്നു ചിന്തിയ്ക്കാൻ പോലും എനിയ്ക്കാവില്ല. മാത്രമല്ല, ഞാനിങ്ങോട്ടു തീരെ വരാതിരിയ്ക്കുന്നതു മറ്റുള്ളവർക്കു സംശയങ്ങളുമുണ്ടാക്കും!”

"എങ്കിൽ നിങ്ങൾ ദിവസവും വൈകുന്നേരം വന്നോളൂ", മരിയുസ് പറഞ്ഞു, “കൊസെത്തിനോടു ഞാൻ പറഞ്ഞോളാം"

മരിയുസിന്റെ മനസ്സിലാകെ സംഭ്രമം വിതച്ചുകൊണ്ടാണു ഴാങ്‌വാൽഴാങ് തിരിച്ചുപോയത്. ആ മനുഷ്യനോടു തുടക്കം മുതൽ തോന്നിയിരുന്ന അകൽച്ചയുടെ കാരണം അയാൾക്കിപ്പോൾ മനസ്സിലായി. മൊസ്യു ഫൂഷൽവാങ് ഒരു തടവുപുള്ളിയായ ഴാങ്‌വാൽഴാങാണെന്ന തിരിച്ചറിവ് അയാൾക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. ഗോർബോചെറ്റപ്പുരയിൽവെച്ചുണ്ടായ നാടകത്തിൽ യാതൊരു പ്രതികരണത്തിനും നിൽക്കാതെ, തെനാർദിയറെക്കുറിച്ചു മിണ്ടാതെ, നിശ്ശബ്ദം മുങ്ങിക്കളഞ്ഞ ആ മനുഷ്യനെക്കുറിച്ച് അന്നുതന്നെ കൊസെത്തിനോടു ചോദിച്ചു മനസ്സിലാക്കേണ്ടതായിരുന്നു. അപ്പോൾ അനുരാഗത്തിന്റെ സ്വർഗത്തിൽ കട്ടുറുമ്പായി വന്ന അയാളോടൊരു വെറുപ്പും മരിയുസിനു തോന്നി. പക്ഷേ, ആ വെറുപ്പിൽ തെല്ലൊരത്ഭുതവും അനുകമ്പയും കലർന്നിരുന്നു. ആരും നിർബന്ധിയ്ക്കാതെ അയാൾ

സ്വമേധയാ വന്നു സത്യം തുറന്നു പറഞ്ഞു. മനസ്സാക്ഷിയുടെ പ്രേരണയിൽ സുഖത്തിന്റെ പ്രലോഭനം അയാൾ തട്ടിക്കളഞ്ഞു! മറ്റൊരു സംശയവും മരിയുസിനെ വരിഞ്ഞു മുറുക്കിയിരുന്നു. അയാളെന്തിനാണു വഴിക്കോട്ടയിലേയ്ക്കു വന്നത്? പെട്ടെന്ന്, തൂണിൽ കെട്ടിയിട്ടിരുന്ന ഴാവേറിനെ അയാൾ വലിച്ചുകൊണ്ടുപോകുന്ന കാഴ്ച മരിയുസിന്റെ മനസ്സിൽ തെളിഞ്ഞു. അതെ, പോലീസുദ്യോഗസ്ഥനായ ഴാവേറിനോടു പകരം വീട്ടാൻ വേണ്ടിയായിരിയ്ക്കണം, തടവുപുള്ളിയായ അയാൾ വഴിക്കോട്ടയിൽ എത്തിയത്. അപ്പോൾ, സാഹചര്യത്തെളിവുകൾവെച്ച് ഴാവേറിനെ ഴാങ്ങ്‌വാൽഴാങ് കൊന്നു?!

മാത്രമല്ല, എന്തുകൊണ്ടാണു തീർത്തും പരിശുദ്ധയായ കൊസെത്തിനെ, നിഷ്ക്കളങ്കയായൊരു പെൺകുട്ടിയെ, ദൈവം ഇതുപോലൊരു കൊടുംകുറ്റവാളിയുടെ കൈയിലേൽപ്പിച്ചത്? ചെന്നായയ്ക്ക് ആട്ടിൻകുട്ടിയെ സ്നേഹിയ്ക്കാൻ കഴിയുമോ? ദൈവത്തിനും ഴാങ്‌വാൽഴാങിനും മാത്രം അറിയാവുന്ന ആ രഹസ്യത്തിനു മുന്നിൽ മരിയുസ് പതറി നിന്നു. ചെളിക്കുണ്ടിൽ വിരിയുന്ന പനിനീർപ്പൂവെന്നൊക്കെയുള്ള ആലങ്കാരികമായ ഉത്തരങ്ങളിൽ തൃപ്തനാവാതെ അയാളുടെ ചിന്തകൾ വീണ്ടും ഴാങ്‌വാൽഴാങിനോടു തോന്നിയ വെറുപ്പിൽത്തന്നെ തിരിച്ചെത്തി. ഈ ആലോചനകൾക്കിടയിൽ ഒരു കാര്യം അയാൾക്കു പകൽപോലെ വ്യക്തമായി: കൊസെത്തിന്റെ സഹായമില്ലാതെ ഴാങ്‌വാൽഴാങിനെക്കുറിച്ചുള്ള ദുരൂഹത നീക്കാനാവില്ല. അനുരാഗത്തിന്റെ വൈഭവത്തിൽ അയാൾ വിശ്വാസമർപ്പിച്ചു.

8 : സായംസന്ധ്യ

പിറ്റേന്നു വൈകീട്ടു ഴാങ്‌വാൽഴാങ് ഗിൽനോർമാൻഭവനത്തിലെത്തി വാതിൽക്കൽ മുട്ടി വിളിച്ചു. അയാളെ കാത്തു നിന്നതുപോലെ ഭൃത്യൻ താഴത്തെ മുറി തുറന്നുകൊടുത്തു പറഞ്ഞു, "ഞാൻ കൊച്ചമ്മയോടു ചെന്നു പറയാം".

ഒരുകാലത്തു കലവറയായി ഉപയോഗിച്ചിരുന്ന, പൊടി പിടിച്ച ആ മുറിയ്ക്ക് ഒരു ജനൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അടുപ്പിൽ തീയെ

രിയുന്നുണ്ട്. ദിവസങ്ങളായി ഉറക്കവും ഭക്ഷണവുമില്ലാതെ ക്ഷീണിച്ചു പോയ ഴാങ്‌വാൽഴാങ് അടുത്തുള്ള ഒരു കസേരയിൽ ചെന്നിരുന്നു. പെട്ടെന്നു പിന്നിൽ വന്നു നിന്ന കൊസെത്ത് പറഞ്ഞു, “അച്ഛനു ചില പ്രത്യേകപ്രകൃതങ്ങളുണ്ടെന്ന് അറിയാമെങ്കിലും ഇത്രയ്ക്കു പ്രതീക്ഷിച്ചില്ല. എന്തായാലും ഞാനിന്നു കുറച്ചു വഴക്കിടാനാണു ഭാവം! അതിനുമുമ്പ് അച്ഛനെന്നെ ഒന്നുമ്മ വെയ്ക്കൂ!”. അവൾ സ്വന്തം കവിൾ കാണിച്ചു കൊടുത്തു.

ഴാങ്‌വാൽഴാങ് അനങ്ങാതെ നിൽക്കുന്നതു കണ്ട് അവൾക്കു ദേഷ്യം വന്നു, "ഇതു കുറെ കൂടിപ്പോകുന്നുണ്ട്, അച്ഛന് എന്നോടെന്തെങ്കിലും നീരസമുണ്ടോ? വരൂ, മുകളിലേയ്ക്കു പോകാം, നമുക്ക് ഒരുമിച്ചിരുന്നു ഭക്ഷണം കഴിയ്ക്കാം"

"മദാം, എന്റെ ഭക്ഷണം കഴിഞ്ഞു"

"മദാം..! ഇതെന്തു പുതുമ? അച്ഛാ, എന്താണിതൊക്കെ?”

"എന്നെ അച്ഛനെന്നല്ല, 'മൊസ്യു ഴാങെ'ന്നു വിളിയ്ക്കൂ! നിങ്ങൾ മദാം മരിയുസായ സ്ഥിതിയ്ക്കു തീർച്ചയായും എനിയ്ക്കു 'മൊസ്യു ഴാങാ'വുന്നതിൽ കുഴപ്പമില്ല!”

"എനിയ്ക്കൊന്നും മനസ്സിലാവുന്നില്ല. ചിലർക്കു ചില പ്രകൃതങ്ങളുണ്ടാവാം. എന്നുവെച്ച് ഇങ്ങനെയോരോ കുസൃതി പറഞ്ഞ് ഈ പാവം കൊസെത്തുകുട്ടിയെ പേടിപ്പിയ്ക്കരുത്!”, അവളയാളുടെ കൈ കടന്നു പിടിച്ചു മുഖത്തോടു ചേർത്തമർത്തി തുടർന്നു, “ഇനി റ്യു ലോർമെയിലെ ഗുഹ വിട്ടു ഞങ്ങളുടെ കൂടെ എന്റെ അച്ഛനായി ഇവിടെ വന്നു താമസിയ്ക്കൂ!”

അയാളവളുടെ കൈ പതുക്കെ വേർപെടുത്തി പറഞ്ഞു, "നിങ്ങൾക്കു ഭർത്താവുണ്ട്, ഇനിയൊരു അച്ഛന്റെ ആവശ്യമില്ല!”

കൊസെത്തിനു കലശലായ കോപം വന്നു. അവൾ ഴാങ്‌വാൽഴാങിനെ സൂക്ഷിച്ചുനോക്കി ഗൗരവസ്വരത്തിൽ ചോദിച്ചു, “അച്ഛനു ഞാൻ സുഖിയ്ക്കുന്നതു കണ്ടു രസിയ്ക്കുന്നില്ലേ?”

കൊസെത്തിന്റെ വളരെ സാധാരണമായ ചോദ്യം പക്ഷേ ഴാങ്‌വാൽഴാങിന്റെ ഹൃദയത്തിലൊരു ശരമായാണു ചെന്നു തറച്ചത്. ഒരു

നിമിഷം നില തെറ്റി നിശ്ശബ്ദനായി നിന്ന അയാൾ സ്വയം പിറുപിറുത്തു, “നിന്റെ സുഖത്തിനുവേണ്ടിയാണു ഞാൻ ജീവിച്ചത്. ഇപ്പോൾ നിനക്കു സുഖമായി. എനിയ്ക്കിനി മരിയ്ക്കാം!"

"ഹാ, ഇപ്പോൾ അച്ഛനെന്നെ 'നീ'യെന്നു വിളിച്ചു!”, അവൾ ആഹ്ളാദത്തോടെ അയാളുടെ കഴുത്തിലേയ്ക്കെടുത്തു ചാടി.

അമ്പരന്നുപോയ ഴാങ്‌വാൽഴാങ് അവളെ കെട്ടിപ്പുണർന്നു. പെട്ടെന്നു വികാരാവേശം നിയന്ത്രിച്ചു കൊസെത്തിന്റെ കൈ വിടുവിച്ച് അയാൾ തൊപ്പി കൈയിലെടുത്തു പറഞ്ഞു, “ഞാൻ പോകുന്നു, അവർ മദാം വരുന്നതു കാത്തിരിയ്ക്കുന്നുണ്ടാവും!”

ഒരു കടങ്കഥ കേട്ടതുപോലെ അന്തംവിട്ടുപോയ അവളെ തനിച്ചാക്കി ഴാങ്‌വാൽഴാങ് പുറത്തേയ്ക്കിറങ്ങി.

പിറ്റേന്നും അതേസമയത്തുതന്നെ ഴാങ്‌വാൽഴാങ് കൊസെത്തിനെ കാണാൻ ചെന്നു. അവളൊരു ചോദ്യവും വികാരവുമില്ലാതെ, ‘അച്ഛനെ'ന്നോ 'മൊസ്യു ഴാങെ'ന്നോ പറയാതെ, ‘മദാ'മെന്നു വിളിയ്ക്കാൻ അയാളെ അനുവദിച്ചു. തലേന്നു കണ്ടതിനേക്കാൾ മുറി കുറച്ചുകൂടി വൃത്തിയായിരിയ്ക്കുന്നതായി ഴാങ്‌വാൽഴാങ് ശ്രദ്ധിച്ചു. പിന്നെ ദിവസേന കൃത്യം ആ സമയത്തുതന്നെ അയാളവിടെ ചെന്നു തുടങ്ങി. ആ സമയം മരിയുസ് മിക്കവാറും പുറത്തായിരിയ്ക്കും. വൃദ്ധന്റെ പ്രകൃതങ്ങളുമായി വീട്ടുകാരും പൊരുത്തപ്പെട്ടു. അയാളെ ഒ'രൊറ്റപ്പെട്ടവ'നായി വിശേഷിപ്പിച്ച മൊസ്യു ഗിൽനോർമാൻ തൊണ്ണൂറ്റാറാമത്തെ വയസ്സിൽ പുതിയൊരു ബന്ധം മെനഞ്ഞെടുക്കാൻ മിനക്കെട്ടതുമില്ല.

അങ്ങനെ ആഴ്ചകൾ പലതു കഴിഞ്ഞു. വീട്ടുജോലികൾ, മുത്തച്ഛന്റെ പരിചരണം, മരിയുസിന്റെ കൂടെയുള്ള സായാഹ്നസവാരി എന്നിങ്ങനെ കൊസെത്ത് പുതിയൊരു ജീവിതത്തിന്റെ ദിനചര്യകളിലേയ്ക്കിറങ്ങി. അതോടൊപ്പം കൊസെത്തിനെ തന്നിൽനിന്നു വേർപെടുത്താൻ ഴാങ്‌വാൽഴാങ് ചെയ്ത പ്രയത്നങ്ങളും ഫലം കണ്ടു തുടങ്ങി. ഒരു ദിവസം യദൃച്ഛയാ അവളയാളെ 'അച്ഛാ'യെന്നു വിളിച്ചെങ്കിലും ഉടനെ പൊട്ടിച്ചിരിച്ചു 'മൊസ്യു ഴാങെ'ന്നു തിരുത്തിപ്പറഞ്ഞു. ആ വിളി

കേട്ടു പെട്ടെന്നു കണ്ണുകൾ ഈറനായ ഴാങ്‌വാൽഴാങ് പക്ഷേ അവൾ കാണാതെ മുഖം തിരിച്ചു.

ഏപ്രിൽമാസത്തിലെ ഒരു ദിവസം ഉച്ച കഴിഞ്ഞു മരിയുസും കൊസെത്തും കൈകോർത്തു പിടിച്ചു ഗൃഹാതുരത്വത്തിന്റെ നിമിഷങ്ങൾ അയവിറക്കാനെന്നപോലെ റ്യൂ പ്ലുമേയിലെ തോട്ടം കാണാൻപോയി. അന്നു വൈകുന്നേരം പതിവുസമയത്തു വന്നെത്തിയ ഴാങ്‌വാൽഴാങിനോടു ഭൃത്യ പറഞ്ഞു, "കൊച്ചമ്മയും കൊച്ചെജമാനനും പുറത്തു പോയിരിയ്ക്കുകയാണ്". ഒരു മണിക്കൂർ കാത്തിരുന്നശേഷം അയാൾ തലയും താഴ്ത്തി തിരിച്ചു പോയി.

പിറ്റേന്നു ഴാങ്‌വാൽഴാങിനോടു മരിയുസിന്റെകൂടെ തോട്ടം കാണാൻ പോയ വിശേഷങ്ങളല്ലാതെ മറ്റൊന്നും അവൾക്കു സംസാരിയ്ക്കാനുണ്ടായിരുന്നില്ല. തലേന്നു തമ്മിൽ കണ്ടില്ലെന്ന കാര്യം പോലും അവൾ മറന്നുപോയി.

"എങ്ങനെയാണു നിങ്ങൾ പോയത്", അയാൾ ചോദിച്ചു.

"നടന്നു പോയി, വണ്ടിയിൽ മടങ്ങി", അവൾ പറഞ്ഞു.

"ഒരു വണ്ടി സ്വന്തമായി വാങ്ങരുതേ? കുടുംബമായി താമസിയ്ക്കുമ്പോൾ വീടിനു ചേർന്ന സൗകര്യങ്ങളും വേണം. പണം വേണ്ടപോലെ ഉപയോഗിയ്ക്കുമ്പോഴല്ലേ സുഖം ലഭിയ്ക്കൂ!"

"എന്താണെന്നറിയില്ല, ചിലവു കഴിയുന്നതും ചുരുക്കി ജീവിയ്ക്കാനാണു മരിയുസിനു താൽപ്പര്യം', കൊസെത്ത് പറഞ്ഞു.

തിരിച്ചുപോകുമ്പോൾ അയാളുടെ ചിന്ത പല വഴിയ്ക്കും തിരിഞ്ഞു. ഒരുപക്ഷേ, താൻ കൊടുത്ത ആറു ലക്ഷം ഫ്രാങ്കിന്റെ പരിശുദ്ധിയെക്കുറിച്ചു മരിയുസിനു ചില സംശയങ്ങളുണ്ടായിരിയ്ക്കാമെന്ന് അയാൾ ഊഹിച്ചു. മാത്രമല്ല, ഈയിടെയായി നല്ല തണുപ്പുള്ളപ്പോൾപ്പോലും താഴത്തെ മുറിയിലെ അടുപ്പിൽ തീയിടാറില്ലെന്ന കാര്യവും അയാൾ ഓർമ്മിച്ചു. അടുത്ത ദിവസം ചെന്നപ്പോൾ മുറിയിൽ കസേരകളില്ലായിരുന്നു. കൊസെത്ത് അകത്തേയ്ക്കു വന്ന ഉടനെ ചോദിച്ചു, "ഇവിടെക്കിടന്ന കസേരകൾ എവിടെപ്പോയി?"

"ഞാനാണു ഭൃത്യനോടു കൊണ്ടുപൊയ്ക്കൊള്ളാൻ പറഞ്ഞത്.

അയാൾക്കെന്തോ ആവശ്യമുണ്ടെന്ന തോന്നി, ഒരുപക്ഷേ വിരുന്ന കാരുണ്ടായിരിയ്ക്കും", ഴാങ്‌വാൽഴാങ് പറഞ്ഞു.

കൊസെത്ത് മറുപടി പറഞ്ഞില്ല.

പിറ്റേന്ന മന:പൂർവം അയാൾ കൊസെത്തിനെ കാണാൻ ചെന്നില്ല. അവൾ അക്കാര്യം രാത്രി വളരെ വൈകി മാത്രമേ ഓർത്തുള്ളൂ. പെട്ടെന്നവളുടെ ഹൃദയമൊന്ന നടുങ്ങി. പക്ഷേ, മരിയുസിന്റെ ചുംബനത്തിൽ ആ നടുക്കത്തിന്റെ വേദന അവളറിഞ്ഞില്ല.

അടുത്ത രണ്ടു ദിവസം തുടർച്ചയായി ഴാങ്‌വാൽഴാങ് വരാതിരുന്നപ്പോൾ കൊസെത്ത് ഭൃത്യനെ പറഞ്ഞുവിട്ട് അന്വേഷിച്ചു. മദാമിനറിയാവുന്നതുപോലെ മൊസ്യു ഴാങ് ഇടയ്ക്കിടെ പതിവുള്ള യാത്രയ്ക്കു പുറപ്പെട്ടുകയാണെന്ന മറുപടിയുമായി അയാൾ തിരിച്ചെത്തി. അപ്പോഴൊക്കെ അയാൾ പതിവുപോലെ വൈകുന്നേരം കൃത്യസമയത്തുതന്നെ കൊസെത്തിനെ കാണാൻ റ്യൂ പ്ലൂമെയിലെ വീട്ടിൽനിന്ന പുറത്തിറങ്ങിയിരുന്ന.

ദിവസവും റ്യൂ കൽവേറിലേയ്ക്കുള്ള വഴിയിലൂടെ വടി കുത്തിപ്പിടിച്ചു നടന്ന നീങ്ങുന്ന ആ വൃദ്ധനെ പിന്നീടു വഴിപോക്കർ പലരും ശ്രദ്ധിയ്ക്കാൻ തുടങ്ങി. വീട്ടിൽനിന്ന പുറത്തിറങ്ങുമ്പോൾ വ്യസനം നിഴലിയ്ക്കുന്ന ആ കണ്ണുകളിൽ പതുക്കെപ്പതുക്കെ പ്രതീക്ഷയുടെ പ്രകാശം തിളങ്ങുന്നതു കാണാം. അവസാനം യാത്രയുടെ ലക്ഷ്യംപോലും മറന്നപോലെ അയാൾ പിന്തിരിഞ്ഞു നടക്കാൻ തുടങ്ങും. വഴിയ്ക്കെങ്ങാനും മഴ പെയ്താൽ കൈത്തണ്ടയിൽ തൂങ്ങിക്കിടക്കുന്ന കുട നിവർത്താൻ മറന്ന നനഞ്ഞു കുതിർന്ന നിലയിൽ അയാൾ വീട്ടിൽ തിരിച്ചെത്തും. വഴിയോരത്തു കളിയ്ക്കുന്ന കുട്ടികൾ ചിരിച്ചുകൊണ്ട് ആ വൃദ്ധന്റെ പിന്നാലെ കൂടും.

9 : ഇരുട്ടും വെളിച്ചവും

മരിയുസ് വിവാഹത്തിനുമുമ്പ് മൊസ്യു ഫൂഷൽവാങിനോടു യാതൊന്നും ചോദിച്ചറിഞ്ഞില്ല; വിവാഹശേഷമാകട്ടെ അറിഞ്ഞതൊന്നും വെളിപ്പെടുത്തില്ലെന്ന ഴാങ്‌വാൽഴാങിന വാക്കു കൊടുക്കുകയും

ചെയ്തു. അതുകൊണ്ടു കൊസെത്തിനെ രക്ഷിച്ചു തന്നിലേയ്ക്കടുപ്പിയ്ക്കാൻവേണ്ടി അയാൾക്കു ഴാങ്വാൽഴാങിനെ വളരെ സൗമ്യമായാണെങ്കിലും സാവധാനം അകറ്റി നിർത്തേണ്ടതായി വന്നു. അതിനിടയിൽ ഒരു കേസുമായി ബന്ധപ്പെട്ടു മരിയുസ് പണ്ടു ലഫീത്ത് ബാങ്കിൽ ജോലി ചെയ്തിരുന്ന ഒരാളെ പരിചയപ്പെടാനിടയായി. അയാളിൽ നിന്നു ലഭിച്ച ചില വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഴാങ്വാൽഴാങിന്റെ പക്കൽനിന്നു കൈപ്പറ്റിയ ആറു ലക്ഷം ഫ്രാങ്ക് അതേപടി അവകാശിയ്ക്കു തിരിച്ചേൽപ്പിയ്ക്കണമെന്ന ഒരു തീരുമാനവും മരിയുസ് കൈക്കൊണ്ടു. കൊസെത്ത് പക്ഷേ ഇക്കാര്യങ്ങളൊന്നും അറിഞ്ഞിരുന്നില്ല. അച്ഛനോടുണ്ടായിരുന്ന സ്നേഹം വളരെ സ്വാഭാവികമായിത്തന്നെ അവൾ മരിയു സിനു നൽകിക്കഴിഞ്ഞിരുന്നു!

ഒരു ദിവസം ഴാങ്വാൽഴാങ് പതിവുപോലെ പുറത്തേയ്ക്കു പോകാൻവേണ്ടി കോണിപ്പടിയിറങ്ങി വാതിൽപ്പടിയിൽ പതിവില്ലാതെ അൽപ്പനേരം തല കുനിച്ചിരുന്നു; കുറച്ചു കഴിഞ്ഞപ്പോൾ യാത്ര ഉപേക്ഷിച്ച് അയാൾ തിരിച്ചു മുകളിലേയ്ക്കുതന്നെ കയറിപ്പോയി. പിന്നീടൊരിയ്ക്കലും അയാൾ താഴോട്ടിറങ്ങിയില്ല. ദിവസവും ഭക്ഷണം കൊണ്ടുചെന്നു കൊടുക്കാറുള്ള കാവൽക്കാരി വെള്ളമല്ലാതെ മറ്റൊന്നും അയാൾ കഴിയ്ക്കുന്നില്ലെന്നു കണ്ടു പരിചയത്തിലൊരു വൈദ്യനെ വരുത്തി കാണിച്ചു. വൈദ്യൻ ഴാങ്വാൽഴാങിനെ പരിശോധിച്ചു വിവരങ്ങൾ ചോദിച്ചറിഞ്ഞു കാത്തു നിന്ന കാവൽക്കാരിയോടു പറഞ്ഞു, "അയാൾക്കു ക്ഷീണമുണ്ടെങ്കിലും പറയത്തക്ക രോഗങ്ങളൊന്നുമില്ല. ആരെയോ കാണാനാവാത്തതിന്റെ വിഷമമാണെന്നു തോന്നുന്നു!"

കിടയ്ക്കയിൽനിന്ന് എഴുന്നേൽക്കാൻപോലും വയ്യാത്തവിധം ക്ഷീണിച്ചുപോയ ഴാങ്വാൽഴാങ് ഒരു ദിവസം വൈകുന്നേരം എന്തോ ചിന്തിച്ചുറച്ചതുപോലെ വളരെ ബുദ്ധിമുട്ടി എഴുന്നേറ്റിരുന്നു. മുറിയുടെ മൂലയ്ക്കൽ കിടന്ന യാത്രപ്പെട്ടി തുറന്ന് അയാൾ കൊസെത്തിന്റെ കുട്ടിക്കാലത്തെ ഉടുപ്പുകൾ ഓരോന്നായെടുത്തു കിടയ്ക്കയിൽ പരത്തി; മേശവലിപ്പു തുറന്നപ്പോൾ കണ്ട രണ്ടു മെഴുകുതിരികൾ തിണ്ണയിലിരിയ്ക്കുന്ന മെത്രാന്റെ മെഴുകുതിരിക്കാലുകളിൽ ഉറപ്പിച്ചു നിർത്തി കത്തിച്ചു.

അത്രയും ചെയ്തുകഴിഞ്ഞപ്പോഴേയ്ക്കും ഇരട്ടിച്ച ക്ഷീണത്തോടെ അയാൾ ഒരു കസേരയിൽ ചെന്നു വീണു. അപ്പോൾ തൊട്ടു മുമ്പിലുള്ള കണ്ണാടിയിൽ തെളിഞ്ഞ മുഖം ഴാങ്‌വാൽഴാങിനു തിരിച്ചറിയാൻ കഴിഞ്ഞില്ല. ഒരു കൊല്ലം മുമ്പ് കൊസെത്തിന്റെ വിവാഹസമയത്തു വെറും അൻപതു വയസ്സു മാത്രം തോന്നിച്ചിരുന്ന അയാൾക്കിപ്പോൾ എൺപതു കഴിഞ്ഞതുപോലെ മുഖമാകെ ചുക്കിച്ചുളിഞ്ഞിരിയ്ക്കുന്നു!

രാത്രിയായി. ഴാങ്‌വാൽഴാങ് ഒരു തൂവലും മഷിക്കുപ്പിയും കടലാസും മേശപ്പുറത്ത് ഒരുക്കിവെച്ചു. പെട്ടെന്നു ബോധക്കേടു വരുന്നതുപോലെ തോന്നിയപ്പോൾ, എടുത്തു പൊന്തിയ്ക്കാൻ ശക്തിയില്ലാത്തതുകൊണ്ട്, അയാൾ പാത്രത്തിന്റെ വക്കിൽ ചുണ്ടു ചേർത്ത് ഒരിറക്കു വെള്ളം കുടിച്ചു; വളരെക്കാലമായി ഉപയോഗിയ്ക്കാതെ കട്ട പിടിച്ച മഷി ഒരുവിധം വെള്ളത്തിൽ ചാലിച്ചെടുത്തു. നല്ല വെളിച്ചം കിട്ടാൻ വേണ്ടി മെത്രാന്റെ മെഴുകുതിരിക്കാലുകൾ അടുത്തേയ്ക്കു നീക്കിവെച്ച് അയാൾ എഴുതാൻ തുടങ്ങി.

"എന്റെ പ്രിയപ്പെട്ട കൊസെത്ത്, നിനക്കു നല്ലതു വരട്ടെ! നിന്റെ ഭർത്താവ് ചെയ്യുന്ന കാര്യങ്ങൾ ശരിയാണെങ്കിലും അറിഞ്ഞുവെച്ചതിൽ ചില തെറ്റുകളുണ്ട്. എങ്കിലും മൊസ്യു മരിയുസ്, എന്റെ കൊസെത്തിനെ നന്നായി നോക്കണേ! കേൾക്കൂ, ആ ആറു ലക്ഷം ഫ്രാങ്ക് മറ്റാരുടേയുമല്ല, നിന്റെ മാത്രമാണ്! നാലു ലിവർ വിലയുള്ള മരക്കറയ്ക്കു പകരം ഞാൻ മുപ്പതു സൂ മാത്രം ചിലവുള്ള കോലരക്കുപയോഗിച്ചു മെഴുകുണ്ടാക്കി...".

പെട്ടെന്ന് അയാളുടെ കൈയിൽനിന്നു തൂവൽ താഴെ വീണു. പുറത്തു കേൾക്കാത്ത സ്വരത്തിൽ ആത്മഗതമെന്നപോലെ അയാൾ പറഞ്ഞു, "എല്ലാം കഴിഞ്ഞു, ഇനി ഞാനവളെ കാണില്ല! എന്റെ ഹൃദയത്തിലൂടെ കടന്നുപോയ ഒരു പുഞ്ചിരിയായിരുന്നു, അവൾ! ഇന്നിപ്പോൾ മരിയ്ക്കാൻ എനിയ്ക്കൊരു സങ്കടവുമില്ല, പക്ഷേ, അവളെ ഒരു നോക്കു കൂടി..."

അപ്പോൾ പെട്ടെന്നു വാതിൽക്കൽ ആരോ മുട്ടി.

*   *   *

അന്നു വൈകുന്നേരം കൊസെത്ത് മുത്തച്ഛന്റെ കൈപിടിച്ചു തോട്ടത്തിൽ നടക്കുകയായിരുന്നു. വായനാമുറിയിലിരുന്നു ചില കേസുകൾ പഠിച്ചുകൊണ്ടിരുന്ന മരിയുസിന്റെ കൈയിലൊരു കത്തു കൊണ്ടുചെന്നു കൊടുത്തു ഭൃത്യൻ പറഞ്ഞു, "ആരോ കാണാൻ വന്നിട്ടുണ്ട്".

മരിയുസ് കത്തു വാങ്ങി. ഒരൊറ്റ നോട്ടത്തിൽ കൈയക്ഷരം തിരിച്ചറിഞ്ഞ അയാളുടെ മനസ്സിൽ ഗോർബോചെറ്റപ്പുരയിലെ ഴൊൻദ്രെത്തിന്റെ മുഖം മിന്നിത്തെളിഞ്ഞു. ആകാംക്ഷയോടെ അയാൾ കത്തു തുറന്നു വായിച്ചു, "മൊസ്യു, താങ്കളുടെ ഒരു ബന്ധുവിനെക്കുറിച്ചു ചില രഹസ്യങ്ങൾ എനിയ്ക്കറിയാം; അയാളെ വീട്ടിൽനിന്നു പുറത്താക്കാനുള്ള വഴിയും പറഞ്ഞുതരാം... തെനാർ..".

കുറേക്കാലമായി അന്വേഷിച്ചുകൊണ്ടിരുന്ന രണ്ടുപേരിൽ ഒരാളെ കണ്ടെത്തിയ സംതൃപ്തിയോടെ മരിയുസ് മേശയിൽനിന്നു കുറച്ചു പണമെടുത്തു കീശയിലിട്ടു ഭൃത്യനെ വിളിച്ചു പറഞ്ഞു, "അയാളോട് ഇങ്ങോട്ടു വരാൻ പറയൂ"

അകത്തേയ്ക്കു വന്ന മനുഷ്യൻ പക്ഷേ ഒരപരിചിതനാണെന്നു കണ്ടു മരിയുസ് നീരസത്തോടെ ചോദിച്ചു, "എന്തു വേണം?"

"മൊസ്യു, താങ്കളുടെ വീട്ടിൽ കള്ളനും കൊലപാതകിയുമായ ഒരു മനുഷ്യൻ താമസിയ്ക്കുന്നുണ്ട്!"

തെല്ലൊന്നു ഞെട്ടി മരിയുസ് ഉറപ്പിച്ചു പറഞ്ഞു, "ഇല്ല!"

"എങ്കിൽ യാതൊരു പ്രതിഫലവും ചോദിയ്ക്കാതെ ഞാനയാളുടെ പേരുകൂടി പറയാം: ഴാങ്‌വാൽഴാങ്!"

"എനിയ്ക്കറിയാം", മരിയുസ് നിസ്സംഗനായി പറഞ്ഞു.

"അയാളൊരു തടവുപുള്ളിയാണെന്നു താങ്കൾക്കറിയാമോ?"

"എനിയ്ക്കതു വളരെ നേരത്തേ അറിയാം"

സംഭാഷണത്തിനു താൽപ്പര്യമില്ലെന്നു കാണിയ്ക്കുന്ന മരിയുസിന്റെ ഉദാസീനവും ഹ്രസ്വവുമായ വാക്കുകൾ കേട്ടുണ്ടായ ദേഷ്യം ഉള്ളിലടക്കി തെനാർദിയർ പതിവുള്ള പുഞ്ചിരിയോടെ തുടർന്നു, "ഇനി താങ്കളുടെ ഭാവിജീവിതത്തെ സംബന്ധിച്ചുള്ള ഒരു രഹസ്യംകൂടിയുണ്ട്. ഇ

രുപതിനായിരം ഫ്രാങ്ക് തന്നാൽ.."

"ആ രഹസ്യം മാത്രമല്ല, എനിയ്ക്കു നിങ്ങളുടെ പേരുമറിയാം, തെനാർദിയർ!", മരിയുസ് അയാളുടെ വിലപേശാനുള്ള ശ്രമം തട്ടിത്തെറിപ്പിച്ചു പറഞ്ഞു, "ഗോർബോചെറ്റപ്പുരയിൽ താമസിച്ചിരുന്ന ഴൊൻദ്രെത്ത് നിങ്ങളായിരുന്നു. കൂടാതെ നിങ്ങൾക്കു മൊങ്ഫേർമിയെയിലൊരു ചാരായക്കടയുമുണ്ടായിരുന്നു!"

"ഒരിയ്ക്കലുമില്ല, ഞാനതു നിഷേധിയ്ക്കുന്നു!"

"ഇതിനൊക്കെപ്പുറമേ നിങ്ങളൊരു കള്ളനും തെമ്മാടിയുമാണെന്നു കൂടി എനിയ്ക്കറിയാം. എങ്കിലും ഇതിരിയ്ക്കട്ടെ!", മരിയുസ് ഒരു നോട്ടെടുത്ത് അയാളുടെ മുഖത്തേയ്ക്കു വലിച്ചെറിഞ്ഞു.

പറന്നു വന്ന നോട്ട് അനായാസം പിടിച്ചെടുത്ത അയാൾ അത്ഭുതത്തോടെ പറഞ്ഞു, "അഞ്ഞൂറു ഫ്രാങ്ക്! കൊള്ളാം, ഇനി നമുക്കു കാര്യം പെട്ടെന്നു പറഞ്ഞുതീർക്കാം!"

തലയിൽനിന്നു തൊപ്പിയെടുക്കുന്നപോലെ പെട്ടെന്ന് അയാൾ കണ്ണടയും മുടിയും മുഖംമൂടിയും മാറ്റി പറഞ്ഞു, "മൊസ്യൂ പൊങ്മേർസിയ്ക്കു തെറ്റു പറ്റിയിട്ടില്ല. ഞാൻ തെനാർദിയർതന്നെ!"

മരിയുസിനെ അത്ഭുതപ്പെടുത്താമെന്നു കരുതി വന്ന തെനാർദിയർ സത്യത്തിൽ സ്വയം അത്ഭുതപ്പെടുകയാണു ചെയ്തത്. മീശ മുളയ്ക്കാത്ത ഈ ചെറുപ്പക്കാരൻ വേഷം മാറി വന്ന തന്നെ തിരിച്ചറിയുക മാത്രമല്ല തന്റെ സകല ചരിത്രങ്ങളും മനസ്സിലാക്കിവെച്ചിരിയ്ക്കുന്നു! കൂടാതെ, ഴാങ്‌വാൽഴാങിനെക്കുറിച്ചും ഇയാൾക്കു നല്ല ധാരണയുണ്ട്. ഗോർബോചെറ്റപ്പുരയിൽ താമസിച്ചിരുന്നപ്പോൾ അയൽക്കാരനായിരുന്ന ഒരു യുവാവിനെക്കുറിച്ചു മക്കൾ പറഞ്ഞുകേട്ടുള്ള അറിവല്ലാതെ അയാളൊരിയ്ക്കലും മരിയുസിനെ നേരിൽ കണ്ടിട്ടില്ല. ആലോചിച്ചു നോക്കിയപ്പോൾ ആ യുവാവും ഈ പ്രഭുകുമാരനും തമ്മിലൊരു ബന്ധത്തിനുള്ള സാദ്ധ്യതപോലും അയാൾ തള്ളിക്കളഞ്ഞു.

എന്തായാലും ഫെബ്രുവരി പതിനാറാംതീയതി നടന്ന വിവാഹത്തിലെ വധുവിനേയും കുടുംബത്തേയുംകുറിച്ച് അസെൽമ കൊണ്ടുവ

ന്നു തന്ന വിവരങ്ങൾക്കു പുറമേ സ്വന്തമായ ചില അന്വേഷണങ്ങൾ കൂടി തെനാർദിയർ നടത്തി. കൊസെത്ത് അച്ഛനില്ലാത്ത ഒരു കുട്ടിയാണെന്നതിൽ കവിഞ്ഞു ഫൻതീന്റെ കഥകളൊന്നും തെനാർദിയർ മനസ്സിലാക്കിയിരുന്നില്ല. അതുകൊണ്ട് അവളൊരു 'തന്തയില്ലാത്ത മകളാ'ണെന്നു, സർവജ്ഞനായി ഭാവിയ്ക്കുന്ന, പ്രഭുകുമാരനോടു വെളിപ്പെടുത്താനും അയാൾ ധൈര്യപ്പെട്ടില്ല. വാട്ടർലൂ യുദ്ധക്കളത്തിൽവെച്ചു കേണൽ പൊങ്മേർസി പറഞ്ഞ നന്ദിവാക്കിനോടുപോലും യഥാർത്ഥത്തിൽ അയാൾക്കു പുച്ഛമായിരുന്നു. അങ്ങനെ തന്റെ സകല ബലാബലങ്ങളും ഒന്നോടിച്ചു പരിശോധിച്ചശേഷം നേരിട്ടുള്ള ദ്വന്ദ്വയുദ്ധത്തിനു തയാറാണെന്നപോലെ തെനാർദിയർ മരിയുസിനെ തറപ്പിച്ചു നോക്കി.

മരിയുസും ആലോചനയിലായിരുന്നു. മാസങ്ങളായി അന്വേഷിച്ചു നടന്ന മനുഷ്യൻ ഇതാ തൊട്ടുമുന്നിൽ വന്നിരിയ്ക്കുന്നു. പക്ഷേ, ധീരോദാത്തനായ സ്വന്തം അച്ഛൻ ഈ കാട്ടുകള്ളനോടു കടപ്പെട്ടുപോയതിൽ അയാൾക്കു വല്ലാത്തൊരു ലജ്ജ തോന്നി. അതേ സമയം അച്ഛനെ ഈ കടക്കാരന്റെ പിടിയിൽനിന്നു രക്ഷിയ്ക്കാമെന്ന ആത്മവിശ്വാസം അയാൾക്കൊരു സാന്ത്വനവുമായി. കഴിയുമെങ്കിൽ കൊസെത്തിന്റെ സ്വത്തിനെക്കുറിച്ചുള്ള വിവരങ്ങൾകൂടി ഇയാളിൽനിന്നു മനസ്സിലാക്കണമെന്ന ഉദ്ദേശത്തോടെ മരിയുസ് തുടങ്ങിവെച്ചു, “തെനാർദിയർ, നിങ്ങളെന്നോടു പറയാൻ വന്ന കാര്യം ഞാൻതന്നെ പറഞ്ഞുതരാം! ഴാങ്വാൽഴാങൊരു കള്ളനും കൊലയാളിയുമാണെന്നു നിങ്ങൾ പറഞ്ഞു. സമ്പന്നനായൊരു വ്യവസായിയുടെ സ്വത്തു മോഷ്ടിച്ചതുകൊണ്ടു കള്ളൻ, ഴാവേറിനെ കൊന്നതുകൊണ്ടു കൊലയാളി!"

"എനിയ്ക്കൊന്നും മനസ്സിലായില്ല", തെനാർദിയർ പറഞ്ഞു.

"ഞാൻ പറയാം. 1822-ൽ തടവു ചാടിയ ഒരു കുറ്റവാളി മൊസ്യു മദലിയനെന്ന പേരിൽ നല്ലൊരു മനുഷ്യനായി മാറി, ഒരു പട്ടണമാകെ വ്യവസായത്തിലൂടെ സമ്പന്നമാക്കി. സാധുസംരക്ഷണത്തിലും സാമൂഹ്യസേവനത്തിലും മുഴുകിയ അയാൾ താമസിയാതെ ആ പട്ടണത്തിലെ മേയറുമായി. അങ്ങനെയിരിയ്ക്കേ ശിക്ഷ കഴിഞ്ഞു ജയിൽ

വിട്ടുപോന്ന ഴാങ്‌വാൽഴാങ്, പണ്ടെന്നോ ചെയ്ത ചെറിയൊരു കുറ്റത്തിനു മേയറെ പോലീസിനെക്കൊണ്ടു പിടിപ്പിച്ചു തടവിലാക്കി; മാത്രമല്ല, മേയറുടെപേരിൽ ലഫീത്ത് ബാങ്കിലുണ്ടായിരുന്ന ആറു ലക്ഷം ഫ്രാങ്ക് അയാൾ കള്ളൊപ്പിട്ടു കൈപ്പറ്റുകയും ചെയ്തു. പിന്നീട് പ്രതികാരബുദ്ധിയോടെ അയാൾ ഇൻസ്പെക്ടർ ഴാവേറിനെ കൊന്നതിനു ഞാനും സാക്ഷിയായിരുന്നു!"

മൽപ്പിടുത്തത്തിൽ തെറ്റിപ്പോയ ചുവടുകൾ തിരിച്ചു കിട്ടിയ ഗുസ്തിക്കാരന്റെ സംതൃപ്തി ഉള്ളിലൊളിപ്പിച്ചു തെനാർദിയർ പറഞ്ഞു, "മൊ-സ്യു പൊങ്മേർസി, നമുക്കു വഴി പിഴച്ചുപോയി! അന്യായമായി ആരേയും കുറ്റപ്പെടുത്തരുത്. ഴാങ്‌വാൽഴാങ്, മദലിയന്റെ പണം കൈപ്പറ്റിയിട്ടില്ല, ഴാവേറിനെ കൊന്നിട്ടുമില്ല!"

"എന്താണു തെളിവ്?", മരിയുസ് ചോദിച്ചു.

"ഒന്ന്, ഴാങ്‌വാൽഴാങ്തന്നെയായിരുന്നു, മൊസ്യു മദലിയൻ! രണ്ട്, ഴാവേർ ആത്മഹത്യ ചെയ്യുകയാണുണ്ടായത്!"

"വെറുതെ പറഞ്ഞാൽ പോരല്ലോ, ഇതിനൊക്കെ കൃത്യമായ തെളിവുകൾ വേണ്ടേ?", മരിയുസ് വക്കീലിന്റെ വേഷം ധരിച്ചു.

"എന്റെ പക്കൽ രേഖകളുണ്ട്", തെനാർദിയർ കീശയിൽനിന്നു പഴകിപ്പൊടിഞ്ഞ രണ്ടു പത്രങ്ങൾ പുറത്തെടുത്തു മരിയുസിനു കൈമാറി. മൊസ്യു മദലിയനും ഴാങ്‌വാൽഴാങും ഒരാളാണെന്നു സമർത്ഥിക്കുന്ന 1823 ജൂലൈ 25-ലെ ദ്രാപ്പോബ്‌ളാങ് പത്രമായിരുന്നു, ആദ്യത്തേത്. രണ്ടാമത്തേത്, ഴാവേറിന്റെ ആത്മഹത്യ സ്ഥിരീകരിക്കുന്ന 1832 ജൂൺ 15-ലെ മൊനിത്യെ പത്രവും! വഴിക്കോട്ടയിൽവെച്ചു ദയാലുവായൊരു മനുഷ്യനാണു തന്നെ ജീവനോടെ വിട്ടയച്ചതെന്ന ഴാവേറിന്റെ നേരിട്ടുള്ള മൊഴികൂടി ആ വാർത്തയിൽ പ്രത്യേകം എടുത്തെഴുതിയിരുന്നു!

കൃത്യമായ തെളിവ് നേരിൽ കണ്ടതോടെ ലഫീത്ത് ബാങ്കുദ്യോഗസ്ഥൻ പറഞ്ഞ വിവരങ്ങളിൽ ചില തെറ്റുകളുണ്ടെന്നു മരിയുസിനു ബോദ്ധ്യമായി. ദുരൂഹതയുടെ അന്ധകാരത്തിൽനിന്നു പുറത്തു കട

ന്ന ഴാങ്‌വാൽഴാങിനെ കണ്ടറിഞ്ഞപ്പോൾ ഉള്ളിലുയർന്ന ആഹ്ളാദ കരമായൊരു സീൽക്കാരത്തോടെ മരിയുസ് പറഞ്ഞു, "അപ്പോൾ.. സാധുക്കളുടെ ദൈവമായ മദലിയനും ഴാവേറിന്റെ രക്ഷകനായ ഫൂഷ ൽവാങ്ങുമായി പേരു മാറ്റിയ ഴാങ്‌വാൽഴാങ് തീർച്ചയായും ഒരു മഹാ ത്മാവാണ്, ഒരു മഹർഷി!"

"അയാളൊരു മഹർഷിയുമല്ല, മഹാത്മാവുമല്ല! വെറുമൊരു കള്ള നും കൊലയാളിയും മാത്രം!", തെനാർദിയർ ആവർത്തിച്ചു, "അയാ ളെക്കുറിച്ച് ഒരു പത്രത്തിലും വരാത്ത ചില രഹസ്യങ്ങൾ ഞാൻ പറ ഞ്ഞുതരാം, കേൾക്കു! ഒരു കൊല്ലം മുമ്പു കലാപം നടന്ന ദിവസം, ജൂ ൺ ആറാം തീയതി വൈകുന്നേരം, ഞാൻ സെയിൻനദിയിലേയ്ക്കു തു റക്കുന്ന ഓവുചാലിനകത്തു നിൽക്കുകയായിരുന്നു. പെട്ടെന്നൊരു കാ ലടിശബ്ദം കേട്ടു നോക്കുമ്പോൾ പുറത്തു ശവവും പേറി കുനിഞ്ഞു നട ന്നു വരുന്ന ഒരാളെയാണു ഞാൻ കണ്ടത്. ഇരുട്ടിലാണെങ്കിലും ഴാങ് വാൽഴാങിനെ ഞാൻ തിരിച്ചറിഞ്ഞു. പണം തട്ടിപ്പറിച്ചു കൊന്നുകള ഞ്ഞ ഒരു നിർഭാഗ്യവാന്റെ ശവം പുഴയിൽ തള്ളാനുള്ള പുറപ്പാടിലാ യിരുന്നു, അയാൾ. പക്ഷേ, പുറത്തേയ്ക്കുള്ള ഇരുമ്പഴിവാതിൽ ഞാൻ താഴിട്ടു പൂട്ടിയിരുന്നു. എന്റെ സഹായമില്ലാതെ അയാൾക്കു പുറത്തു കടക്കാനാവില്ല. അതേസമയം അതിശക്തനായ അയാളോടു വില പേശാനുള്ള ധൈര്യവും എനിയ്ക്കുണ്ടായിരുന്നില്ല. ധനാഢ്യനായൊരു ചെറുപ്പക്കാരനെപ്പോലെ തോന്നിച്ച ആ ശവത്തിന്റെ കുപ്പായത്തിൽ നിന്നൊരു തുണിക്കഷണം രഹസ്യമായി ചീന്തിയെടുത്തശേഷം അ യാളെ ഞാൻ പുറത്തേയ്ക്കു തുറന്നുവിട്ടു. ഇതാ നോക്കു.!", തെനാർദിയ ർ കീശയിൽനിന്നൊരു കറുത്ത തുണിക്കഷണം പുറത്തെടുത്തു മരി യുസിനെ കാണിച്ചു തുടർന്നു, "കൊല്ലപ്പെട്ട ആ ചെറുപ്പക്കാരന്റെ പ ക്കൽനിന്നു തട്ടിയെടുത്ത പണമായിരിയ്ക്കണം, ഴാങ്‌വാൽഴാങ് നിങ്ങ ൾക്കു സ്ത്രീധനമായി തന്നത്!"

അതിനിടയിൽ അലമാരി തുറന്നു പഴയൊരു ചോര പുരണ്ട കുപ്പാ യം പുറത്തെടുത്തു കഴിഞ്ഞ മരിയുസ് വിളിച്ചു പറഞ്ഞു, "നോക്കൂ, ഞാനായിരുന്നു, ആ ചെറുപ്പക്കാരൻ!", തെനാർദിയറുടെ കൈയിൽ

നിന്നു തുണിക്കഷണം പിടിച്ചു വാങ്ങി കുപ്പായത്തിൽ ചേർത്തുവെച്ച് അയാൾ തുടർന്നു, "നോക്കു, കൃത്യമായി ചേരുന്നില്ലേ?"

നിലത്തോടു ചേർത്ത് ആണി തറയ്ക്കപ്പെട്ടതുപോലെ തെനാർദിയർ സ്തബ്ധനായി മിഴിച്ചു നിന്നു.

മരിയുസ് കീശയിൽനിന്നു കുറേ നോട്ടുകൾ വാരിയെടുത്തു തെനാർദിയറുടെ മുഖത്തേയ്ക്കു വലിച്ചെറിഞ്ഞു ക്ഷോഭത്തോടെ പറഞ്ഞു, "ദുഷ്ടൻ! തെമ്മാടി! അപ്പോൾ നിങ്ങളാണു യഥാർത്ഥകള്ളൻ! നല്ലവനായ ഴാങ്‌വാൽഴാങിനെ നിങ്ങൾ ദൂഷണം ചെയ്തു നശിപ്പിയ്ക്കാൻ നോക്കി. നിങ്ങളെ തണ്ടുവലിശിക്ഷയ്ക്കു പറഞ്ഞയയ്ക്കാൻ തക്ക ഒരുപാടു വിവരങ്ങൾ എന്റെ പക്കലുണ്ട്. എങ്കിലും ഞാനതിനു മുതിരുന്നില്ല, വാട്ടർലൂവിൽവെച്ചൊരു കേണലിനെ രക്ഷിച്ചതോർത്തു മാത്രം..! ഇനിയിവിടെ, ഈ നാട്ടിൽ, നിങ്ങളെ കണ്ടുപോകരുത്, മകളുമായി ഉടനെ വിദേശത്തേയ്ക്കു പൊയ്ക്കൊള്ളണം. പോകുന്ന അന്നു ഞാനൊരു ഇരുപതിനായിരം ഫ്രാങ്കു കൂടി തരും! എവിടെയെങ്കിലും പോയി തുലയ്!"

ഇടിവെട്ടേറ്റതുപോലെ അൽപ്പസമയം നിശ്ചലനായി നിന്ന തെനാർദിയർ, മാനത്തുനിന്നു പെട്ടെന്നു പൊട്ടി വീണ സ്വർണമഴയിൽ കണ്ണു മഞ്ഞളിച്ചു മരിയുസിന്റെ മുമ്പിൽ താണു വണങ്ങി പറഞ്ഞു, "മൊസ്യു, ഞാനെന്നും താങ്കളോടു നന്ദിയുള്ളവനായിരിയ്ക്കും!" രണ്ടു ദിവസത്തിനകം മകളുമായി വിദേശത്തേയ്ക്കു കപ്പൽ കയറിയ അയാൾ പക്ഷേ, ജന്മവൈകൃതം ചികിത്സിച്ചു മാറ്റാനാവാത്തതുപോലെ, മരിയുസിന്റെ ഇരുപതിനായിരം ഫ്രാങ്കുകൊണ്ട് അടിമക്കച്ചവടത്തിൽ ഏർപ്പെടുകയാണു ചെയ്തത്.

തെനാർദിയർ പോയ ഉടനെ മരിയുസ് തോട്ടത്തിൽ ചെന്നു കൊസെത്തിനെ വിളിച്ചു, "കൊസെത്ത്, വരൂ, നമുക്കു പെട്ടെന്നു പുറപ്പെടണം, ഒരു വണ്ടി വിളിയ്ക്കാം, കഷ്ടം, നല്ലൊരു മനുഷ്യനെ ഞാനെത്ര കാലമായി വെറുതെ സംശയിയ്ക്കുന്നു..!"

വണ്ടി വന്നു നിന്ന നിമിഷം അയാൾ കൊസെത്തിന്റെ കൈ പി

ടിച്ച വണ്ടിയിൽ ചാടിക്കയറി വണ്ടിക്കാരനോടു പറഞ്ഞു, "വേഗം, റ്യു ലോർമേയിലെ ഏഴാം നമ്പർ വീട്!"

കൊസെത്ത് അത്ഭുതപ്പെട്ടു, "എന്ത്? നമ്മൾ മൊസ്യു ഴാങിനെ കാണാൻ പോകുന്നു, എനിയ്ക്കതു നേരത്തേ പറയണമെന്നുണ്ടായിരുന്നു, പക്ഷേ, ധൈര്യമുണ്ടായില്ല!"

"അതെ, നമ്മൾ മൊസ്യു ഴാങിനെ, ഞാനൂഹിയ്ക്കുന്നു, നിന്റെ അച്ഛനെ കാണാൻ പോകുന്നു!", മരിയുസ് പറഞ്ഞു, "ഗവ്രോഷിന്റെ പക്കൽ ഞാൻ കൊടുത്തയച്ച കത്തു നിനക്കു കിട്ടിയില്ലെന്നു പറഞ്ഞല്ലോ, അത് അദ്ദേഹത്തിന്റെ കൈയിലാണു ചെന്നെത്തിയത്. കൊസെത്ത്, നോക്കൂ, എന്നെ രക്ഷിയ്ക്കാൻവേണ്ടിമാത്രം അദ്ദേഹം വഴിക്കോട്ടയിൽ വന്നു. ഴാവേറുൾപ്പെടെ നിരവധി പേരെ അദ്ദേഹം രക്ഷിച്ചു. ചെളി കെട്ടിയ ഓവുചാലിലൂടെ അദ്ദേഹമെന്നെ ചുമലിലേറ്റി നടന്നു. ഞാനൊന്നും കണ്ടില്ല. എനിയ്ക്കു ബോധമില്ലായിരുന്നു. കഷ്ടം, ഞാനൊരു നന്ദികെട്ട പിശാച്..!"

മരിയുസ് പറഞ്ഞതൊന്നും കൊസെത്തിനു മനസ്സിലായില്ല. വണ്ടി നിർത്തിയ ഉടനെ ചാടിയിറങ്ങി അവർ കാവൽക്കാരിയെ ശ്രദ്ധിയ്ക്കാതെ കോണിപ്പടി കയറി ചെന്നു വാതിൽക്കൽ മുട്ടി.

* * *

"അകത്തു വരൂ!", ഴാങ്‌വാൽഴാങ് പറഞ്ഞു.

വാതിൽ തുറന്ന് അകത്തേയ്ക്ക് ഓടിച്ചെന്ന കൊസെത്തിനെ അയാൾ പരവശതയോടെ കൈ രണ്ടും നീട്ടി വിശ്വാസം വരാത്ത ഭാവത്തിൽ തുറിച്ചു നോക്കി. കൊസെത്ത് അച്ഛന്റെ മാറിൽ ചെന്നു വീണു വികാരാവേശത്തോടെ വിളിച്ചു, "അച്ഛാ!"

മതിമറന്ന നിലയിൽ ഴാങ്‌വാൽഴാങ് വിക്കിവിക്കി പറഞ്ഞു, "നീ, നീ വന്നു! എന്റെ ദൈവമേ, നീയെനിയ്ക്കു മാപ്പു തന്നു!"

ഉരുണ്ടുകൂടുന്ന കണ്ണീർ പുറത്തേയ്ക്കൊഴുകാതെ കണ്ണു ചിമ്മിക്കൊണ്ടു മരിയുസ് മുമ്പോട്ടു ചെന്നു ഴാങ്‌വാൽഴാങിന്റെ കാതിൽ മന്ത്രിച്ചു, "അച്ഛാ, എന്നോടു ക്ഷമിയ്ക്കൂ!"

"അപ്പോൾ.., നിങ്ങളും എനിയ്ക്കു മാപ്പു തന്നു, നന്ദി!", വാക്കുകൾ

പെറുക്കിയെടുക്കുന്നതുപോലെ ഴാങ്‌വാൽഴാങ് വിട്ടു വിട്ടു പറഞ്ഞു, "നോക്കൂ, ഇനിയൊരിക്കലും കാണില്ലെന്നു കരുതി ഞാനിവളുടെ പഴയ ഉടുപ്പുകളൊക്കെ എടുത്തു നോക്കുകയായിരുന്നു. നന്നായി. നിങ്ങൾ വന്നല്ലോ!"

ഴാങ്‌വാൽഴാങിന്റെ വാക്കുകൾ കേട്ടതോടെ മരിയുസിന്റെ മനസ്സിൽ വിങ്ങിനിന്നതെല്ലാം അണപൊട്ടിയൊഴുകി, "കൊസെത്ത്, കേൾക്കൂ, ഇദ്ദേഹമാണ് എന്റെ ജീവൻ രക്ഷിച്ചത്! അതിലേറെ ഓമനമകളായ നിന്നെ എനിക്കു വിട്ടു തന്നു! എന്നിട്ടിപ്പോൾ നിർദ്ദയനായ എന്നോടു നന്ദിയും പറയുന്നു! ഇനിയൊരിക്കലും നിങ്ങൾ ഞങ്ങളെ വിട്ടു പോകരുത്! നമുക്കുടനെ വീട്ടിലേക്കു പോകാം, വണ്ടി പുറത്തു കാത്തു നിൽക്കുന്നുണ്ട്!"

കൊസെത്ത് ചിരിച്ചുകൊണ്ട് വൃദ്ധനെ പിടിച്ച് എഴുന്നേൽപ്പിക്കാൻ ശ്രമിച്ചു. പെട്ടെന്ന് അവൾ വിളിച്ചു പറഞ്ഞു, "ദൈവമേ, അച്ഛന്റെ കൈ വല്ലാതെ തണുത്തിരിക്കുന്നല്ലോ, എന്തു പറ്റി?"

"ഒന്നുമില്ല..", ഴാങ്‌വാൽഴാങ് ശ്വാസം വീണ്ടെടുത്തു പുഞ്ചിരിയോടെ പറഞ്ഞു, "സാരമില്ല, ഞാൻ മരിക്കുകയായി!"

കൊസെത്ത് ഹൃദയഭേദകമായൊരു ശബ്ദം പുറപ്പെടുവിച്ചു. മരിയുസ് സംഭ്രമത്തോടെ വൃദ്ധനെ സൂക്ഷിച്ചുനോക്കി. ഴാങ്‌വാൽഴാങ് തുടർന്നു, "നിങ്ങൾ വന്നതോടെ മരണം തൽക്കാലത്തേക്കു മാറിനിന്നപോലെ തോന്നുന്നു. നമ്മുടെ ആവശ്യങ്ങൾ നമ്മെക്കാളധികം ദൈവത്തിനാണ് അറിയാവുന്നത്. എന്റെ കുട്ടികളേ.., നിങ്ങൾക്കു ചുറ്റും പൂക്കൾ ചിരിക്കുകയും കുയിലുകൾ പാടുകയും ചെയ്യട്ടെ! ഇനി യാതൊന്നിനും കൊള്ളാത്ത ഞാൻ മരിക്കുന്നതാണു നല്ലത്!"

വാതിൽക്കൽ ആരോ മുട്ടി. കൊസെത്ത് വാതിൽ തുറന്നു. വൈദ്യൻ അകത്തേക്കു വന്നു വൃദ്ധന്റെ നാഡിമിടിപ്പു നോക്കി രണ്ടുപേരോടുമായി ചോദിച്ചു, "അപ്പോൾ ഇദ്ദേഹം നിങ്ങളെയായിരുന്നു കാത്തിരുന്നത്, അല്ലേ?".

അയാൾ കുനിഞ്ഞുനിന്നു മരിയുസിന്റെ ചെവിയിൽ മന്ത്രിച്ചു, "പ

ക്ഷേ, വൈകിപ്പോയി!”

പെട്ടെന്നു ഴാങ്വാൽഴാങ് എഴുന്നേറ്റിരുന്നു കട്ടിലിൽ നിന്നു താഴോട്ടിറങ്ങി ചുമരിൽ തൂക്കിയിരുന്ന ചെമ്പുകുരിശ് വലിച്ചെടുത്തു. നല്ല ചുറുചുറുക്കോടെ തിരിച്ചു വന്നു കുരിശ് മേശപ്പുറത്തുവെച്ച് അയാൾ പറഞ്ഞു, “ധർമ്മത്തിനുവേണ്ടി പീഡനമനുഭവിച്ച ഈ മഹാത്മാവിനെ വന്ദിയ്ക്കൂ!”

അടുത്ത നിമിഷം അയാളുടെ മാറിടം കുനിഞ്ഞു, തല ചാഞ്ചാടി. കൊസെത്ത് അയാളെ താങ്ങിപ്പിടിച്ചു തേങ്ങിക്കരയാൻ തുടങ്ങി. ചെറിയൊരു മോഹാലസ്യത്തിനുശേഷം ഴാങ്വാൽഴാങ് കണ്ണു തുറന്നു വീണ്ടും പറയാൻ തുടങ്ങി, “മൊസ്യു പൊങ്മേർസി, ഞാൻ തന്ന പണം നിങ്ങൾ തൊടാതിരുന്നതാണു സത്യത്തിൽ എന്നെ ഏറെ വേദനിപ്പിച്ചത്. സംശയിയ്ക്കേണ്ട, നിങ്ങൾക്കു മാത്രമേ ആ പണത്തിൽ അവകാശമുള്ളൂ!"

വൈദ്യൻ ചോദിച്ചു, “മതാചാര്യനെ കാണണമെന്നുണ്ടോ?”

"എനിയ്ക്കങ്ങനെ ഒരാളുണ്ടായിരുന്നു!”, മരണക്കിടയ്ക്കയ്ക്കരികിൽ മെത്രാനെ നേരിട്ടു കണ്ടതുപോലെ ഴാങ്വാൽഴാങ് തലയുയർത്തി മേലോട്ടു നോക്കി. അയാൾ നിമിഷംപ്രതി ക്ഷീണിച്ചു വന്നു. ഇടയ്ക്കിടെ ഒരെക്കിട്ടം വന്നും പോയുമിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ശബ്ദം പുറത്തു വരാതെ ഴാങ്വാൽഴാങ് കൊസെത്തിനേയും മരിയുസിനേയും കൈ കാണിച്ച് അടുത്തേയ്ക്കു വിളിച്ചു. ഹൃദയം തകർന്നു കണ്ണീരൊഴുക്കി ശ്വാസം മുട്ടിയ അവർ അയാളുടെ മുമ്പിൽ മുട്ടു കുത്തി. അടുത്ത നിമിഷം അയാൾ പിന്നോക്കം ചാഞ്ഞു വിളർത്ത മുഖം ചുംബനങ്ങൾകൊണ്ടു മൂടാൻ അവരെ അനുവദിച്ചു. ഴാങ്വാൽഴാങ് മരിച്ചു.

നക്ഷത്രങ്ങളില്ലാത്ത അന്നത്തെ രാത്രിയിലെ കറുത്തിരുണ്ട അന്തരീക്ഷത്തിൽ ആ ആത്മാവിനെ എതിരേറ്റുകൊണ്ടുപോകാൻ ചിറകുകളും വിരുത്തി വിശുദ്ധനായൊരു ദേവൻ പുറത്തു കാത്തു നിൽക്കുന്നുണ്ടായിരിയ്ക്കണം!